പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 34

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

ജനുവരി 2026

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 34

ചീഫ് എഡിറ്റർ

ശ്രീ നിസാമുദ്ദീൻ ഐ.എ.എസ്,
ഡയറക്ടർ ജനറൽ, കില

എഡിറ്റർമാർ

ശ്രീ സുമേഷ് കെ. ആർ,
രജിസ്ട്രാർ, കില

ഡോ. കെ. പി. എൻ. അമൃത,
അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിങ്ങ്), കില

അസോസിയേറ്റ് എഡിറ്റർമാർ

ശ്രീ. സി. പി. സുനിൽ, കൺസൽട്ടന്റ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. ബാലഗംഗാധരൻ, കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. സി. എസ്. സന്തോഷ്, റിസോഴ്സ് പേഴ്സൺ, കില
ശ്രീ. കെ. ബി. ബാബുകുമാർ, റിസോഴ്സ് പേഴ്സൺ, കില
ശ്രീ കണ്ണൻ നായർ എം, കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. സി . നന്ദകുമാർ, എസ്. ആർ. ജി. അംഗം
ശ്രീ. കെ. എൻ. വിമൽകുമാർ, എസ്. ആർ. ജി. അംഗം

ലേഔട്ട് & കവർ

ഫോർസൈറ്റ് ഡിസൈൻസ്, തൃശ്ശൂർ

പ്രസാധനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ- 680581
ഫോൺ - 0487 2207000, 0487 2201062 (ഫാക്സ്)
E-mail : info@kila.ac.in, Website : www.kila.ac.in

2026 ജനുവരി

ആമുഖം

നിസാമുദ്ദീൻ എ, ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

സദ്ഭരണത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായ നിയമവാഴ്ച്ച ഉറപ്പ് വരുത്തുന്നതിന് ആക്ടുകൾ, ചട്ടങ്ങൾ അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ മുതലായവ എളുപ്പത്തിൽ ലഭ്യമാവുന്നു എന്നത് അനിവാര്യമാണ്. ഒട്ടനവധി വികസനക്ഷേമ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് അവയൊക്കെയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് കില പരിശ്രമിച്ച് വരുന്നുണ്ട്. കേരളത്തിൽ അധികാര വികേന്ദ്രീകരണം ആരംഭിച്ചതിന് ശേഷം ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും **29** വോള്യങ്ങളായി കില ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് **2018** മുതൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും വിഷയമേഖലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് **30, 31, 32, 33, 34, 35, 36** എന്നീ വോള്യങ്ങളായി കില പ്രസിദ്ധീകരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും തദ്ദേശസ്വയംഭരണ വകുപ്പിനും ഈ പ്രസിദ്ധീകരണങ്ങൾ ഏറെ പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കില ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ, കിലയുടെ റിസോഴ്സ് പേഴ്സൺമാർ മുതലായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
30.12.2025

എ. നിസാമുദ്ദീൻ ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

പ്രസാധക കുറിപ്പ്

അധികാരവികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ചത് മുതൽ തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും 'അധികാരവികേന്ദ്രീകരണം- സർക്കാർ ഉത്തരവുകളും സർക്കുലറുകളും' എന്ന പേരിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിച്ചു വരികയാണ്. ഇതിന്റെ 29 വോള്യങ്ങളാണ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

30 മുതൽ 36 വരെയുള്ള വാള്യങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളുമാണ് 30, 31, 32 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്.

പതിനാലാം പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 മുതൽ 2025 മെയ് മാസം വരെ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ആണ് 33, 34, 35, 36 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്. റഫറൻസിനുള്ള സൗകര്യത്തിനായി പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ വിഷയക്രമത്തിൽ തന്നെയാണ് അവ ക്രമീകരിച്ചിട്ടുള്ളത്. ഓരോ വാള്യങ്ങളിലുമുള്ള വിഷയമേഖലകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2018-19 മുതൽ 2021-22 വരെ)

വോള്യം - 30

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

വോള്യം - 31

2) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Grant)
3) മെയ്ന്റനൻസ് ഗ്രാന്റ്
4) സദ്ഭരണം
5) ഡെപ്പോസിറ്റ് പ്രവൃത്തികൾ
6) പൊതുമരാമത്ത്
7) Plan Fund/Joint Venture Projects - Fund
8) സബ്സിഡി/ധനസഹായം
8.1 കൃഷി
8.2 മൃഗസംരക്ഷണം/ക്ഷീരവികസനം
8.3 മത്സ്യബന്ധന മേഖല
8.4 ചെറുകിട വ്യവസായം
8.5 മണ്ണ്-ജലസംരക്ഷണം
8.6 കുടിവെള്ളം
8.7 വീട് / വീട് പുനരുദ്ധാരണം/വീട് വയറിംഗ്
ലൈഫ് ഭവന നിർമ്മാണ പദ്ധതി
എ) ലൈഫ് ഭവന പദ്ധതി -മാർഗ്ഗരേഖകൾ

വോള്യം - 32

ബി) ലൈഫ് ഭവന പദ്ധതി-ഉത്തരവുകൾ
8.8 മാലിന്യ സംസ്കരണം
9. ധനസഹായങ്ങൾ
9.1 സാമൂഹ്യ നീതി
9.2 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
9.3 വിദ്യാഭ്യാസം
9.4 വനിതാ വികസനം, ശിശു വികസനം

9.5 പൊതുജനാരോഗ്യം
9.6 കലാ-സംസ്കാരിക-കായിക വികസനം
9.7 ദാരിദ്ര്യ ലഘൂകരണം
9.8 തെരുവു വിളക്ക്

പതിനാലാം പഞ്ചവത്സര പദ്ധതി (2022-23 മുതൽ 2025 മെയ് വരെ)

വോള്യം - 33

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

വോള്യം - 34

1) പദ്ധതി രൂപീകരണം (തുടർച്ച)

വോള്യം - 35

2) വിവിധ ഗ്രാന്റുകളുടെ വിനിയോഗം - എ) **CFC Grant**, ബി) **Health Grant**, സി) മെയ്ന്റനൻസ് ഗ്രാന്റ്
3) സദ്ഭരണം
4) ഡെപ്പോസിറ്റ് പ്രവൃത്തികൾ
5) മരാമത്ത് പ്രവൃത്തികൾ
6) അക്രഡിറ്റഡ് ഏജൻസികൾ - എ) ധനകാര്യ വകുപ്പിന്റെ അക്രഡിറ്റേഷൻ ബി) തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന അക്രഡിറ്റേഷൻ
7) സബ്സിഡി-അനുബന്ധ ഉത്തരവുകൾ
7.1 കൃഷി
7.2 മണ്ണ്-ജലസംരക്ഷണം
7.3 മൃഗസംരക്ഷണം/ക്ഷീരവികസനം

വോള്യം - 36

7.4 മത്സ്യ മേഖല
7.5 പ്രാദേശിക സാമ്പത്തിക വികസനം
7.6 കുടിവെള്ളം
7.7എ) ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്
7.7ബി)ലൈഫ് ഭവന നിർമ്മാണം - മാർഗ്ഗരേഖകൾ
7.7സി)ലൈഫ് ഭവന നിർമ്മാണം - ഉത്തരവുകൾ
7.8 സഹകരണം
8. സാമൂഹ്യ നീതി
9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
10. മത്സ്യത്തൊഴിലാളി ക്ഷേമം
11. വിദ്യാഭ്യാസം
12. വനിതാ വികസനം-ശിശു വികസനം
13. പൊതുജനാരോഗ്യം
14. കലാ-സംസ്കാരിക-കായിക വികസനം
15. പരിസ്ഥിതി സംരക്ഷണം
16. ദാരിദ്ര്യ ലഘൂകരണം
17. തെരുവു വിളക്ക്
18. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2018 ഏപ്രിൽ മുതൽ 2025 മെയ് മാസം വരെയുള്ള ഉത്തരവുകളും സർക്കുലറുകളും പൂർണ്ണമായും സമാഹരിക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇത് ഫലപ്രദമാകുമെന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

കില, തൃശ്ശൂർ

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 34

ഉള്ളടക്കം

1) പദ്ധതി രൂപീകരണം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(കൈ)നം.115/2022/ LSGD	28-05-2022	പതിനാലാം പഞ്ചവത്സര പദ്ധതി-സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾസംബന്ധിച്ച മാർഗ്ഗരേഖ.	9
2	സ.ഉ(സാധാ)നം.1376/2022/ LSGD	04-06-2022	2022-23വാർഷിക പദ്ധതിയുടെ അടങ്കൽ തുക സംബന്ധിച്ച വിശദീകരണം.	132
3	സ.ഉ(സാധാ)നം.1602/2022/ LSGD	05-07-2022	2022-23വാർഷിക പദ്ധതിയിലെ മെയ്ന്റൻസ് ഫണ്ട് പ്രോജക്ടുകൾ താത്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	135
4	സ.ഉ(കൈ)നം.146/2022/ LSGD	08-07-2022	കുടുംബശ്രീ-അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി-മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു.	138
5	സർക്കുലർ നം. ഡി.എ1/316/ 2022-ത.സ്വ.ഭ.വ	15-09-2022	വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമതി യോഗങ്ങൾ, മറ്റ് പദ്ധതി യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്കുള്ള -യാത്രാബത്താ നിരക്ക് നിശ്ചയിച്ചു.	159
6	സ.ഉ(സാധാ)നം.2578/2022/ LSGD	22-10-2022	ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ലഭ്യമാക്കിയ വികസന ഫണ്ടിന് അനുസൃതമായി 2022-23 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	161
7	സ.ഉ(സാധാ)നം.2610/2022/ തസ്വഭവ	27-10-2022	മത്സ്യമേഖലയിലെ മുനിസിപ്പൽ കോർപ്പറേഷന്റെ പ്രോജക്ട്നിർവ്വഹണ ചുമതല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് പുറമെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് കൂടി നൽകിയ ഉത്തരവ് സംബന്ധിച്ച്	169

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
8	സർക്കുലർ നം. ഡി.എ1/156/ 2022-ത.സ്വ.ഭ.വ	27-10-2022	2022-23വാർഷിക പദ്ധതി നിർവ്വഹണം- അവലോകനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	171
9	സ.ഉ(കൈ)നം.246/2022/ LSGD	04-11-2022	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	174
10	സ.ഉ(സാധാ)നം.3062/2022/ LSGD	09-12-2022	2022-23വാർഷിക പദ്ധതി-പ്രത്യേക വിഹിതം ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി.	181
11	സ.ഉ(സാധാ)നം.468/2023/ LSGD	23-02-2023	2022-23വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി.	184
12	സർക്കുലർ നമ്പർ ഡി.എ1/77/ 2023/തസ്വഭവ	27-02-2023	തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭരണ നിർവ്വഹണം, ജില്ലാപഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതു സംബന്ധിച്ച്.	188
13	സ.ഉ(സാധാ)നം.602/2023/ LSGD	13-03-2023	2023-24വാർഷിക പദ്ധതി തയ്യാറാക്കുന്ന തിനുള്ള സമയപരിധി ദീർഘിപ്പിച്ചു.	190
14	സ.ഉ(സാധാ)നം.954/2023/ LSGD	02-05-2023	ജനകീയാസൂത്രണ പരിപാടി - ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതലകൾപുന:നിശ്ചയിച്ചു.	193
15	സ.ഉ(സാധാ)നം.989/2023/ LSGD	06-05-2023	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി-സ്പിൽഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശ ങ്ങൾ.	197
16	സർക്കുലർ നം.ഡി.എ1/197/ 2022-ത.സ്വ.ഭ.വ	09-05-2023	ജലാശയങ്ങൾ സ്ഥാപിക്കുന്നതിന്/ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അമൃത് സരോവർ പദ്ധതി-തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കൽ-നിർദ്ദേശം.	205
17	സർക്കുലർ നം.ഡി.എ1/227/ 2023/തസ്വഭവ	01-07-2023	ഭരണ നിർവ്വഹണം, ജില്ലാപഞ്ചായത്ത് കളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ നിശ്ചയിച്ചത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ ചുമതല നിറവേറ്റണമെന്നത് സംബന്ധിച്ച്.	207

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
18	സ.ഉ(സാധാ)നം.1398/2023/തസ്വഭവ	10-07-2023	തദ്ദേശ സ്വയംഭരണ വകുപ്പ് തദ്ദേശ സ്ഥാപന തല ആസൂത്രണ സമിതിയുടെ ഉപാദ്ധ്യക്ഷന്മാരായി ഭരണസമിതി അംഗങ്ങളുടെ അടുത്ത ബന്ധുക്കളെ നിയമിക്കുന്നത് വിലക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.	210
19	സ.ഉ(സാധാ)നം.1401/2023/LSGD	10-07-2023	മാലിന്യ മുക്തം നവകേരളം-വിവിധ വിഭവ സ്രോതസ്സുകൾ ഫലപ്രദമായി സംയോജിപ്പിച്ചു കൊണ്ട് മാലിന്യ സംസ്കരണത്തിനുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.	213
20	സ.ഉ(സാധാ)നം.2080/2023/LSGD	25-10-2023	തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതിയിൽ തദ്ദേശഭരണ സ്ഥാപനത്തിന് പുറത്തുനിന്നുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തൽ-അധിക വ്യവസ്ഥകൾ	246
21	സ.ഉ(സാധാ)നം.2128/2023/LSGD	31-10-2023	കേരള നോളേജ് ഇക്കണോമി മിഷൻ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി.	248
22	സ.ഉ(കൈ)നം.198/2023/LSGD	13-11-2023	നവകേരളത്തിന് ജനകീയാസൂത്രണം-തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	255
23	സ.ഉ(കൈ)നം.201/2023/LSGD	17-11-2023	സർക്കാരിന്റെ വിവിധ വികസന വകുപ്പുകൾ നടപ്പാക്കി വരുന്ന സമാന സ്വഭാവമുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുമുള്ള നിർദ്ദേശം.	269
24	സ.ഉ(സാധാ)നം.2473/2023/LSGD	12-12-2023	ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട കിലയുടെ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് തനത് ഫണ്ടിൽ നിന്ന് യാത്രാബത്ത നൽകുന്നതിന് അനുമതി നൽകി.	274
25	സർക്കുലർ നം.ഡിഎ1/423/2023-തസ്വഭവ	13-12-2023	തദ്ദേശഭരണ സ്ഥാപനങ്ങൾ വയോജനക്ഷേമ പ്രോജക്ടുകൾ തയ്യാറാക്കൽ-നിർദ്ദേശങ്ങൾ	276
26	സ.ഉ(സാധാ)നം.110/2024/LSGD	12-01-2024	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി.	278
27	സ.ഉ(സാധാ)നം.07/2024/LSGD	18-01-2024	ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോൽസാഹന ധനസഹായം അനുവദിക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ.	282

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
28	സർക്കുലർ നം.ഡി.എ1/19/ 2024-ത.സ്വ.ഭ.വ	24-01-2024	കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.	295
29	സർക്കുലർ നം.ഡി.ബി.1/4/ 2024/ത.സ്വ.ഭ.വ	21-02-2024	നവകേരള സദസ്സ് 2023 ലെ നിർദ്ദേശം പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനും കളിസ്ഥലങ്ങൾ പരിപാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.	297
30	സ.ഉ(സാധാ)നം.427/2024/ LSGD	22-02-2024	ജില്ലാ പഞ്ചായത്തുകളുടെ മണ്ണ് പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരേയും വെറ്റിംഗ് ഉദ്യോഗസ്ഥരേയും നിശ്ചയിച്ചു.	300
31	സ.ഉ(സാധാ)നം.538/2024/ LSGD	05-03-2024	ഐ.കെ.എം ന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ 2023-24 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി.	302
32	സർക്കുലർ നം.ഡിഎ1/326/ 2023-തസ്വഭവ	23-05-2024	കുടുംബശ്രീ ദാരിദ്ര്യ ലഘൂകരണ പ്ലാൻ-വാർഷിക പദ്ധതിയിൽ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തൽ-നിർദ്ദേശങ്ങൾ.	305
33	സർക്കുലർ നം.ഡി.എ1/256/ 2024-ത.സ്വ.ഭ.വ	25-06-2024	തദ്ദേശഭരണ സ്ഥാപനങ്ങൾ ഘടക സ്ഥാപനങ്ങൾ അല്ലാത്തവയ്ക്ക് വേണ്ടിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഉൾപ്പെടാത്തവയ്ക്ക് വേണ്ടിയും പ്രോജക്ടുകൾ ഏറ്റെടുക്കൽ - നിർദ്ദേശങ്ങൾ.	308
34	സ.ഉ(സാധാ)നം.1214/2024/ LSGD	04-07-2024	ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിച്ച ഉത്തരവ് ഭേദഗതി ചെയ്തു	310
35	സ.ഉ(സാധാ)നം.1236/2024/ LSGD	07-07-2024	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	313
36	സ.ഉ(അച്ചടി) നം.13/2024/P&EA	27-07-2024	ജില്ലാ പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗ രേഖ.	328
37	സർക്കുലർ നം.ഡി.എ1/295/ 2024-ത.സ്വ.ഭ.വ	24-09-2024	തദ്ദേശഭരണ സ്ഥാപനങ്ങളിൽ കർഷക ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	351
38	സർക്കുലർ നം.ഡി.എ1/287/ 2022-ത.സ്വ.ഭ.വ	01-11-2024	ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചാലഞ്ച് പദ്ധതി-തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് BOT മാതൃകയിൽ ഏറ്റെടുക്കൽ-നിർദ്ദേശങ്ങൾ.	353
39	സ.ഉ(സാധാ)നം.2101/2024/ LSGD	04-11-2024	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി.	356

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
40	സ.ഉ(സാധാ)നം.164/2024/ LSGD	25-11-2024	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	361
41	സ.ഉ(സാധാ)നം.2513/2024/ LSGD	20-12-2024	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി റോഡ് മെയ്ന്റനൻസ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്ത തുകയ്ക്ക് അനുസൃത മായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള അനുമതി.	377
42	സർക്കുലർ നം.ഡി.എ1/316/ 2022-ത.സ്വ.ഭ.വ	30-12-2024	പതിനാലാം പഞ്ചവത്സര പദ്ധതി-വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം-യാത്രാബ ത്ത അനുവദിക്കൽ.	380
43	സ.ഉ(സാധാ)നം.341/2025/ LSGD	04-02-2025	ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തി നുള്ള ഡി.പി.സി യോഗത്തിൽ അവതരിപ്പിക്കു ന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി.	382
44	സ.ഉ(സാധാ)നം.370/2025/ LSGD	06-02-2025	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി സംസ്ഥാന ബജറ്റിന്റെ അനുബന്ധം-IV പ്രകാരമുള്ള യഥാർത്ഥ വിഹി തത്തിന് അനുസൃതമായി രൂപം നൽകുന്നതിനു ള്ള നിർദ്ദേശം.	385
45	സ.ഉ(സാധാ)നം.494/2025/ LSGD	17-02-2025	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി.	388
46	സർക്കുലർ നം.ഡി.എ1/53/ 2025-ത.സ്വ.ഭ.വ	18-02-2025	ഗുണഭോക്താവിന്/സ്ഥാപനത്തിന് അനുവദിക്കു ന്നതിനായി ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പോകാതെ സർക്കാരിന്റെ സോഫ്റ്റ് ഹെഡിലേ ക്ക് പോകുന്നത് തടയൽ-നിർദ്ദേശങ്ങൾ.	393
47	സ.ഉ(സാധാ)നം.495/2025/ LSGD	18-02-2025	കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലി യേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ അധീനത യിലുള്ള സ്ഥലത്ത് സ്റ്റേഡിയം, കളിസ്ഥലം, ഓപ്പൺ ജിം, കളിയുപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി.	395
48	സർക്കുലർ നം.ഡി.എ1/17/ 2025-ത.സ്വ.ഭ.വ	01-03-2025	അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ആദ്യ പരിഗണന നൽകി തുക വിനിയോഗിക്കൽ-നിർദ്ദേശങ്ങൾ.	398

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
49	സ.ഉ(സാധാ)നം.623/2025/ LSGD	06-03-2025	ക്ഷയരോഗികൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിന് വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി.	400
50	സ.ഉ(സാധാ)നം.732/2025/ LSGD	19-03-2025	വൃത്തി 2025-ക്ലീൻ കേരള കോൺക്ലേവ് സംഘാടനത്തിനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൈമാറുന്നതിന് ജി.ഒ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി.	404
51	സ.ഉ(സാധാ)നം.781/2025/ LSGD	24-03-2025	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതിക്ക് രൂപം നൽകി ഡി.പി.സിക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തിയതി നിശ്ചയിച്ചു.	406
52	സ.ഉ(സാധാ)നം.1019/2025/ LSGD	23-04-2025	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി-സ്പിൽഓവർ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	408
53	സ.ഉ(സാധാ)നം.1078/2025/ LSGD	29-04-2025	ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ഡി.പി.സി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകിയ ഉത്തരവിന്റെ (സ.ഉ(സാധാ)നം.341/2025/LSGD 04-02-2025) ഭേദഗതി.	412
54	സ.ഉ(സാധാ)നം.1253/2025/ LSGD	22-05-2025	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതിക്ക് രൂപം നൽകി ഡി.പി.സിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു.	414
55	സർക്കുലർ നം. ഡി.എ1/420/ 2022-ത.സ്വ.ഭ.വ	02-06-2025	വികസന പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭാവന സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	415
56	സ.ഉ(സാധാ)നം.1650/2025/ LSGD	03-07-2025	2025-26 വർഷത്തെ ഭേദഗതി ചെയ്യൽ-നിർദ്ദേശങ്ങൾ.	419

I) പദ്ധതി രൂപീകരണം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം. **115/2022/LSGD** തീയതി,തിരുവനന്തപുരം, 28-05-2022

പരാമർശം:- 1. സ.ഉ. (കൈ) നം. 84/2022/തസ്വഭവ; തീയതി 19.04.2022

2. സ.ഉ. (കൈ) നം. 86/2022/തസ്വഭവ; തീയതി 19.04.2022

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുകളിൽ പരാമർശിട്ടുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് തുടർച്ചയായി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
28. എല്ലാ സർവകലാശാലകളുടെയും വൈസ് ചാൻസലർമാർക്കും
29. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
30. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
31. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
32. കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
33. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
34. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
35. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
36. മാനേജിങ് ഡയറക്ടർ, കേരള ജല അതോറിറ്റി
37. ഡയറക്ടർ, ഭൂജല വകുപ്പ്
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക്
40. എല്ലാ വികസന വകുപ്പുകളുടെയും ഡയറക്ടർമാർക്ക്
41. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
42. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
43. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

ഖണ്ഡിക നമ്പർ	ഇനം	പേജ് നമ്പർ
1	ആമുഖം	5
2	പൊതു നിബന്ധനകൾ	5
3	ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ	8
4	സംസ്ഥാന സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി	10
5	സബ്സിഡി നൽകുന്നതിൽ നിയന്ത്രണം	10
6	സബ്സിഡി നിരക്കുകൾ	10
6.1	കൃഷി	11
6.2	മണ്ണ് - ജല സംരക്ഷണം	29
6.3	മൃഗസംരക്ഷണം/ക്ഷീരവികസനം	30
6.4	മത്സ്യ മേഖല	40
6.5	പ്രാദേശിക സാമ്പത്തിക വികസനം	50
	(എ) സ്വയം തൊഴിൽ സംരംഭങ്ങൾ	50
	(ബി) തൊഴിൽദായക സംരംഭങ്ങൾ	58
	(സി) നൈപുണ്യ വികസനം	61
	(ഡി) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി - പൊതു നിർദ്ദേശങ്ങൾ	64
6.6	കുടിവെള്ളം	66
6.7	ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്	69
6.8	ശുചിത്വം – മാലിന്യ സംസ്കരണം	72
	(എ) ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ	72
	(ബി) ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ	74
	(സി) ഖരമാലിന്യ സംസ്കരണത്തിനുള്ള സാധ്യതകൾ	76
	(ഡി) ഖര-ദ്രവ മാലിന്യ സംസ്കരണം - മറ്റ് നിർദ്ദേശങ്ങൾ	76
6.9	അക്ഷയ ഊർജ്ജം	79
6.10	സഹകരണം	80
	(എ) ക്ഷീര സഹകരണ സംഘങ്ങൾ	82
	(ബി) മത്സ്യ സഹകരണ സംഘങ്ങൾ	83
	(സി) പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ	84
	(ഡി) കയർ സഹകരണ സംഘങ്ങൾ	84
	(ഇ)മറ്റ് സഹകരണ സംഘങ്ങൾ	85
	(എഫ്) കൈത്തറി, കയർ, ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം	86

7	ധനസഹായങ്ങൾ	87
7.1	സാമൂഹ്യനീതി	87
7.2	പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ	94
7.3	മത്സ്യത്തൊഴിലാളി ക്ഷേമം	101
7.4	വിദ്യാഭ്യാസം	102
7.5	വനിതാ വികസനം - ശിശുവികസനം	103
7.6	പൊതുജനാരോഗ്യം	104
7.7	കലാ – സാംസ്കാരിക – കായിക വികസനം	106
7.8	പരിസ്ഥിതി സംരക്ഷണം	111
7.9	ദാരിദ്ര്യ ലഘൂകരണം	115
7.10	തെരുവുവിളക്ക്	115
8	അനുബന്ധ വിഷയങ്ങൾ	116
8.1	വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങൽ	116
8.2	വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്കെടുക്കൽ	116
8.3	ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ	117
8.4	ബോധവൽക്കരണ പ്രവർത്തനങ്ങൾ	118
8.5	പരിശീലന പരിപാടികൾ	118
8.6	ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം	118
8.7	ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം	118
8.8	നിയമ സാക്ഷരതാ പരിപാടി	118
	അനുബന്ധം 1 - ഹരിത ഭവന പ്രവർത്തനങ്ങൾ	119
	അനുബന്ധം 2 - ഹരിതഭവനം എൻറോൾമെന്റ് ഫോറം	120
	അനുബന്ധം 3 - ഗാർഹികതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ യൂണിറ്റ് കോസ്റ്റ്	121
	അനുബന്ധം 4 - ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ	123

അനുബന്ധം

പതിനാലാം പഞ്ചവത്സര പദ്ധതി

ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണസ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ

1. ആമുഖം

1.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന - ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പൊതു മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ സാമ്പത്തിക-സാങ്കേതിക വിശദാംശങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി വികസന-ക്ഷേമ വകുപ്പുകളുടെ സബ്സിഡി നിരക്കുകളും ധനസഹായ രീതികളും താരതമ്യം ചെയ്യുകയും പരമാവധി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്.

1.2 സാമൂഹിക സാമ്പത്തിക മേഖലകളുടെ ഉന്നമനം ലക്ഷ്യമിട്ട് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സാമ്പത്തിക സഹായമെന്ന രൂപത്തിൽ നൽകുന്ന പിന്തുണയാണ് സബ്സിഡി. മത്സരാധിഷ്ഠിത കമ്പോളത്തിലെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന് സബ്സിഡി സംവിധാനം വളരെ സഹായകമാണ്. ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി കൂടുതൽ മുതൽമുടക്കുന്നതിന് അവർക്ക് പ്രോത്സാഹനമാകും.

1.3 പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും മൂല്യവർദ്ധനവ് ഉറപ്പാക്കുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും നൈപുണ്യം വികസിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതോടൊപ്പം ശുചിത്വം-മാലിന്യ സംസ്കരണം എന്ന സുപ്രധാന ലക്ഷ്യവും കൈവരിക്കേണ്ടതുണ്ട്. ഇവ സുസാദ്ധ്യമാക്കുന്നതിനുള്ള ഉപാധിയായാണ് സബ്സിഡി നൽകുന്നത്. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് അനുപൂരകമായി മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനു കൂടിയാണ് ഉല്പാദനമേഖലയിൽ സബ്സിഡി നൽകുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

1.4 സേവന-സാമൂഹ്യ-ക്ഷേമ മേഖലകളിലെ ഉന്നമനത്തിനായി ഒരു വ്യക്തിയോ/കുടുംബമോ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനത്തെ സഹായിക്കുകയാണ് ധനസഹായം ലഭ്യമാക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

1.5 ഗുണഭോക്തൃവിഹിതമോ, ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന പ്രോജക്ടുകൾക്കായിരിക്കണം സബ്സിഡി നൽകേണ്ടത്. വായ്പാബന്ധിതവും അല്ലാതെയുമുള്ള പ്രോജക്ടുകൾക്കും സബ്സിഡി നൽകാവുന്നതാണ്.

1.6 സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പുതിയ നിർദ്ദേശങ്ങൾ പൊതു മാർഗരേഖയിലും സബ്സിഡി മാർഗരേഖയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

2. പൊതു നിബന്ധനകൾ

2.1 ഈ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും അതത് പ്രോജക്ടുകൾക്ക് സമുചിതമായ അർഹതാ/യോഗ്യത മാനദണ്ഡങ്ങൾ നിർബന്ധമായും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രാദേശിക പ്രത്യേകതയനുസരിച്ച് മുൻഗണനാ മാനദണ്ഡങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ തീരുമാനിക്കാവുന്നതാണ്.

2.2 സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

2.3 ഒരിനത്തിന് ഒന്നിലധികം തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഒരു ഗുണഭോക്താവിന് ലഭിക്കുന്ന സബ്സിഡിയിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2.4 സ്ഥാവരമോ ജംഗമമോ ആയ ആസ്തികൾക്ക്, മുൻ വർഷങ്ങളിൽ സർക്കാർ/തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള സബ്സിഡിയോ/ധനസഹായമോ ലഭിച്ചിട്ടുള്ളവർക്ക് സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കാൻ അർഹതയുള്ളൂ.

2.5 ഗുണഭോക്തൃ വിഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് അടയ്ക്കണമെന്ന് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യങ്ങളിൽ മാത്രമേ ആ തുക രസീത് പ്രകാരം ഒടുക്കേണ്ടതുള്ളൂ.

2.6 പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിലൊഴികെ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും, ഗ്രൂപ്പ് അധിഷ്ഠിത ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുള്ള പ്രോജക്ടുകൾ എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്

2.7 ഗുണഭോക്താവ് നേരിട്ടാണ് ആസ്തികൾ വാങ്ങുന്നതെങ്കിൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തിയുടെ അളവും എണ്ണവും സ്പെസിഫിക്കേഷനും ഗുണനിലവാരവും അനുയോജ്യതയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതിന് ശേഷം മാത്രമേ സബ്സിഡി/ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

2.8 പ്രോജക്ടിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പാലിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് മാത്രമേ സബ്സിഡി/ധനസഹായം നൽകുവാൻ പാടുള്ളൂ.

2.9 മൂല്യനിർണ്ണയം എങ്ങനെയെന്ന് പ്രത്യേകം പരാമർശിക്കാത്തതും മാനദണ്ഡങ്ങൾ പ്രകാരം മൂല്യ നിർണ്ണയം ആവശ്യമായി വരുന്നതുമായ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതല ചുവടെ പറയും പ്രകാരം ആയിരിക്കുന്നതാണ്.

(i) ആകെ ആനുകൂല്യം 2 ലക്ഷം രൂപയിൽ താഴെ – ഓവർസിയർ, എഞ്ചിനീയറിംഗ് വിഭാഗം

(ii) ആകെ ആനുകൂല്യം 2 ലക്ഷം രൂപയും അതിന് മുകളിലും - അസിസ്റ്റന്റ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം

2.10 പ്രോജക്ടിന്റെ ഭാഗമായി വ്യക്തികളോ ഗ്രൂപ്പുകളോ ഇരുചക്ര വാഹനങ്ങൾ വാങ്ങുന്ന പ്രോജക്ടുകളിൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇലക്ട്രിക് ഇരുചക്ര വാഹനം വാങ്ങുന്ന അവസരത്തിൽ പ്രോത്സാഹന സബ്സിഡിയായി പരമാവധി 5,000 രൂപ വരെ അധികം നൽകാവുന്നതാണ്.

2.11 പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിൽ ഒഴികെ സബ്സിഡി അഡ്വാൻസായി നൽകാവുന്നതല്ല.

2.12 പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിലൊഴികെ, സബ്സിഡി/ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാത്രമേ നൽകാൻ പാടുള്ളൂ

2.13 സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ, നഴ്സറികൾ, ബാലവാടികൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകുന്ന സന്ദർഭത്തിൽ (ഉദാ: സ്കോളർഷിപ്പുകൾ, വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്, പഠനോപകരണങ്ങൾ) ഗ്രാമസഭയുടെ/ വാർഡ്സഭയുടെ/വാർഡ് കമ്മിറ്റിയുടെ അംഗീകാരം കൂടാതെ തന്നെ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. സ്ഥാപന മേധാവികൾ (ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ/ഐ.സി.ഡി.എസ് സൂപ്പർവൈസർ) നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയുടെ/കൗൺസിലിന്റെ അംഗീകാരം വാങ്ങിയശേഷമാകണം നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭയിൽ/ വാർഡ്സഭയിൽ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

2.14 പൊതുതാല്പര്യ ഗ്രൂപ്പുകൾ (Common Interest Groups):- പൊതുവായ താൽപര്യപ്രകാരം ഒന്നിലധികം വ്യക്തികൾ കൂട്ടായി ഒരു സംരംഭം ആരംഭിച്ച് പ്രർത്തിക്കുന്നതിനെയാണ് പൊതുതാല്പര്യ ഗ്രൂപ്പ് (Common Interest Group) എന്നു പറയുന്നത്. ഇതിൽ പുരുഷനും സ്ത്രീയും, ജനറൽ വിഭാഗത്തിൽപ്പെടുന്നവരും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും ട്രാൻസ് ജെന്റേഴ്സും ഉണ്ടായിരിക്കാം. ഇത്തരം

ഗ്രൂപ്പുകൾക്ക് വിഭാഗം തിരിച്ചുള്ള ആനുകൂല്യം അനുവദനീയമല്ല. എന്നാൽ ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ വിഭാഗങ്ങൾക്കുള്ള ആനുകൂല്യം ഗ്രൂപ്പിന് നൽകാവുന്നതാണ്.

2.15 വരുമാന പരിധി

(1) പട്ടികവർഗ വിഭാഗത്തിന് വരുമാനപരിധി പരിഗണിക്കാതെ തന്നെ എല്ലാവിധ ആനുകൂല്യങ്ങളും നൽകാവുന്നതാണ്.

(2) പൊതു വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാനപരിധി യഥാക്രമം 2 ലക്ഷം രൂപയും 3 ലക്ഷം രൂപയും ആയിരിക്കും. ഈ പരിധിയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ പൊതുവെ ധനസഹായത്തിന് അർഹരല്ല.

(3) മേൽ ഖണ്ഡിക (2) ൽ പ്രതിപാദിച്ചിട്ടുള്ള വിഭാഗങ്ങൾക്ക് പ്രസ്തുത വരുമാന പരിധിയിൽ ചുവടെ പറയും പ്രകാരം ഇളവ് അനുവദിക്കാവുന്നതാണ്.

(i) കാർഷിക മേഖലയിൽ നാമമാത്ര - ചെറുകിട കർഷകർക്ക് വരുമാനപരിധി പരിഗണിക്കാതെ കൃഷിക്ക് സബ്സിഡി നൽകാവുന്നതാണ്. രണ്ട് ഹെക്ടറിലധികം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് രണ്ട് ഹെക്ടർവരെയുള്ള നെൽകൃഷിക്ക് ബാധകമായ സബ്സിഡി ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

(ii) മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യം എന്നീ മേഖലകളിലെ ഉല്പാദന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപ ആയിരിക്കും.

(iii) സ്വയം തൊഴിൽ സംരംഭകത്വ പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള സംരംഭകന്റെ കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയായിരിക്കും. എന്നാൽ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്ന തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ സംരംഭകരുടെ വരുമാന പരിധി പരിഗണിക്കാതെ ഈ മാർഗരേഖയുടെ ഖണ്ഡിക 6.5.2(ബി) അനുസരിച്ചുള്ള സഹായങ്ങൾ നൽകാവുന്നതാണ്. ഇവിടെ പ്രാദേശികമായി സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിലുകളുടെ എണ്ണമാണ് പരിഗണിക്കേണ്ടത്.

(v) പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന അവസരത്തിൽ വരുമാനപരിധി പരിഗണിക്കാതെ അവ നൽകാവുന്നതാണ്.

(vi) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യത്തിൽ 7.1.1 മുതൽ 7.1.7 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുന്ന ഇനങ്ങൾക്ക് വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകാവുന്നതാണ്.

(vii) ഗാർഹികതല ഖരമാലിന്യ-സംസ്കരണ സംവിധാനങ്ങൾക്കും (കമ്പോസ്റ്റിംഗ് രീതികൾ, ബയോ ഗ്യാസ് പ്ലാന്റുകൾ] ഗാർഹിക തല സെപ്റ്റിക് ടാങ്ക് സ്ഥാപന പ്രോജക്ടുകൾക്കും നിശ്ചിത നിരക്കിലുള്ള ധനസഹായം വരുമാന പരിധി പരിഗണിക്കാതെ നൽകാവുന്നതാണ്.

2.16 വരുമാന സർട്ടിഫിക്കറ്റ്

(1) സബ്സിഡി/ധനസഹായം ലഭിക്കുന്നതിന് ഒരു വർഷകാലയളവിനുള്ളിൽ വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ 10,000 രൂപ വരെയുള്ള സബ്സിഡി/ധനസഹായങ്ങൾക്ക് താഴെപറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് പരിഗണിച്ച് ധനസഹായം നൽകാവുന്നതാണ്.

(i) റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം തയ്യാറാക്കുന്ന സാക്ഷ്യപത്രം.

(ii) രണ്ട് വർഷത്തിനുള്ളിൽ മറ്റേതെങ്കിലും ആവശ്യത്തിന് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയിട്ടുള്ള വരുമാന സർട്ടിഫിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പകർപ്പ്

(2) അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല. ആനുകൂല്യം വിതരണം ചെയ്യുന്നതിനുമുമ്പ് ആവശ്യമെങ്കിൽ വരുമാനം സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കിയാൽ മതിയാകും.

(3) താഴെപറയുന്ന വിഭാഗങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

(i) അഗതി/ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ

(ii) അതി ദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ

2.17 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്:- തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് 07.10.2021-ലെ ജി.ഒ.(പി)നം.01/2021/PIE&MD പ്രകാരം ചുവടെ പറയുന്ന രേഖകളിലേതെങ്കിലും ഹാജരാക്കേണ്ടതാണ്.

(1) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്/സ്കൂൾ രജിസ്റ്ററിലെ രേഖകൾ

(2) ഏതെങ്കിലും ആവശ്യത്തിന് മൂന്നു വർഷക്കാലയളവിനുള്ളിൽ റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയ രേഖകൾ

2.18 25,000 രൂപയിൽ കുറവ് ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് മുദ്രപത്രം ആവശ്യമില്ല.

2.19 അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ഇളവുകൾ:- അട്ടപ്പാടി മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ്സിഡി നൽകുന്നതിന് ചുവടെ ചേർക്കുന്ന ഇളവുകൾ അനുവദിക്കാവുന്നതാണ്.

(1) വ്യക്തിഗത കാർഷിക ആനുകൂല്യം വാങ്ങുന്നതിന് റവന്യൂ വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശ രേഖക്ക് പകരം ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം മതിയാകുന്നതാണ്.

(2) മൂന്നു വർഷമായി കാർഷിക ആനുകൂല്യം വാങ്ങുന്നതിന് റവന്യൂ വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശ രേഖയ്ക്ക് പകരം ടൈബൽ എക്സ്റ്റൻഷൻ പ്രവർത്തിച്ചുവരുന്നതും തൊട്ടുമുമ്പുള്ള വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതുമായ സംഘത്തിന് മാത്രമേ ധനസഹായം നൽകാവൂ എന്ന ഈ മാർഗരേഖയുടെ ഖണ്ഡിക 6.10.(3)2 പ്രകാരം വ്യവസ്ഥ അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിക്കും വട്ടലക്കി ഗിരിജൻ സഹകരണ സംഘത്തിനും ബാധകമല്ല.

(3) ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്കു കൂടി വിധേയമാക്കണം. [സ.ഉ(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം. 86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവയിലെ ഖണ്ഡിക 3.8.5 കാണുക.]

2.20 നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകളിൽ ജി.ഒ(പി) നം.259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സ്റ്റോർ പർച്ചേസ് മാന്വലിന്റെ പ്രസക്തമായ ഭാഗം ബാധകമായിരിക്കുന്നതാണ്.

3. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ

3.1 ഈ മാർഗരേഖയിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങളുടെ യൂണിറ്റ് നിരക്ക് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ് ഇതു കൂടാതെ സർക്കാർ പ്രത്യേകമായി നിർദ്ദേശിക്കുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കും ജില്ലാതലത്തിൽ നിശ്ചയിക്കാവുന്നതാണ്. യൂണിറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് ജില്ലാ ആസൂത്രണസമിതി ജില്ലാതലത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സമിതി രൂപീകരിക്കണം. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

അദ്ധ്യക്ഷൻ	ജില്ലാ കളക്ടർ
കൺവീനർ	ജില്ലാ പ്ലാനിംഗ് ഓഫീസർ
ജോയിന്റ് കൺവീനർ	ബന്ധപ്പെട്ട വിഷയമേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥൻ (നിർബന്ധം)
അംഗങ്ങൾ	1) ജില്ലാ വികസന കമ്മീഷണർ 2) ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണം) 3) ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് 4) ജില്ലാ ടൗൺ പ്ലാനർ

3.2 സമിതിയുടെ ചുമതലകൾ

(1) നിർദ്ദിഷ്ട ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുക.

(2) സാധാരണഗതിയിൽ സംസ്ഥാന പദ്ധതികളിലെയും വകുപ്പതലത്തിലെയും യൂണിറ്റ് കോസ്റ്റിൽ അധികരിക്കാൻ പാടില്ല. വ്യത്യാസം വരുത്തുന്നെങ്കിൽ കാരണം വ്യക്തമാക്കണം.

(3) ഏതെങ്കിലും ഇനത്തിന് യൂണിറ്റ് കോസ്റ്റ് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാവുന്നതാണ്.

(4) താഴെപ്പറയുന്ന ഇനങ്ങളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് സമയബന്ധിതമായി നിശ്ചയിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

3.3 ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങളും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരും

ക്രമനം	ഇനങ്ങൾ	ജില്ലാതല ഉദ്യോഗസ്ഥ (ജോയിന്റ് കൺവീനർ)
1	1) ജൈവ കീടനാശിനി, ജീവാണുകീടനാശിനി, ജൈവവളം, കുമ്മായം, ഡോളോമൈറ്റ്, വളർച്ചാത്വരകങ്ങൾ, ജീവാണു വളങ്ങൾ രാസവളം, പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്/ചട്ടി, കാർഷിക യന്ത്രോപകരണങ്ങളുടെ മണിക്കൂർ/ദിവസ വാടക - ഇനം തിരിച്ച്, ജീവാണുവളങ്ങൾ, ജൈവവളം, ഹരിത ഭവനം, സുജലം, സുഫലം, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ, ജലലയ വളങ്ങൾ, നാനോ വളങ്ങൾ, ഇനോക്കുലം, ഭക്ഷ്യവിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, ടിഷ്യു കൾച്ചർ വാഴ, നടീൽ വസ്തുക്കൾ, പുഷ്പ-ഫല-ഔഷധക്കൃഷിക്കുള്ള വിത്തുകൾ, വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, നെല്ല് പച്ചക്കറി, പച്ചില വളം 2) പെട്ടിയും പറയും, ഇലക്ട്രിക് മോട്ടോർ, വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്, സബ്മേഴ്സിബിൾ പമ്പ്, സോളാർ പമ്പ് 3) പ്രാദേശിക നെൽവിത്തിനങ്ങൾ 4) തേനീച്ചയും കൂടും 5) സൗരവേലി, റിപ്പലന്റ്സ്, സ്കേയറേഴ്സ്, അലാം സിഗ്നലുകൾ 6) ചങ്ങാടക്കൃഷി, ഇൻഡോർ എൽ.ഇ.ഡി ഇലക്കറി /മൈക്രോഗ്രീൻ കൃഷി	ജില്ലാ കൃഷി ഓഫീസർ
2	മുട്ടക്കോഴിയും കൂടും, പെണ്ണാട്, കാളക്കുട്ടി, കന്നുകുട്ടി, കിടാരി, പോത്തുകുട്ടി, കറവപശു, കറവുയുള്ള എരുമ, ഗർഭിണി കിടാരി, കാട, താറാവ്, മുയലും കൂടും, പന്നി, കറവയന്ത്രം, ബ്രോയിലർ യൂണിറ്റ്, മറ്റ് വളർത്തു പക്ഷികൾ, തീറ്റപ്പുൽ വിത്ത്, നടീൽ വസ്തുക്കൾ, മട്ടുപ്പാവിലെ മുട്ടക്കോഴി, മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ്	ജില്ലാ മൃഗസംരക്ഷണ ഓഫീസർ/ജില്ലാ ക്ഷീര വികസന ഓഫീസർ
3	മത്സ്യം ഉണക്കുന്നതിനുള്ള ഡ്രയറുകൾ, മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം, ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം, മത്സ്യ സംസ്കരണ പ്ലാന്റുകൾ, അലങ്കാര മത്സ്യം വളർത്തൽ, മത്സ്യബന്ധന വല, ബാംബൂ റാഫ്റ്റ്, കൂട്ടവഞ്ചി,	ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

കുറിപ്പ്: - ജില്ലാതലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിക്കുമ്പോൾ അതതു വകുപ്പിൽ നിലനിൽക്കുന്ന നിരക്ക്, പ്രാദേശിക പ്രത്യേകത എന്നിവ കണക്കിലെടുക്കണം. ഇത് ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

4. സംസ്ഥാന സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി

(1) ഈ മാർഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ തൊട്ട് മുൻവർഷത്തെ വകുപ്പതല സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണ്.

(2) ഇതിനായി നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉത്തരവിന്റെ നമ്പറും തീയതിയും ഇനങ്ങളും തുകയും പ്രോജക്ടിൽ രേഖപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ തദ്ദേശഭരണ സ്ഥാപന സബ്സിഡി മാർഗരേഖയിൽ ഇല്ലെന്നും അതിനാലാണ് സംസ്ഥാന സബ്സിഡി നിരക്ക് ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. പ്രോജക്ട് പരിശോധനാ ഉദ്യോഗസ്ഥൻ ഇത് പരിശോധിച്ച് വേണം അംഗീകാരം നൽകേണ്ടത്.

5. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം

(1) നൂതന പ്രോജക്ടുകൾക്ക് അതിനായി രൂപീകരിച്ചിരിക്കുന്ന ജില്ലാതല വിദഗ്ധ സമിതിയുടെ അനുമതിയോടെ സബ്സിഡി നൽകാം.

(2) ഈ മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഖണ്ഡിക 4, 5.1 എന്നിവ ബാധകമാക്കാൻ കഴിയാത്തതുമായ ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ.

6. സബ്സിഡി നിരക്കുകൾ

വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്/തുകയാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്. ഇതിൽ അധികരിക്കാതെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി നിശ്ചയിക്കേണ്ടത്

.

6.1 കൃഷി

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	എ) ജൈവവളം, കുമ്മായം, ഡോളോമൈറ്റ് (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ) ബി) വളർച്ചാത്വരകങ്ങൾ സി) ജീവാണുവളങ്ങൾ	ജനറൽ വിഭാഗം	75%	1. നാമമാത്ര/ചെറുകിട കർഷകർ, പാടശേഖര സമിതികൾ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, തരിശ്ഭൂമി കൃഷിക്കാർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്റർ, എന്നിവർക്ക് നൽകാം. 2. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടകൃഷിക്കും ബാധകമാണ്. 3. കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്. 4. രാസവളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ, ജലലയ വളങ്ങൾ എന്നിവ നിർവഹണ ഉദ്യോഗസ്ഥയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നും (ഇല്ലാത്ത സ്ഥലങ്ങളിൽ ലൈസൻസ് ഉള്ള അംഗീകൃത സ്വകാര്യ ഡീലർമാരിൽ നിന്നും) ഗുണഭോക്താക്കൾ നേരിട്ട് വാങ്ങേണ്ടതാണ്. 5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 6. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം 7. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	100%	
2	രാസവളം, ജലലയ വളങ്ങൾ, നാനോ വളങ്ങൾ	ജനറൽ വിഭാഗം	50%	
		പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം	100%	
		50 സെന്റെങ്കിലുമുള്ള കൃഷിയിടം (കൃഷി ഭവനുമായി രജിസ്റ്റർ ചെയ്ത 3-5 പേരെങ്കിലുമുള്ള ഒരു ഗ്രൂപ്പ്)	75%	

3	ജൈവ/ജീവാണു കീടനാശിനികൾ	ജനറൽ വിഭാഗം	75%	1. നാമമാത്ര/ചെറുകിട കർഷകർ, പാടശേഖര സമിതികൾ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, തരിശ്ഭൂമി കൃഷിക്കാർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്റർ, എന്നിവർക്ക് നൽകാം. 2. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടകൃഷിക്കും ബാധകമാണ്. 3. കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവ/ജീവാണു കീടനാശിനികൾ , കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവ/ജീവാണു കീടനാശിനികൾ നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമം പാലിച്ച് വാങ്ങി വിതരണം ചെയ്യേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥയുടെ അനുവാദത്തോടെ തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ ഗുണഭോക്താക്കൾ ജൈവ/ജീവാണു കീടനാശിനികൾ നേരിട്ടും വാങ്ങാവുന്നതാണ്. അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥ നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്. 4. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 5. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം 6. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.
		പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം	100%	
4	നെല്ല്, കുരുമുളക്, പച്ചക്കറി, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യുകൾച്ചർ വാഴ	എല്ലാ വിഭാഗങ്ങൾക്കും	100%	1. നാമമാത്ര/ചെറുകിട കർഷകർ, പാടശേഖര സമിതികൾ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, തരിശ്ഭൂമി കൃഷിക്കാർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവർക്ക് കൃഷിക്കായി നൽകാം. 2. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടകൃഷിക്കും ബാധകമാണ്. 3. സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. 4. കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണം. 5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 6. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK (Vegetable and Fruits Promotion Council

				Keralam), വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗ്രണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതും യഥാർത്ഥ വില നൽകാവുന്നതുമാണ്. 7. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചും തൈകൾ വാങ്ങാവുന്നതാണ്. 8. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം 9. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്..
5	ഫല – പുഷ്പ - ഔഷധ സസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റിക്കുരുമുളക് തൈകൾ മുതലായവ	ജനറൽ വിഭാഗം	75%	1. നാമമാത്ര/ ചെറുകിട കർഷകർ, പാട്ട കൃഷിക്കാർ, കർഷകഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശു ഭൂമി കൃഷിക്കാർ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവർക്ക് നൽകാം 2. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK (Vegetable and Fruits Promotion Council Keralam), വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗ്രണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതും യഥാർത്ഥ വില നൽകാവുന്നതുമാണ് 3. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചും തൈകൾ വാങ്ങാവുന്നതാണ്. 4. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം പട്ടികവർഗ്ഗ വിഭാഗം	100%	
		(ഒരു കർഷകന് പരമാവധി 5000 രൂപ)		
6	പൊതു സ്ഥലങ്ങളിൽ വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കൽ	പൊതു മേഖലാ സ്ഥാപനങ്ങൾ,തദ്ദേശഭരണ സ്ഥാപനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ സ്ഥലങ്ങളും പൊതു സ്ഥലങ്ങളും	100%	1. ഫലവൃക്ഷങ്ങൾ, മുള തുടങ്ങിയവ വച്ച് പിടിപ്പിക്കണം 2. MGNREGS/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിൽ ഘടകത്തിനുള്ള വിഹിതം കണ്ടെത്തണം. 3. മൂന്നു വർഷത്തെ പരിപാലനം ഉറപ്പുവരുത്തുന്നതിനുള്ള കരാറിൽ ബന്ധപ്പെട്ട സ്ഥാപനം തദ്ദേശഭരണ സ്ഥാപനവുമായി ഏർപ്പെടണം. 4. ഉല്പാദനോപാദികൾക്കുള്ള ചെലവ് അനുവദിക്കാം 5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്

7	തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത്/ നടീൽ വസ്തു	എല്ലാ വിഭാഗങ്ങൾക്കും	50% (18,000 രൂപ/ഹെക്ടർ- പരമാവധി സബ്സിഡി തുക 36,000 രൂപ രൂപ)	1. നാമമാത്ര-ചെറുകിട കർഷകർ/ കർഷക തൊഴിലാളി ഗ്രൂപ്പ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ പാട്ടത്തുകയായി ഹെക്ടറിന് 2500 രൂപ അധികമായി നൽകാം 2. സ്വന്തം/പാട്ടഭൂമിയിൽ കൃഷി ചെയ്യാം. 3. വിത്തിന്റെ/നടീൽ വസ്തുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം 4. സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന വ്യക്തികൾ/ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ, പ്രവാസി ഗ്രൂപ്പുകൾ എന്നിവർക്ക് മുൻഗണന നൽകണം. 5. കൃഷി വകുപ്പിലെയോ ക്ഷീരവികസന വകുപ്പിലെയോ ഉദ്യോഗസ്ഥയെ നിർവഹണ ചുമതല ഏൽപ്പിക്കാവുന്നതാണ് 6. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

8. തരിശ് കൃഷി (എല്ലാ വിഭാഗങ്ങൾക്കും)

ഇനം		നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക)		
		കർഷകന്	ഉടമയ്ക്ക്	ആകെ
1.	നെല്ല്	35,000	5000	40,000
2.	പച്ചക്കറി	37,000	3000	40,000
3.	വാഴ	32,000	3000	35,000
4.	പയർ വർഗ്ഗങ്ങൾ	27,000	3000	30,000
5.	ചെറുധാന്യം (Millets)	27,000	3000	30,000
6.	മരച്ചീനിയും മറ്റ് കിഴങ്ങുവർഗ്ഗങ്ങളും	27,000	3000	30,000
7.	മറ്റ് വിളകൾ	10,000	--	10,000

1. മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.
2. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതിക നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.
3. തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കുമാത്രമാണ് ഈ ആനുകൂല്യം നൽകാവുന്നത്
4. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസൺ പകുതി ആകുമ്പോൾ പരിശോധനയ്ക്ക് ശേഷവും നല്കാവുന്നതാണ്. ഉടമയ്ക്കുള്ള സഹായം പ്ലാന്റിംഗ് നടക്കുന്ന സമയത്ത് നല്കാവുന്നതാണ്.
5. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular farming) സഹായമേ അനുവദിക്കാവൂ.
6. 9A ലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.
7. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

9. സ്ഥിരം കൃഷി (Regular Farming) (എല്ലാ വിഭാഗങ്ങൾക്കും)

ഇനം			നിരക്ക് (ഒരു ഹെക്ടറിന് പരമാവധി തുക)
1	നെല്ല് (ഒരു പൂകൃഷിക്ക്)		25,000
2	പൊക്കാളി/കൈപ്പാട്/കരി നെൽക്കൃഷി (ഒരു പൂകൃഷിക്ക്)		32,000
3	പച്ചക്കറി	പന്തൽഉൾപ്പെടെ	27,000
		പന്തൽ ഇല്ലാതെ	22,000
		ശീതകാല പച്ചക്കറി (ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാലപച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങൾക്കു മാത്രം)	30,000
4	പയർ വർഗ്ഗങ്ങൾ		20,000
5	മരച്ചീനിയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും		20,000
6	വാഴ		30,000
7	ചെറുധാന്യങ്ങൾ(Millets)		20,000
8	നിലക്കടല (Groundnut)		20,000
9	എള്ളും മറ്റ് എണ്ണക്കുരുക്കളും		15,000
10	മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ		10,000

1. നെൽ കൃഷിക്ക് ഓരോ പൂ കൃഷിക്കും സബ്സിഡി നൽകാവുന്നതാണ്
2. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് നല്കാവുന്നതാണ്.
3. 9A ലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.
4. ചെറുകിട /നാമമാത്രകർഷകൻ/ കർഷക തൊഴിലാളി ഗ്രൂപ്പ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ ഓരോ വിളയ്ക്കും പാട്ടത്തുകയായി ഹെക്ടറിന് 2500 രൂപ അധികമായി നൽകാം.
5. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

9A) തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ.

1. നാമമാത്ര - ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വയം സഹായ സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നല്കാം. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപനത്തിന്റെ സഹായമില്ലാതെ കർഷകർ/ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന അവസരത്തിലും മേൽപ്പറഞ്ഞ സഹായം അനുവദിക്കാവുന്നതാണ്.
2. വിത്ത്, വളം കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാദികൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്ത് (മാർഗ്ഗരേഖ പ്രകാരം ബാധകമായ ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുക) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്. എന്നാൽ നെൽക്കൃഷിയുടെ ഉത്പാദനോപാധികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നല്കിയിട്ടുള്ള നിരക്കിന് പുറമെ അനുവദിക്കാവുന്നതാണ്.

3. ഒറ്റ വിള (mono crop) കൃഷിക്കുള്ള സഹായങ്ങളാണ് പട്ടികകളിൽ നല്കിയിട്ടുള്ളത്. ഒരു കൃഷിയിടത്തിനുള്ളിൽ വ്യത്യസ്ത വിളകൾ വെവ്വേറെയായി (മരച്ചീനി, എന്നിങ്ങനെ) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിളകൾക്ക് അനുവദനീയമായ നിരക്കിൽ സഹായം അനുവദിക്കാവുന്നതാണ്. ഒരു കൃഷിയിടത്തിനുള്ളിൽ ബഹുവിള ((Multiple Crops) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യ വിളക്ക് ബാധകമായ സഹായം അനുവദിക്കാവുന്നതും മുഖ്യവിള ഒഴികെയുള്ള ഇടവിളകൾക്ക് വിത്തുകളും തൈകളും മേല്പറഞ്ഞ സഹായത്തിനു പുറമെ മാർഗരേഖ അനുസരിച്ചു അധികമായി നല്കാവുന്നതാണ്.
4. കൃഷിയിടങ്ങളുടെ ഫാം പ്ലാൻ തയ്യാറാക്കി ഓരോ വിളയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗക്കേണ്ടതാണ്. എന്നാൽ വിള ഇൻഷുറൻസിന് ആവശ്യമായതിൽ താഴെ വിസ്തൃതിയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് വിള ഇൻഷുറൻസ് വ്യവസ്ഥ ബാധമാക്കേണ്ടതില്ല.
6. ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണ്. ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയ്ക്കുള്ള തുക ഉൾപ്പടെയുള്ള മൊത്തം തുകയും ഉടമയ്ക്ക് നൽകാവുന്നതാണ്.
7. പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്.
8. പാട്ടക്കൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്.
9. 2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
10. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
10	സംയോജിത കൃഷി (IFS)	10 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കാർ	1. പുതുതായി കൃഷി ചെയ്യുന്നതിന് 10,000 രൂപ /10 സെന്റ് 2. നിലവിലെ കൃഷി വിപുലപ്പെടുത്തുന്നതിന് 5,000 രൂപ/ 10 സെന്റ്	1. നിലവിലെ കൃഷി വിപുലപ്പെടുത്തുന്നതിനും സംയോജിത കൃഷിയിൽ പുതിയ വിളകളും ഘടകങ്ങളും ഉൾച്ചേർക്കുന്നതിനുമുള്ള പ്രോജക്ട് 2. സംയോജിത ഫാം പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രോജക്ട് എടുക്കേണ്ടത് 3. നിലവിലുള്ള വിളകൾക്ക് പുറമെ മൂന്ന് വിളകൾ/ഇനങ്ങൾ, കന്നുകാലി വളർത്തൽ/മത്സ്യക്കൃഷി മുതലായവ ഉൾച്ചേർക്കേണ്ടതാണ്. 4. ഒരു ഹെക്ടറിന് പരമാവധി 75,000രൂപ സബ്സിഡിയായി നൽകാം 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
11	കാർഷിക തൊഴിൽ സേനകൾക്കും സമിതികൾക്കും സംഘങ്ങൾക്കും സഹായം	സമിതികൾക്കും സംഘങ്ങൾക്കും മാത്രം.	90% (ഇൻഷ്വറൻസ്, രജിസ്ട്രേഷൻ ചെലവുകൾ ഉൾപ്പെടെ)	1. ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമോ, സഹകരണ നിയമ പ്രകാരമോ രജിസ്റ്റർ ചെയ്ത കർഷക/ കർഷകതൊഴിലാളി സംഘം/ സമിതി ആയിരിക്കണം 2. രജിസ്റ്റർ ചെയ്ത് രണ്ടു വർഷമെങ്കിലുമായ സംഘം/ സമിതി ആയിരിക്കണം 3. കാർഷിക സേവനങ്ങൾ നൽകുന്ന സംഘം/സമിതി ആയിരിക്കണം.

				എ. കാർഷികോപകരണങ്ങൾ 1. കുറ്റിപ്പമ്പ്, പവർസ്പ്രേയർ, കളനീക്കൽ ഉപകരണം, കാടുവെട്ട് യന്ത്രം, മെതിയെന്ത്രം, ട്രാക്ടർ, ടില്ലർ, മിനിട്രാക്ടർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, വിന്നോവർ, വിവിധതരം സ്പ്രേയറുകൾ, തെങ്ങ്കയറ്റ യന്ത്രം, വിവിധതരം ഡ്രയറുകൾ, ധാന്യം പൊടിക്കുന്ന യന്ത്രങ്ങൾ, തേങ്ങ/അടയ്ക്ക പൊളിക്കുന്ന യന്ത്രം, അലുമിനിയം ഏണികൾ, പ്രൂണറുകൾ, റൗണ്ട് ബെയലറുകൾ, പുല്ല് ചെറുകഷ്ണങ്ങളാക്കുന്ന യന്ത്രങ്ങൾ, ബണ്ട് എടുക്കുന്ന യന്ത്രം, തെങ്ങിൻതടം തുറക്കുന്ന യന്ത്രം, കുഴിയെടുപ്പ് യന്ത്രം തുടങ്ങിയവ വാങ്ങി നൽകാവുന്നതാണ്. 2. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സംഘം/സമിതിക്കും ആയിരിക്കും. 3. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം. 4. യന്ത്രങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സമിതി/സംഘം തന്നെ നിർവ്വഹിക്കണം. കർഷകരിൽ നിന്നും തൊഴിലാളികളുടെ വേതനം ഈടാക്കുന്നതിനൊപ്പം സംരക്ഷണ ചെലവിന് വേണ്ടിയുള്ള തുക കൂടി ഈടാക്കേണ്ടതാണ്. തുക എത്രയെന്ന് അതത് സമിതികൾക്ക്/സംഘങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്. 5. സമിതികളുടെ/സംഘങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് കമ്മിറ്റിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിട്ടർ ചെയ്യണം. 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. 7. സംയുക്തമായും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. **ബി.പരിശീലനം** 1. നൂതന കാർഷിക രീതികൾ, യന്ത്രോപകരണങ്ങളുടെ ഉപയോഗരീതി, സമിതികളുടെ/സംഘങ്ങളുടെ പ്രവർത്തനവും നടത്തിപ്പും എന്നീ കാര്യങ്ങളിൽ പരിശീലനം നൽകാവുന്നതാണ്. (ഉപകരണങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനം പരിശീലനം നൽകുന്നില്ലെങ്കിൽ മാത്രം) **സി. പാട്ടകൃഷി/തരിശ് കൃഷി** 1. ഇത്തരം സമിതികൾ തരിശുകൃഷിയോ പാട്ടകൃഷിയോ ചെയ്യുന്നതിന് സന്നദ്ധമാണെങ്കിൽ ഖണ്ഡിക 6.1.8, 6.1.9 ലെ നിരക്കിൽ ധനസഹായം ലഭ്യമാക്കാവുന്നതാണ്. 2. ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 20 സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 10 സെന്റും കൃഷി ചെയ്യണം.

12	നെൽകൃഷി - ജല സേചനത്തിന് സബ്മേഴ്സിബിൾ / പോർട്ടബിൾ പമ്പ്/വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/ പെട്ടിയും പറയും	പാടശേഖര സമിതികൾക്ക് മാത്രം	100%	1. അറ്റകുറ്റപ്പണി പാടശേഖര സമിതികൾ നടത്തണം. 2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്..
13	സോളാർ പമ്പ്	പാടശേഖര സമിതികൾക്ക് മാത്രം	10%	1. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 2. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്...
14	പുതിയ ജലസേചന കിണർ (തുറന്ന കിണർ)	ജനറൽ വിഭാഗം	50 %	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു. 3. വാലുവേഷൻ എൽ.എസ്.ജി.ഡി എൻജിനീയർ ആണ് എടുക്കേണ്ടത്. 4. തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ കഴിയുന്നില്ലെങ്കിൽ മാത്രം വികസനഫണ്ട് വിനിയോഗിക്കാം. 5. കർഷക ഗ്രൂപ്പുകളുടെ കൃഷി ഇടങ്ങളിലും കിണർ നിർമ്മിക്കാവുന്നതാണ്. 6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75%	
		പട്ടികവർഗ്ഗ വിഭാഗം	100%	
15	പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (പോട്ടിംഗ് മിശ്രിതം നിറച്ചത്, തൈ ഉൾപ്പെടെ)	എല്ലാ വിഭാഗങ്ങൾക്കും	75%	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഗ്രോ ബാഗ്/മൺചട്ടി (10 ഇഞ്ച് വലിപ്പം) 3. ഗ്രോ ബാഗിനു പകരം കയർ ഫെഡിന്റെ കൊക്കോ പോട്ട് ഉപയോഗിക്കാവുന്നതാണ്. 4. ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ഗ്രോബാഗ് വരെ നൽകാം. 5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
16	കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും പുതിയ തൈകൾ വയ്ക്കുന്നതിനും	എല്ലാ വിഭാഗങ്ങൾക്കും	മുറിച്ചുമാറ്റുന്നതിന് കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള സബ്സിഡി. പുതിയ തെങ്ങിൻ തൈകൾക്ക് ക്രമ നം. 5 പ്രകാരമുള്ള സബ്സിഡി	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
17	കാർഷിക സേവനങ്ങൾക്ക് സബ്സിഡി	എല്ലാ വിഭാഗങ്ങൾക്കും	50% പരമാവധി ഒരു	1. കാർഷിക കർമ്മസേനകൾ, കൃഷി വകുപ്പിന്റെ അഗ്രോ സർവീസ് സെന്ററുകൾ എന്നിവ കർഷകർക്കും കർഷക കൂട്ടായാമകൾക്കും നിയന്ത്രിത നിരക്കുകളിൽ നൽകുന്ന

			വർഷം അനുവദിക്കാവുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം.	സേവനങ്ങൾക്കാണ് സബ്സിഡി നല്കാവുന്നത്. 2. സേവനങ്ങൾ മുൻകൂട്ടി പട്ടികപ്പെടുത്തി തദ്ദേശഭരണസ്ഥാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കണം. 3. ഇനം 6.1.8, 6.1.9 പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നവർക്ക് ഈ സഹായം നൽകുന്നതല്ല. 4. ഡ്രോൺ ഉപയോഗിച്ചുള്ള മരുന്നുതളി ഉൾപ്പെടെയുള്ള പ്രാദേശികമായ സേവനങ്ങളും ഉൾപ്പെടുത്താവുന്നതാണ്. 5. മഹാത്മാഗാന്ധി/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികളുടെ ഭാഗമായി ചെയ്യാവുന്ന പ്രവൃത്തികളുടെ കൂലി ഇതിൽ ഉൾപ്പെടുത്താൻ പാടില്ല. 6. കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും നൽകുന്ന സേവനങ്ങൾക്ക്, ആ സേവനങ്ങൾ സ്വീകരിച്ചവരിൽ നിന്നുമുള്ള രസീതുകൾ ഹാജരാക്കുന്ന മുറയ്ക്ക് സാമ്പത്തിക വർഷം രണ്ട് തവണയായി സബ്സിഡി നൽകാവുന്നതാണ്. 7. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
18	പുതിയ ജലസേചന പമ്പുസെറ്റ് (ആക്സസറീസ് ഉൾപ്പെടെ)	ജനറൽ വിഭാഗം	50% (പരമാവധി 15000 രൂപ)	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഗ്രാമ പഞ്ചായത്തിൽ കുറഞ്ഞത് 20 സെന്റും നഗരഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് 10 സെന്റും, കൃഷി ചെയ്യുന്ന കർഷകർക്ക്. 3. തുടർച്ചയായി പ്രവർത്തിച്ചുവരുന്ന കർഷക ഗ്രൂപ്പുകളുടെ കൃഷിയിടങ്ങളിലും ലഭ്യമാക്കാവുന്നതാണ്. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75 % (പരമാവധി 22,500 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100% (30,000 രൂപ)	
19	പെട്ടെന്നുണ്ടാകുന്ന കീട – രോഗങ്ങളുടെ തീവ്ര വ്യാപന നിയന്ത്രണം	എല്ലാ വിഭാഗങ്ങൾക്കും	ചെലവിന്റെ 100%	1. പാടശേഖര സമിതികൾ, കർഷക സമിതികൾ മുഖാന്തിരം നടപ്പിലാക്കാം. 2. കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കാം. 3. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം 4. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

20	അഗ്രോ ഫാർമസി/പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ (വിള ആരോഗ്യ പരിപാലന കേന്ദ്രം) സേവനങ്ങൾ വിപുലപ്പെടുത്തൽ	എല്ലാ വിഭാഗങ്ങൾക്കും	തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിക്കാം	1. കീടരോഗങ്ങളുടെ വ്യാപ്തിയെക്കുറിച്ചും നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് തയ്യാറാക്കണം. 2. കീടരോഗ നിയന്ത്രണത്തിന് വേണ്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്താം. 3. ഉണഭോക്താക്കൾക്ക് കീടരോഗ നിയന്ത്രണോപാധികൾ വിതരണം ചെയ്യാം. 4. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
21	പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം	എല്ലാ വിഭാഗങ്ങൾക്കും	50% (പരമാവധി ഇക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം)	1. കാർഷിക കർമ്മസേനകൾ/ അഗ്രോ സർവീസ് സെന്ററുകൾ/കർഷക ഗ്രൂപ്പുകൾ/VFPCK/ ഇക്കോ ഷോപ്പുകൾ/നാളികേര ഉല്പാദക കമ്പനികൾ/നാളികേര ഉല്പാദക ഫെഡറേഷൻ/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കർഷക ഉത്പാദക സംഘങ്ങൾ/ സഹകരണ സംഘങ്ങൾ എന്നിവ നടത്തുന്ന വിപണന കേന്ദ്രങ്ങൾ ആയിരിക്കണം. 2. സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (കെട്ടിട നിർമ്മാണം ഒഴികെ), കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുള്ള ആകെ ഇകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകാം. 3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
22	കശുമാവ് കൃഷി (തൈവിതരണം)	എല്ലാ വിഭാഗങ്ങൾക്കും	100%	3. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 4. കാഷ്യു കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം തൈകൾ വാങ്ങുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്. 5. തൊഴിലുറപ്പു പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.
23	രോഗ-കീട ബാധയുള്ള കവുങ്ങ് മുറിച്ചു മാറ്റി പുതിയവ നടുന്നത്	എല്ലാ വിഭാഗങ്ങൾക്കും	മുറിച്ചുമാറ്റാൻ കവുങ്ങ് ഒന്നിന് 400 രൂപ തൈകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 75%	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 3. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
24	റബർ തൈകൾ വച്ച തോട്ടങ്ങളിൽ ഇടവിളയായി പഴവർഗ്ഗങ്ങൾ/പച്ചക്കറി കൃഷി	എല്ലാ വിഭാഗങ്ങൾക്കും	അനുയോജ്യമായ തോതിൽ ഈ മാർഗ്ഗരേഖയിലെ വിവിധ സബ്സിഡികൾ ഹെക്ടറിന് 10,000 രൂപയിൽ അധികരിക്കാതെ നൽകാം	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. 3 വർഷത്തിനുള്ളിൽ പുതിയ തൈകൾ വച്ച തോട്ടമായിരിക്കണം. 3. റബ്ബർ ബോർഡ് നൽകുന്ന ധനസഹായം ഒഴികെ മറ്റ് സഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രമേ സബ്സിഡി നൽകാവൂ. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

25	ഹരിതഭവനം	എല്ലാ വിഭാഗങ്ങൾക്കും	ഓരോ ഘടകത്തിനും ഈ മാർഗ്ഗരേഖയിൽ പറയുന്ന സബ്സിഡികൾ നൽകാം.	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഈ മാർഗരേഖയിലെ അനുബന്ധം 1 പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. 3. പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കണം 4. ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തണം 5. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സാമൂഹ്യ സംഘടനകൾ എന്നിവരെ ചുമതലപ്പെടുത്തണം 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
26	മഴമറ (Rain Shelter)	ജനറൽ വിഭാഗം	പരമാവധി 40,200 രൂപ	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. വീടുവളപ്പിലെ/മട്ടുപ്പാവ് കൃഷിക്ക് താല്പര്യമുള്ളവരായിരിക്കണം. 3. പരമാവധി 100 ച.മീറ്റർ വരെ ച.മീറ്ററിന് 670 രൂപ യൂണിറ്റ് കോസ്റ്റിൽ സബ്സിഡി അനുവദിക്കാവുന്നതാണ് 4. കുറഞ്ഞത് 10 ച. മീറ്റർ വിസ്തൃതി വേണം. 5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	പരമാവധി 50,250 രൂപ	
		പട്ടികവർഗ്ഗം വിഭാഗം	പരമാവധി 67,000 രൂപ	
27	മഴമറയിലെ UV പോളിത്തീൻ പഴയ ഷീറ്റ് മാറ്റി പുതിയ ഷീറ്റ് സ്ഥാപിക്കൽ	ജനറൽ വിഭാഗം	പരമാവധി 9600 രൂപ	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. മഴമറ സ്ഥാപിച്ചിട്ട് 5 വർഷമെങ്കിലും കഴിയുകയും പോളിത്തീൻ ഷീറ്റ് ഉപയോഗയോഗ്യമല്ലാത്തതുമായിരിക്കണം. 3. പരമാവധി 100 ച.മീറ്റർ വരെ ച.മീറ്ററിന് 160 രൂപ യൂണിറ്റ് കോസ്റ്റിൽ സബ്സിഡി അനുവദിക്കാവുന്നതാണ് 4. കുറഞ്ഞത് 10 ച. മീറ്റർ വിസ്തൃതി വേണം. 5. 200 മൈക്രോൺ ഉള്ള ഷീറ്റ് ആയിരിക്കണം 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	പരമാവധി 12000 രൂപ	
		പട്ടികവർഗ്ഗം വിഭാഗം	പരമാവധി 16000 രൂപ	
28	കരിമ്പ് കൃഷി	ജനറൽ വിഭാഗം	ജനറൽ 50%	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഒരു ഹെക്ടറിന് യൂണിറ്റ് കോസ്റ്റ് 10,000 രൂപ 3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	പട്ടികജാതി 75%	
		പട്ടികവർഗ്ഗം വിഭാഗം	പട്ടികവർഗ്ഗം 100%	
29	സുഫലം - കാർഷിക ഉത്പാദനം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, വിപണന ശൃംഖല രൂപീകരിക്കൽ	എല്ലാ വിഭാഗങ്ങൾക്കും	യൂണിറ്റ് നിരക്കും സബ്സിഡി തുകയും ജില്ലാതലത്തിൽ നിശ്ചയിക്കണം.	1. പോഷകമൂല്യമുള്ളതും വാണിജ്യ, വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ഉല്പാദിപ്പിക്കാനും അവ മൂല്യവർദ്ധിത ഉല്പന്നമാക്കാനും വിപണനം നടത്തുന്നതിനുമുള്ള പ്രോജക്ടിനാണ് സബ്സിഡി. 2. തരിശ് നിലങ്ങളിലും ഭൂമികളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളയായും കൃഷി തുടങ്ങാൻ നടപടി സ്വീകരിക്കുക.

				3. ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുക 4. കാർഷിക ഉല്പാദനത്തിന് സ്വകാര്യകർഷകർ/ഗ്രൂപ്പ് സംരംഭകർ/ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവ രൂപീകരിക്കുക 5. കാർഷിക വായ്പ സംഘങ്ങളുടെയും കാർഷിക സഹകരണ സംഘങ്ങളുടെയും ശേഷി ഉപയോഗിക്കുക 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
30	പുഷ്പ കൃഷി - വെട്ടുപൂക്കൾ (Cut Flower) (വനിത -വ്യക്തിഗതം/ഗ്രൂപ്പുകൾ)	എല്ലാ വിഭാഗങ്ങൾക്കും	1000 ചുവടിന് 40,000 രൂപ (കുറഞ്ഞത് 100 ചുവട്)	1. നാമമാത്ര/ചെറുകിട കർഷകർ, കുടുംബശ്രീ ഗ്രൂപ്പുകൾ, പ്രവാസി, വനിത ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റു വനിത സാമൂഹ്യ സംഘടനകൾ, എന്നിവയ്ക്ക് നൽകാം. 2. പകുതി ആദ്യവും ബാക്കി വിളവെടുപ്പിന് മുമ്പും എന്ന തരത്തിൽ സബ്സിഡി രണ്ട് ഘട്ടമായി അനുവദിക്കാം. 3. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.
31	പുഷ്പക്കൃഷി - ലൂസ് പൂക്കൾ (വനിത - വ്യക്തിഗതം/ഗ്രൂപ്പുകൾ)	എല്ലാ വിഭാഗങ്ങൾക്കും	16,000 രൂപ ഒരു ഹെക്ടറിന് (കുറഞ്ഞത് 10 സെന്റ്)	
32	തേനീച്ച വളർത്തൽ	ഒരു സെറ്റ് തേനീച്ചയും കൂടും		1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. നിലവിൽ കൃഷി ഉള്ളവർക്ക് ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 25 പുതിയ കൂടുകൾക്കു വരെ സബ്സിഡി നൽകാം. 3. ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം. 4. ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം. 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		ജനറൽ വിഭാഗം	50%	
		പട്ടികജാതി വിഭാഗം	75%	
		പട്ടികവർഗ്ഗം വിഭാഗം	100 %	
33	കൂൺ കൃഷി	എല്ലാ വിഭാഗങ്ങൾക്കും	40% 100 ബെഡിന് 11,250 രൂപ (പരമാവധി 22,500 രൂപ)	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. വ്യക്തികൾക്കും രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പുകൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. 3. 100 ബെഡ് എങ്കിലുമുള്ള രണ്ട് യൂണിറ്റുകളെങ്കിലും ഉണ്ടായിരിക്കണം. 4. ഒരു വർഷത്തിൽ മൂന്ന് തവണ കൃഷി ചെയ്യണം. 5. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
34	അക്വാപോണിക്സ് (Aquaponics) കൃഷിയും മത്സ്യവും സംയോജിത പദ്ധതി	ജനറൽ വിഭാഗം	50% (പരമാവധി 10,000 രൂപ)	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. മണ്ണില്ലാതെ കൃഷി ചെയ്യുന്നതിനുള്ള സംവിധാനമാണിത്. കൂടാതെ മത്സ്യവും വളർത്താം

	(യൂണിറ്റ് കോസ്റ്റ് 20,000 രൂപ)	പട്ടികജാതി വിഭാഗം	75% (പരമാവധി 15,000 രൂപ)	3. 1000 ലിറ്റർ വെള്ളം കൊള്ളുന്ന ടാങ്കിൽ 100 നൈൽ തിലോപ്പിയ (Nile tilopia) വളർത്താം. 4. Components:- Fish Tank with vegetable bed, filtration including aeration, plumbing, electrification and roof 5. Fish seeds, 100 numbers @ 4 രൂപ/seed 6. fish feed 54kg @45 രൂപ /kg; Vegetable seedlings etc. 7. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികവർഗ്ഗം വിഭാഗം	100%	
35	കണിക ജലസേചനം (Drip Irrigation) (യൂണിറ്റ് കോസ്റ്റ് ഒരു സെന്റിന് 7,500 രൂപ)	ജനറൽ വിഭാഗം	50% (പരമാവധി 3750 രൂപ)	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഒരു സെന്റ് ഭൂവിസ്തൃതിയിൽ a) Timer, b) Main line 32 mm, c) Sub Main, Laterals 16 mm, d) Emitters, e) Grow Bag 25 എണ്ണം 3. മഴമറക്കുള്ളിലും Drip irrigation ഉപയോഗപ്പെടുത്താം. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 5,625/- രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
36	തിരി നന (Wick irrigation) - 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റ്	ജനറൽ വിഭാഗം	50% (പരമാവധി 1000 രൂപ)	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. ഗ്രോ ബാഗ്, മൺചട്ടി, സിമെന്റ് ചട്ടി, പ്ലാസ്റ്റിക് പോട്ട് ഇതിലെല്ലാം തിരിനന രീതി നടപ്പാക്കാവുന്നതാണ്. 3. 10 വാട്ടർ സ്റ്റോറേജ്, 10 ട്രേ, 10 തിരി, 9 പി.വി.സി പൈപ്പ് സെറ്റ്, എൻഡ് ക്യാപ് ആന്റ് റെഡ്യൂസർ എന്നിവയാണ് ഘടകങ്ങൾ 4. പരമാവധി 5 യൂണിറ്റ് വരെ ഒരു ഗുണഭോക്താവിന് നൽകാവുന്നതാണ്. 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 1500 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
37	വെറ്റില കർഷകർക്കും ഗ്രൂപ്പുകൾക്കും ഏണി (യൂണിറ്റ് കോസ്റ്റ് 3200 രൂപ)	ജനറൽ വിഭാഗം	50% (പരമാവധി 1600 രൂപ)	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. സ്ഥിരമായി (3 വർഷമായി) വെറ്റില കൃഷി ചെയ്ത് വരുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും മാത്രം 3. പ്രാദേശിക ഉപയോഗത്തിനനുസരിച്ചുള്ള ഏണിക്ക് ധനസഹായം നൽകാവുന്നതാണ്. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 2400 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	

38	കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടോറുകളും – റിപ്പയറിംഗ്	ജനറൽ വിഭാഗം	50% (പരമാവധി 5000 രൂപ)	1. സ്ഥിരമായി കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടോറുകളും ഉപയോഗിച്ച് കൃഷി ചെയ്ത് വരുന്ന നാമമാത്ര ചെറുകിട കർഷകർ/കർഷക ഗ്രൂപ്പുകൾ/കാർഷിക കർമ്മസേന എന്നിവർക്ക് വർഷത്തിൽ ഒരു തവണ അറ്റകുറ്റപ്പണിക്ക് സഹായം നൽകാവുന്നതാണ്. 2. നെൽകൃഷിക്ക് ഉപയോഗിക്കുന്ന യന്ത്രങ്ങൾക്ക് വർഷത്തിൽ രണ്ടു പ്രാവശ്യം സഹായം നൽകാം. 3. വാറണ്ടി/ഗ്യാരണ്ടി കാലാവധി കഴിഞ്ഞിരിക്കണം. 4. കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണികൾക്കാണ് ധനസഹായം നൽകാവുന്നത്. റിപ്പയറിംഗിന്റെ എസൻഷ്യാലിറ്റി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 5. അറ്റകുറ്റപ്പണികൾ ചെയ്ത് കൊടുക്കുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ജില്ലയിലെ യൂണിറ്റുകളെയും അംഗീകൃത വർക്ക്ഷോപ്പുകളാണെങ്കിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ വിളിച്ച് നടപടി ക്രമം പാലിച്ചും ഏൽപ്പിക്കാവുന്നതാണ്. 6. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 7500 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
39	വന്യമൃഗ ശല്യം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ - സൗരവേലി, റിപ്പലന്റ്സ്, സ്ക്കെയറേഴ്സ്, അലാം സിഗ്നലുകൾ	എല്ലാ വിഭാഗങ്ങൾക്കും	യൂണിറ്റ് കോസ്റ്റിന്റെ 50%	1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്. 2. സർക്കാർ നിരക്ക് നിശ്ചയിക്കുന്നത് വരെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 3. വ്യക്തിഗതമാണെങ്കിൽ ഉണഭോക്താവിന്റെ ചുമതലയിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്. 4. ഒരു പ്രാവശ്യം മാത്രമേ സബ്സിഡി നൽകാവൂ. 5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. 6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടായും എടുക്കാവുന്നതാണ്.

40. കാർഷികാനുബന്ധ മേഖല പ്രദർശനത്തോട്ടങ്ങൾ - തദ്ദേശഭരണ - സഹകരണ സംയുക്ത സംരംഭം

(i) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഒറ്റയ്ക്കോ സംയുക്തമായോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായി (PACS) സഹകരിച്ച് ഔഷധ സസ്യങ്ങൾ ഉൾപ്പടെയുള്ള വിവിധ വിളകളും കാർഷികാനുബന്ധ പ്രവർത്തനങ്ങളുമടങ്ങുന്ന പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കാവുന്നതാണ്. അമ്പത് സെന്റോ അതിൽ കൂടുതലോ സ്ഥലം സ്വന്തമായോ പാട്ടത്തിനോ കണ്ടെത്തി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം വളർത്തൽ, മാലിന്യസംസ്കരണം, ജലവിഭവ സംരക്ഷണം എന്നീ മേഖലകളിലെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കണം. നടീൽ വസ്തുക്കളുടെ നഴ്സറിയും ഇതിന്റെ ഭാഗമാകണം.

(ii) സംയോജിത കൃഷി, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, വിവിധ ആധുനിക കാർഷിക പ്രവർത്തനങ്ങൾ, വിവിധ ജലസേചന രീതികൾ, പോളീ ഹൗസ്/ മഴമറ കൃഷി രീതികൾ, മാലിന്യസംസ്കരണം എന്നിവ കർഷകർക്കും സംരംഭകർക്കും വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്തികൊടുക്കാവുന്നതാണ്. കൃഷി വകുപ്പ്, മൃഗസംരക്ഷണം, മത്സ്യവിഭവം, ക്ഷീരവികസനം, ശുചിത്വമിഷൻ തുടങ്ങിയ വകുപ്പുകളിലെ വിദഗ്ധരുടെ നേതൃത്വത്തിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

(iii) തദ്ദേശഭരണ സ്ഥാപനവും സഹകരണ സംഘവും തമ്മിൽ ജോയിന്റ് കമ്മിറ്റി രൂപീകരിച്ച് അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കണം. തദ്ദേശഭരണ സ്ഥാപനവും PACS ഉം തുല്യമായ തോതിൽ മുതൽ മുടക്കാവുന്നതാണ്.

(iv) എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

41. പ്രാദേശിക കാർഷിക ജൈവവൈവിദ്ധ്യ (Custodian Farmer/Genome Saviour) പരിപാലനത്തിന് ഗ്രാന്റ്

(i) തദ്ദേശീയമായ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് താല്പര്യമുള്ള കർഷകർക്ക്/സമിതികൾക്ക് വിവിധതരം കാർഷിക വിളകളും അവയുടെ വൈവിദ്ധ്യമാർന്ന ഇനങ്ങളും ദീർഘകാലത്തേയ്ക്ക് പരിപാലിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

(ii) വരുമാന പരിധി പരിഗണിക്കേണ്ടതില്ല.

(iii) ചുരുങ്ങിയത് 10 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.

(iv) അഞ്ചോ അതിൽ കൂടുതലോ തനത് പ്രാദേശിക ഇനങ്ങൾ കൃഷിചെയ്ത് സംരക്ഷിച്ച് പോരുന്നവർ ആയിരിക്കണം

(v) കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് (KSBB) അംഗീകരിച്ച ഫാം സ്കൂൾ നടത്തുന്ന കർഷകർക്ക് മുൻഗണന നൽകാവുന്നതാണ്.

(vi) സ്ഥലവിസ്തൃതിയുടെയും വിളയുടെയും അടിസ്ഥാനത്തിൽ, ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷി ചെയ്യുന്ന ബഹുവർഷ വിളകൾക്ക് 5000 മുതൽ 10000 രൂപ വരെയും ധാന്യവിളകൾക്കും ഏകവർഷ വിളകൾക്കും 10000 മുതൽ 25,000 രൂപ വരെയും നൽകാവുന്നതാണ്. ഇവയുടെ വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിലെ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(vii) അർഹത/മുൻഗണന മാനദണ്ഡം, സബ്സിഡി തുക എന്നിവ തദ്ദേശഭരണ സ്ഥാപനതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കണം

(viii) എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏടുക്കാവുന്നതാണ്.

42. പ്രാദേശിക പ്രത്യേകതയുള്ള കാർഷിക വിത്തിനങ്ങളുടെ സംരക്ഷണവും നാട്ടറിവ് മ്യൂസിയവും

തനത് പ്രാദേശിക കാർഷിക വിളകളുടെ വിത്തുകളുടെ വൈവിദ്ധ്യമുള്ള ഇനങ്ങൾ (ജെം പ്ലാസം) സംരക്ഷിക്കുന്നതിന് പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി JNTBGRI, NBPGR, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, സർവ്വകലാശാലകൾ തുടങ്ങിയവയുടെ സാങ്കേതിക സഹായം തേടാം. അതോടൊപ്പം പരമ്പരാഗത കാർഷിക ഉപകരണങ്ങളുടെയും നാട്ടറിവുകളുടെയും സംരക്ഷണത്തിനായി മ്യൂസിയവും ആരംഭിക്കാവുന്നതാണ്. വികസനഫണ്ട് പ്രോജക്ടിന് ഉപയോഗിക്കാം. ജില്ലാ കൃഷി ഫാമുകളിലോ സീഡ് ഫാമുകളിലോ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിലോ ഇത്തരം മ്യൂസിയങ്ങൾ സ്ഥാപിക്കാവുന്നതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

43. ഇൻകുബേഷൻ സെന്റർ/ഫെസിലിറ്റേഷൻസെന്റർ

സർവകലാശാലകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇൻകുബേഷൻ സെന്റർ/ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാവുന്നതാണ്. കൃഷി- അനുബന്ധ മേഖലകളിലെ വിളവെടുപ്പിന് ശേഷമുള്ള പ്രാഥമിക സംസ്കരണം, ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് മുതലായവയ്ക്കുള്ള സാങ്കേതികവിദ്യ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കരസ്ഥമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്താം. സാങ്കേതിക സഹായവും ചെറുകിട സംരംഭകർക്ക് നൈപുണ്യ വികസന പരിശീലനവും സർവകലാശാലകൾ മുതലായവ നൽകേണ്ടതാണ്. ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളുമായി സഹകരിച്ചും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ വരെ വകയിരുത്താവുന്നതാണ്.

44. കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട്

(i) അംഗീകൃത കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കർഷക സഹായ കേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.

(ii) ഏത് ആവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ വ്യക്തമാക്കേണ്ടതാണ്.

(iii) ഒരു ഹെക്ടറിന് പരമാവധി 50,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.

(v) കൃഷിയുടെ പ്രാരംഭ പ്രവർത്തന ഘട്ടത്തിൽ തന്നെ പാടശേഖരസമിതി/കർഷക ഗ്രൂപ്പുകൾ/കർഷക സഹായ സംഘങ്ങൾ എന്നിവയുടെ ഭാരവാഹികൾ നിർവഹണ ഉദ്യോഗസ്ഥന് അപേക്ഷ നൽകുന്ന മുറയ്ക്ക് അവയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ജോയിന്റ് അക്കൗണ്ടിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്

(vi) സ്വീകരിച്ച റിവോൾവിംഗ് ഫണ്ട് വിളവെടുപ്പിന്ശേഷം മേൽപ്പറഞ്ഞ അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കേണ്ടതും തുടർന്ന് അടുത്ത വിളയ്ക്കായി റിവോൾവ് ചെയ്യേണ്ടതുമാണ്.

(vii) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

45. ജൈവവളം, ജൈവ കീടനാശിനി ഉല്പാദന യൂണിറ്റുകൾ

ചെറുകിട/നാമമാത്ര കർഷകരുടെ ഗ്രൂപ്പുകൾ, ക്ഷീര കർഷക ഗ്രൂപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സഹായം നൽകാവുന്നതാണ്. ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ ക്ഷീരസംഘം/ കാർഷിക കർമ്മസേനകൾ വഴി വില്പന നടത്തണം. കാർഷിക സർവ്വകലാശാലകൾ/ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽഎന്നിവ വികസിപ്പിച്ചിട്ടുള്ള ശാസ്ത്രീയ സങ്കേതങ്ങളുപയോഗിച്ച് തയ്യാറാക്കുന്ന ഗുണനിലവാരമുള്ള ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉല്പാദിപ്പിച്ച് വിപണനം നടത്താം. ഇത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. ഗുണനിലവാരവും ഉറപ്പു വരുത്തണം. പൊതു വിഭാഗങ്ങൾക്ക് പരമാവധി 15,000

രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് 22,500 രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 30,000 രൂപയും സബ്സിഡിയായി നൽകാം. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

46. തൈ ഉല്പാദന യൂണിറ്റുകൾ

ചെറുകിട/നാമമാത്ര കർഷകരുടെ ഗ്രൂപ്പുകൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് സഹായം നൽകാവുന്നതാണ്. ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കാർഷിക വിളകൾ, ഔഷധ സസ്യങ്ങൾ, വൃക്ഷങ്ങൾ എന്നിവയുടെ തൈകൾ ഉല്പാദിപ്പിക്കേണ്ടതാണ്. 10 സെന്റിന് 10,000 രൂപ നിരക്കിൽ പരമാവധി 30,000 രൂപവരെ സബ്സിഡിയായി നൽകാം. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജകട് എടുക്കാവുന്നതാണ്.

47 ഹരിതകേരള മിഷൻ പദ്ധതികളുമായുള്ള സംയോജനം

(1) തരിശ് രഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കൂളവാഴയും മുളയും ഉൾപ്പെടെയുള്ള പ്രകൃതിദത്ത വസ്തുക്കളും പി.വി.സി. പൈപ്പും ഉപയോഗിച്ച് പച്ചക്കറി, പൂകൃഷി എന്നിവ ചങ്ങാടകൃഷി സമ്പ്രദായത്തിൽ കൃഷി ചെയ്യുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്. ഇതിനുവേണ്ട ഘടകങ്ങൾ, ചതുരശ്ര മീറ്ററിന് വേണ്ട ചെലവ്, പരമാവധി വിസ്തൃതി എന്നിവ ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. എല്ലാ വിഭാഗങ്ങൾക്കും കൃഷി ചെലവിന്റെ പരമാവധി 50 ശതമാനം സബ്സിഡി നൽകാം. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

(2) വീട്ടുകങ്ങളിൽ എൽ.ഇ.ഡി. വിളക്കിന്റെ വെളിച്ചത്തിൽ ഇലക്കറി, മൈക്രോഗ്രീൻ കൃഷി സമ്പ്രദായങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഇതിന് ചതുരശ്ര മീറ്ററിനുള്ള യൂണിറ്റ് കോസ്റ്റും പരമാവധി വിസ്തൃതിയും ജില്ലാതലത്തിൽ നിശ്ചയിക്കണം. യൂണിറ്റ് കോസ്റ്റിന്റെ പരമാവധി 50 ശതമാനം സബ്സിഡിയായി എല്ലാ വിഭാഗങ്ങൾക്കും നൽകാം. ഇത്തരം പ്രോജക്ടുകളിൽ യുവസംരംഭകർക്കും വനിതകൾക്കും മുൻഗണന നൽകണം.

(3) ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന തരിശുരഹിത ഗ്രാമം, ഹരിതസമൃദ്ധി വാർഡ് എന്നീ കാമ്പയിനുകൾക്ക് എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

(4) ഹരിതകേരളം മിഷന്റെ തരിശുരഹിത ഗ്രാമം പരിപാടിക്ക് ഈ മാർഗരേഖയിലുള്ള കൃഷി മേഖലയിലെ വിവിധ പ്രോജക്ടുകളിലെ ഘടകങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

(5) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നവകേരളം കർമ്മപദ്ധതി-2 ൽ ഹരിതകേരളം മിഷൻ പ്രവർത്തനവുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന സർവ്വേ, ബോധവൽക്കരണ കാമ്പയിനുകൾ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

48. പൊതു നിർദ്ദേശങ്ങൾ

(1) കാർഷിക മേഖലയിലെ ഉല്പാദനം, മൂല്യവർദ്ധനവ്, സേവന സംവിധാനങ്ങൾ എന്നിവയിലധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.1-ലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെങ്കിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.5-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) കർഷകൻ ഏത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നു എന്ന് പരിഗണിക്കേണ്ടതില്ല. കൃഷിഭൂമി ഏത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാണോ സ്ഥിതി ചെയ്യുന്നത്, ആ തദ്ദേശഭരണ സ്ഥാപനത്തിന് കാർഷിക ആനുകൂല്യങ്ങൾ ബന്ധപ്പെട്ട കർഷകന് നൽകാവുന്നതാണ്.

(3) പട്ടികവർഗ്ഗ വിഭാഗക്കാരായ കർഷകർക്ക് കൈവശാവകാശരേഖ ഇല്ലെങ്കിലും ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

(4) പാട്ടക്കൃഷി സബ്സിഡി ലഭിക്കുന്നതിന് സ്ഥലം ഉടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

(5) ഖണ്ഡിക 6.1.11 പ്രകാരം വാങ്ങുന്ന യന്ത്രങ്ങൾ/ ഉപകരണങ്ങൾ എന്നിവയുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനും, കൃഷി ഓഫീസർ കൺവീനറും വിവിധ കർഷക സമിതി പ്രതിനിധികൾ അംഗങ്ങളുമായുള്ള ഒരു സമിതി രൂപീകരിക്കണം. യന്ത്രങ്ങൾ/ ഉപകരണങ്ങളുടെ സംരക്ഷണം, പരിപാലനം തുടങ്ങിയവയ്ക്ക് കർഷക സമിതികളെ കരാർ വ്യവസ്ഥയിൽ ഏൽപ്പിക്കാവുന്നതാണ്. യന്ത്രങ്ങളുടെ/ ഉപകരണങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച കണക്ക് തദ്ദേശഭരണ സ്ഥാപനതല സമിതി സൂക്ഷിക്കേണ്ടതാണ്. യന്ത്രോപകരണങ്ങളുടെ വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിക്കേണ്ടതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ നടത്തേണ്ടതാണ്.

(6) തദ്ദേശഭരണ സ്ഥാപന തലത്തിൽ പുതിയതായി രൂപീകരിക്കുന്ന കർമ്മസേനകൾക്കും നിലവിൽ ഉള്ളവയ്ക്കും കാർഷിക യന്ത്രങ്ങൾ ബ്ലോക്ക് പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് ഖണ്ഡിക 6.1.11 ലെ വ്യവസ്ഥകൾ പ്രകാരം വാങ്ങി നൽകാം.

(7) നിലവിൽ തദ്ദേശഭരണ സ്ഥാപനാതിർത്തിയിൽ തരിശായി കിടക്കുന്ന മുഴുവൻ പുരയിടങ്ങളുടെയും നിലങ്ങളുടെയും ഉടമകളുമായി തദ്ദേശഭരണ സ്ഥാപനം നേരിട്ട് കരാറിൽ ഏർപ്പെട്ട് അവ പാട്ട വ്യവസ്ഥയിൽ എടുക്കാവുന്നതാണ്. തല്പരരായ കർഷകർ, കർഷക ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, ജെ.എൽ.ജി. കൾ, നാളികേര ഉല്പാദക സംഘങ്ങൾ, നാളികേര ഉല്പാദക ഫെഡറേഷനുകൾ, നാളികേര ഉല്പാദക കമ്പനികൾ എന്നിവരുമായി കൃഷിഭവന്റെ നേതൃത്വത്തിൽ കരാറിലേർപ്പടാവുന്നതും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കാവുന്നതുമാണ്.

6.2 മണ്ണ് – ജല സംരക്ഷണം

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	മണ്ണ്- ജലസംരക്ഷണം തൈകൾ നൽകൽ	ജനറൽ വിഭാഗം	തൈകളുടെ വിലയുടെ 75%	1. ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം. 2. ഫലവൃക്ഷ തൈകളും മണ്ണൊലിപ്പ് തടയുന്നതിനുള്ള രാമച്ചം, കൈത/തഴ, മുള തുടങ്ങിയവയുടെ തൈകളും മാത്രമേ നൽകാവൂ. 3. തൈകളുടെ വില കൃഷിവകുപ്പ്/വനംവകുപ്പ് നിശ്ചയിച്ച പ്രകാരമായിരിക്കണം 4. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	തൈകളുടെ വിലയുടെ 100%	
2	കിണർ റീചാർജ്ജിംഗ്	എല്ലാ വിഭാഗങ്ങൾക്കും	1. പരമ്പ മേൽക്കൂരയ്ക്ക് 12,000 /-രൂപ 2. ചരിഞ്ഞ മേൽക്കൂരയ്ക്ക് പരമാവധി 15,000/- രൂപ	1. നിലവിൽ കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവരോ അതിനായി ആനുകൂല്യം കൈപ്പറ്റിയവരോ ആകരുത്. 2. നിലവിൽ കിണർ റീചാർജിംഗ് നടത്തിയിട്ടുള്ളവർക്ക് ഫിൽറ്റർ മീഡിയം മാറ്റി പകരം പുതിയത് നിക്ഷേപിക്കുന്നതിന് ഓരോ വർഷവും 1,500/- രൂപ ധനസഹായം നൽകാവുന്നതാണ്. 3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 4. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

3. ജലസേചന പരിപാടികൾ

ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം (Ayacut Area) നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. ജലസംരക്ഷണം മാത്രമുള്ള പ്രോജക്ടുകൾക്ക് ആയക്കെട്ട് സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജലസേചന പരിപാടികളുടെ ഭാഗമായി ചെയ്യേണ്ടിവരുന്ന, ജലസ്രോതസ്സുകളിൽ മണ്ണ്/ചെളി നീക്കം ചെയ്യൽ, വശങ്ങൾ മണ്ണിട്ട് നികത്തൽ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയവ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്. പൊതു ജലസേചന പ്രോജക്ടുകൾക്ക് വൈദ്യുതി ഏർപ്പെടുത്തുന്നതിനുള്ള Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും വികസന ഫണ്ട് / തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

6.3 മൃഗസംരക്ഷണം/ക്ഷീരവികസനം

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	കറവയുള്ള പശു (വ്യക്തിഗതം)	ജനറൽ വിഭാഗം	50% (പരമാവധി 30,000 രൂപ)	1. പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്ക് മുൻഗണന നൽകണം. 2. കുറഞ്ഞത് 3 വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന് കരാർ വയ്ക്കണം. 3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ 5 പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കണം. 4. തൊഴുത്ത് പുനരുദ്ധാരണം, കൂട് നിർമ്മാണം, തീറ്റയുടെ ചെലവ്, കടത്തു കൂലി, ഇൻഷുറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാക്കാൻ പാടില്ല. 5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 6. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 45,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
2	കറവയുള്ള എരുമ (വ്യക്തിഗതം)	ജനറൽ വിഭാഗം	50% (പരമാവധി 35,000 രൂപ)	
		പട്ടികജാതി വിഭാഗം	75% (പരമാവധി 52,500 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
3	പെണ്ണാട് (വ്യക്തിഗതം)	ജനറൽ വിഭാഗം	50%	1. 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം 2. 12 കി.ഗ്രാം എങ്കിലും ഭാരം ഉള്ളവയായിരിക്കണം 3. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 4. പരമാവധി അഞ്ച് ആടുകൾ വരെ ഒരു ഗുണഭോക്താവിന് നൽകാം. 5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75%	
		പട്ടികവർഗ്ഗ വിഭാഗം	100%	
4	ഗർഭിണി കിടാരി (വ്യക്തിഗതം)	ജനറൽ വിഭാഗം	50% (പരമാവധി 20000 രൂപ)	1. 18-24 മാസം പ്രായവും കുറഞ്ഞത മൂന്നുമാസം ഗർഭാവസ്ഥയിലുള്ളതുമായിരിക്കണം. 2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 30,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	

5	കന്നുകുട്ടി, കാളക്കുട്ടി, പോത്തുകുട്ടി, (വ്യക്തിഗതം)	ജനറൽ വിഭാഗം	50%(പരമാവധി 10,000 രൂപ)	1. 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം 2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 15000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
6	കറവയന്ത്രം	ജനറൽ വിഭാഗം	50% (പരമാവധി 30,000 രൂപ)	1. കാലി വളർത്തൽ മുഖ്യതൊഴിലായിട്ടുള്ള ക്ഷീര കർഷകരായിരിക്കണം. 2. 3 കറവയുള്ള പശു/ എരുമയെങ്കിലും വളർത്തുന്നുണ്ടായിരിക്കണം. 3. ഐ.എസ്.ഐ/ബി.ഐ.എസ് മുദ്രയുള്ള കറവയന്ത്രം മാത്രമേ വാങ്ങാവൂ. 4. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 5. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 45,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
7	പ്രത്യേക കന്നുകുട്ടി /കാളക്കുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme)	ജനറൽ വിഭാഗം പട്ടികജാതി വിഭാഗം	(ഒരു കന്നുകുട്ടിക്ക് /കാളക്കുട്ടിക്ക് പരമാവധി 6250 രൂപ)	1. സംസ്ഥാന വിഹിതം 6250 രൂപ, 2. തദ്ദേശഭരണസ്ഥാപന വിഹിതം 6,250 രൂപ, 3. ഗുണഭോക്തൃ വിഹിതം 12,500 രൂപ 4. ഒരു ഗുണഭോക്താവിന് രണ്ട് കന്നുകുട്ടി/കാളക്കുട്ടിയെ വരെ നൽകാം. 5. മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ/വാർഡ്സഭ അംഗീകരിക്കണം 6. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 7. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികവർഗ്ഗ വിഭാഗം	100%	
8	പശുക്കുട്ടികൾക്ക് കാഫ് സ്റ്റാർട്ടർ	ജനറൽ/പട്ടികജാതി വിഭാഗം	75 % (ഒരു പശുക്കുട്ടിക്ക് പരമാവധി 1125 രൂപ)	1. ജനനം മുതൽ മൂന്ന് മാസം വരെ നൽകുന്നതിന് 2. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികവർഗ്ഗ വിഭാഗം	100% (പരമാവധി 1500 രൂപ)	

9	പാലിന് സബ്സിഡി	എല്ലാ വിഭാഗങ്ങൾക്കും	ഒരു ലിറ്റർ പാലിന് 3 രൂപ (ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000 രൂപ)	1. ഗുണഭോക്തൃ പട്ടിക ഗ്രാമസഭ/വാർഡ്സഭ/ വാർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ തയ്യാറാക്കണം. 2. ക്ഷീര സഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും 3 രൂപ (സബ്സിഡി) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. 3. ക്ഷീരസഹകരണസംഘങ്ങളിൽ പാൽ നൽകാത്ത ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റു ക്ഷീര കർഷകർക്ക് ഉല്പാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 20,000 രൂപ വരെ നൽകാവുന്നതാണ്. 4. ഒരു കുടുംബത്തിലെ ഒരു ക്ഷീരകർഷകന് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായും നടപ്പാക്കാം.
10	ധാതുലവണങ്ങൾ, വിരമരുന്ന്	എല്ലാ വിഭാഗങ്ങൾക്കും	100% (ഉരു ഒന്നിന് പ്രതിവർഷം പരമാവധി 1200 രൂപ)	1. കാലികളെ വളർത്തുന്ന എല്ലാ കർഷകർക്കും 2. ധാതുലവണങ്ങളും മരുന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണം 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
11	തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത്/ നടീൽ വസ്തു	എല്ലാ വിഭാഗങ്ങൾക്കും	50% -പരമാവധി 36,000 രൂപ (യൂണിറ്റ് നിരക്ക് ഒരു ഹെക്ടറിന് 18,000 രൂപ)	1. സ്വന്തം/പാട്ടഭൂമിയിൽ കൃഷി ചെയ്യാം. ചെറുകിട/നാമമാത്ര കർഷകർക്ക് സബ്സിഡി നൽകാം. 2. വിത്തിന്റെ/നടീൽ വസ്തുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം 3. സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന വ്യക്തികളെയും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെയും പ്രവാസി ഗ്രൂപ്പുകളെയും ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടതാണ്.

				4. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് 5. കാർഷിക മേഖലയിലെയോ ക്ഷീര വികസന മേഖലയിലെയോ നിർവഹണ ഉദ്യോഗസ്ഥനെ നിർവഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.
12	മുയൽ വളർത്തൽ	ജനറൽ വിഭാഗം	50% (പരമാവധി 3000 രൂപ)	1. കൂടിന്റെ വില, മുയലിന്റെ വില, എണ്ണം ഇവ ജില്ലാതലത്തിൽ നിശ്ചയിക്കണം 2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 4500 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%,	
13	മിനി ഡയറിഫാം ആധുനികവൽക്കരണം	ജനറൽ വിഭാഗം	യൂണിറ്റ് കോസ്റ്റ് ഒരു ലക്ഷം രൂപ	1. കുറഞ്ഞത് 5 പശുക്കളുണ്ടായിരിക്കണം 2. കറവയന്ത്രം, റബർമാറ്റ്, ഹാന്റ് ഷവർ (പമ്പ് സെറ്റ് ഉൾപ്പടെ), വീൽബാരോ, ഡംഗ് സ്കൂപ്പർ, Automatic drinker, slurry pump, ചാഫ് കട്ടർ എന്നീ ആധുനിക സൗകര്യങ്ങൾ ഒരുമിച്ചോ ഭാഗികമായോ നൽകാം. 3. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
			50% (പരമാവധി 50,000 രൂപ)	
		പട്ടികജാതി വിഭാഗം	75% (പരമാവധി 75000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
14	ബ്രോയിലർ യൂണിറ്റ് കുറഞ്ഞത് 1000 എണ്ണം	ജനറൽ വിഭാഗം	50%	1. രണ്ട് പേരെങ്കിലുമുള്ള പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന 2. വളർത്താനുള്ള ഷെഡും മാലിന്യസംസ്കരണ സംവിധാനവും ഉണ്ടായിരിക്കണം 3. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 4. ക്ഷീരസഹകരണസംഘങ്ങൾ, വനിത /പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ/പുരുഷ സ്വയംസഹായ സംഘങ്ങൾക്കും നൽകാം 5. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജകട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75%	
		പട്ടികവർഗ്ഗ വിഭാഗം	100%	

15	മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ	ജനറൽ വിഭാഗം	50%	1. കോഴിയും കൂടും നൽകാം 2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75%	
		പട്ടികവർഗ്ഗ വിഭാഗം	100%	
16	കറവ പശുക്കൾക്ക് കാലിത്തീറ്റ	ജനറൽ വിഭാഗം	50% (പരമാവധി 10,000 രൂപ)	1. ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം 2. കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ നൽകാം. 3. കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്. 4. ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും, മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങാവുന്നതാണ്. 5. ഇത് കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഈ നിരക്ക് കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ കുറവുള്ളതായിരിക്കണം. ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണ് 6. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 15,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100% (പരമാവധി 20,000 രൂപ)	
17	പന്നിവളർത്തൽ യൂണിറ്റ്	ജനറൽ വിഭാഗം	50%	1. മൂന്ന് മാസംവരെ പ്രായമായ 5 ക്രോസ് ബ്രീഡ് പന്നിക്കുട്ടികളെ നൽകണം 2. കൂട് നിർമ്മാണത്തിന് തൊഴിലുറപ്പ് സാധ്യത ഉപയോഗപ്പെടുത്തണം. 3. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75%	
		പട്ടികവർഗ്ഗ വിഭാഗം	100%	

18	സമഗ്ര കന്നുകാലി ഇൻഷ്വറൻസ്	ജനറൽ വിഭാഗം	50%	1. പ്രീമിയം തുക സംസ്ഥാനതലത്തിൽ വകുപ്പ് അംഗീകരിച്ചിട്ടുള്ളതായിരിക്കണം 2. കറവപശുക്കളുള്ള എല്ലാ ക്ഷീരകർഷകർക്കും ആനുകൂല്യം നൽകാവുന്നതാണ്. 3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	65%	
		പട്ടികവർഗ്ഗ വിഭാഗം	100%	
19	ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ്	ജനറൽ വിഭാഗം	50% (പരമാവധി 15,000 രൂപ)	1. ക്ഷീര കർഷകർ, ക്ഷീര സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകാം. 2. ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ ക്ഷീരസംഘം/ കാർഷിക കർമ്മസേനകൾ വഴി വില്പന നടത്തണം. 3. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 22,500)	
		പട്ടികവർഗ്ഗ വിഭാഗം	100%	
20	കാലിത്തൊഴുത്തിന് വളക്കുഴിയും മൂത്രത്തൊട്ടിയും നിർമ്മാണം	ജനറൽ വിഭാഗം	50% (പരമാവധി 25,000 രൂപ)	1. രണ്ട് വർഷമായി കന്നുകാലികളെ വളർത്തുന്നവരായിരിക്കണം. 2. ചാണകവും മൂത്രവും സുരക്ഷിതമായി സംസ്കരിക്കാൻ നിലവിൽ സംവിധാനങ്ങളില്ലാത്ത കർഷകർക്ക് മുൻഗണന നൽകണം 3. തൊഴിലുറപ്പ് പദ്ധതികളുടെ സാധ്യത ഉപയോഗപ്പെടുത്തണം. 4. ചാണകവും ഗോമൂത്രവും ശേഖരിക്കുന്നതിനുള്ള വളക്കുഴിയും സിമെന്റ് തൊട്ടിയും നിർമ്മിക്കണം 5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 37500 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	
21	കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറിഫാം (സാമൂഹ്യ കന്നുകാലി വളർത്ത് സംരംഭവും മിനി ഡയറിഫാമും)	എല്ലാവിഭാഗങ്ങൾക്കും	5,00,000 രൂപ (ഓരോ യൂണിറ്റിനും)	1. പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന നൽകേണ്ടതാണ്. 2. വർഗ്ഗ ഗുണമേന്മയുള്ളതും ഉത്പാദനക്ഷമത കൂടിയതുമായ (ജേഴ്സി/ എം.എഫ്) ഇനം പശുക്കളെ വളർത്താവുന്നതാണ്. 3. കറവയന്ത്രം, റബർമാറ്റ്, ഹാൻറ് ഷവർ (പമ്പ് സെറ്റ് ഉൾപ്പടെ), വീൽബാരോ, ഡംഗ് സ്ക്രാപ്പർ, Automatic drinker, slurry pump,, ചാഫ് കട്ടർ എന്നീ ആധുനിക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. 4. ചാണകവും ഗോമൂത്രവും ശാസ്ത്രീയമായി സംസ്കരിക്കണം 5. തീറ്റപ്പുൽ കൃഷിക്ക് കുടുംബശ്രീ, MKSP, വനിതാഗ്രൂപ്പുകളെ ചുമതല ഏൽപ്പിക്കാവുന്നതാണ്.

				6. ഫാമിന്റെ അക്കൗണ്ടിംഗിന് Dairy Farm Managemnt Software ഉപയോഗിക്കണം. 7. കന്നുകാലികൾ ഉൾപ്പടെ ഫാം പൂർണ്ണമായി ഇൻഷ്വർ ചെയ്യണം 8. ബ്ലോക്ക് പഞ്ചായത്ത് / നഗരഭരണ സ്ഥാപന പ്രതിനിധി, നിക്ഷേപകർ തുടങ്ങിയവർ അടങ്ങുന്ന ഒരു ഫാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. 9. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
22	ഫെർട്ടിഗേഷൻ വാൻ	എല്ലാവിഭാഗങ്ങൾക്കും	യൂണിറ്റ് നിരക്ക് 2,50,000 രൂപ സബ്സിഡി 50% പരമാവധി 1,25,000 രൂപ	1. സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ, ഡയറി ഫാമുകൾ, പാടശേഖര സമിതികൾ, കർഷക ഗ്രൂപ്പുകൾ, പ്രവാസി ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, വനിത ഗ്രൂപ്പുകൾ എന്നിവരെ പരിഗണിക്കാം. 2. മൂന്ന് ചക്ര പിക്കപ്പ് വാൻ, സിന്റക്സ് ടാങ്ക്, സ്ലറിപമ്പ് ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ വാങ്ങേണ്ടതാണ്. 3. ഗോമൂത്രം ശേഖരിക്കുന്നവരിൽ നിന്നും യൂസർ ഫീയും ഫെർട്ടിഗേഷൻ വാനിന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരിൽ നിന്ന് ഫീസും ഇടാക്കാവുന്നതാണ്. 4. ഗുണഭോക്തൃ സംഘം ഡ്രൈവർ കം ഓപ്പറേറ്ററെ നിയോഗിക്കണം 5. ഡ്രൈവർ കം ഓപ്പറേറ്ററുടെ ശമ്പളം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, പ്രവർത്തന ചെലവ് എന്നിവ യൂസർ ഫീയിൽ നിന്നും മറ്റ് വരുമാനത്തിൽ നിന്നും കണ്ടെത്തണം. 6. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
23	പാൽ സംഭരണവും വിപണനവും വാതിൽപ്പടിക്കൽ - വ്യക്തിഗതം വനിതകൾക്ക് മാത്രം	ജനറൽ വിഭാഗം	50% (പരമാവധി 65,000 രൂപ)	1. പാൽ ശേഖരിച്ച് ആവശ്യക്കാർക്ക് വാതിൽപ്പടിയിൽ എത്തിച്ചു നൽകുക. 2. ഇരുചക്ര വാഹനവും രണ്ട് പാൽ ക്യാനുകളും, അളവു പാത്രങ്ങളും, പാൽ ശേഖരിക്കാനുള്ള ടാപ്പുകളും വാങ്ങി നൽകണം 3. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടാകണം. 4. വായ്പാ ബന്ധിത പ്രോജക്ട് ക്ഷീര സംഘങ്ങളുമായി സഹകരിച്ചും അല്ലാതെയും നൽകാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 97,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100% (പരമാവധി 1,30,000രൂപ)	

				5. ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
24	പാൽ സംഭരണവും വിപണനവും വാതിൽപ്പടിക്കൽ - വ്യക്തിഗതം - ഇരുചക്ര വാഹനം സ്വന്തമായുള്ള വനിതകൾക്ക് മാത്രം	ജനറൽ വിഭാഗം	50% (പരമാവധി 15,000 രൂപ)	1 പാൽ ശേഖരിച്ച് ആവശ്യക്കാർക്ക് വാതിൽപ്പടിയിൽ എത്തിച്ചു നൽകുക. 2 രണ്ട് പാൽ ക്യാനുകളും, അളവു പാത്രങ്ങളും, പാൽ ശേഖരിക്കാനുള്ള ടാപ്പുകളും വാങ്ങി നൽകണം 3 ക്ഷീര സംഘങ്ങളുമായി സഹകരിച്ചും അല്ലാതെയും നൽകാവുന്നതാണ്. 4 ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	75% (പരമാവധി 22,500രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100% (പരമാവധി 30,000 രൂപ)	
25	അടുക്കളമുറ്റത്തെ കോഴിവളർത്തൽ (എ) അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂടില്ലാതെ)	എല്ലാ വിഭാഗങ്ങൾക്കും	യൂണിറ്റ് കോസ്റ്റ് 600 രൂപ സബ്സിഡി 100%	1. അഞ്ചിന്റെ ഗുണിതങ്ങളായി പരമാവധി 25 കോഴികുഞ്ഞുങ്ങൾ വരെ. 2. കോഴികുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവ ആയിരിക്കണം. 3. കാട, താറാവ്, മുതലായ വളർത്തുപക്ഷികളെയും അഞ്ചിന്റെ ഗുണിതങ്ങൾ ആയി നൽകാവുന്നതാണ്. ഇവയുടെ വില ജില്ലാതലത്തിൽ നിശ്ചയിച്ച പ്രകാരമാകണം. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
	(ബി) അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂട് ഉൾപ്പെടെ)	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 1100 രൂപ	
26	പാൽ, മുട്ട, പച്ചക്കറി ഉല്പാദന സംയോജിത പ്രൊജക്ട്	ജനറൽ വിഭാഗം	50% (പരമാവധി 50,000 രൂപ)	1. പാൽ, മുട്ട, പച്ചക്കറി എന്നിവ ഒരു വീട്ടിൽ തന്നെ വിളയിപ്പിക്കാനുള്ള പദ്ധതി 2. ഒരു കറവപശു, രണ്ട് പെണ്ണാട്, 10 കോഴി എന്നിവയുമാണ് നൽകേണ്ടത്. കൂട് ഗുണഭോക്താവ് നിർമ്മിക്കണം. പച്ചക്കറി കൃഷിയും ഇതോടൊപ്പം ചെയ്യണം. 3. മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് ഉണ്ടാകണം - ഇതിന് പ്രത്യേകമായി 90% സബ്സിഡി നൽകാം. 4. 10 സെന്റിൽ കുറയാതെ ഭൂമിയുള്ളവർക്ക് മുൻഗണന. 5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 75,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	

27	മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ്	ജനറൽ വിഭാഗം	50% (പരമാവധി 50,000 രൂപ)	1. പ്രളയ സാദ്ധ്യതാ പ്രദേശങ്ങളിലും വന്യമൃഗശല്യമുള്ള പ്രദേശങ്ങളിലും ഉരുക്കളെ സുരക്ഷിതമായി സംരക്ഷിക്കുന്നതിന് 2. കോൺക്രീറ്റ് പില്ലറുകളിൽ സ്ഥാപിക്കുന്ന പ്ലാറ്റ്ഫോം, ചുറ്റും ഇരുമ്പ് വേലിയും മേൽക്കൂരയും കയറുന്നതിനുള്ള ചരിഞ്ഞ പടികൾ എന്നിവ ഉണ്ടാകണം. 3. വെള്ളം സ്പ്രേ (Mist Spray) ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകണം. 4. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. 5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം 6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 75,000 രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100%	

28. കാഫ് സാറ്റലൈറ്റ് പ്രോജക്ട്

1. വർഗ്ഗ ഗുണമുള്ളതും ഉത്പാദനശേഷിയുള്ളതുമായ ജേഴ്സി, എച്ച്.എഫ് ഇനങ്ങളിൽപ്പെട്ട 4-6 മാസം പ്രായമുള്ള കന്നുകുട്ടികളെ ഓരോ വർഷവും 100 എണ്ണം വീതം സംസ്ഥാനത്തിന് പുറത്തു നിന്നോ സംസ്ഥാന സർക്കാരിന്റെ ഇതര ഫാമുകളിൽ നിന്നോ വാങ്ങി, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഫാമുകളിൽ 6 മുതൽ 8 മാസം വളർത്തി, ഒരു വർഷം പ്രായമാകുമ്പോൾ കർഷകർക്ക് (സർക്കാർ ഫാമുകളിലെ വിലയ്ക്ക്) നൽകുന്നതാണ് പദ്ധതി.
2. കന്നുകുട്ടികളുടെ വില, കടത്തുകൂലി, ഇൻഷ്വറൻസ്, തീറ്റച്ചെലവ്, മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ തുകയ്ക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.
3. കന്നുകുട്ടി വിതരണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തണം.
4. 15 ലക്ഷം രൂപ വരെ ചെലവഴിക്കാം
5. ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

29. ഗോട്ട് ബ്രീഡിംഗ് യൂണിറ്റ് (ആട് പ്രജനന യൂണിറ്റ്)

1. ഗുണമേന്മയും വർഗ്ഗഗുണമുള്ളതുമായ ആട്ടിൻകുട്ടികളുടെ സംരക്ഷണം, പാൽ വിതരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം എന്നിവയാണ് ഈ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.
2. സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ/ ക്ഷീര സഹകരണ സംഘങ്ങൾ/വനിത, സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ/ പ്രവാസി ഗ്രൂപ്പുകൾ/പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവർക്ക് നടപ്പാക്കാം.
3. ഒരു യൂണിറ്റിന് 1,00,000 രൂപ വീതം സബ്സിഡിയായി നൽകാം.
4. 19 പെണ്ണാടും ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകളുള്ള യൂണിറ്റ് ആയിരിക്കണം.ആടുകൾ പ്രസവിച്ചതോ/ഗർഭിണിയോ ആയിരിക്കണം (ഒന്നിലധികം പ്രസവിച്ചതാകരുത്).
5. തെരഞ്ഞെടുക്കുന്ന എല്ലാ ഗ്രൂപ്പുകൾക്കും ആട് വളർത്തലിൽ പരിശീലനം നൽകണം
6. സംസ്ഥാനത്തിന് പുറത്തു നിന്ന് ആടിനെ വാങ്ങുന്നവർക്ക് മുൻഗണന നൽകാവുന്നതാണ്.
7. ഓരോ ഗ്രൂപ്പിൽ നിന്നും മൂന്നുപേരടങ്ങുന്ന ഒരു ടീമിനെ നാമനിർദ്ദേശം ചെയ്ത് തദ്ദേശസ്ഥാപനതലത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർമാനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറായും ഒരു സമിതി രൂപീകരിക്കണം
8. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്

30. ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വാങ്ങി നൽകുന്ന കറവയുള്ള പശു, എരുമ എന്നിവയുടെ വായ്പാപലിശ സബ്സിഡി ഖണ്ഡിക 6.5.2 (ബി) (2) (i) നിബന്ധനകൾക്ക് വിധേയമായി നൽകാവുന്നതാണ്.

31. ജന്തുജന്യ രോഗങ്ങളും രോഗവ്യാപനവും തടയാൻ നടപടി.

വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും രോഗപ്രതിരോധവും ചികിത്സയും മരുന്നുകളുടെ ലഭ്യതയും വർദ്ധിപ്പിക്കാനും തുടർച്ചയായ ജാഗ്രത പാലിക്കാനുമുള്ള പ്രോജക്ട്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും സംയുക്തമായി ജില്ലയിലാകമാനം നടത്തേണ്ടുന്ന പ്രവർത്തനങ്ങളുടെ കലണ്ടർ വർഷാംരഭത്തിൽ തയ്യാറാക്കണം. പ്രാദേശിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ താൽക്കാലിക വാക്സിനേറ്റർമാരെ നിയോഗിക്കണം. ജന്തുജന്യരോഗങ്ങളായ റാബിസ്, ആന്ത്രാക്സ്, ബ്രൂസല്ല, ലെപ്റ്റോസ്പൈറോസിസ്, നിപ്പ, ഏവിയൻ ഇൻഫ്ളുവൻസ മുതലായവയും മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കുന്ന മറ്റ് രോഗ പ്രതിരോധ പ്രവർത്തനവും ഈ പ്രോജക്ടിന്റെ പരിധിയിൽ വരും.

32 വെറ്ററിനറി മരുന്നുകൾ

വെറ്റിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺഅവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.

33 പൊതുനിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ ഉല്പാദനം, മൂല്യവർദ്ധനവ്, സേവന സംവിധാനങ്ങൾ എന്നിവയിലധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും ഖണ്ഡിക 6.3-ലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെങ്കിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.5-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

2. ആട്, കാളക്കുട്ടി, കന്നുകുട്ടി, കിടാരി, പോത്തുകുട്ടി, ഗർഭിണി കിടാരി, മുട്ടകോഴി, കാട, താറാവ്, മുയൽ, പന്നി മുതലായവയുടെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം. വില കണക്കാക്കുമ്പോൾ ഇൻഷുറൻസ്, കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല. അവ ഗുണഭോക്താക്കൾ വഹിക്കണം.

3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള പ്രൊക്യർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത്. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ/പക്ഷികളെ വാങ്ങുന്നത് അനുവദനീയമല്ല.

4. ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത്, അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം.

5. ക്ഷീരസംഘങ്ങൾ എന്നുള്ളത് കേരളസഹകരണസംഘം ആക്ട് 1969 പ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളും ക്ഷീര വികസന വകുപ്പ് അംഗീകരിച്ച സംഘങ്ങളുമാണ്.

6. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ഗുണഭോക്താക്കളെ മൃഗാശുപത്രിയിലെ കന്നുകുട്ടി ജനനരജിസ്റ്ററിൽ രേഖപ്പെടുത്തി, ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ/വാർഡ് സഭ നിർദ്ദേശിക്കുന്ന കൂട്ടിച്ചേർക്കലുകൾ കൂടി ഉൾപ്പെടുത്തി അത് അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്.

6.4 മത്സ്യ മേഖല

(എ) സമുദ്ര മേഖല

ക്രമ നം	ഇനം	യൂണിറ്റ് വില/ പരമാവധി പരിധി	സബ്സിഡി/ പരമാവധി പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	ഫൈബർ റീ എൻഫോഴ്സ്ഡ് (എഫ്.ആർ.പി) കട്ടമരം/ചെറിയ തടി വള്ളം	50,000 രൂപ	യൂണിറ്റ് വിലയുടെ 75% (പരമാവധി 37,500 രൂപ)	1. മുഴുവൻ സമയവും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി ആയിരിക്കണം. 2. സ്വന്തമായി മറ്റ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്തവർ 3. എഫ്.ആർ.പി കട്ടമരത്തിന്റെ നിർമ്മാണം ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും സംയുക്ത പരിശോധന നടത്തേണ്ടതാണ്. 4. എട്ട് വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. 5. പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യതൊഴിലാളികൾക്ക് മുൻഗണന 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
2	പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകൽ	20,000 രൂപ	യൂണിറ്റ് വിലയുടെ 75% (പരമാവധി 15,000 രൂപ)	1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെയോ കട്ടമരത്തിന്റെയോ ഉടമസ്ഥനും ആയിരിക്കണം. 2. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്. 3. നാല് വർഷത്തിൽ ഒരിക്കൽ മാത്രമെ ഈ സഹായം ലഭിക്കുകയുള്ളൂ. 4. മത്സ്യഫെഡിന്റെ വ്യാസാ സ്റ്റോറിൽ നിന്നും വാങ്ങേണ്ടതാണ്. 5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
3	15 മീറ്റർ ഒ.എ.എൽ അധികരിക്കാത്ത എഫ്.ആർ.പി/ മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയവല വാങ്ങുന്നതിന്	60,000 രൂപ	യൂണിറ്റ് വിലയുടെ 75% (പരമാവധി 45,000 രൂപ)	1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും രജിസ്ട്രേഷനും ലൈസൻസുമുള്ള (റിയൽ ക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയരിക്കണം. 2. വലയും അനുബന്ധ സാമഗികളും വാങ്ങി നൽകേണ്ടതാണ് 3. നാല് വർഷത്തിൽ ഒരിക്കൽ മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹത 4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

4	മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ്/ ഐസ് ഹോൾഡിംഗ് പെട്ടികൾ വാങ്ങുന്നതിന്	30,000 രൂപ	യൂണിറ്റ് വിലയുടെ 75% (പരമാവധി 22,500 രൂപ)	1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയിരിക്കണം 2. എട്ട് വർഷത്തിൽ ഒരിക്കൽ മാത്രമാണ് ആനുകൂല്യത്തിന് അർഹത 3. 200 മുതൽ 500 കിലോഗ്രാം വരെ മത്സ്യം ഉൾക്കൊള്ളാവുന്ന ഫിഷ്/ ഐസ് ഇൻസുലേറ്റഡ് ഹോൾഡിംഗ് പെട്ടികൾ ഒരു എഫ്.ആർ.പി ബോട്ടിന് പരമാവധി ഒരെണ്ണം നൽകാം. 4. പട്ടികജാതി./പട്ടികവർഗ്ഗ മത്സ്യതൊഴിലാളികൾക്ക് മുൻഗണന 5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

(ബി) ഉൾനാടൻ മത്സ്യമേഖല

1	മത്സ്യബന്ധന വള്ളവും വലയും	60,000 രൂപ	എല്ലാ വിഭാഗങ്ങൾക്കും യൂണിറ്റ് വിലയുടെ 75% (പരമാവധി 45,000 രൂപ)	1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത ഫിഷിംഗ് ലൈസൻസ് ഉള്ളയാളുമായിരിക്കണം. 2. നിലവിൽ മത്സ്യബന്ധന വള്ളം ഇല്ലാതിരിക്കണം 3. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്. 4. എട്ട് വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത 5. പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന 6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
2	മത്സ്യബന്ധന വല	20,000 രൂപ	ജനറൽ വിഭാഗം / പട്ടികജാതി വിഭാഗം യൂണിറ്റ് വിലയുടെ 75 % പരമാവധി 15,000 രൂപ പട്ടികവർഗ്ഗ വിഭാഗം 100 %	1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും ലൈസൻസുമുള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥർ ആയിരിക്കണം. 2. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്. 3. നാല് വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത 4. പട്ടികജാതി./പട്ടികവർഗ്ഗ മത്സ്യത്തൊലാളികൾക്ക് മുൻഗണന 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

3	കൂടിലെ മത്സ്യകൃഷി	യൂണിറ്റ് കോസ്റ്റ് 40,000 രൂപ (6x4x1.25 മീറ്റർ വലിപ്പമുള്ള 2 കൂടുകളുള്ള ഒരു യൂണിറ്റിന്)	ജനറൽ വിഭാഗം 40% പട്ടികജാതി വിഭാഗം 75% പട്ടികവർഗ്ഗ വിഭാഗം 100%	1. ഗുണഭോക്താവ് കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം അനുമതി വാങ്ങിയിരിക്കണം. 2. ചെലവുകളുടെ ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്ത ശേഷം തുക നൽകണം 3. സംരംഭക ഗ്രൂപ്പുകൾ/സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി രണ്ട് യൂണിറ്റ് വരെ നൽകാം 4. ഈ സഹായം ഒരു തവണ മാത്രമേ നൽകാവൂ. 5. പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യതൊഴിലാളി വിഭാഗത്തിനും വനിതാ ഗ്രൂപ്പിനും മുൻഗണന നൽകണം. 6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
4	വീടുകൾക്ക് അലങ്കാര മത്സ്യവിത്തുല്പാദനവും വളർത്തലും	യൂണിറ്റ് ചെലവ് 50,000 രൂപ	ജനറൽ വിഭാഗം 40% പട്ടികജാതി വിഭാഗം 75% പട്ടികവർഗ്ഗ വിഭാഗം 100%	1. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശ രേഖ/ഉടമസ്ഥാവകാശ രേഖ/അനുമതി ഹാജരാക്കണം 2. ഭൂമി വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കാവുന്നതല്ല. 3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
5	ചിപ്പി വളർത്തൽ/കായൽ മുരിങ്ങ കൃഷി	ഒരു റാക്കിന് 15,000രൂപ (മുളകൊണ്ടുണ്ടാക്കിയ 5x5 മീറ്റർ വിസ്തീർണ്ണമുള്ള റാക്കിന്)	ജനറൽ വിഭാഗം 40% (പരമാവധി 6,000 രൂപ) പട്ടികജാതി വിഭാഗം 75% (പരമാവധി 11,250 രൂപ) പട്ടികവർഗ്ഗ വിഭാഗം 100%	1. ഗുണഭോക്താവ് കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം അനുമതി വാങ്ങിയിരിക്കണം 2. ബയോഫെൻസിംഗ് കൃഷിയിൽ ഏർപ്പെട്ടുത്തിയിരിക്കണം 3. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പരമാധി ഒരു യൂണിറ്റും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് പരമാവധി പത്ത് യൂണിറ്റും നൽകാം. 4. ഒരു ഗുണഭോക്താവിന് മൂന്ന് വർഷത്തിൽ ഒരു തവണ മാത്രം 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

6	ഒരു നെല്ലും ഒരു മീനും പദ്ധതി (എല്ലാ വിഭാഗങ്ങൾക്കും)	ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കൽ 13,000 രൂപ/ഹെക്ടർ (മത്സ്യകുഞ്ഞുങ്ങളുടെ നഴ്സറി)	എല്ലാ വിഭാഗങ്ങൾക്കും യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി	1. ഗുണഭോക്താക്കൾക്ക് കേരള ഇൻലാന്റ് ഫിഷറീസ് & അക്വാകൾച്ചർ ലൈസൻസ്/രജിസ്ട്രേഷൻ വേണം 2. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശം/ ഉടമസ്ഥാവകാശ രേഖകൾ/അനുമതി ഹാജരാക്കണം 3. ഈ സഹായം ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ. 4. ഒരു വിളയായി നെൽ കൃഷി പാടശേഖരത്തിൽ ചെയ്തിരിക്കണം. 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്..
		ഇൻപുട്ട് സബ്സിഡി ഹെക്ടറിന് പരമാവധി 70,000 രൂപ. (മത്സ്യകുഞ്ഞുങ്ങളുടെ വില, വളം, ഇടങ്ങിയവ)	എല്ലാ വിഭാഗങ്ങൾക്കും യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി	
7	പൊക്കാളിപ്പാടത്തെ ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി.	ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കൽ 1.7 ലക്ഷം രൂപ/ഹെക്ടർ	എല്ലാ വിഭാഗങ്ങൾക്കും യൂണിറ്റ് ചെലവിന്റെ 40 % സബ്സിഡി	1. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശ രേഖ/ ഉടമസ്ഥാവകാശ രേഖ/ അനുമതി ഹാജരാക്കണം. കാർഷിക സംഘങ്ങൾക്ക് നൽകാം. 2. ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശ ഭരണസ്ഥാപനത്തിലെ എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം. 3. ഈ സഹായം ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ. 4. ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം 5. ഒരു വിളയായി നെൽ കൃഷി പാടശേഖരത്തിൽ ചെയ്തിരിക്കണം. 6. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഇൻപുട്ട് സബ്സിഡി. ഹെക്ടറിന് പരമാവധി 3 ലക്ഷം രൂപ. (മത്സ്യകുഞ്ഞുങ്ങളുടെ വില, രോഗനിയന്ത്രണ മാർഗ്ഗങ്ങളുടെ ചിലവ്, തീറ്റ, വളം,ഇടങ്ങിയവ)	എല്ലാ വിഭാഗങ്ങൾക്കും യൂണിറ്റ് ചെലവിന്റെ 40 % സബ്സിഡി	
8	മത്സ്യ കൃഷിയ്ക്ക് ആവശ്യമായ സംരക്ഷണ വല	ഹെക്ടറിന് പരമാവധി 25,000- രൂപ	എല്ലാ വിഭാഗങ്ങൾക്കും വിലയുടെ 40% (പരമാവധി 10,000/-രൂപ)	1. ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം 2. വല വാങ്ങി നൽകേണ്ടതാണ്. 3. ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ. 4. പട്ടികജാതി./പട്ടികവർഗ്ഗം രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികൾക്ക് മുൻഗണന 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
9	റിസർവോയറുകളിൽ മത്സ്യബന്ധന വല/ ബാംബു റാഫ്റ്റ്/ കൂട്ടവഞ്ചി	പരമാവധി 15,000/- രൂപ	100% സബ്സിഡി	1. പട്ടികവർഗ്ഗം വിഭാഗക്കാർക്ക് മാത്രം 2. വലയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. 3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

10	അക്വാ ടൂറിസം സംരംഭങ്ങൾ മത്സ്യ കൃഷി മാതൃകകൾ ഗ്രാമീണ കാർഷിക വ്യവസായിക മ്യൂസിയങ്ങൾ	യഥാർത്ഥ ചെലവ്		യൂണിറ്റ് ചെലവിന്റെ 100%				1. മത്സ്യകൃഷി മാതൃകകൾ, ബോട്ടിംഗ്, ആംഗ്ലിംഗ്, മ്യൂസിയം, പബ്ലിക്ക് അക്വേറിയം, മത്സ്യ മ്യൂസിയം, ലൈവ് ഫിഷ് മാർക്കറ്റ് തുടങ്ങിയവയോടൊപ്പം പരമ്പരാഗത ഗ്രാമീണ കാർഷിക വ്യവസായിക മാതൃകകളും അവയുടെ മ്യൂസിയങ്ങളും സ്ഥാപിക്കുക 2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതു ജലാശയങ്ങളും ഇതിനായി ഉപയോഗിക്കാം. 3. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കൺസൾട്ടൻസി സഹായം സ്വീകരിക്കാവുന്നതും സാദ്ധ്യതാ പഠനം നടത്തുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതുമാണ് 4. ജില്ലാപഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.
11	മുറ്റത്തൊരു മീൻതോട്ടം	വിഭാഗവും സബ്സിഡിയും	യൂണിറ്റ് നിരക്ക്	പരമാവധി സബ്സിഡി			ഗുണഭോക്തൃ വിഹിതം /വായ്പ	1. 20 ച.മീറ്റർ (അര സെന്റ് വിസ്തീർണ്ണമുള്ള കുളം, 75 സെ.മി. ആഴത്തിൽ കുഴി എടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 75 സെ.മി. ഉയരത്തിൽ ബണ്ട് രൂപീകരിച്ചശേഷം (ആകെ 150 സെ.മി) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ടൊരുക്കൽ, 125 സെ.മി ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല/വേലി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്താം. 2. കുളം കുഴിക്കുന്നതിന് 4,000 രൂപയും പോളിത്തീൻ ഷീറ്റ്, അനുബന്ധ സാമഗ്രികൾ, വാട്ടർ പമ്പ്, വെഞ്ചുറി പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് 16,000 രൂപയും 3. ആവശ്യമായ മത്സ്യവിത്ത് ഫിഷറീസ് വകുപ്പിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണ്. 4. ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് മാത്രമേ അനുവദിക്കാവൂ. 5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
				തദ്ദേശ ഭരണ സ്ഥാപനം	ഫിഷറീസ് വകുപ്പ്	ആകെ		
		ജനറൽ വിഭാഗം 40%	20,000	8,000	--	--	12,000	
		പട്ടികജാതി വിഭാഗം 75%	20,000	15,000	--	--	5,000	
		പട്ടികവർഗ്ഗ വിഭാഗം 100%	20,000	20,000	--	--	ഇല്ല	
12	വീട്ടുവളപ്പിൽ/ പടുതാക്കുളത്തിലെ മത്സ്യകൃഷി	ജനറൽ വിഭാഗം 40 %	123,000	29,600	19,600	49,200	73,800	1. 80 ചതുരശ്രമീറ്റർ (രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം, 40 സെ.മി ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ.മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ.മീ) കുളത്തിൽ പടുതവിരിക്കൽ, 125 സെന്റീമീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് 1000 മത്സ്യ
		പട്ടികജാതി						

		വിഭാഗം 75%	1,23,000	55,500	36,750	92,250	30,750	കൂഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്. എ) അടിസ്ഥാന സൗകര്യ വികസനം 74,000രൂപ (കുളം കുഴിക്കൽ 18,400രൂപ, പോളിത്തീൻഷീറ്റും അനുബന്ധ സാമഗ്രികളും 38,000 രൂപ, വാട്ടർ പമ്പ്, വെഞ്ചറിപമ്പ്, സുരക്ഷിതവല, മറ്റ് ഉപകരണങ്ങൾ 17,600) ബി) പ്രവർത്തന ചെലവുകൾ 49,000 (മത്സ്യവിത്ത് 6000 രൂപ, തീറ്റ 41,000 രൂപ, മെഡിസിൻ 2000 രൂപ) സി) ഒരു ഗുണഭോക്താവിന് പരമാവധി നാലു യൂണിറ്റ് വരെ അനുവദിക്കാം 2. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികവർഗ വിഭാഗം 100 %	1,23,000	74,000	49,000	1,23,000	ഇല്ല	
13	ബയോഫ്ലോക്ക് അക്വാകൾച്ചർ	ജനറൽ വിഭാഗം (സബ്സിഡി 40 %	1,38,000	36800	18400	55,200	82800	1. 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ് ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടകൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം. കനമുള്ള പി.വി.സി ആവരണം ചെയ്ത എച്ച്. ഡി.പി.ഇ ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 സെ.മീ വലിപ്പമുള്ള 1250 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്. എ. മൂലധനചെലവ്– 92,000 രൂപ (ടാങ്ക് -35,000 രൂപ, മേൽക്കൂര - 5500 രൂപ വൈദ്യുതീകരണം, പ്ലംബിംഗ്, എയർ പമ്പ്, ജനറേറ്റർ, മറ്റ് സൗകര്യങ്ങൾ - 51,400,രൂപ) ബി. പ്രവർത്തന ചെലവുകൾ 46,000 രൂപ (മത്സ്യക്കുഞ്ഞ് 10000 രൂപ, തീറ്റ 23,300 രൂപ, മരുന്ന് മറ്റുചെലവുകൾ 12,700 രൂപ സി. ഒരു ഗുണഭോക്താവിന് പരമാവധി നാലു യൂണിറ്റുകൾ വരെ അനുവദിക്കാം 1. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം (സബ്സിഡി 75 %	1,38,000	69,000	34,500	1,03,500	34,500	
		പട്ടികവർഗ്ഗ വിഭാഗം (സബ്സിഡി 100 %)	1,38,000	92,000	46,000	1,38,000	ഇല്ല	

13 A. മുറ്റത്തൊരു മീൻതോട്ടം, വീട്ടുവളപ്പിൽ /പടുതാക്കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, - പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ

1. മത്സ്യക്കൃഷിയിൽ താല്പര്യമുള്ളതും സ്ഥല സൗകര്യമുള്ളതുമായ വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർ ഗുണഭോക്താക്കളാകാം.
2. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി നിലവിലുള്ള നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.
3. സാങ്കേതിക വിശദാംശങ്ങളുടെ സർക്കുലർ ഫിഷറീസ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.
4. കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതികളിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതികളിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യണം. ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ തുക അനുവദിച്ചിരിക്കുന്ന സബ്സിഡി നിരക്കിൽ നൽകണം. കുളങ്ങളുടെ നിർമ്മാണം ഗുണഭോക്താവ് നേരിട്ട് നിർവഹിക്കുന്ന പക്ഷം ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
5. സാധനസാമഗ്രികൾ, മത്സ്യക്കുഞ്ഞുങ്ങൾ മുതലായവ സർക്കാർ ഏജൻസികളായ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK), മത്സ്യകർഷക വികസന ഏജൻസി (FFDA) എന്നിവയിൽ നിന്നോ കാർഷിക / ക്ഷീര/മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നോ നേരിട്ട് വാങ്ങാവുന്നതാണ്. അല്ലാത്ത പക്ഷം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാം.
6. സബ്സിഡി തുക യൂണിറ്റിന്റെ നിർവഹണ പുരോഗതി വിലയിരുത്തി പണമായോ സാധനമായോ ഗഡുക്കളായി അനുവദിക്കാവുന്നതാണ്.
7. മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം.

14.മത്സ്യ വിത്തുകൾ നിക്ഷേപിക്കൽ

പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യബന്ധനം നടത്തുന്ന പൊതു റിസർവ്വോയറുകളിലും 5 മുതൽ 10 ഹെക്ടർ വരെ വിസ്തൃതിയുള്ള പൊതു ജലാശയങ്ങളിലും മത്സ്യ വിത്തുകൾ നിക്ഷേപിക്കുന്ന പ്രോജക്ട് ഫീഷറീസ് വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നടപ്പാക്കാവുന്നതാണ്.

15.ഉൾനാടൻ മത്സ്യക്കടവുകൾ

നിലവിൽ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളില്ലാത്തതും ധാരാളം മത്സ്യബന്ധന യാനങ്ങളും മത്സ്യത്തൊഴിലാളികളും ഉള്ള സ്ഥലങ്ങളിൽ ഉൾനാടൻ മത്സ്യക്കടവുകൾ നിർമ്മിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. വിശദമായ പ്രോജക്ട് എസ്റ്റിമേറ്റ് തദ്ദേശഭരണ വകുപ്പ് എഞ്ചിനീയർ തയ്യാറാക്കേണ്ട താണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായും ഇത് എടുക്കാവുന്നതാണ്.

(സി) മത്സ്യവിപണനം – സമുദ്ര/ഉൾനാടൻ മേഖല

ക്രമ നം.	ഇനം	ചെലവ്/നിരക്ക്	സബ്സിഡി പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ (ഗ്രൂപ്പ് സംരംഭം)	75,000	ജനറൽ വിഭാഗം 50 % പട്ടികജാതി വിഭാഗം 50 % പട്ടികവർഗ്ഗ വിഭാഗം 50 %	1. എല്ലാ മത്സ്യതൊഴിലാളി വിഭാഗക്കാർക്കും ആനുകൂല്യം നൽകാം. 2. ശീതീകരണ സംവിധാനത്തോടുകൂടിയ ആധുനിക മത്സ്യ വിപണന സംവിധാന സംരംഭം 3. ICAR-CIFT വികസിപ്പിച്ചിട്ടുള്ള ചക്രങ്ങളോടുകൂടിയ മൊബൈൽ യൂണിറ്റം. കുറഞ്ഞത് 100 kg മത്സ്യവും 20 kg ഐസും നിറക്കാവുന്നതും ശീതീകരണ സംവിധാനവും ഇൻസുലേറ്റ് ചെയ്ത ഐസ് പെട്ടിയും ഉൾപ്പടെയുള്ളത്. 4. കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന മത്സ്യത്തിന്റെ ചെതുമ്പൽ നീക്കം ചെയ്യുന്ന യന്ത്രം, മീൻ മുറിക്കാനും വൃത്തിയാക്കാനുമുള്ള സംവിധാനങ്ങൾ, മാലിന്യശേഖരണ സംവിധാനം ഉൾപ്പടെയുള്ളത്. 5. രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും അനുബന്ധ തൊഴിലാളിയും ചേർന്നതോ/അല്ലാത്തതോ ആയ (സ്ത്രീ/പുരുഷൻ)രണ്ട് പേരുള്ള ഗ്രൂപ്പിന് നൽകാവുന്നതാണ്. 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
2	ലൈവ് ഫിഷ് മാർക്കറ്റുകൾ (2 പോർട്ടബിൾ പ്ലാസ്റ്റിക്ക് പൂൾ, എയിറേഷൻ & വാട്ടർ എക്സേഞ്ച് ഫെസിലിറ്റി, 2 ഫ്രീസർ, ഷെഡ്, ഫിഷ് ഡ്രെസിംഗ് ഫെസിലിറ്റി തുടങ്ങിയവ)	പരമാവധി 5 ലക്ഷം രൂപ	ജനറൽ വിഭാഗം യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി പട്ടികജാതി വിഭാഗം/ പട്ടികവർഗ്ഗ വിഭാഗം യൂണിറ്റ് ചെലവിന്റെ 75%	1. ഭൂമി വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കുന്നതല്ല. 2. ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം 3. ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ. 4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
3	മത്സ്യവിൽപ്പനയ്ക്കായി ഐസ് ബോക്സ് വിതരണം	3,500 രൂപ	യൂണിറ്റ് വിലയുടെ 50% (പരമാവധി 1750/- രൂപ)	1. രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് 2. മത്സ്യഫെഡ് വ്യാസാസ്റ്റോറിൽ നിന്നും ഐസ് ബോക്സ് വാങ്ങണം 3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

4	വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യോല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കലും പരിശീലനവും (ഫിഷ് കട് ലറ്റ്, റോൾ, സമോസ, ലോലിപോപ്പ്, അച്ചാറുകൾ തുടങ്ങിയവ)	പരിശീലനം (20 പേരുള്ള ഒരു ഗ്രൂപ്പിന്) 2 ലക്ഷം രൂപ. തീരദേശ വികസന കോർപ്പറേഷൻ വഴി പരിശീലനം നല്കാവുന്നതാണ്	യൂണിറ്റ് ചെലവിന്റെ 100%	1. വനിതാ മത്സ്യത്തൊഴിലാളി/ വനിതാ അനുബന്ധ മത്സ്യത്തൊഴിലാളി സംഘങ്ങൾ, മത്സ്യത്തൊഴിലാളി വനിതാ എസ്.എച്ച്.ജി.കൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവകളിലെ 2 പേർ 2. ഗുണഭോക്തൃ സംഘങ്ങൾ/ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതവും പ്രവർത്തന, റിപ്പയർ ചെലവുകളും വഹിക്കണം 3. പരിശീലനം സർക്കാർ അംഗീകൃത സ്ഥാപനം/ഏജൻസി മുഖേന സംഘടിപ്പിക്കണം. 4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		യൂണിറ്റ് സ്ഥാപിക്കൽ 3 ലക്ഷം രൂപ	യൂണിറ്റ് ചെലവിന്റെ 50 %	
5	മത്സ്യവിൽപ്പനയ്ക്കായി ഓട്ടോറിക്ഷ - ഐസ് ബോക്സ് (100 ലിറ്ററിന്റെ 4 എണ്ണം) സഹിതം	എല്ലാ വിഭാഗങ്ങൾക്കും	ഓട്ടോറിക്ഷ – 60,000 രൂപ ഐസ് ബോക്സ് പരമാവധി 11,250 രൂപ	1. മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളി സംഘങ്ങൾ/ഗ്രൂപ്പുകൾ, പുരുഷ/വനിതാ എസ്.എച്ച്.ജി.കൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവകളിലെ 2 പേർ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ. 2. ഡ്രൈവിങ്ങ് ലൈസൻസ് ഉള്ളവരായിരിക്കണം. 3. ഇല്ക്ട്രിക് ഓട്ടോ/പിക് അപ്പ് വാങ്ങുന്നവർക്ക് തദ്ദേശഭരണ സ്ഥാപനം നൽകുന്ന സബ്സിഡിയ്ക്കു പുറമെ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നൽകുന്ന സബ്സിഡി തുയായ 30,000/- രൂപ കൂടി ലഭിക്കുന്നതിന് അർഹരാണ്. വാഹനം രജിസ്റ്റർ ചെയ്തതിനു ശേഷം മോട്ടോർ വാഹന വകുപ്പിന്റെ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിനെ അറിയിക്കണം. 4. ഇലക്ട്രിക് ഓട്ടോറിക്ഷ, സ്കൂട്ടർ എന്നിവ വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സഹായം തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ, കേരള നൽകുന്നതാണ്. 5. ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് സ്വാപ്പിംഗ് സ്റ്റേഷൻ ഉള്ള നഗരങ്ങളിൽ സ്വാപ്പിംഗ് ബാറ്ററിയോ ഫിക്സഡ് ബാറ്ററിയോ ഉള്ള വാഹനം വാങ്ങാവുന്നതാണ്. മറ്റുള്ള പ്രദേശങ്ങളിൽ ഫിക്സഡ് ബാറ്ററി ഉള്ള വാഹനം മാത്രമേ വാങ്ങാവൂ. 6. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

6	മത്സ്യവിൽപ്പനയ്ക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും വിതരണം	80,000 രൂപ	യൂണിറ്റ് വിലയുടെ 50% (പരമാവധി 40,000)	1. ഉണങ്ങാകുക്കാർ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളി (പുരുഷ/സ്ത്രീ) ആയിരിക്കണം. 2. പട്ടികജാതി/പട്ടികവർഗ്ഗം/ മത്സ്യ തൊഴിലാളി വിഭാഗത്തിന് മുൻഗണന 3. ഡ്രൈവിങ്ങ് ലൈസൻസ് ഉണ്ടായിരിക്കണം. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

കുറിപ്പ് – മത്സ്യ മേഖലയിലെ ഉല്പാദനം, സേവന സംവിധാനങ്ങൾ എന്നിവയിലധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.4-ലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെങ്കിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.5-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

6.5 പ്രാദേശിക സാമ്പത്തിക വികസനം

6.5.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED Plan) കൂടി 2022–23 മുതൽ തയ്യാറാക്കേണ്ടതുണ്ട്. സംരംഭകത്വ വികസനവും നൈപുണ്യ വികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

6.5.2 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി/ ധനസഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) സ്വയംതൊഴിൽ സംരംഭങ്ങൾ

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	സ്വയം തൊഴിൽ (വ്യക്തിഗതം)	ജനറൽ വിഭാഗം	50% (പരമാവധി 60,000 രൂപ)	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം. 2. പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ് 3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. 4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. 5. വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. നഗരണ ഭരണ സ്ഥാപനങ്ങളിൽ മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. 6. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം	75% (പരമാവധി 90,000 രൂപ)	
2.	സ്വയം തൊഴിൽ (വനിതാ വ്യക്തിഗതം)	എല്ലാ വിഭാഗങ്ങൾക്കും	75% (പരമാവധി 90,000 രൂപ)	

3	സ്വയംതൊഴിൽ (ഗ്രൂപ്പ് സംരംഭങ്ങൾ)	ജനറൽ വിഭാഗം	50% (പരമാവധി 2,50,000 രൂപ)	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. കുറഞ്ഞത് രണ്ടു പേരെങ്കിലുമുള്ള ഗ്രൂപ്പ് ആയിരിക്കണം. 3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. 4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. 5. വായ്പാബന്ധിതമല്ലെങ്കിൽ സംരഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളിലും നഗര ഭരണ സ്ഥാപനങ്ങളിലും മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ പഞ്ചായത്തുകളിൽ ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം), ജില്ലാ മിഷൻ കോഓർഡിനേറ്റർ (കുടുംബശ്രീ) എന്നിവർ സമിതി അംഗങ്ങളായിരിക്കും. 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം	75% (പരമാവധി 3,75,000 രൂപ)	
4	സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ)	എല്ലാ വിഭാഗങ്ങൾക്കും	75% (പരമാവധി 3,75,000 രൂപ)	
5.	പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (വ്യക്തിഗതം)	ജനറൽ വിഭാഗം	60% (പരമാവധി 72,000 രൂപ)	1. അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകൾ (മുള, ഈറ, വൈക്കോൽ, തഴ, തടി,ചിരട്ട തുടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം, കയർ പിരിക്കൽ/കരകൗശല പ്രവൃത്തികൾ മുതലായ തൊഴിലുകൾ ചെയ്യുന്നവരായിരിക്കണം) 2. മുകളിൽ ഇനം 1 ലും 2 ലും പറഞ്ഞ ധനസഹായം ലഭിക്കുന്നവർ ആകരുത് 3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. 4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	75% (പരമാവധി 90,000 രൂപ)	

				5. വായ്പാബന്ധിതമല്ലെങ്കിൽ സംരഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. നഗരണ ഭരണ സ്ഥാപനങ്ങളിൽ മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. 6. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
6.	പരമ്പരാഗത കൈത്തൊഴിലുകളുടെ ഗ്രൂപ്പ് സംരംഭം	ജനറൽ വിഭാഗം	60% (പരമാവധി 3,00,000 രൂപ)	1. ഇനം 5-ലെ വ്യവസ്ഥകൾ ബാധകം 2. കുറഞ്ഞത് രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പായിരിക്കണം 3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. 4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. 5. വായ്പാബന്ധിതമല്ലെങ്കിൽ സംരഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളിലും നഗരണ ഭരണ സ്ഥാപനങ്ങളിലും മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ പഞ്ചായത്തുകളിൽ ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം), ജില്ലാ മിഷൻ കോഓർഡിനേറ്റർ (കുടുംബശ്രീ) എന്നിവർ സമിതി അംഗങ്ങളായിരിക്കും. 6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	75% (പരമാവധി 3,75,000 രൂപ)	
7	പരമ്പരാഗത കൈത്തൊഴിലുകളുടെ വനിത ഗ്രൂപ്പ് സംരംഭം	എല്ലാ വിഭാഗങ്ങൾക്കും	75 % (പരമാവധി 3,75,000 രൂപ)	

8	ഓട്ടോ റിക്ഷ/ പിക് അപ്പ് ഓട്ടോറിക്ഷ (ടാക്സി) (വ്യക്തിഗതം)	ജനറൽ വിഭാഗം	50,000 രൂപ	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം 3. വാഹനം ലഭിക്കുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമാക്കിയിരിക്കണം. 4. പ്രവാസികൾക്ക് മുൻഗണന നൽകണം 5. 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണം. 6. ഇല്ക്ട്രിക് ഓട്ടോ/പിക് അപ്പ് വാങ്ങുന്നവർക്ക് തദ്ദേശഭരണ സ്ഥാപനം നൽകുന്ന സബ്സിഡിയ്ക്ക പുറമെ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നൽകുന്ന സബ്സിഡി തുകയായ 30,000 രൂപ കൂടി ലഭിക്കുന്നതിന് അർഹരാണ്. വാഹനം രജിസ്റ്റർ ചെയ്തതിനു ശേഷം മോട്ടോർ വാഹന വകുപ്പിന്റെ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിനെ അറിയിക്കണം. 7. ഇലക്ട്രിക് ഓട്ടോറിക്ഷ, സ്കൂട്ടർ എന്നിവ വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സഹായം തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ, കേരള നൽകുന്നതാണ്. 8. ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് സ്വാപ്പിംഗ് സ്റ്റേഷൻ ഉള്ള നഗരങ്ങളിൽ സ്വാപ്പിംഗ് ബാറ്ററിയോ ഫിക്സഡ് ബാറ്ററിയോ ഉള്ള വാഹനം വാങ്ങാവുന്നതാണ്. മറ്റുള്ള പ്രദേശങ്ങളിൽ ഫിക്സഡ് ബാറ്ററി ഉള്ള വാഹനം മാത്രമേ വാങ്ങാവൂ. 9. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്. 10. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	60,000 രൂപ	
		പട്ടികവർഗ്ഗ വിഭാഗം	75,000 രൂപ	
9	ഓട്ടോറിക്ഷ (വനിത വ്യക്തിഗതം)	ജനറൽ /പട്ടികജാതി വിഭാഗം	60,000 രൂപ	
		പട്ടികവർഗ്ഗ വിഭാഗം	75,000 രൂപ	
10	സ്വയം തൊഴിലിന് ഇരുചക്ര വാഹനം (മോട്ടോർ സൈക്കിൾ, സ്കൂട്ടർ)	എല്ലാ വിഭാഗങ്ങൾക്കും	മോട്ടോർ സൈക്കിൾ/ സ്കൂട്ടർ വിലയുടെ 50% പരമാവധി 50,000 രൂപ	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം

				3. നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്. 4. ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണം. 5. പ്രവാസികൾക്ക് മുൻഗണന നൽകണം 6. ഇലക്ട്രിക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം. 7. ഇലക്ട്രിക് ഇരുചക്ര വാഹനത്തിന് പരമാവധി 5,000 രൂപ വരെ പ്രോത്സാഹന സബ്സിഡിയായി അധികം നൽകാവുന്നതാണ്. 8. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്. 9. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
11	സ്വയം തൊഴിലിന് ടാക്സികാർ, പിക്അപ്പ് വാൻ (വ്യക്തിഗതം)	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 1,00,000 രൂപ	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം. 2. ഡ്രൈവിംഗ് ലൈസൻസ്/ബാഡ്ജ് ഉള്ളവർക്ക് അപേക്ഷിക്കാം. 3. നിലവിൽ നാലു ചക്ര/ആറു ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്. 4. പ്രവാസികൾക്ക് മുൻഗണന നൽകണം 5. 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണം 6. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്. 7. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്. 8. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
12	സ്വയം തൊഴിലിന് ടാക്സികാർ, പിക്അപ് വാൻ (വനിത വ്യക്തിഗതം)	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 1,20,000 രൂപ	

13	ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 60,000 രൂപ	1. കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്. 2. റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത് 3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണം 4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
14	ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട (വനിത വ്യക്തിഗതം)	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 75,000 രൂപ	
15	മൊബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് - (വ്യക്തിഗതം)	ജനറൽ വിഭാഗം	പരമാവധി 30,000 രൂപ	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. പഴം, പച്ചക്കറി, ഇളനീർ മുതലായ ഉല്പന്നങ്ങളുടെ വില്പനയ്ക്കും ഇസ്തിരി ഇടൽ തുടങ്ങിയവയുടെ സേവനങ്ങൾക്കുമുള്ള യൂണിറ്റ്. 3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		പട്ടികജാതി വിഭാഗം	പരമാവധി 40,000 രൂപ	
		പട്ടികവർഗ്ഗ വിഭാഗം	പരമാവധി 50,000 രൂപ	
16	ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ - ഇരുചക്ര വാഹനം ഉൾപ്പെടെ (വനിതകൾക്ക് മാത്രം)	ജനറൽ വിഭാഗം	പരമാവധി 75,000 രൂപ	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. പരിശീലനം സിദ്ധിച്ച വനിതകളായിരിക്കണം. 3. വ്യക്തിഗതമായും ഗ്രൂപ്പായും നൽകാവുന്നതാണ്. 4. ഓരോ പരിശോധനയ്ക്കുമുള്ള ഫീസുകൾ അലോപ്പതി ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കണം 5. ഗുരുതരമായ ടെസ്റ്റ് റിസൾട്ട് ഉള്ളവരുടെ വിവരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണം. 6. ഒരു യൂണിറ്റിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അതിന്റെ ഗുണപരതയും ബന്ധപ്പെട്ട ആരോഗ്യപത്രി മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് നിശ്ചയിച്ച് നൽകേണ്ടതാണ്. 7. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	പരമാവധി 90,000 രൂപ	
17	ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ - (ഇരുചക്ര വാഹനം സ്വന്തമായി ഉള്ള വനിതകൾക്ക് മാത്രം)	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 25,000 രൂപ	

				8. ഇലക്ട്രിക് ഇരുചക്ര വാഹനം വാങ്ങുന്ന അവസരത്തിൽ പരമാവധി 5,000 രൂപ വരെ പ്രോത്സാഹന സബ്സിഡിയായി അധികം നൽകാവുന്നതാണ്. 9. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
18	മൊബൈൽ റെസ്റ്റോറന്റ്/ സെയിൽസ് വാൻ (ഗ്രൂപ്പ് സംരംഭം)	എല്ലാ വിഭാഗങ്ങൾക്കും	50% (പരമാവധി 1,50,000 രൂപ)	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം. 2. കുറഞ്ഞത് രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പായിരിക്കണം. 3. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിബന്ധനകൾ കർശനമായി പാലിക്കണം. 4. ഗ്രൂപ്പിന് സ്വന്തമായി വാഹനം ഉണ്ടായിരിക്കണം. വാഹനം സെയിൽസ് വാൻ/റസ്റ്റോറന്റ് ആയി ഉപയോഗിക്കുന്നതിനുള്ള അനുവാദം മോട്ടോർ വാഹന വകുപ്പിൽ നിന്നും വാങ്ങിയിരിക്കണം. 5. മൊബൈൽ റസ്റ്റോറന്റ്/സെയിൽസ് വാനിന് വേണ്ട സാമഗ്രികളുടെ ചെലവിന്റെ 50%, പരമാവധി 1,50,000 രൂപയാണ് ധനസഹായമായി നൽകാവുന്നത്. 6. പ്രവാസി ഗ്രൂപ്പുകൾ/ഭിന്നശേഷിയുള്ളവരുടെ ഗ്രൂപ്പുകൾ/നൈപുണ്യ പരിശീലനം നേടിയവരുടെ ഗ്രൂപ്പുകൾ എന്നിവയ്ക്ക് മുൻഗണന നൽകണം. 7. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
19	പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾ, സംസ്കരണ യൂണിറ്റുകൾ	എല്ലാ വിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും	മൂലധന ചെലവിന്റെ 50% (പരമാവധി 1,50,000 രൂപ)	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. കുറഞ്ഞത് രണ്ട് പേർ ഉൾക്കൊള്ളുന്ന കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾക്കും ജെ.എൽ.ജി ഗ്രൂപ്പുകൾക്കും മറ്റ് വനിതാ/ പുരുഷ ഗ്രൂപ്പുകൾക്കുമാണ് അർഹത 3. പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂലധന ചെലവാണ് സബ്സിഡി നൽകുന്നതിന് ആധാരമാക്കേണ്ടത്. 4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് .
20	ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്	എല്ലാ വിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും	അടങ്കൽ 3 ലക്ഷം രൂപ 50% (പരമാവധി 1,50,000 രൂപ	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം 3. ഒന്നോ അതിലധികമോ ഫുഡ് പ്രോസസിംഗ് ഒരു യൂണിറ്റിൽ തന്നെ നടത്താവുന്നതാണ്.

				4. കെട്ടിട നിർമ്മാണ ചെലവുകൾ പ്രോജക്ട് അടങ്കലിൽ ഉൾപ്പെടുത്താൻ പാടില്ല. 5. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
21	Ready to eat & Cook Fish Centre	എല്ലാവിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും	50% (പരമാവധി 2,50,000 രൂപ)	1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം 2. FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം. 3. Ready to eat & Cook fish – Bio Flock ഉൾനാടൻ സമുദ്ര മത്സ്യങ്ങളുടെ ഒരു മൂല്യവർദ്ധിത ഉല്പന്ന വിപണന കേന്ദ്രമാകണം. 4. ആധുനികമായ സൗകര്യങ്ങളോടെ വേണം യൂണിറ്റ് ആരംഭിക്കേണ്ടത്. 5. ഫ്രഷ് മത്സ്യ വിഭവങ്ങളുടെ ഒരു ഹബ് ആക്കി മാറ്റണം 6. കെട്ടിട നിർമ്മാണ ചെലവുകൾ പ്രോജക്ട് അടങ്കലിൽ ഉൾപ്പെടുത്താൻ പാടില്ല. 7. ഒന്നോ ഒന്നിലധികമോ ഫുഡ് പ്രോസസ്സിംഗ് അനുയോജ്യമായ തരത്തിൽ ഒരു യൂണിറ്റിൽ തന്നെ നടത്താവുന്നതാണ്. 8. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് .
22	കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം	എല്ലാ വിഭാഗങ്ങൾക്കും	50% (പരമാവധി ഇക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം)	1. കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾക്കാണ് ധനസഹായത്തിന് അർഹത 2. വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (കെട്ടിട നിർമ്മാണം ഒഴികെ), കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്കുള്ള ആകെ ഇകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകാം. 3. രണ്ടു തലങ്ങളിലുള്ള സബ്സിഡി അനുവദനീയമല്ല. 4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

കുറിപ്പ്:- 1. ഖണ്ഡിക 6.5.2 (എ) പ്രകാരമുള്ള സബ്സിഡി/ആനുകൂല്യങ്ങൾക്ക് സ്വയം തൊഴിൽ സംരംഭകന്റെ കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും 5 ലക്ഷം രൂപ ആയിരിക്കും. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വരുമാനപരിധി ഇല്ല.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ യാതൊരു തരത്തിലുമുള്ള സബ്സിഡി/ ധനസഹായം സ്വീകരിക്കാത്ത ഒരു സ്വയം തൊഴിൽ സംരംഭകന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ ആ സംരംഭകന്റെ വായ്പാബന്ധിത സംരംഭത്തിന് ഖണ്ഡിക 6.5.2 (ബി) (2) (i) പ്രകാരമുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്.

(ബി) തൊഴിൽദായക സംരംഭങ്ങൾ

(1) തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ, സംരംഭകന്റെ വരുമാനം പരിഗണിക്കാതെ ചുവടെ പറയുന്ന സഹായങ്ങൾ നൽകാവുന്നതാണ്.

(2) തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ വകുപ്പുകളുടെയോ സബ്സിഡി/ഗ്രാന്റ് സ്വീകരിക്കാത്ത സംരംഭകർക്കാണ് ചുവടെ പ്രതിപാദിക്കുന്ന സഹായങ്ങൾക്ക് അർഹതയുള്ളത്. പ്രാദേശികമായി സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിലുകളുടെ (regular/salaried jobs) എണ്ണം മുഖ്യ ഘടകമായി പരിഗണിച്ചു കൊണ്ട് സഹായങ്ങൾ നൽകാവുന്നതാണ്.

(i) സംരംഭകർക്ക് പലിശ സബ്സിഡി

ബാങ്ക് വായ്പയെടുത്ത് സംരംഭം തുടങ്ങുന്നവർക്ക് വായ്പയുടെ പലിശയിന്മേൽ സബ്സിഡി നൽകാവുന്നതാണ്. വിശദമായ ബിസിനസ് പ്ലാനിന്റെ അടിസ്ഥാനത്തിൽ ദേശസാത്കൃത ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക്, കേരള ബാങ്ക്, സഹകരണ ബാങ്ക്, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുക്കുന്ന വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്കാണ് പലിശ സബ്സിഡി നൽകാവുന്നത്. ജനറൽ വിഭാഗത്തിന് ആറ് ശതമാനവും, പട്ടികജാതി വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് എട്ട് ശതമാനവും പലിശ സബ്സിഡി പരമാവധി മൂന്ന് വർഷത്തേയ്ക്ക് നൽകാവുന്നതാണ്. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. സംരംഭകൻ മുതലും പലിശയും മുടക്കം കൂടാതെ തിരികെ അടച്ചിരിക്കണം.
2. 10 ലക്ഷം രൂപയിൽ കൂടുതൽ വായ്പ എടുക്കുന്ന സംരംഭമാണെങ്കിലും, 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് മാത്രമേ പലിശ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ.
3. പരമാവധി 3 വർഷം വരെയാണ് പലിശ സബ്സിഡി നൽകാവുന്നത്.
4. ബാങ്കിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഫെബ്രുവരി മാസത്തിലാണ് അർഹമായ പലിശ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറേണ്ടത്.
5. 2022-2023 മുതൽ ആരംഭിക്കുന്ന സംരംഭങ്ങൾക്കാണ് സബ്സിഡി നൽകാവുന്നത്.

കുറിപ്പ്:- 03.04.2017ലെ സ.ഉ(എം.എസ്) 80/17/തസ്വഭവ, 14.02.2018ലെ സ.ഉ(കൈ) 22/2018/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം സംരംഭകൻ/സഹകരണ സംഘവുമായി പലിശ സബ്സിഡി നൽകുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ കരാർ അനുസരിച്ചുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്.

(ii) ടെക്നോളജി കൈമാറ്റ ഫണ്ട് (Transfer of Technology) : കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ സ്ഥപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് വേണ്ട സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന്/സ്വായത്തമാക്കുന്നതിന്, സാങ്കേതികവിദ്യയുടെ വിലയുടെ 75 ശതമാനം വരെ, ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, എന്ന പരിധിക്ക് വിധേയമായി സഹായം നൽകാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതി അംഗീകരിച്ച പ്രോജക്ടുകൾക്കാണ് പ്രസ്തുത ധനസഹായം നൽകാവുന്നത്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(iii) **ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട് :** നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവ നവീകരിക്കുന്നതിന്, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ, സാമ്പത്തിക സഹായം നൽകാവുന്നതാണ്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(iv) **ഇന്നവേഷൻ ഫണ്ട് :** സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിജയസാധ്യതയുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക ഉപദേശം, ഗവേഷണ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം, ഈ മേഖലയിൽ വൈദഗ്ധ്യവും, പ്രവൃത്തി പരിചയവും, സൗകര്യവുമുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവക്ക് നൽകാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെയാണ് സാമ്പത്തിക സഹായം നൽകേണ്ടത്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(v) **ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് :** പ്രകൃതി ദുരന്തങ്ങൾ മൂതലായ കാരണങ്ങളാൽ സംരംഭത്തിന് ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിന് അതത് സമയങ്ങളിൽ സാമ്പത്തിക സഹായം നൽകാവുന്നതാണ്. നാശനഷ്ടത്തിന്റെ വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തി, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെയാണ് സഹായം നൽകേണ്ടത്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്. നാശനഷ്ടങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ ഈ തുക നിശ്ചിത ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(vi) **സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്) :** തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചു വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ പുനരുജ്ജീവന സമാശ്വാസ പദ്ധതിക്ക് അപേക്ഷിക്കാവുന്നതാണ്. മുൻപ് ചെയ്തിരുന്നതോ കാലാനുസൃതമായ മാറ്റത്തോടു കൂടിയതോ ആയ പുനരുജ്ജീവന പാക്കേജ് (റിവൈവൽ) തയ്യാറാക്കി, ബാങ്ക് വായ്പ നേടി സംരംഭം പുനരുജ്ജീവിപ്പിച്ചാൽ ഖണ്ഡിക 6.5.2 (ബി) (2) (i) പ്രകാരമുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ട് എടുക്കാവുന്നതാണ്. സംരംഭങ്ങളുടെ പുനരുജ്ജീവന ധന സഹായത്തിനുള്ള അർഹത ജില്ലാ തല സാങ്കേതിക സമിതി നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം വിലയിരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സഹായം നൽകാവുന്നതുമാണ്. പുനരുദ്ധാരണത്തിനുള്ള ടെക്നോളജി ഫണ്ട്, ടെക്നോനളജി അപ്ഗ്രേഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവ മുകളിൽ ഓരോ ഇനം ഫണ്ടിനുമുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം സംരംഭങ്ങളുടെ പുനരുജ്ജീവനത്തിന് നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(vii) ഇൻകുബേഷൻ ഫണ്ട് : സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയസാധ്യതയുള്ള സംരംഭങ്ങളായി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം, മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തുക വിനിയോഗിക്കാവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭക ആശയങ്ങൾ തയ്യാറാക്കി ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. പ്രസ്തുത ആശയങ്ങൾ ജില്ലാതല സാങ്കേതിക സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കണം. പരിശോധനയിൽ പ്രായോഗികമായും സാമ്പത്തികമായും വിജയ സാദ്ധ്യതയുള്ള ആശയങ്ങളാണെന്ന് കാണുന്നവ നടപ്പാക്കാനുള്ള സാഹചര്യം ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഒരുക്കേണ്ടതാണ്. ഇതിനായി ഇൻകുബേഷനിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങൾ/ സർവകലാശാലകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാർട് അപ് മിഷൻ പോലെയുള്ളവയുടെ നേതൃത്വത്തിലുള്ള ഇൻകുബേഷൻ സെന്ററുകളുടെ സേവനം ഉപയോഗിക്കാം. ഈ മേഖലയിൽ വൈദഗ്ധ്യവും പ്രവൃത്തി പരിചയവും സൗകര്യവുമുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇൻ കുബേഷൻ സേവനം ഉപയോഗിക്കുമ്പോൾ ഇതിനുള്ള ഫീസ് ഈ സ്ഥാപനങ്ങൾ നിബന്ധനകളുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. പരിചയ സമ്പന്നരും വിജയം കൈവരിച്ചവരുമായ സംരംഭകരുടെ (Local/NRK/NRI) സേവനം, മെന്റർ റിസോഴ്സ് പേഴ്സൺമാർ എന്ന നിലയ്ക്ക് ഹാൻഡ് ഹോൾഡിംഗിനും ഇൻകുബേഷൻ സേവനങ്ങൾക്കുമായി ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്. അവർക്ക് അർഹമായ പ്രതിഫലം നൽകാം. ഇൻകുബേഷനുള്ള ചെലവുകൾ വഹിക്കുന്നതിനും പ്രോത്സാഹനം അർഹിക്കുന്നവർക്ക് പരിശീലനവും മൂലധന പിൻതുണയും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(viii) **സീഡ് സപ്പോർട്ട് സ്കീം** : പ്രാദേശിക തലത്തിലുള്ള ഉൽപ്പന്ന–സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ വിജയിക്കുന്നവർക്ക്, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ സീഡ് മണി നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാം. ഇവർക്ക് ഇൻകുബേഷൻ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(3) തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ സംരംഭകന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയും ഖണ്ഡിക 6.5.2 (ബി) പ്രകാരമുള്ള സഹായങ്ങൾ സ്വീകരിക്കാതിരിക്കുകയുമാണെങ്കിൽ ഖണ്ഡിക 6.5.2 (എ) പ്രകാരമുള്ള സബ്സിഡി/ധനസഹായം നൽകാവുന്നതാണ്.

(സി) നൈപുണ്യ വികസനം

തദ്ദേശഭരണ സ്ഥാപനത്തിനുള്ളിലെ അർഹരായവർക്ക് തൊഴിലും വരുമാനവും നേടുന്നതിനുള്ള നൈപുണ്യ പരിശീലനം ചുവടെ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്.

ക്രമ നമ്പർ	ഇനം	പരിശീലന ചെലവ്/ യൂണിറ്റ് നിരക്ക്	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനം (Trade specific skill training)	കേന്ദ്ര നൈപുണ്യ വികസന - സംരംഭകത്വ മന്ത്രാലയത്തിന്റെ കോമൺ കോസ്റ്റ് നോംസ് അനുസരിച്ചുള്ള നിരക്കുകൾ (Training cost and Entitelement cost)	ജനറൽ വിഭാഗം 75 % പട്ടികജാതി വിഭാഗം 100 % പട്ടികവർഗ്ഗ വിഭാഗം 100 %	1. ഒരു പ്രത്യേക മേഖലയിൽ നൈപുണ്യ പരിശീലനം ആവശ്യമായവർക്ക് ഈ പരിശീലനം നൽകാവുന്നതാണ് 2. ദേശീയ സെക്ടർ സ്കിൽ കൗൺസിൽ അംഗീകരിച്ച സിലബസ് പ്രകാരമുള്ള പ്രാദേശിക പരിശീലനമാണ് നൽകേണ്ടത്. 3. പരിശീലന ചെലവ് (Training cost), എൻടൈറ്റിൽമെന്റ് ചെലവ് (Entitlement cost) എന്നിങ്ങനെ രണ്ട് ഘടകങ്ങളാണുള്ളത്. (താമസം ഭക്ഷണം, സ്റ്റഡി മെറ്റീരിയൽസ്, പ്ലേസ്മെന്റ് സപ്പോർട്ട് ചെലവ് മുതലായവയാണ് എൻടൈറ്റിൽമെന്റ് ചെലവുകൾ) 4. പരിശീലനത്തിന് Hands on Training/ ഓൺ ദി ജോബ് പരിശീലനം/അപ്രന്റിസ്ഷിപ്പ് എന്നിവ നൽകണം 5. ട്രേഡുമായി ബന്ധപ്പെട്ട ജോലി ലഭ്യമാക്കലും തുടർ പിന്തുണയും ഉറപ്പാക്കണം 6. സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നൽകണം 7. അഗതി ആശ്രയ, അതിദരിദ്രർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 100 ശതമാനം സബ്സിഡി അനുവദിക്കാവുന്നതാണ്. ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പരിശീലന-എൻടൈറ്റിൽമെന്റ് ചെലവുകൾക്ക് പുറമെ പ്രതിമാസം പരമാവധി 6000 രൂപ നിരക്കിൽ സ്കിൽ സ്കോളർഷിപ്പും പരിശീലന കാലയളവിൽ നൽകാവുന്നതാണ് 8. കേന്ദ്ര സംസ്ഥാന പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ പരിശോധിച്ച് പ്രോജക്ടിന്റെ ഭാഗമാക്കണം 9. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

2	തൊഴിൽ പ്രാപ്തിക്കുവേണ്ട അധിക പരിശീലനം (Industry - readiness and soft skills)	5,000 രൂപ	ജനറൽ വിഭാഗം 50 % പട്ടികജാതി വിഭാഗം 75 % പട്ടികവർഗ്ഗ വിഭാഗം 100%	1. ആവശ്യമായ വിദ്യാഭ്യാസം നേടിയിട്ടും വിദ്യാഭ്യാസ യോഗ്യതയ്ക്കനുയോജ്യമായ തൊഴിൽ നേടിയെടുക്കുന്നതിനുള്ള കാര്യപ്രാപ്തി ഇല്ലാത്തവർക്ക് ഈ പരിശീലനം നൽകാവുന്നതാണ്. 2. ബ്രിഡ്ജ് കോഴ്സ്, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ ഹ്രസ്വ കാല പരിശീലങ്ങളാണ് നൽകേണ്ടത്. 3. സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നൽകണം 4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
3	നിലവിലെ ആർജ്ജിത വൈദഗ്ധ്യത്തിന് അംഗീകാരം നൽകൽ (Recognition of Prior Learning)	5,000 രൂപ (സർട്ടിഫിക്കേഷൻ മാത്രം) 10,000 രൂപ (പരിശീലനവും സർട്ടിഫിക്കേഷനും)	ജനറൽ വിഭാഗം 50 % പട്ടികജാതി വിഭാഗം 75 % പട്ടികവർഗ്ഗ വിഭാഗം 100 %	1. നിലവിലെ വൈദഗദ്ധ്യത്തിന് അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നിലവിലുള്ള വൈദഗ്ധ്യത്തെ കൂടുതൽ മെച്ചപ്പെടുത്തി അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും ഈ പരിശീലനം നൽകാവുന്നതാണ്. 2. സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നൽകണം. 3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
4	അധികനൈപുണ്യവും പുനർ നൈപുണ്യവും (Up-skilling and Re-skilling)	25,000 രൂപ	ജനറൽ വിഭാഗം 50 % പട്ടികജാതി വിഭാഗം 75% പട്ടികവർഗ്ഗ വിഭാഗം 100 %	1. നിലവിൽ ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ളവർക്ക് ആ മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ ഉയർന്ന നിലയിലുള്ള വൈദഗ്ധ്യ പരിശീലനം (Up-skilling) നൽകുകയും ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ളവർക്ക് കൂടുതൽ മെച്ചപ്പെട്ട ജോലി ലഭ്യമാക്കാൻ സഹായിക്കുന്ന തരത്തിൽ പുതിയ മേഖലകളിൽ പരിശീലനം (Re-skilling) നൽകുകയുമാണ് ലക്ഷ്യം. 2. പരിശീലന ചെലവിന്റെ ബാക്കി തുക ഗുണഭോക്താവ് വഹിക്കുകയോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി (Skill Loan) ഗുണഭോക്താവ് കണ്ടെത്തുകയോ വേണം. 3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

5	മികവ് വർദ്ധന പരിപാടി (Performance Improvement Programme - PIP)	10,000 രൂപ	ജനറൽ വിഭാഗം 50 % പട്ടികജാതി വിഭാഗം 75 % പട്ടികവർഗ്ഗ വിഭാഗം 100 %	1. നിലവിലെ ജോലിയെക്കാൾ കൂടുതൽ ഉയർന്ന ജോലി നേടാനുള്ള കഴിവും സാദ്ധ്യതയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം. 2. പരിശീലന ചെലവിന്റെ ബാക്കി തുക ഗുണഭോക്താവ് നൽകണം. 3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

കുറിപ്പ് :- (1) നൈപുണ്യ പരിശീലനത്തിന് സബ്സിഡിക്ക് അർഹതയുള്ള ഗുണഭോക്താക്കളുടെ വരുമാന പരിധി ജനറൽ വിഭാഗത്തിൽ 2.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 3.00 ലക്ഷം രൂപയും ആയിരിക്കും. പട്ടികവർഗ വിഭാഗങ്ങൾക്ക് വരുമാന പരിധി ഇല്ല.

(2) നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച നിരക്കുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കും ബാധമാക്കിയിട്ടുള്ളത്. സെക്ടർ സ്കിൽ കൗൺസിലുകൾ നിരക്കുകൾ പരിഷ്കരിക്കുന്ന മുറയ്ക്ക് പുതുക്കപ്പെടുന്ന നിരക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കും ബാധകമാക്കാവുന്നതാണ്.

(3) നൈപുണ്യ പരിശീലന പരിപാടികൾ കഴിവതും തൊഴിലുമായി ബന്ധപ്പെടുത്തിയായിരിക്കണം ആവിഷ്കരിക്കേണ്ടത്.

(4) കുടുംബശ്രീ മിഷൻ, അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE), കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), നോളഡ്ജ് മിഷൻ എന്നീ ഏജൻസികൾ എംപാനൽ ചെയ്തിട്ടുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന അതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ നൈപുണ്യ പരിശീലന പരിപാടികളുടെ നിർവഹണം നടത്താൻ പാടുള്ളൂ. പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ കാര്യത്തിൽ പട്ടിക ജാതി-പട്ടിക വർഗ വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള പരിശീലന ഏജൻസികൾ മുഖേനയും നിർവഹണം നടത്താവുന്നതാണ്.

(ഡി) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി - പൊതു നിർദേശങ്ങൾ

(1) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും മറ്റ് സംഘടനാപരമായ പ്രവർത്തനങ്ങൾക്കുമായി താഴെപറയുന്ന ചെലവുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവഹിക്കാവുന്നതാണ്.

(i) അവസ്ഥാ പഠനം നടത്തൽ

(ii) സാദ്ധ്യതാ പ്ലാൻ തയ്യാറാക്കൽ

(iii) ബിസിനസ് പ്ലാൻ തയ്യാറാക്കൽ (സാങ്കേതിക വിദഗ്ധരുടെ സഹായം സ്വീകരിക്കുന്നതിനുള്ള ചെലവും വഹിക്കാവുന്നതാണ്).

(iv) സ്കിൽ ഗ്യാപ് അനാലിസിസ് നടത്തൽ

(v) ബിസിനസ് വികസന ശില്പശാലകൾ/ഇന്നവേറ്റേഴ്സ് മീറ്റ് നടത്തൽ

(vi) തൊഴിൽ മേളകൾ സംഘടിപ്പിക്കൽ

(vii) പ്രാദേശിക തലത്തിൽ ഉൽപ്പന്ന-സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണുകൾ നടത്തുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള ചെലവുകൾ

(viii) ജില്ലാതല സംരംഭകത്വ /നൈപുണ്യ വികസന മീറ്റ് സംഘടിപ്പിക്കൽ

(2) ബ്ലോക്ക് പഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

(3) മുകളിൽ സൂചിപ്പിച്ചവ കൂടാതെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ അനുസരിച്ചുള്ള മറ്റ് പ്രവർത്തനങ്ങളും പരിപാടികളും നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) **നിർവ്വഹണ ഉദ്യോഗസ്ഥർ** : പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി രൂപം നൽകുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ബ്ലോക്ക് പഞ്ചായത്തുകളിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറും ജില്ലാ പഞ്ചായത്തുകളിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററും നഗരഭരണ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ / യു.പി.എ പ്രോജക്ട് ഓഫീസറും ആയിരിക്കും. ഗ്രാമപഞ്ചായത്തുകളിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായവും നിർവ്വഹണം സുഗമമാക്കുന്നതിനുള്ള മറ്റ് സഹായങ്ങളും കുടുംബശ്രീ സംവിധാനത്തിലെ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരും നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരും നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കണം. ബ്ലോക്ക് പഞ്ചായത്തുകളിൽ കുടുംബശ്രീ സംവിധാനത്തിലെ ബ്ലോക്ക് കോഓർഡിനേറ്റർമാരും നഗരഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ സംവിധാനത്തിലെ സിറ്റി മിഷൻ മാനേജർമാരും സാങ്കേതിക സഹായവും നിർവ്വഹണം സുഗമമാക്കുന്നതിനുള്ള മറ്റ് സഹായങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കണം. ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്ക് ആയിരിക്കും.

(5) ഖണ്ഡിക 6.5.2 (ബി) (2) ൽ പ്രതിപാദിക്കുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ വിലയിരുത്തൽ മാർഗരേഖയും സാമ്പത്തിക സഹായത്തിന്റെ മാനദണ്ഡങ്ങളും സംബന്ധിച്ചുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

6.5.3 ചെറുകിട വ്യവസായ മേഖലയിലെ വകുപ്പ് പരിപാടികൾ

1. മൾബറിക്കൃഷി

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ സാങ്കേതിക സഹായത്തോടെയും നടപ്പാക്കുന്ന മൾബറിക്കൃഷി പരിപാടിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. ഒരു ഏക്കർ മൾബറി കൃഷി ചെയ്യുന്ന ഒരു കർഷകന് തദ്ദേശഭരണ സ്ഥാപന വിഹിതമായി പരമാവധി അനുവദിക്കാവുന്ന ധനസഹായം ചുവടെ നൽകുന്നു.

ക്രമ നം.	ഘടകം	ധനസഹായം			ആകെ ചെലവ് (രൂപ)
		കേന്ദ്ര വിഹിതം50% (രൂപ)	തദ്ദേശഭരണ സ്ഥാപന വിഹിതം 25 % (രൂപ)	ഗുണഭോക്തൃ വിഹിതം 25% (രൂപ)	
1	മൾബറിതോട്ട നിർമ്മാണം	25,000	12,500	12,500	50,000
2	ജലസേചനം	25,000	12,500	12,500	50,000
3	പുഴു വളർത്തുപുര	1,50,000	75,000	75,000	3,00,000
4	പുഴു വളർത്തു ഉപകരണങ്ങൾ	37,500	18,750	18750	75,000
5	രോഗപ്രതിരോധ വസ്തുക്കൾ	2,500	1,250	1,250	5,000
ആകെ		**2,40,000**	**1,20,000**	**1,20,000**	**4,80,000**

2. കൈത്തറി - ഖാദി വ്യവസായം, ഖാദി ഗ്രാമവ്യവസായ പ്രോത്സാഹനം

(1) ഖാദി ഗ്രാമവ്യവസായ കമ്മീഷൻ (KVIC), ഖാദി ഗ്രാമ വ്യവസായ ബോർഡ് (KVIB) എന്നിവയുടെ ഉല്പാദന യൂണിറ്റുകളുള്ള (Production Unit) സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെയും സംയുക്ത വിപണന ശാലകൾ സ്ഥാപിക്കുക, തറിയും മറ്റു നെയ്ത്ത് ഉപകരണങ്ങളും വാങ്ങി നൽകുക എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

(2) കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ് നടപ്പാക്കുന്ന 'ഒരു വീട്ടിൽ ഒരു തറി' പരിപാടി 75% ഇക വകുപ്പും 10% തദ്ദേശഭരണസ്ഥാപനവും 15% ഗുണഭോക്താവ്/ ബാങ്ക് വായ്പയും എന്ന രീതിയിൽ നടപ്പാക്കാവുന്നതാണ്.

6.6 കുടിവെള്ളം

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	പുതിയ തുറന്ന കിണർ	ജനറൽ വിഭാഗം	50% (പരമാവധി 17,500 രൂപ)	1. പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിൽ മാത്രം. 2. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രം 3. മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം 4. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	യഥാർത്ഥ ചെലവ് (പരമാവധി 35,000 രൂപ)	
2	കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ (ജല അതോറിട്ടിയുടെ കുടിവെള്ള പദ്ധതിയിൽ നിന്നും)	ജനറൽ വിഭാഗം	പരമാവധി 5,000 രൂപ	1. കേരള വാട്ടർ അതോറിറ്റി / ജലനിധി കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നായിരിക്കണം കണക്ഷൻ നൽകേണ്ടത്. 2. കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക നൽകാവുന്നതാണ്. 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	യഥാർത്ഥ ചെലവ്	
3	കുടിവെള്ള ഗാർഹിക കണക്ഷൻ (തദ്ദേശ സ്ഥാപന കുടിവെള്ള പദ്ധതിയിൽ നിന്നും)	ജനറൽ വിഭാഗം	പരമാവധി 2,000 രൂപ	1. തദ്ദേശഭരണസ്ഥാപനത്തിന്റെ കുടിവെള്ളവിതരണ പദ്ധതിയിൽ നിന്നും കണക്ഷൻ എടുക്കുന്നെങ്കിൽ മാത്രം. 2. എൽ.എസ്.ജി.ഡി ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കാം 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	യഥാർത്ഥ ചെലവ്	

4	തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ	ജനറൽ വിഭാഗം	പരമാവധി 8,000രൂപ	1. മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം. 2. കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, ഫ്ളാറ്റ്ഫോം നിർമ്മിക്കുക. മലിനജലം ഒഴുകിപോകുന്നതിന് ചാൽ നിർമ്മിക്കുക. മുകൾഭാഗത്ത് സംരക്ഷണ വലകെട്ടുക 3. എൽ.എസ്.ജി.ഡി ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കാം. 4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം	യഥാർത്ഥ ചെലവ് (പരമാവധി 16,000 രൂപ)	
5	പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ)	പട്ടികജാതി വിഭാഗം	75%	1. ഗുണഭോക്തൃവിഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ അടയ്ക്കണം 2. നിലവിൽ ടാങ്ക് ഉള്ളവർക്കും, ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ല. 3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്..
		പട്ടികവർഗ്ഗ വിഭാഗം	100% (പരമാവധി 4,000 രൂപ)	
6.	മഴവെള്ള സംഭരണി	ജനറൽ വിഭാഗം	50% (പരമാവധി 15,000 രൂപ)	1. 150 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം. എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം. 2. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 3. കറഞ്ഞത് 5000 ലിറ്റർ വെള്ളം ശേഖരിക്കാൻ കഴിയുന്ന സംഭരണി ആകുന്നതാണ് ഉചിതം. 4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	75% (പരമാവധി 22,500രൂപ)	
		പട്ടികവർഗ്ഗ വിഭാഗം	100% (പരമാവധി 30,000രൂപ)	

7.പൊതു നിർദ്ദേശങ്ങൾ

(i) കുടിവെള്ള ക്ഷാമം ഏറെ നേരിടുന്നവർക്കും, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്കും മുൻഗണന നൽകണം.

(ii) പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണ്. പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം. മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ അനിവാര്യമെങ്കിൽ പൊതുടാപ്പുകൾ സ്ഥാപിക്കാൻ അനുവാദം നൽകാവുന്നതാണ്

(iii) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും കുടിവെള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ എടുക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ എടുക്കാൻ പാടില്ല.

(iv) കുടിവെള്ള പ്രോജക്ടുകൾ എടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ നിർവഹണം ആരംഭിക്കാൻ പാടുള്ളൂ . പട്ടികജാതി/പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികളും പൊതു വിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000 രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

(v) ഇടുക്കി, വയനാട് ജില്ലകളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് ഭൂമിയിൽ കുടിവെള്ള ആവശ്യത്തിന് കിണർ കുഴിക്കുന്ന പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. എന്നാൽ കിണർ പൊതുവായി ഉപയോഗിക്കുന്നതിൽ എതിർപ്പ് ഇല്ലെന്നും പൊതു ഉപയോഗത്തിനുള്ള സൗകര്യങ്ങൾ നൽകുന്നതാണെന്നുമുള്ള ഒരു കരാറിൽ ഭൂവുടമയുമായി ഏർപ്പെടണം. ഇങ്ങനെ നിർമ്മിക്കുന്ന കിണറുകളുടെ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.

(vi) ശുദ്ധജല നിർമ്മാണ പ്ലാൻറുകൾ - കുടുംബശ്രീയുമായി സഹകരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശുദ്ധജല നിർമ്മാണ പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി യൂണിറ്റ് കോസ്റ്റായ 25.5 ലക്ഷം രൂപയുടെ 50 ശതമാനത്തിൽ കവിയാത്ത തുക തനത് ഫണ്ട്/വികസനഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. വ്യവസ്ഥകൾ 07/10/2017-ലെ സ.ഉ.(സാധാ)നം.3244/2017 തസ്വഭവ പ്രകാരമായിരിക്കും.

(vii) പൊതു കുടിവെള്ള പ്രോജക്ടുകൾക്ക് വൈദ്യുതി ഏർപ്പെടുത്തുന്നതിന് Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് / തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

6.7 ഭവന നിർമ്മാണം – പുനരുദ്ധാരണം - വയറിംഗ്

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി / ധനസഹായം പരമാവധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	ഭവന നിർമ്മാണം	എല്ലാ വിഭാഗങ്ങൾക്കും	4 ലക്ഷം രൂപ	ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം.
2	ഭൂരഹിത ഭവന രഹിതർക്ക് ഭൂമി	**എ. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ**		ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം.
		ജനറൽ വിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.00 ലക്ഷം രൂപ	
		പട്ടികജാതി വിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ	
		പട്ടികവർഗ്ഗവിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ	
		ബി. മുനിസിപ്പൽ പ്രദേശങ്ങളിൽ		
		ജനറൽ വിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി – 2.70 ലക്ഷം രൂപ	
		പട്ടികജാതി വിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ	
		പട്ടികവർഗ്ഗവിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ	
		സി. കോർപ്പറേഷൻ പ്രദേശങ്ങളിൽ		
		ജനറൽ വിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 5.25 ലക്ഷം രൂപ	
		പട്ടികജാതി വിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ	
		പട്ടികവർഗ്ഗവിഭാഗം	3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ	

3	മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ	ജനറൽ വിഭാഗം	75,000 രൂപ	1. പുതിയ മേൽക്കൂരയ്ക്ക് ഓലയോ, ടാർഷീറ്റോ, ടാർപാളിനോ, ആസ്ബറ്റോസ് ഷീറ്റോ അനുവദനീയമല്ല 2. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തസ്വഭവ ഓവർസിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. 3. കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. 4. തദ്ദേശഭരണസ്ഥാപനം/മറ്റ് വകുപ്പുകളുടെ ധനസഹായത്തോടെ നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം 5. 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല 6. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 7. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി വിഭാഗം	1,00,000 രൂപ	
		പട്ടികവർഗ്ഗ വിഭാഗം	1,00,000 രൂപ	
4	വീട് വാസയോഗ്യമാക്കൽ	ജനറൽ വിഭാഗം	പരമാവധി 1,00,000 രൂപ	1. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം. 2. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. 3. കരാറിലേർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. 4. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം 5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം	പരമാവധി 1,50,000 രൂപ	

5	വീട് വയറിംഗ്	എല്ലാ വിഭാഗങ്ങൾക്കും	പരമാവധി 12,287 രൂപ	1. കണക്റ്റഡ് ലോഡ് 500 വാട്സിൽ താഴെയും പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള കുടുംബത്തിനാണ് ധനസഹായം. നാലു പോയിന്റെങ്കിലും ഉണ്ടാകുന്ന രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) സഹിതം വേണം വയറിംഗ് നടത്തേണ്ടത്. 2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
6	ലക്ഷം വീട് – വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റവീടാക്കൽ	എല്ലാ വിഭാഗങ്ങൾക്കും	ലൈഫ് ഭവന പദ്ധതി മാനദണ്ഡ പ്രകാരം	1. ലൈഫ് ഭവന പദ്ധതിക്ക് FFC ഗ്രാന്റ് ഒഴികെയുള്ള വികസനഫണ്ടിന്റെ കുറഞ്ഞത് 20 ശതമാനം മാറ്റി വച്ചതിനുശേഷമുള്ള വിഹിതത്തിൽ നിന്നും ഇതിനായി തുക കണ്ടെത്താവുന്നതാണ്.

6.8 ശുചിത്വം - മാലിന്യ സംസ്കരണം

(എ) ഖര മാലിന്യ സംസ്കരണ സംവിധാനങ്ങൾ

ക്രമ നം	സംസ്കരണ സംവിധാനം		തദ്ദേശഭരണ സ്ഥാപന വിഹിതം		ശുചിത്വമിഷൻ വിഹിതം		ഗുണ ഭോക്തൃ വിഹി തം	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
			റൂറൽ	അർബൻ	റൂറൽ	അർബൻ		
I	**ഗാർഹികതലം**							
1	ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ- കമ്പോസ്റ്റിംഗ് യൂണിറ്റ്- ഗാർഹിക തലം	ഓപ്ഷൻ 1	60%	60%	30 %	30 %	10 %	1. അംഗീകൃത സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കണം. (അനുബന്ധം 3 കാണുക) 2. അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന. 3. വരുമാന പരിധി ബാധകമല്ലാതെ എല്ലാവർക്കും നൽകാം. 4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഓപ്ഷൻ 2	90 %	90 %	-	-	10 %	
2	ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ	ഓപ്ഷൻ 1	60% പരമാവധി 6,480 രൂപ	60% പരമാവധി 6,480 രൂപ	30% പരമാവധി 3,240 രൂപ	30% പരമാവധി 3,240 രൂപ	ബാക്കി തുക	1. അംഗീകൃത സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കണം. (അനുബന്ധം 3 കാണുക) 2. അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന. 3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഓപ്ഷൻ 2	90% (പരമാവധി 9,720 രൂപ)	90% (പരമാവധി 9,720 രൂപ)	-	-	ബാക്കി തുക	

II സ്ഥാപനതലം (Institution Level)

ക്രമ നം	സംസ്കരണ സംവിധാനം		തദ്ദേശഭരണ സ്ഥാപന വിഹിതം		ശ്രീചിത്രമിഷൻ വിഹിതം		ഗുണ ഭോക്തൃ വിഹി തം	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
			റൂറൽ	അർബൻ	റൂറൽ	അർബൻ		
1	കമ്പോസ്റ്റിംഗ് ആന്റ് ബയോ മെതനേഷൻ ഗ്യാസ് പ്ലാന്റ് [സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് ഉൾപ്പെടെ)]	ഓപ്ഷൻ 1	--	--	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100%	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100%	--	1. യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശ്രീചിത്രമിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കണം 2. ജൈവമാലിന്യം മറ്റു രീതികളിൽ സംസ്കരിക്കാൻ സ്ഥലപരിമിതിയുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണം 3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഓപ്ഷൻ 2	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100%	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100%	--	--	--	
2	കമ്പോസ്റ്റിംഗ് ആന്റ് ബയോ മെതനേഷൻ ഗ്യാസ് പ്ലാന്റ് [സ്വകാര്യ സ്ഥാപനങ്ങൾ- റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, ക്വാർട്ടേഴ്സുകൾ, സ്വകാര്യ ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മറ്റു സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്]		ഇല്ല	ഇല്ല	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 50% (പരമാവധി ഒരു ലക്ഷം)	എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 50% (പരമാവധി ഒരു ലക്ഷം)	ബാക്കി തുക	

III	**കമ്മ്യൂണിറ്റിതലം (Community Level)**							
	ബയോഗ്യാസ് പ്ലാൻറ്, വിന്റോ കമ്പോസ്റ്റ്, എയ്റോബിക് ബിൻ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ, എം.സി.എഫ്. ആർ.ആർ.എഫ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നീ സംവിധാനങ്ങൾക്ക് വേണ്ട യന്ത്ര സാമഗ്രികളും പശ്ചാത്തല സൗകര്യം സ്ഥാപിക്കലും നിലവിലുള്ളവയുടെ നവീകരണവും (O & M) അടക്കം)	ഓപ്ഷൻ 1 ഓപ്ഷൻ 2	എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25% എസ്റ്റിമേറ്റ് തുകയുടെ 100%	എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25% എസ്റ്റിമേറ്റ് തുകയുടെ 100%	ബാക്കി തുക -	ബാക്കി തുക -	- -	1. യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്. 2. പശ്ചാത്തല സൗകര്യം മാത്രമുള്ള പ്രോജക്ടുകൾ പരിഗണിക്കാൻ പാടില്ല. (ഉദാ. റോഡ്, ചുറ്റുമതിൽ, ഓട തുടങ്ങിയവ) 3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

(ബി) ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ

I	**ഗാർഹികതലം**							
ക്രമ നം	**സംസ്കരണ സംവിധാനം**		**തദ്ദേശഭരണ സ്ഥാപന വിഹിതം**		**ശുചിത്വമിഷൻ വിഹിതം**		**ഗുണഭോക്തൃ വിഹി തം**	**മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ**
			റൂറൽ	**അർബൻ**	**റൂറൽ**	**അർബൻ**		
1	സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ	ഓപ്ഷൻ 1	--	--	--	തീര പ്രദേശങ്ങളിൽ 25,000 രൂപയും മറ്റിടങ്ങളിൽ 20,000 രൂപയും	ബാക്കി തുക	1. ഒരു മീറ്റർ വ്യാസവും 2.3 മീറ്റർ നീളമുള്ളതും ദിനംപ്രതി 25 ഫ്ലഷിംഗ് കപ്പാസിറ്റിയോടു കൂടിയതുമായ പ്രീ ഫാബ്രിക്കേറ്റഡ് സിന്തറ്റിക് സെപ്റ്റിക് ടാങ്ക് യൂണിറ്റ് 2.കുറഞ്ഞത് 85 സെന്റിമീറ്റർ വ്യാസവും 250 സെന്റീ മീറ്റർ നീളവുമുള്ളതുമായ ഡ്രൈയിൻ പൈപ്പ് സ്ഥാപിച്ചിരിക്കണം. 3. കുറഞ്ഞത് 1.2m X 1.2m X1.2m അളവുകളോടു കൂടിയ സോക്ക്പിറ്റ് ഉണ്ടായിരിക്കണം. 4.വരുമാന പരിധി ബാധകമാക്കാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും നൽകാം. 5.ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഓപ്ഷൻ 2	എസ്റ്റിമേറ്റ് തുകയുടെ 90 % പരമാവധി 20,000 രൂപ	എസ്റ്റിമേറ്റ് തുകയുടെ 90 % പരമാവധി 20,000 രൂപ	--	--	ബാക്കി തുക	

2	ബയോ ഡൈജസ്റ്റർ സ്ഥാപിക്കൽ	ഓപ്ഷൻ 1	--	--	പരമാവധി 50,000 രൂപ	പരമാവധി 50,000 രൂപ	ബാക്കി തുക	ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്
		ഓപ്ഷൻ 2	--	പരമാവധി 50,000 രൂപ	--	--	ബാക്കി തുക	നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രം പ്രോജക്ട് എടുക്കാവുന്നതാണ്.
II	**സ്ഥാപനതലം**							
	എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഇ.റ്റി.പി),വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (ഡബ്ല്യു.ഡബ്ല്യു.റ്റി.പി) (സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് ഉൾപ്പെടെ)	ഓപ്ഷൻ -1		-	എസ്റ്റിമേറ്റ് തുകയുടെ 100%	എസ്റ്റിമേറ്റ് തുകയുടെ 100%	ഇല്ല	1. അംഗീകൃത DPR അനുസരിച്ചുള്ള ആസ്തി സ്ഥാപിക്കുന്നതിന് 2. ശുചിത്വ മിഷന്റെ അംഗീകാരമുള്ള ഏജൻസി വഴി ടെൻഡർ മുഖേന ഡി.പി.ആർ തയ്യാറാക്കണം. സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം ശുചിത്വ മിഷന്റെ അംഗീകാരമുള്ള സേവന ദാതാവ് വഴി ടെൻഡർ നടപടി പ്രകാരം പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. 3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഓപ്ഷൻ -2	എസ്റ്റിമേറ്റ് തുകയുടെ 100%	എസ്റ്റിമേറ്റ് തുകയുടെ 100%	-	-	ഇല്ല	

III **കമ്മ്യൂണിറ്റിതലം(Community Level)**

	എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്(ഇ.റ്റി.പി), സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്നുള്ളതടക്കം)	ഓപ്ഷൻ 1	എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25%	എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25%	ബാക്കി തുക	ബാക്കി തുക	ഇല്ല	1. DPR പ്രകാരമുള്ള ആസ്തി സ്ഥാപിക്കുന്നതിന്. 2. ശുചിത്വ മിഷന്റെ അംഗീകാരമുള്ള ഏജൻസി വഴി ടെൻഡർ മുഖേന ഡി.പി.ആർ തയ്യാറാക്കണം. സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം ശുചിത്വ മിഷന്റെ അംഗീകാരമുള്ള സേവന ദാതാവ് വഴി ടെൻഡർ നടപടി പ്രകാരം പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. 3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
		ഓപ്ഷൻ 2	എസ്റ്റിമേറ്റ് തുകയുടെ 100%	എസ്റ്റിമേറ്റ് തുകയുടെ 100%	-	-	ഇല്ല	

കുറിപ്പ് : ശുചിത്വ മിഷന്റെ വിഹിതം കൂടി ഉൾക്കൊള്ളുന്നവയാണ് ഓപ്ഷൻ 1. ശുചിത്വമിഷന്റെ വിഹിതം ഇല്ലാതെ നടപ്പാക്കുന്നവയാണ് ഓപ്ഷൻ 2.

എല്ലായ്പ്പോഴും ഓപ്ഷൻ 1 നാണ് പ്രാഥമിക പരിഗണന നൽകേണ്ടത്.

(സി) ഖരമാലിന്യ സംസ്കരണത്തിനുള്ള സാദ്ധ്യതകൾ

(i) **സാനിട്ടേഷൻ കിയോസ്ക്/ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ :** ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇതിനുള്ള ഉപാധികളും (കമ്പോസ്റ്റിംഗ്/ ബയോമെതനേഷൻ) ഇനോക്കുലം മുതലായ വസ്തുക്കളും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും ശുചിത്വ മിഷന്റെയും അംഗീകൃത സേവനദാതാക്കളുടെയും സ്വയംസഹായ സംഘങ്ങളുടെയും സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സാനിട്ടേഷൻ കിയോസ്ക് സ്ഥാപിക്കാം. സാനിട്ടേഷൻ കിയോസ്ക് ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററായും പ്രവർത്തിക്കേണ്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് സംശയനിവാരണം നടത്തുന്നതിനും യൂസർ ഫീ അടയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തണം. ജൈവ ഖരമാലിന്യ സംസ്കരണത്തിനുള്ള ചെറു ഉപാധികൾ, കിച്ചൻബിൻ, ബയോബിൻ, റിംഗ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ്, പ്രകൃതിസൗഹൃദ വസ്തുക്കൾ, ഇനോക്കുലം മുതലായവ ഇതുവഴി ലഭ്യമാക്കണം. സാനിട്ടറി കിയോസ്ക്/ ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട്, വികസന ഫണ്ട് എന്നിവ ഉപയോഗിക്കാം. നിലവിൽ കെട്ടിട സൗകര്യം ഉണ്ടെങ്കിൽ ആ കെട്ടിടത്തിലോ, അല്ലായെങ്കിൽ ഒരു സെമി പെർമനെന്റ് ഷെഡ് ഉണ്ടാക്കി/ വാടകയ്ക്ക് എടുത്ത് ഇതിനായി സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ ഇതിനുള്ള തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതുമാണ്.

(ii) **ഇനോക്കുലം നിർമ്മാണ യൂണിറ്റ് :** അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പരിശീലനം ലഭിച്ച വ്യക്തികൾക്ക് ഇനോക്കുലം (സൂക്ഷ്മാണു മിശ്രിതം) നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന കോൺസെൻട്രേറ്റ് വേണം ഇനോക്കുലം നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്. ഈ യൂണിറ്റുകൾ നിർമ്മിക്കുന്ന ഇനോക്കുലം വാങ്ങി, ജില്ലാതലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ, 90 ശതമാനം സബ്സിഡിയോടെ ഹരിത കർമ്മസേന വഴി വിതരണം ചെയ്യാവുന്നതാണ്. യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകാം. എന്നാൽ ഇനോക്കുലം സംരംഭകരിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് /നഗരഭരണ സ്ഥാപനങ്ങൾ മാത്രമേ എടുക്കാൻ പാടുള്ളൂ.

(iii) **സംരംഭങ്ങൾക്ക് സൗജന്യ മാലിന്യ സംസ്കരണ സംവിധാനവും ജൈവവള ഉല്പാദനത്തിന് ഇൻസെന്റീവും** : തദ്ദേശഭരണ സ്ഥാപനതലത്തിൽ പുതുതായി ആരംഭിക്കുന്ന, കാർഷിക ഫാമുകൾ, പക്ഷി-മൃഗ-ക്ഷീര ഫാമുകൾ, മത്സ്യകൃഷി ഫാമുകൾ ചെറുകിടവ്യവസായങ്ങൾ എന്നിവയ്ക്ക് അനുയോജ്യവും ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ സൗജന്യമായി നിർമ്മിച്ച് നൽകാം. ഇത് പ്രവർത്തിപ്പിക്കുന്നതിനായി ഉടമ തന്നെ ആവശ്യമായ തൊഴിലാളികളെ നിയോഗിക്കണം. അവർക്ക് പ്ലാന്റ് പരിപാലനത്തിലും മൂല്യവർദ്ധിത ജൈവ വള നിർമ്മാണത്തിനുമുള്ള പരിശീലനം നൽകാവുന്നതാണ്. പൊതുജനങ്ങളുടെ പരാതി ഇല്ലാതെ പ്ലാന്റ് പ്രവർത്തിപ്പിച്ച് മാലിന്യം സംസ്കരിച്ചതിന്റെയും ഉല്പാദിപ്പിച്ച ജൈവ വളത്തിന്റെയും വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന ഫാം ഉടമയ്ക്ക് ഉണമേന്മയുള്ള ജൈവവളം ഉൽപ്പാദനത്തിനുള്ള വാർഷിക ഇൻസെന്റീവ് നൽകാവുന്നതാണ്.

(ഡി) ഖര-ദ്രവ മാലിന്യ സംസ്കരണം – മറ്റു നിർദ്ദേശങ്ങൾ

(1) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യു.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്. [സ.ഉ.(സാധാ)നം.2307/2021/തസ്വഭവ തീയതി 18.11.2021 കാണുക]. 2022-23 ൽ തന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഇത് പ്രവർത്തനക്ഷമാക്കേണ്ടതാണ്.

(2) ഗാർഹിക ബയോ മെഡിക്കൽ മാലിന്യങ്ങളുടെ (ഡ്രൈ വേസ്റ്റ്, വെറ്റ് വേസ്റ്റ്) ശേഖരണം, സംഭരണം, കൈയ്യൊഴിയൽ എന്നിവയ്ക്കായി സ.ഉ.(സാധാ)നം.1227/2022/തസ്വഭവ; തീയതി 16.05.2022 പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(3) നിർമ്മാണ പ്രവർത്തനങ്ങളുടെയും നിർമ്മിതികൾ പൊളിച്ചു നീക്കുന്നതിന്റെയും ഫലമായുണ്ടാകുന്ന അവശിഷ്ടങ്ങൾ (C&D Waste) സംഭരിക്കുന്നതിനും അവ സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(4) പ്ലാസ്റ്റിക്, ഗ്ലാസ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അവ recycle/upcycle ചെയ്ത് പുനഃരുപയോഗിക്കുന്നതിനുമുള്ള സംയോജിത മാലിന്യ സംസ്കരണ പ്ലാന്റുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(5) വീടുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്ക്രാപ്പും, പാഴ്വസ്തുക്കളും ശേഖരിക്കുന്ന പിക്ക്അപ്പ് പേഴ്സൺമാരെ (റാഗ് പിക്കർ/വേസ്റ്റ് പിക്കർ/വേസ്റ്റ് കളക്ടർ) കണ്ടെത്തി അവരുടെ രജിസ്ട്രേഷൻ നടത്തുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും അത്തരം വ്യക്തികൾ/ ഏജൻസികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇവരുടെ സേവനം ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

(6) ഹരിതകർമ്മ സേനകൾ വഴിയുള്ള അജൈവ മാലിന്യശേഖരണത്തിലൂടെ ഖരമാലിന്യ സംസ്കരണ രംഗത്ത് ഏറെ മുന്നോട്ട് പോകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിലെ വിടവുകളെ അഭിസംബോധന ചെയ്യുന്നതിനും ഹരിത കർമ്മ സേനകളെ ശക്തിപ്പെടുത്തുന്നതിനും ഉള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഹരിത കർമ്മസേനകൾക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹനങ്ങൾ വാങ്ങി നൽകാവുന്നതാണ്.

(7) ഹരിത കർമ്മസേനകളുടെ വരുമാനം സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണം. പ്രാരംഭ ഘട്ടങ്ങളിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) അനുവദിക്കുന്നു സാഹചര്യം നിലനിൽക്കുന്നതിനാൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വി.ജി.എഫ് നൽകാവുന്നതാണ്.

(i) നിലവിൽ വാതിൽപ്പടി ശേഖരണം നടത്തി വരുന്ന ഹരിത കർമ്മ സേനകൾക്ക് പരമാവധി 2022 നവംബർ 30 വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. എന്നാൽ 2022 നവംബർ 30-ന് ഒരു വർഷം ആകാത്ത ഹരിത കർമ്മ സേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിച്ച തീയതി മുതൽ പരമാവധി ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മ സേനകളുടെ പ്രവർത്തനവും വാതിൽപ്പടി സേവനവും കാര്യക്ഷമമാക്കുകയും വരുമാനം സ്ഥായിയാക്കുകയും വേണം.

(ii) പുതുതായി രൂപീകരിക്കുന്ന ഹരിതകർമ്മസേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്.

(iii) സ.ഉ.(സാധാ)നം.1250/2021/തസ്വഭവ; തീയതി 02.07.2021 മുഖേന നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടത്.

(iv) വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് തനതു ഫണ്ട് / പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്/ബേസിക് ഗ്രാന്റ്) എന്നിവ ഉപയോഗിക്കാവുന്നതാണ്.

(8) അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയ്ക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കണം. തീപിടുത്ത സാധ്യതാ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ, വെയിംഗ് മെഷീൻ, തൊഴിലാളികൾക്ക് വേണ്ട ടോയിലറ്റ്, ചെയിഞ്ചിംഗ് റൂം, എന്നിവ സ്ഥാപിക്കണം. ആർ.ആർ.എഫ് ബ്ലോക്ക് തലത്തിൽ ഒന്ന് എന്ന രീതിയിൽ സ്ഥാപിക്കുന്നതാകും അഭികാമ്യം. എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ നടത്തിപ്പിനായി ദിവസവേതനാടിസ്ഥാനത്തിൽ കെയർ ടേക്കറെ (ടെക്നീഷ്യൻ) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും അതിനായി സ.ഉ.(പി)നം.29/2021/ധന തീയിതി 11.01.2021-ലെ കാറ്റഗറി I വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് അനുവദനീയമായ ദിവസവേതനം

നൽകാവുന്നതുമാണ്. പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം)/ പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്)/ തനത് ഫണ്ട് എന്നിവയിൽ നിന്നും ഇതിനായുള്ള തുക കണ്ടെത്താവുന്നതുമാണ്.

(9) ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴി കക്കൂസുകളാക്കുകയോ സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുകയോ ചെയ്ത് ശുചിത്വ കക്കൂസുകളാക്കി മാറ്റുന്നതിനുള്ള റെട്രോഫിറ്റിംഗിനായി ഒരു ഗുണഭോക്തൃവിന് തദ്ദേശഭരണ സ്ഥാപന ഓവർസീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 10,000 രൂപയിൽ അധികരിക്കാത്ത ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്), തനത് ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(10) അഴുക്കുചാലുകൾ, സെപ്റ്റിക് ടാങ്കുകൾ, മാൻഹോളുകൾ, സ്വീവർ ലൈനുകൾ എന്നിവയുടെ ശുചീകരണം, തടസം നീക്കൽ, സ്ലഡ്ജ് നീക്കം ചെയ്യൽ എന്നിവ യന്ത്രങ്ങൾ ഉപയോഗിച്ചും മറ്റ് അത്യാധുനിക സംവിധാനങ്ങളുടെ സഹായത്തോടെയും നഗരഭരണ സ്ഥാപനങ്ങൾ നിർവഹിക്കണം. ഇതിനായി വാങ്ങാവുന്ന യന്ത്രങ്ങളുടെ/ ഉപകരണങ്ങളുടെ/വാഹനങ്ങളുടെ ലിസ്റ്റും വിലയും ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതാണ്. ഇതിനാവശ്യമായ പ്രോജക്ടുകൾക്ക് പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്), ശുചിത്വ മിഷൻ വിഹിതം, തനത് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്.

(11) 'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിനിന്റെ ഭാഗമായി ഉയർന്നുവന്ന ഖര-ദ്രവ മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(12) നഗരഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുമായി (KSWMP) സംയോജിപ്പിക്കേണ്ടതാണ്.

(13) ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ അനുയോജ്യമായ ഭൂമി /കെട്ടിടം കണ്ടെത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഇതിനായി ഭൂമി/കെട്ടിടം വാങ്ങേണ്ടതുണ്ടെങ്കിൽ ആവശ്യമായ തുക പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്), തനത് ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തണം. ഭൂമി വാങ്ങുന്നതിന് ഖണ്ഡിക 8.2-ൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

(14) ജലസ്രോതസ്സുകൾ, പൊതു സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിലും പരിസരങ്ങളിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വ്യാപാരി-വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പ്രദേശവാസികൾ, സ്കൂൾ പി.റ്റി.എ, എച്ച്.എം.സി. എന്നിവരുടെ സഹായത്തോടെ സി.സി ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(15) ജല ഗുണനിലവാരം ഉറപ്പാക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് തങ്ങളുടെ നിയന്ത്രണത്തിലുള്ള ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ലാബുകളുടെ തുടർപ്രവർത്തനത്തിനാവശ്യമായ തുക ജില്ലാപഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തണം. ജലഗുണനിലവാരം സംബന്ധിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും അത് ആരോഗ്യ വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടിയും സ്വീകരിക്കണം. എം.എൽ.എ ഫണ്ടിൽ നിന്നും ആ സ്കൂളിലേക്ക് ഇതിനായി തുക അനുവദിച്ചിട്ടില്ലെങ്കിൽ മാത്രമേ ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുക്കാവൂ.

6.9 അക്ഷയ ഊർജ്ജം

ക്രമ നം	പ്രോജക്ട്	യൂണിറ്റ് നിരക്ക്	സബ്സിഡി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര പ്ലാന്റ് ശേഷി 1 KW (Off Grid Solar Power plants)	1,50,000 രൂപ	എല്ലാ വിഭാഗങ്ങൾക്കും 20% (പരമാവധി 30,000 രൂപ)	1. നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള 1 KW ശേഷിയുള്ള സൗരമേൽക്കൂര വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികളുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. ഗുണഭോക്താക്കൾ ഈ കമ്പനികൾ മുഖേനയാണ് പ്ലാന്റ് സ്ഥാപിക്കേണ്ടത്. 2. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
2	സൗര ഗാർഹിക വിളക്ക് (Solar Domestic Light)	4,000 രൂപ	ജനറൽ വിഭാഗം -40% (പരമാവധി 1,600 രൂപ) പട്ടികജാതി വിഭാഗം 75% (പരമാവധി 3,000 രൂപ) പട്ടികവർഗ്ഗ വിഭാഗം – 100% (പരമാവധി 4000 രൂപ)	1. നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സൗരഗാർഹികവിളക്ക് വിതരണം ചെയ്യുന്ന കമ്പനികളുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കൾക്ക് സൗരഗാർഹിക വിളക്ക് വാങ്ങി വിതരണം ചെയ്യാവുന്നതാണ്. 2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
4	ബയോഗ്യാസ് പ്ലാന്റ് - (പോർട്ടബിൾ മോഡൽ)- 0.75 ക്യുബിക് മീറ്റർ ഗ്യാസ് ലഭിക്കുന്നു)	18,000 രൂപ	ജനറൽ വിഭാഗം – 50% (പരമാവധി 9,000 രൂപ) പട്ടികജാതി വിഭാഗം – 75% (പരമാവധി 13,500 രൂപ) പട്ടികവർഗ്ഗ വിഭാഗം – 100% (പരമാവധി 18,000രൂപ)	1. 0.75 ക്യുബിക് മീറ്റർ പ്രതിദിനശേഷിയുള്ള FRP നിർമ്മിതമായ ഗാർഹിക പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച നൽകുന്നവരുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. ഈ ലിസ്റ്റിൽ നിന്ന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. 2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.
5	മെച്ചപ്പെട്ട വിറകടുപ്പ്	5000 രൂപ	ജനറൽ വിഭാഗം –75% (പരമാവധി 3,750 രൂപ) പട്ടികജാതി വിഭാഗം – 90% (പരമാവധി 4,500 രൂപ) പട്ടികവർഗ്ഗ വിഭാഗം – 100% (പരമാവധി 5,000 രൂപ)	1. മെച്ചപ്പെട്ട വിറകടുപ്പുകളുടെ മോഡലുകളും അവ സ്ഥാപിച്ച നൽകുന്നവരുടെ അംഗീകൃത ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. 2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

6.9.6 സൂക്ഷ്മ ജല വൈദ്യുത പദ്ധതികൾ (Micro Hydro Power Projects)

കേരളത്തിൽ പ്രത്യേകിച്ച് മലയോര മേഖലകളിൽ ഒരു കിലോവാട്ട് മുതൽ 10 കിലോ വാട്ട് വരെ ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. യുടെ നിലവിലുള്ള വൈദ്യുതി ലൈനുമായി ബന്ധിപ്പിച്ചുകൊണ്ട് ആരംഭിക്കാൻ കഴിയും. ഇ.എം.സി യുടെ സാങ്കേതിക സഹായം പദ്ധതി നടത്തിപ്പിന് ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നേരിട്ട് ഇത്തരം പ്ലാന്റുകൾ ആരംഭിക്കാവുന്നതാണ്. ഒപ്പം സ്വകാര്യ സംരംഭകർ സ്വന്തം ഭൂമിയിലോ പാട്ടവ്യവസ്ഥയിലുള്ള ഭൂമിയിലോ നിർമ്മിക്കുന്ന ഇത്തരം സംരംഭങ്ങൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും താഴെപറയും പ്രകാരം ധനസഹായം നൽകാവുന്നതാണ്. സ്വതന്ത്ര സംരംഭം എന്ന നിലയിലോ സംരംഭങ്ങൾക്കു വേണ്ട ഊർജ്ജ സ്രോതസ്സ് എന്ന നിലയിലോ ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്.

(i) ഒരു കിലോ വാട്ടിന് ഒന്നരലക്ഷം രൂപ മതിപ്പ് ചെലവ് എന്ന കണക്കിൽ പൊതു വിഭാഗത്തിന് 20 ശതമാനവും SC വിഭാഗത്തിന് 75 ശതമാനവും ST വിഭാഗത്തിന് 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ്.

(ii) വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകണം.

6.10 സഹകരണം

(1) പൊതുവ്യവസ്ഥകൾ

1. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.

2. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പൂർണ്ണമായും തങ്ങളുടെ പ്രദേശത്തിനുള്ളിൽ പ്രവർത്തന പരിധിയുള്ള (area of operation) സഹകരണ സംഘങ്ങൾക്ക് മാത്രമാണ് ധനസഹായം നൽകാവുന്നത്. എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ അവയുടെ പ്രവർത്തന പരിധി ഭാഗികമായി മറ്റ് ഗ്രാമപഞ്ചായത്തുകളിൽ/ നഗരഭരണ സ്ഥാപനങ്ങളിൽ കൂടിയുണ്ടെങ്കിലും അവയ്ക്ക് ധനസഹായം നൽകാവുന്നതാണ്.

3. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിലും ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് പ്രദേശത്തിനുള്ളിലും ഭാഗികമായി പ്രവർത്തന പരിധിയുള്ള ഉണഭോക്തൃ സംഘങ്ങൾക്ക് അവയുടെ പ്രവർത്തന പരിധി നഗരപ്രദേശങ്ങളിൽ കൂടിയുണ്ടെങ്കിലും ധനസഹായം നൽകാവുന്നതാണ്.

(2) അപേക്ഷ സ്വീകരിക്കൽ

1. തദ്ദേശഭരണ സ്ഥാപനതലത്തിലെ യോഗ്യതയുള്ള എല്ലാസംഘങ്ങൾക്കും അപേക്ഷിക്കാം.

2. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട് പ്രൊപ്പോസൽ നൽകണം.

3. ഇതേ ഇനങ്ങൾക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ ആനുകൂല്യം നേടിയിട്ടുണ്ടാകാൻ പാടില്ല.

(3) യോഗ്യതാ മാനദണ്ഡങ്ങൾ

1. സംഘം മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്നതായിരിക്കണം.

2. ധനസഹായം നൽകുന്നതിന് തൊട്ടുമുമ്പുള്ള വർഷം പ്രവർത്തന ലാഭമുള്ളതായിരിക്കണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ 3 വർഷങ്ങൾക്കിടയിൽ ഒരു വർഷമെങ്കിലും 50 ശതമാനത്തിലധികം പ്രവർത്തനനഷ്ടം ഉണ്ടായിട്ടില്ല എന്ന നിബന്ധന മതിയാകും.

3. ധനസഹായം നൽകുന്നതിന് തൊട്ടുമുമ്പുള്ള വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

4. നിർമ്മാണ പ്രവർത്തികൾ ഉണ്ടെങ്കിൽ പ്ലാനും എസ്റ്റിമേറ്റും, വാങ്ങൽ ഉണ്ടെങ്കിൽ ഇൻവോയ്സും ഹാജരാക്കണം.

5. പ്രോജക്ട് അടങ്കലിൽ സംഘത്തിന്റെ വിഹിതം എത്രയാണെന്നുള്ള ഭരണ സമിതിയുടെ സാക്ഷ്യപത്രം ഹാജരാക്കണം.

(4) മൻഗണനാ മാനദണ്ഡങ്ങൾ

1. പെയിഡ് സെക്രട്ടറിയുണ്ടായിരിക്കണം.
2. ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ എടുത്ത സംഘങ്ങൾ.
3. പ്രതീക്ഷിക്കുന്ന ഉല്പാദനവർദ്ധനവിന്റെയും, തൊഴിലവസര വർദ്ധനവിന്റെയും, സേവനഗുണമേന്മാ വർദ്ധനവിന്റെയും, നിർണ്ണയിക്കപ്പെടുന്ന മറ്റ് ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ മാർക്ക് നൽകി മുൻഗണനാലിസ്റ്റ് തയ്യാറാക്കണം.
4. വിപണന സൗകര്യം വർദ്ധിപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് മുൻഗണന നൽകണം.
5. മറ്റ് മുൻഗണനകൾ തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിക്കാവുന്നതാണ്.

(5) തെരഞ്ഞെടുപ്പ് പ്രക്രിയ

1) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പ്രൊപ്പോസലുകൾ പരിശോധിക്കണം. സംഘത്തിന്റെയും ഓഡിറ്റ് വിഭാഗത്തിന്റേയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് അർഹതാ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരം വാങ്ങണം.

2) സഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടതായി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ പ്രോജക്ട് നിർവ്വഹണത്തിന് സംഘത്തിന്റെ ഭരണസമിതി തീരുമാനമെടുക്കേണ്ടതും സെക്രട്ടറി തദ്ദേശഭരണ സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതുമാണ്.

6.10 (എ) ക്ഷീര സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	ഇനം	സബ്സിഡി ശതമാനം	പരമാവധി സബ്സിഡി തുക	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	സംഘങ്ങളിൽ പാസ്ചറൈസേഷൻ പ്ലാൻറുകൾ സ്ഥാപിക്കൽ	ചെലവിന്റെ 50%	14 ലക്ഷം രൂപ	മുൻവർഷം പ്രതിദിനം ശരാശരി 3000 ലിറ്റർ പാൽ കൈകാര്യം ചെയ്ത സംഘങ്ങൾ
2	പാൽ ശീതീകരണികൾ വാങ്ങുന്നതിന്	വിലയുടെ 50%	4 ലക്ഷം രൂപ	മുൻവർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ കൈകാര്യം ചെയ്ത സംഘങ്ങൾ
3	ഓട്ടോമാറ്റിക് മിൽക് പാസ്റ്റിംഗ് മെഷീൻ	വിലയുടെ 50%	4 ലക്ഷം രൂപ	മുൻവർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിച്ചതും 200 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതുമായ സംഘങ്ങൾ.
4	പാൽ ശേഖരിക്കുന്ന മുറികൾ	ചെലവിന്റെ 50%	2 ലക്ഷം രൂപ	മുൻ വർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിച്ച സംഘങ്ങൾ
5	ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്	ചെലവിന്റെ 50%	1 ലക്ഷം രൂപ	മുൻ വർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിച്ച സംഘങ്ങൾ
6	പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഉപകരണം	വിലയുടെ 50%	50,000 രൂപ	മുൻ വർഷം പ്രതിദിനം 200 ലിറ്റർ പാൽ ശേഖരിച്ച സംഘങ്ങൾ
7	സ്റ്റെയിൻലസ് സ്റ്റീൽ അലോയ്- 304 ഗ്രേഡ് 40 ലിറ്റർ സംഭരണി	വിലയുടെ മൂന്നിലൊന്ന് (33 1/3 %)	ഒരു സംഭരണിക്ക് പരമാവധി 2000 രൂപ	ഒരു സംഘത്തിന് പരമാവധി 10 സംഭരണികൾ
8	മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീര സംഘങ്ങൾക്കുള്ള മിൽക് ടാൻ സ്പോർട്ടേഷൻ അസിസ്റ്റൻസ്	യഥാർത്ഥ ചെലവ് (പരമാവധി പ്രതിമാസം 5000 രൂപ)		1. മിൽക്ക് റൂട്ട് ഇല്ലാത്ത പ്രദേശങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നതിന് 2. പുതിയതായി ആരംഭിച്ച ക്ഷീരസംഘങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ
9	ക്ഷീര സംഘങ്ങൾക്ക് കീഴിൽ മൊബൈൽ മിൽക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക	75 %.	പരമാവധി 1,00,000 രൂപ	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് ഈ യൂണിറ്റുകൾ തുടങ്ങുന്നതിന് ക്ഷീരസംഘങ്ങൾ മുൻഗണന നൽകേണ്ടതാണ്
10	ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്	ഒരു സംഘത്തിന് 2,00,000 രൂപ (ഒറ്റത്തവണ)		1. ഒരു ഗുണഭോക്താവിന് കറവ പശുവിനെ വാങ്ങാൻ 40,000 രൂപ ക്രമത്തിൽ ധനസഹായം നൽകുന്നതാണ് പദ്ധതി. 2. ഈ തുക നൽകുന്ന തീയതി മുതൽ ഗുണഭോക്താവിൽ നിന്നും ഓരോ മാസവും നിശ്ചിത തുക വച്ച് പാൽ വിലയിൽ കുറവ് ചെയ്യുകയോ/ തിരിച്ചടവായി പണം വാങ്ങുകയോ വേണം. 3. ഇങ്ങനെ സ്വരൂപിക്കുന്ന തുക അർഹതപ്പെട്ട അടുത്ത ഗുണഭോക്താവിന് നൽകേണ്ടതാണ്. ഈ പ്രക്രിയ തുടരണം

കുറിപ്പ്: (1) ക്രമ നമ്പർ 1,2,3,5,6 എന്നിവ ക്ഷീരവികസന വകുപ്പിന്റെ സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കേണ്ടതാണ്.

(2) ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

6.10 (ബി) മത്സ്യ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	ഇനം.	സബ്സിഡി നിരക്ക്	പരമാവധി സബ്സിഡി തുക	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	എഫ്.ഡബ്ല്യു.സി. എസിന് (Fisheries Welfare Co-Operative Society) മത്സ്യ വിപണന വാഹനം	വിലയുടെ 50%	പരമാവധി 1.25 ലക്ഷം രൂപ	1. എഫ്.ഡബ്ല്യു.സി. എസ് ന് മാത്രം
2	ലേലഹാൾ നിർമ്മാണം	നിർമ്മാണ ചെലവിന്റെ 50%	പരമാവധി 2 ലക്ഷം രൂപ	1. എഫ്.ഡബ്ല്യു.സി. എസിന് ആയിരിക്കണം 2. പൂർണ്ണ തോതിൽ ലേല സംവിധാനം ഉള്ള മത്സ്യ സഹകരണ സംഘങ്ങൾക്ക് മാത്രമേ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ളു. 3. സ്വന്തമായി ഭൂമിയും ലേല സംവിധാനവും ഉണ്ടായിരിക്കണം.
3	മത്സ്യവിപണനം നടത്തുന്ന വനിതകൾക്ക് വിശ്രമസ്ഥലവും ടോയിലറ്റ് സൗകര്യവും	നിർമ്മാണ ചെലവിന്റെ 50%	പരമാവധി 1 ലക്ഷം രൂപ	1. എഫ്.ഡബ്ല്യു.സി. എസിന് ആയിരിക്കണം 2. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം
4	മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം	വിലയുടെ 50%	ഉയർന്ന പരിധി 2.50 ലക്ഷം രൂപ	1. എഫ്.ഡബ്ല്യു.സി. എസിന് ആയിരിക്കണം 2. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം
5	ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം	വിലയുടെ മൂന്നിലൊന്ന് (33 1/3 %)	ഉയർന്ന പരിധി 2.50 ലക്ഷം രൂപ	
6	മത്സ്യസംസ്കരണ പ്ലാന്റുകൾ	വിലയുടെ 50%	ഉയർന്ന പരിധി 8 ലക്ഷം രൂപ	
7	അലങ്കാര മത്സ്യം വളർത്തൽ	വിലയുടെ 50%	ഉയർന്ന പരിധി 50,000/- രൂപ	1. എഫ്.ഡബ്ല്യു.സി. എസിന് ആയിരിക്കണം 2. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം
8	മത്സ്യം ഉണക്കുന്ന തിനുള്ള ഡ്രയറുകൾ	വിലയുടെ 80%	ഉയർന്ന പരിധി 75,000 രൂപ	

കുറിപ്പ്: (1) ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

6.10 (സി) പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ

ക്രമ.നമ്പർ	ഇനം	സബ്സിഡി നിരക്ക്	ഉയർന്ന പരിധി	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	Minor Forest Produce (MFP) ശേഖരണത്തിന് ധനസഹായം	4,00,000 രൂപ (റിവോൾവിംഗ് ഫണ്ട്)	4,00,000 രൂപ (റിവോൾവിംഗ് ഫണ്ട്)	1. വനഉൽപ്പന്നങ്ങൾ ശേഖരിച്ച് ന്യായ വില നൽകുകയാണ് ലക്ഷ്യം. ഇതുവഴി ഇടനിലക്കാരെ ഒഴിവാക്കാം. ശേഖരിക്കുന്ന വിഭവങ്ങൾ പൊതുമാർക്കറ്റിൽ വിറ്റ് സംഘത്തിന്റെ പൊതുവരവിൽ ചേർക്കണം. വനവിഭവങ്ങൾ അംഗങ്ങളുടെ വീടുകളിൽ നിന്ന് (ഊരുകളിൽ നിന്ന്) നേരിട്ട് ശേഖരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായി ക്യാരിയർ ഘടിപ്പിച്ച ഓട്ടോറിക്ഷ 100 ശതമാനം സബ്സിഡിയോടെ സംഘത്തിന് നൽകാം. 2. ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

6.10 (ഡി) കയർ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	ഇനം	കാറ്റഗറി	സബ്സിഡി നിരക്ക്	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	നാളീകേരതൊണ്ട് ശേഖരണത്തിന് പെട്ടി ഓട്ടോറിക്ഷ /പിക് അപ്പ്	ഗ്രൂപ്പുകൾക്ക്	പരമാവധി 50,000 രൂപ	1. നാളീകേര തൊണ്ട് ശേഖരിക്കുന്നതിന് രണ്ട് അംഗങ്ങളുള്ള ഗ്രൂപ്പിന് ഡീഫൈബറിംഗ് യൂണിറ്റിലേക്ക് തൊണ്ട് എത്തിക്കുന്നതിന് പെട്ടി ഓട്ടോറിക്ഷ വാങ്ങുവാൻ സബ്സിഡി നൽകാവുന്നതാണ്. 2. കുടുംബശ്രീ അംഗങ്ങൾ/ഹരിത കർമ്മസേന അംഗങ്ങൾക്ക് മുൻഗണന നൽകണം. 3. ഇല്ക്ട്രിക് ഓട്ടോ/പിക് അപ്പ് വാങ്ങുന്നവർക്ക് തദ്ദേശഭരണ സ്ഥാപനം നൽകുന്ന സബ്സിഡിയ്ക്കു പുറമെ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നൽകുന്ന സബ്സിഡി തുകയായ 30,000/- രൂപ കൂടി ലഭിക്കുന്നതിന് അർഹരാണ്. 4. വാഹനം രജിസ്റ്റർ ചെയ്തതിനുശേഷം വകുപ്പിന്റെ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിനെ അറിയിക്കണം. 5. ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സഹായം തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ കേരള നൽകുന്നതാണ്. 6. ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് സ്വാപ്പിംഗ് സ്റ്റേഷൻ ഉള്ള നഗരങ്ങളിൽ സ്വാപ്പിംഗ് ബാറ്ററിയോ ഫിക്സഡ് ബാറ്ററിയോ ഉള്ള വാഹനം വാങ്ങാവുന്നതാണ്. മറ്റുള്ള പ്രദേശങ്ങളിൽ ഫിക്സഡ് ബാറ്ററി ഉള്ള വാഹനം മാത്രമേ വാങ്ങാവൂ. 7. ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

6.10 (ഇ) മറ്റ് സഹകരണ സംഘങ്ങൾ
(കാർഷിക, വ്യവസായ, കൈത്തറി, ഖാദി, കയർ, പട്ടികജാതി-പട്ടികവർഗ്ഗ , വനിതാ സഹകരണ സംഘങ്ങൾ തുടങ്ങിയവ)

ക്രമ നം	ഇനം	സബ്സിഡി നിരക്ക്	തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന പരമാവധി ധനസഹായം	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	1. ആധുനികവത്കരണം 2. വിപണന സൗകര്യം. 3. മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉല്പാദന വർദ്ധനവ് 4. സേവന ഗുണമേന്മാ വർദ്ധനവ് 5. അടിസ്ഥാന സൗകര്യ വികസനം എന്നിവക്കുള്ള ധനസഹായം	പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം	15 ലക്ഷം രൂപ	സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ നിർമ്മിതിക്ക് പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50% (പരമാവധി 15 ലക്ഷം രൂപ) ധനസഹായം നൽകാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് കെട്ടിട നിർമ്മാണമെങ്കിൽ പ്രോജക്ട് പ്രകാരമുള്ള മൊത്തം മെഷർമെന്റ് തുകയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകാം
2	കൊപ്ര, കുരുമുളക്, മത്സ്യം,, മരച്ചീനി മറ്റ് ഉല്പന്നങ്ങൾ ഉണക്കുന്നതിനുള്ള ഡ്രയറുകൾ	വിലയുടെ 80%	പരമാവധി 75,000 രൂപ	
3.	മൊബൈൽ വിപണന സംവിധാനം 1) പ്രാഥമിക കാർഷിക വ്യവസായ സംഘങ്ങൾ 2) മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ 3) മറ്റ് സഹകരണ സംഘങ്ങൾ	1. ഓരോ പ്രപ്പോസലിന്റെയും അടങ്കൽ തുകയുടെ 30 % 2. പരമാവധി 1,00,000 രൂപ	1) അസംസ്കൃത സാധനങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവക്കുള്ള വിപണന ശൃംഖലക്കാണ് പ്രോജക്ട്. 2) 1969 ലെ കേരള സഹകരണ സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അവയുടെ നിയമാവലി പ്രകാരമുള്ളതായ മാർക്കറ്റിംഗ് രീതി ആയിരിക്കണം.	
4	മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം	ഓരോ പ്രപ്പോസലിന്റെയും അടങ്കൽ തുകയുടെ 30% തുക	1) 1969 ലെ കേരള സഹകരണ സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അവയുടെ നിയമാവലി പ്രകാരം അർഹതയുള്ള സംഘങ്ങൾക്ക് ധനസഹായം നൽകാം.	

കുറിപ്പ്: ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

6.10 (എഫ്) കൈത്തറി, കയർ, ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

ക്രമ നം	ഇനം	സബ്സിഡി നിരക്ക്	തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന പരമാവധി ധനസഹായം	മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ
1	പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം	പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം	10 ലക്ഷം	1) രണ്ട് വർഷത്തിനുള്ളിൽ പ്രവർത്തനരഹിതമായ സംഘങ്ങൾക്ക് മാത്രം ധനസഹായം നൽകാം. 2) സംഘത്തിന് നിയമാനുസൃതമുള്ള കമ്മിറ്റി നിലവിൽ ഉണ്ടായിരിക്കണം. 3) സംഘം പ്രവർത്തനരഹിതമാണെന്ന് ബന്ധപ്പെട്ട രജിസ്ട്രാർ സാക്ഷ്യപ്പെടുത്തണം. 4) തയ്യാറാക്കപ്പെട്ട സാമ്പത്തിക പ്രവർത്തന ക്ഷമതയുള്ള പുനരുദ്ധാരണ പദ്ധതി സഹകരണ സംഘം അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് മേധാവി അംഗീകരിക്കേണ്ടതാണ്. 5) അംഗീകരിക്കപ്പെട്ട പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടെങ്കിൽ അതിന്റെ ഭാഗമായും ഈ ധനസഹായം വിനിയോഗിക്കാവുന്നതാണ്. 6) നിലവിലുള്ള മുൻ ബാധ്യതകൾ തീർക്കാൻ ഈ തുക ഉപയോഗിക്കാൻ പാടില്ല. 7) ഖണ്ഡിക 6.10 (1) മുതൽ 5 വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും. .

7. ധനസഹായങ്ങൾ

7.1. സാമൂഹ്യനീതി

7.1.1 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

(1) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധി ഇല്ല.

(2) ഭിന്നശേഷിക്കാരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.

(3) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അസ്സൽ പരിശോധനക്ക് ശേഷം ഗുണഭോക്താവിന് തിരികെ നൽകേണ്ടതും പകർപ്പ് മാത്രം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ഇതും പരിഗണിക്കാവുന്നതാണ്.

(4) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ/മെഡിക്കൽ ബോർഡിന്റെ വാർഷിക പരിശോധന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് പുതുക്കണം.

7.1.2 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് താഴെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി നൽകാവുന്നതാണ്

(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

(1) സർജിക്കൽ ഷൂസ്, ആംഗിൾബൂട്ട്, മോൾഡ് ഷൂസ്, ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ ഇരുമ്പ് ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്, അക്കോമഡേറ്റീവ് പാദരക്ഷകൾ.

(2) ഓർത്തോപീഡിക്ക് ഉപകരണങ്ങൾ, വിവിധതരം കറക്റ്റീവ് ഷൂസുകൾ.

(3) വിവിധതരം കൃത്രിമ അവയവങ്ങൾ - കാൽ, കൈ എന്നിവ.

(4) സഞ്ചാരസഹായികൾ - വിവിധതരം ക്രച്ചസ്, വാക്കേഴ്സ് .

(5) ലംബാർ കോർസൈറ്റ്, സ്പൈനൽബ്രേസ്, ജാക്കറ്റ്, നീബേസ് സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പിന്റ്സ് , വീൽചെയർ, കൈകൊണ്ട് ഉപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ടൈസൈക്കിളുകൾ.

(6) സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - 40%ത്തിലേറെ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കിയാൽ മതി. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും സ്കൂട്ടർ വാങ്ങാൻ ധനസഹായം നൽകാവുന്നതല്ല. ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം.

(ബി) കേൾവിശക്തി കുറഞ്ഞവർ

(1) മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേഴ്വിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള കേഴ്വിസഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

(2) കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി കുട്ടികളുടെ

ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് മുടക്കം കൂടാതെ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നൽകേണ്ടതാണ്.

(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവർ

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകണം.

(ഡി) കാഴ്ച കുറഞ്ഞവർ

1. ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ
2. ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിന്തസൈസേഴ്സ്, കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് ഇവക്കാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകൾ, ടോക്കിംഗ് ഹിയറിംഗ് സോഫ്റ്റ് വെയർ ഉള്ള ലാപ്പ്ടോപ്പും കമ്പ്യൂട്ടറുകളും മറ്റ അനുബന്ധ ഉപകരണങ്ങൾ.
3. കാഴ്ച കുറഞ്ഞവർക്കും കേൾവിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രെയിലി അറ്റാച്ച്മെന്റുകൾ
4. ബ്രെയിലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ - ഷോർട്ട് ഹാന്റഡ് ബ്രെയിലി മെഷീൻ, പത്താം ക്ലാസ്സ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയിലി ടൈപ്പ്റൈറ്റർ, ടോക്കിംഗ് സൗകര്യത്തോടു കൂടിയ ലാപ്ടോപ്പ്/കമ്പ്യൂട്ടർ കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.
5. പ്രത്യേക പഠന സാമഗ്രികൾ
6. കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച്.

7.1.3 ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ

1. ഓരോരുത്തരേയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ. ഇതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണയ ക്യാമ്പ് നടത്തണം. ഒപ്പം മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്ന ഉപകരണങ്ങളും നൽകണം. കേരള സാമൂഹ്യ സുരക്ഷ മിഷൻ നൽകിയിട്ടുള്ള ഐഡന്റി കാർഡ് ഉള്ളവരെയും പരിഗണിക്കേണ്ടതാണ്.
2. എല്ലാ ഗ്രാമ–നഗര ഭരണ സ്ഥാപനങ്ങളും അടുത്ത വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാരുടെ വൈകല്യം നിശ്ചയിക്കുന്നതിനുമായി വൈദഗ്ധ്യമുള്ള സർക്കാർ ഡോക്ടർമാരുടെ ടീമിനെ ഉൾപ്പെടുത്തി എല്ലാ നവംബർ മാസങ്ങളിലും വരും വർഷത്തെ പ്രോജക്ട് തയ്യാറാക്കാനായി ക്യാമ്പ് നടത്തേണ്ടതാണ്.
3. ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും കൂടി ഭക്ഷണം -യാത്രാ ചെലവുകൾക്കായി പരമാവധി 250 രൂപ ക്രമത്തിൽ നൽകാവുന്നതാണ്.
4. ഉപകരണം ഉള്ളവർക്ക് തന്നെ വീണ്ടും അത് നൽകുന്നത് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങൾ അതിനായി ഒരു ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

7.1.4 ഉപകരണങ്ങൾ വാങ്ങൽ

1. ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ), National Institute of Physical Medicine & Rehabilitation (NIPMER തൃശ്ശൂർ, കല്ലേറ്റുംകര), മറ്റ് സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് നേരിട്ടും സർക്കാർ നിർദ്ദേശിക്കുന്ന ഗുണമേന്മ സർട്ടിഫിക്കേഷൻ ഉള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഇ-ടെണ്ടർ/ ടെണ്ടർ മുഖേനയും വാങ്ങാവുന്നതാണ്.

2. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ ഇത്തരം പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകാവുന്നതാണ്. ഖണ്ഡിക 7.1.2 (എ)(6)ൽ പ്രതിപാദിച്ചിട്ടുള്ള സൈഡ് വീൽ ഘടിപ്പിച്ചിട്ടുള്ള സ്കൂട്ടർ നൽകുന്ന പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം.

3. ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ.

4. ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണം വാങ്ങുന്ന പ്രോജക്ടുകൾ ICDS സൂപ്പർ വൈസർ, CDPO, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി വേണം പ്രോജക്ട് നിർവഹണം നടത്തേണ്ടത്. എന്നാൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉപയോഗക്ഷമത ഉറപ്പാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സഹായം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

7.1.5 ജില്ലാതലത്തിൽ സഹായ ഉപകരണങ്ങളുടെ റിപ്പയർ & സർവ്വീസ് സെൻറർ:-

ഉപകരണങ്ങളുടെ ഗ്യാരന്റി കാലാവധിക്കു ശേഷമുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ലഭ്യമാക്കുന്നതിന് വൈദഗ്ധ്യമുള്ള ഭിന്നശേഷിക്കാരെക്കൂടി ഉൾപ്പെടുത്തി റിപ്പയർ & സർവ്വീസ് സെന്റർ ജില്ലാതലത്തിൽ ആരംഭിക്കുന്നത് പരിഗണിക്കണം. ജില്ലാ പഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

7.1.6 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും

(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

ക്രമ നം	സ്റ്റാൻഡേർഡ്- ക്ലാസ്സ് - ഇനം	പ്രതിമാസ സ്കോളർഷിപ്പ് നിരക്ക് (രൂപ)		വാർഷിക ബത്ത (രൂപ)
		ഡേ സ്കോളർ	ഹോസ്റ്റലർ	
1	1 മുതൽ 4 ക്ലാസ് വരെ /നഴ്സറി ക്ലാസ്	400	600	500
2	5 മുതൽ 8 ക്ലാസ് വരെ	500	750	600
3	9, 10, +1, +2 ക്ലാസുകൾ	600	800	800
4	ബിരുദം	1000	1250	1000
5	ബിരുദാനന്തര ബിരുദം	1000	1500	1500
6	വൊക്കേഷണൽ പരിശീലനം	1000	1500	1500
7	ചലന വൈകല്യമുള്ളവർക്ക് യാത്രാബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം)	400(പ്രതിമാസം)	--	--
8	ചലന വൈകല്യമുള്ളവർക്ക് സ്ഥാപനത്തിന്റെ വാഹന സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രാ ചെലവ് (വിദ്യാലയം പ്രവർത്തിക്കുന്ന മാസങ്ങളിൽ) -	--	--	യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം)

ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള സഹായധനം നൽകുന്നതിന് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. ക്രമ നമ്പർ 8 ന് യഥാർത്ഥ വൗച്ചറിന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്.

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

ക്രമ നമ്പർ	ഇനം	സ്കോളർഷിപ്പ്/ ബത്ത(രൂപ)
1	സ്കോളർഷിപ്പ് (പ്രതിമാസം)	1000
2	വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം)	1500
3	പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾ - വാർഷിക ബത്ത	2000
4	ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം)	1000
5	ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്കുള്ള ബത്ത – രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ	1000

ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള സഹായം നൽകുന്നതിന് സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. ക്രമ നമ്പർ 5 ന് വൗച്ചർ വാങ്ങണം.

(സി) ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ

നമ്പർ	ഇനം	പ്രതിമാസ ബത്ത (രൂപ)
1	മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പകൽ സമയം ഡേകെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത	പ്രതിമാസം 1000/-രൂപ
2	യാത്രാബത്ത (പ്രതിമാസം)	1000

കുറിപ്പ് : ഡേകെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തണം.

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർ

നമ്പർ	ഇനം	പ്രതിമാസ ബത്ത (രൂപ)
1	മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral palsy) ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ	1000

(ഇ) സ്കോളർഷിപ്പ്/ബത്ത നൽകൽ:-

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പ്രോജക്ട് ഏറ്റെടുക്കണം. ഒപ്പം ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളും ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം. ഇത് ICDS സൂപ്പർ വൈസർ/ CDPO മോണിട്ടർ ചെയ്യണം. ധനസഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ICDS സൂപ്പർ വൈസർ CDPO മുഖേന ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രതിമാസ സ്കോളർഷിപ്പ്/ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്

7.17 തീവ്ര ചലന വൈകല്യമുള്ള ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി യാത്ര ചെയ്യുന്നതിന് സൈഡ് ക്യാര്യറുള്ള സ്കൂട്ടറുകൾ വാങ്ങി നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

കുറിപ്പ് :

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളും അല്ലാത്തവരും ഏത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്.

2. ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്

7.18 ബഡ്സ് സ്കൂൾ:-

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സ്ഥാപിക്കാവുന്നതാണ്. നിശ്ചിത യോഗ്യതയുള്ളവരെ ടീച്ചർമാരായി നിയമിക്കാവുന്നതും. താഴെപറയും പ്രകാരം ഓണറേറിയം നൽകാവുന്നതുമാണ്.

ക്രമ നമ്പർ	തസ്തിക	യോഗ്യത	പ്രതിമാസ ഓണറേറിയം (രൂപ)
1	സ്പെഷ്യൽ ടീച്ചർ	1) B Ed Special Education (MR, CP Autism 2) D Ed Special (MR, CP, AUTISM,, HI, VI) 3) Diploma in Early Childhood Special Education - MR (DECSE - MR) 4) Diploma in Community Based Rehabilitation 5) Diploma in Vocational Rehabilitation 6) Diploma in Special Education (DSE) Note:- MR - Mental Retardation CP - Cerebral Palsy HI - Hearing Impairment VI - Visual Impairment	32,560
2	അസിസ്റ്റന്റ് ടീച്ചർ (without Special Training)	Plus Two	24,520
3	ആയ		18,390

2. സ്പെഷ്യൽ ടീച്ചർ, അസിസ്റ്റന്റ് ടീച്ചർ, ആയ എന്നിവർക്ക് സ.ഉ.(പി) നം.29/2021/ധന, തീയതി 11.02.2021 ഉത്തരവിലെ യഥാക്രമം കാറ്റഗറി IX (അസിസ്റ്റന്റ് ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾസ് ഫോർ ദ ഹാൻഡിക്യാപ്ഡ്), കാറ്റഗറി V (അസിസ്റ്റന്റ് ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾസ് ഫോർ ദ ഹാൻഡിക്യാപ്ഡ്), കാറ്റഗറി I (ആയ) വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയാണ് ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. ധനകാര്യവകുപ്പ് മേൽപ്പറഞ്ഞ ഉത്തരവ് പരിഷ്കരിക്കുന്ന മുറയ്ക്ക് ആ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്.

3. ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾക്ക് അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 1,180 രൂപ നിരക്കിൽ ഓണറേറിയം നൽകാവുന്നതാണ്.

4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ബഡ്സ് സ്കൂളുകൾക്ക് / റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് സ്ഥലം വാങ്ങൽ, കെട്ടിടനിർമ്മാണം, വർക്ക് ഷെഡ് നിർമ്മാണം, ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ഇതിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകാവുന്നതാണ്.

7.1.9 ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ.

1. 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/ത.സ്വ.ഭ.വ, 06.04.2013 ലെ ജി.ഒ (എം.എസ്) നം.144/2013/ എൽ.എസ്.ജി.ഡി, എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണ്.

2. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാർക്ക് ബഡ്സ് സ്കൂളിലേതിനു തുല്യമായ നിരക്കിൽ ഓണറേറിയം സ്ഥാപനത്തിന്റെ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്.

3. ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിന് പകരം വാഹനം വാടകയ്ക്ക് എടുക്കാവുന്നതും വാടക തനത്ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്. തനത്ഫണ്ടില്ലാത്ത സ്ഥാപനങ്ങളിൽ വികസനഫണ്ട് (ജനറൽ) വിനിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിനും ഇതിൽ പങ്കാളിയാകാം.

7.1.10 ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ

അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപനതലത്തിൽ സ്പീച്ച്, ബിഹേവിയർ ആന്റ് ഓക്കുപ്പേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് ബഡ്സ് റിഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ കേന്ദ്രീകരിച്ച് ഈ സേവനം ലഭ്യമാക്കുന്നതിന് ക്രമീകരണം ചെയ്യാവുന്നതാണ്. കുട്ടികളെ രക്ഷകർത്താക്കൾ തന്നെ നിശ്ചിത ദിവസങ്ങളിൽ സെന്ററുകളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കണം. ഓരോ സ്പെഷ്യലിസ്റ്റിനും ഒരു സിറ്റിംഗിന് 1000 രൂപ വീതം നൽകണം. കുട്ടികൾക്ക് ആവശ്യമുള്ള റിഫ്രഷ്മെന്റിനും തുക വകയിരുത്താവുന്നതാണ്. കുട്ടികളുടെ ട്രീറ്റ്മെന്റ് ആന്റ് പ്രോഗ്രസ്സ് റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കണം. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ഒന്നോ അതിലധികമോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സൗകര്യപ്രദമായിരിക്കും. സി.ഡി.പി.ഒ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

7.1.11 ബഡ്സ് റീ ഹാബിലിറ്റേഷൻ ആൻറ് വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ

പഠനം കഴിഞ്ഞ 18 വയസ്സ് പൂർത്തിയായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബ്ലോക്ക്/നഗരഭരണ സ്ഥാപന അടിസ്ഥാനത്തിൽ വൊക്കേഷണൽ പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഇവിടെ ബുക്ക് ബൈൻഡിംഗ്, ടോയ് മേക്കിംഗ്, ആർട്ട് ആന്റ് ക്രാഫ്റ്റ്, കട നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണത്തിന് പരിശീലനം നൽകാവുന്നതാണ്. ഇതിലേയ്ക്കാവശ്യമായ സേവനങ്ങൾക്കായി രക്ഷിതാക്കളുടെ സംഘടനയുടെ സേവനവും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും ഉപയോഗിക്കണം. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

7.1.12 സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിലേക്ക് മരുന്ന്

മാനസികരോഗം വന്ന് സെന്ററിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്ന് വകുപ്പ് മുഖേന ലഭ്യമല്ലാതെ വന്നാൽ ആവശ്യമുള്ള മരുന്ന് ജില്ലാ പഞ്ചായത്തിന് വാങ്ങി നൽകാവുന്നതാണ്.

7.1.13 ഭിന്നശേഷിക്കാരായ കുട്ടികളുടെ കായിക-കലാ മത്സരങ്ങൾ

(1) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല മത്സരം

സംസ്ഥാനത്തെ എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടേയും കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്താവുന്നതാണ്. വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്. കുട്ടികളുടെ അദ്ധ്യാപകരെയും രക്ഷിതാക്കളെയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കൂടിച്ചേരലാക്കി ഇതു മാറ്റാൻ കഴിയണം. കുട്ടികൾക്ക് റിഫ്രെഷ്മെന്റും ഉച്ചഭക്ഷണവും നൽകണം. കുട്ടികൾക്കും രക്ഷകർത്താവിനും യാത്രാച്ചെലവിനായി ആകെ 300 രൂപ നിരക്കിൽ നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ യാത്രാചെലവ് മറ്റ് ചെലവുകൾ ഉൾപ്പെടെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്ന് 75,000 രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്.

(2) ബ്ലോക്ക് തല മത്സരം

ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന മത്സരങ്ങൾക്ക്ശേഷം മത്സരയിനങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികളെയും അവരുടെ രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരുടെ യോഗം വിളിച്ചു ചേർത്ത് ബ്ലോക്ക് തലത്തിലുള്ള മത്സരയിനങ്ങൾ, മത്സര തീയതി, മത്സരം നടക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച് ധാരണയിലെത്തണം. കുട്ടികൾക്കും രക്ഷകർത്താവിനും ആകെ 500/- രൂപ നിരക്കിൽ യാത്രാചെലവായി നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ, യാത്രാചെലവ്, മറ്റ് ചെലവുകൾ ഉൾപ്പടെ 3 ലക്ഷം രൂപ വരെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കാം.

7.1.14 വയോജന സൗഹൃദ പരിപാടികൾ

1. **പകൽവീട്, വയോജന പരിപാലന കേന്ദ്രങ്ങൾ** എന്നീ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതുമാണ്. ഇതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. നിലവിലുള്ള പകൽവീടുകൾ പരിപാലിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പുതിയ പകൽ വീടുകൾ/വയോജന പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകളും എടുക്കാവുന്നതാണ്.

2. **വയോജനങ്ങൾക്ക് കട്ടിൽ -** നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികരിക്കാതെ കട്ടിൽ നൽകാവുന്നതാണ്. 1.98 മീറ്റർ നീളവും 90 സെ.മി. വീതിയും ഉള്ള കട്ടിലിൽ 8 മില്ലീ മീറ്റർ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച് മരത്തടിയിൽ/ സ്റ്റീലിൽ പണിത കട്ടിൽ ആണ് നൽകേണ്ടത്. 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും കൂടി കട്ടിൽ വാങ്ങി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

3. **വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ :-** നിർദ്ധനരായ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നിവ) സൗജന്യമായി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

4. **കെയർ ഗിവർ പരിശീലനം:-** വയോജന സംരക്ഷണ മേഖലയിൽ പരിശീലനം ലഭിച്ച കെയർഗിവർമാരുടെ അഭാവം നേരിടുന്ന സാഹചര്യത്തിൽ യൂണിവേഴ്സ്സിറ്റികൾ, മെഡിക്കൽ കോളേജുകൾ, മറ്റ് ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുമായി ചേർന്ന് കെയർഗിവർ പരിശീലനം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സംഘടിപ്പിക്കാവുന്നതാണ്.

7.1.15 **വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം :-** 2 ലക്ഷം രൂപവരെ വരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ

7.2.1 വിവാഹ ധനസഹായം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് 75,000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. പട്ടികവർഗ്ഗകുടുംബത്തിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകാം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മാതാവും പിതാവും ഇല്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിന് 1.50 ലക്ഷം രൂപ ധനസഹായമായി നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാകളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ്.

7.2.2 മിശ്രവിവാഹിതർക്ക് ധനസഹായം

ദമ്പതികളിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായ മിശ്രവിവാഹിതർക്ക് (Intercaste Marriage, Inter Religion marriage) 75,000 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ധനസഹായം നൽകാവുന്നതാണ്. പട്ടികജാതി വിഭാഗക്കാർക്ക് കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപ. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വരുമാന പരിധി ബാധകമല്ല. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷമാണ് ധനസഹായത്തിന് അപേക്ഷ നൽകേണ്ടത്. ധനസഹായം ഭാര്യയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം.

7.2.3 വിദേശത്തു തൊഴിൽ ലഭിക്കുന്നതിന് ധനസഹായം

പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് യഥാർത്ഥ ചെലവോ (വിസയുടേയും, വിമാന ടിക്കറ്റിന്റേയും ചാർജ്) പരമാവധി 1.25 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക ധനസഹായമായി നൽകാവുന്നതാണ്. നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനുശേഷം ഗ്രാമസഭയിൽ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

7.2.4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:-

(i) സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും താഴെ പറയും പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണ്.

ക്രമ നമ്പർ	കോഴ്സിന്റെ പേര്	ധനസഹായ തുക
1.	മെഡിക്കൽ	30,000 രൂപ
2.	എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദം	25,000 രൂപ
3.	ബിരുദം	20,000 രൂപ
4.	ബിരുദാനന്തര ബിരുദം	30,000 രൂപ
5.	ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം	30,000 രൂപ
6.	പോളിടെക്നിക്ക്/ഐ.റ്റി.ഐ	20,000 രൂപ
7.	പ്ലസ് 2 വിനുശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സ്	15,000 രൂപ
8.	സംസ്ഥാനത്തിനു പുറത്തുള്ള സർക്കാർ അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സ്	50,000 രൂപ
9.	പ്രൊഫഷണൽ കോഴ്സിനുള്ള എൻടൻസ് കോച്ചിംഗ്.	15,000 രൂപ

(ii) ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

7.2.5 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം:- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികളിൽ ദേശീയ - അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് കൂടുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് കാലാകാലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സമാന സ്കീമിന് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായ തുക നൽകാവുന്നതാണ്. പട്ടികജാതി വികസന വകുപ്പിന്റെ മാനദണ്ഡ പ്രകാരം അർഹതയുണ്ടെങ്കിൽ ധനസഹായതുക അതത് തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് നൽകാവുന്നതാണ്. പട്ടികവർഗ വികസന വകുപ്പിന് സമാന സ്കീം നിലവിലില്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്നതാണ്. ഇതിന് വേണ്ടിയുള്ള പ്രോജക്ടുകൾ എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. എന്നാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗീകരിച്ചതാകണം.

7.2.6 വിദ്യാർത്ഥികൾക്ക് മേശയും കസേരയും:- പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകാവുന്നതാണ്. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 5000 രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 6000 രൂപയും വീതം ഇതിനായി ചെലവഴിക്കാം. ഇതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ

ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന നൽകണം. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.2.7 **വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്:-** ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാം. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പ് ആണ് നൽകേണ്ടത്. (ലാപ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ അനുബന്ധം 4-ൽ നൽകിയിട്ടുണ്ട്). ഐ.റ്റി മിഷൻ ലാപ്പ്ടോപ്പിന്റെ വില നിശ്ചയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കും വരെ GEM ൽ ലഭ്യമായ വിലക്ക് ലാപ്പ്ടോപ് വാങ്ങാം. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ലാപ് ടോപ് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാം. സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.2.8 **സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം**:- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും, സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്സ് സ്കൂൾ, നീറ്റ്, കീം, ഐ.ഇ.എൽ.റ്റി.എസ് എന്നീ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.9 **കുടിവെള്ള പദ്ധതികളുടെയും കമ്മ്യൂണിറ്റി ഹാളുകളുടേയും വൈദ്യുതി ചാർജ്ജ്:** പട്ടികജാതി/പട്ടികവർഗ്ഗസങ്കേതങ്ങളിലെ കുടിവെള്ള പദ്ധതികൾ/കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്.

7.2.10 ഊരുകൂട്ട വോളണ്ടിയർ

പട്ടികവർഗ്ഗ ഊരുകളിലേക്ക് സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ഊരുകൂട്ട വോളന്റിയർമാരെ ജില്ലാപഞ്ചായത്തിനും നഗരസഭകൾക്കും നിയോഗിക്കാവുന്നതാണ്. ഇതിനായി ഊരിലെ തന്നെ പത്താംക്ലാസ് വരെയെങ്കിലും പഠിച്ച മൂന്നു പേരുടെ പേരുകൾ ഊരുകൂട്ടം നിർദ്ദേശിക്കണം. അതിൽ നിന്നും ഒരാളിനെ ജില്ലാ പഞ്ചായത്ത്/നഗരസഭ തെരഞ്ഞെടുത്ത് കിലയിൽ പരിശീലനം നൽകി നിയോഗിക്കും. ഇവർക്ക് ഓണറേറിയമായി പ്രതിമാസം 5,000 രൂപ നിരക്കിൽ ജില്ലാപഞ്ചായത്തും/നഗരസഭകളും നൽകേണ്ടതാണ്. ചുമതലകൾ താഴെ പറയുന്നവയാണ്.

1. പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ കുട്ടികളുടെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയുക, സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സൗകര്യം നൽകി അവരുടെ പഠന നിലവാരം ഉയർത്തുക, തുടർ വിദ്യാഭ്യാസം, സാമൂഹ്യ പഠനകേന്ദ്രത്തിന്റെ നടത്തിപ്പ് എന്നീ വിഷയങ്ങളിൽ ആവശ്യമായ സഹായം നൽകുക.

2. സർക്കാർ/ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ ഊരിലുള്ള ഓരോ ഭവനങ്ങളിലും ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

3. തദ്ദേശഭരണ സ്ഥാപനം, കുടുംബാരോഗ്യകേന്ദ്രം, കൃഷി ഭവൻ, സഹകരണ സംഘം, പട്ടിക വർഗ്ഗ പ്രമോട്ടർ, ടൈബൽ ഡെവലപ്മെന്റ് ഓഫീസ്, ടൈബൽ എക്സ്റ്റൻഷൻ ഓഫീസ്, എന്നീ സ്ഥാപനങ്ങളും ഓഫീസിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് സഹായം ഏകോപിപ്പിക്കുക.

4. മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായി അവബോധം ഉണ്ടാക്കുക.

5. ഊരിലെ അംഗങ്ങളെ സാമൂഹ്യ സുരക്ഷയും വികസനവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

7.2.11 പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ

പട്ടികജാതി/പട്ടികവർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ്സെറ്റ്, ചെണ്ട അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്. 5% തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. നിലവിൽ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് 3 വർഷങ്ങൾക്കു ശേഷം മാത്രമേ വീണ്ടും ആനുകൂല്യം നൽകാവൂ. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിവും പരിചയവും പ്രാവിണ്യവുമുള്ള 5 അംഗങ്ങളെങ്കിലുമുള്ള ഗ്രൂപ്പ് രൂപീകരിക്കണം. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.12 പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക് പ്രതിഭാപിന്തുണ

വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുകയാണ് ലക്ഷ്യം. അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരുംകാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഈ പ്രതിഭകളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ വിശദാംശങ്ങൾ വാങ്ങി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ന്യൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിക്ക് നൽകണം. ഈ കമ്മിറ്റി നിശ്ചയിക്കുന്ന നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.13 പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ധനസഹായ തുക 2 ലക്ഷം രൂപ. 50,000 രൂപ മൻകൂറായി നൽകാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. ഒരു വീട്ടിലുള്ള എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്നവർക്കും ധനസഹായം നൽകാവുന്നതാണ്. സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിക്കാവുന്നതാണ്. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. പഠനമുറിയുടെ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ (ലൈറ്റ്, ഫാൻ, പ്ലഗ് പോയിൻറടക്കം) ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9,100 രൂപ കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ തുകയിൽ ചേർക്കാവുന്നതാണ്. എന്നാൽ പരമാവധി തുക 2. ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം.

7.2.14 ബാലവാടി കം ഫീഡിംഗ് സെന്റർ, നഴ്സറി സ്കൂൾ

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും കൈമാറിയിട്ടുള്ള ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസൺ ഡേകെയർ സെന്റർ, നഴ്സറി സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഭക്ഷണം, യൂണിഫോം എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്.

7.2.15 പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ

(i) സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തുന്ന കായിക കലാ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരിക്കാൻ അർഹത നേടുന്ന വിദ്യാർത്ഥികളിൽ ചിലരെങ്കിലും തയ്യാറെടുപ്പിനും, യാത്രക്കുലിക്കും സാമ്പത്തിക പരാധീനതയുള്ളതു കൊണ്ട് പങ്കെടുക്കാതെ വരുന്ന സ്ഥിതിയുണ്ട്. അതിനാൽ ഇവർക്ക് താഴെ പറയുന്ന തരത്തിൽ ധനസഹായം നൽകാവുന്നതാണ്.

തലം	മാനദണ്ഡം	തയ്യാറെടുപ്പിനുള്ള സഹായം (രൂപ)	യാത്രാക്കൂലി (രൂപ)	ആകെ (രൂപ)
സ്കൂൾതലം				
1) സബ് ജില്ലാ തലത്തിലേയ്ക്ക്	സ്കൂളിൽ നിന്നുള്ള വിജയം	300	300	600
2) ജില്ലാ തലത്തിലേയ്ക്ക്	സബ് ജില്ല തലത്തിൽ നിന്നുള്ള വിജയം	400	300	700
3) സംസ്ഥാന തലത്തിലേയ്ക്ക്	ജില്ലയിൽ നിന്നുള്ള വിജയം	900	600	1500
കോളേജ് തലം				
1) ജില്ലാ തലത്തിലേയ്ക്ക്	കോളേജിൽ നിന്നുള്ള വിജയം	500	400	900
2) യൂണിവേഴ്സിറ്റി തലം	ജില്ലയിൽ നിന്നുള്ള വിജയം	1300	700	2000

(ii) ഈ പദ്ധതി സംബന്ധിച്ച് എല്ലാ സ്കൂളിനും കോളേജിനും നോട്ടീസ് നൽകണം. സ്കൂൾ കോളേജ് അധികൃതരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട മത്സരത്തിൽ പങ്കെടുക്കാൻ സഹായകരമായ വിധത്തിൽ മുൻകൂട്ടി ധനസഹായം നൽകേണ്ടതാണ്.

(iii) ഈ ധനസഹായം കരസ്ഥമാക്കുന്നതിനായി വിദ്യാർത്ഥികളുടെ അപേക്ഷയിൽ രക്ഷകർത്താവും കൂടി ഒപ്പ് വച്ച് സ്കൂൾ/കോളേജ് അധികൃതരുടെ സാക്ഷ്യപത്രം സഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അപേക്ഷ നൽകണം.

(iv) വിദ്യാർത്ഥി സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനമാണ് ധനസഹായം നൽകേണ്ടത്.

(v) ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.16 ജില്ലാ/യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ

(i) ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ യൂണിവേഴ്സിറ്റിതല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനായി അനുയോജ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നതാണ്.

ജില്ലാ/യൂണിവേഴ്സിറ്റി തലം

തലം	മാനദണ്ഡം	ഒന്നാം സ്ഥാനം (രൂപ)	രണ്ടാം സ്ഥാനം (രൂപ)
ജില്ലാ തലം	കോളേജിൽ നിന്നുള്ള വിജയം	6000	3500
യൂണിവേഴ്സിറ്റി തലം	ജില്ലയിൽ നിന്നുള്ള വിജയം	9000	6000

(ii) ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.17 ദേശീയ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സര പങ്കാളിത്തത്തിന് ധനസഹായം

ദേശീയ, അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ-കായിക മത്സരങ്ങളിൽ പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകാം. ദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 10,000 രൂപയും അന്തർദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 20,000 രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്. നിർദ്ദിഷ്ട വ്യക്തിയുടെ അപേക്ഷയോടൊപ്പം അംഗീകാരം/മികവ്/പ്രവേശനം ലഭിച്ചത് സംബന്ധിച്ച രേഖയുടെ പകർപ്പ് എന്നിവ സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. ജില്ലാ പഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.18 പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ

ജില്ലാ പഞ്ചായത്തിന്റെയും നഗരഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള എല്ലാ ഹയർസെക്കൻററി സ്കൂളുകളിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു വിദ്യാഭ്യാസവർഷത്തിൽ 2 തവണ കരിയർ ഗൈഡൻസ് പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. ഒരു സ്കൂളിൽ ആകെയുള്ള പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ് അഭികാമ്യം. ഇതിനായി ഈ മേഖലയിൽ പ്രശസ്തരായ സ്ഥാപനങ്ങളുടെ/ ടെയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളിനും നൽകണം. ഒരു ദിവസം 2000 രൂപ നിരക്കിൽ ടെയിനർമാർക്ക് ഓണറേറിയം നൽകാവുന്നതാണ്. ക്ലാസ്സുകളിൽ കുട്ടികൾ എല്ലാവരും കൃത്യമായി ഹാജരാകുന്നുണ്ടെന്ന് പ്രധാന അദ്ധ്യാപകൻ/ അദ്ധ്യാപിക ഉറപ്പാക്കണം. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.19 പട്ടികജാതി/പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ

ജില്ലാ പഞ്ചായത്തിന്റെയും നഗരസഭകളുടേയും ആഭിമുഖ്യത്തിൽ എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസ വർഷത്തിൽ നാല് തവണ രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികസനം, നേതൃപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഈ മേഖലയിൽ വിദഗ്ധരായ ടെയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളിനും നൽകണം. ഒരു ദിവസത്തേക്ക് 2000 രൂപ ടെയിനർമാർക്ക് ഓണറേറിയം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.20 വജ്രജൂബിലി കലാകാരന്മാർ മുഖേന കലാപഠന ക്യാമ്പ്

വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർ മുഖേന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സാഹിത്യം, ചിത്രരചന, വിഷ്വൽ മീഡിയ, നാടകം എന്നിവയിൽ കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. യു.പി.എസ്, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ഇപ്രകാരം കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. വജ്രജൂബിലി കലാകാരൻമാർക്ക് പ്രതിദിനം 500 രൂപ യാത്രാബത്ത നൽകാം. പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റും നൽകേണ്ടതാണ്. ജില്ലാപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.21 പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നേടാൻ പരിശീലനം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും തൊഴിൽ തൽപ്പരരുമായ എല്ലാവരെയും മത്സര പരീക്ഷകൾക്ക് പ്രാപ്തമാക്കുന്നതിന് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്. താഴെപറയുന്ന രീതി ഇതിനായി അവലംബിക്കാവുന്നതാണ്.

(i) ഉദ്യോഗാർത്ഥികൾ താമസിക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ii) ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തുകൾക്ക് നൽകണം

(iii) ലിസ്റ്റ് പരിശോധിച്ച് ഗുണഭോക്താക്കളുടെ വിദ്യാഭ്യാസ യോഗ്യതയുടേയും തൊഴിൽ താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കണം.

(iv) ജില്ലാ പഞ്ചായത്തുകൾ സംസ്ഥാനതലത്തിൽ താൽപര്യ പത്രം ക്ഷണിച്ച് ഈ മേഖലയിൽ പരിശീലനം നൽകുന്ന സർക്കാർ/സർക്കാരേതിര സ്ഥാപനങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി-അവരുമായി ചർച്ച ചെയ്ത് പരിശീലന നിബന്ധനകളും രീതിയും നിശ്ചയിക്കേണ്ടതാണ്.

(v) പരിശീലനാർത്ഥികളുടെ കൗൺസിലിംഗ് നടത്തി തൊഴിൽ മേഖലാ താൽപര്യമനുസരിച്ച് എൻറോൾ ചെയ്യിപ്പിക്കണം.

(vi) നിബന്ധനകൾ അനുസരിച്ച് പരിശീലനം പൂർത്തീയാക്കുന്നതാണെന്നുള്ള കരാർ ഗുണഭോക്താക്കളിൽ നിന്നും വാങ്ങേണ്ടതാണ്.

(vii) ജില്ലാ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങളുമായി ഫീസ് അടക്കമുള്ള നിബന്ധനകൾ സംബന്ധിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്.

7.2.22 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം

(i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ജോലി നേടുന്നതിന് പ്രവൃത്തി പരിചയം അത്യന്താപേക്ഷിതമാണ്. ഇതിനായി ജില്ലാ പഞ്ചായത്തിലെയും നഗരഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്. പരിശീലന കാലയളവ് രണ്ട് വർഷക്കാലത്തേയ്ക്കാണ്. ചുവടെ പറയുന്ന യോഗ്യതയുള്ളവരെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് നിർദ്ദിഷ്ട ഓഫീസുകളിൽ നിയോഗിച്ച് പരിശീലനം നൽകുകയും ഇതിന് താഴെ പറയും പ്രകാരം സ്റ്റൈപന്റ് നൽകാവുന്നതുമാണ്.

ക്രമ നം	യോഗ്യത	പ്രതിമാസ സ്റ്റൈപന്റ് തുക
1	ബി.എസ്.സി. നഴ്സിംഗ്	10,000
2	നഴ്സിംഗ് ജനറൽ	8000
3	എം.എൽ.റ്റി, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ	8000
4	എഞ്ചിനീയറിംഗ്	10,000

ക്രമ നം	യോഗ്യത	പ്രതിമാസ സ്റ്റൈപന്റ് തുക
5	പോളിടെക്നിക്	8000
6	ഐ.റ്റി.ഐ	7000
7	അംഗീകൃത തെറാപ്പിസ്റ്റുകൾ	10,000
8	സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്	7000

(ii) ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങളും പ്രോജക്ട് എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതാണ്.

7.2.23 പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ:-

പട്ടികവർഗ വിഭാഗക്കാരുടെ വീടുകളിൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള ഒ.വൈ.ഇ.സി ചാർജ്ജ് അടയ്ക്കുന്നതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

7.2.24 സാമൂഹ്യ പഠനമുറി

പ്രധാനപ്പെട്ട എല്ലാ ഊരുകളിലും ഘട്ടംഘട്ടമായി സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകാവുന്നതാണ്.

7.3 മത്സ്യത്തൊഴിലാളി ക്ഷേമം

7.3.1 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഗവേഷണ വിദ്യാർത്ഥികളും സർവ്വകലാശാലകളിലോ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് നൽകുന്നത്. രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യത്തൊഴിലാളി/ ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ, മത്സ്യ/അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് അനുബന്ധം 4-ലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ് നൽകാം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഐ.റ്റി മിഷൻ ലാപ്പ്ടോപിന്റെ വില നിശ്ചയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ GeM ൽ ലഭ്യമായ വിലയ്ക്ക് വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.3.2 വിദ്യാർത്ഥികൾക്ക് മേശയും കസേരയും:-

രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (തടി കൊണ്ടുള്ള മേശ, കസേര) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള ലിസ്റ്റ് പിന്നീട് ചേരുന്ന ഗ്രാമ/വാർഡ് സഭ / വാർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.3.3 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്:

രജിസ്റ്റേഡ്/അനുബന്ധ മത്സ്യ തൊഴിലാളികൾ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ/ അനുബന്ധ തൊഴിലാളികൾ എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ശുദ്ധജലം സംഭരിക്കുന്നതിനായി 500 ലിറ്റർ ശേഷിയുള്ള പി.വി.സി. വാട്ടർ ടാങ്ക് 75 ശതമാനം സബ്സിഡി നിരക്കിൽ

(യൂണിറ്റ് കോസ്റ്റ് 4,000 രൂപ) വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

7.4. വിദ്യാഭ്യാസം

7.4.1 ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കൽ

സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയന്മാരെ കരാർ വ്യവസ്ഥയിൽ 10 മാസത്തേയ്ക്ക് നിയോഗിക്കാവുന്നതാണ്. ഇവർക്ക് പ്രതിമാസം 12000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.4.2 കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ

ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടെയും ചുമതലയിലുള്ള അപ്പർ പ്രൈമറി /ഹൈ സ്കൂൾ/ ഹയർ സെക്കന്ററി സ്കൂളുകളിൽ കായിക അദ്ധ്യാപകരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 15,000 രൂപ ക്രമത്തിൽ ബി.പി.എഡ്/എം.പി.എഡ്/ തത്തുല്യ യോഗ്യത ഉള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി സ്പോർട്സ് കൗൺസിൽ, അംഗീകാരമുള്ള സ്പോർട്സ് അക്കാദമി എന്നീ സ്ഥാപനങ്ങളുടെ സേവനം തേടാവുന്നതാണ്. സ്കൂൾ കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും സ്കൂൾ തലത്തിൽ കായിക താരങ്ങളെ പരിശീലിപ്പിച്ച് വിവിധ തലത്തിലുള്ള മത്സരങ്ങൾക്ക് സജ്ജരാക്കുകയുമാണ് ലക്ഷ്യം.

7.4.3 കായികക്ഷമത - എൽ.പി.എസ് കുട്ടികളിൽ

ജീവിതവിജയത്തിന്റെ നല്ല പാഠങ്ങൾ കുട്ടിക്കാലത്ത് തന്നെ അഭ്യസിക്കാൻ അവസരം ലഭ്യമാക്കുകയാണ് രക്ഷാകർത്താക്കളുടേയും സമൂഹത്തിന്റെയും ചുമതല. കുട്ടികൾക്ക് താല്പര്യമുള്ളതും ചെയ്യാൻ ആഗ്രഹിക്കുന്നതുമായ കളികളിലൂടെ ശാസ്ത്രീയമായ വ്യായാമമുറകൾ സ്ഥിരമായി ചെയ്യാൻ അവസരം നൽകണം. ഇത് ക്ലാസ് ടീച്ചറുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ പി.റ്റി. പിരീഡിൽ കമ്മ്യൂണിറ്റി സ്പോർട്സ് ലീഡേഴ്സിന്റെ /സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്യാവുന്നതാണ്. ഇതിനുള്ള പ്രോജക്ടുകൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

7.4.4 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം

സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻററി സ്കൂളിലെ കുട്ടികൾക്ക് SPC(Student Police Cadet) പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്നത് കഴിച്ചുള്ള തുക (സ്കൂൾ ഒന്നിന് 20,000 രൂപയിൽ അധികരിക്കാതെ) വിനിയോഗിക്കാവുന്നതാണ്. ഇതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.4.5 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ

സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിലെ 4,7,10,+2 ക്ലാസ്സുകളിലേയ്ക്കുള്ള തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകമായ മറ്റ് ആവശ്യങ്ങൾ എന്നിവക്ക് എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.4.6 സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനും സാനിട്ടറി നാപ്കിൻ ബേണിംഗ് മെഷീനും

സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂൾ/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച്, അനുയോജ്യമായ കപ്പാസിറ്റിയുള്ള സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകളും (Napkin Vending Machine) നാപ്കിൻ സംസ്കരിക്കുന്നതിനുള്ള സാനിട്ടറി നാപ്കിൻ ബേണിംഗ് മെഷീനും (Napkin Destroyer) സ്കൂളുകളിൽ സ്ഥാപിക്കേണ്ടതാണ്. ഇതിന് Central Pollution Control Board ന്റെ മാർഗ്ഗരേഖ അവലംബമാക്കണം. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്. ഇതിന് ചെലവഴിക്കുന്ന തുക വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.റ്റി.എ യുമായി കരാർ വക്കണം. മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കണം. തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.റ്റി.എ ഏറ്റെടുക്കണം. ഒപ്പം സ്കൂളുകളിൽ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കുകയും വേണം. ഇവ സുരക്ഷിതമായി സൂക്ഷിക്കാനുള്ള അലമാരയും വാങ്ങാവുന്നതാണ്.

7.4.7 സ്കൂളുകളിലെ കെട്ടിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റ്, കിണർ റീ ചാർജിംഗ്, മഴവെള്ള സംഭരണി, മൂത്രപ്പുരയ്ക്ക് സോക്ക് പിറ്റ് തുടങ്ങിയവയുടെ നിർമ്മാണം.

1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂൾ കെട്ടിടങ്ങളിൽ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ അനെർട്ട്/ ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് സൗരോർജ്ജം ഗ്രിഡിലേയ്ക്ക് നൽകുന്നതിനുള്ള പ്രോജക്ട് സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

2) സ്കൂൾ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്.

3) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിലെ ടോയിലറ്റ് / മൂത്രപ്പുരയിൽ നിന്നുള്ള മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സോക്ക് പിറ്റ് നിർമ്മിക്കാവുന്നതാണ്.

5) സ്കൂൾ കാമ്പൗണ്ടിലെ മഴ വെള്ളം മണ്ണിൽ കിനിഞ്ഞിറങ്ങാൻ ആവശ്യമായ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്താവുന്നതാണ്.

7.5 വനിതാ വികസനം - ശിശുവികസനം

7.5.1 അങ്കണവാടി കുട്ടികളുടെ കലാകായികമത്സരങ്ങൾ

സംസ്ഥാനത്തെ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലെ അങ്കണവാടി കുട്ടികളുടെ കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്തണം. വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്. കുട്ടികളെയും, അദ്ധ്യാപകരേയും, രക്ഷിതാക്കളേയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കൂടിച്ചേരലാക്കി മാറ്റാൻ കഴിയണം. റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പടെ 15,000 രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.6 പൊതുജനാരോഗ്യം

7.6.1. ലാബ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കൽ

കുടുംബ ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയോഗിക്കാവുന്നതാണ്. ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരമായിരിക്കണം ഇവരെ നിയോഗിക്കേണ്ടത്. വേതനം വികസനഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

7.6.2. ഡോക്ടറുടെയും സ്റ്റാഫിന്റേയും സേവനം ലഭ്യമാക്കൽ

ചില പ്രദേശങ്ങളിലെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലും/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും (01.00 PM- 7.00 PM) ആവശ്യമായി വരും. ഇതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതാണ്. ഇതുകൂടാതെ ആവശ്യമെങ്കിൽ താലൂക്ക് ആശുപത്രികൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ആശുപത്രികൾ എന്നിവിടങ്ങളിലും ഓരോ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിക്കാവുന്നതാണ്. ഇതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം.

(i) ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കേണ്ടതാണ്.

(ii) നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

(iii) പി.എച്ച്.സി/സി.എച്ച്.സി കളുടെ പ്രവർത്തനം ഉച്ചകഴിഞ്ഞുകൂടി ഉറപ്പാക്കാനാണ് ഇപ്രകാരം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കുന്നത്. എങ്കിലും ഇങ്ങനെ നിയോഗിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണി വരെ സേവനം നടത്തുന്നതിന് ഒരു ടീമായി മറ്റ് ഡോക്ടർമാരുമായി ചേർന്ന് പ്രവർത്തിക്കണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം ഉപ കേന്ദ്ര സേവനം തുടങ്ങിയവയും ഇവരുടെ സേവനം ഉപയോഗിക്കാം. ഉച്ചകഴിഞ്ഞ് 1.00 മണിമുതൽ 6.00 മണിവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം ഉറപ്പുവരുത്തണം.

(iv) ഹോസ്പിറ്റൽ കിയോസ്ക് സ്ഥാപിച്ചിട്ടുള്ളിടത്ത് കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം ധനവകുപ്പ് നിശ്ചയിക്കുന്ന നിരക്ക് പ്രകാരം നൽകാവുന്നതാണ്.

7.6.3. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന നഴ്സുമാർക്ക് പ്രതിമാസം 18,390 രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കാവുന്നതാണ്. സ.ഉ.(പി) നം.29/2021/ധന, തീയതി 11.02.2021 ഉത്തരവിലെ കാറ്റഗറി I (നഴ്സിംഗ് അസിസ്റ്റന്റ്) വിഭാഗക്കാർക്ക് കോൺടാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയാണ് ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. ധനകാര്യവകുപ്പ് മേൽപ്പറഞ്ഞ ഉത്തരവ് പരിഷ്കരിക്കുന്ന മുറയ്ക്ക് ആ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്.

7.6.4 ഔഷധങ്ങൾ വാങ്ങൽ

(1) മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആരോഗ്യ വകുപ്പാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

(i) അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. KMSCL യിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്.

(ii) ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്.

(iii) സിദ്ധ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഔഷധി വഴി IMPCOPS-ൽ (Indian Medical Practioners Co-operative Pharmacy and Stores) നിന്നാണ് വാങ്ങേണ്ടത്. ഇപ്രകാരം വാങ്ങുമ്പോൾ IMPCOPS നൽകുന്ന 25% കിഴിവ് ഔഷധി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറണം. ഈ ഡിസ്കൗണ്ട് ഔഷധി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് IMPCOPS- ൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങാവുന്നതാണ്.

(iv) ഹോമിയോപ്പതി മരുന്നുകൾ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്ന് (Homco Ltd) വാങ്ങാവുന്നതാണ്.

(v) ഹോമിയോ/ആയുർവേദ മരുന്നുകൾ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ അനുവദിച്ചിരിക്കുന്ന ഏജൻസിയിൽ നിന്നോ ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങാവുന്നതാണ്.

(3) സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യസ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിന് പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

(4) മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് മുടക്കം കൂടാതെ നൽകുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്.

7.6.5 യോഗ പരിശീലനം

വനിതകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷ്മായി ചേർന്ന് യോഗാപരിശീലനം നൽകാവുന്നതാണ്. ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000 രൂപ പരിശീലകന് നൽകാവുന്നതാണ്. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS (Bachelor of Naturopathy and Yogic Sciences) ബിരുദമോ തത്തുല്യ യോഗ്യതയുള്ളവരെയും യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉള്ളവരെയും യോഗ പരിശീലകരായി നിയോഗിക്കാവുന്നതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.6.6 എച്ച്.ഐ.വി. ബാധിതർ/എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ

എച്ച്.ഐ.വി ബാധിതർക്കും/എയ്ഡ്സ് രോഗികൾക്കും വേണ്ടിയുള്ള പരിപാടികൾ 15.03.2013 ലെ സ.ഉ(സാധാ)നം. 653/2013/തസ്വഭവ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. എച്ച്.ഐ.വി ബാധിതർക്കും എയ്ഡ്സ് രോഗികൾക്കുമായുള്ള

പോഷകാഹാര പ്രോജക്ടുകൾ ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്തമായും നഗര പ്രദേശങ്ങളിൽ നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. പോഷകാഹാര വിതരണത്തിനായി ഒരു വ്യക്തിക്ക് പ്രതിമാസം 1000 രൂപയിൽ കവിയാത്ത തുക വികസന ഫണ്ടിൽ/തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്

7.6.7 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം

1. ഖണ്ഡിക 2.15(1), 2.15 (2) എന്നിവയിലെ വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) നൽകാവുന്നതാണ്.
2. വരുമാനം തെളിയിക്കുന്നതിനുള്ള രേഖ സംബന്ധിച്ച് ഖണ്ഡിക 2.16 ലെ വ്യവസ്ഥകൾ ബാധകമായിരിക്കും
3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാം.

7.6.8 മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ

എല്ലാ വിഭാഗം വനിതകൾക്കും 100 ശതമാനം സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് നൽകാം. പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതുമായ ഈ സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ വിശ്വാസ്യതയും സംശയ നിവാരണത്തിനും യു.പി.എച്ച്.സി/ എഫ്.എച്ച്.സി/ പി.എച്ച്.സി/ സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പ്രചാരണ പരിപാടി നടത്തണം. ബോധവത്ക്കരണത്തിനു ശേഷം ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നരീതിയും അവലംബിക്കാവുന്നതാണ്. ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്നതിന്റെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകണം. ഈ പ്രോജക്ട് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

7.7. കലാ - സാംസ്കാരിക - കായിക വികസനം

7.7.1 ഗെയിംസ് ഫെസ്റ്റിവൽ

(1) കായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വർഷവും ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള സ്പോർട്സ് കൗൺസിലിന്റെ കൂടി സഹകരണത്തോടെ ഈ പ്രോജക്ട് നടപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും സെക്രട്ടറിമാരും, കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയുമായിരിക്കും പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥർ.

(2) ലക്ഷ്യങ്ങൾ

(i) സമ്പൂർണ്ണ കായിക ക്ഷമതയുള്ള ജനത

(ii) ആരോഗ്യകരമായ കായിക സംസ്കാരത്തിന്റെ വികസനം.

(iii) തദ്ദേശഭരണ സ്ഥാപനതലത്തിൽ യൂത്ത് ക്ലബുകൾ തമ്മിൽ വിവിധ ഗെയിമുകളിൽ സൗഹാർദ്ദ മത്സരങ്ങൾ സംഘടിപ്പിക്കുക.

(iv) തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രധാന ഗെയിംസ് ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുക.

(v) ബ്ലോക്ക്/ജില്ലാ തലങ്ങളിൽ സ്പോർട്സ് മീറ്റുകൾ സംഘടിപ്പിക്കുക.

(vi) യുവതികളുടെ മാത്രമായുള്ള ഗെയിംസ് ടീമുകൾ രൂപീകരിക്കുക.

(3) യുവജനക്ലബു ടീമുകളിൽ നിന്നും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ടീം രൂപീകരണവും കോച്ചിംഗ് ക്യാമ്പും

(i) യുവജന ക്ലബുകളിൽ നിന്നും വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്, കബടി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനതലത്തിൽ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് ആദ്യം നടത്തേണ്ടതാണ്.

(ii) ചാമ്പ്യൻഷിപ്പിൽ കളിക്കുന്ന എല്ലാ ടീമുകളിൽ നിന്നും എറ്റവും നല്ല കളിക്കാരെ തെരഞ്ഞടുത്ത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ടീം രൂപീകരിക്കണം. എറ്റവും നല്ല കളിക്കാരെ തെരഞ്ഞടുക്കുന്നതിനായി ആവശ്യമെങ്കിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റികൾ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിക്കാവുന്നതാണ്.

(iii) 18 മുതൽ 45 വയസ്സുവരെയുള്ള യുവതി/യുവാക്കൾ അടങ്ങുന്ന ടീമിനെയാണ് ഗെയിംസ് ഇനങ്ങളിലും അത് ലറ്റിക്സ് ഇനങ്ങളിലും ബ്ലോക്ക് തല മത്സരങ്ങളിലേയ്ക്ക് അയയ്ക്കേണ്ടത്.

(iv) ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയ യൂണിഫോമും ക്യാഷ് അവാർഡുകളും നൽകുന്നതിനും ട്രോഫിയും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ടെയിനറുടെ പ്രതിഫലം തുടങ്ങിയവ നൽകുന്നതിനും ഗെയിമിന് ഗ്രാമപഞ്ചായത്തുകൾക്ക് 30,000 രൂപയും മുനിസിപ്പാലിറ്റികൾക്ക് 40,000 രൂപയും കോർപ്പറേഷനുകൾക്ക് 50,000 രൂപയും ചെലവഴിക്കാവുന്നതാണ്.

(v) ജില്ലാ/സംസ്ഥാന സ്പോർട്സ് കൗൺസിൽ കോച്ചുകൾ, സർക്കാർ/എയ്ഡഡ് സ്കൂൾ, കോളേജ് കായിക അദ്ധ്യാപകർ, വിരമിച്ച കായിക അദ്ധ്യാപകർ, നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ലാ/സംസ്ഥാന ടീം അംഗങ്ങൾ, സ്പോർട്സ് അക്കാദമിയിലെ വിദഗ്ധർ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തദ്ദേശഭരണ സ്ഥാപനതല ടീമിന് പ്രത്യേക പരിശീലനം നൽകാവുന്നതാണ്.

(vi) സ്പോർട്സ് കലണ്ടർ:- കേരളോത്സവം ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു സ്പോർട്സ് കലണ്ടർ ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കേണ്ടതാണ്.

(4) ബ്ലോക്ക് പഞ്ചായത്ത് തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും

ഗ്രാമപഞ്ചായത്ത് തല ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്ക് തല ചാമ്പ്യൻഷിപ്പും സെലക്ഷൻ ട്രയൽസും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടി ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കണം. ബ്ലോക്ക് തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിക്കേണ്ടത്. ഇതിനായി ഓരോ ഗെയിമിനും 30,000 രൂപ വീതം ചെലവഴിക്കുന്നതിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് എടുക്കാവുന്നതാണ്.

(5) ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻതല വിജയികൾ തമ്മിലുള്ള ജില്ലാതല മീറ്റ്

ജില്ലാ പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും മുനിസിപ്പാലിറ്റിയുടെയും നേതൃത്വത്തിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെയാണ് മീറ്റ് സംഘടിപ്പിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തുകൾ/ നഗരഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ടീമുകളാണ് പങ്കെടുക്കേണ്ടത്. ജില്ലാതല മീറ്റിന് ഓരോ ഗെയിമിനും ഒരു ലക്ഷം രൂപ വീതം ചെലവഴിക്കാവുന്നതാണ്. ഇതിനായി ജില്ലാ പഞ്ചായത്തിന് മാത്രമായോ നഗരഭരണ സ്ഥാപനങ്ങളുടെ വിഭവ പങ്കാളിത്തത്തോടുകൂടിയോ പ്രോജക്ട് എടുക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതല ടീം രൂപീകരിക്കണം.

(6) സംസ്ഥാനതല മത്സരങ്ങൾ

ജില്ലാതല മത്സരങ്ങളിൽ വിജയിക്കുന്ന ടീമുകളെ ഉൾപ്പെടുത്തി സംസ്ഥാനതല മത്സരം നടത്തേണ്ടതാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വേദി നിശ്ചയിക്കുകയും അതിനായുള്ള സംഘാടക സമിതി രൂപീകരിക്കേണ്ടതുമാണ്.

(7) സംഘടനാ സംവിധാനങ്ങൾ: യൂത്ത് ക്ലബ് ഏകോപനസമിതി

ചുവടെ ചേർക്കുന്ന ഘടനയോടുകൂടിയ ഒരു ഏകോപനസമിതി സംവിധാനം രൂപീകരിക്കേണ്ടതാണ്.

(എ) ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ഏകോപനസമിതി - ഘടന

ക്രമ നമ്പർ	ഘടന	ഗ്രാമപഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
1.	അദ്ധ്യക്ഷ	ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്	മുനിസിപ്പൽ ചെയർ പേഴ്സൺ	മേയർ
2.	കൺവീനർ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	മുനിസിപ്പൽ സെക്രട്ടറി	കോർപ്പറേഷൻ സെക്രട്ടറി
3.	ഉപാദ്ധ്യക്ഷ	1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം	1. വിദ്യാഭ്യാസ കലാകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം	1. വിദ്യാഭ്യാസ കലാകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ 2.തെരഞ്ഞെടുക്കപ്പെടുന്ന അംഗം
4.	ജോയിന്റ് കൺവീനർ	1. യൂത്ത് കോ ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം	1. യൂത്ത് കോ ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം	1. യൂത്ത് കോ ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം
5.	അംഗങ്ങൾ	ഗ്രാമ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന യൂത്ത് ക്ലബ് അംഗങ്ങളും	മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന യൂത്ത് ക്ലബ് അംഗങ്ങളും	കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന യൂത്ത് ക്ലബ് അംഗങ്ങളും

കുറിപ്പ് :-

(1) തദ്ദേശഭരണ സ്ഥാപന സമിതിയുടെ കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി

(2) ഗ്രാമപഞ്ചായത്ത് ഏകോപനസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉപാദ്ധ്യക്ഷയും ജോയിന്റ് കൺവീനറുമാകണം ബ്ലോക്ക് പഞ്ചായത്ത് ഏകോപനസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടേണ്ടതും അംഗങ്ങളാകേണ്ടതും.

(ബി) ബ്ലോക്ക്, ജില്ലാതല ഏകോപന സമിതിയുടെ ഘടന

ക്രമ നമ്പർ	ഘടന	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാതലം
1.	അദ്ധ്യക്ഷ	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ –ചെയർപേഴ്സൺ : ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്
2.	കൺവീനർ	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	ജില്ലാ പഞ്ചായത്ത് സെക്രട്ടറി
3.	ഉപാദ്ധ്യക്ഷ	1. ആരോഗ്യ വിദ്യാവഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ജില്ലാ പഞ്ചായത്ത്

		2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം (വനിത)	2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം (വനിത)
4.	ജോയിന്റ് കൺവീനർ	തെരഞ്ഞെടുക്കപ്പെടുന്ന അംഗം	1. തെരഞ്ഞെടുക്കപ്പെടുന്ന അംഗം
5.	ജോയിന്റ് കൺവീനർ (ഒഫീഷ്യൽ)	യൂത്ത് കോഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ്	1. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി 2. യൂത്ത് പ്രോഗ്രാം ഓഫീസർ
6.	അംഗങ്ങൾ	നോമിനേറ്റ് ചെയ്യപ്പെടുന്ന മറ്റ് യൂത്ത് ക്ലബ് അംഗങ്ങൾ	നോമിനേറ്റ് ചെയ്യപ്പെടുന്ന മറ്റ് യൂത്ത് ക്ലബ് അംഗങ്ങൾ
7.	എക്സ് ഒഫിഷ്യോ അംഗങ്ങൾ	ജോയിന്റ് ബി.ഡി.ഒ	1. ജോയിന്റ് ഡയറക്ടർ, തദ്ദേശഭരണ പൊതു സർവ്വീസ്

കുറിപ്പ് :-

1. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി.
2. ബ്ലോക്ക് പഞ്ചായത്ത് ഏകോപനസമിതിയിൽ നിന്നും ഉപാദ്ധ്യക്ഷയെയും ജോയിന്റ് കൺവീനറെയും ജില്ലാ ഏകോപനസമിതിയിലേയ്ക്ക് അംഗങ്ങളായി നോമിനേറ്റ് ചെയ്യണം. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഏകോപനസമിതികളിലെ ഉപാദ്ധ്യക്ഷരും ജോയിന്റ് കൺവീനർമാരും ജില്ലാ ഏകോപന സമിതിയിൽ അംഗങ്ങളായിരിക്കും.
3. ഇവരിൽ നിന്നും ഒരാളിനെ ഉപാദ്ധ്യക്ഷയായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കണം
4. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധിയായിരിക്കും ഏകോപനസമിതിയുടെയും കാലാവധി
5. ജില്ലാ യൂത്ത് ക്ലബ് ഏകോപനസമിതിയിൽ രണ്ട് ജോയിന്റ് കൺവീനർമാർ ഉണ്ടായിരിക്കും. യൂത്ത് പ്രോഗ്രാം ഓഫീസർ ജോയിന്റ് കൺവീനർ (ഒഫീഷ്യൽ) ആയിരിക്കും.

(8) സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും

1. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.
2. വിജയികൾക്കും റണ്ണറപ്പാകുന്ന ടീമുകൾക്കും ട്രോഫി നൽകണം. ഇതിന് ആവശ്യമായ വിഹിതം ഗയിംസിനായി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടത്തേണ്ടതാണ്.

7.7.2 രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്:-

(i) ഒരു ക്ലബിന് 6000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം.

(ii) നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം യുവജനക്ലബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം

(iii) ഗ്രാമപഞ്ചായത്തുകൾ /നഗരഭരണസ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

7.7.3 കുട്ടികൾക്കുള്ള അത് ലറ്റിക്സ് പരിശീലനങ്ങൾ:-

സ്കൂൾതലങ്ങളിൽ തന്നെ അത് ലറ്റിക്സിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനങ്ങൾ നൽകണം. സ്കൂളുകളിലെ കായിക അദ്ധ്യാപകരുടെ സേവനത്തോടൊപ്പം എസ്.എസ്.കെ യുടെ സാദ്ധ്യത കൂടി ഉപയോഗപ്പെടുത്തി അത് ലറ്റിക്സ് പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നൽകണം. സ്പോർട്സ് അക്കാദമികളുടെ സഹായവും ഉപയോഗിക്കേണ്ടതാണ്. സ്പോർട്സ് അക്കാദമികളുടെ സഹകരണത്തോടെ അത് ലറ്റിക്സ് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്തുതലത്തിൽ/ നഗരഭരണസ്ഥാപനങ്ങളുടെ 30,000/- രൂപവരെ ചെലവഴിക്കാവുന്നതുമാണ്. സ്പോട്സ് അക്കാദമികളിലെ യോഗ്യരായ പരിശീലകർക്ക് പരിശീലന സമയം കണക്കാക്കി ഓണറേറിയം നൽകാവുന്നതാണ്. പരിശീലനത്തിനാവശ്യമായ കായികക്ഷമതാ ഉപകരണങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവ വാങ്ങിനൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.7.4 അത് ലറ്റിക്സ് മത്സരങ്ങൾ

ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിലും നഗരസഭാതലങ്ങളിലും ഖണ്ഡിക 7.7.1 ൽ പ്രതിപാദിച്ചിരിക്കുന്ന ഗെയിംസ് ഫെസ്റ്റിവലിന്റെ മാതൃകയിൽ ഓരോ പ്രദേശത്തും പ്രചാരമുള്ള അത് ലറ്റിക്സ് ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. സ്ത്രീ-പുരുഷ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളേയും മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.7.5 ഓപ്പൺ ജിംനേഷ്യം

ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിനും കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഓപ്പൺ ജിം സ്ഥാപിക്കാവുന്നതാണ്. ഇതിനായി അഞ്ച് സെന്റ് സ്ഥലമെങ്കിലും കണ്ടെത്താൻ കഴിയുന്നയിടങ്ങളിൽ ഓപ്പൺ ജിംനേഷ്യം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രോജക്ട് എടുക്കാവുന്നതാണ്. എല്ലാ സ്ഥലങ്ങളിലും ഒരേപോലെയുള്ള ഓപ്പൺ ജിംനേഷ്യങ്ങൾ ആരംഭിക്കുന്നതാണ് അഭികാമ്യം. ഓരോ ജിംനേഷ്യത്തിലും Treadmill, Squat, Hip twister, Step Trainer, Hyper Extension Rower, Hand Exerciser, Leg Exerciser, Elliptical Trainer, Horse Rider, Air Walker, Rower എന്നീ ഉപകരണങ്ങൾ സ്ഥാപിക്കണം. ഇവക്ക് പുറമേ മറ്റ് ഉപകരണങ്ങളും സ്ഥാപിക്കാവുന്നതാണ്. ജി.ഐ ഫെൻസിഗും, ഇന്റർ ലോക്ക് പ്ലാറ്റ്ഫോമും ഉൾപ്പെടെ മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കണം. സ്കൂളുകളിലും സ്റ്റേഡിയങ്ങളിലും പൊതു ഇടങ്ങളിലും പാർക്കുകളിലും സ്ത്രീപുരുഷ വ്യത്യാസമില്ലാതെ ഒഴിവു സമയങ്ങളിൽ എല്ലാവർക്കും വ്യായാമം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാകണം. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന്റെ നടത്തിപ്പ് മോണിട്ടർ ചെയ്യേണ്ടതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.7.6 ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം

ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതോടൊപ്പം ദുരന്ത സാഹചര്യത്തിൽ ദുരിതാശ്വാസ കേന്ദ്രമായി പ്രയോജനപ്പെടുന്ന തരത്തിൽ ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം നിർമ്മിക്കാവുന്നതാണ്. നഗരപ്രദേശങ്ങളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം നഗരഭരണസ്ഥാപനങ്ങൾക്ക് സ്ഥാപിക്കാവുന്നതാണ്. നഗരസമാനമായ ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തുകൾക്ക് വികസന ഫണ്ട് വിനിയോഗിച്ച് ഇൻഡോർസ്റ്റേഡിയം സ്ഥാപിക്കാവുന്നതാണ്. കഴിവതും സ്ഥലം സൗജന്യമായി കണ്ടെത്തുന്നതിന് ശ്രമിക്കണം. ദുരിതാശ്വാസ കേന്ദ്രമായി കൂടി ഉപയോഗിക്കുന്നതിന് അനുയോജ്യമായ സ്ഥലത്ത് പാർക്കിംഗ് സൗകര്യങ്ങൾ കൂടി കണക്കിലെടുത്ത് വേണം സ്റ്റേഡിയം നിർമ്മിക്കേണ്ടത്. സ്റ്റേഡിയം നിർമ്മാണത്തിന് സ്പോൺസർഷിപ്പും സി.എസ്.ആർ ഫണ്ടും പരമാവധി സമാഹരിക്കണം. ദൈനംദിന പരിപാലനത്തിനുള്ള സംവിധാനം പ്രോജക്ട് രൂപീകരണഘട്ടത്തിൽ തന്നെ വ്യക്തമാക്കണം. ദുരിതാശ്വാസ കേന്ദ്രമായി ഉപയോഗിക്കാൻ കഴിയും വിധം ആവശ്യമായ ടോയിലറ്റ്, യൂറിനൽ സൗകര്യം കൂടി കണക്കിലെടുത്ത് വേണം നിർമ്മാണം നടത്തേണ്ടത്.

7.7.8 ഒരു ഗ്രാമപഞ്ചായത്തിൽ/നഗരഭരണസ്ഥാപനത്തിൽ ഒരു നീന്തൽക്കുളവും നീന്തൽ പരിശീലനവും:-

വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ് ലക്ഷ്യം. ഇതിനായി ഒരു ഗ്രാമപഞ്ചായത്തിൽ/ നഗരസഭയിൽ ഒരു നീന്തൽക്കുളമെങ്കിലും വേണം. നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പുപദ്ധതിയെ ഉപയോഗപ്പെടുത്തണം. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമ പഞ്ചായത്തുകൾ/നഗരഭരണസ്ഥാപനങ്ങൾ കണ്ടെത്തണം. പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പ്രോജക്ട് എടുക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാം.

7.7.9 സംസ്ഥാന സർക്കാരിന്റെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് ഓണറേറിയം

സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്നതിന് പ്രാദേശിക സർക്കാരുകളുമായി ചേർന്ന് കലാപഠനമടക്കമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അപ്രകാരം സന്നദ്ധരാകുന്ന കലാകാരൻമാർക്ക് സംസ്ഥാനസർക്കാർ നൽകുന്ന ഓണറേറിയത്തിന് പുറമെ ഓരോരുത്തർക്കും പ്രതിമാസം 7500 രൂപ കൂടി ഓണറേറിയമായി നൽകണം. ഇതിനായുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും എടുക്കണം. ഇത്തരം കലാകാരൻമാരുടെ കഴിവുകളെ തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ പ്രോജക്ടുകൾ എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

7.7.10 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനം:-

(i) തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000 രൂപയും മുനിസിപ്പാലിറ്റികൾ വാർഡ് ഒന്നിന് 1500 രൂപയും കോർപ്പറേഷനുകൾ വാർഡ് ഒന്നിന് 2500 രൂപയും നൽകണം.

(ii) ബാലസഭ, ലൈബ്രറികളുടെ ബാലവേദി തുടങ്ങിയ കമ്മിറ്റികളുടെ പഞ്ചായത്ത് / നഗരഭരണസ്ഥാപന കമ്മിറ്റിയുണ്ടാക്കി അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്താവുന്നതാണ്. ഇതോടൊപ്പം നാടൻ കലാരൂപങ്ങൾ മറ്റ് കലാരൂപങ്ങൾ എന്നിവയെയും പ്രോത്സാഹിപ്പിക്കണം.

7.7.11 സ്പോർട്സ് & ഗെയിംസ് – വനിത ടീമുകളുടെ സൗഹൃദ മത്സരങ്ങളും (Friendly matches) ടൂർണ്ണമെന്റുകളും നടത്താൻ തയ്യാറാകുന്ന ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്കും, സ്പോർട്സ് അക്കാദമികൾക്കും അസ്സോസിയേഷനുകൾക്കും 5000 രൂപ വീതം ഗ്രാമപഞ്ചായത്തുകൾക്കും/ നഗരഭരണസ്ഥാപനങ്ങൾക്കും ധനസഹായം നൽകാവുന്നതാണ്.

7.8 പരിസ്ഥിതി സംരക്ഷണം

7.8.1 ഗ്രാമങ്ങളിൽ പച്ചത്തുരുത്തും നഗരങ്ങളിൽ മിയാവാക്കി വനവും

(1) കാലാവസ്ഥാവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഭാഗമായുണ്ടാകുന്ന പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനാണ് വൃക്ഷങ്ങൾ നട്ടുവളർത്തി വനവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നത്. അതിനായി ഗ്രാമങ്ങളിൽ പൊതുയിടങ്ങൾ നിർമ്മിച്ചും അതിൽ മരങ്ങൾ വച്ചുപരിപാലിച്ചും പച്ചത്തുരുത്തുകളാക്കുകയും പരിസരം പരിസ്ഥിതി സൗഹൃദമാക്കുകയും ചെയ്യേണ്ടതാണ്.

(2) കോൺക്രീറ്റ് വനങ്ങളായി മാറികൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങളിൽ അവശേഷിക്കുന്ന ഇടങ്ങളിൽ ജപ്പാനിൽ വികസിപ്പിച്ച മിയാവാക്കി വനവത്കരണ മാതൃക പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(i) പരമ്പരാഗത വനവത്കരണത്തിന്റെ ഭാഗമായുള്ള മരങ്ങളുടെ വളർച്ച നിരക്ക് ഒരു വർഷത്തിൽ സാധാരണ ഒരു മീറ്റർ പൊക്കമാണെങ്കിൽ മിയാവാക്കി രീതിയിൽ 2 മുതൽ 3 മീറ്റർ വരെയാണ്.

(ii) 100 ചതുരശ്ര അടി മുതൽ വിസ്തൃതിയിൽ മിയാവാക്കി വനങ്ങൾ നിർമ്മിക്കാവുന്നതാണ്.

(iii) ഒരു ചതുരശ്ര മീറ്ററിൽ 3 മുതൽ 4 വരെ മരങ്ങൾ വച്ച് പിടിപ്പിക്കാവുന്നതാണ്.

(iv) നഗരമാലിന്യം, കാർബൺ ബഹിർഗമനം, അന്തരീക്ഷ മലിനീകരണം, ശബ്ദമലിനീകരണം അന്തരീക്ഷ താപനില എന്നിവ കുറയ്ക്കുന്നതിന് ഇത് സഹായിക്കും.

(v) ഇതിനായി Turn key വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഉണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ ഈ ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്.

(3) സ്ഥല ലഭ്യതയ്ക്കനുസരിച്ച് പച്ചത്തുരുത്തും, മിയാവാക്കി വനങ്ങളും ഗ്രാമപഞ്ചായത്തുകളിലും നഗര പ്രദേശങ്ങളിലും യഥാക്രമം പരമാവധി സജ്ജമാക്കേണ്ടതാണ്.

(4) അമൃത് പദ്ധതിയുടെ ഭാഗമായ നഗര ഹരിത ഇടങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയുമായി സംയോജിപ്പിച്ചും ഈ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

(5) ഗ്രാമപഞ്ചായത്ത്/നഗര ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാം.

7.8.2 സ്കൂൾ ജൈവ വൈവിധ്യ ക്ലബ്ബുകളിലൂടെ ജൈവ വൈവിധ്യ സംരക്ഷണ പരിപാലനം

1) എല്ലാ സ്കൂൾ കാമ്പൗണ്ടിലും കളിസ്ഥലങ്ങൾക്ക് കോട്ടം തട്ടാതെ ഫലവൃക്ഷതൈകൾ അടക്കമുള്ള വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം.

2) കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം വേണം തൈകൾ നടേണ്ടത്.

3) ഉറപ്പുള്ള സംരക്ഷണ വേലികളും അവയിൽ മരത്തിന്റെ സംരക്ഷണ ചുമതലയുള്ള കുട്ടിയുടെ പേരും ക്ലാസ് ടീച്ചറുടെ പേരും രേഖപ്പെടുത്തുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

4) കുഴികൾ എടുക്കുന്നതിനും നനയ്ക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെയും കുട്ടികളുടെ ശ്രമദാനവും PTA യുടെ സഹകരണവും ഉറപ്പാക്കണം.

5) ലോക പരിസ്ഥിതിദിന ക്യാമ്പയിന്റെ ഭാഗമായി ഈ പ്രോജക്ട് ആവശ്യമായ പ്രചാരണത്തോടെ സംഘടിപ്പിക്കണം.

6) വനംവകുപ്പ് സൗജന്യമായി നൽകുന്ന തൈകൾ ഉപയോഗിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തൈകൾ ആവശ്യമനുസരിച്ച് അംഗീകൃത നഴ്സറികളിൽ നിന്നും വാങ്ങാവുന്നതുമാണ്.

7) അടിസ്ഥാനവളം, സംരക്ഷണവേലി, പ്രദർശന ബോർഡ്, ക്യാമ്പയിൻ എന്നിവയ്ക്കുള്ള ചെലവ് ഉൾപ്പെടുത്തി എല്ലാ സ്കൂളിനുമായി ഒറ്റ പ്രോജക്ടായി തയ്യാറാക്കാം.

8) Biodiversity Management Committee (BMC)യുടെ മേൽനോട്ടത്തിൽ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി Kerala State Biobiodiversity Board (KSBB)ന്റെ സഹായത്തോടെ പരിസ്ഥിതി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

9) സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

7.8.3 കുളങ്ങളും തോടുകളും സംരക്ഷിച്ച് ഉൾനാടൻ മത്സ്യകൃഷിയും ജലസംരക്ഷണവും - വാർഷിക ഗ്രാന്റ് നൽകൽ.

1) എല്ലാവിഭാഗം ജനങ്ങളുടെയും സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലുമുള്ള കുളങ്ങളും തോടുകളും (വശങ്ങൾ പാറകെട്ടി സംരക്ഷിച്ചിട്ടില്ലാത്തവ) കയർ ഭൂവസ്ത്രം കൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യുന്നതിനും കുളങ്ങളിൽ മത്സ്യകൃഷിക്കും ധനസഹായം നൽകാവുന്നതാണ്. എല്ലാ കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രം തദ്ദേശഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കണം.

2) പൊതുസ്ഥലത്തുള്ളതും തദ്ദേശഭരണസ്ഥാപനത്തിന്റേതായ സ്ഥലങ്ങളിലുള്ള കുളങ്ങളും പ്രത്യേകമായി പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

3) തൊഴിലുറപ്പുപദ്ധതിയിലൂടെയും സന്നദ്ധസേവനത്തിലൂടെയും കുളങ്ങളും തോടുകളും സംരക്ഷിക്കുകയും ശുചിയാക്കി സൂക്ഷിക്കുകയും ചെയ്യണം.

4) കൃഷിവകുപ്പിന്റെ സഹായത്തോടെ രാമച്ചം തദ്ദേശസ്ഥാപനം ലഭ്യമാക്കണം,

5) ഈ കുളങ്ങളിൽ മത്സ്യകൃഷി നടത്താനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യ വകുപ്പിന്റെ സഹായത്തോടെ സൗജന്യമായി തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കണം.

6) സ്വകാര്യഭൂമിയിലെ കുളങ്ങളും തോടുകളും പരിപാലിക്കുന്നതിന് ഉടമസ്ഥരെയും പൊതു കുളങ്ങൾ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപടി സ്വീകരിക്കണം.

7) ഇവയുടെ പരിപാലനത്തിന് പ്രോത്സാഹനമായി കുളത്തിന്റെ വിസ്തൃതിയും ജലസംഭരണശേഷിയും കണക്കിലെടുത്ത് ധനസഹായം നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും/നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാം.

7.8.4 കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം.

1) ഓരോ ഗ്രാമപഞ്ചായത്തിലും നഗരഭരണസ്ഥാപനത്തിലും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽക്കാടുകളുടെയും പട്ടിക തദ്ദേശഭരണസ്ഥാപനതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയും (BMC) വർക്കിംഗ് ഗ്രൂപ്പും സംയുക്തമായി തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഇനവും എണ്ണവും സംരക്ഷിക്കപ്പെടേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും കണക്കാക്കണം. ചുമതല നിശ്ചയിക്കണം.

3) ചെലവു കുറഞ്ഞ രീതിയിൽ മുള്ള് വേലി/ ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവർത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

5) പരിസ്ഥിതി സംരക്ഷണത്തിനായി സംരക്ഷിയ്ക്കുന്ന കാവ് എന്ന നിലയിൽ ബോർഡ് സ്ഥാപിക്കണം. ജൈവവൈവിദ്ധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തണം.

6) ഇതിനാവശ്യമായ ശാസ്ത്ര സാങ്കേതിക ഉപദേശം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), സസ്യ ശാസ്ത്രത്തിൽ പി.ജി കോഴ്സുകളുള്ള കോളേജുകൾ/ യൂണിവേഴ്സിറ്റികൾ/ KSBB എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

7) സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഉൾപ്പെടുന്നസ്ഥലം, BMC യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിലയ്ക്ക് വാങ്ങി കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

7.8.5 പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കാൻ സഹകരണ വായ്പയും പലിശ സബ്സിഡിയും

(i) 09.08.2017-ലെ സംസ്ഥാന സഹകരണസംഘം രജിസ്ട്രാറുടെ സി.പി(5)24927/17 ലെ ഉത്തരവ് പ്രകാരം സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടി വീട്ടുവളപ്പിലെ മരങ്ങൾ മുറിക്കാതിരിക്കാൻ മരം തന്നെ പണയ വസ്തുവായി കണക്കാക്കി വായ്പ നൽകുന്നതിനുള്ള പദ്ധതി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിലവിലുണ്ട്. പരിസ്ഥിതിസുരക്ഷയ്ക്ക് കാർബൺ വാതകത്തിന്റെ അളവ് കുറയ്ക്കേണ്ടത് ആവശ്യമാണ്. ഇതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം മരങ്ങൾ സംരക്ഷിക്കുകയാണ്. അടിയന്തിര സാഹചര്യങ്ങളിലൊഴികെ മരങ്ങൾ മുറിക്കുന്നില്ലെന്ന് ഉറപ്പാക്കാനുള്ള സഹായ പദ്ധതി എന്ന നിലയിൽ മരങ്ങളുടെ ഈടിന്മേൽ ഇത്തരത്തിൽ സഹകരണ സംഘം നൽകുന്ന വായ്പയ്ക്ക് പലിശ സബ്സിഡി

നൽകാവുന്നതാണ്. പരമാവധി 5% വരെയുള്ള പലിശയ്ക്ക് സബ്സിഡി അനുവദിക്കാം. മുതലിന്റെ തിരിച്ചടവും മുഴുവൻ പലിശയും മുടക്കം കൂടാതെ ഒടുക്കിയിരിക്കണം. വായ്പാ കാലാവധിവരെയോ പരമാവധി 3 വർഷം വരെയോ ആണ് പലിശ സബ്സിഡിയായി പരമാവധി 15,000 രൂപ വരെ അനുവദിക്കാവുന്നത്. ബാങ്കിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഫെബ്രുവരി മാസത്തിൽ അർഹമായ പലിശ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറാവുന്നതാണ്. ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിൽ 2 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 3 ലക്ഷം രൂപയും ആയിരിക്കും. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വരുമാന പരിധി ഇല്ല.

(ii) പലിശ സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്

7.8.6 മഴക്കൊയ്ത്ത്

(1) ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ചയും കൂടിവെള്ള ക്ഷാമവും, ജല മലിനീകരണവും, കണക്കിലെടുത്ത് സംയോജിത ജലവിഭവ പരിപാലനം (IWRM) ആരംഭിക്കേണ്ടതാണ്. തണ്ണീർത്തടങ്ങളെ ശുദ്ധജല സംഭരണികളാക്കി മാറ്റുകയാണ് ലക്ഷ്യം. ഈ ആശയം എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിനുള്ള ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗമാണ് മഴവെള്ള സംഭരണം - മഴക്കൊയ്ത്ത്.

(2) മഴകൊയ്ത്തിന് അവലംബിക്കേണ്ട പ്രവർത്തനങ്ങൾ

(i) ജലത്തെ മണ്ണിലേയ്ക്ക് കിനിഞ്ഞിറങ്ങാൻ സഹായിക്കുക.

(ii) പുരയിടത്തിൽ നിന്നും വെള്ളം നാലതിരിന് പുറത്തു പോകുന്നില്ലെന്ന് ഉറപ്പു വരുത്തുക.

(iii) മഴയുടെ കുത്തൊഴുക്കിനെ ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ മന്ദഗതിയിലാക്കുക

(iv) തോടുകളിലൂടെ തെളിഞ്ഞ നീരൊഴുക്ക് ഉറപ്പു വരുത്തുക

(v) കുളങ്ങളും കിണറുകളും ശാസ്ത്രീയമായി പരിപോഷിപ്പിക്കുക

(vi) പാറമടകൾ ശുദ്ധജല സംഭരണികളാക്കി മാറ്റുക

(vii) സംഭരിക്കുന്ന ജലത്തെ കോളിഫോം മുക്തമാക്കി സംരക്ഷിക്കുക.

(viii) കിണർ റീചാർജ്ജിനോടൊപ്പം പിറ്റ് റീചാർജ്ജിംഗിനുള്ള സാധ്യതകളും ഉപയോഗപ്പെടുത്തണം.

(ix) പാതയോരങ്ങളിലൂടെ ഒഴുകിവരുന്ന മഴവെള്ളത്തെ തോടുകളിലോ, നദികളിലോ എത്തുന്നതിന് മുമ്പ് ഏതെങ്കിലും സ്ഥലത്ത് തടഞ്ഞു നിർത്തുന്നതിന് സൗകര്യമുണ്ടാക്കണം.

(x) തീരദേശ മേഖലകളിൽ കായലിലേയ്ക്കോ, സമുദ്രത്തിലേയ്ക്കോ എത്തുന്ന തോടുകളിൽ നിലവിലുള്ള ചെക്ക് ഡാമുകൾ കാലാനുസൃതമായി നവീകരിച്ച് തോടുകളുടെ ആഴം കൂട്ടി (Room for River) സജ്ജമാക്കുകയും പുതിയത് ആവശ്യമുണ്ടെങ്കിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

(xi) വാർഡ് തല ശുചിത്വാരോഗ്യസമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ സാമൂഹ്യ സംഘടനകളുടെയും പങ്കാളിത്തത്തോടെ ഇവ നടപ്പാക്കണം. വാർഡ്തല ശുചിത്വാരോഗ്യ സമിതിയുടെ ചെലവിലേയ്ക്ക് നൽകുന്ന തുകയ്ക്ക് പുറമെ മഴക്കൊയ്ത്തിന് മാത്രമായി ഗ്രാമപഞ്ചായത്തിൽ ഒരു വാർഡിന് 25,000 രൂപയും മുനിസിപ്പാലിറ്റികളിൽ ഒരു വാർഡിന് 40,000 രൂപയും കോർപ്പറേഷനിൽ ഒരു വാർഡിന് 50,000 രൂപയും നൽകാവുന്നതാണ്.

7.8.7 ഉപയോഗ ശൂന്യമായ കിണറുകൾ സംരക്ഷിച്ച് മഴവെള്ളം ശേഖരണം

ഗ്രാമ പഞ്ചായത്ത്/നഗരസ്ഥാപനങ്ങളിൽ ഉപയോഗ ശൂന്യമായ കിണറുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടെ സുരക്ഷിതമായി ഫെൻസിംഗ് നടത്തി മഴവെള്ളം ശേഖരിക്കാനായി

ഉപയോഗപ്പെടുത്തണം. ഇത് മത്സ്യക്കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

7.8.8 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വെതർ സ്റ്റേഷൻ

കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്തസാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവരശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷസ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും നഗരസഭാ പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിക്കുന്ന 10x12 മീറ്റർ ഉറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.

7.9 ദാരിദ്ര്യ ലഘൂകരണം

7.9.1 കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്, സി.ഡി.എസ്. എന്നിവയ്ക്കുള്ള റിവോൾവിംഗ് ഫണ്ട്

(i) കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. ഗ്രൂപ്പുകൾ തിരികെ നൽകുന്ന ഫണ്ട് മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകണം.

(ii) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച് സി.ഡി.എസ് മുഖേന വിൽക്കുന്ന കുടകൾക്ക് 20% സബ്സിഡി നൽകാവുന്നതാണ്. വിൽക്കുന്ന കുടകളുടെ എണ്ണമനുസരിച്ച് ഇക സി.ഡി.എസിന് കൈമാറേണ്ടതാണ്.

7.10 തെരുവുവിളക്ക്

7.10.1 തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് വകയിരുത്തി എടുക്കാവുന്നതാണ്.

7.10.2 എൽ.ഇ.ഡി ലാമ്പുകൾ:- നിലാവ് പദ്ധതിയുമായി ചേർന്ന് സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമേ സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാപനം/മെയിന്റനൻസ് പ്രോജക്ടുകൾ എടുക്കുവാൻ പാടുള്ളൂ.

8. അനുബന്ധ വിഷയങ്ങൾ

8.1 വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങൽ

(1) വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുമ്പോൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3,4,5 എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നഗരഭരണ സ്ഥാപനങ്ങൾ 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3,4,5 എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

(2) ഏത് ആവശ്യത്തിനാണോ ഭൂമി വേണ്ടത് പ്രസ്തുത ആവശ്യത്തിന് മതിയാകുന്ന ഭൂമി മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ചട്ടം 3 പ്രകാരമുള്ള അനുയോജ്യതാ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ ഏത് വികസന ആവശ്യത്തിനാണ് ഭൂമി വാങ്ങുന്നത്, ആവശ്യം നിറവേറ്റുന്നതിന് തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ, ഫണ്ട് സ്രോതസ്സുകൾ മുതലായ വിശദാംശങ്ങൾ ഉൾപ്പെടുത്തണം. പ്രോജക്ടിലും ഈ വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

(3) അനുയോജ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ജില്ലാ പ്ലാനിംഗ് ഓഫീസർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയം ഭരണ വകുപ്പ്), ബന്ധപ്പെട്ട വികസന വകുപ്പിന്റെ ജില്ലാ തല ഉദ്യോഗസ്ഥ(ൻ) [ഉദാ. അങ്കണവാടിക്ക് ഭൂമി വാങ്ങുമ്പോൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ) എന്നിവർ അടങ്ങിയ കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. അപേക്ഷകൾ പരിശോധിച്ച് ജില്ലാ തലത്തിൽ തന്നെ തീരുമാനമെടുക്കണം. ബന്ധപ്പെട്ട വികസന വകുപ്പ് മേധാവികളുടെ അംഗീകാരത്തിന് അയക്കാൻ പാടില്ല. കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(4) ചട്ടം 5 ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ഉഭയ സമ്മത പ്രകാരം ഭൂമി ആർജ്ജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകുവാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ ഉടമസ്ഥർ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 ശതമാനം വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായ പ്രമേയം അംഗീകരിക്കേണ്ടതാണ്.

(5) വികസന ആവശ്യങ്ങൾക്ക് ഭൂമി ആർജ്ജിക്കുന്ന സന്ദർഭത്തിൽ ഭൂമിയുടെ മൊത്തം വിലയ്ക്ക് പരിധി ബാധകമല്ലെന്ന് വ്യക്തമാക്കുന്നു.

(6) ഒരു പ്രത്യേക ആവശ്യത്തിനായല്ലാതെ ഭൂമി വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

8.2 വാഹനങ്ങൾ വാങ്ങൽ/ വാടകയ്ക്കെടുക്കൽ

(1) ചെലവ് കുറയ്ക്കുന്നതിന് സഹായിക്കുമെന്നതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന രീതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

(2) നിലവിൽ ഒരു വാഹനം പോലുമില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളും നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളും കഴിവതും വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് തന്നെ ശ്രമിക്കേണ്ടതാണ്. എന്നാൽ ഈ രണ്ട് അവസരങ്ങളിലും, ആവശ്യമെങ്കിൽ, 10 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള പുതിയ വാഹനം വാങ്ങാവുന്നതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കോർപ്പറേഷൻ മേയർമാരുടെയും ഉപയോഗത്തിന് 20 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങാവുന്നതാണ്. സർക്കാരിന്റെയോ പ്രിൻസിപ്പൽ ഡയറക്ടറുടേയോ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി GeM ൽ നിന്നു വേണം

വാഹനം വാങ്ങേണ്ടത്. തനത് ഫണ്ട്/വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഉപയോഗിക്കാവുന്നതാണ്.

(3) എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. സർക്കാരിന്റെയോ പ്രിൻസിപ്പൽ ഡയറക്ടറുടേയോ അനുമതി ആവശ്യമില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിനായി പുതിയ വാഹനം വാങ്ങുവാൻ പാടുള്ളതല്ല. തനത്ഫണ്ടോ വികസന ഫണ്ടോ (പൊതു വിഭാഗം സാധാരണ വിഹിതം) ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(4) മേൽ വിവരിച്ച പ്രകാരം വാഹനം വാടകയ്ക്കെടുക്കുന്ന അവസരത്തിൽ ചുവടെ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(i) പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പെടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷൻ ക്ഷണിക്കണം

(ii) 2017-ന് ശേഷമുള്ള വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടത്.

(iii) പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000 രൂപവരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

(iv) ലോഗ് ബുക്ക് സൂക്ഷിക്കണം.

(5) നിലവിലുള്ള വാഹനത്തിന്(ങ്ങൾക്ക്) പുറമെ തുടർച്ചയായുള്ള ഉപയോഗത്തിന് അധികമായി വാഹനം ആവശ്യമായി വരുന്ന സന്ദർഭത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കാവുന്നതാണ്. വാടക നൽകുന്നതിന് കഴിവതും തനത് ഫണ്ട് തന്നെ ഉപയോഗിക്കണം. വാഹനം വാടകയ്ക്കെടുക്കേണ്ടതിന്റെ ആവശ്യകത, എത്ര കാലയളവിലേക്കാണ് വാഹനം വാടകയ്ക്കെടുക്കുന്നത്, തനത് ഫണ്ടിൽ നിന്നും വാഹന വാടക നൽകാൻ കഴിയുമോ, വികസനഫണ്ടാണ് (പൊതുവിഭാഗം സാധാരണ വിഹിതം) ഉപയോഗിക്കുന്നതെങ്കിൽ മേൽ വിശദാംശങ്ങൾക്കൊപ്പം തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്താൻ കഴിയുന്നില്ല എന്ന് വ്യക്തമാക്കുന്ന കണക്കുകളും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകി വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി വാങ്ങേണ്ടതാണ്. അനുമതി ഉത്തരവിൽ വാടക നൽകുന്നതിന് ഏതു വിഭാഗം ഫണ്ടാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കണം.

(6) മാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അവ വാങ്ങാവുന്നതാണ്. വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്/ടൈഡ് ഗ്രാന്റ്), തനത് ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(7) പുതിയ വാഹനം വാങ്ങുമ്പോൾ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് വാഹനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇലക്ട്രിക് മോഡലുകൾക്ക് അധികമായി വേണ്ടി വരുന്ന തുക മേൽപറഞ്ഞ പത്ത് ലക്ഷം എന്ന പരിധിക്ക് പുറമെ ചെലവഴിക്കാവുന്നതാണ്.

8.3 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകളിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ബുക്ക് മാർക്ക്, സാഹിത്യപ്രവർത്തക സഹകരണസംഘം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എന്നിവിടങ്ങളിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. ഇതുകൂടാതെ മറ്റ് പ്രസാധകരിൽ നിന്നും വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. പരമാവധി കിഴിവ് (Discount) രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിക്കുന്നവർക്ക് വാങ്ങൽ ഉത്തരവ് നൽകേണ്ടതാണ്.

8.4 ബോധവൽക്കരണ പ്രവർത്തനങ്ങൾ

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖ മുന്നോട്ടു വയ്ക്കുന്ന പൊതു ലക്ഷ്യങ്ങളും സവിശേഷ വികസന ലക്ഷ്യങ്ങളും പൊതു മുൻഗണനകളും ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിന് ആവശ്യമെങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ആർഭാടങ്ങളും അനാവശ്യ ചെലവുകളും ഉല്പാദനപരമല്ലാത്ത പ്രവർത്തനങ്ങളും ഒഴിവാക്കുകയും പരമാവധി ചെലവു ചുരുക്കുകയും വേണം. പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള ഉല്ലാസ പഠനയാത്രകൾ, മേളകൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

8.5 പരിശീലന പരിപാടികൾ

(i) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും ഏതെങ്കിലും പ്രോജക്ടിന്റെ ഭാഗമായും പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരിശീലന പരിപാടികൾ എടുക്കാവുന്നതാണ്.

(ii) സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കുമാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല.

8.6 ശമ്പളം/ഓണറേറിയം നൽകുന്നതിൽ നിയന്ത്രണം

സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. എന്നാൽ ഏതെങ്കിലും ഒരു നൂതന പ്രോജക്ട് നടപ്പാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെങ്കിൽ 6 മാസത്തിൽ കവിയാതെ ഓണറേറിയം വ്യവസ്ഥയിൽ അത്തരം വിഭാഗത്തിൽപ്പെടുന്നവരെ നിയോഗിക്കാവുന്നതാണ്. ഓണറേറിയം തുകയുടെ നിരക്ക് ഉൾപ്പെടെയുള്ളവയ്ക്ക് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതാണ്.

8.7 ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം

വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷ്വറൻസ് പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ഏതെങ്കിലും ഇൻഷ്വറൻസ് പരിപാടി ഏറ്റെടുക്കണമെങ്കിൽ അതിന് സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടായിരിക്കണം.

8.8 നിയമ സാക്ഷരതാ പരിപാടി

ഹൈസ്കൂൾ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള നിയമസാക്ഷരതാ പരിപാടിക്ക് ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഒരു സ്കൂളിന് പരമാവധി 5,000 രൂപ എന്ന നിരക്കിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

ഹരിതഭവന പ്രവർത്തനങ്ങൾ
(ഖണ്ഡിക 6.1.25 കാണുക)

കൃഷി	മൃഗസംരക്ഷണം & ക്ഷീര വികസനം	മത്സ്യ വികസനം	ജലവിഭവ സംരക്ഷണം	ഊർജ്ജ സംരക്ഷണം	ഖര-ദ്രവ മാലിന്യ സംസ്കരണം	ഖര-ദ്രവ മാലിന്യ സംസ്കരണം (6 കോളത്തിന്റെ തുടർച്ച)
1	2	3	4	5	6	7
• വീട് പുരയിടത്തിൽ സൂര്യപ്രകാശം ഉറപ്പാക്കൽ • വെള്ളക്കെട്ട് ഒഴിവാക്കൽ • ടെറസ് കൃഷിക്കായി ഉപയോഗപ്പെടുത്തൽ • ജൈവപച്ചക്കറി • ഇലക്കറി ചെടികൾ • കറിവേപ്പില, മുരിങ്ങ • വാഴ, പപ്പായ • കാന്താരി മുളക് • ചാമ്പക്ക,പേരയ്ക്ക, • കിഴങ്ങ് വർഗ്ഗങ്ങൾ • മരങ്ങളും ചെടികളും • തുളസി ചെടി, കൂവളം • ആര്യവേപ്പ് • തെങ്ങ്, മാവ്, പ്ലാവ്, • ഇവയുൾപ്പടെ ആവശ്യമായവ കൃഷിചെയ്യാൻ കഴിയുന്ന വണ്ണം പുരയിട/അടുക്കള കൃഷി ആസൂത്രണം ചെയ്യുക. • ജൈവകീടനാശിനികൾ ഉപയോഗിക്കുക. • റെയിൻ ഷെൽട്ടർ • തിരിനന • അക്വാപോണിക്സ് • തുള്ളിനന, പോളിഹൗസ്	• വളർത്തു പക്ഷികൾ • കോഴി, താറാവ്, കാട മുതലായവ • വളർത്തു മൃഗങ്ങൾ • ആട്, പശു, എരുമ • ഭക്ഷ്യാവശിഷ്ടങ്ങൾ വളർത്തു പക്ഷികൾക്കും മൃഗങ്ങൾക്കും ആഹാരമായി നൽകുക. • പക്ഷികളുടേയും മൃഗങ്ങളുടേയും വിസർജ്യങ്ങൾ (ആട്ടിൻ കാഷ്ടം , ചാണകം കമ്പോസ്റ്റിംഗ് വഴി മൂല്യവർദ്ധിത വളങ്ങളാക്കി മാറ്റുക • ശാസ്ത്രീയമായ മൃഗപരിപാലനമുറകൾ • അധികമുള്ള ഉല്പന്നങ്ങൾ ഓർഗാനിക് ഉൽപ്പന്നങ്ങളാക്കി വിൽപന നടത്തുക • പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുക	• ബയോഫ്ലാക് മത്സ്യക്കൃഷി • അലങ്കാര മത്സ്യക്കൃഷി • പടുതാകുളത്തിലെ മത്സ്യക്കൃഷി • വീട്ടുവളപ്പിലെ കുളങ്ങളിലെ കൃഷി	• പുരയിടത്തിലെ മഴവെള്ളം പുരയിടത്തിന് പുറത്ത് പോകുന്നില്ല എന്ന് ഉറപ്പാക്കുക. • ഇത്ര പുരയിടത്തിലെ കിണറ്റിനടുത്ത് കിനിഞ്ഞിറങ്ങാൻ സൗകര്യമൊരുക്കുക. • വെള്ളം മിതവ്യയം ചെയ്യുക • കുളിമുറിയിലെ വെള്ളം കൃഷിക്ക് പ്രയോജനപ്പെടുത്തുക. ഒപ്പം ഇത് റീസൈക്കിൾ ചെയ്ത് മറ്റാവശ്യത്തിന് ഉപയോഗിക്കുക. • തെങ്ങിന് പുതയിട്ട് സൂക്ഷിക്കുക • മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം കിണർ റീചാർജ്ജിഗിലൂടെ ഫിൽറ്റർ ചെയ്ത് ശേഖരിക്കുക. • ഓരോ വർഷംകൂടും തോറും ഫിൽറ്ററേഷൻ സാമഗ്രികൾമാറ്റി പകരം വയ്ക്കൽ. • വീട് പുരയിടത്തിലെ ജല വിനിയോഗവും സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക	• മാലിന്യത്തിൽ നിന്ന് ഊർജ്ജ ഉൽപാദനത്തിന് ബയോഗ്യാസ് പ്ലാന്റ് • സൗരറാന്തൽ • സൗരവാട്ടർ ഹീറ്ററുകൾ • വയറിംഗ്, ഇലക്ട്രിക് ഉപകരണങ്ങൾ മെച്ചപ്പെട്ടത് ഉപയോഗിച്ച് ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് ഒഴിവാക്കുക. • LED ബൾബുകൾ ഉപയോഗിക്കുക. • നനവുള്ള വസ്തുങ്ങൾ ഇസ്തിരി ഇടാതിരിക്കുക • വീടിനുള്ളിലെ പെയിൻറിംഗ് പ്രകാശം പ്രതിഫലിപ്പിക്കുന്നതാക്കുക. • ഗ്യാസ്, ഇലക്ട്രിസിറ്റി ഉപയോഗം പരമിതപ്പെടുത്തുക, • സൗരോർജ്ജം പ്രയോജനപ്പെടുത്തുക • വീട്ടിലെ ഇലക്ട്രിക് ഉപകരണങ്ങളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും ആവശ്യത്തിന് മാത്രം ഉപയോഗിക്കുക. • ഇന്ധനക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക. എനർജി ഓഡിറ്റ് നടത്തുക.	**I അടുക്കള മാലിന്യം/ജൈവ മാലിന്യം** • മിച്ചമുള്ള ആഹാരം വളർത്തു പക്ഷികൾക്കും മൃഗങ്ങൾക്കും നൽകുക. അധികമുള്ളത് വളക്കുഴിയിൽ നിക്ഷേപിക്കുക • ബയോ ബിൻ, കമ്പോസ്റ്റിംഗ് ഉപയോഗിക്കുക • ജൈവമാലിന്യങ്ങളുടെ മറ്റ് സംസ്കരണ രീതികൾ ഉപയോഗിക്കുക. • ഇനോകുലം ഉപയോഗിച്ച് ജൈവവസ്തുക്കൾ സംസ്കരിച്ച് വളമാക്കുക. **II പ്ലാസ്റ്റിക് പരിപാലനം** • സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന ക്യാരിബോഗ് അഴുക്ക് കളഞ്ഞ് ഒരു ചാക്കിൽ സൂക്ഷിക്കുക. • ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉപകരണങ്ങൾ • ഫ്ളക്സ് ബോർഡുകൾ, • മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങൾ • അലുമിനീയം ഫോയിൽ പേപ്പർ • പ്ലാസ്റ്റിക് നിർമ്മിത ക്യാരി • ബാഗ്, കപ്പ്, പ്ലേറ്റ്,	**III. ഖരമാലിന്യം** • ഫ്യൂസായ ഇലക്ട്രിക് ട്യൂബ് ബൾബ് പൊട്ടിക്കാതെ സൂക്ഷിക്കുക • പഴകിയ ഇരുമ്പ് സാധനങ്ങൾ • പഴകിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ • കേടായ മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി, സി.എഫ് ലാമ്പ്, ഗ്ലാസ് കൂപ്പി, സിറാമിക് പാത്രങ്ങൾ, വൈദ്യുതി സ്വിച്ചുകൾ, മിക്സി, ഗ്യാസ് സ്റ്റൗ, ബാറ്ററി, പഴയ ടയർ, സ്വാപ് ഷോപ്പിൽ നൽകാവുന്നവ ,മെറ്റീരിയൽ റെക്കവറി സെന്ററിൽ നൽകാവുന്നവ എന്നിവ തരം തിരിച്ച് ശേഖരിച്ച് വക്കുക. **ദ്രവമാലിന്യം** • വീടുകളിലെ മലിനജലം • സെപ്റ്റിക് ടാങ്കിലെ മാലിന്യം • ഗ്രേവാട്ടർ • സിവേജ് കക്കൂസ് മാലിന്യം കലർന്ന മലിന ജലം • ഓടകളിലേയ്ക്ക് ഒഴുകുന്ന വെള്ളം

കുറിപ്പ് :- ഹരിത ഭവനം എൻറോൾമെന്റ് ഫോറം അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്.

അനുബന്ധം 2

ഹരിത ഭവനം എൻറോൾമെന്റ് ഫോറം

ഗ്രാമപഞ്ചായത്തിന്റെ/ നഗരഭരണസ്ഥാപനത്തിന്റെ പേര്

1.	വാർഡിന്റെ പേരും നമ്പരും					
2.	ഗൃഹനാഥന്റെ പേരും മേൽവിലാസവും					
3.	കുടുംബാംഗങ്ങളുടെ വിവരങ്ങൾ					
ക്രമ നമ്പർ	പേര്	കുടുംബനാഥനുമായുള്ള ബന്ധം		വിദ്യാഭ്യാസം	വയസ്സ്	സ്ഥിര താമസമാണോ
I.						
II.						
III.						
IV.						
V.						
VI.						
4	വീട്ടുവളപ്പിലെ വിവരങ്ങൾ (സ്വന്തം/വാടക)					
ക്രമ നമ്പർ	വിസ്തൃതി	വൈദ്യുതി ഉണ്ടോ	ചുറ്റുമതിൽ ഉണ്ടോ	ഗേറ്റുണ്ടോ	കിണർ ഉണ്ടോ	പൈപ്പ് കണക്ഷൻ ഉണ്ടോ
5	വീട് സ്ഥിതി ചെയ്യുന്നതും ടൈലിട്ട പ്രതലങ്ങളും ഒഴികെ കൃഷി യോഗ്യമായ സ്ഥലത്തിന്റെ വിസ്തൃതി					
6	ടെറസ്സിന്റെ സ്ഥിതി			ചരിവുള്ളത് : ..... നിരപ്പുള്ളത് : ..... ആകെ :		
7	നിലവിലുള്ള കൃഷിയും മരങ്ങളും സംബന്ധിച്ച വിവരങ്ങൾ					
8	നിലവിലുള്ള വളർത്തു പക്ഷികളും മൃഗങ്ങളും സംബന്ധിച്ച വിവരങ്ങൾ					
9	നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ					

സ്ഥലം :

ഗൃഹനാഥ /ഗൃഹനാഥൻ

തീയതി

UNIT COST OF HOUSEHOLD LEVEL SOLID WASTE TREATMENT PLANTS

(Vide Proceedings No.2869/C2/2016/SM, Dated: 31.03.2021 & Proceedings No.2869/C2/2016/SM, Dated: 29.04.2022 of Executive Director, Suchithwa Mission)

(a) Composting Units

1. Vermi Composting Units : (1.5 kg./day waste feed)			
1.	2 Nos. of broad mouth **PVC, basin** 25 litres capacity each or one PVC basin of 50 litre capacity with a partition at the centre, minimum weight of the combine unit be 2.5kg.	-	Rs. 1,680/-
2.	2 Nos. of broad mouth **fibre** basin 25 litres capacity each or one **fibre** basin of 50 litre capacity with a partition at the centre, (minimum thickness of the fire body 3mm.)	-	Rs. 1,960/-
3.	Mud pots cou8ntry burnt two numbers capacity 25 litre each	-	Rs. 1,520/-
4.	Terracotta jars with lids two numbers capacity 25 litres each		Rs. 1,570/-
2. Ring Composting Unit: (1.5 kg./day waste feed)			
5.	Ferro cement ring of internal diamater 0.7 m., thickness 2.5cm. and height 0.5m. Placed over a circular ferro cement slab of dia.. 0.75nm. and thicknesss 2.250cm.etc.	-	Rs. 3,750/-
6.	**Pot composting unit**	-	Rs. 1,300/-
7.	**Bio pedestal composting unit**	-	Rs.1,610/-
8.	**Mose pit composting unit** (for family of five members)	-	Rs. 1,260/-
9.	**Bio digester pot composting unit**	-	Rs.2,015/-
10.	**Portable household Bio bin unit**(for set of two bins)	-	Rs.3,080/-
11.	**Mini Bio pedestal composting unit**	-	Rs.2,100/-
12.	**Portable HDPE/Plastic Bin/Bucket Composting unit**	-	Rs.1,400/-
13.	**Pit composting unit**	-	(through MGNREGS)
14.	**Pipe composting unit**	-	Rs. 1,260/-
15.	**Kitchen Bin unit**	-	Rs. 490/-
16.	**Portable Bio Composter bin**	-	Rs.2,160/-
17.	**V composter**	-	Rs. 5150/-
18.	**Smart Bio bin**	-	Rs. 2450/-
19.	**Vermion Kitchen waste treatment unit**	-	Rs. 4400/- (excluding GST)
20.	**Kapigro Kitchen waste digester**	-	Rs. 5600/- (excluding GST)
21.	**Organic Composting Bin**	-	Rs. 2125/- (excluding GST)
22.	**Gee Bin(3 bin system)**	-	Rs. 4300/-
23.	**Gee Bin(2 bin system)**	-	Rs. 3660/-

	(b) Portable Bio Gas Units		
24.	**Portable (Prefabricated) biogas unit – 0.5m^3 capacity**		
	i. Unit **without** water jacket: **PVC/LLDPE/HDPE** tanks with circular shape as digester and floating gas holder with total volume **0.5m^3**	-	Rs. 10,800
	Unit **without** water jacket: **FRP** tanks with circular shape as digester and floating gas holder with total volume **0.5m^3**	-	Rs. 11,475/-
	. Unit **with** water jacket: **PVC/LLDPE/HDPE** tanks as per (i) above with water jacket in between the digester and the gas holder	-	Rs. 12,150/-
	. Unit **with** water jacket: **FRP** tanks as per (ii) above but with water jacket in between the digester and the gas holder	-	Rs. 14,175/-
25.	**Portable (Prefabricated) biogas unit – 0.75m^3 capacity**		
	i. Unit **without** water jacket: **PVC/LLDP/HDPE** tanks with circular shape as digester and floating gas holder with total volume **0.75m^3**	-	Rs. 13,500/-
	ii. Unit **without** water jacket: **FRP** tanks with circular shape as digester and floating gas holder with total volume **0.75m^3**	-	Rs. 14,175/-
	iii. Unit **with** water jacket: **PVC/LLDP/HDPE** tanks as per (i) above with water jacket in between the digester and the gas holder	-	Rs. 14,850/-
	iv. Unit **with** water jacket: **FRP** tanks as per (ii) above but with water jacket in between the digester and the gas holder	-	Rs. 16,200/-
26.	**Portable (Prefabricated) biogas unit – 1.00m^3 capacity**		
	i. Unit **without** water jacket: **PVC/LLDP/HDPE** tanks with circular shape as digester and floating gas holder with total volume **1.00m^3**	-	Rs. 16,200/-
	ii. Unit **without** water jacket: **FRP** tanks with circular shape as digester and floating gas holder with total volume **1.00m^3**	-	Rs. 16,875/-
	iii. Unit **with** water jacket: **PVC/LLDP/HDPE** tanks as per (i) above with water jacket in between the digester and the gas holder	-	Rs. 17,550/-
	iv. Unit **with** water jacket: **FRP** tanks as per (ii) above but with water jacket in between the digester and the gas holder	-	Rs. 18,225/-
27.	**Portable Mixed Culture Fed Back Biogas Plant with Separate Gas Holder**		
	i. 0.5m3 capacity	-	Rs. 8,400/-
	ii. 0.75m3 capacity	-	Rs. 9,600/-
	iii. 1.00m3 capacity	-	Rs. 10,800/-
28.	**Mosquito Free Portable Biogas Plant**		
	i. 0.75m^3 capacity	-	Rs. 24600/-
	ii. 1.50m^3 capacity	-	Rs. 31400/-

അനുബന്ധം 4

ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ

Sl. No	TECHNICAL SPECIFICATION OF LAPTOPS		
1	Processor	Intel	AMD
		i3, 11th generation or higher	Ryzen 5000 Series or higher
2	Chipset	OEM Compatible	
3	Motherboard	OEM Compatible	
4	Memory	4 GB DDR4 RAM Expandable up to at least 16 GB	
5	Hard Disk Drive	512 GB SSD	
6	Display	14” Antiglare HD LED Backlit Display	
7	Display Size	14”	
8	Wirless connectivity	Integrated wireless b/g/n, Integrated Bluetooth	
9	Speaker	Integrated Stereo Speaker	
10	Keyboard	Integrated Stereo Keyboard with Touch Pad	
11	Camera	Inegrated HD Camera	
12	Audio	Integrated	
13	Expansion Port	3 USB Port (at least two number of USB 3.0 and One number of Type C) 10/100/1000 Ethernet Card HDMI, 1 HeadPhone / microphone combo	
14	Power Supply	230 V, 50HZ AC Supply with rechargeable Battery pack comprising of Li - Polymer battery / Li - Ion Polymer battery	
15	Battery Backup	2 HD videos should run simultaneously for 2 hours on battery	
16	Mouse	Optical Scroll mouse, Backpack	
17	Carry case	Backpack to be provided	
18	Weight	Weight less than or equal to 1.8 kg	
19	Warranty	3 year comprehensive onsite OEM Warranty including battery and charger	
20	Certification	ROHS Compliance & BIS for Product	
21	Operating system	Ubundu (Version : 20)	

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - 2022-23 വാർഷിക പദ്ധതിയുടെ അടങ്കൽ തുക സംബന്ധിച്ച് വിശദീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1376/2022/LSGD തീയതി,തിരുവനന്തപുരം, 04-06-2022

പരാമർശം:-
1. സ.ഉ (കൈ)നം.79/2021/ധന, തീയതി 15.07.2021
2. സ.ഉ (സാധാ)നം. 6591/2021/ധന, തീയതി 7.11.2021
3. സ.ഉ. (കൈ) നം. 84/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ. (കൈ) നം. 86/2022/തസ്വഭവ; തീയതി 19.04.2022

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, 2022-23-ലെ വികസന പദ്ധതികൾക്ക് രൂപം നല്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എന്നാൽ വാർഷിക പദ്ധതിയുടെ അടങ്കൽ തുക സംബന്ധിച്ച് വിശദീകരണം ആവശ്യമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. 2022—23 ലെ സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വിഹിതമായി 8048 കോടി രൂപയും മെയിന്റനൻസ് ഫണ്ട് വിഹിതമായി 3005.66 കോടി രൂപയും (റോഡിതരം — 1156.02 കോടി രൂപ, റോഡ് 1849.64 കോടി രൂപ) ആണ് വകയിരുത്തിയിട്ടുള്ളത്. വികസന ഫണ്ട് വിഹിതത്തിന്റെ ഭാഗമായ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പൂർണ്ണമായും വിഭജിച്ച് നല്കിയിട്ടുണ്ട്. എന്നാൽ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ മൂന്നിലൊന്ന് തുക മാത്രമേ വിഭജിച്ച് നല്കിയിട്ടുള്ളൂ. മെയിന്റനൻസ് ഫണ്ട് വിഹിതം പൂർണ്ണമായും വിഭജിച്ച് നല്കിയിട്ടുണ്ട്.

3. വികസന ഫണ്ട് വിഹിതം പൂർണ്ണമായി വിഭജിച്ച് നല്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, 2022-23 വർഷത്തെ പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന വിശദീകരണം നല്കി ഉത്തരവാകുന്നു.

4. വികസന ഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളുടെ കാര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി തത്ക്കാലം 2022-23 വർഷത്തെ പദ്ധതി

തയ്യാറാക്കേണ്ടതാണ്. ഈ രീതിയിൽ പദ്ധതി തയ്യാറാക്കുന്നതിന്, 2021-22-ലെ വിഹിതം 2022-23 വർഷത്തെ താത്കാലിക വിഹിതമായി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നല്കുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും കാര്യത്തിൽ 2022-23 വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണം. മേൽ പറഞ്ഞ പ്രകാരമുള്ള വിഹിതങ്ങൾക്കൊപ്പം, വികസന ഫണ്ടിലെയും മെയിന്റനൻസ് ഫണ്ടിലെയും 2021-22 ലെ ചെലവിനെ അടിസ്ഥാനമാക്കിയുള്ള ക്യാരിഓവർ തുക കൂടി ഉൾപ്പെടുത്താവുന്നതാണ്. 2022-23 ൽ ലഭിക്കാവുന്ന ക്യാരിഓവർ തുകയുടെ വിശദാംശങ്ങൾ പരാമർശം (3),(4) എന്നീ ഉത്തരവുകളുടെ ഖണ്ഡിക 3.4.1(4)-ൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത തുക 2021-22 ൽ ക്യാരി ഓവറായി പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. ഇങ്ങനെ 2021-22 ൽ അനുവദിച്ച ക്യാരി ഓവർ തുകയിൽ നിന്നും 2022 മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി 2022-23 ൽ ഏറ്റെടുക്കാവുന്നതാണ്.

5. വികസന ഫണ്ട് വിഹിതം വിഭജിച്ച് നല്കുന്നത് സംബന്ധിച്ചുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകകൾ സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് 2022-23-ലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിഭജിച്ച് നല്കി കൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇപ്രകാരം നിശ്ചയിക്കപ്പെടുന്ന യഥാർത്ഥ വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പിന്നീട് പരിഷ്കരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും

17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
22. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
23. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
24. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
25. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
26. ഡയറക്ടർ ജനറൽ, കില
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
29. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
30. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
31. ധനകാര്യ വകുപ്പ്
32. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനാലാം പഞ്ചവൽസര പദ്ധതി — 2022-23 വാർഷിക പദ്ധതിയിലെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1602/2022/LSGD തീയതി,തിരുവനന്തപുരം, 05-07-2022

പരാമർശം:-
1. സ.ഉ. (കൈ) നം. 84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ. (കൈ) നം. 86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ. (കൈ) നം. 115/22/തസ്വഭവ; തീയതി 28.05.2022
4. സ.ഉ. (സാധാ) നം. 1376/2022/തസ്വഭവ; തീയതി 04.06.2022

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ മുകളിൽ പരാമർശിച്ചിട്ടുള്ള (1), (2), (3) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2022-23 വാർഷിക പദ്ധതിയിലെ വികസന പദ്ധതികൾക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അനുവദിച്ചിട്ടുള്ള വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണമെന്നാണ് പരാമർശം (4) പ്രകാരം നിർദ്ദേശം നൽകിയിരുന്നത്.

2. 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായി 115602.43 ലക്ഷം രൂപയും റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായി 184963.88 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം വകയിരുത്തിയിട്ടുള്ള വിഹിതങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി, ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരമാണ് വിഭജിച്ച് സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ വിഹിതത്തിൽ വലിയ വ്യതിയാനം ഉണ്ടായിട്ടുള്ളതായും സ്ഥിതിവിവര കണക്കുകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ഒരവസരം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

3. ഈ വിഷയം സർക്കാർ പരിശോധിക്കുകയും സ്ഥിതിവിവരക്കണക്കുകളിൽ ന്യൂനത ഉണ്ടോ എന്ന് പരിശോധിച്ച് അവ കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് കുറച്ചു കൂടി സമയം വേണ്ടി വരും. എന്നാൽ വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

4. 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതത്തിലും റോഡ് ഫണ്ട് വിഹിതത്തിലും വകയിരുത്തിയിരിക്കുന്ന തുക 2020-21 ൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും അനുവദിച്ച വിഹിതത്തിന് ആനുപാതികമായി കണക്കാക്കി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. ഇപ്രകാരം ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2022-23 വർഷത്തെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. മെയിന്റനൻസ് ഫണ്ട് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളുടെ കാര്യത്തിൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും

20. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
21. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
22. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
23. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
24. ഡയറക്ടർ ജനറൽ, കില
25. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
26. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
27. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
28. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
29. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി - മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.146/2022/LSGD തീയതി,തിരുവനന്തപുരം, 08-07-2022

പരാമർശം:- 1. സ.ഉ.(കൈ) നം.145/2021/ ത.സ്വ.ഭ.വ തീയതി 16/07/2021

2. സ.ഉ.(സാധാ) നം.1857/2021/ ത.സ്വ.ഭ.വ തീയതി 25/09/2021

3. സ.ഉ.(കൈ) നം.84/2022 ത.സ്വ.ഭ.വ തീയതി 19/04/2022

4. സ.ഉ.(കൈ) നം.86/2022 ത.സ്വ.ഭ.വ തീയതി 19/04/2022

5. സ.ഉ.(കൈ) നം.115/2022 ത.സ്വ.ഭ.വ തീയതി 28/05/2022

ഉത്തരവ്

സംസ്ഥാനത്ത് അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന്ന് പരാമർശ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ അംഗീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു.

2. അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തെ `അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള വിപുലമായ കർമ്മപദ്ധതിയുടെ ഭാഗമായി ഓരോ കുടുംബത്തിനും ആവശ്യമായ സൂക്ഷ്മമായ അതിജീവനപദ്ധതിക്കുള്ള മാർഗരേഖ രൂപീകരിക്കാനാണ് മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി

അനുബന്ധിതമായ മാർഗരേഖ അംഗീകരിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.

നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.

ഡയറക്ടർ, KILA

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/52 /2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 08-07-2022 10:22:13

സെക്ഷൻ ഓഫീസർ

അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി

മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ

സൂചന : 1. **സ.ഉ.(കൈ) നം.145/2021/ ത.സ്വ.ഭ.വ തീയതി 16/07/2021**

2. **സ.ഉ.(സാധാ) നം.1857/2021/ ത.സ്വ.ഭ.വ തീയതി** 25/09/2021

3. Guidelines

4. **സ.ഉ.(കൈ) നം.84/2022 ത.സ്വ.ഭ.വ തീയതി 19/04/2022**

5. **സ.ഉ.(കൈ) നം.86/2022 ത.സ്വ.ഭ.വ തീയതി 19/04/2022**

6. **സ.ഉ.(കൈ) നം.115/2022 ത.സ്വ.ഭ.വ തീയതി 28/05/2022**

1. ആമുഖം

1.1. അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ജനകീയ പങ്കാളിത്തത്തോടെ അതിദരിദ്രരെ കണ്ടെത്തുന്നതിന് നടത്തിയ 'അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ' ഇതിനകം പൂർത്തിയായിട്ടുണ്ട്. ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യസ്ഥിതി എന്നീ നാല് ഘടകങ്ങളുടെ അഭാവം അടിസ്ഥാനപ്പെടുത്തിയാണ് അതിദാരിദ്ര്യം നിർണയിച്ചിട്ടുള്ളത്. ഏതൊക്കെ ഘടകങ്ങൾ എത്ര അളവിൽ ചേർന്നാണ് ഓരോ കുടുംബത്തിനും അതിദാരിദ്ര്യ അവസ്ഥ സൃഷ്ടിക്കുന്നതെന്ന വിവരം അതിദാരിദ്ര്യ നിർണയ പ്രക്രിയയിലൂടെ ശേഖരിച്ചിട്ടുണ്ട്.

1.2. അവശേഷിക്കുന്ന നാല് വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് സർക്കാർ ഇനി ശ്രമിക്കുന്നത്. ഇതിനായി അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി ഒരു സബ്പ്ലാൻ ആയി നിലവിൽ വന്നിട്ടുണ്ട്. അതിദരിദ്രരെന്ന് കണ്ടെത്തിയ മുഴുവൻ പേരെയും ഈ അവസ്ഥയിൽ നിന്നും പുറത്ത് എത്തിക്കുന്നതിനാണ് ഈ ഉപപദ്ധതിയിൽ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ ഔപചാരിക ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും മേൽനോട്ടത്തിലുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക്/വ്യക്തികൾക്ക് സഹായങ്ങൾ നല്കുന്നതിനുള്ള മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനായാണ് ഈ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത്.

2. മൈക്രോ പ്ലാൻ

2.1. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും /വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോ പ്ലാൻ. ഇതിനകം ശേഖരിച്ചിട്ടുള്ള വിവരങ്ങളും കൂടാതെ അധിക വിവരങ്ങൾ ആവശ്യമാണെങ്കിൽ അതും ചേർത്താണ് മൈക്രോപ്ലാൻ തയ്യാറാക്കേണ്ടത്. തങ്ങൾ കടന്നു പോകുന്ന അതിദാരിദ്ര്യ അവസ്ഥയെ

സംബന്ധിച്ചും അതിൽ നിന്നും പുറത്ത് കടക്കുന്നതിനെക്കുറിച്ചും അതാത് കുടുംബങ്ങൾക്ക് അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അത് കൂടി പരിഗണിച്ച വേണം മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടത്.

2.2. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ അതിലെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കാം.

1. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)
2. ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Plan)
3. ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)

1. ഉടൻ ചെയ്യാവുന്ന സർവ്വീസ് പദ്ധതികൾ - കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തിരമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ, എളുപ്പത്തിൽ ചെയ്യാവുന്ന സേവനങ്ങൾ (റേഷൻ കാർഡ്, ആധാർ കാർഡ് മുതലായവ ലഭ്യമാക്കൽ, ആരോഗ്യ ഇൻഷുറൻസ്, ഭക്ഷണം, ചികിൽത്സ മുതലായവ) തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്താം. ഇവയെ ഏത് ഏജൻസിയിലെ പദ്ധതിയുമായി ബന്ധിപ്പിക്കാം എന്നതും സൂചിപ്പിക്കണം. ഇതിനാവശ്യമായ വിഹിതം തദ്ദേശ സ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും തനത് ഫണ്ടിൽ നിന്നോ അതിദരിദ്രർക്കുള്ള അക്കൗണ്ടിൽ നിന്നോ വിഹിതം കണ്ടെത്തി ഉപയോഗിക്കാവുന്നതുമാണ്. പ്രൊജക്ടുകൾക്ക് പിന്നീട് ഡി.പി.സി യുടെ സ്ഥിരീകരണം നൽകി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ - മൂന്ന് മാസം മുതൽ രണ്ട് വർഷം വരെയുള്ള ഇടക്കാലം കൊണ്ട് ചെയ്യാവുന്ന പദ്ധതികൾ ഹ്രസ്വകാല പദ്ധതികളിൽ ഉൾപ്പെടുത്താം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവ ഇതിൽ ഉൾപ്പെടുത്താം. ഇവയെ വിവിധ വിഷയമേഖലാ പദ്ധതികളായി ഉൾപ്പെടുത്താം. ഇവ മൈക്രോ പ്ലാനുകളായി തയ്യാറാക്കി സാധാരണ പ്രൊജക്ടുകൾക്ക് ഒപ്പം സമർപ്പിക്കാം.
3. ദീർഘകാല സമഗ്ര പദ്ധതികൾ- ഉടൻ ഇടപെടലുകളോ ഹ്രസ്വകാല ഇടപെടലുകളോ മാത്രം മതിയാകാത്ത ദീർഘകാല ഇടപെടൽ ആവശ്യമുള്ള കുടുംബങ്ങൾക്ക് ദീർഘകാല പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കണം. ജൂലൈ മാസത്തിൽ തയ്യാറാക്കുന്ന മൈക്രോ പ്ലാനിൽ ഈ കുടുംബങ്ങൾക്ക് വേണ്ടതും ഉടൻ ചെയ്യേണ്ടതും ഹ്രസ്വകാലത്തേക്ക് ഉള്ളതുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും ദീർഘകാല ഇടപെടൽ ആവശ്യമായത് സൂചിപ്പിക്കുകയും അവയിൽ ഉൾക്കൊള്ളേണ്ട ഘടകങ്ങൾ സൂചിപ്പിക്കുകയും ചെയ്യാം. ഇത്തരം കുടുംബങ്ങളിൽ നേരിട്ടുള്ള സർക്കാർ ഇടപെടലുകളിലൂടെ നിശ്ചിത സമയത്തിനകം ചെയ്യാവുന്ന കാര്യങ്ങൾ അങ്ങനെ സൂചിപ്പിക്കാം. ഉദാ- വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായവ. അല്ലാത്തവരുടെ വിശദാംശങ്ങൾ അടുത്ത ഒരു മാസത്തിനുള്ളിൽ കുടുംബങ്ങളുമായുള്ള ചർച്ചയിലൂടെ തദ്ദേശ സ്ഥാപനതല സമിതികൾ തയ്യാറാക്കണം.

ഉടൻ നടപ്പിലാക്കേണ്ട സർവീസ് പദ്ധതികളും ഹ്രസ്വ കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതികളും കുടുംബങ്ങളുടെ അവസ്ഥയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ ദീർഘകാലത്തേക്ക് നിലനിർത്തേണ്ടി വന്നേക്കാം. അത്തരം പദ്ധതികളും മൈക്രോ പ്ലാനുകളിൽ പരിഗണിക്കണം. ഇത്തരത്തിൽ ദീർഘകാലത്തേക്ക് സമഗ്രമായ ഏറ്റെടുക്കേണ്ട പദ്ധതികളും ഹ്രസ്വ കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതികളും ഉടൻ നടപ്പിലാക്കുന്ന സർവീസ് പദ്ധതികളും ചേർത്ത് ആകണം ദീർഘകാല മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടത്.

ഓരോ മൈക്രോ പ്ലാനിലും വിവിധ ഘടകങ്ങളിൽ ഉൾക്കൊള്ളിക്കാവുന്ന വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. ഓരോ മൈക്രോ പ്ലാനും പൂർത്തീകരിക്കേണ്ടുന്നതിനുള്ള സമയവും വിലയിരുത്തേണ്ട സമയവും അതാതിടത്ത് സൂചിപ്പിക്കണം.

മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് സഹായകമായേക്കാവുന്ന രീതിയിൽ മുന്നുതരം മൈക്രോ പ്ലാനുകളിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മാതൃക ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു

മൈക്രോ പ്ലാൻ **(നടപ്പിലാക്കേണ്ട സമയക്രമം)**	**ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ മാതൃക**	**ബന്ധിപ്പിക്കാവുന്ന പദ്ധതികൾ/ സ്കീമുകൾ /സേവന സാധ്യതകളുടെ മാതൃക**
ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)	*ഭക്ഷണം ലഭ്യമാക്കൽ* പാകം ചെയ്ത ഭക്ഷണം എത്തിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കൽ സ്ഥിരമായ വാസസ്ഥലം ഇല്ലാത്തവർക്ക് ഭക്ഷണം എത്തിക്കൽ പോഷക ആഹാര കുറവുള്ള കുട്ടികൾക്ക് പ്രത്യേകമായി ഭക്ഷണം എത്തിക്കാൻ (അങ്കണവാടി , അയൽക്കൂട്ടം) സ്വയം ഭക്ഷണം കഴിക്കുവാൻ ശേഷിയില്ലാത്തവർക്ക് ഭക്ഷണം എടുത്തു നൽകൽ (അയൽക്കൂട്ടം, സന്നദ്ധ പ്രവർത്തനം)	അയൽക്കൂട്ടം ജനകീയ ഹോട്ടൽ സ്പോൺസർഷിപ്പ് തുടങ്ങിയ ഉപാധികൾ സ്വീകരിക്കാം
	അവകാശ രേഖകളും അവകാശങ്ങളും ലഭ്യമാക്കൽ റേഷൻ കാർഡ്, വോട്ടർ കാർഡ്, ആധാർ കാർഡ് ,തൊഴിലുറപ്പ് കാർഡ് , ഭിന്നശേഷിക്കാർക്കുള്ള സർട്ടിഫിക്കറ്റുകൾ, സാമൂഹിക സുരക്ഷാ പെൻഷൻ	അക്ഷയ കേന്ദ്രങ്ങൾ വാതിൽപടി സേവനം മുതലായവയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താം

	ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കുള്ള രേഖകൾ , ബാങ്ക് അക്കൗണ്ടുകൾ ലഭ്യമാക്കൽ മുതലായ സേവനങ്ങൾ കുടുംബങ്ങളെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തൽ , ആരോഗ്യ ഇൻഷുറൻസിൽ ചേർക്കൽ	
	ആരോഗ്യവുമായി ബന്ധപ്പെട്ട ഇടപെടലുകൾ പാലിയേറ്റീവ് കെയർ ടീമുകളുമായി ബന്ധിപ്പിക്കലും സേവനങ്ങൾ നൽകലും, ആവശ്യമായ ആരോഗ്യ പരിശോധനകളും മരുന്നുകളും ലഭ്യമാക്കൽ ആശുപത്രിയിൽ കൊണ്ടു പോകുന്നതിനുള്ള സൗകര്യം ഒരുക്കലും ചികിത്സ ലഭ്യമാക്കലും കൂട്ടിരിപ്പുകാരെ ഏർപ്പാടാക്കൽ (ആശാ കിരണം പദ്ധതി , അയൽക്കൂട്ടം , സന്നദ്ധപ്രവർത്തകർ)	പാലിയേറ്റീവ് കെയർ ടീമുകൾ, വാതിൽപ്പടി സേവനം, ആശാവർക്കർമാരുടെ സേവനം, സന്നദ്ധ പ്രവർത്തനം, ഇ ആർ ടി, ആർ ആർ ടി കളുടെ സേവനം
ഹ്രസ്വകാലയളവിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ (Short Term Plan)	*ഭക്ഷണം ലഭ്യമാക്കൽ* പോഷക നിലവാരം ആരോഗ്യ അവസ്ഥ എന്നിവ വിലയിരുത്തി അനുയോജ്യമായ ഭക്ഷണം എത്തിക്കൽ ഭക്ഷണം ലഭ്യമാകാതെ അലഞ്ഞുനടക്കുന്നവരെ പുനരധിവാസ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുക. കൂടുതൽ പേരിലേക്ക് സേവനങ്ങൾ ലഭ്യമാക്കേണ്ട ഘട്ടങ്ങളിൽ സാമൂഹിക അടുക്കളകൾ സ്ഥാപിക്കുക പൊതുവിതരണ സംവിധാനത്തിലൂടെ അല്ലാതെ ഭക്ഷ്യ വിഭവങ്ങൾ വാങ്ങിക്കുവാൻ ശേഷിയില്ലാത്ത	പോഷകാഹാര വിദഗ്ധർ, ഡോക്ടർ, ആശാ കിരണം പദ്ധതി അയൽക്കൂട്ടം സന്നദ്ധപ്രവർത്തകർ ആശാവർക്കർമാർ അങ്കണവാടി എന്നിവരുടെ സേവനം

	സാഹചര്യത്തിൽ ഭക്ഷ്യക്കിറ്റ് ലഭ്യമാക്കൽ (സ്പോൺസർഷിപ്പ്, സംഘടനകളുമായി ബന്ധിപ്പിക്കൽ ,പദ്ധതിയിൽ പണം മാറ്റിവയ്ക്കൽ)	
	ആരോഗ്യവുമായി ബന്ധപ്പെട്ട ഇടപെടലുകൾ രോഗാവസ്ഥ പരിഗണിച്ച് സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളുമായി ബന്ധിപ്പിക്കുകയും സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക. ചലന സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പരസഹായമില്ലാതെ സ്വന്തം ആവശ്യങ്ങൾ നടത്താൻ കഴിയുന്ന അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പതിനാലാം പദ്ധതി മാർഗരേഖ നിർദ്ദേശം, സംഘടനകൾ വഴിയുള്ള സഹായം സ്പോൺസർഷിപ്പ്, സാമൂഹിക സുരക്ഷാ പദ്ധതികൾ
	മാനസിക വെല്ലുവിളികൾ ഉള്ളവരുടെ പുനരധിവാസം /ചികിത്സ മാനസിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മാറ്റൽ / മാനസിക ആരോഗ്യ ചികിത്സ ലഭ്യമാക്കൽ	മെഡിക്കൽ ഓഫീസർ വഴി താലൂക്ക് ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകൾ എന്നിവയുമായി ബന്ധിപ്പിക്കൽ
	വാസസ്ഥലം ഭൂമിയുള്ള ഭവന രഹിതരെ പദ്ധതിയിൽ ഉൾപ്പെടുത്തൽ തെരുവിലലയുന്നവർക്കും ഭവനരഹിതർക്കും താൽക്കാലിക വാസസ്ഥലം ഒരുക്കൽ വാസസ്ഥലം ഇല്ലാതെ അലയുന്ന ഏകാംഗ കുടുംബങ്ങൾക്ക് ഷെൽട്ടർ ഹോമുകൾ ലഭ്യമാക്കൽ. വീടുകളുടെ അറ്റകുറ്റപ്പണികൾ	ലൈഫ് പദ്ധതി, സ്പോൺസർഷിപ്പ് , ജല ജീവൻ മിഷൻ, കെഎസ്ഇബിയുമായുള്ള സംയോജന സാധ്യതകൾ

	ചെയ്യുക ടോയ്‌ലറ്റുകൾ നിർമ്മിക്കുക, കുടിവെള്ള സൗകര്യം/ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക ദുരന്തങ്ങളിൽ തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ജീവനോപാധി ഉറപ്പാക്കൽ	
ദീർഘകാല പദ്ധതികൾ	മാനസിക ആരോഗ്യ ചികിത്സയ്ക്ക് ശേഷമുള്ള പുനരധിവാസം / അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവന പദ്ധതികൾ തുടങ്ങിയവ ലഭ്യമാക്കൽ ഭൂരഹിത ഭവന രഹിതർക്ക് ഭവനം ലഭ്യമാക്കൽ	ലൈഫ് പദ്ധതി, സ്പോൺസർഷിപ്പ്
	വീടുകളിലേക്കുള്ള യാത്രാ മാർഗ്ഗം ഉറപ്പാക്കൽ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് തുടർ പഠന സാധ്യതകൾ ഒരുക്കൽ അഭിരുചിക്കനുസരിച്ച് നൈപുണ്യവികസന പരിശീലനങ്ങൾ നൽകൽ. കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭ പദ്ധതികൾ തയ്യാറാക്കൽ. നിലവിലുള്ള സംരംഭങ്ങളുമായി ബന്ധിപ്പിക്കൽ. തൊഴിൽ ശേഷിക്കും നൈപുണ്യത്തിനും അനുയോജ്യമായ ഉപജീവന മാർഗം വീടുകളിൽ തന്നെ ലഭ്യമാക്കൽ. കൂട്ടിരിപ്പുകാർക്കും പരിചരിക്കുന്നവർക്കും അവരുടെ ശേഷികൾ അനുസരിച്ച് സംരംഭങ്ങൾ ഒരുക്കി കൊടുക്കൽ. ഭിന്നശേഷിക്കാർക്ക് ചെയ്യാൻ കഴിയുന്ന തൊഴിൽ മേഖലകളിൽ പരിശീലനം നൽകലും ഉപജീവനത്തിനായുള്ള	ASAP, KASE, DDUGKY മുതലായ പദ്ധതികളുമായി ബന്ധിപ്പിക്കൽ പുനർഗേഹം, റീബിൽഡ് കേരള, ലൈഫ് മിഷൻ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളുമായുള്ള സംയോജനം

	അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കലും. ദുഷ്കരവും അപകടകരവുമായ സാഹചര്യങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ. പ്രായമായവർ മാത്രം ഉള്ള കുടുംബങ്ങളിൽ ലഘുവായ പ്രവർത്തികളിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്താൻ കഴിയുന്നവർക്കുള്ള പിന്തുണ. (പാക്കിംഗ്, മാസ്ക് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ചെറുകിട കടകൾ)	

2.3. സംസ്ഥാന തലത്തിൽ മറ്റ് വകുപ്പുകളും മിഷനുകളും വഴി നടത്തേണ്ടുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് സർക്കാർ തീരുമാനിച്ച് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്. ഇത് മൈക്രോ പ്ലാനിന്റെ ഭാഗമാവുന്നതാണ്.

2.4. മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്ഥാപന തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനുള്ള പരിശീലനം കില നടത്തുന്നതാണ്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിഭവ സ്രോതസ്സുകൾ എന്ന നിലയിൽ മൈക്രോ പ്ലാനിൽ ഉൾപ്പെടുത്താനുതകുന്ന പദ്ധതികൾ/ സ്കീമുകൾ എന്നിവയുടെ വിവരങ്ങൾ അടങ്ങിയ പട്ടിക കുടുംബശ്രീ മിഷൻ തയ്യാറാക്കി സംസ്ഥാന നിർവ്വഹണ സെൽ നോഡൽ ഓഫീസിന്റെ സഹായത്തോടെ തദ്ദേശസ്ഥാപനങ്ങളിൽ ശില്പശാലയ്ക്ക് മുന്നോടിയായി എത്തിക്കുന്നതാണ്. ശില്പശാല സംഘടിപ്പിക്കുന്നതിനാവശ്യമായ ചെലവുകൾ തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ്. ശില്പശാല സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൈക്രോപ്ലാൻ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള സംഘടനാ സംവിധാനം താഴെ പറയുന്നു.

3. സംഘടനാ സംവിധാനം

3.1. സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം അതിദാരിദ്ര്യ നിർണയ പ്രക്രിയയ്ക്ക് വേണ്ടി ഒരു സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയും, ടെക്നിക്കൽ ടീമും രൂപീകരിച്ചിരുന്നു. തുടർന്ന് ജില്ല, ബ്ലോക്ക്, തദ്ദേശ ഭരണ സ്ഥാപന തലങ്ങളിലും സമാനമായ സമിതികൾക്ക് രൂപം നൽകിക്കൊണ്ടാണ് നിർണയ പ്രക്രിയ വിജയകരമായി നടത്തിയത്. അവശ്യം ചില മാറ്റങ്ങൾ വരുത്തികൊണ്ട് മാർഗരേഖയിലെ നിർദേശങ്ങൾ അനുസരിച്ച് സമിതികൾ പുന:ക്രമീകരിക്കാവുന്നതാണ്.

3.2. കുടുംബശ്രീ മിഷൻ, കില, തദ്ദേശ ഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് എന്നീ സർക്കാർ സംവിധാനങ്ങളുടെ സംയോജിതമായ പ്രവർത്തനമാണ് ലക്ഷ്യം വയ്ക്കുന്നത്. എല്ലാ വകുപ്പുകളുടെയും നിലവിലുള്ള കേന്ദ്ര-സംസ്ഥാനവിഹിത പദ്ധതികളുടെയും ഫലപ്രദമായ സംയോജനത്തിലൂടെയാവണം അതിദാരിദ്ര്യ നിർമാർജ്ജനം സാധ്യമാക്കേണ്ടത്. ഓരോ തലത്തിലും ജനപ്രതിനിധികളുടെയും, വകുപ്പ്

മേധാവികളുടെയും നേതൃത്വത്തിലുള്ള കോഓർഡിനേഷൻ സമിതികളും അവയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നിർവഹണ സെല്ലുകളും വിഭാവനം ചെയ്തിരിക്കുന്നു. നിർണയ പ്രക്രിയയിൽ വിജയകരമായി പ്രവർത്തിച്ച് കഴിവ് തെളിയിച്ച സമിതികൾ നിലനിർത്തുകയും പ്രായോഗികത മുൻനിർത്തി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്ഥാപന തല കോർഡിനേഷൻ സമിതിയിൽ വ്യാപാരി-വ്യവസായി സംഘടനകൾ, പ്രവാസി സംഘടനകൾ, സന്നദ്ധ സാമൂഹിക സംഘടനാ പ്രതിനിധികൾ തുടങ്ങി വിപുലമായ പങ്കാളിത്തം നിർദ്ദേശിച്ചിട്ടുണ്ട്. സംഘടനകൾ നിർണയ പ്രക്രിയയിൽ ആറുമാസം ഫീൽഡ് തലത്തിൽ പ്രവർത്തിച്ച് ഈ സമിതികൾ ആർജിച്ച പ്രായോഗിക പരിജ്ഞാനം തുടർ പ്രവർത്തനങ്ങളിൽ മുതൽക്കൂട്ടാകും എന്ന കാഴ്ചപ്പാടിൽ തയ്യാറാക്കിയ സംഘടനാ സംവിധാനം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.

4. പദ്ധതി നിർവഹണവും മോണിറ്ററിങ്ങും

4.1. നിലവിലുള്ള സമിതികളുടെ പുനഃസംഘടനയാണ് നിർവഹണത്തിന്റെ ആദ്യ പടി. ഇതിനു വേണ്ട ഉത്തരവുകൾ പുറപ്പെടിവിക്കുന്നതിനുള്ള ചുമതല: ജില്ലാ തലത്തിൽ ജില്ലാ കളക്ടറും തദ്ദേശ സ്ഥാപന തലങ്ങളിലും വാർഡ് / ഡിവിഷൻ തലങ്ങളിലും അതാത് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർക്കുമായിരിക്കും. ജില്ലാതലത്തിൽ സമിതികളുടെ ഏകോപന ചുമതല ജില്ല ജോയിന്റ് ഡയറക്ടർക്കായിരിക്കും.

4.2. സംസ്ഥാനതല സമിതികൾ പുനഃസംഘടിപ്പിക്കേണ്ടത് തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആയിരിക്കും. ഈ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ട ചുമതല പ്രിൻസിപ്പൽ ഡയറക്ടരുടെ കീഴിലുള്ള സ്പെഷ്യൽ സെല്ലിനായിരിക്കും. പ്രസ്തുത സമിതികൾ കൂട്ടുന്നതിന് വേണ്ട ചെലവുകൾ പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് വഹിക്കേണ്ടതാണ്.

4.3. തദ്ദേശ സ്ഥാപന തലത്തിൽ കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകളിലെ ഘടകങ്ങളെ വിഷയാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പ്രോജക്ടുകൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കണം.

> ഉദാഹരണമായി വയോജനങ്ങൾക്കുള്ള പരിപാലന-പരിപാടികൾ വയോജന പദ്ധതികളുടെയും പട്ടികജാതി/പട്ടികവർഗക്കാർക്ക് ഉള്ള പദ്ധതികൾ പ്രത്യേക ഘടക പദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ഭാഗമാക്കാം. വനിതാ ഘടക പദ്ധതി, വയോജനങ്ങൾക്കുള്ള പദ്ധതി, കുട്ടികൾക്കായുള്ള പദ്ധതി എന്നീ പദ്ധതികളുടെ സാധ്യതകളും ഉപയോഗിക്കാം. ഇതുപോലെ ആരോഗ്യം, പാർപ്പിടം മുതലായവയുമായി ബന്ധപ്പെട്ട പദ്ധതികൾ അതത് വിഷയ മേഖല പദ്ധതികളുമായി ബന്ധിപ്പിക്കാം.

ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ സാധാരണ പോലെ ഡിപിസി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. ഇവയെ ഏകോപിപ്പിച്ച് തദ്ദേശസ്ഥാപന തലത്തിൽ ഒരു ഏകോപിത മൈക്രോ പ്ലാൻ തയ്യാറാക്കണം. പ്രോജക്ട് തയ്യാറാക്കുന്നതിന് 'സുലേഖ'യിൽ രേഖപ്പെടുത്തി വെറ്റിംഗ് ഓഫീസർ അംഗീകരിക്കുന്ന മുറയ്ക്ക് പ്രൊജക്ട് നടപ്പിലാക്കാം. പിന്നീട് ഡി.പി.സി അംഗീകാരം നേടേണ്ടതാണ്.

5. നിർവഹണം

5.1. അതിദരിദ്രർക്കായുള്ള പദ്ധതികളുടെ തദ്ദേശ ഭരണസ്ഥാപനതല നിർവഹണ ഉദ്യോഗസ്ഥർ അതാത് വിഷയ മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ആയിരിക്കും. അതത് വർക്കിംഗ് ഗ്രൂപ്പുകൾ സാധാരണ പദ്ധതികളുടെ പോലെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. ഈ പദ്ധതികളെ തദ്ദേശ സ്ഥാപനതലത്തിൽ നോഡൽ ഓഫീസർമാർ ഏകോപിപ്പിക്കേണ്ടതാണ്.

5.2. ഓരോ പ്രൊജക്ടിന്റെയും സമയബന്ധിതമായ നിർവ്വഹണവും ലക്ഷ്യ പൂർത്തീകരണവും തദ്ദേശ സ്ഥാപനതല നിർവ്വഹണ ഉപസമിതിയും കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയും സംയുക്തമായി മോണിറ്റർ ചെയ്യേണ്ടതാണ്.

5.3. ഓരോ വർഷവും കുടുംബങ്ങളുടെ സാഹചര്യം വിലയിരുത്തി വേണം പദ്ധതി പുതുക്കേണ്ടത്. അതിദാരിദ്ര്യത്തിൽ നിന്ന് പുറത്ത് കടന്ന കുടുംബങ്ങളെ അതത് പ്രൊജക്ടുകളിൽ നിന്ന് ഒഴിവാക്കണം. അടിസ്ഥാന സേവനങ്ങൾ ഏറ്റവും ചുരുങ്ങിയത് ഒക്ടോബർ 2 ന് ലഭ്യമാക്കുന്ന തരത്തിൽ വേണം പദ്ധതി ആസൂത്രണം ചെയ്യാൻ.

6. സോഷ്യൽ ഓഡിറ്റ്

6.1. തദ്ദേശ സ്ഥാപന ഭരണ സമിതി ഓരോ രണ്ട് വർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം. ഈ സമിതി പദ്ധതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭകൾ, തദ്ദേശ സ്ഥാപനതല പൊതുവേദികൾ എന്നിവിടങ്ങളിൽ അവതരിപ്പിക്കണം. ഓരോ തദ്ദേശ സ്ഥാപനത്തിനും ഉൾപ്പെടുന്ന അക്കാദമിക്ക് സ്ഥാപനങ്ങളെ സോഷ്യൽ ഓഡിറ്റ് സമിതികളുടെ ഭാഗമാക്കാം.

7. മൊബൈൽ ആപ്ലിക്കേഷനും ഡാഷ്ബോർഡും:

7.1. മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനും തുടർന്നുള്ള പദ്ധതി നിർവഹണം, മോണിറ്ററിങ് എന്നിവ കാര്യക്ഷമമായും സമയ ബന്ധിതമായും നടപ്പിലാക്കുന്നതിനും ഒരു മൊബൈൽ ആപ്ലിക്കേഷനും ഡാഷ് ബോർഡും ആവശ്യമാണ്. അതിദാരിദ്ര്യ നിർണയ പ്രക്രിയയ്ക്കുവേണ്ടി തയ്യാർ ചെയ്തിട്ടുള്ള മൊബൈൽ ആപ്ലിക്കേഷന് അനുപൂരകമായും MIS -ൻറെ തുടർച്ചയായും ആയിരിക്കണം ഇത് എന്നതിനാൽ ഈ തുടർച്ച ഉറപ്പാക്കാൻ കഴിവുള്ള ഒരു സേവന ദാതാവിനെ കണ്ടെത്തി ചുമതലപ്പെടുത്തേണ്ടതാണ്. മൊബൈൽ ആപ്ലിക്കേഷനും ഡാഷ് ബോർഡും എത്രയും പെട്ടെന്ന് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള ചുമതലയും ചെലവും കുടുംബശ്രീ വഹിക്കുന്നതായിരിക്കും. ഡാറ്റാ മോണിറ്ററിങും ആവശ്യമായ ഇടപെടലുകളും നടത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പൽ ഡയറക്ടർക്കായിരിക്കും.

8. വിഭവ സമാഹരണം

8.1. സൂചന 3, 4 ലെ സർക്കാർ ഉത്തരവ് പ്രകാരം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഒരു സബ്പ്ലാൻ ആയി നിലവിൽ വന്നിട്ടുണ്ട്. സ്ഥാപന തല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ഈ സബ് പ്ലാനിനു കീഴിലായിരിക്കണം മൈക്രോപ്ലാനുകളുടെ മൊത്തം തുക വകയിരുത്തേണ്ടത്. ലഭ്യമായ മറ്റു സ്രോതസ്സുകളിൽ നിന്നും വിഹിതം കണ്ടെത്തിയും വിവിധ വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ചും ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഇതിനായി മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കേണ്ടതായിട്ടുണ്ട്.

8.2. നിലവിലുള്ള അടിയന്തിര സാഹചര്യം മുൻനിർത്തി പദ്ധതി നിർവ്വഹണത്തിലേക്ക് കടക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങൾ യഥാക്രമം അഞ്ച് ലക്ഷം രൂപ, പത്ത് ലക്ഷം രൂപ, പതിനഞ്ച് ലക്ഷം രൂപ വരെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തി അവശ്യസേവനങ്ങൾ നൽകുന്നതിനായി പ്രൊജക്ട് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ

പ്ലാനുകൾക്ക് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകേണ്ടതാണ്. ഇതിലേക്കായി വിശദമായ ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

8.3. പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി അധിക വിഭവ സമാഹരണം നടത്താവുന്നതാണ്. ഇതിനായി പ്രദേശത്ത് പ്രവർത്തിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകളുടെയും മറ്റ് ബാങ്കുകളുടെയും പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനകൾ, പ്രവാസി സംഘടനകൾ, സന്നദ്ധ സംഘടനകൾ, സന്മനസ്സുള്ള വ്യക്തികൾ തുടങ്ങിയവരുടെ യോഗങ്ങൾ തദ്ദേശ സ്ഥാപന തല കോർഡിനേഷൻ സമിതിയുടെ ഭാഗമായി ആവശ്യാനുസരണം വിളിച്ചു ചേർക്കേണ്ടതാണ്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പാക്കുന്നതിനായി സന്നദ്ധ സംഘടനകൾ, ചാരിറ്റി-പാലിയേറ്റീവ് സംഘടനാ പ്രവർത്തകർ, വാതിൽപ്പടി സേവനം നൽകുന്നവർ, കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ, ആശാവർക്കർമാർ, പ്രേരക് മാർ തുടങ്ങിയവരുടെ യോഗവും സംഘടിപ്പിക്കേണ്ടതാണ്. ഈ യോഗത്തിലേക്ക് സാമൂഹ്യ സന്നദ്ധസേനയുടെ പ്രതിനിധികളെയും ക്ഷണിക്കേണ്ടതാണ്.

8.4. അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സംഭാവനകൾ നിക്ഷേപിക്കുന്നതിനും വിനിയോഗിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോഡൽ ഓഫീസറുടെ ഒരു പ്രത്യേക അക്കൌണ്ട് തുറക്കാവുന്നതാണ്.

9. വകുപ്പുകളുടെ ഏകോപനം

9.1. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട സഹായങ്ങൾ സമയബന്ധിതമായി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഓരോ ജില്ലയിലും അതാത് ജോയിന്റ് ഡയറക്ടർ ക്രോഡീകരിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ സമാഹരിക്കുന്ന റിപ്പോർട്ട് ജില്ലാതലത്തിൽ ജില്ലാതല കോർഡിനേഷൻ സമിതിക്കും സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർക്കും നൽകേണ്ടതാണ്. പ്രിൻസിപ്പൽ ഡയറക്ടർ ഇത് ക്രോഡീകരിച്ച് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് മറ്റ് വകുപ്പുകളിൽ നിന്നും കിട്ടേണ്ട സഹായം കൃത്യമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകൾക്കിടയിൽ ആവശ്യമായ ഏകോപനം സംസ്ഥാന തലത്തിൽ കോർഡിനേഷൻ സമിതിയുടെ ചുമതലയിൽ നടത്തുന്നതാണ്.

9.2. കുടുംബശ്രീയുടെ ചുമതല : സംസ്ഥാനത്തെ ദാരിദ്ര്യ നിർമാർജ്ജന മിഷൻ എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ കണ്ടെത്തിയിട്ടുള്ള അതിദരിദ്ര്യർക്ക് വേണ്ടി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും മോണിറ്റർ ചെയ്യുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പിന്തുണ നൽകുക എന്നതാണ് കുടുംബശ്രീയുടെ പ്രധാന ഉത്തരവാദിത്വം. മൈക്രോ പ്ലാൻ പ്രകാരം അതിദരിദ്ര്യർക്കായി തീരുമാനിച്ചിട്ടുള്ള വിവിധ സേവനങ്ങൾ സമയബന്ധിതമായും കൃത്യമായും അവർക്ക് ലഭ്യമാകുന്നുവെന്ന ഉറപ്പാക്കുക, തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്നതിനനുസരിച്ച വിവിധ സേവനങ്ങൾ അതിദരിദ്ര്യർക്കു എത്തിച്ചു കൊടുക്കുക, സേവനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ഉണ്ടായാൽ ആയതു തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുക തുടങ്ങിയവ കുടുംബശ്രീ ത്രിതല സംഘടന സംവിധാനങ്ങളായ അയൽക്കൂട്ടം - എ.ഡി.എസ്.- സി.ഡി.എസ്. ന്റെ ഉത്തരവാദിത്വമാണ്.

9.3. അതിദരിദ്രരിൽ വരുമാനദായക പ്രവർത്തനങ്ങൾ മുഖേന പിന്തുണ നൽകേണ്ടവർക്ക് ആവശ്യമെങ്കിൽ പദ്ധതികൾ രൂപീകരിക്കുക, ഉപജീവന പദ്ധതികൾ തയ്യാറാക്കുക, അതി ദരിദ്ര കുടുംബങ്ങളിലെ കുട്ടികൾ, വയോജനങ്ങൾ എന്നിവർക്കാവശ്യമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുക, പദ്ധതി ജില്ല-സംസ്ഥാന തലത്തിൽ മോണിറ്റർ ചെയ്യുക എന്നിവ കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷനുകളുടെ ചുമതലയായിരിക്കും.

അനുബന്ധം 1: അതിദാരിദ്ര്യ നിർമാർജന പദ്ധതിയുടെ നിർവഹണത്തിനുള്ള സംഘടനാ സംവിധാനം

തലം	സമിതി	കൺവീനർ/ ജോയിന്റ് കൺവീനർ /നോഡൽ ഓഫീസർ	സമിതിയുടെ ഘടന
സംസ്ഥാനതലം	**സംസ്ഥാനതല കോർഡിനേഷൻ സമിതി**	പ്രിൻസിപ്പൽ സെക്രട്ടറി **(കൺവീനർ)**	**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി [രക്ഷാധികാരി]** **അഡീഷണൽ ചീഫ് സെക്രട്ടറി [അധ്യക്ഷ/ൻ]** കുടുംബശ്രീ- എക്സി ഡയറക്ടർ, കില- ഡയറക്ടർ ജനറൽ ഡയറക്ടർ- പഞ്ചായത്ത് വകുപ്പ്, ഡയറക്ടർ- നഗരകാര്യ വകുപ്പ്, ഡയറക്ടർ-ആരോഗ്യ വകുപ്പ്, ഡയറക്ടർ, സിവിൽ സപ്ലൈസ് ചീഫ് എഞ്ചിനീയർ KSEB, ചീഫ് എഞ്ചിനീയർ KWA, നോർക്ക പ്രതിനിധി, ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ -എസ്. സി. വകുപ്പ്, ഡയറക്ടർ- എസ്. ടി. വകുപ്പ് ഡയറക്ടർ -ഫിഷറീസ് വകുപ്പ് ഡയറക്ടർ -സാമൂഹ്യ നീതി വകുപ്പ്, ഡയറക്ടർ - വനിതാ-ശിശു ക്ഷേമ വകുപ്പ്, ഡയറക്ടർ- എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എക്സിക്യൂട്ടീവ് ഡയറക്ടർ, IKM തദ്ദേശ സ്ഥാപന ജനപ്രതിനിധികളുടെ സംഘടനാ പ്രതിനിധികൾ കേരള ബാങ്ക് പ്രതിനിധികൾ സഹകരണ വകുപ്പ് രജിസ്ട്രാർ എല്ലാ വികസന മിഷനുകളുടെയും ഡയറക്ടർമാർ
	സംസ്ഥാന തല നിർവഹണ സെൽ	പ്രിൻസിപ്പൽ ഡയറക്ടർ **(നോഡൽ ഓഫീസർ)**	നിലവിലെ സംസ്ഥാനതല ടെക്നിക്കൽ ടീം കുടുംബശ്രീ പ്രതിനിധികൾ, കില പ്രതിനിധികൾ, പഞ്ചായത്ത് വകുപ്പ് പ്രതിനിധി , നഗരകാര്യ വകുപ്പ് പ്രതിനിധി, ആരോഗ്യ വകുപ്പ് പ്രതിനിധി, വൈദ്യുതി വകുപ്പ് / KSEB പ്രതിനിധി, വാട്ടർ അതോറിറ്റി പ്രതിനിധി , നോർക്ക പ്രതിനിധി, സംസ്ഥാന ആസൂത്രണ ബോർഡ് പ്രതിനിധി IKM പ്രതിനിധി, എസ്. സി. വകുപ്പ് പ്രതിനിധി, എസ്. ടി. വകുപ്പ് പ്രതിനിധി, ഫിഷറീസ് വകുപ്പ് പ്രതിനിധി, സാമൂഹ്യ ക്ഷേമ വകുപ്പ് പ്രതിനിധി, സാമൂഹ്യ നീതി വകുപ്പ് പ്രതിനിധി, വനിതാ-ശിശു ക്ഷേമ വകുപ്പ് പ്രതിനിധി സാങ്കേതിക സഹായത്തിനും കൂടിക്കൽ സഹായത്തിനും വേണ്ട ഉദ്യോഗസ്ഥർ.

ജില്ലാ തലം	**ജില്ലാതല കോർഡിനേഷൻ സമിതി**	ജില്ലാ ജോയിന്റ് ഡയറക്ടർ (കൺവീനർ) **ജോയിന്റ് കൺവീനർമാർ** • പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം • ജില്ല പ്ലാനിംഗ് ഓഫീസർ • കുടുംബശ്രീ ഡി എം സി	**ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർ പേഴ്സൺ)** **ജില്ലാ കളക്ടർ (മെമ്പർ സെക്രട്ടറി)** **എല്ലാ DPC അംഗങ്ങളും,** **എൻ.എച്ച്.എം പ്രതിനിധി** **പ്രത്യേക ക്ഷണിതാക്കൾ:** കില പ്രതിനിധികൾ, RSETI പ്രതിനിധി ലീഡ് ബാങ്ക് പ്രതിനിധി തദ്ദേശ സ്ഥാപന ജനപ്രതിനിധികളുടെ ജില്ലാതല സംഘടനാ പ്രതിനിധികൾ
	ജില്ലാതല നിർവഹണ സെൽ	പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം **(നോഡൽ ഓഫീസർ)**	സാങ്കേതിക സഹായത്തിനും ക്ലറിക്കൽ സഹായത്തിനും വേണ്ട ഉദ്യോഗസ്ഥർ
ബ്ലോക്ക് തലം	**ബ്ലോക്ക് തല ഏകോപന സെൽ**	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് (കൺവീനർ)	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് -അധ്യക്ഷ(ൻ) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - വൈസ് ചെയർമാൻ, എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ
തദ്ദേശ സ്വഭരണ തലം	**തദ്ദേശ സ്ഥാപന തല കോർഡിനേഷൻ സമിതി**	സെക്രട്ടറി (കൺവീനർ)	**പ്രസിഡന്റ് / ചെയർ പേഴ്സൺ** - അധ്യക്ഷ(ൻ), ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - വൈസ് ചെയർമാൻ അംഗങ്ങൾ: എല്ലാ ഭരണസമിതി അംഗങ്ങളും, നിലവിലുള്ള അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സ്ഥാപനതല ജനകീയ സമിതി അംഗങ്ങൾ, കൂടാതെ നിലവിലുള്ള തദ്ദേശ ഭരണ സ്ഥാപന ഉപസമിതി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ CDS ചെയർ പേഴ്സൺ എല്ലാ ലൈൻ ഡിപ്പാർട്മെന്റിലെയും ഓഫീസ് മേധാവികൾ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധി, സഹകരണ ബാങ്ക് പ്രതിനിധി, ഷെഡ്യൂൾ ബാങ്ക് പ്രതിനിധി ,സന്നദ്ധ- സാമൂഹിക സംഘടനാ പ്രതിനിധി , പ്രവാസി സംഘടനാ പ്രതിനിധി, പ്രവാസി സഹകരണ സംഘം പ്രതിനിധി, റോട്ടറി, ലയൺസ് ക്ലബ് ഭാരവാഹികൾ, വിവിധ സ്ഥാപനങ്ങളുടെ സി എസ് ആർ പ്രതിനിധികൾ, വാതിൽപ്പടി സേവനം : ഉദ്യോഗസ്ഥർ / പ്രതിനിധി, ആർ ആർ ടി പ്രതിനിധികൾ, ജെ.സി.ഐ അംഗങ്ങൾ

	തദ്ദേശ സ്ഥാപന തല നിർവഹണ സെൽ	സെക്രട്ടറി (കൺവീനർ) നോഡൽ ഓഫീസർമാർ ▪ **ഗ്രാമ പഞ്ചായത്ത്:** അസിസ്റ്റന്റ് സെക്രട്ടറി അസിസ്റ്റന്റ് നോഡൽ ഓഫീസർ- വി. ഇ . ഒ ▪ **മുനിസിപ്പാലിറ്റി:** ഹെൽത്ത് ഇൻസ്പെക്ടർ / ഡെപ്യൂട്ടി സെക്രട്ടറി / ഹെൽത്ത് സൂപ്പർവൈസർ / പ്രൊജക്ട് ഓഫീസർ ▪ **കോർപറേഷൻ:** ഡെപ്യൂട്ടി സെക്രട്ടറി / പ്രൊജക്ട് ഓഫീസർ	▪ ഓരോ വാർഡിലും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ എന്യൂമറേഷൻ ടീം ▪ വാർഡ് തല ജനകീയ സമിതി അംഗങ്ങൾ ▪ കില , എഞ്ചിനീയറിംഗ്, അതിജീവന/ ഉപജീവനപദ്ധതികൾ, ഭവനം, ആരോഗ്യം, ന്യൂട്രിഷൻ, ബാങ്കിംഗ് മേഖലകളിൽ നിന്നുള്ള ഓരോ വിദഗ്ധർ. ▪ കുടുംബശ്രീ ചെയർപേഴ്സൺ
വാർഡ് തലം	**വാർഡ് / ഡിവിഷൻ തല സമിതികൾ**	വാർഡ് / ഡിവിഷൻ ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ)	നിലവിലുള്ള അതിദാരിദ്ര്യ നിർണ്ണയപ്രക്രിയ ജനകീയ സമിതി അംഗങ്ങൾ, വാർഡ് മെമ്പർ/കൗൺസിലർ, കുടുംബശ്രീ (എ ഡി എസ് ചെയർപേഴ്സൺ/ പ്രതിനിധി),

അനുബന്ധം-2

ഏകദിന ശില്പശാലകൾ നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ

- എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് ഏകദിന ശില്പശാലകൾ നടത്തേണ്ടതാണ് .

വാർഡ് തല സമിതി കൂടിയാലോചന

- അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയ വാർഡുകളിലെ വാർഡ് തല സമിതികൾ ചേർന്ന് ഓരോ അതിദരിദ്ര കുടുംബത്തിന്റേയും അതിജീവനത്തിന് എന്തെല്ലാം ചെയ്യാം എന്ന് ചർച്ച ചെയ്യണം. പഞ്ചായത്ത് തല ശിൽപ്പശാലക്ക് മുൻപ് വാർഡ് തല സമിതി അംഗങ്ങൾ കുടുംബങ്ങളുമായി അടുത്ത് ഇടപെട്ട് അവരുടെ അതിജീവന സാദ്ധ്യതകളെ കുറിച്ച് കൂടുതൽ വ്യക്തത വരുത്തുന്നത് ഉചിതമാകും. വാർഡ് തല സമിതി യോഗം, കുടുംബങ്ങളുമായുള്ള ഇടപെടൽ എന്നിവക്ക് ശേഷം അവരുടെ അഭിപ്രായങ്ങൾ അടങ്ങിയ ഒരു കുറിപ്പ് തയ്യാറാക്കണം. ഇതുമായി വേണം തദ്ദേശ സ്ഥാപനതല ശിൽപ്പശാലയിൽ പങ്കെടുക്കാൻ.ഇതിന്റെ ചുമതല അതാത് കുടുംബശ്രീ എ.ഡി.എസ് കൾക്കായിരിക്കും.
- കുടുംബങ്ങളുടെ അതിജീവനം ഉറപ്പാക്കാൻ എന്തൊക്കെ തരം പിന്തുണ ആവശ്യമാണ് എന്നത് കുറിപ്പിൽ വ്യക്തമാക്കണം.
- ഇതിന് സഹായകമാകുന്ന വിധത്തിൽ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചത് കൂടി വാർഡ് തല സമിതികൾക്ക് നൽകുന്നത് നന്നാകും.

തദ്ദേശ സ്ഥാപന തല ഏകദിന ശിൽപ്പശാല

- വാർഡ് തല കൂടിയാലോചനകൾക്കു ശേഷം തദ്ദേശസ്ഥാപന തലത്തിൽ ഏകദിന ശില്പശാലകൾ സംഘടിപ്പിക്കണം
- അതിദരിദ്രർ ഉള്ള വാർഡ് / ഡിവിഷൻ സമിതി അംഗങ്ങളെ പ്രതിനിധീകരിച്ച് വാർഡ് / ഡിവിഷൻ ജനപ്രതിനിധി, ചുമതലയുള്ള ഉദ്യോഗസ്ഥർ, ആശാ വർക്കർ, അംഗൻവാടി വർക്കർമാർ, എന്യൂമറേറ്റർമാരും, ഫെസിലിറ്റേറ്റർ മാരുമായി പ്രവർത്തിച്ചിരുന്നവർ, കൂടാതെ വാർഡ് / ഡിവിഷൻ സമിതി ചുമതലപ്പെടുത്തുന്ന രണ്ടംഗങ്ങൾ കൂടി ഇതിൽ പങ്കെടുക്കണം.
- കൂടാത തദ്ദേശസ്ഥാപന തല വിദഗ്ധ സമിതി അംഗങ്ങൾ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി, വി.ഇ.ഒ. എന്നിവർ ഈ ശില്പശാലയിൽ പങ്കെടുക്കണം
- തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ അതിദരിദ്ര കുടുംബങ്ങളുടേയും ശേഖരിച്ച വിവരങ്ങൾ ഈ ശിൽപ്പശാലയിൽ ലഭ്യമാക്കണം
    - മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ വിശദമാക്കണം
    - ഇതിനെ തുടർന്ന് ഉച്ചവരെ 3 - 4 വാർഡുകൾക്ക് ഒരു ക്ലസ്റ്റർ എന്ന നിലയിൽ കൂടിയിരുന്ന് മൈക്രോ പ്ലാൻ തയ്യാറാക്കണം
    - ഓരോ കുടുംബത്തിനും എം.ഐ.എസിൽ ലഭ്യമാകുന്ന വിവരങ്ങൾ ചർച്ച ചെയ്ത് ശില്പശാലയിൽ ലഭ്യമാക്കുന്ന ഫോർമാറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും പിന്നീട് വിശദമായ ചർച്ചയിലൂടെ മൈക്രോ പ്ലാൻ തയ്യാറാക്കുകയും വേണം

- ഓരോ കുടുംബത്തിനും എന്തൊക്കെ പിന്തുണ വേണം.
- അത് ലഭ്യമാക്കുന്നത് എങ്ങനെ
- ഏതൊക്കെ സംഘടനാ രൂപങ്ങളെ ഉപയോഗിക്കാം
- ഏതൊക്കെ രേഖകൾ ലഭ്യമാക്കണം
- ഏതെല്ലാം എജൻസികളെ ക്ഷണിക്കണം
- ഏതൊക്കെ പദ്ധതികളെ/ സ്കീമുകളെ ബന്ധിപ്പിക്കാം
- എത്ര കാലം, ഏതൊക്കെ പിന്തുണ നൽകണം
- എത്ര ചെലവ് വരും
- വിഭവം എങ്ങനെ കണ്ടെത്താം
- എങ്ങനെ വിലയിരുത്തും
- മുതലായ കാര്യങ്ങൾ ചുരുങ്ങിയത് മൈക്രോ പ്ലാനിൽ ഉണ്ടാകണം

ഏകോപിത തദ്ദേശസ്ഥാപന പദ്ധതി

- കുടുംബ മൈക്രോ പ്ലാനുകളെ തദ്ദേശ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് പദ്ധതി തയ്യാറാക്കണം.
- ഇതിൽ ഓരോ ദുർബലതാസൂചകത്തിലും ഉൾപെടുന്ന കുടുംബങ്ങളുടെ വിവരങ്ങൾ, അവർക്കായി നിർദേശിക്കുന്ന ഇടപെടലുകൾ, അവയുടെ കാലാവധി, ബന്ധിപ്പിക്കാവുന്ന പദ്ധതികൾ/ സ്കീമുകൾ, ആവശ്യമായ വിഭവങ്ങൾ എന്നിവ ക്രോഡീകരിച്ച് നൽകണം.

തുടക്കത്തിൽ അച്ചടിച്ച മൈക്രോ പ്ലാൻ ഫോർമാറ്റുകൾ ആയിരിക്കും ഉപയോഗിക്കുക. ഡാഷ്ബോർഡും വെബ്പോർട്ടലും വികസിപ്പിക്കുന്നതിനുള്ള കാലതാമസം പരിഗണിച്ചാണ് ഈ രീതി ഉപയോഗിക്കുന്നത്. ഡാഷ്ബോർഡ് പ്രവർത്തനസജ്ജമാകുന്ന മുറക്ക് മൈക്രോ പ്ലാൻ വിവരങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടതാണ്.

ചില സാഹചര്യങ്ങളിൽ എം ഐ എസ് ഇൽ നിന്നും ലഭ്യമായ വിവരങ്ങൾ മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് പര്യാപ്തമല്ലെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ വാർഡ് മെമ്പറുടെ സാന്നിധ്യത്തിൽ എന്യുമറേഷൻ ടീമും വിദഗ്ധരും വീടുകൾ സന്ദർശിക്കുകയും മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ട എല്ലാ വിവരങ്ങളും ശേഖരിക്കുകയും വേണം. ഓരോ കുടുംബാംഗത്തിന്റെയും ഓരോ മേഖലയിലെയും സൂക്ഷ്മ വിവരങ്ങൾ കണ്ടെത്താൻ കഴിയണം.

കോർപറേഷനുകളിലും അതിദരിദ്രർ കൂടുതൽ ഉള്ള മുനിസിപ്പാലിറ്റികളിലും സോൺ തിരിഞ്ഞു ഒന്നിലധികം ശില്പശാലകൾ നടത്തേണ്ടതാണ്. അതിൽ സ്ഥാപനതല ജനകീയ സമിതിക്കു പുറമെ KSEB, KWA, പട്ടിക ജാതി, പട്ടിക വർഗ്ഗ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വനിത-ശിശു വകുപ്പ് എന്നിവയിലെ അംഗങ്ങളെ കൂടി ഉൾപ്പെടുത്തണം. കൂടാതെ എഞ്ചിനീയറിംഗ്, അതിജീവന/ ഉപജീവനപദ്ധതികൾ, ഭവനം, ആരോഗ്യം, ന്യൂട്രിഷൻ, ബാങ്കിംഗ് മേഖലകളിൽ നിന്നുള്ള ഓരോ വിദഗ്ധരെയും പങ്കെടുപ്പിക്കണം. സോൺ തിരിച്ചുള്ള ശില്പശാലയിൽ തയ്യാറാക്കിയ മൈക്രോപ്ലാനുകൾ തദ്ദേശസ്ഥാപന തലത്തിൽ ക്രോഡീകരിക്കുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

ബ്ലോക്ക് തല ശിൽപശാലകൾ (പഞ്ചായത്തുകൾക്കു മാത്രം ബാധകം)

- തദ്ദേശ സ്ഥാപനതല ശില്പശാലക്കു ശേഷം ബ്ലോക്ക്തലത്തിൽ ഏകോപിപ്പിക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ച് വ്യക്തത വരുത്താൻ ബ്ലോക്ക് തല ശിൽപശാലകൾ സംഘടിപ്പിക്കേണ്ടതാണ്.
- വിവിധ സർക്കാർ വകുപ്പുകൾ, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി മുതലായ സ്ഥാപനങ്ങളുടെ ബ്ലോക്ക് തല ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനികൾ, കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ, ബ്ലോക്ക് പ്രദേശത്തെ ജില്ലാപഞ്ചായത്ത് അംഗങ്ങൾ എന്നിവർ ഈ ശില്പശാലയിൽ പങ്കാളിയാകണം.
- തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പ്രസിഡന്റുമാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, നോഡൽ ഓഫീസർ, അസിസ്റ്റ് നോഡൽ ഓഫീസർ എന്നിവർ പങ്കെടുക്കണം
- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്കിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ ശില്പശാല സംഘാടനം നടത്തുകയും ശില്പശാലയിൽ പങ്കാളികൾ ആകുകയും വേണം.
- ഈ ശില്പശാലയിൽ ഓരോ തദ്ദേശസ്ഥാപനവും തങ്ങളുടെ പദ്ധതികൾ അവതരിപ്പിക്കണം.
- ഗ്രാമപഞ്ചായത്ത് തലത്തിൽ അതിദരിദ്ര മൈക്രോ പ്ലാൻ അടിസ്ഥാനപ്പെടുത്തിയുള്ള അടുക്കളകൾ, പൊതുവായ ഷെൽട്ടർ ഹോം, രോഗികൾക്കുള്ള പുനരധിവാസ കേന്ദ്രങ്ങൾ, സമൂഹ എന്നിങ്ങനെയുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതിനെ കുറിച്ച് ആലോചിക്കേണ്ടതാണ്.
- ഈ അവതരണങ്ങളോട് പ്രതികരിച്ച് വാർഡുതല ഉദ്യോഗസ്ഥർ തങ്ങൾക്ക് നൽകാൻ കഴിയുന്ന പിന്തുണ, ലഭ്യമായ പദ്ധതികൾ എന്നിവ വ്യക്തമാക്കണം.
- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഇതിനെ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിച്ച് റിപ്പോർട്ടായി അതത് വകുപ്പ് ഉദ്യോഗസ്ഥർക്കും ജില്ലാതല കോർഡിനേഷൻ സമിതികൾക്കും നൽകണം.
- ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തേണ്ട ഇടപെലുകൾ ഈ റിപ്പോർട്ടിൽ വ്യക്തമാക്കണം

മേൽ പ്രവർത്തനങ്ങൾ കൃത്യമായും കാര്യക്ഷമമായും നടത്തുന്നതിനായി ചുമതലപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം കില നൽകുന്നതാണ്.-

അനുബന്ധം-3

പരിശീലനങ്ങൾക്കുള്ള മാർഗ നിർദേശവും പ്രവർത്തന കലണ്ടറും

പരിശീലനങ്ങൾ നടത്തുന്നതിന്റെയും മൊഡ്യൂൾ തയ്യാറാക്കുന്നതിന്റെയും ചുമതല 'കില'ക്കായിരിക്കും.

പ്രവർത്തന കലണ്ടർ

ക്രമ നമ്പർ	പ്രവർത്തനം	തീയതി
1	സംസ്ഥാനതല ToT യും മൊഡ്യൂൾ തയ്യാറാക്കലും(KILA)	July 10-12
2	**ജനപ്രതിനിധികൾക്കുള്ള ജില്ലാതല ശില്പശാല** - ഇത് ജനപ്രതിനിധികൾക്കുള്ള ഒരു ബോധവൽക്കരണ പരിപാടി ആയിരിക്കും. തദ്ദേശ ഭരണ സ്ഥാപന മേധാവികൾ ഈ പദ്ധതി ഏറ്റെടുക്കുന്നതിനുവേണ്ടി അവരെ സജ്ജരാക്കുക എന്നതാണ് ഉദ്ദേശം ● പങ്കെടുക്കേണ്ടവർ: -ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, തദ്ദേശസ്ഥാപനതല അധ്യക്ഷർ ജില്ലാ ചാർജുള്ള മന്ത്രിമാർ / ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഇവരെ അഭിസംബോധന ചെയ്യുന്നത് അഭികാമ്യം	July 15-20
3.	അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ജില്ലാ കളക്ടർമാർക്ക് ഓൺലൈൻ ആയി ഓറിയന്റേഷൻ നൽകുക	July 20
4.	കില റിസോഴ്സ് പേഴ്സൺസിനുള്ള പരിശീലനം	July 20 നകം
5	വിവിധ തലങ്ങളിലെ സമിതികളുടെ പുനഃസംഘടിപ്പിച്ചു കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കൽ	July 22
6.	സ്ഥാപനതല സെക്രട്ടറിമാർക്കും നോഡൽ ഓഫീസർമാർക്കുമുള്ള ജില്ലാതല പരിശീലനം	July 25 നകം
7.	തദ്ദേശ സ്ഥാപനതല സമിതി അംഗങ്ങളുടെ പരിശീലനം	Aug 1 - 5
8.	എം ഐ എസിൽ നിന്നും ലഭ്യമാക്കിയ കുടുംബങ്ങളുടെ വിവരണങ്ങളുടെയും കണ്ടെത്തിയ ദാരിദ്ര്യാവസ്ഥയുടെയും പ്രഥമ അവലോകനം.	Aug 7 - 12
9.	മൈക്രോപ്ലാൻ വർക് ഷോപ് — (വാർഡ്തലം/ തദ്ദേശസ്ഥാപനതലം)	Aug 10 - 15

10.	തദ്ദേശ സ്ഥാപനതല മൈക്രോപ്ലാൻ ക്രോഡീകരണം	Aug 20 നകം
11.	ബ്ലോക്ക് തല മൈക്രോപ്ലാൻ ക്രോഡീകരണം (പഞ്ചായത്തുകൾക്ക് മാത്രം ബാധകം)	Aug 25 നകം
12.	ജില്ലാതല ക്രോഡീകരണം	Aug 31 നകം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/316/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 15-09-2022

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകുന്നത് - നിരക്ക് നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ന നടന്ന യോഗത്തിന്റെ തീരുമാനം 3.10

****

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതം ഉപയോഗിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പിലെയും ആസൂത്രണ സമിതിയിലേയും അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകാൻ സൂചന (1), (2) ലുള്ള പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 9.2 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വ്യക്തത കുറവുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിന്മേൽ താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

യാത്രാബത്ത/ സിറ്റിംഗ് ഫീ ആയി ആകെ 300 രൂപ ഓരോ മീറ്റിംഗിനും നൽകാവുന്നതാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നു വേണം ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടത്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
23. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
24. ഡയറക്ടർ ജനറൽ, കില
25. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ ശിപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ലഭ്യമാക്കിയ വികസന ഫണ്ടിന് അനുസൃതമായി 2022-23-ലെ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2578/2022/LSGD തീയതി,തിരുവനന്തപുരം, 22-10-2022

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(സാധാ) നം.1376/2022/ തസ്വഭവ; തീയതി 04.06.2022
5. സ.ഉ.(സാധാ) നം.1602/2022/ തസ്വഭവ; തീയതി 05.07.2022
6. സ.ഉ.(കൈ) നം.146/2022/ തസ്വഭവ; തീയതി 08.07.2022
7. സ.ഉ.(സാധാ) നം.2065/2022/ തസ്വഭവ; തീയതി 23.08.2022
8. സ.ഉ.(സാധാ) നം.2156/2022/ തസ്വഭവ; തീയതി 01.09.2022
9. സ.ഉ.(കൈ) നം.214/2022/ തസ്വഭവ; തീയതി 15.09.2022
10. സ.ഉ.(സാധാ) നം.2244/2022/ തസ്വഭവ; തീയതി 15.09.2022
11. സ.ഉ.(പി) നം.121/2022/ധന; തീയതി 03.10.2022

ഉത്തരവ്

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട് വിഹിതമായി 8048.00 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വികസന ഫണ്ട് വിഹിതത്തിൽ പൊതുവിഭാഗം സാധാരണ വിഹിതം 4087.17 കോടി രൂപയും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1859.00 കോടി രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതം 1341.30 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം 201.55 കോടി രൂപയും പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ആരോഗ്യമേഖലാ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്) 558.98 കോടി രൂപയും ആണ്.

2. വികസനഫണ്ടിന്റെ ഭാഗമായ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (1859.00 കോടി രൂപ) പൂർണ്ണമായും വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ടുകൾ വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സമർപ്പിച്ച രണ്ടാമത്

റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് തീരുമാനം എടുക്കേണ്ടതുള്ളതുകൊണ്ട് 2022-23-ലെ ബജറ്റിന്റെ അനുബന്ധം IV-ൽ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ പൂർണ്ണമായും വിഭജിച്ച് നൽകിയിരുന്നില്ല ബജറ്റിൽ വകയിരുത്തിയ തുകയുടെ മൂന്നിലൊന്ന് തുക മാത്രമാണ് വിഭജിച്ച് നൽകിയത് ഹെൽത്ത് ഗ്രാന്റ് പരാമർശം 8 പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്.

3. വികസന ഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ പൂർണ്ണമായും വിഭജിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മൂന്ന് വിഭാഗം ഫണ്ടുകളുടെയും കാര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി തയ്യാറാക്കണമെന്ന് പരാമർശം 4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2022-23 വാർഷിക പദ്ധതി തയ്യാറാക്കുകയും നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. ഫണ്ടുകൾ വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സമർപ്പിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് സർക്കാർ ഇപ്പോൾ തീരുമാനം എടുത്തതിനെ തുടർന്ന് മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച മൂന്ന് വിഭാഗം ഫണ്ടുകളും (പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി) പൂർണ്ണമായും വിഭജിച്ച് നൽകിക്കൊണ്ട് പരാമർശം 11 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതുണ്ട് ഈ സാഹചര്യത്തിൽ 2022-23 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

5. പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയുടെ കാര്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പരാമർ ശം 1 1 പ്രകാരം അനുവദിച്ചിട്ടുള്ള വിഹിതത്തിന് അനുസൃതമായി പദ്ധതി പരിഷ്കരിക്കേണ്ടതാണ്. പരാമർ ശം 1, 2 എന്നിവ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിലെ മേഖലാതല മാർഗനിർദ്ദേശങ്ങൾക്കും പ്രത്യേക പദ്ധതികൾ/അനിവാര്യ പദ്ധതികൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വേണം പദ്ധതി പരിഷ്കരിക്കേണ്ടത്.

6. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച മൂന്ന് വിഭാഗങ്ങളിൽ ഓരോന്നിലും നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ള തുകയിൽ കൂടുതൽ തുക പരാമർശം 11 പ്രകാരം ലഭിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്, അധികം ലഭ്യമായ തുകയ്ക്കുള്ള പുതിയ പ്രോജക്ടുകൾ ഈ ഉത്തരവ് പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഇപ്പോൾ ഏറ്റെടുക്കാവുന്നതാണ്. പുതിയ പ്രോജക്ടുകൾ എടുക്കുമ്പോൾ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്.

6 . 1 പരാമർ ശം 1, 2 എന്നിവ മുഖേന പുറപ്പെടുവിച്ച പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിലേക്കുള്ള പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അനിവാര്യമായും ഏറ്റെടുക്കേണ്ട പദ്ധതിയാണ്. അഞ്ചു വർഷംകൊണ്ട് ദാരിദ്ര്യം ഇല്ലാതാക്കുന്നതിനാണ്

സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. അതിദരിദ്രർ എന്നു കണ്ടെത്തിയ ഓരോ കുടുംബത്തെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മമായ പദ്ധതികൾ (മൈക്രോ പ്ലാനുകൾ) തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇപ്രകാരം തയ്യാറാക്കുന്ന മൈക്രോപ്ലാനുകളെ അടിസ്ഥാനമാക്കി ആവശ്യാനുസരണം ഏകവർഷവും ബഹുവർഷവും ആയ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതും നിർബന്ധമായും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള മൈക്രോപ്ലാനുകളെ അടിസ്ഥാനമാക്കി മേൽത്തട്ട് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതായി നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഒപ്പം ഗുണഭോക്താക്കൾ താരതമ്യേന കൂടുതലുള്ളതും വിഭവ പരിമിതിയുള്ളതുമായ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകളും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്. വിഹിതം ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകളുമായി മാപ്പിംഗ് നടത്തി മേൽത്തട്ട് പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ഇപ്പോൾ തന്നെ രൂപം നൽകാൻ കഴിയുമെങ്കിൽ ആ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. അതിന് ഇപ്പോൾ കഴിയുകയില്ലെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് വിഹിതം നൽകുന്നതിനായി, മതിയായ തുക വകയിരുത്തിക്കൊണ്ട് ഒരു പ്രോജക്ടിന് ഇപ്പോൾ രൂപം നൽകേണ്ടതും അടുത്ത പദ്ധതി ഭേദഗതി സമയത്ത് ഗ്രാമപഞ്ചായത്തുകളുടെ ബന്ധപ്പെട്ട പ്രോജക്ടുകളുമായി മാപ്പിംഗ് നടത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതുമാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഒരു ഉപപദ്ധതിയായി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫലപ്രദമായ മോണിട്ടറിംഗ് ഉറപ്പാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇത്തരം പ്രോജക്ടുകൾക്ക് രൂപം നൽകുമ്പോൾ അവ നിർബന്ധമായും "അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി" യുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ജില്ലാ ആസൂത്രണസമിതിയും ഇക്കാര്യം പരിശോധിച്ച് ഉറപ്പാക്കണം.

6.2 പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. ഈ ലക്ഷ്യത്തോടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിലന്വേഷകർക്ക് പരിചയപ്പെടുത്തി സമഗ്രമായ തൊഴിലാസൂത്രണം സാധ്യമാക്കുന്നതിനായി തൊഴിൽസഭകൾ വിളിച്ചു ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മികച്ച സംരംഭ സൗഹൃദ അന്തരീക്ഷത്തിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിക്കേണ്ടതാണ്. ഇത്തരം സംരംഭകർക്ക് വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും ഏറ്റെടുക്കേണ്ടതാണ്.

6.3 അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതും തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കേണ്ട പ്രവർത്തനങ്ങളും സംബന്ധിച്ച് പരാമർശം 7, 10 എന്നീ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ ഇപ്പോൾ ഏറ്റെടുക്കേണ്ടതാണ്.

6 . 4 ശുചിത്വ-മാലിന്യ സംസ്കരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ദേശീയതലത്തിൽ തന്നെ ഏറ്റവും ഉയർന്ന മുൻഗണനയാണ് ഖരദ്രവ മാലിന്യ സംസ്കരണ മേഖലയ്ക്ക് നൽകുന്നത്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാലിന്യ ശേഖരണ, സംസ്കരണ പ്രവർത്തനങ്ങളിലെ മുൻ-പിൻ ബന്ധങ്ങളും ഉറപ്പാക്കുന്ന പ്രോജക്ടുകൾ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ദ്രവമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിൽ വരുന്ന വീഴ്ച ദേശീയ ഹരിത ട്രൈബ്യൂണൽ ഗൗരവമായാണ് വീക്ഷിച്ചിട്ടുള്ളത്. ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് നിർബന്ധമായും ഇപ്പോൾ രൂപം നൽകേണ്ടതും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാൻ സാധിക്കുന്ന സാഹചര്യങ്ങളിൽ അത്തരം പ്രോജക്ടുകൾക്ക് പ്രാമുഖ്യം നൽകേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണസമിതി മുൻകൈയെടുക്കണം.

6.5 അധിക തുക ലഭിച്ചിട്ടില്ലാത്തതും താരതമ്യേന വളരെ കുറച്ച് തുക മാത്രം അധികം ലഭിച്ചിട്ടുള്ളതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇതിനകം വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രോജക്ടുകളിൽ ഈ വർഷം നിർവഹണം ആരംഭിക്കാൻ കഴിയാത്തതും അടുത്ത വർഷത്തേയ്ക്ക് മാറ്റാൻ കഴിയുന്നതുമായ പ്രോജക്ടുകൾ ഒഴിവാക്കി വിഹിതം കണ്ടെത്തേണ്ടതും ആ വിഹിതം വകയിരുത്തി മേൽപ്പറഞ്ഞ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

7 . ഖണ്ഡിക 6-ൽ പ്രതിപാദിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുത്തതിനുശേഷം വിഹിതം ബാക്കിയുണ്ടെങ്കിൽ അത് പതിനാലാം പഞ്ചവൽസര പദ്ധതിയിലെ മുൻഗണനകൾക്കും മേഖലാതല മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ് .

8 . മേൽപ്പറഞ്ഞ രീതിയിൽ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനൊപ്പം ഒഴിവാക്കാനാകാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികളും ഈ ഘട്ടത്തിൽ വരുത്താവുന്നതാണ്.

(1) ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.

(2) മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.

(3) കേന്ദ്ര/സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ പുതിയ

പ്രോജക്ടുകൾ ഏറ്റെടുക്കുക (ആവശ്യമുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തുക)

(4) അടിയന്തരമായി ഏറ്റെടുക്കേണ്ട പുതിയ പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക

(5) ജില്ലാ ആസൂത്രണസമിതിയോ വെറ്റിംഗ് ഓഫീസറോ നിർദ്ദേശിച്ചതിന് അനുസൃതമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

(6) കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

(7) ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെ നാഷണൽ ആയുഷ് മിഷൻ അനുവദിച്ചിട്ടുള്ള ഫണ്ട് വകയിരുത്തി ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക (89 ഗ്രാമപഞ്ചായത്തുകളിലും 10 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനുകളിലുമായി 107 ആയുർവേദ/ഹോമിയോ ആശുപത്രികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും പട്ടികയും ഈ തുക ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ആയുഷ് മിഷൻ ഡയറക്ടറുടെ 07.05.2022-ലെ NAM/ADMIN/11.43/2019/SPMSUN നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്).

(8) പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ്/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.)

(9) ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ മിച്ചം തുക ലഭ്യമാണെങ്കിൽ ആ തുക, കൂടുതൽ വിഹിതം ആവശ്യമായ മറ്റ് പ്രോജക്ടുകൾക്ക് ലഭ്യമാക്കുക (സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്).

(10) വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാത്തതോ ആയ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

(11) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എംപിയുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട്

എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പദ്ധതികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

(12) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

(13) പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ക്രമനമ്പർ 9 മുതൽ 12 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുകയോ പരാമർശം 10 പ്രകാരം ലഭ്യമായ അധിക തുകയോ ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

9. ലോക ബാങ്ക് സഹായത്തോടെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും നടപ്പാക്കുന്ന കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (Kerala Solid Waste Management Project) ബേസിക് ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്ന ആദ്യ ഘട്ട പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

10. പരാമർശം 10 പ്രകാരം അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത എ.ബി.സി. സ്പെഷ്യൽ പ്രോജക്ടുകൾ മേഖലാതല മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വിഹിതം കണ്ടെത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

11. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ *ഇ-ഗ്രാംസ്വരാജ്* പോർട്ടലിലും അതേ ഭേദഗതികൾ വരുത്തേണ്ടതാണ്.

12. ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിക്കുന്ന പ്രോജക്ടുകളുടെയും പട്ടിക ഏറ്റവും ആദ്യം കൂടുന്ന ഗ്രാമ/വാർഡ്സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

13. പരിഷ്കരിച്ച വാർഷിക പദ്ധതി **2022 നവംബർ** 7-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

14. പരിസ്ഥിതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന പൊതു ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിപുലവും ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതുമായ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ നിർബന്ധമായും ഈ വർഷത്തെ പദ്ധതിയുടെ ഭാഗമാക്കണം. ഒപ്പം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾ എന്ന നിലയ്ക്ക് ഓരോ ജില്ലയിലും കുറഞ്ഞത് രണ്ട് എഫ്.എസ്.ടി.പി. കളെങ്കിലും (Faecal Sludge Treatment Plant) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുകയും വേണം. വാർഷിക പദ്ധതി പരിഷ്കരിച്ച് സമർപ്പിക്കുന്നതിന് ഖണ്ഡിക 13 പ്രകാരം നിശ്ചയിച്ചിരിക്കുന്ന അവസാന

തീയതിക്കകം ഇത്തരം പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കാൻ കഴിയാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നവംബർ 21 വരെ സമയം അനുവദിക്കുന്നതാണ്. ഇതിനായി സുലേഖ "സോഫ്റ്റ് വെയറിലെ സ്പെഷ്യൽ" പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം ഉപയോഗിക്കാവുന്നതും വെറ്റിങ് ഓഫിസറുടെ അംഗീകാരത്തോടെ പ്രോജക്ടുകളുടെ നിർവഹണം ആരംഭിക്കാവുന്നതുമാണ്. അടുത്ത ഭേദഗതി സമയത്ത് പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

15. കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) ബേസിക് ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്ന രണ്ടാം ഘട്ട പ്രോജക്ടുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിന്നീട് നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
22. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
23. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
24. ഡയറക്ടർ ജനറൽ, കില
25. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
26. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
27. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

28. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്
30. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
31. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
32. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മത്സ്യ മേഖലയിലെ മുനിസിപ്പൽ കോർപ്പറേഷന്റെ പ്രോജക്ട് നിർവ്വഹണ ചുമതല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് പുറമെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് കൂടി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2610/2022/LSGD തീയതി,തിരുവനന്തപുരം, 27-10-2022

പരാമർശം:-
1. സ.ഉ.(സാധാ)നം.159/2021/ത.സ്വ.ഭ.വ; തീയതി 20.01.2021
2. ഫിഷറീസ് ഡയറക്ടറുടെ 04.07.2022 ലെ DFTVM/1219/2020-A4 നമ്പർ കത്ത്
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 29.09.2022 ലെ 1030/എസ്.ആർ.ജി./2022 നമ്പർ റിപ്പോർട്ട്
4. സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിന്റെ 30.09.2022 ലെ എസ്.പി.ബി/27/2022/ഡി.പി.ഡി. നമ്പർ റിപ്പോർട്ട്

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മത്സ്യ മേഖലയിലെ പ്രോജക്ട് നിർവ്വഹണം സുഗമമാക്കുന്നതിന് പദ്ധതി നിർവ്വഹണ ചുമതല പരാമർശിത ഉത്തരവ് പ്രകാരം നിശ്ചയിച്ച നൽകിയിട്ടുണ്ട്. ആയത് പ്രകാരം കോർപ്പറേഷന്റെ മത്സ്യമേഖലയിലെ പദ്ധതി നിർവ്വഹണ ചുമതല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കാണ്. ഫിഷറീസ് വകുപ്പിന്റെ പദ്ധതികളുടെ നിർവ്വഹണം ഉൾപ്പെടെയുള്ള നിരവധി ചുമതലകൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള സാഹചര്യത്തിൽ, കോർപ്പറേഷന്റെ പദ്ധതി നിർവ്വഹണ ചുമതല കൃഷി വകുപ്പിന്റെ മാതൃകയിൽ അതത് പ്രദേശത്തെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകി ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പരാമർശം (3), (4) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോർപറേഷനിലെ മത്സ്യമേഖലയിലെ പ്രൊജക്ട്ട് നിർവ്വഹണ ചുമതലയിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ നിലനിർത്തിക്കൊണ്ട്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് കൂടി മുനിസിപ്പൽ കോർപറേഷനിലെ പദ്ധതി നിർവ്വഹണ ചുമതല നൽകി ഉത്തരവാകുന്നു.

3. പരാമർശിത ഉത്തരവ് മേല്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. നഗരകാര്യ ഡയറക്ടർ
4. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
5. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
6. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
8. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9. ഡയറക്ടർ ജനറൽ, കില
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
12. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
13. മത്സ്യബന്ധനവും തുറമുഖവും വകുപ്പ് (UO(F) no.F& P A2/170/2022)
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/156/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-10-2022

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി നിർവ്വഹണം — അവലോകനം കാര്യക്ഷമമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ന നടന്ന യോഗത്തിന്റെ തീരുമാനം 3.2

****

നടപ്പ് വർഷത്തെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. ഫെബ്രുവരി അവസാനത്തോടെ പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കി മാർച്ച് ആദ്യവാരം തന്നെ ബില്ലുകൾ ട്രഷറിക്കു സമർപ്പിക്കുന്ന രീതിയിലേയ്ക്ക് പ്രോജക്ടുകളുടെ നിർവ്വഹണം ചിട്ടപ്പെടുത്തണം. ഇതിനായി ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യേണ്ടതാണ്. ജില്ലാതല അവലോകനത്തിനു പകരം ബ്ലോക്കു തലത്തിലും മുനിസിപ്പൽ തലത്തിലും അവലോകനം സംഘടിപ്പിക്കണം. ബ്ലോക്കുതല അവലോകനത്തിൽ ബ്ലോക്കു പഞ്ചായത്തിലെയും ബ്ലോക്കു പഞ്ചായത്തു മേഖലയിലെ ഗ്രാമപഞ്ചായത്തുകളിലെയും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരേയും പ്രസിഡന്റുമാരേയും ഉൾപ്പെടുത്തി അവലോകനം ചെയ്യുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി പ്രത്യേക ഇടപെടൽ നടത്തണം. എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകൾ പ്രത്യേകം അവലോകനം ചെയ്യണം.

അവലോകന യോഗങ്ങളിൽ കഴിവതും ജില്ലാകളക്ടർമാർ പങ്കെടുക്കേണ്ടതാണ്. ജില്ലാ കളക്ടർക്ക് പങ്കെടുക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ജില്ലാ കളക്ടറുടെ പ്രിതിനിധി പങ്കെടുക്കേണ്ടതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ എല്ലാ യോഗത്തിലും പങ്കെടുക്കണം. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെ കൂടി ഉൾപ്പെടുത്തി വേണം നഗരസഭകളുടെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യേണ്ടത്.

പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതികാനുമതി എന്നിവയുടെ പൂർത്തിയാക്കൽ നടപടി വളരെ പുറകിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഴുവൻ പ്രോജക്ടുകളുടെ വെറ്റിംഗ് നടപടി ഒക്ടോബർ 31-നകം പൂർത്തിയാക്കേണ്ടതാണ്. സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകൾക്ക് നവംബർ 30-നകം സാങ്കേതികാനുമതി നൽകണം. വെറ്റിംഗ് ഓഫീസർമാരുടെ യോഗം പ്രത്യേകമായി

വിളിച്ച് വെറ്റിംഗ് നടപടി പൂർത്തിയാക്കാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. വെറ്റിംഗിനു അയയ്ക്കുന്ന പ്രോജക്ടുകൾ പരമാവധി 2 ദിവസത്തിനകം പൂർത്തിയാക്കി തിരികെ നൽകണം. സാങ്കേതിക അനുമതി 4 ദിവസത്തിനകവും പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ്, സാങ്കേതിക അനുമതി, ടെണ്ടറിംഗ്, നിർവ്വഹണം ആരംഭിക്കൽ എന്നിവ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനായി പ്രത്യേക ഇടപെടൽ നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ജില്ലാതലത്തിൽ ചുമതലപെടുത്തുന്നു. സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ഇതു പ്രത്യേകമായി അവലോകനം ചെയ്യേണ്ടതാണ്.

വ്യക്തിഗത പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്കും ബ്ലോക്ക് /ജില്ലാ പഞ്ചായത്തിനും കൈമാറുന്ന നടപടിക്രമം പൂർത്തിയാക്കേണ്ട സമയപരിധി അതിക്രമിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതി ഇത് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

ബ്ലോക്ക് /മുനിസിപ്പൽ തല അവലോകനങ്ങളിൽ അതതു പ്രദേശത്തെ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ പങ്കെടുക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി നിർദ്ദേശം നൽകേണ്ടതാണ്. അവലോകന യോഗങ്ങളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ ജില്ലാതലത്തിൽ പരിഹരിക്കേണ്ടവ ജില്ലാ ആസൂത്രണ സമിതി / ജില്ലാ കളക്ടർ ഇടപെട്ടു പരിഹരിക്കണം. സർക്കാർ ഇടപെടേണ്ടവ കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകേണ്ടതാണ്. സർക്കാർ ഇടപെടേണ്ട വിഷയങ്ങൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് ക്രോഡീകരിച്ചു നൽകണം. ബ്ലോക്ക് / മുനിസിപ്പൽ / ജില്ലാതല അവലോകനം ജില്ലാ പ്ലാനിംഗ് ഓഫീസർ ഏകോപിക്കണം. ഇത് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് പ്രത്യേകം അവലോകനം ചെയ്യേണ്ടതുമാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും

14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
17. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.246/2022/LSGD തീയതി,തിരുവനന്തപുരം, 04-11-2022

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022-ലെ യോഗത്തിലെ തീരുമാനം (ഇനം 3.4)

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവഹണം ആരംഭിക്കാൻ കഴിയുംവിധം വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കി അംഗീകാരം നേടുന്നതിന് പര്യാപ്തമാകുന്ന ഒരു സമയക്രമമാണ് പ്രസ്തുത മാർഗരേഖകളിൽ വിഭാവനം ചെയ്തിട്ടുള്ളത്. അതനുസരിച്ച് 2023-24 വർഷത്തെ വികസന പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ 2022 നവംബർ ആദ്യവാരം ആരംഭിക്കുകയും 2023 ജനുവരി പകുതിയോടെ പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2023-24 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ 2022 നവംബർ ആദ്യവാരം തന്നെ ആരംഭിക്കേണ്ടതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പരാമർശം 1 പ്രകാരമുള്ള മാർഗ്ഗരേഖയും നഗരഭരണ സ്ഥാപനങ്ങൾ പരാമർശം 2 പ്രകാരമുള്ള മാർഗ്ഗരേഖയും അവലംബിച്ചു വേണം അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കേണ്ടത്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്. പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ

എന്നിവയ്ക്ക് അനുസൃതമായി പ്രാദേശിക തലത്തിൽ പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപം നൽകേണ്ടത്. ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകൾ കണക്കിലെടുക്കുകയും വേണം.

3. വാർഷിക പദ്ധതിയിൽ, മുൻനിര പരിപാടികളായ അതിദാരിദ്ര്യ നിർമ്മാർജ്ജനം, ലൈഫ്, ഖര-ദ്രവ മാലിന്യ പരിപാലന പ്രോജക്ടുകൾ, പ്രാദേശിക സാമ്പത്തിക വികസന പ്രോജക്ടുകൾ, ദുരന്തനിവാരണ പ്രോജക്ടുകൾ, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ എന്നിവയ്ക്ക് ഉയർന്ന പരിഗണന നൽകണം. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും വേണം. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും ഏറ്റെടുക്കേണ്ടതാണ്.

4. അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും, കുടുംബശ്രീയുടെ നേതൃത്വത്തിൽ, തയ്യാറാക്കുന്നുണ്ട്. 2023-24ലേയ്ക്കുള്ള ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ഇങ്ങനെ രൂപപ്പെടുന്ന ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമസഭകളിലും വികസന സെമിനാറിലും ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം.

5. വികസന ഫണ്ടിലെയും മെയിന്റനൻസ് ഫണ്ടിലെയും വിവിധ വിഭാഗങ്ങളിൽ 2022-23-ൽ അനുവദിച്ച തുക എത്രയാണോ അതായിരിക്കും 2023-24ലെ വിഹിതം എന്ന് പ്രാഥമികമായി കണക്കാക്കിക്കൊണ്ട് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. അടുത്ത വർഷത്തെ സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നതോടുകൂടി യഥാർത്ഥ വിഹിതം എത്രയെന്ന് അറിയാൻ കഴിയും. ഇപ്രകാരം ലഭ്യമാകുന്ന യഥാർത്ഥ വിഹിതത്തിന് അനുസൃതമായി പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

6. പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ദ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ദ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കുന്നതിന് ശ്രമിക്കണം.

7. ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിച്ചു കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയ അവസ്ഥാരേഖകൾ

(Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് ഇനി പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ് - 1. നിലവിലുള്ള അവസ്ഥ 2. വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം 3. 2023-24ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും 4. സംയോജന സാധ്യതകൾ. തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം വിവിധ മേഖലകളിൽ ഉറപ്പാക്കേണ്ടതാണ്. ഉദാഹരണം ഖര-ദ്രവ മാലിന്യ സംസ്കരണം, ദുരന്തനിവാരണത്തിനും ജലസംഭരണത്തിനുമുതകും വിധം പ്രകൃതി വിഭവ പരിപാലനം, ജീവനോപാധികൾ, മാർക്കറ്റ് വികസനം തുടങ്ങിയ മേഖലകളിൽ LSGയുടെ വികസന സാധ്യതകൾ ഉറപ്പിക്കുന്നതിനായി ലേബർ ബഡ്ജറ്റുമായുള്ള സംയോജനം ഉണ്ടാകേണ്ടതുണ്ട്. ഇത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8. അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ ആദ്യ വർഷം (2022-23 ൽ) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2023-24ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവചിക്കുകയാണ് വേണ്ടത്. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. (പ്രശ്ന വിശകലനത്തിന് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3-ഉം വികസനലക്ഷ്യങ്ങൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം എ-യും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്).

9. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനൊപ്പം കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിലും തയ്യാറാക്കി അപ് ലോഡ് ചെയ്യേണ്ടതാണ്. അതോടൊപ്പം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ജി.പി.ഡി.പി. പോർട്ടലിൽ യഥാസമയം തന്നെ രേഖപ്പെടുത്തുകയും വേണം.

10. 2023-24 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ 2023 ജനുവരിയിൽ തന്നെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുണ്ട്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമയക്രമമാണ് വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

ക്രമ			പൂർത്തിയാക്കേണ്ട

നം.	പ്രവർത്തനം		അവസാന തീയതി
1	ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ	:	2022 നവംബർ 10
2	അവസ്ഥാരേഖ പരിഷ്കരിക്കൽ	:	2022 നവംബർ 18
3	ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് തൊഴിലുറപ്പ് പദ്ധതി സംയോജനം ഉറപ്പാക്കി ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ	:	2022 നവംബർ 18
4	നഗര സഞ്ചയ പ്രദേശത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയെയും ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ജില്ലാ തല കർമ്മ പദ്ധതിയെയും അടിസ്ഥാനമാക്കി ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ നൽകൽ	:	2022 നവംബർ 18
5	സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം	:	2022 നവംബർ 22
6	കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ	:	2022 നവംബർ 25
7	ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം	:	2022 നവംബർ 28
8	സംയുക്ത പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം	:	2022 നവംബർ 30
9	ഗ്രാമസഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ	:	2022 ഡിസംബർ 3
10	ഗ്രാമസഭാ യോഗങ്ങൾ	:	2022 ഡിസംബർ 5-17
11	ഗ്രാമ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2022 ഡിസംബർ 19
12	ഗ്രാമ പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2022 ഡിസംബർ 21
13	ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ	:	2022 ഡിസംബർ 31
14	ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ	:	2023 ജനുവരി 5
15	ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം	:	2023 ജനുവരി 7
16	ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം	:	2023 ജനുവരി 16
17	ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	2023 ജനുവരി 21
18	കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ	:	2023 ജനുവരി 25
	ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ		
19	ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ	:	2023 ജനുവരി 1

20	തയ്യാറാക്കൽ ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2023 ജനുവരി 3
21	ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2023 ജനുവരി 4
22	ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2023 ജനുവരി 6
23	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ	:	2023 ജനുവരി 9
24	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ	:	2023 ജനുവരി 15
25	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം	:	2023 ജനുവരി 17
26	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം	:	2023 ജനുവരി 23
27	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	2023 ജനുവരി 25
28	കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ	:	2023 ജനുവരി 28
29	ഗ്രാമ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ	:	2023 മാർച്ച് 7

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
22. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
23. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
24. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
25. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
26. ഡയറക്ടർ ജനറൽ, കില
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
30. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
31. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 05-11-2022 14:44:51
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശ സ്വയംഭരണ -എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

ഫോറം എ

പതിനാലാം പഞ്ചവൽസര പദ്ധതി

2023-24 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്..... വർക്കിംഗ് ഗ്രൂപ്പിന്റെ പേര്.....

ക്രമ നമ്പർ	മേഖല/ ഉപമേഖല	പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്)	സൂചിക	ഇപ്പോഴത്തെ അവസ്ഥ	2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്)	2022-23 ൽ പ്രതീക്ഷിക്കുന്ന നേട്ടം	2023-24 ലെ ലക്ഷ്യം	ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
								1. 2. etc

സ്ഥലം :

തീയതി :

ഒപ്പ്:

പേര്:

കൺവീനർ

----------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.

പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്

സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)

ഇപ്പോഴത്തെ അവസ്ഥ : 10 ഹെക്ടർ

പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി - പ്രത്യേക വിഹിതം ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.3062/2022/LSGD തീയതി,തിരുവനന്തപുരം, 09-12-2022

പരാമർശം:-
1. സ.ഉ.(സാധാ)നം. 2578/2022/തസ്വഭവ; തീയതി 22.10.2022
2. സ.ഉ.(സാധാ)നം. 7733/2022/ധന; തീയതി 16.11.2022
3. സ.ഉ.(സാധാ)നം. 7743/2022/ധന; തീയതി 16.11.2022
4. സ.ഉ.(സാധാ)നം. 2894/2022/തസ്വഭവ; തീയതി 22.11.2022
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 21.11.2022-ലെ യോഗ തീരുമാനം (ഇനം 3.1)

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതിയിൽ അനിവാര്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. എന്നാൽ ഇതിനുശേഷം ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതിയുടെ ഭാഗമായും അല്ലാതെയും പ്രത്യേക വിഹിതം ലഭ്യമായിട്ടുണ്ട്.

2. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കും ഘ്രചീകരണ പ്രവർത്തനങ്ങൾക്കും പരാമർശം 4 പ്രകാരം പ്രത്യേക ഗ്രാന്റ് ലഭിച്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ 38 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതുപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കേണ്ടതുണ്ട്. പി.എം.എ.വൈ ഉൾപ്പെടെ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം ഇപ്പോൾ ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ചതുപോലെ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ ഭാഗമായോ അല്ലാതെയോ ഏതെങ്കിലും ഇനത്തിൽ പുതുതായി വിഹിതം ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2022-23 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

3. കേരളത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള പാലക്കാട് ജില്ലയിലെ ജലസേചന കനാലുകളിലെ ശോച്യാവസ്ഥ കാരണം പാടശേഖരങ്ങളിൽ ജലമെത്തിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. ഈ പ്രത്യേക സാഹചര്യം പരിഗണിച്ച്, നെൽകൃഷി സംരക്ഷിക്കുന്നതിന്റെ കൂടി ഭാഗമായി, ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ജലസേചന കനാലുകളിലൂടെയുള്ള ജലനിർഗമനം സുഗമമാക്കുന്നതിന് അനിവാര്യമായ പ്രോജക്ടുകൾ

വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നതിന് പരാമർശം 5 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് പാലക്കാട് ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പാലക്കാട് ജില്ലാപഞ്ചായത്തിനും അനുവാദം നൽകിക്കൊണ്ടും സർക്കാർ ഉത്തരവാകുന്നു. ജലസേചന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ആ വകുപ്പിന്റെ നേതൃത്വത്തിൽ നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കി വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഏതൊക്കെ പ്രവൃത്തികളാണ് എടുക്കുന്നതെന്ന് മുൻകൂട്ടി ധാരണയാകണം. സംയുക്തമായി നടപ്പാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയുംവിധം ജലസേചന വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും പൊതുവായ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ ആസൂത്രണസമിതി സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് പൊതു വിഭാഗം-സാധാരണ വിഹിതം, തനത്ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്.

4. ഈ ഉത്തരവ് പ്രകാരം ഭേദഗതി അനിവാര്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് മുഖേന ആവശ്യപ്പെടുന്നതനുസരിച്ച് പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്ത് കൊടുക്കുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

5. ഈ ഉത്തരവ് പ്രകാരമുള്ള ഭേദഗതി സംബന്ധമായ എല്ലാ നടപടികളും പൂർത്തിയാക്കി പരിഷ്കരിച്ച വാർഷിക പദ്ധതി 2022 ഡിസംബർ 22-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
22. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
23. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
24. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
25. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
26. ഡയറക്ടർ ജനറൽ, കില
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
29. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
30. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
31. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
32. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
33. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
34. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.468/2023/LSGD തീയതി,തിരുവനന്തപുരം, 23-02-2023

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(സാധാ)നം.2839/2022/ധന; തീയതി 08.04.2022
5. സ.ഉ.(സാധാ)നം.2862/2022/ധന; തീയതി 08.04.2022
6. സ.ഉ.(സാധാ)നം. 6267/2022 /ധന; തീയതി 05.09.2022
7. സ.ഉ.(സാധാ)നം. 2578/2022 /തസ്വഭവ; തീയതി 22.10.2022
8. സ.ഉ.(സാധാ)നം. 6872/2022 /ധന; തീയതി 12.11.2022
9. സ.ഉ.(സാധാ)നം.8253/2022/ധന; തീയതി 05.12.2022
10. സ.ഉ.(സാധാ)നം.1049/2023/ധന; തീയതി 13.02.2023

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികൾ പദ്ധതിയിൽ വരുത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

i. ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.
ii. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.
iii. കേന്ദ്ര/സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക (ആവശ്യമുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തുക)
iv. അടിയന്തിരമായി ഏറ്റെടുക്കേണ്ട പുതിയ പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക
v. ജില്ലാ ആസൂത്രണസമിതിയോ വെറ്റിംഗ് ഓഫീസറോ നിർദ്ദേശിച്ചതിന് അനുസൃതമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

vi. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

vii. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെ നാഷണൽ ആയുഷ് മിഷൻ അനുവദിച്ചിട്ടുള്ള ഫണ്ട് വകയിരുത്തി ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക (240 ആയുർവേദ/ഹോമിയോ ആശുപത്രികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും പട്ടികയും ഈ തുക ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ആയുഷ് മിഷൻ ഡയറക്ടറുടെ 07.05.2022-ലെ NAM/ADMIN/1143/2019/SPMSU, 26.11.2022-ലെ NAM/ADMIN/1143/2019/SPMSU) എന്നീ നമ്പരുകളിലുള്ള ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്).

viii. പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ്/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.)

ix. ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ മിച്ചം തുക ലഭ്യമാണെങ്കിൽ ആ തുക, കൂടുതൽ വിഹിതം ആവശ്യമായ മറ്റ് പ്രോജക്ടുകൾക്ക് ലഭ്യമാക്കുക (സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്).

x. വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ നിർവ്വഹണം തുടങ്ങാൻ കഴിയാത്തതോ ആയ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

xi. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പദ്ധതികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

xii. ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

2. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ക്രമനമ്പർ 9 മുതൽ 12 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

3. പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളുടെ 5.1(11), 6.8(12) എന്നീ ഖണ്ഡികകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും മെയിന്റനൻസ് ഫണ്ടിൽ നിന്നും അടിയന്തിര പ്രോജക്ടുകൾക്കായി പ്രത്യേകം മാറ്റി വച്ച തുകയിൽ നിന്നും ഇതുവരെ ഉപയോഗിക്കാൻ കഴിയാത്ത തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ഈ ഭേദഗതിക്കൊപ്പം നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

4. പരാമർശം 4, 5, 6, 8, 9, 10 എന്നീ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള ക്രമീകരണം (ജി.ഒ. പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ സൗകര്യം ഉപയോഗിച്ച് വാർഷിക പദ്ധതിയിൽ അതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് തുക നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന് പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഉപേക്ഷിക്കേണ്ടതും സ്രോതസ്സിൽ കുറവ് ചെയ്ത തുകയ്ക്ക് അനുസൃതമായി പുതിയ പ്രോജക്ട് (ജി.ഒ. പ്രോജക്ട്) ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തേണ്ടതുമാണ്.

5. പരിഷ്കരിച്ച വാർഷിക പദ്ധതി **2023 മാർച്ച് 4**-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

6. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും അതേ ഭേദഗതികൾ വരുത്തേണ്ടതാണ്.

7. ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിക്കുന്ന പ്രോജക്ടുകളുടെയും പട്ടിക ഏറ്റവും ആദ്യം കൂടുന്ന ഗ്രാമ/വാർഡ്സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

LSG GUIDE

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/77/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-02-2023

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.10

****

വിഷയ മേഖലയെ അടിസ്ഥാനമാക്കിയാണ് പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ നിശ്ചയിക്കുന്നത്. വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി ചുവടെ പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(എ) ഭരണ നിർവഹണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	നിലവിലുള്ള വെറ്റിംഗ് ഓഫീസർ	പുതുതായി ചുമതലപ്പെടുത്തുന്ന വെറ്റിംഗ് ഓഫീസർ
1	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്	തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർമാർ (ബ്ലോക്ക് അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ചുമതല വിഭജിച്ചു നൽകണം)
2	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്	എ.ഡി.സി (ജനറൽ)	തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ
3	സെക്രട്ടറി, മുനിസിപ്പാലിറ്റി	നഗരകാര്യ ജോയിന്റ് ഡയറക്ടർ	തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ
4	സെക്രട്ടറി, ജില്ലാ	പഞ്ചായത്ത് ഡയറക്ടർ	തദ്ദേശസ്വയംഭരണ വകുപ്പ്

	പഞ്ചായത്ത്		പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (DPL)
5	സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ	നഗരകാര്യ ഡയറക്ടർ	തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (C&SS)

(ബി) പ്രോജക്ട് ഡയറക്ടർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാപഞ്ചായത്ത്) നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ പ്രോജക്ടുകളുടെ വെറ്റിംഗ് ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർക്ക് (C&SS) ആയിരിക്കും.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന കമ്മീഷണർ
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
11. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
12. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
13. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങൾ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.602/2023/LSGD തീയതി,തിരുവനന്തപുരം, 13-03-2023

പരാമർശം:- 1. സ.ഉ(കൈ)നം. 79/2021/ധന; തീയതി 15.07.2021
2. സ.ഉ.(കൈ)നം.246/2022/തസ്വഭവ; തീയതി 04.11.2022
3. സ.ഉ.(സാധാ)നം.128/2023/തസ്വഭവ;തീയതി 16.01.2023

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം പുറപ്പെടുവിക്കുകയും അതിനുള്ള സമയക്രമം പരാമർശം 3 പ്രകാരം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണകമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും 2023-24 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണകമ്മിറ്റിയുടെ അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ പ്രതിപാദിക്കും വിധം പരിഷ്കരിച്ച് ഉത്തരവാകുന്നു.

ക്രമ നം	പ്രവർത്തനം	അവസാന തീയതി
1	എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കൽ	2023 മാർച്ച് 23
2	വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം	2023 മാർച്ച് 27
3	പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ അപ് ലോഡ് ചെയ്യൽ (ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ)	2023 മാർച്ച് 29

2. നടപ്പ് വാർഷിക പദ്ധതിയുടെ (2022-23) ഭാഗമായി നിർവഹണം നടത്തി വരുന്ന പ്രോജക്ടുകളുടെ യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം നിർവഹണം പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾക്ക് പരാമർശം 1 പ്രകാരം അനുവദനീയമായ ക്യാരി ഓവർ വിഹിതത്തേക്കാൾ

കൂടുതൽ തുക വേണ്ടി വരുമെന്ന് മുൻകൂട്ടി കണക്കാക്കാൻ കഴിയുമെങ്കിൽ, 2023-24-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന ഈ സമയത്ത് തന്നെ ഒരു നിശ്ചിത സംഖ്യ, പരമാവധി 20 ശതമാനം വരെ, സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി 2023-24-ലെ വിഹിതത്തിൽനിന്നും മാറ്റി വയ്ക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള വികസന ഫണ്ട് വിഹിതത്തിലെയും മെയിന്റനൻസ് ഫണ്ട് വിഹിതത്തിലെയും ഓരോ വിഭാഗത്തിലും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും ഇപ്രകാരം നിശ്ചിത സംഖ്യ പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത സംഖ്യ സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾ തന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ ചെലവഴിക്കാൻ കഴിയാത്ത തുക പൂർണമായും ക്യാരി ഓവർ ചെയ്യാൻ കഴിയും എന്നതിനാൽ 2023-24 ലെ വിഹിതത്തിൽ നിന്നും സ്പിൽ പ്രോജക്ടുകൾക്ക് വേണ്ടി പ്രത്യേകം തുക മാറ്റി വെയ്ക്കേണ്ടതില്ല .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻകേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണ പരിപാടി - ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതലകൾ പുനഃനിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.954/2023/LSGD തീയതി,തിരുവനന്തപുരം, 02-05-2023

പരാമർശം:-
1. 12.12.2017ലെ ഡിഎ1/832/2017-തസ്വഭവ നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.1563/2021/ത.സ്വ.ഭ.വ; തീയതി 13.08.2021
3. സ.ഉ.(സാധാ) നം.506/2023/ത.സ്വ.ഭ.വ; തീയതി 27.02.2023
4. കില ഡയറക്ടർ ജനറലിന്റെ 27.09.2022 ലെ 2021/101/3344/HQ നമ്പർ റിപ്പോർട്ട്
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 10.04.2023ലെ 455/SRG/2021 നമ്പർ റിപ്പോർട്ട്

ഉത്തരവ്

ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിന് ജില്ലകളിൽ ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിച്ചുവരുന്നുണ്ട്. പരാമർശം (2), (3) ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയവരാണ് നിലവിൽ സംസ്ഥാനത്ത് ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാരായി പ്രവർത്തിച്ചു വരുന്നത്.

2. ജനകീയാസൂത്രണ പരിപാടിയുടെ ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതലകൾ പരാമർശിത സർക്കുലർ പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്. ടി കാലയളവിൽ നിന്നും വിഭിന്നമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിലവിൽ ഏറ്റെടുത്തുവരുന്ന നൂതന പദ്ധതികൾക്കനുസൃതമായി ജനകീയാസൂത്രണ പരിപാടിയുടെ ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതലകൾ ചുവടെ പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

- സർക്കാരും, തദ്ദേശ സ്വയംഭരണ വകുപ്പും, കിലയും, ജില്ലാ ആസൂത്രണ സമിതിയും, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും, നവകേരള കർമ്മ പദ്ധതി II-ൽ പ്പെട്ട വിവിധ മിഷനുകളും ജില്ലാ അടിസ്ഥാനത്തിൽ വിഭാവനം ചെയ്യുന്ന പരിശീലന പരിപാടികളും പ്രവർത്തനങ്ങളും നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ഏകോപിപ്പിക്കുകയും കാര്യക്ഷമമായി സംഘടിപ്പിക്കുകയും ചെയ്യുക.
- വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ സമിതിയും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുക.
- വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിയോഗിച്ചിട്ടുള്ള റിസോഴ്സ് പേഴ്സൺമാരെ ഏകോപിപ്പിക്കുകയും

ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

- കില സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തുകയും പരിശീലനം ലഭ്യമാക്കുകയും ആവശ്യമായ പിന്തുണാസംവിധാനം ഏർപ്പാടാക്കുകയും പരിശീലന പരിപാടികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക.
- ജില്ല/പ്രാദേശിക പരിശീലന പരിപാടികൾക്ക് വേണ്ടി കിലയിൽ നിന്നും ലഭ്യമാക്കുന്ന പഠനസാമഗ്രികളും സ്റ്റേഷനറിയും ഭദ്രമായി സൂക്ഷിക്കുകയും യഥാസമയം വിതരണം ചെയ്യുകയും അവയുടെ വ്യക്തമായ കണക്കുകൾ തയാറാക്കി സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്നും, പരിശീലന പരിപാടികളുടെ ഹാജർ യഥാസമയം KILA-TPMS ൽ രേഖപ്പെടുത്തുന്നുവെന്നും, പരിശീലന പരിപാടികളുടെ ചെലവ് സ്റ്റേറ്റ്മെന്റുകളും മറ്റ് അനുബന്ധരേഖകളും പരിശീലനം കഴിഞ്ഞ് 15 ദിവസത്തിനകം കിലയിൽ ലഭിക്കുന്നു എന്നും ഉറപ്പ് വരുത്തുക.
- ജില്ലാ പ്രാദേശിക പരിശീലന പരിപാടികളിൽ പരിശീലകരായി പങ്കെടുക്കുന്നവർക്കുള്ള യാത്രാപ്പടിയും ഹോണറേറിയവും യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക.
- സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള റിസോഴ്സ് പേഴ്സൺമാരുടെ ഏകോപനം നടത്തുകയും ജില്ലാ ആസൂത്രണ സമിതി തലത്തിൽ അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ പിന്തുണാസംവിധാനം ഉറപ്പാക്കുകയും ചെയ്യുക.
- ജില്ലയിലെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ കാലാകാലങ്ങളിൽ ശേഖരിച്ച് കിലയ്ക്കും എസ്.ആർ.ജി.ക്കും ലഭ്യമാക്കുക.
- 24.09.2019 ലെ സ.ഉ.(അച്ചടി) നം.26/2019/പ്ലാനിംഗ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജനകീയാസൂത്രണ ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനവുമായി സഹകരിക്കുക.
- നൂതന പ്രൊജക്ടുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കുക.
- നൂതനവും അനുകരണീയവുമായ മികച്ച പ്രോജക്ടുകൾ എസ്.ആർ.ജി യുടെയും കിലയുടെയും ശ്രദ്ധയിൽ കൊണ്ട്വരിക.
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണവുമായി ബന്ധപ്പെട്ട ഡാഷ്ബോർഡിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ചെയ്യുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കുക.
- ആസൂത്രണ മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾക്കും സവിശേഷ വികസന ലക്ഷ്യങ്ങൾക്കും പൊതുമുൻഗണനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ആവശ്യമായ ഉപദേശവും സഹായസഹകരണങ്ങളും പിന്തുണയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകുക.
- വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ യഥാസമയം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെയും കിലയുടെയും തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെയും ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ശ്രദ്ധയിൽ കൊണ്ടുവരിക.
- ജില്ലയിലെ വിവിധ അക്കാദമിക് സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രാദേശിക സാമ്പത്തിക വികസനം,

നൈപുണി പരിശീലനം, തൊഴിൽസഭ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

- ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുൻപായി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകുക. ഒരു പകർപ്പ് എസ്.ആർ.ജി. കൺവീനർക്കും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
11. ഗ്രാമവികസന കമ്മീഷണർ
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ചീഫ് ടൗൺ പ്ലാനർ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാ കളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.989/2023/LSGD തീയതി,തിരുവനന്തപുരം, 06-05-2023

പരാമർശം:-
1. സ.ഉ.(കൈ)നം.202/2020/തസ്വഭവ തീയതി 25.12.2020
2. സ.ഉ.(കൈ)നം.79/2021/ധന; തീയതി 15.07.2021
3. സ.ഉ.(കൈ)നം.169/2021/തസ്വഭവ; തീയതി 06.08.2021
4. സ.ഉ.(കൈ)നം.228/2021/തസ്വഭവ; തീയതി 07.10.2021
5. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
6. സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022
7. സ.ഉ.(കൈ)നം.115/2022/തസ്വഭവ; തീയതി 28.05.2022
8. സ.ഉ.(സാധാ)നം.4228/2022/ധന; തീയതി 07.06.2022
9. സ.ഉ.(സാധാ)നം.4585/2022/ധന; തീയതി 23.06.2022
10. സ.ഉ.(കൈ)നം.246/2022/തസ്വഭവ; തീയതി 04.11.2022
11. സ.ഉ.(കൈ)നം.03/2023/തസ്വഭവ; തീയതി 04.01.2023
12. സ.ഉ.(സാധാ)നം.415/2023/SCSTDD; തീയതി 30.03.2023
13. സ.ഉ.(കൈ)നം.90/2023/തസ്വഭവ; തീയതി 09.04.2023

ഉത്തരവ്

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവ്വഹണ നടപടികൾ ആരംഭിക്കാൻ കഴിയുംവിധം തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കി ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം വാങ്ങണമെന്നും തുടർന്ന് സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കണമെന്നും പരാമർശം 5, 6 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിലെ വാർഷിക പദ്ധതി ആസൂത്രണ മാർഗരേഖകളിൽ വിഭാവനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് 2023-2 4 വാർഷിക പദ്ധതി മുൻകൂട്ടി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 10 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കിയ 2023-24 വാർഷിക പദ്ധതി, സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. 2023-24 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം നേടിയ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും, 2023-24ലെ സ്പിൽഓവർ പ്രോജക്ടുകളും മുൻവർഷങ്ങളിൽ നിർവ്വഹണം ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2023-24ലെ പ്രോജക്ട് ഘടകവും കൂടി ഉൾപ്പെടുത്തി 2023-24 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചയിക്കുന്നതിനും അവ തുടർന്ന് നടപ്പാക്കുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 5, 6 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖകളിലെ ഖണ്ഡിക 11-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയിക്കുന്ന സ്പിൽഓവർ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

3 . വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, ലഭ്യമാകാവുന്ന ക്യാരിഓവർ തുകയെ സംബന്ധിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുകയും അതിനനുസൃതമായി വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വികസനഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ ഉപപദ്ധതി വിഹിതം എന്നിവയുടെ കാര്യത്തിലും മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിലും പരാമർശം 2 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 2 0 ശതമാനം വരെ) ഉൾപ്പെടുത്താവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ 31.03.2023 ലെ നീക്കിയിരിപ്പ് തുക പൂർണ്ണമായും ക്യാരിഓവർ ആയി ഉൾപ്പെടുത്താവുന്നതാണ്. 2020-21 ൽ അനുവദിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്നതും പരാമർശം 8,9 എന്നിവ പ്രകാരം 2022-23ൽ ട്രഷറി മുഖേന അനുവദിച്ചതുമായ തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക 2023-24 ലെ ക്യാരിഓവർ ആയി ഉൾപ്പെടുത്താവുന്നതാണെന്ന് വ്യക്തമാക്കുന്നു. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതങ്ങളിൽ പരാമർശം 2 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ (80 ശതമാനം) കുറഞ്ഞതുക 2022-23ൽ വിനിയോഗിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2023-24ലെ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തേണ്ടതാണ്. മേൽപറഞ്ഞ പ്രകാരം വാർഷിക പദ്ധതിയുടെ അടങ്കൽ തുക ക്രമപ്പെടുത്തേണ്ടതിനാൽ അതിനായി പുതിയ പ്രോജക്ടുകൾ ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

4 . മുൻനിര പരിപാടികളായ അതിദാരിദ്ര്യ നിർമ്മാർജനം, ലൈഫ്, ഖര-ദ്രവ മാലിന്യ പരിപാലന പ്രോജക്ടുകൾ, പ്രാദേശിക സാമ്പത്തിക വികസന പ്രോജക്ടുകൾ, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവ് നായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടില്ലെങ്കിൽ വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ കൂടുതൽ തുക വകയിരുത്തേണ്ടതാണ്.

5. **'മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ' പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ:**

i. മാലിന്യ സംസ്കരണ മേഖലയിൽ 100% നേട്ടം കൈവരിക്കുന്നതിനായി **മാലിന്യമുക്തം**

നവകേരളം എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഗാർഹിക/സ്ഥാപന തല മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും അവസ്ഥയും കുറവും ക്യാമ്പയിനിലൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഇതിലൂടെ കണ്ടെത്തുന്ന കുറവുകൾ പരിഹരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പൊതുമാലിന്യ സംസ്കരണ ശേഖരണ സംവിധാനങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രോജക്ടുകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള പ്രോജക്ടുകൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള അനിവാര്യ പ്രോജക്ടുകളായി പരിഗണിച്ച് നിർബന്ധമായും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റിയും വെറ്റിംഗ് ഓഫിസർമാരും വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് അംഗീകാര നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

ii. അതെവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടായിരിക്കേണ്ട MCF, MiniMCF, RRF സംവിധാനങ്ങൾ ആവശ്യത്തിന് ഇനിയും നിർമ്മിച്ചിട്ടില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

iii. നിലവിലുള്ള MCF/RRFകളുടെ അറ്റകുറ്റപ്പണി, MCF/RRF കളിലേക്ക് വാഹനങ്ങൾ കടന്നുവരുന്നതിനുള്ള യാത്രാ സൗകര്യം ഉണ്ടാക്കൽ, ആധുനികവൽക്കരണം എന്നിവയ്ക്കുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പാഴ് വസ്തുക്കൾ അനായാസം തരം തിരിക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ, തരം തിരിച്ച പാഴ് വസ്തുക്കൾക്ക് സുരക്ഷിതമായ സംഭരണ സംവിധാനം, അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ, വിശ്രമമുറി, ശുചിത്വ സംവിധാനം, വാഹനം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾക്കും MCFകൾക്ക് വെയിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പ്രോജക്ടിനും മുൻഗണന നൽകി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഹരിത കർമ്മ സേന അംഗങ്ങളുടെ യൂണിഫോമുകൾ, PPE kit തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

iv. 2013-ലെ Prohibition of Employment as Manual Scavengers and their Rehabilitation Act പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഡ്രെയിനേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിങ്, desludging തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (protective gears) ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇത്തരം protective gears വാങ്ങുക, ദ്രവമാലിന്യ ശുചീകരണ പ്രവർത്തനം "no touch" ആകാൻ ഉതകുന്ന machineകൾ വാങ്ങുക എന്നിവയ്ക്കുള്ള പ്രോജക്ടുകളും നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവയുടെ പട്ടിക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്

v. ഹരിത മിത്രം ആപ്പ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിനായി സർക്കാർ നിശ്ചയിച്ച് നിർദ്ദേശിച്ചിട്ടുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തി ഈ സാമ്പത്തിക വർഷം തന്നെ ഹരിത മിത്രം ആപ്പ്

പ്രയോഗത്തിൽ കൊണ്ട് വരേണ്ടതാണ്.

vi. യുസർഫീയിൽ ഇളവ് നൽകുന്ന വീടുകൾക്കുള്ള (അതി ദരിദ്രർ/ആശ്രയ) യൂസർഫീ, പൊതു ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള (O&M) തുക, എന്നിവക്കും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

vii. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സംയുക്ത പ്രോജക്ടുകളും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒറ്റക്കുള്ള പ്രോജക്ടുകളും നടപ്പാക്കേണ്ടതാണ്.

viii. ഗ്രാമ പഞ്ചായത്ത്/ നഗരസഭകളെ സമ്പൂർണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ഛ് ഭാരത് മിഷൻ ധനസഹായങ്ങൾ, പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് നഗര സഞ്ചയ ഗ്രാന്റ് (UA Grant), കെ.എസ്.ഡബ്ളിയു.എം.പി, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളും ഗ്രാന്റുകളും സംയോജിപ്പിച്ച് പ്രോജക്ടുകൾക്കു രൂപം നൽകണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റിവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഒ.ഡി.എഫ് പ്ലസ് പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

ix. പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ / ഡമ്പ് സൈറ്റുകൾ വൃത്തിയാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ്.

x. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്ഥാപന തല ക്യാമ്പയിനു വേണ്ടി പൗര വിദ്യാഭ്യാസം, ക്യാമ്പയിൻ സംഘാടനം, പ്രചാരണം, ജനകീയ ഓഡിറ്റ്, ഹരിത സഭ, മാലിന്യ പരിപാലന പാഠശാലകൾ, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചെലവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 2 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.

xi. അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

6 . പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസര സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. സ്വയംതൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആവിഷ്കരിച്ചിട്ടുണ്ടെന്നും ഇതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കണം. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടുവാൻ പ്രാപ്തരാക്കുന്ന നൈപുണ്യ പരിശീലന

പരിപാടികൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഇപ്രകാരം ഒരു വിലയിരുത്തൽ നടത്തുന്നതിനും ആവശ്യമെങ്കിൽ കൂടുതൽ വിഹിതം ഇതിനായി നീക്കിവെയ്ക്കുന്നതിനും ഈ ഘട്ടത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേക ശ്രദ്ധ നൽകണം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 'ഫിലമെന്റ് രഹിത കേരളം (Filament Free Kerala)' പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെയുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും ഈ രംഗത്ത് വേണ്ടത്ര മുന്നേറാനായിട്ടില്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുകയും ഇതിനുള്ള പ്രോജക്ടുകൾ നിർ ബന്ധമായും 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1, 3, 4 എന്നീ ഉത്തരവുകൾ പ്രകാരം ആവിഷ്കരിച്ചിട്ടുള്ള 'നിലാവ്' പ്രോജക്ടിന്റെ ഭാഗമാകുകയോ സ്വന്തമായി മറ്റ് പ്രോജക്ടുകൾ ആവിഷ്കരിക്കുകയോ ചെയ്യാവുന്നതാണ്. നിലാവ് പ്രോജക്ടിന്റെ ഭാഗമാകുന്ന ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും കിഫ്ബിക്ക് തിരിച്ചടവ് സംഖ്യ നൽകുന്നതിനുള്ള പ്രോജക്ട് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 ലെ പരിഷ്കരിച്ച വാർഷിക പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും മേൽപ്പറഞ്ഞ പ്രകാരം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ കമ്മിറ്റി പ്രത്യേകം പരിശോധിച്ച് ഉറപ്പാക്കണം. ഇതിനുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ വാർഷിക പദ്ധതി പരിഷ്കരിച്ച് പുനഃസമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതാണ്.

8. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്ന 'ഗോത്രസാരഥി' പ്രോജക്ട് പുനരാവിഷ്കരിച്ച് 'വിദ്യാവാഹിനി' എന്ന പേരിൽ നടപ്പാക്കുന്നതിന് പരാമർശം 12 പ്രകാരം ഉത്തരവായിട്ടുണ്ട്. പുനരാവിഷ്കരിച്ച പ്രോജക്ട് പട്ടിക വർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പാക്കുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിനായി തുക വകയിരുത്തേണ്ടതില്ല. അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിൽ 'ഗോത്രസാരഥി' പ്രോജക്ടിന് തുക വകയിരുത്തിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ട് ഒഴിവാക്കേണ്ടതും പകരം പ്രോജക്ട് എടുക്കേണ്ടതുമാണ്.

9. മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരാമർശം 13 പ്രകാരം പരിഷ്കരിച്ചിട്ടുള്ളതിനാൽ 2023-24 ലെ മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ പരിഷ്കരിച്ച മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

10. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 2023-24 ലെ പതിനഞ്ചാം ധനകാര്യ

കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖ സോഫ്റ്റ് വെയറിലും ഒരുപോലെയാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന്, വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ വിഷയാധിഷ്ഠിതമായി (Theme based) ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ, അപ്രകാരം ചെയ്യുന്നതിന് പ്രോജക്ടുകളിൽ ഏതെങ്കിലും ഭേദഗതി അനിവാര്യമാകുകയാണെങ്കിൽ ഈ ഘട്ടത്തിൽ അവ ചെയ്യേണ്ടതും രണ്ട് സോഫ്റ്റ് വെയറുകളിലും പ്രോജക്ട് വിവരങ്ങൾ ഒരുപോലെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

11. വാർഷിക പദ്ധതി നിർവ്വഹണം ആരംഭിച്ചശേഷം ഭേദഗതിക്ക് അവസരം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിൽ കൂടുതലും, പ്രോജക്ടുകളിൽ അധിക വിവരങ്ങൾ ഉൾപ്പെടുത്തി നിർവ്വഹണ യോഗ്യമാക്കുന്നതിന് വേണ്ടിയാണെന്നാണ് കഴിഞ്ഞകാല അനുഭവങ്ങൾ കാണിക്കുന്നത്. വാർഷിക പദ്ധതി രൂപീകരണഘട്ടത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സൂക്ഷ്മമായി പരിശോധിച്ച് ഉറപ്പാക്കാത്തതുകൊണ്ടാണ് പിന്നീട് നിരവധി തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നത്. ഇത് നിർബന്ധമായും ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ 2023-24 വാർഷിക പദ്ധതിയിലെ എല്ലാ പ്രോജക്ടുകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോയെന്നും പ്രത്യേകം പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് നിർവഹണ യോഗ്യമാക്കേണ്ടതുമാണ്.

12. ലൈഫ് പ്രോജക്ടിന്റെ വായ്പാ തിരിച്ചടവ്, അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം തുടങ്ങിയ ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത തുക സുലേഖയിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പിശക് സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. [ഉദാ: വിഭാഗം മാറി ചെലവ് രേഖപ്പെടുത്തുക (പൊതുവിഭാഗം സാധാരണ വിഹിതത്തിൽ കുറവ് ചെയ്ത തുക തെറ്റായി പട്ടിക ജാതി ഉപപദ്ധതിയിൽ ചെലവ് രേഖപ്പെടുത്തുക) , ഒരു ഗഡുവിനൊപ്പം കുറവ് ചെയ്ത തുക ഒന്നിലേറെ തവണ ചെലവായി രേഖപ്പെടുത്തുക, രണ്ടാം ഗഡുവിനോപ്പം കുറവ് ചെയ്ത തുകയിൽ ഒരു ഭാഗം മൂന്നാം ഗഡുവിനൊപ്പം മടക്കി നൽകിയിട്ടുണ്ടെങ്കിലും അതിന് അനുസൃതമായി ചെലവ് തുകയിൽ ഭേദഗതി വരുത്താതിരിക്കുക തുടങ്ങിയവ]. ആയതിനാൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും സ്രോതസ്സിൽ കുറവ് ചെയ്ത തുക ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കേണ്ടതും തിരുത്തൽ ആവശ്യമെങ്കിൽ അപ്രകാരം ചെയ്യേണ്ടതുമാണ്. ഇപ്രകാരം ചെലവ് തുക ശരിയാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം മാത്രമേ പരിഹാര വകയിരുത്തലിനേയും 2023-24 വാർഷിക പദ്ധതിക്ക് ലഭ്യമാകുന്ന തുകയെയും സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് ഡൗൺലോഡ് ചെയ്യാൻ പാടുള്ളൂ.

13. 2023-24 വാർഷിക പദ്ധതി ഇതിനോടകം തയ്യാറാക്കിയിട്ടില്ലാത്ത തദ്ദേശഭരണ

സ്ഥാപനങ്ങൾ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ ഉത്തരവിലെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി വാർഷിക പദ്ധതി പൂർണ്ണമാക്കുകയും ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

14. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിഷ്കരിച്ച വാർഷിക പദ്ധതി **2023 മേയ് 20** നകം ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
28. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (ഡബ്ളിയൂ.എം) വകുപ്പ്
30. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/197/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-05-2023

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ജലാശയങ്ങൾ സ്ഥാപിക്കുന്നതിന്/ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അമൃത് സരോവർ പദ്ധതി - തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 14.06.2022 ന ചേർന്ന ജില്ലാ കളക്ടർമാരുടെ യോഗത്തിന്റെ നടപടിക്കുറിപ്പ്.

****

ആസാദി കാ അമൃത് മഹോത്സവ് പരിപാടിയുടെ ഭാഗമായി, എല്ലാ ജില്ലകളിലും കുറഞ്ഞത് 75 ജലാശയങ്ങളെങ്കിലും നിർമ്മിക്കുകയോ പുനരുജ്ജീവിപ്പിക്കുയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ മിഷൻ 'അമൃത് സരോവർ' എന്ന പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. രാജ്യത്തെ എല്ലാ ജില്ലകളിലും ഒരു ഏക്കർ വിസ്തൃതിയും 10000 ക്യൂബിക് മീറ്റർ സംഭരണ ശേഷിയുള്ള 75 പൊതുകുളങ്ങൾ നിർമ്മിക്കുന്നതിനോ പുനരുജ്ജീവിപ്പിക്കുന്നതിനോ ആണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. 2023 ആഗസ്റ്റ് 15-ന് മുൻപായി ഇത് സംബന്ധിച്ച പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

മിഷൻ 'അമൃത് സരോവർ' എന്ന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്/ അൺടൈഡ്), PMKSY-WDC, PMKSY-HKKP-RRR, എന്നിവയുടെയോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമാന സ്കീമുകളുടെയോ വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതാണ്.

മിഷൻ 'അമൃത് സരോവർ' പദ്ധതിയുടെ ഭാഗമായി നഗരഭരണ സ്ഥാപനങ്ങൾക്കും ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾക്കും ജലാശയങ്ങളുടെ സംരക്ഷണത്തിനും ജലാശയങ്ങൾ വീണ്ടെടുക്കുന്നതിനുമായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സൂചിത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/227/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-07-2023

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ നിശ്ചയിച്ചത് - ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ ചുമതല നിറവേറ്റണമെന്നത് - സംബന്ധിച്ച്.

സൂചന:- 1. 27.02.2023ലെ ഡിഎ1/77/2023-തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 -ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.2

****

വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ ചുവടെ പ്രകാരം നിശ്ചയിച്ച സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

എ) ഭരണ നിർവഹണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	നിലവിലുള്ള വെറ്റിംഗ് ഓഫീസർ	പുതുതായി ചുമതലപ്പെടുത്തുന്ന വെറ്റിംഗ് ഓഫീസർ
1	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്	തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർമാർ (ബ്ലോക്ക് അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ചുമതല വിഭജിച്ചു നൽകണം)

2	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്	എ.ഡി.സി (ജനറൽ)	തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ
3	സെക്രട്ടറി, മുനിസിപ്പാലിറ്റി	നഗരകാര്യ ജോയിന്റ് ഡയറക്ടർ	തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ
4	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്	പഞ്ചായത്ത് ഡയറക്ടർ	തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (DPL)
5	സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ	നഗരകാര്യ ഡയറക്ടർ	തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (C&SS)

ഇത് കൂടാതെ പ്രോജക്ട് ഡയറക്ടർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത്) നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ പ്രോജക്ടുകളുടെ വെറ്റിംഗ് ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർക്കും നിശ്ചയിച്ച് നൽകിയിരുന്നു.

2. എന്നാൽ ചില ജില്ലകളിൽ മുകളിൽ പറഞ്ഞ ഉദ്യോഗസ്ഥർ സർക്കാർ നൽകിയ ചുമതല താഴെ തലത്തിലെ മറ്റു ഉദ്യോഗസ്ഥർക്ക് പുനർ നിർണ്ണയിച്ചു നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു വീഴ്ചയാണ്. ഇങ്ങനെ ചെയ്യാൻ പാടില്ല എന്നും സൂചിത സർക്കുലർ പ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ ചുമതല നിറവേറ്റണമെന്നും നിർദ്ദേശം നൽകുന്നു.

ഇതു കൂടാതെ സർക്കാർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റു വകുപ്പിലെ ഉദ്യോഗസ്ഥർമാർക്ക് തന്നെ വെറ്റിംഗ്/സാങ്കേതികാനുമതി നൽകണമെന്നും നിർദ്ദേശിക്കുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടെ ഉപാദ്ധ്യക്ഷന്മാരായി ഭരണസമിതി അംഗങ്ങളുടെ അടുത്ത ബന്ധുക്കളെ നിയമിക്കുന്നത് വിലക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1398/2023/LSGD തീയതി,തിരുവനന്തപുരം, 10-07-2023

പരാമർശം:-
1. സ.ഉ.(എം.എസ്) നം. 10/2017/തസ്വഭവ; തീയതി 09.01.2017
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ഓംബുഡ്സ്മാന്റെ ഒ.പി. (ആർ.സി.) 515/2021 നമ്പർ കേസിലെ 06.07.2022ലെ ഉത്തരവ്.

ഉത്തരവ്

നാടിന്റെ വികസനത്തിൽ എല്ലാ പൗരന്മാരും തുടർച്ചയായ താല്പര്യമെടുക്കുകയും പങ്കാളികളാകുകയും ചെയ്യുന്നതിലേയ്ക്കായി പൊതു കാര്യങ്ങളിൽ താല്പര്യമെടുക്കുകയും ചിന്തിക്കുകയും സംവാദങ്ങളിൽ എർപ്പെടുകയും പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്ന പൗരസമൂഹം വാർത്തെടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ആയി പരാമർശം (1) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ തദ്ദേശ സ്ഥാപനതല ആസൂത്രണസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ തുടർന്ന് വിവിധ പഞ്ചവത്സര പദ്ധതി മാർഗനിർദ്ദേശങ്ങൾ വഴി ആസൂത്രണസമിതിക്ക് സർക്കാർ ഏൽപ്പിച്ച് നൽകിയിട്ടുമുണ്ട്.

2. അദ്ധ്യക്ഷൻ (തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്), ഉപാദ്ധ്യക്ഷ(ൻ) (ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ധ/ വിദഗ്ധൻ), അംഗങ്ങൾ (സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ, സന്നദ്ധ സേവകരായ വിദഗ്ധർ), കൺവീനർ (തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി) എന്ന ഘടനയിൽ ആസൂത്രണസമിതിയിൽ 12 അംഗങ്ങൾ എന്നതാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനതല ആസൂത്രണസമിതി ഉപാദ്ധ്യക്ഷനെ നിയമിക്കുന്നത് സംബന്ധിച്ച ആശയം പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഉത്തരവിലും തുടർന്നുള്ള പദ്ധതി ആസൂത്രണ മാർഗരേഖകളിലും മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്.

3. മലപ്പുറം ജില്ലയിലെ തുക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ആസൂത്രണ സമിതിയുടെ ഉപാദ്ധ്യക്ഷനായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഭർത്താവ് അന്യായമായി ഇടപെടുന്നത് സംബന്ധിച്ച ആക്ഷേപം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ഓംബുഡ്സ്മാന് റഫർ ചെയ്തത്, ബഹു. ഓംബുഡ്സ്മാൻ പരിഗണിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ കാര്യങ്ങളിൽ അനാവശ്യ ഇടപെടലുകൾ നിയന്ത്രിക്കുവാനും പഞ്ചായത്ത് ഭരണം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ ഒതുക്കി നിർത്തുന്നതിനുമായി, പ്രസിഡന്റിന്റെ അടുത്ത ബന്ധുക്കളെ അതായത് ഭർത്താവ്, ഭാര്യ, സഹോദരൻ, സഹോദരി, പിതാവ്, മാതാവ്, പുത്രൻ, പുത്രി, സഹോദര ഭാര്യ, സഹോദരി ഭർത്താവ്, ഭർത്തൃ സഹോദരൻ, ഭർത്തൃ സഹോദരി എന്നിവരെ ആസൂത്രണ വകുപ്പ് സമിതിയുടെ ഉപാദ്ധ്യക്ഷനായി നിയമിക്കുന്നത് ചട്ടം മൂലം നിരോധിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ഉൾപ്പടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ (മേൽ വിവരിച്ചതുപോലുള്ള) അടുത്ത ബന്ധുക്കളെ, തദ്ദേശ സ്ഥാപനതല ആസൂത്രണസമിതി ഉപാധ്യക്ഷ, അംഗം, മറ്റ് സമാന പ്രധാന പദവികൾ എന്നിവയിൽ നിയമിക്കുന്നത് വിലക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജന സമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
21. പ്രസിഡന്റ്/ സെക്രട്ടറി, തുക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

22. തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം - വിവിധ വിഭവ സ്രോതസുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യസംസ്കരണത്തിനുള്ള സമഗ്രപദ്ധികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1401/2023/LSGD തീയതി,തിരുവനന്തപുരം, 10-07-2023

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C) നമ്പർ 7844 -നുമേലുള്ള 08.03.2023, 10.03.2023, 13.03.2023 എന്നീ തീയതികളിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം.989/2023/തസ്വഭവ; തീയതി 06.05.2023
3. സ.ഉ.(സാധാ)നം.1068/2023/തസ്വഭവ; തീയതി 20.05.2023
4. സ.ഉ.(സാധാ)നം.1117/2023/തസ്വഭവ; തീയതി 27.05.2023
5. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19/06/2023ൽ ചേർന്ന ക്യാമ്പയിൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

ഉത്തരവ്

സമഗ്രവും സുസ്ഥിരവുമായ മാലിന്യപരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പരാമർശം 3 പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ ഗ്യാപ് അനാലിസിസ് വഴിയും പരാമർശം 4 പ്രകാരമുള്ള ഹരിതസഭ റിപ്പോർട്ട് വഴിയും മാലിന്യപരിപാലന മേഖലയിൽ നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകളും വിടവുകളും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ള വിടവുകളും പോരായ്മകളും പരിഹരിച്ച് മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുക

എന്നതാണ് ഈ കാമ്പയിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മുഖ്യലക്ഷ്യം.

2. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനായി വാർഷികപദ്ധതിയ്ക്ക് പ്രത്യേക ഭേദഗതി അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മാലിന്യ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് ആവശ്യമായ ധനവിഭവം, നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ കേന്ദ്ര - സംസ്ഥാന ആവിഷ്കൃത സ്കീമുകൾ/പ്രോജക്ടുകൾ എന്നിവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ച് കൊണ്ട് വേണം മാലിന്യ പരിപാലന സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കാൻ. ഇത്തരം വിഭവങ്ങളുടെ വിനിയോഗ സാധ്യത സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവബോധം നല്കുന്നതിനായി ജില്ലാതലത്തിൽ മൊബൈൽ ഫെസിലിറ്റേഷൻ ടീമുകൾ രൂപീകരിക്കാൻ പരാമർശം 5 പ്രകാരം നടന്ന ക്യാമ്പയിൻ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ നേതൃത്വത്തിലുള്ള മൊബൈൽ ഫെസിലിറ്റേഷൻ ടീമിന്റെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

3. ഈ സാഹചര്യത്തിൽ പരാമർശം 2 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുവാൻ സർക്കാർ അനുവാദം നൽകി ഉത്തരവാകുന്നു. മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി സമഗ്ര പദ്ധതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ വിവിധ ഘടക പ്രവർത്തനങ്ങൾ പ്രോജക്ടുകളായി ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്. പരിഷ്കരിച്ച വാർഷിക പദ്ധതി **2023 ജൂലൈ 22-നകം** ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതികൾ **2023 ജൂലൈ 31-നകം** അംഗീകാര നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.സമഗ്രവും സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊജെക്ടുകൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ജില്ലാ ആസൂത്രണ സമിതികൾ പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

a. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്യാമ്പയിൻവിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിനായി തയ്യാറാക്കിയ വാർ റൂം പോർട്ടലിലെ (warroom.lsgkerala.gov.in) WM Project എന്ന ഓപ്ഷനിൽ മാലിന്യ സംസ്കരണവുമായി ബന്ധപട്ട ഗ്യാപ് അസ്സെസ്സ്മെന്റ്,

പ്രൊജക്ട്കളുടെ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ ഈ പോർട്ടലിൽ നിന്നുള്ള റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നിലവിൽ സമർപ്പിച്ച പ്രൊജക്ട്കളുമായി താരതമ്യം ചെയ്ത് ഈ ഗ്യാപ് അസ്സെസ്സ്മെന്റിനു ആനുപാതികമായി പ്രൊജക്ട്കൾ സമർപ്പിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

b) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും സാനിട്ടറി പാഡ് ഡിസ്പോയർ സ്ഥാപിക്കുന്നതിനായുള്ള പ്രൊജക്ട്കൾ വച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

c) എല്ലാ ജില്ലകളിലെയും നഗരസഭകളിലും, ജില്ലാ കേന്ദ്രങ്ങളിലും സാനിട്ടറി പാഡ്, ബേബി ഡയപ്പർ, അഡൽറ്റ് ഡയപ്പർ എന്നിവ സംസ്കരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് മാർഗ്ഗനിർദേശങ്ങൾ പാലിച്ചു കൊണ്ടുള്ള ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായുള്ള പ്രൊജക്ട്കൾ (ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുകതമായോ അല്ലാതെയോ) സമർപ്പിച്ചിട്ടുണ്ട് എന്നും ഉറപ്പുവരുത്തുക.

4. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം, കേന്ദ്ര- സംസ്ഥാനാവിഷ്കൃത സ്കീമുകൾ വിവിധ ഏജൻസികളുടെ സ്കീമുകൾ/പ്രോജക്ടുകൾ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും സ്കീമുകളും പരമാവധി ഉൾപ്പെടുത്തുന്നതിന് മുഖ്യ പരിഗണന നൽകേണ്ടതാണ്. വികസന ഫണ്ടിന്റെ കാര്യത്തിൽ അംഗീകാരം ലഭിക്കാത്ത പ്രോജക്ടുകളും, അംഗീകാരം ലഭിച്ചുവെങ്കിലും ഈ സാമ്പത്തിക വർഷം നിർവഹണം നടത്താൻ സാധ്യതയില്ലാത്ത പ്രോജക്ടുകളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും അനുയോജ്യമല്ലാത്ത പ്രോജക്ടുകളും ഒഴിവാക്കുന്നതിലൂടെ ലഭിക്കുന്ന തുകയും ടെണ്ടർ സേവിംഗ്സ്, പ്രോജക്ട് നടപ്പാക്കിയതിനുശേഷമുള്ള മിച്ചം തുക എന്നിവയും മേഖലാ നിബന്ധനകൾക്ക് അനുസൃതമായി മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്. കൂടുതൽ തുക ആവശ്യമാണെങ്കിൽ താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ടുകൾ ഉപേക്ഷിച്ചോ മുൻഗണന കുറഞ്ഞ പ്രോജക്ടുകളുടെ അടങ്കൽ തുക കുറവ് ചെയ്തോ വിഹിതം കണ്ടെത്തേണ്ടതാണ്. മാലിന്യ സംസ്കരണ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയാണ് നിർദ്ദിഷ്ട ഭേദഗതിയുടെ ഉദ്ദേശ്യം. എന്നാൽ നിലവിലുള്ള പ്രോജക്ടുകളിൽ അനിവാര്യ ഭേദഗതികൾ വരുത്താവുന്നതാണ്.

5. ഇപ്രകാരമുള്ള ഭേദഗതിയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി 2023-24

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രോജക്ടുകളെയും അവയ്ക്കായി വിനിയോഗിക്കാവുന്ന വിവിധ ധനവിഭവ സ്രോതസ്സുകളെയും സംബന്ധിച്ച വിശദാംശങ്ങളും മാർഗ്ഗനിർദേശങ്ങളും ചുവടെ ചേർക്കുന്നു.

6.മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായുള്ള വിവിധ ധനസ്രോതസുകൾ

1. കേന്ദ്ര ധനകാര്യകമ്മീഷൻ വിഹിതം Basic grant &Tied Grant— എല്ലാ പഞ്ചായത്തുകൾക്കും

2. കേന്ദ്രധനകാര്യകമ്മീഷൻ വിഹിതം (Non - Million Plus Cities Basic Grant— NMPC) & Tied Grant - മലപ്പുറം ഒഴികെയുള്ള എല്ലാ മുനിസിപ്പാലിറ്റികൾക്കും

3. കേന്ദ്ര ധനകാര്യകമ്മീഷൻ - നഗരസഞ്ജയഗ്രാൻറ് (Million Plus Cities (MPC) Tied Grant) - നഗര സഞ്ചയ പ്രദേശത്തിന്

4. സ്വച്ഛ്ഭാരത് - ഗ്രാമീൺ & അർബൻ.
5. ശുചിത്വകേരളം
6. അമൃത്, സ്മാർട്ട്സിറ്റി , കിഫ്ബി, റീബിൽഡ് കേരള തുടങ്ങിയ പദ്ധതികൾ പ്രകാരം ലഭിക്കുന്ന തുക
7. വികസനഫണ്ട്
8. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്- ഘടകസ്ഥാപനങ്ങളിലെ മാലിന്യപരിപാലനം, ശൗചാലയങ്ങളുടെ പരിപാലനം, അപകടകരമായ മാലിന്യങ്ങൾ കയ്യോഴിക്കൽ, അംഗനവാടികളിൽ ശിശു സൗഹൃദ ടോയ്ലറ്റുകൾ)
9. കേരള ഖരമാലിന്യ പരി
10. പാലന പദ്ധതിവിഹിതം (KSWMP) - നഗരസഭകൾക്ക് മാത്രം
11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
12. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി
13. തനത്ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ)
14. സി.എസ്. ആർ. ഫണ്ട്
15. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി സ്ഥാപനങ്ങൾ/ പൊതുജനങ്ങളിൽ നിന്നും സംഭാവനയായി ലഭിക്കുന്ന തുക.
16. ദേശീയ ആരോഗ്യ ദൗത്യം (NHM)

17. എം.എൽ.എ ഫണ്ട്
18. എം.പി ഫണ്ട്
19. ശബരിമല സ്പെഷ്യൽ ഗ്രാന്റ

7. 'മാലിന്യമുക്തം നവകേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ട പ്രോജക്ടുകളുടെ വിവരങ്ങൾ

	I. മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ	
	ഏറ്റെടുക്കേണ്ട പദ്ധതിയുടെ വിവരങ്ങൾ	**പദ്ധതി നിർവഹണത്തിനായി ഉപയോഗിക്കാവുന്ന വിഭവസ്രോതസ്സുകൾ**
1	മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബഹുജനവിദ്യാഭ്യാസ പരിപാടി, ക്യാമ്പയിൻ സംഘാടനം, പ്രചരണം, ജനകീയ ഓഡിറ്റ്, ഹരിതസഭ, മാലിന്യ പരിപാലന ശിൽപ്പശാല, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചിലവുകൾ	SBM, NHM (വാർഡുതല ശുചിത്വ ആരോഗ്യപോഷണ സമിതിയ്ക്ക് നൽകുന്നത്), തനത്ഫണ്ട്, വികസനഫണ്ട്
2	ഗാർഹിക തലത്തിൽ മാലിന്യം തരംതിരിച്ച് സൂക്ഷിക്കാനുള്ള ഉപാധികൾ ലഭ്യമാക്കൽ (ബാസ്കറ്റ്കൾ, സഞ്ചികൾ)	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്

II. അജൈവമാലിന്യം – 100 % വാതിൽപ്പടി ശേഖരണം

	പ്രോജക്ടുകൾ	വിഭവസ്രോതസ്സുകൾ
1	ഹരിത കർമ്മസേന അംഗങ്ങളെ നിയോഗിക്കലും പരിശീലനവും	ശുചിത്വമിഷൻ, KSWMP, കില, കുടുംബശ്രീയുടെ പരിശീലന പദ്ധതിയിൽ ഉൾപെടുത്തൽ
2	യൂണിഫോം, സുരക്ഷാഉപകരണങ്ങൾ, PPE കിറ്റ്	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്-ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്.
3	പരിരക്ഷാഇൻഷുറൻസ്	കുടുംബശ്രീ ഇൻഷുറൻസ്സ്കീം

III. Mini MCF/ MCF നിർമ്മാണവും വിപുലീകരണവും	
പ്രൊജക്ട്	വിഭവ സ്രോതസ്സുകൾ
Mini MCF	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ

	ബേസിക്ഗ്രാന്റ്/ ടൈഡ്ഗ്രാന്റ്, പതിനഞ്ചാംധനകാര്യ കമ്മീഷൻ നഗര സഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ & അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, വികസനഫണ്ട്, അയ്യങ്കാളി നഗരതൊഴിലുറപ്പ്പദ്ധതി, MGNREGS
MCF പുതിയവയുടെ നിർമ്മാണവും നിലവിലുള്ളവയുടെ വിപുലീകരണവും ഉണ്ടാവേണ്ട സൗകര്യങ്ങൾ • മതിയായസ്ഥലം • അടച്ചുറപ്പുള്ളകെട്ടിടം • സോർട്ടിംഗ് ടേബിൾ/സെമിഓട്ടോമെറ്റഡ് കൺവെയർ ബെൽറ്റ്/ കൺവെയർ ബെൽറ്റ് • കസേരകൾ • വൈദ്യുതി • ഓഫീസ് സംവിധാനം • ടോയ് ലെറ്റ് • കുടിവെള്ളം • ചെയ്ഞ്ചിംഗ് റൂം • വാഹനം എത്താനുള്ള സൗകര്യം • അഗ്നിസുരക്ഷാ ഉപകരണങ്ങൾ • തരംതിരിച്ച മാലിന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനുള്ള സ്ഥലസൗകര്യം • ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കാനുള്ള	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം ഫണ്ട്, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി.എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്, എം. എൽ. എ ഫണ്ട് , എം.പി. ഫണ്ട്.

സംവിധാനങ്ങൾ (ഇ-ഓട്ടോ, ടോളി, ഇ-സൈക്കിൾ മുതലായവ) • വെയിംഗ് മെഷീൻ	

IV. RRF — പുതിയവയുടെ നിർമ്മാണവും നിലവിലുള്ളവയുടെ വിപുലീകരണവും	
RRF	**വിഭവസ്രോതസ്സുകൾ:**
<u>ഉണ്ടാവേണ്ട സൗകര്യങ്ങൾ</u> • കൺവേയർ ബെൽറ്റ് • ബെയ്ലിങ്ങ് മെഷീൻ . Shredding മെഷീൻ . ഡിഡസ്റ്റിംഗ് മെഷീൻ • മതിയായ സ്ഥലം • അടച്ചുറപ്പുള്ള കെട്ടിടം • സോർട്ടിംഗ് ടേബിൾ • കസേരകൾ • വൈദ്യുതി • ഓഫീസ് സംവിധാനം • ടോയ് ലെറ്റ് • കുടിവെള്ളം • ചെയ്ഞ്ചിംഗ് റൂം • വാഹനം എത്താനുള്ള സൗകര്യം • അഗ്നിസുരക്ഷാ ഉപകരണങ്ങൾ • ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കാനുള്ള സംവിധാനങ്ങൾ (ഇ-ഓട്ടോ , ടോളി, ഇ-സൈക്കിൾ മുതലായവ) • വെയിംഗ് മെഷീൻ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്, MGNREGS, എം.എൽ.എ ഫണ്ട്.

V. മാലിന്യ നീക്കംചെയ്യുന്നതിനുള്ള വാഹനസൗകര്യം ഒരുക്കുന്നതിന്		
	പ്രൊജക്ടുകൾ	**വിഭവസ്രോതസ്സുകൾ**
1	മാലിന്യം നീക്കം ചെയ്യുന്നതിനായുള്ള ചെറുവാഹനങ്ങൾ വാങ്ങൽ (ഇ-ഓട്ടോ, ട്രോളി, ഇ-സൈക്കിൾ, പുഷ്കാർട്ട്, ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ etc.)	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്-ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്.
2	RRF ലേക്കുള്ള വലിയവാഹനങ്ങൾ വാങ്ങൽ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്
2	ഹരിത കർമ്മസേനാ അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം	കുടുംബശ്രീ നൈപുണ്യവികസന പരിപാടിയിൽ ഉൾപ്പെടുത്തൽ, വികസനഫണ്ട്, തനത് ഫണ്ട്
3	ഹരിത മിത്രം ആപ്പ് 100% സേവനം ലഭ്യമാക്കൽ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്

4	ലെഗസി വേസ്റ്റ് കൈമാറൽ	വികസനഫണ്ട്, ശുചിത്വകേരളം, തനത്ഫണ്ട്
5	യൂസർ ഫീയിൽ നിന്ന് ഇളവു നൽകിയിരിക്കുന്ന വീടുകൾക്ക് വേണ്ടിയുള്ള പ്രൊജക്ട്	വികസനഫണ്ട്, തനത്ഫണ്ട്, വിവിധ സംഭാവനകൾ

VI.	**ജൈവമാലിന്യം — 100 % ഉറവിടത്തിൽ സംസ്കരിക്കൽ**	
	പ്രൊജക്ടുകൾ	**വിഭവ സ്രോതസ്സുകൾ**
1.	ഗാർഹിക മാലിന്യ സംസ്കരണ ഉപാധികൾ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫേസ്-1, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്
2.	കമ്പോസ്റ്റ് പിറ്റ് (മേൽക്കൂരയുള്ളത്)	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക്മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്,MGNREGS, AUEGS,
		പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ് ഗ്രാന്റ്

	കമ്പോസ്റ്റ് പിറ്റ് (മേൽക്കൂരയുള്ളത്)- സർക്കാർ സ്ഥാപനങ്ങളിൽ	, MGNREGS, സ്വച്ഛ് ഭാരത്- ഗ്രാമീൺ & അർബൻ, ശുചിത്വ കേരളം, AUEGS, KSWMP (നഗരസഭകൾക്ക് മാത്രം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്,വികസന ഫണ്ട്
	കമ്പോസ്റ്റ് പിറ്റ് (മേൽക്കൂരയുള്ളത്)- വ്യക്തിഗതം	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ് ഗ്രാന്റ് , MGNREGS, AUEGS, KSWMP (നഗരസഭകൾക്ക് മാത്രം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്,വികസന ഫണ്ട്
3.	സോക്പിറ്റ്	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക്മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, MGNREGS, AUEGS
4.	സ്ഥാപനതലജൈവമാലിന്യസംസ്കരണസംവിധാനം – ത്രുമ്പൂർ മുഴി, ബയോഗ്യാസ്പ്ലാന്റ്, ബയോബിൻ, സാനിട്ടറി പാഡ് ഡിസ്പോയർ തുടങ്ങിയവ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്- KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, MGNREGS (ത്രുമ്പൂർ മൂഴി, ദീനബന്ധുമോഡൽ ബയോഗ്യാസ് എന്നിവ മാത്രം പൊതുസ്ഥാപനങ്ങളിൽ), AUEGS.

5.	കമ്മ്യൂണിറ്റി തല ജൈവമാലിന്യ സംസ്കരണസംവിധാനം (മാർക്കറ്റുകൾ, ജനവാസമേഖലകൾ etc.) – തുമ്പൂർ മുഴി, ബയോഗ്യാസ്പ്ലാന്റ്, ബയോബിൻ, സാനിട്ടറി പാഡ് ഡിസ്പോയർ തുടങ്ങിയവ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ് ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക് മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, MGNREGS (തുമ്പൂർ മൂഴി, ദീനബന്ധുമോഡൽ ബയോഗ്യാസ് എന്നിവ മാത്രം പൊതുസ്ഥാപനങ്ങളിൽ), AUEGS.
6.	സ്ലോട്ടർ ഹൌസുകൾ	വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, KIIFB
7.	കക്കൂസ് മാലിന്യ/ ദ്രവമാലിന്യ സംസ്കരണയൂണിറ്റുകൾ (ഗ്രാമ/ബ്ലോക്ക്/ നഗരസഭ തലങ്ങളിൽ)	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ ടൈഡ് ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്

VII.	**മാലിന്യക്കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതുഇടങ്ങൾ**	
	പ്രൊജക്ടുകൾ	വിഭവസ്രോതസ്സുകൾ
1.	മാലിന്യക്കൂനകൾ നീക്കി ഉദ്യാനവത്കരണം	AUEGS, തനത്ഫണ്ട്, CSR ഫണ്ട്
2.	ബയോമൈനിംഗ് (ലെഗസി വേസ്റ്റ് നീക്കംചെയ്യൽ)	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/

		ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- അർബൻ, വികസനഫണ്ട്, KSWMP (നഗരസഭകൾക്ക്മാത്രം), തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്
3.	തെരുവോരങ്ങളിലെ മാലിന്യക്കൂനകൾ നീക്കംചെയ്യൽ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതി, സന്നദ്ധപ്രവർത്തനം, സ്പോൺസർഷിപ്പ്.
4.	പൊതുഇടങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കൽ	വികസനഫണ്ട്- സാധാരണവിഹിതം, തനത്ഫണ്ട്, CSR, സ്പോൺസർഷിപ്പ്, ശുചിത്വകേരളംഫണ്ട്.

VIII. ജലാശയങ്ങളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ		
	പ്രൊജക്ടുകൾ	**വിഭവ സ്രോതസ്സുകൾ**
1	ജലാശയങ്ങളുടെ ശുചീകരണവും പുനരുദ്ധാരണവും	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, AUEGS, MNREGS (സമഗ്രപദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രം), സന്നദ്ധപ്രവർത്തനം,

		സ്പോൺസർഷിപ്പ്.
2	Retrofiting of two pit latrins	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, MGNREGS, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്
3	സിന്തറ്റിക് സെപ്ടിക്ക് ടാങ്ക് വിതരണം	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ &അർബൻ, ശുചിത്വകേരളം, വികസനഫണ്ട്, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്

IX. മാലിന്യത്തിന്റെ അളവു കുറയ്ക്കൽ		
	പ്രൊജക്ടുകൾ	**വിഭവസ്രോതസ്സുകൾ**
1.	മെൻസ്ട്രുവൽ കപ്പ്	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, വികസനഫണ്ട്, തനത്ഫണ്ട്, സി.

		എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ്
2.	ഗ്രീൻ ഇവന്റ് മാനെജ്മെന്റ് ഗ്രൂപ്പ്	കുടുംബശ്രീ സംരംഭ വികസന പദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട്, തനത്ഫണ്ട്,
3.	ബദൽ ഉത്പന്ന നിർമ്മാണയൂണിറ്റുകൾ	കുടുംബശ്രീ സംരംഭവികസന പദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട്, തനത്ഫണ്ട്,
4.	സ്വാപ്പ്ഷോപ്പ്	കുടുംബശ്രീ സംരംഭ വികസനപദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട്, തനത്ഫണ്ട്
5.	സാനിട്ടറി കോംപ്ലക്സ് സംരംഭകയൂണിറ്റ്	കുടുംബശ്രീ സംരംഭവികസന പദ്ധതിയിൽ ഉൾപ്പെടുത്താം, വികസനഫണ്ട് - സാധാരണവിഹിതം, തനത്ഫണ്ട്,

X സവിശേഷപ്രോജക്ട്		
	പ്രൊജക്ടുകൾ	**വിഭവസ്രോതസ്സുകൾ**
1.	ഗ്രീൻ പാർക്ക് കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ്, ഗ്ലാസ്വേസ്റ്റ്, മനുഷ്യ കേശ വേസ്റ്റ്, ലിക്വിഡ് വേസ്റ്റ് , സാനിട്ടറി വേസ്റ്റ് എന്നിവയെല്ലാം സംസ്കരിയ്ക്കുന്നതിനായി ഒരു കോമ്പൗണ്ടിൽ വിവിധ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ്/ടൈഡ് ഗ്രാന്റ്, പതിനഞ്ചാം

	സംരംഭങ്ങൾ ഉൾക്കൊള്ളുന്ന ഗ്രീൻ പാർക്കുകൾ കോർപ്പറേഷൻ/ഗ്രാമ/ബ്ലോക്ക്/ജില്ലപഞ്ചായത്തുകൾക്ക് സംയുക്തപ്രോജക്ടുകളായും ഏറ്റെടുക്കാം)	ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്- ഗ്രാമീൺ & അർബൻ, ശുചിത്വകേരളം, വികസനഫണ്ട്- സാധാരണ വിഹിതം, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്

XI ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ		
	പ്രോജക്ടുകൾ	**വിഭവസ്രോതസ്സുകൾ**
1	FSTP പ്ലാൻറ് സ്ഥാപിക്കൽ, പ്ലാന്റിന് ആയുള്ള സ്ഥലം ഏറ്റെടുക്കൽ	വികസനഫണ്ട്- സാധാരണവിഹിതം, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്, എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്.
2	FSTP പ്ലാൻറ് സ്ഥാപിക്കൽ	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്മിഷൻ ഗ്രാമീൺ, ശുചിത്വകേരളം, വികസനഫണ്ട്- സാധാരണവിഹിതം, തനത്ഫണ്ട്,

		സി. എസ്.ആർ. ഫണ്ട്
3	ഡ്രൈനേജ് മാൻഹോൾ എന്നിവയുടെ ക്ലീനിംഗ് ഡിസ്സ്ലഡ്ജിംഗ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊജക്ട്റ്റ്, ഇത്തരം ദ്രവമാലിന്യ ശുചീകരണപ്രവർത്തനങ്ങൾ "No touch" ആക്കുന്നതിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പ്രൊജക്ട്റ്റുകൾ.	പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യകമ്മീഷൻ ബേസിക്ഗ്രാന്റ്/ടൈഡ്ഗ്രാന്റ്, പതിനഞ്ചാം ധനകാര്യകമ്മീഷൻ നഗരസഞ്ചയഗ്രാന്റ്, സ്വച്ഛ്ഭാരത്മിഷൻ ഗ്രാമീൺ, ശുചിത്വകേരളം, വികസനഫണ്ട്-സാധാരണവിഹിതം, തനത്ഫണ്ട്, സി. എസ്.ആർ. ഫണ്ട്

വെളിയിടവിസർജ്ജനമുക്ത (ODF) കാമ്പയിന്റെ സമയത്ത് വിട്ടുപോയ വീടുകൾക്കും (ലൈഫ് ടോയ്ലെറ്റ് ഉൾപ്പെടെ - ലൈഫിൽ വീട് നിർമ്മാണത്തിന് അനുവദിക്കപ്പെട്ട് ധനസഹായത്തിന് ഉപരിയായി) സെപ്റ്റിക്ക് ടാങ്ക്/ ഇരട്ടക്കുഴി (twin pit) ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടതിന്റെ (ഫോട്ടോഫയൽ സൂക്ഷിക്കണം) അടിസ്ഥാനത്തിൽ പുതിയ ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകാം. BPL/identified APL വിഭാഗത്തിൽ ഉള്ളവർക്ക് മാത്രമാണ് ഈ ആനുകൂല്യം നൽകേണ്ടത്. ടോയിലറ്റിനൊപ്പം സെപ്റ്റിക്ക് ടാങ്ക് വാങ്ങിവെയ്ക്കുകയോ, നിർമ്മിക്കുകയോ ചെയ്തിട്ടുള്ളവർക്ക് 30000 രൂപയും, ഇരട്ടക്കുഴികക്കൂസ് (twin pit) ചെയ്തിട്ടുള്ളവർക്ക് 20000 രൂപയും (SBM വിഹിതംഉൾപ്പെടെ) ആണ് നൽകേണ്ടത്. ടോയിലറ്റ് നിർമ്മിക്കുമ്പോൾ ഒറ്റക്കുഴി കക്കൂസ് (single pit) ചെയ്തിട്ടുള്ളവർക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

റിട്രോഫിറ്റിങ്ങിന്റെ ഭാഗമായി നിലവിലുള്ള ഒറ്റക്കുഴിക്ക് പകരമായി സെപ്റ്റിക്ക് ടാങ്ക് വാങ്ങി വെയ്ക്കയോ ചെയ്യുന്നവർക്ക് 20000/- രൂപയും, (twin pit) ചെയ്യുന്നവർക്ക് 10000/- രൂപയും നൽകാവുന്നതാണ്.

ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിലും വായനശാല / ലൈബ്രറികളോട് അനുബന്ധിച്ചും സവിശേഷമായ പ്രാധാന്യമുള്ള ആരാധനാലയങ്ങളോട്

അനുബന്ധിച്ചും വിനോദസഞ്ചാര കേന്ദ്രങ്ങളിലും ടേക്ക് എ ബ്രേക്ക് ടോയ്റ്റ് ഉൾപ്പെടെ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം ഫിനാൻസ് കമ്മീഷന് ഗ്രാന്റ് , സ്വച്ഛ് ഭാരത് മിഷൻ (ഗ്രമീൺ& അർബൻ), ശുചിത്വകേരളം തനത്, വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. ആരാധനാലയങ്ങളോട് അനുബന്ധമായി പബ്ലിക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിനും കുറഞ്ഞത് 10 വർഷത്തേയ്ക്ക് ഈ ആവശ്യത്തിന് ഉപയോഗിക്കുവാനും അനുവാദം ലഭ്യമാക്കുന്നു എന്ന കരാറിൽ തദ്ദേശ സ്ഥാപനം ആരാധനാലയവുമായി ഏർപ്പെടേണ്ടതാണ്.

നിലവിൽ ലഭ്യമായ ഫണ്ട് സ്രോതസ്സുകളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും, അതത് കാലത്തെ സർക്കാർ ഉത്തരവുകൾക്കും, വിധേയമായി വേണം ശുചിത്വ - മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്ക് ഫണ്ട് പ്രൊജക്റ്റ്കൾക്കായി വിനിയോഗിക്കേണ്ടത്. കേന്ദ്രാവിഷ്കൃതപദ്ധതികൾ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി, നിർവഹണം നടത്തുമ്പോൾ കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. KSWMP പ്രൊജക്റ്റ് നിർവഹണത്തിനായി പുറത്തിറക്കിയ മാർഗനിർദേശങ്ങൾ പ്രകാരം ആയിരിക്കണം ഇതിലേക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

8. വിവിധ ധന വിഭവ സ്രോതസ്സുകൾ അവയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ

8.1 ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ:

I . ഹരിത കർമ്മസേനകൾക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹനങ്ങൾ വാങ്ങി നൽകുന്നതിനോ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനോ വേണ്ട പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

II. വയബിലിറ്റി ഗ്യാപ് ഫണ്ട് : (VGF) അനുവദിക്കണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വി.ജി.എഫ് നൽകാവുന്നതാണ്.

a. 2023 ജൂൺ 30-ന് ഒരു വർഷം ആകാത്ത ഹരിത കർമ്മ സേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിച്ച തീയതി മുതൽ പരമാവധി ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മ സേനകളുടെ പ്രവർത്തനവും വാതിൽപ്പടി സേവനവും കാര്യക്ഷമമാക്കുകയും വരുമാനം സ്ഥായിയാക്കുകയും വേണം.

b. പുതുതായി രൂപീകരിക്കുന്ന ഹരിതകർമ്മസേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. സ.ഉ.(സാധാ) നം. 1250/2021/തസ്വഭവ തീയതി 02.07.2021ൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം. വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടത്.

c. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അന്നപൂർണ്ണ അന്ത്യോദയ, ആശ്രയ, അതിദരിദ്രരുടെ പട്ടികയിൽപെട്ടവർ എന്നീ കുടുംബങ്ങൾക്ക് യൂസർ ഫീ നൽകുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാനിൽ ചേർക്കാവുന്നതാണ്. ഇത്തരത്തിൽ യൂസർഫീസിൽ ഇളവ് അനുവദിക്കുന്നത് മൂലം ഹരിതകർമ സേനയുടെ വരുമാനത്തിലുള്ള വിടവ് നികത്തുന്നതിനു വേണ്ടി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കാവുന്നതാണ്.

III. സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം, ഗംബൂട്ട്, കൈയുറ, ഫേസ് മാസ്ക്ക്, മാലിന്യം വീടുകളിൽ നിന്ന് ശേഖരിക്കുന്നതിനാവശ്യമായ പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്.

IV. ഡിജിറ്റൽ മോണിറ്ററിംഗിനാവശ്യമായ സ്മാർട്ട് ഫോൺ,ഈ പോസ് ഉപകരണം എന്നിവ വാങ്ങി നൽകാവുന്നതാണ്.

V . ഹരിത കർമസേനയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമാണ് എന്ന് തദ്ദേശ സ്വയംഭരണ സമിതികൾ തീരുമാനിക്കുന്ന ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന തുക കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിൽ (ടൈഡ് ഗ്രാന്റ്, അൺടൈഡ് ഗ്രാന്റ്, നഗരസഞ്ചയ ഗ്രാന്റ്) നിന്ന് കണ്ടെത്തുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

8.2 സഹായി മിത്ര സുരക്ഷ

Prohibition of Employment as Manual scavengers and Their Rehabilitation Act 2013 (MS Act 2013) പ്രകാരം മാനുവൽ സ്കാവെന്ജിംഗ് നിരോധിച്ചിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കേണ്ടത് തദ്ദേശ സ്ഥാപങ്ങളുടെ നിയമപരമായ ഉത്തരവാദിത്തം ആകയാൽ ഡ്രൈനേജുകൾ, സീവർ ലൈനുകൾ, സെപ്ടിക്ക് ടാങ്കുകൾ, എന്നിവ വൃത്തിയാക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ PPE കിറ്റുകൾ, സുരക്ഷാ

ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതും, സീവർ ഇൻസ്പെക്ഷൻ ക്യാമറകൾ, ഹൈഡ്രോവാക് ജെട്സ്, തുടങ്ങിയവ സ്ഥാപിക്കുന്നതിനും STP / FSTP സ്ഥാപിച്ചിട്ടുള്ള നഗരസഭകൾ /പഞ്ചായത്തുകൾ ഗ്രേ & ബ്ലാക്ക് വാട്ടർ, ഫീക്കൽ സ്ലഡ്ജ് എന്നിവ നീക്കം ചെയ്യുമ്പോൾ അതിനാവശ്യമായ ഡീസ്ലഡ്ജിംഗ് വാഹനങ്ങൾ/ടാങ്കറുകൾ എന്നിവ വാങ്ങുന്നതിനാവശ്യമായ പദ്ധതികളും 2023-24 സാമ്പത്തിക വർഷത്തെ റിവിഷൻ പ്രോജെക്ടുകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്ഥാപനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഏതൊക്കെയെന്ന് ജില്ലാ ശുചിത്വ മിഷനുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്. വിശദമായ ലിസ്റ്റ് Swachh Sarvekshan Toolkit 2023 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8.3 സ്വച്ഛ് ഭാരത് ഗ്രാമീൺ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ നിർമാണം. നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭൗതിക ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ SBM ഗ്രാമീൺ /CFC ഗ്രാന്റ് / വികസന ഫണ്ട് / തനത ഫണ്ട് / CSR ഫണ്ട് എന്നിവ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്.

2. സാമൂഹിക ശുചിത്വ സമുച്ചയം - 3 ലക്ഷം രൂപ യൂണിറ്റ് നിരക്കിൽ (SBM ഗ്രാമീൺ 2.10 ലക്ഷം, /CFC ഗ്രാന്റ് 0.090 ലക്ഷം) എന്നിവ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. അധികമായി തുക ആവശ്യമുള്ള പക്ഷം വികസന ഫണ്ട് / തനത ഫണ്ട് / CSR ഫണ്ട്, ശുചിത്വകേരളം റ്റൂറൽ എന്നിവ കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്..

3. ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണം -

a) 5000 വരെ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 60 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ-42 രൂപ /CFC ഗ്രാന്റ് - 18 രൂപ വീതം വകയിരുത്തി ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

b) 5000 മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 45 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ-31.5 രൂപ /CFC ഗ്രാന്റ് - 13 .5 രൂപ വീതം വകയിരുത്തി ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

4. ദ്രവ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണം (ഗ്രേ വാട്ടർ മാനേജ്മന്റ്) -

a. 5000 വരെ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 280 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ-196 രൂപ /CFC ഗ്രാന്റ് - 84 രൂപ വീതം വകയിരുത്തി ദ്രവ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ നിർമാണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

b. 5000 മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ 660 രൂപ പ്രതിശീർഷ ചെലവിൽ SBM ഗ്രാമീൺ- 462 രൂപ /CFC ഗ്രാന്റ് - 198 രൂപ വീതം വകയിരുത്തി ദ്രവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്

5. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് യൂണിറ്റ് (RRF) -

ഒരു ബ്ലോക്കിൽ ഒന്ന് വീതം SBM ഗ്രാമീൺ വിഹിതം 16 ലക്ഷം രൂപ വരെ വകയിരുത്തി പദ്ധതി ഏറ്റെടുക്കാവുന്നതാണ്

6. ഗോബർദ്ധൻ പദ്ധതി - ജൈവമാലിന്യം ബയോ ഗ്യാസും കമ്പോസ്റ്റും ആക്കി മാറ്റുന്നതിന് ഒരു ജില്ലയിൽ പരമാവധി 50 ലക്ഷം രൂപ വരെ ചിലവിൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

വ്യക്തിഗത യൂണിറ്റുകളും കമ്മ്യൂണിറ്റി തല യൂണിറ്റുകളും വില്ലേജ്/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ ഏറ്റെടുക്കാവുന്നതാണ് .

7. ഫീക്കൽ സ്ലഡ്ജ് മാനേജ്മന്റ് സംവിധാനങ്ങൾ (കക്കൂസ് മാലിന്യ സംസ്കരണം)-

ജനസംഖ്യ അടിസ്ഥാനത്തിൽ പ്രതിശീർഷം 230 രൂപ കണക്കാക്കി S B M ഗ്രാമീൺ ഫണ്ട് ഉപയോഗിച്ച ഫീക്കൽ സ്ലഡ്ജ് മാനേജ്മന്റ് സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

8.4 സ്വച്ഛ് ഭാരത് (അർബൻ) പ്രകാരം ഏറ്റെടുക്കാവുന്ന പദ്ധതികൾ

1. ഖര മാലിന്യ സംസ്കരണം

A. കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപനതതലത്തിലും സാമൂഹിക തലത്തിലും സ്ഥാപിക്കുക - പ്രതിദിനം ഒരു ടൺ ശേഷിയുള്ള പ്ലാന്റിന് പരമാവധി 11.5 ലക്ഷം രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 11.5 ലക്ഷം രൂപയ്ക്ക മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

B. ബയോ മേത്തനഷൻ (ബയോ ഗ്യാസ്) പ്ലാന്റുകൾ സ്ഥാപന തലത്തിലും സാമൂഹിക തലത്തിലും സ്ഥാപിക്കുക- 20 ടൺ പ്രതിദിന ശേഷി വരെയുള്ള പ്ലാന്റുകൾക്ക് 11.5 ലക്ഷം രൂപ/TPD നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 11.5 ലക്ഷം രൂപയ്ക്ക മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്. 20 ടൺ പ്രതിദിന ശേഷിക്ക് മുകളിലുള്ള പ്ലാന്റുകൾക്ക് 1 8 ലക്ഷം രൂപ/ T P D നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 18 ലക്ഷം രൂപയ്ക്ക മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

C. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളുടെ നിർമാണം- പ്രതിദിനം ഒരു ടൺ ശേഷിയുള്ള പ്ലാന്റിന് പരമാവധി 8 .5 ലക്ഷം രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്. 8 .5 ലക്ഷം രൂപയ്ക്ക മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്. ബെയ്ലിങ് സംവിധാനം പ്ലാന്റിൽ നിർബന്ധമായും ഉൾപെടുത്തേണ്ടതാണ്.

D. ലെഗസി വേസ്റ്റ് ഡമ്പ് സൈറ്റ് റെമീഡിയഷൻ- ബയോ മൈനിങ് ബയോ റെമീഡിയഷൻ പ്രക്രിയ കളിലൂടെ ലെഗസി വേസ്റ്റുകൾ ഒഴിവാക്കുന്നതിന് ടണ്ണിന് പരമാവധി 5 5 0 രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിച്ച പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ടണ്ണിന് 550 രൂപയ്ക്ക മുകളിൽ വരുന്ന ചിലവുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം/ വികസന ഫണ്ട്/ശുചിത്വ കേരളം അർബൻ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

E. കെട്ടിട മാലിന്യ സംസ്കരണ പ്ലാന്റുകൾ- 5 ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ പ്രതിദിനം ഒരു ടൺ ശേഷിയുള്ള പ്ലാന്റിന് പരമാവധി 6 ലക്ഷം രൂപ നിരക്കിൽ SBM (U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്

F. പൊതു തെരുവുകൾ തൂത്തു വൃത്തിയാക്കുന്നതിനുള്ള യന്ത്രവൽകൃത സംവിധാനങ്ങൾ- ലക്ഷത്തിനു മുകളിൽ ജനസന്ഖ്യയുള്ള തിരുവനന്തപുരം,കൊച്ചി ,കോഴിക്കോട് കോർപ്പറേഷനുകളിൽ പ്രതിദിനം ഒരു മെഷീനിനു പരമാവധി 55 ലക്ഷം രൂപ നിരക്കിൽ SBM

(U) ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

2. സിറ്റി സാനിറ്റേഷൻ

A. വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ നിർമാണം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭൗതിക ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ SBM അർബൻ /CFC ഗ്രാന്റ് / വികസന ഫണ്ട് / തനതു ഫണ്ട് / CSR ഫണ്ട് എന്നിവ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്

B. കമ്മ്യൂണിറ്റി ടോയ്ലറ്റ്/ പബ്ലിക് ടോയ്ലറ്റ് / മൂത്രപ്പുര പദ്ധതികൾ SBM അർബൻ ഫണ്ട് ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. കമ്മ്യൂണിറ്റി ടോയ്ലറ്റ്/ പബ്ലിക് ടോയ്ലറ്റ് എന്നിവയ്ക്ക് സീറ്റ് ഒന്നിന് 1.5 ലക്ഷം രൂപ നിരക്കിലും ആസ്പിരേഷണൽ ടോയ്ലെറ്റുകൾക്ക് സീറ്റ് ഒന്നിന് 2.5 ലക്ഷം രൂപ നിരക്കിലും യൂറിനൽസിന് 32000 രൂപ നിരക്കിലും ആയിരിക്കും യൂണിറ്റ് കോസ്റ്റ്.

3. മലിന ജല സംസ്കരണ പദ്ധതികൾ -

1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകളിൽ SBM അർബൻ ഫണ്ട് ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. സീവർ നെറ്റ്വർക്ക് കണക്ടിവിറ്റിയുള്ള സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ പണിയുന്നതിന് പ്ലാന്റിന്റെ ചിലവിന്റെ 50% ഫണ്ട് കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. സീവർ നെറ്റ്വർക്ക് പണിയുന്നതിനുള്ള ചെലവ് CFC ഗ്രാന്റ് / വികസന ഫണ്ട്/ തനതു ഫണ്ട് / CSR ഫണ്ട് തുടങ്ങിയവയിൽ നിന്നും കണ്ടത്തേണ്ടതാണ്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), പദ്ധതികൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) , സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതികൾക്ക് ബാധകമായ പൂർണ്ണമായും പാലിക്കേണ്ടതാണ്.

8.5 ശുചിത്വ കേരളം- റൂറൽ പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1 . പൊതുസ്ഥലങ്ങളിലും ഗ്രന്ഥശാലകളിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് ഉൾപ്പെടെ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം.

2. ഗ്രാമങ്ങളിലെ സ്കൂളുകളിലും മറ്റ് വെള്ളക്കെട്ട്/തീരപ്രദേശങ്ങളിലും വെള്ളപ്പൊക്കം മൂലം കേടായ ടോയ്ലറ്റുകളുടെയും ഓൺസൈറ്റ് ട്രീറ്റ്മെന്റ് സിസ്റ്റങ്ങളുടെയും പുനർനിർമ്മാണം.

3. ഖരമാലിന്യ സംസ്കരണ പ്ലാന്റും അതിന്റെ പരിഷ്ക്കരണവും, മാലിന്യ സംസ്കരണത്തിനുള്ള MCF, RRF ഉപകരണങ്ങളും ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയവ

4. ഉറവിട മാലിന്യ സംസ്കരണം

5. ദ്രവ മാലിന്യ പരിപാലനം

6. മഴക്കാലത്തിനു മുമ്പുള്ള ശുചീകരണ കാമ്പയിൻ (ആരോഗ്യ ജാഗ്രത)

7. ശിൽപശാലകൾ, ശേഷി വർദ്ധിപ്പിക്കൽ, അവാർഡുകളും അംഗീകാരങ്ങളും, ഗവേഷണ വികസന പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെയുള്ള IEC പ്രവർത്തനങ്ങൾ

8. ഭരണപരമായ ചിലവ്

9. SHGs/ Start Ups, HKS എന്നിവയ്ക്കുള്ള പ്രാരംഭ ഹാൻഡ്ഹോൾഡിംഗ് പിന്തുണ

10. ഗ്രാമീണ പൊതു ശുചിത്വ സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം

11. പ്രളയം പോലുള്ള ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വവും മാലിന്യ സംസ്കരണവും

8.6. ശുചിത്വ കേരളം- അർബൻ പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. നഗരങ്ങളിലെ റോഡുകളും പൊതുസ്ഥലങ്ങളും യന്ത്രവൽകൃതമായി തൂത്തുവാരൽ

2. കെട്ടിടം പൊളിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ

3. വ്യക്തിഗത ഗാർഹിക ലീച് പിറ്റുകൾ സെപ്റ്റിക് ടാങ്ക്/ബയോ ഡൈജസ്റ്റർ ആക്കി മാറ്റുക

4 . നഗരപ്രദേശങ്ങളിലെ സ്ക്കൂളുകൾ/മറ്റ് വെള്ളക്കെട്ട്/തീരപ്രദേശങ്ങളിൽ വെള്ളപ്പൊക്കം മൂലം കേടായ ടോയ്ലറ്റുകളുടെയും ഓൺസൈറ്റ് ട്രീറ്റ്മെന്റ് സിസ്റ്റങ്ങളുടെയും പുനർനിർമ്മാണം

5. പൊതു സ്ഥലങ്ങളിൽ സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം

6. നഗരപ്രദേശങ്ങളിൽ ആധുനിക വേസ്റ്റ് ടു എനർജി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

7. ഖരമാലിന്യ സംസ്കരണ പ്ലാന്റും അതിന്റെ പരിഷ്കരണവും, MRF/RRF, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ

8. മാലിന്യത്തിന്റെ ഉറവിടതല സംസ്കരണം.

9. മഴക്കാല പൂർവ ശുചീകരണ കാമ്പയിൻ (ആരോഗ്യ ജാഗ്രത)

10. ശിൽപശാലകൾ, ശേഷി വർദ്ധിപ്പിക്കൽ, അവാർഡുകളും അംഗീകാരങ്ങളും, ഗവേഷണ വികസന പ്രവർത്തനങ്ങൾ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ ഉൾപ്പെടെയുള്ള IEC പ്രവർത്തനങ്ങൾ

11. ദ്രവ മാലിന്യ പരിപാലനം

12. SHGs/ Start Ups എന്നിവയ്ക്കുള്ള പ്രാരംഭ ഹാൻഡ്ഹോൾഡിംഗ് പിന്തുണ

13. നഗരങ്ങളിലെ പൊതു ശുചിത്വ സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം

14. പ്രളയം പോലുള്ള ദുരന്തവുമായി ബന്ധപ്പെട്ട ശുചിത്വവും മാലിന്യ സംസ്കരണവും

8.7 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

നഗരസഭകളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

1. എം.സി.എഫ് / എം.ആർ. എഫ്. കേന്ദ്രങ്ങളിലെ അജൈവ മാലിന്യങ്ങൾ തരം തിരിക്കൽ.

2. നഗരസഭകളിലെ മാലിന്യ പ്ലാന്റുകളുടെ ദിനം തോറുമുള്ള പരിപാലനം.

3. തുമ്പൂർ മൊഴി യൂണീറ്റുകൾ/ ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയുടെ ദിനം തോറുമുള്ള പരിപാലനം.

4. മാലിന്യ കൂന ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടം സൃഷ്ടിക്കൽ- പൊതു തെരുവുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ തൊഴിലാളികളെ എൽപ്പിക്കാവുന്നതാണ്.

5 . ജലാശയങ്ങളിലെ ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ, കൊതുക് പ്രജനന കേന്ദ്രങ്ങളായ കെട്ടി കിടക്കുന്ന വെള്ളം ഒഴുക്കികളയുക, ഓടകൾ / അഴുക്കുചാലുകൾ എന്നിവ വൃത്തിയാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ.

6. ജലാശയങ്ങളിലേക്ക് മാലിന്യം ഒഴുകുന്ന പൈപ്പുകൾ / ചാലുകൾ കണ്ടെത്തി നീക്കം ചെയ്യുക.

7 . മാലിന്യം നീക്കം ചെയ്ത് പൊതുഇടങ്ങളിൽ ചെടികളും മരങ്ങളും വച്ചു പിടിപ്പിച്ച് പച്ചത്തുരുത്ത്, പാർക്ക്, പൂന്തോട്ടം, മുതിർന്ന പൗരൻമാർക്ക് തണലിടങ്ങൾ എന്നിവ സൃഷ്ടിക്കുക.

8. സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന്റെ ഭാഗമായി വരുന്ന കുഴി എടുക്കൽ.

മേൽ പറഞ്ഞ പ്രവർത്തനങ്ങൾ നഗരസഭകളുടെ 2023 - 24 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപ്പെട്ടിട്ടില്ലെങ്കിൽ ലേബർ ബഡ്ജറ്റുകൾ ഭേദഗതി വരുത്തി മേൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അനുവാദം ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം നഗരസഭാ കൗൺസിലുകൾക്ക് നൽകുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ മേൽ പ്രവർത്തങ്ങളും ഉൾപ്പെടുത്തി മാലിന്യസംസ്കരണത്തിനു വേണ്ടിയുള്ള സമഗ്ര സംയോജിത പരിപാടി ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും എല്ലാ നഗരസഭകളും ഉൾപ്പെടുത്തേണ്ടതാണ്.

8.8 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ശുചിത്വവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്

- അന്ത്യോദയ ഗ്രാമപഞ്ചായത്തുകളിൽ വ്യക്തിഗത ശുചിമുറി നിർമ്മാണം
- ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴി ആക്കി മാറ്റൽ
- കമ്പോസ്റ്റ്പിറ്റ്, സോക്ക് പിറ്റ്, മിനി എം.സി.എഫ്. , തുമ്പൂർമൊഴി കമ്പോസ്റ്റ്പിറ്റ്, സോക്കേജ് ചാനൽ, വെർമി കമ്പോസ്റ്റ്പിറ്റ് എന്നിവയുടെ നിർമ്മാണം. ഇത്തരം പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും എം.ജി.എൻ.ആർ.ഇ. ജി.എസ്. -ൽ നിന്ന് നൽകുന്നതാണ്. റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല.
- സമഗ്ര എസ്.ടി., എസ്.സി. കോളനി നവീകരണം (സംയോജിത പദ്ധതി എന്ന രീതിയിൽ):
- പട്ടികജാതി കോളനികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുചിത്വപരിപാലനം ഉറപ്പുവരുത്തുന്നതിനും സോക്കേജ്പിറ്റുകൾ ഓവുചാലുകൾ തുമ്പൂർ മൊഴി കമ്പോസ്റ്റ് പിറ്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ്പദ്ധതികളുടെ സംയോജനംകൂടി ഉറപ്പാക്കി നടപ്പാക്കാവുന്നതാണ്.
- ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റ്
- വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അധികജലം ഒഴുക്കിവിടാനുള്ള ഓവുചാലുകൾ

മേൽപ്രവത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത്നടപ്പിലാക്കുന്നതിന്സാധിക്കുമെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഈ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുടെ മാലിന്യസംസ്കരണമേഖലയിലെ കാര്യക്ഷമമായ നടത്തിപ്പിനായി ചുവടെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 . ഹരിതകേരളം, ശുചിത്വ മിഷൻ കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്യാമ്പയിൻ നടത്തി ഗ്രണഭോക്താക്കളെ കണ്ടെത്തണം.

2 . വ്യക്തിഗത ഗ്രണഭോക്താക്കൾക്ക് കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടിയിലൂടെ വിതരണക്കാരെ കണ്ടെത്തി വാങ്ങി നൽകേണ്ടതാണ്.

3. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായിവരുന്ന വിദഗ്ധ അർദ്ധ വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് തൊഴിലുറപ്പ് തൊഴിലാളികൾക്ക് മികവ് പരിശീലനം സംഘടിപ്പിക്കണം. കുടുംബശ്രീ പരിശീലനം ലഭ്യമാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ഗ്രൂപ്പുകളിൽപ്പെട്ട തൊഴിലാളികളെയും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

8.9 കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) കീഴിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ (നഗരസഭകൾക്ക് മാത്രം):

കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) പ്രകാരം ലഭിക്കുന്ന ഫണ്ടിനെ Basic Grant (40%) എന്നും Incentive Grant (60%) എന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്. പദ്ധതിക്ക് സന്നദ്ധമായി KSWMP യുമായി കരാറിൽ ഏർപ്പെടുമ്പോൾ തന്നെ 40% Basic Grant ലഭിക്കാൻ നഗരസഭകൾ അർഹത നേടുന്നതാണ്. താഴെ പറയുന്ന 3 നിബന്ധനകൾ പാലിക്കുന്ന മുറയ്ക്ക് 40 % Incentive Grant ലഭിക്കുന്നതാണ്.

1. നഗരത്തിനായി സമഗ്രമായ 5 വർഷത്തെ ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുക.

2. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾക്കും സംസ്ഥാന സർക്കാറിന്റെ ഖരമാലിന്യ പരിലപാലന നയങ്ങൾക്കും തന്ത്രങ്ങൾക്കും അനുസൃതമായി ബൈലാ പുറപ്പെടുവിക്കുക.

3. മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സ്ഥലത്തേക്കുള്ള പ്രവേശനം ഉറപ്പാക്കുക

അവശേഷിക്കുന്ന 20% Incentive Grant ൽ 5 % വീതം താഴെ പറയുന്ന ഓരോ ഘടകങ്ങളും പൂർത്തിയാക്കുമ്പോൾ ലഭിക്കുന്നതാണ്.

1 . കേരള സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 2 വീതം ജീവനക്കാരെ നഗരസഭയിൽ നിയമിക്കുക.

2 . മാലിന്യ സംസ്കരണത്തിനും ഗതാഗത സേവനത്തിനുമായി പ്രകടനത്തെ അടിസ്ഥാനമാക്കി കരാറുകളിൽ ഏർപ്പെടുക.

3. യൂസർ ഫീ ചുമത്തുന്നതിനും Operation & maintenance എന്നിവയ്ക്കായി പദ്ധതി തയ്യാറാക്കുക.

4. പരാതി പരിഹാര സംവിധാനങ്ങൾ ഉൾപ്പടെ മോണിറ്ററിംഗും വിലയിരുത്തലും നടപ്പാക്കുക.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും ഖരമാലിന്യ പരിപാലന പദ്ധതി (SWM Plan) തയ്യാറാക്കുന്ന ജോലികൾ അവസാനഘട്ടത്തിലാണ്. KSWMP യുടെ രണ്ടാം വർഷ പദ്ധതികൾ തയ്യാറാക്കുമ്പോൾ നഗരസഭകളുടെ SWM Plan -ൽ ഉൾപ്പെട്ട പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

കേരള ഖരമാലിന്യ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികളെ ട്രാക്ക്- 1, ട്രാക്ക് - 2 എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ട്രാക്ക് -1-ൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ഖരമാലിന്യ പരിപാലന പദ്ധതിയുടെ കീഴിൽ തയ്യാറാക്കുന്ന SWM Plan - ന് വിധേയമായി ഏറ്റെടുത്ത് മാനദണ്ഡങ്ങൾ പാലിച്ച് നിർവഹണം ആരംഭിക്കാവുന്നതാണ്.

അനുവദനീയമായ പ്രവർത്തികൾ	**കാറ്റഗറി**
1. ജനറേറ്റർ തലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം- കുടുംബങ്ങൾ, സ്ഥാപനങ്ങൾ/മാർക്കറ്റുകൾ (ബിന്നുകൾ, ജൈവമാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ)	ട്രാക്ക് - 1
2. ശേഖരണവും ഗതാഗതവും- വാഹനങ്ങളും ഉപകരണങ്ങളും, സെക്കന്ററി ബിന്നുകൾ, സെക്കൻഡറി സ്റ്റോറേജ് സൗകര്യങ്ങൾ	ട്രാക്ക് - 2
3. **പ്രോസസ്സിംഗ്**	

നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുക - MCF/ RRF/കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ്, കമ്പോസ്റ്റിംഗ്	ട്രാക്ക് - 1
പുതിയ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ*	ട്രാക്ക് - 2
പുതിയത് - MCF/ RRF*	ട്രാക്ക് - 2
നഗരതല കമ്പോസ്റ്റിംഗ്	ട്രാക്ക് - 2
താൽക്കാലിക സംഭരണ സൗകര്യങ്ങൾ	ട്രാക്ക് - 2
ഡംപ്സൈറ്റുകളുടെ റീഹാബിലിറ്റേഷനും ഇൻക്രിമെന്റൽ ഡിസ്പോസൽ സെല്ലുകളുടെ വികസനവും	ട്രാക്ക് -1
സെക്കൻഡറി ഗതാഗതം (ശരാശരി ഗതാഗത ദൂരം 60 കി.മീ)	ട്രാക്ക് - 2
4. **കൊവിഡുമായി ബന്ധപ്പെട്ട ചെലവുകൾ**	
എ) IEC ബി) സാങ്കേതിക സഹായം, സി) സിറ്റിസൺ ഔട്ട് റീച്ച്, ഡി) ശിൽപശാലകളും കൺസൾട്ടേഷനും, ഇ) സർവേകൾ എഫ്) ആസൂത്രണം എന്നീ പ്രവർത്തനങ്ങൾക്കായി വ്യക്തികളെ അല്ലെങ്കിൽ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുക അല്ലെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവ്	ട്രാക്ക് - 1
പൊതു ശുചീകരണം, ശുചിത്വം, ശുചിത്വ പ്രവർത്തനങ്ങൾ	ട്രാക്ക് - 1
മാലിന്യ സംസ്കരണ തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സംരക്ഷണ ഗിയറുകളുടെയും ഉപകരണങ്ങളുടെയും പിന്തുണ	ട്രാക്ക് - 1
വനിതാ സ്വയം സഹായ സംഘങ്ങൾ ഉൾപ്പെടെയുള്ള ശുചീകരണ, മാലിന്യ	ട്രാക്ക് - 1

സംസ്കരണ തൊഴിലാളികൾക്ക് ഉപജീവന സഹായവും വേതനവും	
5. **O & M സബ്സിഡി**	
പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള ശേഖരണത്തിനും ഗതാഗത കരാറിനും കീഴിലുള്ള പേയ്മെന്റുകൾ	ട്രാക്ക് - 1
ഒരു കരാറിന് കീഴിൽ പ്രവർത്തിക്കുന്ന നഗരത്തിലുടനീളം കമ്പോസ്റ്റിംഗ് സൗകര്യങ്ങൾക്കുള്ള പേയ്മെന്റുകൾ	ട്രാക്ക് - 1
ക്ലസ്റ്റർ സൗകര്യങ്ങളിലേക്കും റീജിയണലുകളിലേക്കും ടിപ്പിംഗ് ഫീസ് ഉൾപ്പെടെ, പങ്കിട്ട പ്രാദേശിക സൗകര്യങ്ങളിൽ പങ്കെടുക്കുന്നതിന് നൽകേണ്ട നിരക്കുകൾ	ട്രാക്ക് - 1
പ്രാദേശിക ലാൻഡ്ഫില്ലുകളിലേക്കുള്ള സെക്കണ്ടറി ഗതാഗതത്തിനുള്ള നിരക്കുകൾ	ട്രാക്ക് - 1

ട്രാക്ക് 2- ആയി തരം തിരിച്ചിട്ടുള്ള പ്രോജക്ടുകൾ നഗരസഭകൾ ഏറ്റെടുക്കുന്നതിന് മുൻപ് 2016 ലെ ദേശീയ ഖരമാലിന്യ ചട്ടങ്ങൾക്കും - മറ്റ് ദേശീയ നിയമങ്ങൾക്കുമനുസരിച്ച് മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സൗകര്യത്തിലേക്കുള്ള പ്രവേശനം/ഉപയോഗം സ്ഥിരീകരിക്കേണ്ടതാണ്.

*കുറിപ്പ്: - ഫൈനൽ ഡിസ്പോസൽ ഫെസിലിറ്റികളിലേക്ക് മാലിന്യം സൃഷ്ടിക്കുന്നില്ലെങ്കിൽ, അത്തരം പ്രോജക്ടുകളെ ട്രാക്ക് - 1 ആയി കണക്കാക്കുന്നതാണ്.

9. നിർവ്വഹണം

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായ ഹ്രസ്വകാലത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ 30/11/2023 നു മുൻപും ദീർഘകാല ലക്ഷ്യങ്ങൾ 31/3/2024 നകവും പൂർത്തീകരിക്കേണ്ടതാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുക്കുന്ന നിർമ്മാണ സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയറിങ്

വിഭാഗമാണ്. എന്നാൽ, ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനം ഇല്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ പ്രോജക്ടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. നഗരസഭകളിൽ നിർമ്മാണ പ്രവർത്തികൾ ഇല്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ പ്രോജക്ടുകൾ ഹെൽത്ത് ഓഫീസർ /ക്ലീൻ സിറ്റി മാനേജറും/ ഹെൽത്ത് ഇൻസ്പെക്ടർമാരും നടപ്പിലാക്കേണ്ടതാണ്. നിർവ്വഹണ ഘട്ടങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ ശുചിത്വ മിഷന്റെയും ക്ലീൻ കേരള കമ്പനിയുടെയും സാങ്കേതിക സഹായം തേടാവുന്നതാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കി അത്തരം പ്രവർത്തികളുടെ നിർമ്മാണം സർക്കാർ ഇതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നിർവഹിക്കാവുന്നതാണ്.

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ മുഴുവൻ പ്രവർത്തനങ്ങളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത്/കൗൺസിലും ഓരോ ആഴ്ചയും വിലയിരുത്തേണ്ടതാണ്. 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലെ ഏകോപനം അസിസ്റ്റൻറ് സെക്രട്ടറി/ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ഏകോപനം ഹെൽത്ത് ഓഫീസർ/ക്ലീൻ സിറ്റി മാനേജരും / ഹെൽത്ത് ഇൻസ്പെക്ടർമാരും നിർവ്വഹിക്കേണ്ടതാണ്.

10. മോണിറ്ററിംഗ് - ജില്ലാ ആസൂത്രണ സമിതികൾ

1. മേൽ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സമഗ്ര ശുചിത്വ മാലിന്യസംസ്കരണത്തിനുള്ള പദ്ധതികൾ ഏറ്റെടുത്ത് 31/07/2023 - ന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി എന്ന് ഉറപ്പാക്കേണ്ടതാണ്. ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവഹണം എല്ലാ മാസവും ജില്ലാ ആസൂത്രണ സമിതി വിലയിരുത്തേണ്ടതും പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സഹായങ്ങളും നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

2. ബന്ധപെട്ട ജില്ലാ ഉദ്യോഗസ്ഥർ/ഏജൻസികളുടെ ചുമതലക്കാർ വിവിധ സ്കീമുകൾ/പ്രൊജക്ടുകൾ എന്നിവയിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കാവുന്ന തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് DPC

ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. പ്രൊജക്ട് ഡയറക്ടർ, KSWMP
16. ഡയറക്ടർ, MGNREGS
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
19. മിഷൻ ഡയറക്ടർ, അമൃത്
20. മാനേജിംഗ് ഡയറക്ടർ, CKCL
21. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
22. എല്ലാ ജില്ലാ കളക്ടർമാർക്കും
23. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

25. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

26. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

27. ഡയറക്ടർ ജനറൽ, കില

28. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

30. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്

31. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്

32. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതിയിൽ തദ്ദേശഭരണസ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തുന്നത് - അധിക വ്യവസ്ഥകൾ ഉൾപ്പെടുത്തി - പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2080/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.8

ഉത്തരവ്

പതിനാലാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ, ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പരാമർശം (1) മാർഗ്ഗരേഖ, നഗരകാര്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പരാമർശം (1) മാർഗ്ഗരേഖ, എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതിയിൽ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരേയും ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനു പുറത്തു നിന്ന് വിദഗ്ധരെ ഉൾപ്പെടുത്തുകയാണെങ്കിൽ ആകെ അംഗങ്ങളുടെ പരമാവധി 15 ശതമാനം ആൾക്കാരെ മാത്രമേ ഇപ്രകാരം പുറത്തു നിന്ന് ഉൾപ്പെടുത്താവൂ. കഴിവതും അതത് തദ്ദേശഭരണ സ്ഥാപനത്തിലെ വിദഗ്ധനെ തന്നെ വൈസ് ചെയർമാനായി നിശ്ചയിക്കുന്നതാണ് അഭികാമ്യം. ആസൂത്രണസമിതിയുടെ വൈസ് ചെയർമാനായി നിയോഗിക്കപ്പെടുന്ന വിദഗ്ധൻ മറ്റൊരു തദ്ദേശഭരണസ്ഥാപനത്തിൽ വൈസ് ചെയർമാനായോ വിദഗ്ധാംഗമായോ പ്രവർത്തിക്കാൻ പാടില്ല.

2. മേൽ പ്രകാരം പരാമർശം (1), (2) മാർഗ്ഗരേഖകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷൻ ആവിഷ്കരിച്ച പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2128/2023/LSGD തീയതി,തിരുവനന്തപുരം, 31-10-2023

പരാമർശം:-
1. സ.ഉ. (കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ. (കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ. (കൈ)നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ. (കൈ)നം.214/2022/തസ്വഭവ; തീയതി 15.09.2022
5. സ.ഉ. (കൈ)നം.3/2023/തസ്വഭവ; തീയതി 04.01.2023
6. സ.ഉ. (സാധാ)നം.989/2023/തസ്വഭവ; തീയതി 06.05.2023
7. കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടറുടെ 22/07/2023 ലെ 543/GL/KKEM/2023 -ാം നമ്പർ കത്ത്
8. സ.ഉ. (സാധാ)നം.2117/2023/തസ്വഭവ; തീയതി 30.10.2023

ഉത്തരവ്

പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസര സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. സ്വയംതൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടുവാൻ പ്രാപ്തരാക്കുന്ന നൈപുണ്യ പരിശീലനപരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുമുണ്ട്. തൊഴിൽ സഭകൾ വിളിച്ചു കൂട്ടുന്നതുൾപ്പെടെയുള്ള ഇതിനാവശ്യമായ നിർദേശങ്ങൾ പരാമർശം 1 മുതൽ 6 വരെയുള്ള ഉത്തരവുകൾ വഴി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. കേരളത്തിലെ ഐടിഐ/ഡിപ്ലോമ/പ്ലസ് ടു വിന് മുകളിൽ യോഗ്യതയുള്ള, DWMS (Digital Workforce Management System) ൽ രജിസ്റ്റർ ചെയ്തിട്ടുള്ള, 14.1 ലക്ഷം തൊഴിലന്വേഷകർക്ക് വേണ്ടി കേരള നോളജ് ഇക്കോണമി മിഷൻ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് 'എന്റെ തൊഴിൽ എന്റെ അഭിമാനം 2.0'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ ജില്ലകളിലും തൊഴിൽമേളകൾ സംഘടിപ്പിച്ച് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ അവരുടെ

വിദ്യാഭ്യാസയോഗ്യതക്കും കഴിവിനും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. തൊഴിൽ അന്വേഷകരുടെ അഭിരുചി മനസിലാക്കി, ആവശ്യമായ നൈപുണ്യപരിശീലനങ്ങൾ നൽകി അവർക്ക് വൈജ്ഞാനിക തൊഴിൽ ലഭ്യമാക്കുകയും വൈജ്ഞാനിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സമീപസ്ഥലത്തുതന്നെ സൗകര്യപ്രദമായ അത്യാധുനിക തൊഴിലിടങ്ങൾ ഒരുക്കുന്നതിനായി വർക്ക് നിയർ ഹോമുകൾ സ്ഥാപിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. താല്പര്യമുള്ള തൊഴിലുകളിലേക്ക് തൊഴിൽ അന്വേഷകരെ എത്തിക്കുന്നതിനുള്ള പിന്തുണ കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണ്.

3. കേരള നോളജ് ഇക്കോണമി മിഷൻ വിഭാവനം ചെയ്തിട്ടുള്ള മേല്പറഞ്ഞ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ചുവടെ പറയുന്ന നാല് പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് പരാമർശം 7 ലെ കത്ത് പ്രകാരം കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

i. എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ
ii. എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ
iii. എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - തൊഴിൽമേള സംഘടിപ്പിക്കൽ
iv. എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - വർക്ക് നിയർ ഹോം സൗകര്യം ഏർപ്പെടുത്തൽ

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകളോടോപ്പം ചുവടെ നൽകിയിരിക്കുന്ന മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി മേൽ പ്രോജക്ടുകൾ കൂടി 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

4.1 എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - കേരള നോളജ് ഇക്കോണമി മിഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ:-

i. **പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** DWMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും അല്ലാത്തവരുമായ തൊഴിലന്വേഷകർക്ക് തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനും, അവരുമായി കൃത്യമായി സംവദിക്കുന്നതിനും ചുമതല നല്കിയിട്ടുള്ള കമ്മ്യൂണിറ്റി അംബാസിഡർക്ക് പ്രവർത്തിക്കുന്നതിനുള്ള സ്ഥിരമായ ഒരു പ്രത്യേക ഫെസിലിറ്റേഷൻ സെന്റർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

ii. **വിഭവ വകയിരുത്തൽ :** വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സാഹചര്യത്തിനനുസരിച്ച് ആവശ്യമായ തുക

ഈ പ്രോജക്ടിനായി വകകൊള്ളിക്കാവുന്നതാണ്.

iii. **പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:-** 100 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള പ്രത്യേക സ്ഥലസൗകര്യം കുടുംബശ്രീ കമ്മ്യൂണിറ്റി അംബാസിഡർക്കായി പഞ്ചായത്ത്/നഗരസഭ ഓഫീസിൽ സജ്ജീകരിക്കണം. നെയിം ബോർഡ്, മേശകൾ, കസേരകൾ, സ്റ്റേഷണറി, ലാപ്പ്ടോപ്പ്, ഇന്റർ നെറ്റ് സൗകര്യം, ഫാൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അവിടെ ലഭ്യമാക്കണം. പഞ്ചായത്ത്/നഗരസഭ ഓഫീസിൽ ഇതിനായി സ്ഥലസൗകര്യം ലഭ്യമല്ലെങ്കിൽ സി.ഡി.എസ് ഓഫീസിനോടനുബന്ധിച്ച് കമ്മ്യൂണിറ്റി അംബാസിഡർക്കായുള്ള ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാവുന്നതാണ്. പരാമർ ശം 3 ലെ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുള്ള എന്റർപ്രണർഷിപ്പ് ആൻഡ് എംപ്ലോയ്മെന്റ് ഹെൽപ് ഡെസ്കിൽ ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാണെങ്കിൽ അവിടെ പ്രത്യേകമായി ഇതിനു വേണ്ടി സ്ഥലം ലഭ്യമാക്കിയാലും മതിയാകുന്നതാണ്. ഇതുവരെ പരാമർശം 3 ലെ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുള്ള എന്റർപ്രണർഷിപ്പ് ആൻഡ് എംപ്ലോയ്മെന്റ് ഹെൽപ് ഡെസ്ക് സ്ഥാപിക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി അംബാസിഡർക്കായി സ്ഥലസൗകര്യം ഏർപ്പെടുത്തുമ്പോൾ എന്റർപ്രണർഷിപ്പ് ആൻഡ് എംപ്ലോയ്മെന്റ് ഹെൽപ് ഡെസ്കിനും കൂടിയുള്ള സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.

iv. **നിർവ്വഹണ ഉദ്യോഗസ്ഥൻ:-** ഈ പ്രോജക്ടിന്റെ ഭാഗമായുള്ള വാങ്ങലുകൾ സെക്രട്ടറിയും നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് അസിസ്റ്റന്റ് എഞ്ചിനീയറും നിർവ്വഹിക്കേണ്ടതാണ്.

v. ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഈ പ്രോജക്ട് ഏറ്റെടുത്താൽ മതിയാകുന്നതാണ്. ഈ പ്രോജക്ട് ഉല്പാദനമേഖലയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

4.2 എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽപദ്ധതി - നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ:-

i. **പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** - കേരള നോളജ് ഇക്കോണമി മിഷന്റെ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരുടെ യോഗ്യതയും അഭിരുചിയും മനസ്സിലാക്കി അവർക്ക് തൊഴിലവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമായ നൈപുണ്യപരിശീലനം നൽകി അവരുടെ കാര്യശേഷി വർദ്ധിപ്പിച്ച് അവരെ തൊഴിൽ പ്രാപ്തരാക്കുന്നതിനാണ് ഈ പ്രോജക്ട് ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് കഴിവിന്റെയും വിദ്യാഭ്യാസയോഗ്യതയുടെയും അഭിരുചിയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അവരുടെ നൈപുണ്യവും നിലവിലുള്ള വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനു ഉദ്ദേശിക്കുന്നു.

ii. **വിഭവ വകയിരുത്തൽ:** - (1) കേരള നോളേജ് ഇക്കോണമി മിഷൻ മുഖേന നടത്തുന്ന നൈപുണ്യ പരിശീലന പരിപാടികളുടെ യൂണിറ്റ് കോസ്റ്റ് കേരള നോളേജ് ഇക്കോണമി മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്. ഇപ്രകാരം നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്ന

സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ചുവടെ ചേർക്കുന്നു.

ക്രമ നം	വിഭാഗം	യൂണിറ്റ് കോസ്റ്റ്	കേരള നോളേജ് ഇക്കോണമി മിഷൻ നല്കുന്ന സബ്സിഡി	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്ന സബ്സിഡി
1	പട്ടിക വർഗ്ഗം, അഗതി ആശ്രയ, അതിദരിദ്രർ	കേരള നോളേജ് ഇക്കോണമി മിഷൻ നിശ്ചയിക്കുന്ന പ്രകാരം	യൂണിറ്റ് കോസ്റ്റിന്റെ 70 ശതമാനം; പരമാവധി 20,000 രൂപ	യൂണിറ്റ് കോസ്റ്റിന്റെ 100 ശതമാനമാക്കുന്നതിനുള്ള ബാക്കി തുക
2	പട്ടികജാതി, ഭിന്നശേഷിയുള്ളവർ,ട്രാൻസ് ജെൻഡേഴ്സ്, മത്സ്യ തൊഴിലാളികൾ, വിധവകൾ, മാതാവിന്റെ അല്ലെങ്കിൽ പിതാവിന്റെ മാത്രം സംരക്ഷണയിലുള്ള വനിതകൾ, കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയുള്ള പൊതു വിഭാഗം വനിതകൾ,	കേരള നോളേജ് ഇക്കോണമി മിഷൻ നിശ്ചയിക്കുന്ന പ്രകാരം	യൂണിറ്റ് കോസ്റ്റിന്റെ 70 ശതമാനം; പരമാവധി 20,000 രൂപ	യൂണിറ്റ് കോസ്റ്റിന്റെ 75 ശതമാനമാക്കുന്നതിനുള്ള ബാക്കി തുക
3	മറ്റുള്ളവർ	കേരള നോളേജ് ഇക്കോണമി മിഷൻ നിശ്ചയിക്കുന്ന പ്രകാരം	ഇല്ല*	യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനം

*കുറിപ്പ്: മറ്റുള്ള വിഭാഗക്കാർക്കായി കേരള നോളേജ് ഇക്കോണമി മിഷൻ എന്തെങ്കിലും സബ്സിഡി നൽകുകയാണെങ്കിൽ യൂണിറ്റ് കോസ്റ്റിന്റെ 5 0 ശതമാനമാക്കുന്നതിനുള്ള ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കാവുന്നതാണ്.

2. കേരള നോളേജ് ഇക്കോണമി മിഷൻ നല്കുന്നത് കഴിച്ചുള്ള ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ പട്ടികയിൽ നല്കിയിട്ടുള്ള പ്രകാരം നീക്കി വയ്ക്കേണ്ടതാണ്. കേരള നോളജ് ഇക്കണോമി മിഷന്റെ വിഹിതം അവർ പരിശീലക ഏജൻസിക്ക് ആദ്യം നൽകുന്നതാണ്. പരിശീലനത്തിന്റെ പുരോഗതി കേരള നോളജ് ഇക്കണോമി മിഷൻ വിലയിരുത്തിയ ശേഷം കേരള നോളജ് ഇക്കണോമി മിഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാക്കി സബ്സിഡി തുക തദ്ദേശ സ്വയംഭരണ സ്ഥാപനം പരിശീലക ഏജൻസിക്ക്

നല്കേണ്ടതാണ്.

3. കേരള നോളേജ് ഇക്കോണമി മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തതോടെ നടപ്പാക്കുന്ന നൈപുണ്യപരിശീലന പരിപാടികൾക്ക് മാത്രമാണ് മേല്പറഞ്ഞ സബ്സിഡി നിരക്കുകൾ ബാധകമായിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി നേരിട്ട് ഏറ്റെടുക്കുന്ന നൈപുണ്യപരിശീലനങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5.2(സി) യിൽ പ്രതിപാദിച്ചിട്ടുള്ള സബ്സിഡി നിരക്കുകളും മാനദണ്ഡങ്ങളുമാണ് ബാധകമാക്കേണ്ടത്.

4. വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ ഈ പ്രോജക്ടിനായി ഉപയോഗിക്കാവുന്നതാണ്

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കേരള നോളേജ് ഇക്കോണമി മിഷൻ നടത്തുന്നതോ ആയ നൈപുണ്യ പരിശീലനപരിപാടികൾക്ക് കുടുംബ വാർഷികവരുമാന പരിധി ബാധകമല്ല. കുടുംബ വാർഷിക വരുമാനം പരിഗണിക്കാതെ തന്നെ നൈപുണ്യ പരിശീലന പരിപാടികൾക്ക്, മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി, സബ്സിഡി അനുവദിക്കാവുന്നതാണ്. പരാമർശം 3 ഉത്തരവിലെ ഖണ്ഡിക 6.5.2(സി) ക്ക് താഴെയുള്ള കുറിപ്പ് (1) ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

iii. **ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ:-** ഈ പ്രോജക്ടിന്റെ ഭാഗമായുള്ള നൈപുണ്യ പരിശീലന പരിപാടികൾക്ക് ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണ്. ഗുണഭോക്തൃ പട്ടിക അടുത്ത് ചേരുന്ന ഗ്രാമ സഭാ /വാർഡ് സഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്.

iv. **പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:-** കേരള നോളജ് ഇക്കോണമി മിഷന്റെ 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി DWMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരുടെ അഭിരുചിയും താൽപര്യവും അനുസരിച്ചുള്ള മേഖലയിലെ നൈപുണ്യ വികസന പരിപാടികൾ മിഷൻ അംഗീകരിച്ചിട്ടുള്ള (DWMS ൽ ലിസ്റ്റ് ചെയ്തിട്ടുള്ള) സ്ഥാപനങ്ങൾ വഴിയാണ് തൊഴിൽ അന്വേഷകർക്ക് നൽകേണ്ടത്.

v. **നിർ വ്വഹണ ഉദ്യോഗസ്ഥൻ:** ഗ്രാമപഞ്ചായത്തുകളിൽ ഈ പ്രോജക്ടിന്റെ നിർവ്വഹണം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും നഗരഭരണ സ്ഥാപനങ്ങളിൽ യു.പി.എ പ്രോജക്ട് ഓഫീസർ/ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറും നടത്തേണ്ടതാണ്.

vi. എല്ലാ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഈ പ്രോജക്ട് ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

4.3 എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - തൊഴിൽമേള സംഘടിപ്പിക്കൽ

i. **പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** കേരള നോളജ് ഇക്കോണമി മിഷന്റെ എന്റെ തൊഴിൽ എന്റെ

അഭിമാനം എന്ന പദ്ധതിയുടെ ഭാഗമായി DWMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരിൽ നൈപുണ്യ വികസന പരിശീലനം ലഭിച്ചിട്ടുള്ളവർക്കും DWMS വഴി രജിസ്ട്രേഷനും പ്രൊഫൈൽ കംപ്ലീഷനും മറ്റ് അനുബന്ധ സർവ്വീസുകളും ഉപയോഗപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും പ്രാദേശികമായും അല്ലാതെയും ലഭ്യമായിട്ടുള്ള തൊഴിൽ അവസരങ്ങൾ പരിചയപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

ii. **വിഭവ വകയിരുത്തൽ:** ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 2 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപാലിറ്റികളിലും പരമാവധി 4 ലക്ഷം രൂപയും ജില്ല പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും പരമാവധി 6 ലക്ഷം രൂപയും തൊഴിൽമേളയുടെ നടത്തിപ്പിനായി ഉപയോഗിക്കാവുന്നതാണ്. തൊഴിൽമേള നടത്തിപ്പിനാവശ്യമായ ചെലവിന്റെ 3 0 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണ്. ബാക്കി തുക വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ഇതിനായി വകകൊള്ളിക്കാവുന്നതാണ്.

iii. **പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:** (1) തൊഴിൽമേള നടത്തുന്നതിന് അനുയോജ്യമായ ഹാൾ/ഗ്രൗണ്ട് കണ്ടെത്തൽ (2) പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്റ്റാളുകൾ സജ്ജീകരിക്കൽ (3) മേശ, കസേര, ഫാൻ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, കുടിവെള്ളം, ഭക്ഷണം, ബാനർ, സ്റ്റേഷണറി മുതലായവ ലഭ്യമാക്കൽ (4) റിസപ്ഷൻ കൗണ്ടർ സജ്ജീകരിക്കൽ (5) തൊഴിൽ ദാതാക്കൾക്കുള്ള പരിശീലനം (6) എംപ്ലോയർ കോൺക്ലേവ് നടത്തൽ

iv. **നിർവ്വഹണ ഉദ്യോഗസ്ഥൻ:** ഈ പ്രോജക്ട് സെക്രട്ടറി നിർവ്വഹണം നടത്തേണ്ടതാണ്.

v. ഈ പ്രോജക്ട് ഉല്പാദനമേഖലയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്. തൊഴിൽ മേള നടത്തേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണ്.

4.4 എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - വർക്ക് നിയർ ഹോം സൗകര്യം ഏർപ്പെടുത്തൽ

ഈ പ്രൊജക്ടിന്റെ മാർഗനിർദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

5 . മേൽ വിവരിച്ച പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായ ലക്ഷ്യപ്രാപ്തിയ്ക്കും ആവശ്യമായ സാങ്കേതിക ഉപദേശവും ഫെസിലിറ്റേഷനും കേരള നോളജ് ഇക്കോണമി മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

6. പരാമർശം 8 ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ടി ഭേദഗതിക്കൊപ്പം മേല്പറഞ്ഞ പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
12. ഡയറക്ടർ, കേരള നോളജ് ഇക്കോണമി മിഷൻ
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ കമ്മിറ്റി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. ഡയറക്ടർ, കേരള നോളജ് ഇക്കോണമി മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
24. വ്യവസായ വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.198/2023/LSGD തീയതി,തിരുവനന്തപുരം, 13-11-2023

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023
5. സർക്കുലർ നം. എഫ്.എം.3/138/2023-തസ്വഭവ; തീയതി 23.05.2023
6. സ.ഉ.(സാധാ) നം. 1401/2023/തസ്വഭവ; തീയതി 10.07.2023

ഉത്തരവ്

2024-25 വർഷത്തെ വികസന പദ്ധതികൾക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. ആസന്നമായിരിക്കുന്ന ലോക് സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കാലേക്കൂട്ടിതന്നെ വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. അതിൽ വീഴ്ചയുണ്ടായാൽ തെരഞ്ഞെടുപ്പ് പ്രവർത്തനം പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെയും കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മറ്റ് പ്രോജക്ടുകളുടെയും വിശദാംശങ്ങൾ 2024 ജനുവരിയിൽ തന്നെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ്-ലോഡ് ചെയ്യണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നിർദ്ദേശിച്ചിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ 2024 ജനുവരിയോടെ പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമമാണ് നിർദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2024-25 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഈ വാരം തന്നെ ആരംഭിക്കേണ്ടതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പരാമർശം 1 പ്രകാരമുള്ള മാർഗരേഖയും നഗരഭരണ സ്ഥാപനങ്ങൾ പരാമർശം 2 പ്രകാരമുള്ള മാർഗരേഖയും അവലംബിച്ചു വേണം അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കേണ്ടത്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള

മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്. പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രാദേശിക തലത്തിൽ പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപപ്പെടേണ്ടത്. ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകളും കണക്കിലെടുക്കണം.

3. മുൻനിര പരിപാടികളിൽ പ്രധാനപ്പെട്ട അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അടുത്ത വാർഷിക പദ്ധതിയിൽ ഉയർന്ന മുൻഗണന നൽകണം. അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവ്വഹണ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതും മതിയായ വിഹിതം വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

4. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകി സ്വയംതൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും അടുത്ത വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്.

5. പ്രാഥമിക ഉല്പാദന മേഖലകളായ കാർഷിക, മൃഗ സംരക്ഷണ, മത്സ്യ, ക്ഷീര വികസന മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റ് സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/ കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ യജ്ഞത്തിൽ

പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

i. സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.
ii. ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന്) കൈമാറേണ്ടതാണ്.
iii. സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.
iv. പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്മ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.
v. തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.
vi. കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണസ്ഥാപങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.
vii. വിള ഇൻഷ്വറൻസിന് സർക്കാർ സ്കീം ഉപയോഗപ്പെടുത്തേണ്ടതാണ്.

6. നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

7. കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുളള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നൽകി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

8. ലൈഫ് പ്രോജക്ട്, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവ് വിളക്കുകൾ

മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്കും അടുത്ത വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകേണ്ടതാണ്.

9. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.16 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ പരാമർശം 1, 2 ഉത്തരവുകളുടെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മതിയായ വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചു ചേർക്കേണ്ടതാണ്.

10. കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റിൽ നിന്നും ഓരോ ഉപകേന്ദ്രത്തിനും 55.50 ലക്ഷം രൂപ വീതം ലഭ്യമാക്കാൻ കഴിയും. എന്നാൽ സ്ഥലം വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയുകയില്ല. അതിനാൽ സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം, വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കണമെന്ന് പരാമർശം 5 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 ൽ സ്ഥലം ലഭ്യമാക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അതിനുള്ള പ്രോജക്ട് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

11. 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം കൈവരിക്കാൻ ഈ വർഷം സാധിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിന് വരും വർഷം കഴിയണം. ഇതോടൊപ്പം സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ അടുത്ത സാമ്പത്തിക വർഷം നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിലെ വിവിധ ഘടകങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള പ്രത്യേക മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിപ്പിക്കുന്നതാണ്.

1. 'മാലിന്യ മുക്തം നവകേരളം' രണ്ടാം ഘട്ട ക്യാമ്പയിനിന്റെ അവസാനത്തിൽ തദ്ദേശ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന അവസ്ഥാ വിശകലന

റിപ്പോർട്ടിൽ നിന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വിടവുകൾ മനസിലാക്കാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കാനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

2. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കുന്നതിനോടൊപ്പം നിലവിലുള്ള പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ആധുനികവത്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്കരണ ശേഷി ഉയർത്തുന്നതിനും അധിക സംസ്കരണ സൗകര്യം ഒരുക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.
3. ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കേണ്ടതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.
4. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലവിലുള്ള MCF/RRFകൾക്ക് ഇല്ലെങ്കിൽ, നിലവിൽ സ്ഥലം ലഭ്യമാണെങ്കിൽ, നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനും, ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം.
5. നിലവിലുള്ള MCF/RRFകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, അഗ്നി സുരക്ഷാ സംവിധാനം, വിശ്രമ മുറി, ശുചിമുറി, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.
6. ഹരിതകർമ്മ സേനയ്ക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം വയബലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
7. ഹരിതകർമ്മ സേനയെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ബ്രാൻഡ് സംരംഭമായി മാറ്റുന്നതിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.
8. ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
9. പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ ക്ലനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്.
10. സി&ഡി മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംഭരണ കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.
11. എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സമീപത്ത് വരുന്ന 10-15 ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്റർ രൂപീകരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ബ്ലോക്ക്/ജില്ലാ പഞ്ചയത്തുകളുടെ പ്രോജക്ട് ആയി സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം. സംയുക്ത പ്രോജെക്ടായും നടപടി എടുക്കാം.

12. അജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടായിരിക്കേണ്ട MCF, Mini MCF, RRF സംവിധാനങ്ങൾ ആവശ്യത്തിന് ഇനിയും നിർമ്മിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.
13. പൊതു ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.
14. അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി മുൻ വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനിയുടെ നിരക്ക് അടിസ്ഥാനമാക്കി പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.
15. യൂസർ ഫീ ഇളവ് നൽകുന്ന വീടുകൾക്കുള്ള (അതി ദരിദ്ര്/ആശ്രയ ഗുണഭോക്താക്കൾ) യൂസർഫീ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.
16. ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
17. ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.
18. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപന തല ക്യാമ്പയിന് വേണ്ടി പൗര വിദ്യാഭാസം, ക്യാമ്പയിൻ സംഘാടനം, പ്രചാരണം, ജനകീയ ഓഡിറ്റ്, ഹരിത സഭ, മാലിന്യ പരിപാലന പാഠശാലകൾ, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചെലവുകൾ, വിദ്യാർത്ഥികളെയും യുവതയേയും പങ്കാളിയാക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക്, വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുനിസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.
19. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, മാർക്കറ്റുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും മലിന ജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
20. ഗാർഹിക മലിനജല സംസ്കരണത്തിന് വേണ്ടിയുള്ള സോക്പിറ്റ് നിർമാണത്തിനുള്ള കർമ്മ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.
21. CFC ഗ്രാന്റ് ഉപയോഗിച്ച് മലിനജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.
22. 2013 ലെ Prohibition of Employment as Manual Scavengers and their Rehabilitation Act പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഡ്രെയ്നേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ്, ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇത്തരം സുരക്ഷാ ഉപാധികൾ വാങ്ങുക, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക എന്നിവയ്ക്കുള്ള

പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവയുടെ പട്ടിക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

23. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
24. ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളെ സമ്പൂർണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ല്യു.എം.പി ഫണ്ട്, ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളേയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് ഒറ്റ പദ്ധതിയുടെ ഘടകങ്ങളാക്കി പ്രോജക്ടുകൾക്ക് രൂപം നൽകണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റിവ്യു എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഇതിലൂടെ ഒ.ഡി.എഫ് പ്ലസ് പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.
25. ശുചിത്വ മാലിന്യസംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസരസൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഇതിലൂടെ അധിക തൊഴിൽ സൃഷ്ടിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരവും നൽകുന്നതാണ്.

12. ഹാപ്പിനസ് പാർക്കുകൾ:- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം.

i. ഭംഗിയും വൃത്തിയുമുള്ള പാർക്കിൽ താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളാണ് ഉണ്ടാക്കേണ്ടത്.
   = ഇരിപ്പിടം, മറ്റ് വിനോദ ഉപാധികൾ
   = സെൽഫി കോർണർ
   = സ്നാക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ)
   = മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം
   = വൃത്തിയുള്ള ടോയിലറ്റ്
   = ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം
   = മാലിന്യശേഖരണ സംവിധാനം
ii. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഡാൻസിംഗ്/സിംഗിംങ് ഫ്ലോർ, മഴവെള്ള സംഭരണ സംവിധാനം, വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ, കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം, ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം, റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം, ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം,

മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ, സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം, ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ, കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ, ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയ്ക്കുള്ള സൗകര്യം), വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ് തുടങ്ങിയ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തണം

iii. സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുള്ളതാകണം പാർക്കുകൾ. മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ ഉണ്ടാകണം. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.

iv. പാർക്ക് സ്ഥാപിക്കുന്നതിന് സ്വന്തം ഭൂമി ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കുകയോ ഭൂമി വിലക്ക് വാങ്ങുകയോ ചെയ്യാവുന്നതാണ്. ഭൂമി വാങ്ങുന്നതിനും മേല്പറഞ്ഞ സൗകര്യങ്ങൾ ഒരുക്കുന്നതിനും വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. നഗരങ്ങളിൽ അമൃത്, KSWMP പരിപാടികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട് കണ്ടെത്താവുന്നതാണ്.

v. മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റുകയും ചെയ്യാവുന്നതാണ്.

vi. സ്ഥല ലഭ്യതയ്ക്കും സാമ്പത്തിക ശേഷിക്കും അനുസരിച്ച് വലിപ്പമുള്ള പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

vii. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ട് ആയും പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

13. അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. 2024-25ലേയ്ക്കുള്ള ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ഇങ്ങനെ രൂപപ്പെടുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണ പദ്ധതികളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമ/വാർഡ് സഭകളിലും വികസന സെമിനാറിലും ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം.

14. വാർഷിക പദ്ധതി അടങ്കൽ:- പൊതുവിഭാഗം വികസനഫണ്ട്, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെ കാര്യത്തിൽ 2023-24ലെ വിഹിതത്തിന് തുല്യമായ തുകയ്ക്ക് 2024-25ലെ വികസന

പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ സുലേഖയിൽ ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണം. അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ ബജറ്റ് വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പുനഃക്രമീകരിക്കാവുന്നതാണ്.

15. നടപ്പ് വാർഷിക പദ്ധതിയിൽ (2023-24) നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ (സ്പിൽഓവർ പ്രോജക്ടുകൾ) യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും അടുത്ത വർഷം ലഭിക്കാവുന്ന ക്യാരിഓവർ തുകയ്ക്ക് ഉപരിയായുള്ള സ്പിൽഓവർ ബാധ്യത കണ്ടെത്തുന്നതിന് വേണമെങ്കിൽ 2024-25-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന സമയത്ത് തന്നെ ഒരു നിശ്ചിത തുക, പരമാവധി 20 ശതമാനം വരെ, സ്പിൽഓവർ പ്രോജക്ടുകൾക്കായി മാറ്റി വെയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത തുക പ്രത്യേകം മാറ്റി വെയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത തുക സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾതന്നെ മാറ്റി വെയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

16. പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി പങ്കാളിത്തം ഉറപ്പാക്കണം.

17. ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പ്രാദേശിക തലത്തിൽ രൂപം നൽകുന്ന വികസന പദ്ധതികളിൽ നിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രോജക്ടുകൾ തെരഞ്ഞെടുത്ത് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്. തീമാറ്റിക് സമീപനത്തിൽ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനും ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്.

18. ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് നവംബർ 18-നകം പൂർത്തിയാക്കേണ്ടതാണ്. ഇവ പുനഃസംഘടിപ്പിച്ച് കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയതും 2023-24 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി പുതുക്കിയതുമായ അവസ്ഥാരേഖകൾ (Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് താഴെ പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ്.

i. നിലവിലുള്ള അവസ്ഥ
ii. വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും

കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

iii. 2024-25ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

iv. സംയോജന സാധ്യതകൾ

19. അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ ആദ്യ വർഷത്തെ (2022-23) നേട്ടങ്ങളും രണ്ടാം വർഷം (2023-24) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2024-25ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവ്വചിക്കണം. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. [പ്രശ്ന വിശകലനത്തിന് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3-ഉം വികസനലക്ഷ്യങ്ങൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം 'എ'യും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്].

20. 2024-25 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാനഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

<u>ക്രമ നം.</u>	<u>പ്രവർത്തനം</u>		<u>പൂർത്തിയാക്കേണ്ട അവസാന തീയതി</u>
1	എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ	:	2023 നവംബർ 18
2	അവസ്ഥാരേഖ പരിഷ്കരിക്കൽ	:	2023 നവംബർ 24
3	ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ	:	2023 നവംബർ 24
4	സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം	:	2023 നവംബർ 25
5	എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ	:	2023 നവംബർ 29
6	ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും	:	2023 നവംബർ 30

	രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം		
7	ജില്ലാ തലത്തിലെ സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം	:	2023 ഡിസംബർ 01
8	ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ	:	2023 ഡിസംബർ 04
9	ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ	:	2023 ഡിസംബർ 05-20
10	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2023 ഡിസംബർ 22
11	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വികസന സെമിനാർ	:	2023 ഡിസംബർ 30
12	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ	:	2024 ജനുവരി 01
13	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ	:	2024 ജനുവരി 09
14	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം	:	2024 ജനുവരി 10
15	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി സമർപ്പണം	:	2024 ജനുവരി 12
16	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	2024 ജനുവരി 18
17	കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ	:	2024 ജനുവരി 23
ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ			
18	ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ	:	2024 ജനുവരി 03
19	ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2024 ജനുവരി 06
20	ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2024 ജനുവരി 08

21	ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ	:	2024 ജനുവരി 10
22	ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2024 ജനുവരി 15
23	ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2024 ജനുവരി 17
24	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ	:	2024 ജനുവരി 20
25	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ	:	2024 ജനുവരി 25
26	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം	:	2024 ജനുവരി 27
27	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം	:	2024 ജനുവരി 31
28	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	2024 ഫെബ്രുവരി 04
29	കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ	:	2024 ഫെബ്രുവരി 08
30	ഗ്രാമ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ	:	2024 മാർച്ച് 7

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡബ്ള്യൂ.എം.) വകുപ്പ്
28. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
30. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 13-11-2023 16:55:44
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഫോറം എ

പതിനാലാം പഞ്ചവൽസര പദ്ധതി

2024-25 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്..... വർക്കിംഗ് ഗ്രൂപ്പിന്റെ പേര്.....

ക്രമ നമ്പർ	മേഖല/ ഉപമേഖല	പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്)	സൂചിക	2022-ലെ അവസ്ഥ	2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്)	2022-23 ൽ കൈവരിച്ച നേട്ടം	2023-24 ൽ പ്രതീക്ഷിക്കുന്ന നേട്ടം	2024-25 ലെ ലക്ഷ്യം	2024-25 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
									1. 2. etc

സ്ഥലം :

തീയതി :

ഒപ്പ്:

പേര്:

കൺവീനർ

----------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.

പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്

സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)

2022-ലെ അവസ്ഥ : 10 ഹെക്ടർ

പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സർക്കാരിന്റെ വിവിധ വികസന വകുപ്പുകൾ നടപ്പാക്കി വരുന്ന സമാനസ്വഭാവമുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും പദ്ധതികളുടെ ഏകോപനം സാധ്യമാക്കുന്നതിനും വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.201/2023/LSGD തീയതി,തിരുവനന്തപുരം, 17-11-2023

പരാമർശം:-
1. സ.ഉ.(അച്ചടി) നം.189/95/തസ്വഭവ, തീയതി 18.09.1995
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.1
6. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 14.09.2023ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

LSG GUIDE

ഉത്തരവ്

73, 74 ആം ഭരണഘടനാ ഭേദഗതിയുടെ ചുവടു പിടിച്ചു കൊണ്ട് വിവിധ വകുപ്പുകളെയും അവയിലെ ഉദ്യോഗസ്ഥരെയും പ്രാദേശിക സർക്കാരുകളായ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവർക്ക് അനുവദിച്ചു നൽകിയിട്ടുള്ള വികസന ഫണ്ട്, തനത് ഫണ്ട്, കേന്ദ്ര സർക്കാർ ഗ്രാന്റ് മുതലായവ ഉപയോഗിച്ച് വിവിധ സെക്ടറൽ മേഖലകളിൽ പ്രവർത്തികൾ ഏറ്റെടുക്കുകയും അവയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ബന്ധപ്പെട്ട മേഖലയിലുള്ള സർക്കാർ വകുപ്പുകളിലെ കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അതേ സമയം, സർക്കാർ വകുപ്പുകൾ തങ്ങൾക്ക് അനുവദിച്ച് കിട്ടിയ ബജറ്റ് വിഹിതം ഉപയോഗിച്ച് അതത് മേഖലകളിൽ ഇതേ ഉദ്യോഗസ്ഥർ വഴി സമാനമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നുമുണ്ട്. കൂടിവെള്ള വിതരണം പോലെ കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ പരിധിയിലുള്ള മേഖലകളിലും തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി എടുക്കുന്നുണ്ട്. ഇത് ഇരട്ടിപ്പിന് ഇടയാക്കുകയും സബ് optimal ഫണ്ട് വിനിയോഗത്തിനുള്ള സാഹചര്യം ഉണ്ടാക്കുകുകയും ചെയ്യുന്നുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. ഒരേതരം പദ്ധതികൾ കാലാകാലങ്ങളായി ഏറ്റെടുക്കുന്നത് ക്രിയാത്മകമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും തടസ്സമാണ്. ലഭ്യമായ വിഭവങ്ങൾ വിവേകപൂർണ്ണമായി, ഇരട്ടിപ്പ് വരാത്ത രീതിയിൽ വിനിയോഗിക്കേണ്ടത് ആവശ്യമാണ്. ഇതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളോടൊപ്പം

വികസന വകുപ്പുകളും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരേ മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ സംയോജന സാധ്യത ഉപയോഗപ്പെടുത്തേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ, സർക്കാരിന്റെ വികസനവകുപ്പുകൾ നടപ്പാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികളും ഇരട്ടിച്ച് നടപ്പാക്കുന്നതിന് ഒഴിവാക്കുന്നതിനും പദ്ധതി ഘടകങ്ങളിൽ ചുമതലകൾ നിശ്ചയിച്ച സംയോജിതമായി നടപ്പാക്കുന്നതിനും വിവിധ വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

- തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ മേഖലകളിലെ സെക്ടറൽ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ അതത് വികസന വകുപ്പ് ഉദ്യോഗസ്ഥരാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് അതത് വിഷയ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനറും അതത് വിഷയ മേഖലയിലെ വികസന വകുപ്പ് ഉദ്യോഗസ്ഥർ തന്നെ ആയിരിക്കും. ഇതേ ഉദ്യോഗസ്ഥരുടെ തന്നെ നേതൃത്വത്തിലാണ് സംസ്ഥാന ആവിഷ്കൃത പദ്ധതികൾ വികസന വകുപ്പുകൾ നേരിട്ട് നടപ്പാക്കുന്നത്. അതിനാൽ തന്നെ പദ്ധതികളുടെ ഇരട്ടിപ്പ് തടയുന്നതിനും സാധ്യമായ മേഖലകളിൽ സംയോജനം പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ വികസന വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- തദ്ദേശസ്ഥാപനതല ആസൂത്രണസമിതികൾ വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി, വിവിധ ഉറവിടങ്ങളിൽ നിന്നുള്ള വിഭവങ്ങളുടെ സംയോജന സാധ്യതകൾ വിലയിരുത്തുന്നതിനായി വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ, വിവിധവകുപ്പുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത്തരത്തിൽ വകുപ്പുകൾ വഴി ലഭിക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇത് കാര്യക്ഷമമായി പാലിക്കപ്പെടുന്നില്ല. ഇതിന്റെ ഫലമായി ഇത്തരം ഫണ്ടുകൾ കൂടി ഫലപ്രദമായി വിനിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യമുണ്ട്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായുള്ള മേൽ യോഗങ്ങളിൽ വികസന വകുപ്പുകൾ വഴി ലഭിക്കാവുന്ന ഫണ്ടുകളുടെ വിശദാംശങ്ങളും പദ്ധതി വിവരങ്ങളും കൈമാറുന്നതിന് വകുപ്പുകളുടെ നിർവഹണ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.
- സംസ്ഥാന ബജറ്റ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുള്ള, പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ജില്ലാ, ബ്ലോക്ക്, ഗ്രാമം, നഗരസഭാ തിരിച്ചുള്ള വിവരങ്ങൾ മേയ് മാസം അവസാനത്തോടെ തന്നെ പുറപ്പെടുവിക്കുന്നത് വകുപ്പുകൾ പരിശോധിക്കണം. ഓരോ ജില്ലയ്ക്കും ഏതൊക്കെ പദ്ധതികൾ ലഭിക്കുമെന്നും ജില്ലാതലത്തിൽ ലഭിക്കുന്ന തുക എത്രയെന്നുമുള്ള വിവരങ്ങളും മേയ് മാസം അവസാനത്തോടെ അറിയിക്കാനാകണം. തങ്ങളുടെ സ്ഥാപനത്തിന് ലഭിക്കുന്ന പദ്ധതികളും തുകയും സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമയോചിതമായി ലഭിക്കത്തക്ക തരത്തിൽ ക്രമീകരണം വകുപ്പ് തലത്തിൽ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.
- വകുപ്പുകൾ നടപ്പാക്കുന്ന സ്കീമുകളുടെ ജില്ലാതല വിഹിതം നിശ്ചയിച്ച്, മെയ് അവസാനത്തോടെയെങ്കിലും വികസന വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരെ വകുപ്പ് മേധാവികൾ അറിയിക്കുകയും ജില്ലാ വിഹിതത്തിന്റെ വിശദാംശങ്ങൾ പ്ലാൻ സ്പേസിൽ

LSG GUIDE

ഉൾച്ചേർക്കുകയും വേണം.

- വകുപ്പുകൾ മുഖേനയുള്ള മിക്കവാറും സ്കീമുകൾക്കും എല്ലാ വർഷവും തുക ലഭിക്കുമെന്നതിനാൽ കഴിയുന്നിടത്തോളം സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി തൊട്ടുമുൻവർഷം ലഭിച്ചിട്ടുള്ള ബജറ്റ് തുക കണക്കാക്കി പദ്ധതികൾ രൂപീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. തൊട്ടു മുൻവർഷം മതിയായ തുക വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള സ്കീമുകൾക്ക് തൻവർഷം ആവശ്യമെങ്കിൽ മാത്രം തദ്ദേശസ്ഥാപനങ്ങൾ തുക നീക്കി വച്ചാൽ മതിയാകുന്നതാണ്.
- അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകളിൽ വരുന്ന വിഷയങ്ങളിൽ സംസ്ഥാന പദ്ധതിയുടെ ഭാഗമായി വകുപ്പുകൾ സ്കീമുകൾ ഏറ്റെടുക്കുമ്പോൾ, ഇതിനായി വകയിരുത്തുന്ന പ്ലാൻ വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന രീതി അവലംബിക്കുന്നത് പരിശോധിക്കാവുന്നതാണ്.
- സമാനസ്വഭാവമുള്ള സ്കീമുകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങളും വകുപ്പുകളുടെ മാനദണ്ഡങ്ങളും വ്യത്യസ്തങ്ങളാകുന്നതും സ്കീമുകളുടെ ഏകോപിത നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ വകുപ്പുകൾ പദ്ധതികളുടെ മാനദണ്ഡങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിനെ കൂടി യഥാസമയം അറിയിക്കേണ്ടതും അവ സമയബന്ധിതമായി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
- തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സംസ്ഥാന സർക്കാർ വകുപ്പുകളുടെ സ്കീമുകൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി തന്നെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കണം.
- സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ബജറ്റിൽ തുക നീക്കി വയ്ക്കുമ്പോൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുബന്ധം IV - ൽ തുക നീക്കിവയ്ക്കുന്നതുപോലെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏതൊക്കെ സ്കീമുകൾ വഴി എത്ര തുക ലഭിക്കുമെന്ന വിവരം മുൻകൂട്ടി നൽകുവാൻ കഴിയുമോ എന്ന് അതത് വകുപ്പുകൾക്ക് പരിശോധിക്കാവുന്നതാണ്.
- തദ്ദേശ സ്ഥാപനങ്ങളുടെ ക്ഷീര മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥരാണ്. ടി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച്, ക്ഷീര വികസന വകുപ്പ് അവലോകനം നടത്തുന്നുണ്ട്. വകുപ്പിന്റെ പതിവ് അവലോകന യോഗങ്ങളിലാണ് ഇപ്രകാരം ചെയ്യുന്നത്. ഇത് ഒരു മാതൃകയാക്കി സ്വീകരിച്ച്, തങ്ങളുടെ പ്രവർത്തന സെക്ടറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച് അതത് വികസന വകുപ്പുകൾ അവലോകനം നടത്തണം. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും വകുപ്പ് ഉദ്യോഗസ്ഥൻ നിർവ്വഹണ ഉദ്യോഗസ്ഥരായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെയും വിനിയോഗ പുരോഗതി പ്രതിമാസം വിലയിരുത്തുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കണം. തദ്ദേശ സ്ഥാപനങ്ങളുടെ എസ്.സി.പി. / ടി.എസ്.പി. പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ പ്രത്യേകമായി അവലോകനം ചെയ്യേണ്ടതാണ്.
- ഫണ്ട് അടിസ്ഥാനത്തിൽ, നിലവിൽ ഏറ്റവും വലിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൊന്നാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. നിരവധി മേഖലകളിൽ പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താനാകും. മേൽ പദ്ധതിയുമായും സമാന പദ്ധതികളുമായും സംയോജിച്ച് പദ്ധതി നടപ്പാക്കുന്നത് പരിശോധിക്കുന്നതിനായി,

LSG GUIDE

ബന്ധപ്പെട്ട മിഷൻ/ പ്രോജക്ടുമായി ചർച്ച നടത്തുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
12. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
13. ഡയറക്ടർ, ആരോഗ്യ വകുപ്പ്
14. ഡയറക്ടർ, കൃഷി വകുപ്പ്
15. ഡയറക്ടർ, വ്യവസായ വകുപ്പ്
16. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
17. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
18. ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
19. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
20. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
21. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
22. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
23. ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
24. ഡയറക്ടർ, ഭൂജല വകുപ്പ്
25. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
26. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
27. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
28. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.
29. ചീഫ് ടൗൺ പ്ലാനർ
30. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
31. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
32. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
33. മിഷൻ ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

LSG GUIDE

34. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
35. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
36. എല്ലാ ജില്ലാ കളക്ടർമാർക്കും
37. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
40. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
41. ഡയറക്ടർ ജനറൽ, കില
42. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
43. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
44. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
45. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
46. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

LSG GUIDE

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് അനുവദനീയമായ യാത്രാബത്ത തനത് ഫണ്ടിൽ നിന്ന് നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2473/2023/LSGD തീയതി,തിരുവനന്തപുരം, 12-12-2023

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. കില ഡയറക്ടർ ജനറലിന്റെ 18.10.2023-ലെ 2021/177/HQ നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ന നടന്ന യോഗത്തിന്റെ തീരുമാനം 4.36

ഉത്തരവ്

ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, പൊതുഭരണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ച് 'കില' വിവിധ കേന്ദ്രങ്ങളിലായി നടത്തുന്ന പരിശീലന പരിപാടികളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ആശ/ അങ്കണവാടി വർക്കർമാർ തുടങ്ങിയവർ പങ്കെടുത്ത് വരുന്നുണ്ട്. ഇത്തരം പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത/യാത്ര ചെലവ് നൽകുന്ന കാര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ അനുവദനീയമായ യാത്രാബത്ത/യഥാർത്ഥ ചെലവ് തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനായി മാറ്റി വച്ചിരിക്കുന്ന ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ നൽകാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് കില ഡയറക്ടർ ജനറൽ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് 'കില' വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്ക്, തനത് ഫണ്ടിൽ നിന്ന് അനുവദനീയമായ യാത്രാബത്ത നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/423/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-12-2023

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണസ്ഥാപനങ്ങൾ വയോജന ക്ഷേമ പ്രോജക്ടുകൾ തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. ബഹു. പുതുക്കാട് എം.എൽ.എയുടെ 17.07.2023 ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് സീനിയർ സിറ്റിസൺസ് വെൽഫെയർ സൊസൈറ്റി (തണൽ) സെക്രട്ടറിയുടെ 30.06.2023 ലെ കത്തും
4. ബഹു. ത സ്വ ഭ വകുപ്പ് മന്ത്രി അധ്യക്ഷനായ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.34

****

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം തുക വകയിരുത്തി വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് സൂചന (1), (2) മാർഗ്ഗരേഖകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ വയോജന നയത്തിനും മാർഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വയോജനക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.

ഇപ്രകാരം, മാറ്റിവയ്ക്കുന്ന തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ സംഘടനകളുമായി ചർച്ച ചെയ്തു തീരുമാനമെടുക്കണമെന്ന് സൂചന (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലുള്ള മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പ്രകാരം വയോജനക്ഷേമ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ സംഘടനകളുമായി ചർച്ച ചെയ്യുന്ന രീതി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇത്തരം ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ ആസൂത്രണസമിതി മുൻകൈ എടുക്കണം.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. സെക്രട്ടറി, കൊടകര ബ്ലോക്ക് പഞ്ചായത്ത് സീനിയർ സിറ്റിസൺസ് വെൽഫെയർ സൊസൈറ്റി
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.110/2024/LSGD തീയതി,തിരുവനന്തപുരം, 12-01-2024

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.246/2022/തസ്വഭവ; തീയതി 04.11.2022
5. സ.ഉ.(സാധാ)നം. 989/2023 /തസ്വഭവ; തീയതി 06.05.2023
6. സർക്കുലർ നം. എഫ്.എം.3/138/2023-തസ്വഭവ; തീയതി 23.05.2023
7. സ.ഉ.(സാധാ)നം. 1401/2023/ തസ്വഭവ; തീയതി 10.07.2023
8. സ.ഉ.(സാധാ)നം. 2117/2023/ തസ്വഭവ; തീയതി 30.10.2023
9. സ.ഉ.(സാധാ)നം. 2511/2023/ തസ്വഭവ; തീയതി 18.12.2023
10. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 30.12.2023ലെ KGPA/LP/FR/2023123004 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (10) പ്രകാരം ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. വാർഷിക പദ്ധതി ഭേദഗതിക്ക് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ 2023-24 വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികളാണ് വരുത്താവുന്നത്.

i. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.

ii. വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുക, സാങ്കേതികാനുമതി ലഭിക്കാതിരിക്കുക,

മറ്റേതെങ്കിലും മതിയായ കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാതിരിക്കുക തുടങ്ങിയ സന്ദർഭങ്ങളിൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.

iii. മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതും ഡി.പി.സിയോ വെറ്റിംഗ് ഓഫീസറോ അംഗീകാരം നൽകാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക.

iv. മിച്ചം തുക പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുക [ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത കാരണത്താൽ ലഭ്യമാകുന്ന ബാക്കി തുക, നിർവഹണം പൂർത്തിയായ ശേഷം മിച്ചം വരുന്ന തുക തുടങ്ങിയവ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്].

v. പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായ പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം).

vi. ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ തുടങ്ങിയ ഭേദഗതികൾ വരുത്തുക.

vii. പ്രോജക്ടുകളുടെ ധനസ്രോതസിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള ഭേദഗതികൾ അനിവാര്യമാണെങ്കിൽ മാത്രം വരുത്തുക (തനത് ഫണ്ട് വകയിരുത്തി, അത് ലഭ്യമല്ല എന്ന കാരണത്താലുള്ള ഭേദഗതികൾ അനുവദനീയമല്ല).

viii. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക

ix. മാലിന്യ സംസ്കരണ മേഖലയിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി വരുത്തുകയോ ചെയ്യുക ('മാലിന്യ മുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി മാലിന്യസംസ്കരണ മേഖലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിൽ നിന്നും, മാലിന്യസംസ്കരണത്തിനുള്ള സമ്പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം (5) ഉത്തരവിന്റെ ഖണ്ഡിക (5) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രോജക്ടുകൾ ആയി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നോ ലക്ഷ്യ പൂർത്തീകരണത്തിന് ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉള്ളതായോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും ഈ ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. 'മാലിന്യ മുക്ത നവ കേരളം' ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വേണം പദ്ധതി ഭേദഗതി വരുത്തേണ്ടത്).

x. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായ തൊഴിൽ സംരംഭങ്ങൾ, നൈപുണ്യ പരിശീലനം തുടങ്ങിയ പോലെ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.

xi. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക

പദ്ധതിയുടെ ഭാഗമാക്കുക [കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് 2026 മാർച്ചിനുള്ളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഓരോ ഉപകേന്ദ്രത്തിനും ഹെൽത്ത് ഗ്രാന്റിൽ നിന്നും 55.50 ലക്ഷം രൂപ വീതം അനുവദിക്കുന്നതാണ്. എന്നാൽ സ്ഥലം വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയുകയില്ല. വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഉപ കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് പരാമർശം (6)ലെ സർക്കുലർ കാണുക]

xii. വാർഷിക പദ്ധതിക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾ, സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾ തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.

xiii. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ഖണ്ഡിക 2.1 മുതൽ 2.4 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

3. വാർഷിക പദ്ധതി പരിഷ്കരണത്തിന് ചുവടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

i. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.

ii. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.

iii. വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്.

4. പരിഷ്കരിച്ച വാർഷിക പദ്ധതി 2024 ജനുവരി 27-നകം അംഗീകാരത്തിനായി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ (II) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- നവകേരളത്തിന് ജനകീയാസൂത്രണം — ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.7/2024/LSGD തീയതി, തിരുവനന്തപുരം, 18-01-2024

പരാമർശം:-

1. സ.ഉ(എം.എസ്) നം.106/2018/തസ്വഭവ, തീയതി 06/08/2018.
2. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 13.04.2023-ലെ എസ്.പി.ബി-002/2017/ഡി.പി.ഡി നമ്പർ കത്തും, 12/01/2024-ലെ എസ്.പി.ബി/965/2024/ഡി.പി.ഡി നമ്പർ കത്തും.
3. സ.ഉ(കൈ) നം.201/2023/തസ്വഭവ തീയതി 17/11/2023

ഉത്തരവ്

ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക സർക്കാരുകൾക്ക് ധനസഹായം നൽകുവാൻ സംസ്ഥാന ബജറ്റിൽ "2515-00-102-31" എന്ന ശീർഷകത്തിൽ തുക വകയിരുത്തുകയും ചെയ്യുന്നുണ്ട്. പരാമർ ശം (1) പ്രകാരം, ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളെ സംബന്ധിക്കുന്ന ആശയങ്ങൾ നിർവ്വഹണത്തിന് യോഗ്യമായ സംയോജിത പരിപാടികളായി മാറ്റുന്നതിനും അർഹമായ സംയോജിത പരിപാടികൾക്ക് മേൽപ്പറഞ്ഞ ബജറ്റ് ശീർഷകങ്ങളിൽ നിന്നും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുമുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

2. പ്രസ്തുത പ്രോത്സാഹന ധനസഹായം സമയബന്ധിതമായും ഫലപ്രദമായും ചെലവഴിക്കുന്നതിന്, നിലവിലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന്

സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി, പരാമർശം (2) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളെ സംബന്ധിക്കുന്ന ആശയങ്ങൾ, നിർവ്വഹണത്തിന് യോഗ്യമായ സംയോജിത പരിപാടികളായി മാറ്റുന്നതിനും അർഹമായ സംയോജിത പരിപാടികൾക്ക് മേൽപ്പറഞ്ഞ ബജറ്റ് ശീർഷകത്തിൽ നിന്നും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനും വേണ്ടി പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവാകുന്നു. പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർപേഴ്സൺമാർക്കും, മെമ്പർ സെക്രട്ടറിമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, (കില), തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.

എല്ലാ വകുപ്പ് മേധാവികൾക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും. (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

അക്കൗണ്ടന്റ് ജനറൽ (എ & ഇ) /(ആഡിറ്റ്) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗരേഖ

1. ആമുഖം

1.1 ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(പി) നം. 19/2017/പ്ലാനിംഗ്, തീയതി 23.09.2017 പ്രകാരം പുറപ്പെടുവിച്ചതിനെ തുടർന്ന് എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

1.2 ജില്ലാ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം ജില്ലയിൽ വിവിധ ഏജൻസികൾ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഏകോപനമാണ്. ഇത് സാധ്യമാക്കുന്ന തരത്തിൽ കേന്ദ്ര/സംസ്ഥാന/പ്രാദേശിക സർക്കാരുകളുടെ പരിപാടികളും മറ്റ് വികസന ഏജൻസികളുടെ പരിപാടികളും സമന്വയിപ്പിച്ച് താരതമ്യേന വലുതും ഫലദായകവുമായ പരിപാടികളുടെ ആശയങ്ങൾക്ക് ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപം നൽകിയിട്ടുണ്ട്.

1.3 ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾ ഏറ്റെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക സർക്കാരുകൾക്ക് ധനസഹായം നൽകുവാൻ സംസ്ഥാന ബജറ്റിൽ "2515-00-102-31 ജില്ലാ പദ്ധതിക്കുള്ള ധനസഹായം (Rural)" എന്ന ശീർഷകത്തിൽ ഓരോ വർഷവും തുക നീക്കി വയ്ക്കുന്നുണ്ട്.

1.4 ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളെ സംബന്ധിക്കുന്ന ആശയങ്ങൾ നിർവ്വഹണത്തിന് യോഗ്യമായ സംയോജിത പരിപാടികളായി മാറ്റുന്നതിനും അർഹമായ സംയോജിത പരിപാടികൾക്ക് മേൽപറഞ്ഞ ബജറ്റ് ശീർഷകങ്ങളിൽ നിന്നും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

2. സംയോജിത പരിപാടികൾ

2.1 വികസന പ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ കണ്ട് ധനപരവും അല്ലാത്തതുമായ എല്ലാ സംയോജന സാധ്യതകളും പരിഗണിച്ച് പരിഹരിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തുന്ന പരിപാടികളെയാണ് സംയോജിത പരിപാടികൾ (Integrated Programmes) എന്ന് പറയുന്നത്. ഇവിടെ സ്ഥലപരമായ സംയോജനം (Spatial Integration), ഒന്നിലേറെ വിഷയ മേഖലകളുടെ സംയോജനം (ഉദാ. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ മേഖലകളുടെ സംയോജനം),

വിഭവങ്ങളുടെ സംയോജനം (കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം, എം.പി/എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, മിഷനുകളുടെ വിഹിതം, പ്രാദേശിക സർക്കാരുകളുടെ വിഹിതം, മറ്റ് വികസന ഏജൻസികളുടെ വിഹിതം, ധനകാര്യസ്ഥാപന വായ്പകൾ എന്നിവയുടെ സംയോജനം), ഒരേ തട്ടിലുള്ള തദ്ദേശ സ്ഥാപനങ്ങൾ തമ്മിലുള്ള തിരശ്ചീനവും (Horizontal) മറ്റ് തട്ടിലുള്ള തദ്ദേശ സ്ഥാപനങ്ങൾ തമ്മിലുള്ള ലംബമാനവുമായ (Vertical) സംയോജന സാധ്യതകൾ എല്ലാം പരിഗണിക്കണം. അതോടൊപ്പം നിർദ്ദിഷ്ട പ്രോജക്ടിൽ സാധ്യമായ മുൻ-പിൻ ബന്ധങ്ങൾ (forward and backward linkages) പരിഗണിക്കുകയും വേണം.

2 . 2 സംയോജിത സമീപനം ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അനിവാര്യമാണ്. പ്രാദേശിക സർക്കാരുകൾ ഒറ്റയ്ക്കോ കൂട്ടായോ സംയോജിത പരിപാടികൾ ഏറ്റെടുക്കുന്നതിനെ ജില്ലാ ആസൂത്രണ സമിതികൾ പ്രോത്സാഹിപ്പിക്കണം.

3. സംയോജിത പരിപാടികൾ ആവിഷ്കരിക്കൽ

3.1 സംയോജന ആശയങ്ങൾ ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപപ്പെട്ടിട്ടുണ്ടെങ്കിലും അവ സംയോജിത പരിപാടികളായി രൂപാന്തരപ്പെടുത്തി വിശദ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുക, പങ്കാളികൾക്കിടയിൽ അഭിപ്രായ സമന്വയം ഉണ്ടാക്കുക, ആവശ്യമായ തലങ്ങളിൽ നിന്നും അംഗീകാരം നേടിയെടുക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിന് നേതൃത്വം നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതികളാണ്.

3.2 ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളുടെ മുൻഗണനാക്രമത്തെ അടിസ്ഥാനമാക്കി ഓരോ സാമ്പത്തിക വർഷവും ഏറ്റെടുക്കാൻ കഴിയുന്ന പരിപാടികൾ ഏതൊക്കെയെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനമെടുക്കണം. ഇത്തരം പദ്ധതികളുടെ എണ്ണം കുറവാണെങ്കിലും ലഭ്യമായവയുടെ ഗുണമേന്മയ്ക്കും ഫലസിദ്ധിക്കും തികഞ്ഞ ശ്രദ്ധ നൽകണം. ഖണ്ഡിക 2.1-ലെ സംയോജന നിർദ്ദേശങ്ങൾ പരിഗണിച്ചു വേണം സംയോജിത പരിപാടികൾ നിശ്ചയിക്കേണ്ടത്. അടങ്കൽ കൊണ്ടും ഗുണഭോക്തൃ പ്രദേശത്തിന്റെ വലിപ്പം കൊണ്ടും പ്രത്യക്ഷമോ പരോക്ഷമോ ആയ ഗുണഭോക്താക്കളുടെ എണ്ണംകൊണ്ടും താരതമ്യേന വലിയ പരിപാടികൾ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്.

3.3 തുടർന്ന്, ജില്ലാ ആസൂത്രണ സമിതി, ബന്ധപ്പെട്ട ഏജൻസികളുടെ (പങ്കാളികൾ) യോഗം

വിളിച്ചുചേർത്ത് അഭിപ്രായ സമന്വയം ഉണ്ടാക്കണം. ഒപ്പം, സംയോജിത പരിപാടിയുടെ സുഗമമായ നിർവ്വഹണം സാധ്യമാക്കുന്നതിനും അതിന്റെ ഏകോപന ചുമതല ഏറ്റെടുക്കുന്നതിനും ഓരോ സംയോജിത പരിപാടിയിലും പങ്കാളികളാകുന്ന ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ മുഖ്യ പങ്കാളിയായി നിശ്ചയിക്കേണ്ടതുമാണ്. പരിപാടിയിലെ മുഖ്യ പ്രവർത്തനങ്ങളുടെ നിർവഹണം നടത്തുന്ന ഏജൻസിയെ മുഖ്യ പങ്കാളിയായി നിശ്ചയിക്കാവുന്നതാണ്. എന്നിരുന്നാലും പ്രാദേശിക സർക്കാരുകളുടെ വിഹിതം വികസന വകുപ്പുകൾക്ക് കൈമാറി പരിപാടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മുഖ്യപങ്കാളിയായി ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിനെ നിശ്ചയിക്കുന്നതാകും അഭികാമ്യം.

3.4 ഒരു സംയോജിത പരിപാടിയുടെ നിർവഹണത്തിന്, പങ്കാളികളുടെ വിഹിതം മുഖ്യ പങ്കാളിക്ക് കൈമാറി മുഖ്യപങ്കാളി പരിപാടി പൂർണ്ണമായും നടപ്പിലാക്കുന്ന രീതിയോ; അതല്ലെങ്കിൽ വ്യക്തമായി നിർണ്ണയിക്കാൻ കഴിയുന്ന പ്രോജക്ട് ഘടകങ്ങൾ (components) ഉണ്ടെങ്കിൽ അവയ്ക്ക് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി ഓരോ ഘടകവും വ്യത്യസ്ത പങ്കാളികൾ നിർവ്വഹണം നടത്തുന്ന രീതിയോ അവലംബിക്കാവുന്നതാണ്.

3.5 ജില്ലാ ആസൂത്രണ സമിതി, മുഖ്യ പങ്കാളിയോട് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടണം. വിശദ പദ്ധതി റിപ്പോർട്ടിൽ താഴെ പറയുന്ന വിശദാംശങ്ങൾ നിർബന്ധമായും ഉണ്ടാകണം.

1. പരിപാടിയുടെ ആവശ്യകതയും ലക്ഷ്യങ്ങളും.
2. അടിസ്ഥാന വിവരങ്ങൾ (ഗ്രണഭോക്തൃ പ്രദേശം, ഗ്രണഭോക്താക്കൾ തുടങ്ങിയവ).
3. പ്രവർത്തനങ്ങൾ/ഘടകങ്ങൾ (components)/നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ, ഘട്ടങ്ങൾ, സമയക്രമം മുതലായവ.
4. സാമ്പത്തിക വിശകലനം (ഘടകങ്ങളും പ്രോജക്ടുകളും ഘട്ടങ്ങളും തിരിച്ച്).
5. ഭൗതിക ലക്ഷ്യങ്ങളും അവയുടെ സൂചകങ്ങളും പ്രതീക്ഷിത ഫലങ്ങളും.
6. സംയോജന സാധ്യതകളും സംയോജിപ്പിക്കുന്ന പരിപാടികളും (കേന്ദ്ര/സംസ്ഥാന പദ്ധതികളുമായോ മറ്റ് ഏജൻസികളുടെ പരിപാടികളുമായോ സംയോജിപ്പിക്കുന്നുണ്ടെങ്കിൽ വിഹിതം ഉറപ്പാക്കിയിട്ടുണ്ടോ, ഓരോ ഘടകത്തിനും ഏത് തലത്തിൽ നിന്നുമാണ് അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങേണ്ടത്, അതിന് വേണ്ട തുടർ നടപടി ആര് സ്വീകരിക്കും തുടങ്ങിയ

വിവരങ്ങൾ ഉൾപ്പെടെ).

7. പങ്കാളികൾ, മുഖ്യ പങ്കാളി മുതലായവ.

8. നിർവഹണ രീതിയും നിർവഹണ ഏജൻസികളും - പ്രോജക്ടുകൾ തിരിച്ച് (നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെ).

9. മോണിട്ടറിംഗ് സംവിധാനം.

10. ഈ പദ്ധതിയുടെ ഗുണഫലങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതിനും പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ തുടർപരിപാലനം ഉറപ്പാക്കുന്നതിനും മറ്റ് പ്രവർത്തനങ്ങളുടെയും തുടർച്ച ഉറപ്പാക്കുന്നതിനും വിഭാവനം ചെയ്തിട്ടുള്ള സംവിധാനങ്ങൾ.

3.6 വിശദ പദ്ധതി റിപ്പോർട്ടിനൊപ്പം തന്നെ നിർമ്മാണ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്.

3.7 സംയോജിത പരിപാടികൾ ഏകവർഷമോ ബഹുവർഷമോ ആകാം. ബഹുവർഷ പരിപാടികൾ ആണെങ്കിൽ അത് ആസൂത്രണ മാർഗ്ഗരേഖയുടെ [സ.ഉ.(എം.എസ്) നം.84/2022/ത.സ്വ.ഭ.വ. തീയതി 19-04-2022; സ.ഉ.(എം.എസ്) നം. 86/2022/ത.സ്വ.ഭ.വ. തീയതി 19-04-2022] ഖണ്ഡിക 3.5.2-ലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം.

3.8 വ്യത്യസ്ത വിഭാഗം ഫണ്ടുകൾ സംയോജിപ്പിക്കുമ്പോൾ അതത് വിഭാഗം ഫണ്ടുകളുടെ വിനിയോഗത്തിന് ബാധകമായ മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുവേണം പ്രോജക്ട് ഘടകങ്ങളും അവയുടെ സ്രോതസ്സും നിശ്ചയിച്ച് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

3.9 വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ പങ്കാളികളുടെ യോഗം വീണ്ടും വിളിച്ചുചേർത്ത് ഏതൊക്കെ ഘടകം ആരൊക്കെ നിർവ്വഹണം നടത്തുമെന്നും ഓരോ പങ്കാളിയും വകയിരുത്തേണ്ട വിഹിതം എത്രയെന്നും നിർവ്വഹണ ഏകോപനം എങ്ങനെയെന്നും ഉള്ള കാര്യങ്ങൾ ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കണം.

3.10 തുടർന്ന് ഓരോ പങ്കാളിയും അവർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഘടകത്തിനോ അല്ലെങ്കിൽ നിശ്ചയിക്കപ്പെട്ട വിഹിതം കൈമാറുന്നതിനോ ഉള്ള പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും അംഗീകാര നടപടികൾ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്. സംയോജിത/സമഗ്ര പരിപാടിക്ക് ബാധകമായ ഫോറം (ആസൂത്രണ മാർഗരേഖയുടെ

അനുബന്ധത്തിലെ ഫോറം 8) മുഖ്യ പങ്കാളി തയ്യാറാക്കണം.

3.11 സംയോജിത പരിപാടിയും അതിലെ വിവിധ ഘടകങ്ങളും (പ്രോജക്ടുകളും) ജില്ലാ ആസൂത്രണ സമിതി ഒരുമിച്ച് പരിഗണിച്ച് തീരുമാനമെടുക്കണം. പദ്ധതിയുടെ നിർവ്വഹണത്തിന് സാങ്കേതിക ഉപദേശം ആവശ്യമുണ്ടെങ്കിൽ അതിനായി വിദഗ്ധരെ ഉൾപ്പെടുത്തി സാങ്കേതിക പരിശോധന നടത്തേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതി മുൻകൈ എടുക്കേണ്ടതാണ്.

3.12 തുടർന്ന് സംയോജിത പരിപാടിയിലെ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതി ആവശ്യമുണ്ടെങ്കിൽ അതും നേടിയെടുക്കണം. കേന്ദ്ര/ സംസ്ഥാന പദ്ധതികളുടെയോ എം.പി/എം.എൽ.എമാരുടെ പ്രാദേശിക വികസന പരിപാടികളുടെയോ മറ്റ് ഏജൻസികളുടെ പരിപാടികളുടെയോ വിഹിതം വകയിരുത്തുന്ന ഘടകങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് ബാധകമായ മാർഗനിർദ്ദേശങ്ങൾ പാലിച്ച് ബന്ധപ്പെട്ട തലത്തിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

3.13 ഒരു സംയോജിത പരിപാടിയുടെ പൂർണ്ണ പ്രയോജനം ലഭിക്കണമെങ്കിൽ അതിലെ എല്ലാ ഘടകങ്ങളുടെയും (പ്രോജക്ടുകളുടെയും) നിർവഹണം സമയബന്ധിതമായി ആരംഭിക്കണം. ഒരു രീതിയിലും ഒഴിവാക്കാനാകാത്ത ഘടകങ്ങളുടെ കാര്യത്തിൽ ഇത് പരമപ്രധാനമാണ്.

3.14 ഒരു സംയോജിത പരിപാടിയുടെ സുഗമമായ നിർവഹണം ഉറപ്പാക്കുന്നതിനും വിവിധ പ്രോജക്ട് ഘടകങ്ങൾ വിഭാവനം ചെയ്തത് പ്രകാരം തന്നെ നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഏകോപനം സാധ്യമാക്കുന്നതിനും ആ പരിപാടിയുടെ ഭാഗമായി നിർവഹണം നടത്തുന്ന വിവിധ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരുടെ ഒരു ഏകോപന സമിതി ഉണ്ടാകണം. മുഖ്യ പങ്കാളി നടപ്പാക്കുന്ന പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മുഖ്യ പങ്കാളിയായ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ ഏകോപന സമിതിയുടെ കൺവീനർ ആയും പരിപാടിയുടെ നോഡൽ ഓഫീസർ ആയും പ്രവർത്തിക്കേണ്ടതാണ്.

4. പ്രോത്സാഹന സഹായത്തിന് നിർദ്ദേശിക്കൽ

4.1 എല്ലാ സംയോജിത പരിപാടികൾക്കും സർക്കാരിന്റെ പ്രോത്സാഹന സഹായം കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. പ്രോത്സാഹന ധനസഹായം പ്രതീക്ഷിക്കുന്ന സംയോജിത പരിപാടികളുടെ വിശദ പദ്ധതി റിപ്പോർട്ടുകൾ (D.P.R) ഓരോ വർഷവും ജൂലൈ 31-ന് മുമ്പ് സംസ്ഥാന ആസൂത്രണ ബോർഡിന് ജില്ലാ ആസൂത്രണ സമിതികൾ അയച്ചുകൊടുക്കേണ്ടതാണ്.

4.2 താഴെ പറയുന്ന അർഹതാ മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്ന സംയോജിത പരിപാടികൾ മാത്രമേ പ്രോത്സാഹന ധനസഹായത്തിനുവേണ്ടി ജില്ലാ ആസൂത്രണ സമിതികൾ നിർദ്ദേശിക്കുവാൻ പാടുള്ളൂ.

1. ജില്ലാ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട ഒരു സംയോജിത പരിപാടിയോ, ജില്ലാ പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായി നിർദ്ദേശിക്കപ്പെടുന്ന മറ്റ് പരിപാടികളോ ആയിരിക്കണം.
2. വിവിധ പ്രദേശങ്ങളുടെ സംയോജനമോ ഒന്നിലേറെ വിഷയ മേഖലകളുടെ സംയോജനമോ വിഭവങ്ങളുടെ സംയോജനമോ വിഭാവനം ചെയ്യുന്ന പരിപാടി ആയിരിക്കണം.
3. ഒന്നിലധികം പ്രാദേശിക സർക്കാരുകളുടെ വിഭവ പങ്കാളിത്തം ഉണ്ടാകണം.
4. മൂന്ന് കോടി രൂപയിൽ കൂടുതൽ അടങ്കൽ തുക വരുന്ന പരിപാടി ആയിരിക്കണം.
5. പ്രോജക്ടുകളിൽ പുതിയ ആശയങ്ങളോ പുതിയ സംഘാടന സംവിധാനമോ പുതിയ സമീപനമോ അവലംബിക്കുന്നത് അഭികാമ്യമാണ്.

4.3 ഒരു ഏജൻസിയുടെ വിഹിതം മാത്രം (ഉദാ: ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതം മാത്രം) വകയിരുത്തി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പരിപാടിക്ക് അത് വിവിധ പ്രദേശങ്ങളുടെയോ വിവിധ മേഖലകളുടെയോ വിഭവങ്ങളുടെയോ സംയോജനം വിഭാവനം ചെയ്യുന്നതാണെങ്കിൽപോലും പ്രോത്സാഹന ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

4.4 സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ ആസൂത്രണ സമിതികൾ നിർദ്ദേശിക്കുന്ന സംയോജിത പരിപാടികൾ പരിശോധിച്ച് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി പ്രോത്സാഹന ധനസഹായം അനുവദിക്കാവുന്ന പരിപാടികളുടെ ചുരുക്കപ്പട്ടികയും ധനസഹായത്തിന്റെ നിരക്കും സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി ഈ മാർഗരേഖയുടെ ഖണ്ഡിക 4.6 പ്രകാരമുള്ള ഉന്നതാധികാര സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

4.5 ഉന്നതാധികാര സമിതി അംഗീകരിക്കുന്ന സംയോജിത പരിപാടിയുടെ ആകെ അടങ്കൽ തുകയുടെ 30 ശതമാനം തുക (പരമാവധി മൂന്ന് കോടി രൂപ വരെ) പ്രോത്സാഹന ധനസഹായമായി, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്.

4.6 പ്രോത്സാഹന ധനസഹായത്തിന് യോഗ്യമായ സംയോജിത പരിപാടികൾ നിശ്ചയിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു ഉന്നതാധികാര സമിതി

ഉണ്ടായിരിക്കുന്നതാണ്.

ചെയർപേഴ്സൺ:		തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
കൺവീനർ	:	പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
കോ കൺവീനർ	:	ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

അംഗങ്ങൾ:

1. മെമ്പർ (വികേന്ദ്രീകരണം), സംസ്ഥാന ആസൂത്രണ ബോർഡ്
2. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3. സെക്രട്ടറി, ധനകാര്യ വകുപ്പ്
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. സംയോജിത പദ്ധതിയിൽ പങ്കാളിയായ വകുപ്പ് സെക്രട്ടറിമാർ (പ്രത്യേക ക്ഷണിതാക്കൾ)

4.7 ഉന്നതാധികാര സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദനീയമായ സംയോജിത പരിപാടികളും ധനസഹായത്തിന്റെ നിരക്കും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

5. പ്രോത്സാഹന ധനസഹായം അനുവദിച്ചു നൽകൽ

5.1 മുഖ്യ പങ്കാളിക്ക് ആയിരിക്കും ധനസഹായം അനുവദിച്ചു നൽകുക. ഒരു പരിപാടിക്ക് പ്രോത്സാഹന സഹായം ലഭിക്കുകയാണെങ്കിൽ പരിപാടിക്കായി വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഘടകങ്ങൾക്കായി വിനിയോഗിക്കുകയോ ആ പരിപാടി വിപുലീകരിക്കുകയോ ചെയ്യാവുന്നതാണ്. പ്രോത്സാഹന സഹായം ലഭിക്കുന്നതിന്റെ പ്രയോജനം എല്ലാ പങ്കാളികൾക്കും ലഭിക്കുന്നതിന് വേണമെങ്കിൽ പങ്കാളികളുടെ വിഹിതത്തിൽ ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന നിരക്കിൽ കുറവ് വരുത്താവുന്നതാണ്. പങ്കാളികളുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതാണ്.

5.2 പ്രോത്സാഹന ധനസഹായ വിഹിതം, മുഖ്യപങ്കാളിയുടെ പ്രോജക്ട് ഭേദഗതി ചെയ്ത് "സംസ്ഥാനാവിഷ്കൃത പരിപാടിയുടെ വിഹിതം" എന്ന സ്രോതസ്സിൽ വകയിരുത്തേണ്ടതാണ്.

5.3 മുഖ്യപങ്കാളി, സംയോജിത പ്രോജക്ടിന്റെ അടങ്കൽ തുകയുടെ വിഹിതം ചെലവഴിക്കുന്നതിനു ആനുപാതികമായി, സർക്കാർ അനുവദിച്ച പ്രോത്സാഹന ധനസഹായവും അനുവദിക്കുന്നതാണ്. എങ്കിലും ആദ്യ ഗഡു പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിന് സംയോജിത പ്രോജക്ടിന്റെ അടങ്കൽ തുകയുടെ കുറഞ്ഞത് 20% തുക എങ്കിലും ചെലവഴിച്ചിരിക്കണം. താഴെ പറയുന്ന പ്രകാരമായിരിക്കും ആനുപാതിക ധനസഹായം അനുവദിക്കുക. (ഹെഡ് ഓഫ് അക്കൗണ്ടിൽ ലഭ്യമായ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ).

സംയോജിത പ്രോജക്ടിന്റെ അടങ്കൽ തുകയുടെ ചെലവഴിച്ച ശതമാനം	**ആനുപാതികമായി പ്രോത്സാഹന ധനസഹായതുക അനുവദിക്കുന്ന ശതമാനം**
20%	പ്രോത്സാഹന ധനസഹായമായി സർക്കാർ അനുവദിച്ച തുകയുടെ 20%
50%	50% (മുൻപ് അനുവദിച്ച 20% കിഴിച്ച്)
75%	75% (മുൻപ് അനുവദിച്ച 50% കിഴിച്ച്)
100%	100% (മുൻപ് അനുവദിച്ച 75% കിഴിച്ച്)

5.4 ഫണ്ട് ആവശ്യമായ ഘട്ടത്തിൽ, മുഖ്യപങ്കാളി, ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ പുരോഗതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർക്ക് കത്ത് നൽകണം. ഡയറക്ടർ (റൂറൽ) സംയോജിത പരിപാടിയുടെ നിർവഹണ പുരോഗതി വിലയിരുത്തി അലോട്ട്മെന്റ് നൽകുന്നതാണ്. അത് വരെ ചെലവഴിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, ബിൽ വിവരങ്ങൾ (ഉചിതമായ രീതിയിൽ ഡി.പി.സിയോ അല്ലെങ്കിൽ അനുയോജ്യമായ ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയത്) ഉൾക്കൊള്ളിക്കണം.

5.5 മുഖ്യപങ്കാളിക്ക് പ്രോത്സാഹന ധനസഹായം (allotment) അനുവദിച്ചു നൽകുന്നതിന് കാറ്റഗറി-ബി ഫണ്ടിന് ബാധകമായ നടപടിക്രമങ്ങൾ അവലംബിക്കുന്നതാണ്.

5.6 സംയോജിത പദ്ധതിയുടെ നിർവഹണ പുരോഗതി സംസ്ഥാനതലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് കൃത്യമായി വിലയിരുത്തേണ്ടതാണ്.

5.7 ഖണ്ഡിക 5.1 മുതൽ 5.6 വരെയുള്ള നടപടിക്രമങ്ങൾ, 2021-22 സാമ്പത്തിക വർഷത്തിൽ പ്രോത്സാഹന ധനസഹായം അനുവദിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയോജിത പരിപാടികൾക്കുള്ള ധനസഹായം വിതരണം ചെയ്യുന്നതിനും ബാധകമായിരിക്കും.

5.8 ഒന്നിലധികം സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിംഗ് ഉപയോഗിച്ച് സംയുക്ത പദ്ധതികൾ വികസിപ്പിക്കുമ്പോൾ, ഓരോ ഉറവിടത്തിന്റെയും ചെലവ് മാനദണ്ഡങ്ങളും മറ്റ് ആവശ്യകതകളും ശ്രദ്ധിക്കേണ്ടതാണ്.

5.9 സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന പദ്ധതികൾ തമ്മിലുള്ള ഇരട്ടിപ്പ് സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരാമർശങ്ങളും ഉണ്ട്. സംയോജിത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഇത്തരം ഇരട്ടിപ്പുകൾ ഇല്ലാതാക്കുക എന്നതാണ്. ആയതിനാൽ, ഇത്തരം ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജിത പദ്ധതികളിൽ പങ്കാളികളാകുന്ന സർക്കാർ വകുപ്പുകളുമായി ചർച്ചകൾ നടത്താനുള്ള നടപടികൾ സ്വീകരിക്കണം. അത്തരം സന്ദർഭങ്ങളിൽ, പങ്കാളികളാകുന്ന വകുപ്പുകൾ സെക്രെട്ടറിതലത്തിൽ ചർച്ച നടത്തി എല്ലാത്തലത്തിലും നിർവഹണത്തിൽ പൂർണ്ണമായി പങ്കാളികളാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

6. മറ്റുള്ളവ

6.1 സംയോജിത പരിപാടികളുടെ നിർവ്വഹണ പുരോഗതി ജില്ലാ തലത്തിൽ മോണിട്ടർ ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്തം ജില്ലാ ആസൂത്രണ സമിതിക്കായിരിക്കും. താഴെ പറയുന്ന രീതിയിൽ ഒരു ജില്ലാതല മോണിറ്ററിങ് സമിതി, ഈ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്.

അധ്യക്ഷൻ	:	ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി
മെമ്പർ സെക്രട്ടറി	:	ജില്ലാ കളക്ടർ
കൺവീനർ	:	ജില്ലാ പ്ലാനിങ് ഓഫീസർ
അംഗങ്ങൾ	:	ജില്ലാ വികസന കമ്മീഷണർ
	:	ഡി.പി.സി സർക്കാർ നോമിനി
	:	ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

: ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര വകുപ്പ്

: ജില്ലാ ടൗൺ പ്ലാനർ

: ബന്ധപ്പെട്ട മുഖ്യ നിർവഹണ സ്ഥാപനത്തിന്റെ സെക്രട്ടറി

6.2 ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നുവന്ന വിവിധ സംയോജിത പരിപാടികളിൽ സർക്കാരിൽ നിന്നുള്ള പ്രോത്സാഹന ധനസഹായം പ്രതീക്ഷിക്കാതെ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കേണ്ടതില്ല. അത്തരം സംയോജിത പരിപാടികൾ അനുയോജ്യമായ തലത്തിൽ/തലങ്ങളിൽ നിന്നും അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങി ബന്ധപ്പെട്ടവർക്ക് നടപ്പാക്കാവുന്നതാണ്. എന്നാൽ ഇവയുടെ കാര്യത്തിൽ അഭിപ്രായ സമന്വയവും ഏകോപനവും ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ജില്ലാ ആസൂത്രണ സമിതി ഏറ്റെടുക്കണം.

6.3 ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ച ഒരു പരിപാടിക്ക് പ്രോത്സാഹന ധനസഹായം ലഭിക്കുന്നില്ലെങ്കിലും അത് സംയോജിത പരിപാടിയായി നടപ്പാക്കുന്നതിന് തടസമില്ലെന്ന് വ്യക്തമാക്കുന്നു. അത്തരം പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങി പങ്കാളികളുടെ വിഭവങ്ങൾ ഉപയോഗിച്ച് നടപ്പാക്കാവുന്നതാണ്.

****

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/19/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-01-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 20.04.2021ലെ ഡിഎ1/599/2018-തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 3.1

****

വികേന്ദ്രീകൃതാസൂത്രണ പരിപാടി സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി നടപ്പാക്കുന്നതിനും പ്രാദേശിക തലത്തിൽ രൂപപ്പെട്ടുവരുന്ന പദ്ധതികളുടെ നിരീക്ഷണം, അവയുടെ ഫലപ്രദമായ നിർവ്വഹണം എന്നിവ ഉറപ്പുവരുത്തുന്നതിനും ഏകോപനത്തിനുമായുള്ള സംസ്ഥാനാടിസ്ഥാനത്തിലുള്ള ഉന്നതാധികാര സമിതിയാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ പല വിഷയങ്ങളിലും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ/ഉദ്യോഗസ്ഥർ ഇപ്രകാരം സർക്കാർ ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാറുള്ളൂ. ഇതു പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാക്കുന്നുവെന്ന് 28.12.2016, 01.02.2017, 15.02.2017 എന്നീ തീയതികളിലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രത്യേക സർക്കാർ ഉത്തരവുകൾ ആവശ്യമില്ലാത്ത വിഷയങ്ങളിൽ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്നും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നതാണെന്നും 01.02.2017-ലെ യോഗതീരുമാന പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും സർക്കാർ ഉത്തരവായി ഇറങ്ങേണ്ട ആവശ്യമില്ല. സൂചിത സർക്കുലറിലും മേൽ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നിർദ്ദേശിച്ചതുപോലെ പ്രത്യേക സർക്കാർ ഉത്തരവ്

ആവശ്യമില്ലാത്ത വിഷയങ്ങളിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് തദ്ദേശഭരണസ്ഥാപനങ്ങളോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും നിർദ്ദേശിക്കുന്നു. കമ്മിറ്റിയുടെ നിർദേശാനുസരണം റിപോർട്ടുകൾ ലഭ്യമാക്കേണ്ട വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ സമയബന്ധിത നടപടി കൈക്കൊള്ളേണ്ടതാണ് . പ്രസക്തമായ കാര്യങ്ങളിൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സർക്കാർ കത്ത്/ഉത്തരവ് പുറപ്പെടുവിക്കുന്ന ഇപ്പോഴത്തെ രീതി തുടരുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡ:ി.ബി1/4/2024/ത.സ്വ.ഭ.വ.
തദ്ദേശ സ്വയം ഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-02-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - നവകേരള സദസ്സ് 2023- പ്രഭാതയോഗത്തിലെ നിർദ്ദേശങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (പഞ്ചയാത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) പാർക്കുകൾ സ്ഥാപിക്കുന്നതും കളിസ്ഥലങ്ങൾ പരിപാലിക്കുന്നതും -സംബന്ധിച്ച്

സൂചന:- 1. സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ., തീയതി 19.04.2022

2 സ.ഉ. (കൈ) നം. 86/2022/ത.സ്വ.ഭ.വ., തീയതി 19.04.2022

3 സ.ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ., തീയതി 28.05.2022

4 സ.ഉ. (കൈ) നം. 198/2023/ത.സ്വ.ഭ.വ., തീയതി 13.11.2023

****

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ (2022-27) വാർഷിക പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 1-3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 4 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ അധീനതയിലുള്ള പ്രദേശത്ത് കായിക വിനോദ സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതാണ്. ഈ രംഗത്ത് സംസ്ഥാനത്തിന് നഷ്ടപ്പെട്ട മുൻകൈ തിരിച്ചു പിടിക്കാനും ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പു വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഇത് ആവശ്യമാണ്.
2. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

ഒരു മിനി സ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്ന ലക്ഷ്യം പൂർത്തീകരിക്കണം. കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ (സ്ഥലം വാങ്ങൽ ഉൾപ്പെടെ) കായിക യുവജനകാര്യ വകുപ്പുമായി സഹകരിച്ചോ തനതായോ ഏറ്റെടുക്കാവുന്നതാണ്.

3. സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിന് പ്രാധാന്യം നൽകേണ്ടതാണ്.
4. 04.02.2010-ലെ 8378/ഡി.എ1/2010/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ അവ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ(പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും, കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘ വീക്ഷണത്തോടെയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതാണ്.
6. ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ്-ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
7. തദ്ദേശ സ്ഥാപനത്തിന്റെ സാദ്ധ്യതയ്ക്ക് അനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ സ്ഥാപനതല ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.
8. വ്യായാമ കേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ, ടർഫ് കോർട്ട്, ഓപ്പൺ ജിം, നീന്തൽകുളം മുതലായവ ഏറ്റെടുക്കാവുന്നതാണ്.
9. സ്പോർട്സ് കൗൺസിൽ, അംഗീകൃത സ്പോർട്സ് അക്കാദമികൾ, ഫയർ ഫോഴ്സ്, സ്കൂളുകളിലെയും കോളേജുകളിലെയും കായിക വിഭാഗങ്ങൾ, അദ്ധ്യാപക രക്ഷകർത്തൃ സമിതികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ അവധിക്കാലങ്ങളിൽ എൽ.പി സ്കൂൾ തലം മുതലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം, കായിക പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റും നൽകാവുന്നതാണ്.
10. സർക്കാർ/സഹകരണ മേഖലയിലുള്ള അംഗീകൃത സ്പോർട്സ് അക്കാദമികൾക്ക് പരിശീലന ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
11. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികൾക്കായി ഫിറ്റ്നെസ്സ് സെന്ററുകൾ ആരംഭിക്കാവുന്നതാണ്.
12. യുവജന ക്ഷേമ മേഖലയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ചുകൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) നിർമ്മിച്ചുവരുന്ന കളിക്കളങ്ങൾ നല്ല നിലയിൽ പരിപാലിക്കുന്നതിനും വ്യായാമത്തിനും മാനസികോല്ലാസത്തിനും സാംസ്കാ രിക പരിപാടികൾക്കുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാർക്കുകൾ സ്ഥാപിക്കുന്നതിനും മേൽ പ്രകാരം മാർഗ്ഗരേഖയിൽ

വ്യക്തമാക്കിയിട്ടുള്ളത് അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്കായുള്ള പദ്ധതി രൂപീകരണത്തിൽ ഉൾ പ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ,, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(തസ്വഭവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്തുകളുടെ മണ്ണ പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഉദ്യോഗസ്ഥരെയും നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.427/2024/LSGD തീയതി,തിരുവനന്തപുരം, 22-02-2024

പരാമർശം:-
1. മലപ്പുറം, തിരുവനന്തപുരം ജില്ലാ മണ്ണ പരിശോധന അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരുടെ 16.04.2022, 16.05.2022 എന്നീ തീയതികളിലെ കത്തുകൾ
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 26.09.2023ലെ TF(2) 10976/2023 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 4.82

ഉത്തരവ്

ജില്ലാ പഞ്ചായത്തിന്റെ കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ് പരിശോധനാ പ്രോജക്ടുകളുടെ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) ആണ്. ഈ ഉദ്യോഗസ്ഥന്റെ ജോലിഭാരം കണക്കിലെടുത്ത് മണ്ണ പരിശോധന സംബന്ധിച്ച പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ മണ്ണ പരിശോധന ലബോറട്ടറിയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റിനെ നിയമിക്കണമെന്ന് മലപ്പുറം, തിരുവനന്തപുരം ജില്ലകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാർ പരാമർശം - 1 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മണ്ണ പരിശോധനാശാലകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിയോഗിക്കാവുന്നതാണെന്നും ഈ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ നിശ്ചയിക്കാവുന്നതാണെന്നും കൃഷി ഡയറക്ടർ പരാമർശം - 2 പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അധ്യക്ഷനായ പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്തുകളുടെ മണ്ണ പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി അതത ജില്ലയിലെ മണ്ണപരിശോധനാശാലയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിശ്ചയിച്ചും ഈ പ്രോജക്ടുകളുടെ വെറ്റിംഗ് ഉദ്യോഗസ്ഥനായി അതത ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറെ നിശ്ചയിച്ചും ഉത്തരവാകുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
4. ഡയറക്ടർ, മണ്ണുപര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ 2023-24 സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ജി. ഒ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്

സ.ഉ.(സാധാ) നം.538/2024/LSGD തീയതി,തിരുവനന്തപുരം, 05-03-2024

പരാമർശം:- 1. 22-12-2012 -ലെ സർക്കാർ ഉത്തരവ് (കൈ) നം.343/2012/തസ്വഭവ
2.21.01.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം.152/2013/തസ്വഭവ
3..26.03.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം.804/2013/തസ്വഭവ
4. 27.06.2015 ലെ സർക്കാർ ഉത്തരവ് (സാധാ)
നം.1952/2015/തസ്വഭവ.
5) ഐ കെ എം ചീഫ് മിഷൻ ഡയറക്ടറുടെ 01/02/2024,15-2-24-ലെ ഐ കെ എം/എ7/905/2020 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ e-governance സംവിധാനത്തിലൂടെ മികവുറ്റതാക്കാൻ ആവശ്യമായ സോഫ്റ്റ്വെയറുകളുടെ വികസനം, അനുബന്ധ സേവനങ്ങൾ എന്നിവ നൽകാനായി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലോ സെക്ഷൻ-20(a) പ്രകാരം, 2013-14 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള തുടർച്ചയായ 3 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം വീതവും, ജില്ലാ പഞ്ചായത്തുകൾ 15 ലക്ഷം വീതവും മുനിസിപ്പാലിറ്റികൾ 10 ലക്ഷം വീതവും കോർപ്പറേഷനുകൾ 20 ലക്ഷം വീതവും മെമ്പർഷിപ്പ് ഫീസായി ഐ.കെ.എം ന് നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 ഉത്തരവ് പ്രകാരം 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ മുകളിൽ പരാമർശിച്ച തുക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഐ.കെ.എം - ന് നൽകുന്നതിനും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഐ.കെ.എം - ന് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

2. അംഗത്വഫീസായി ഒരു വർഷം 47.83 കോടി വീതം 2013-14 മുതൽ 2015-16 വരെ ആകെ 143.49 കോടി രൂപ ഐ.കെ.എം-ന് ലഭിക്കേണ്ടതുണ്ട്. ഇപ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും 92.08 കോടി ഐ.കെ.എം -ന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സർക്കാർ

ചെലവാക്കിയ ഇനത്തിൽ സർക്കാരിലേക്ക് തിരികെ നൽകേണ്ടതും, ബാലൻസ് തുക (51.41 കോടി) ട്രഷറിയിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കേണ്ടതുമാണ്. ഈ സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ 'Revolving Fund' ആയി ഐ.കെ.എം -ന് ഉപയോഗിക്കാവുന്നതാണെന്ന് ഐ.കെ.എം സൊസൈറ്റിയുടെ ബൈലോ സെക്ഷൻ-20(b), (c), (d) യിൽ വ്യക്തമാക്കിയിട്ടുണ്ട്.

3. അംഗത്വഫീസായിവാർഷിക വരിസംഖ്യ ഇനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഐ.കെ.എം-ന് ലഭ്യമാക്കാൻ പരാമർശം-3 ൽ നിഷ്കർഷിച്ചിരുന്നു. ഈ ഇനത്തിൽ പ്രതിവർഷം വാർഷിക വരിസംഖ്യ ഇനത്തിൽ 3,33,87,677/- രൂപ (2011 സെൻസസിലെ ജനസംഖ്യ നിരക്ക് പ്രകാരം) 2017-18 സാമ്പത്തിക വർഷം മുതൽ ഐ.കെ.എം ന് ലഭിക്കേണ്ടതായിട്ടുണ്ട്.

4. പരാമർശം - 2, 3 ഉത്തരവുകൾ പ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകിയ വകയിൽ ഐ.കെ.എം-ന് കുടിശ്ശിക ഉണ്ടായിരുന്ന തുകകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇതിനു മുമ്പും പദ്ധതി വിഹിതത്തിൽ നിന്ന് Source Deduction ചെയ്ത് ഐ.കെ.എം-ന് ലഭ്യമാക്കിയിട്ടുള്ളതാണ്.

5. 2023-24 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ഐ.കെ.എം ന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ 2023-24 സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ജി. ഒ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ആയത് നിർബന്ധിത പ്രോജക്ടായി സുലേഖയിൽ എൻട്രി ഉൾപ്പെടുത്തി തുകകൾ ഐ.കെ.എം വെള്ളയമ്പലം സബ് ട്രഷറി സേവിംഗ്സ് ബാങ്ക് (TSB) അക്കൗണ്ട് നമ്പരായ 799010100348424 (Treasury Code 104) ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് ഐ കെ എം പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ഐ.കെ.എം ന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ കുടിശ്ശിക തുക ലഭ്യമാക്കുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24 വർഷത്തെ ചെലവഴിക്കാത്ത വികസന ഫണ്ട്(ജനറൽ)-ൽ ജി. ഒ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ഡയറക്ടറേറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
നഗരസഭ / പഞ്ചായത്ത് സെക്രട്ടറിമാർ (തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
വിവരസാങ്കേതിക വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
കൺവീനർ എസ്ആർജി/ തസ്വഭ(ഡി എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/120/2023/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പുകൾ
ബഹു.തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി യ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/326/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-05-2024

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ ദാരിദ്ര്യ ലഘൂകരണ പ്ലാൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വി.പി.ആർ.പി/ യു.പി.ആർ.പി. നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.09.2023ലെ I/98735/2023 നമ്പർ കത്ത്.
4. സ.ഉ.(കൈ) നം.198/2023/തസ്വഭവ, തീയതി 13.11.2023

****

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ ദാരിദ്ര്യ നിർമ്മാർജ്ജന - സ്ത്രീശാക്തീകരണ പരിപാടിയാണ് 'കുടുംബശ്രീ'. കുടുംബശ്രീ പ്രസ്ഥാനവും ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും പരസ്പര പൂരകമായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ കുടുംബശ്രീ പരിപാടികളുമായുള്ള സംയോജനം ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സൂചന (1), (2) മാർഗ്ഗരേഖ ഖണ്ഡിക 3.5.6 (ബി) പ്രകാരം നൽകിയിട്ടുണ്ട്.

നാടിൻറെ വികസനം സാധ്യമാക്കാനുപകരിക്കുന്ന രീതിയിൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കുന്ന കർമ്മപദ്ധതി ആസൂത്രണ പ്രക്രിയയാണ് വി.പി.ആർ.പി/ യു.പി.ആർ.പി. (വില്ലേജ്/അർബൻ പോവർട്ടി റിഡക്ഷൻ പ്ലാൻ). കുടുംബശ്രീ തയ്യാറാക്കുന്ന ഈ ആവശ്യാധിഷ്ഠിത പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് ആവശ്യമായ പരിഗണന നൽകി തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സൂചന 1, 2, 4 ഉത്തരവുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ കൂടി തദ്ദേശഭരണ സ്ഥാനങ്ങൾക്കും കുടുംബശ്രീക്കും നൽകുന്നു;

1. വി.പി.ആർ.പി/ യു.പി.ആർ.പി രൂപീകരണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എ.ഡി.എസ്/ സി.ഡി.എസ് ശ്രദ്ധിക്കേണ്ടതാണ്.
2. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി അവസ്ഥാരേഖകൾ പരിഷ്കരിച്ച് കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിന് മുൻപ് തന്നെ വി.പി.ആർ.പി/ യു.പി.ആർ.പി രൂപീകരണ പ്രക്രിയ കുടുംബശ്രീ പൂർത്തീകരിക്കേണ്ടതും അത് വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ തരംതിരിച്ച്, വർക്കിംഗ് ഗ്രൂപ്പുകളുടെ പരിഗണനയ്ക്കായി ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറി മുഖേന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർക്ക് നൽകേണ്ടതുമാണ്.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി അവസ്ഥാരേഖകൾ പരിഷ്കരിച്ച് കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിന് മുൻപ് തന്നെ എല്ലാ സി.ഡി.എസുകളും വി.പി.ആർ.പി/യു.പി.ആർ.പി തയ്യാറാക്കിയിട്ടുണ്ടെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.
4. വർക്കിംഗ് ഗ്രൂപ്പുകൾ വി.പി.ആർ.പി./ യു.പി.ആർ.പി കൂടി പരിഗണിച്ചുകൊണ്ട് ബന്ധപ്പെട്ട വിഷയമേഖലകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.
5. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും സി.ഡി.എസ്-ന്റെ പ്രതിനിധിയായി ഒരംഗത്തെ ഉൾപ്പെടുത്തേണ്ടതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/256/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-06-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ ഘടക സ്ഥാപനങ്ങൾ അല്ലാത്തവക്കുവേണ്ടിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്ക് വേണ്ടിയും പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.10

****

പല തദ്ദേശഭരണസ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങൾ (കൈമാറിക്കിട്ടിയത്) അല്ലാത്തവക്കുവേണ്ടിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്ക് വേണ്ടിയും പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23, 2023-24 വർഷങ്ങളിലെ പ്രോജക്ടുകളിലും ഇത്തരം പ്രോജക്ടുകൾ നാമമാത്രമായി ആണെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങൾ എറ്റെടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള പ്രോജക്ടുകൾക്ക് സർക്കാരിന്റെ/വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയും തദ്ദേശഭരണസ്ഥാപനങ്ങൾ തേടാറുണ്ട്. എന്നിരുന്നാലും, തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്കായി പ്രോജക്ട് തയ്യാറാക്കാവുന്നതല്ലെന്നും അതിനായി വിഹിതം ചെലവഴിക്കാവുന്നതല്ലെന്നും വ്യക്തത വരുത്തി, എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണമേഖ- മാതൃമേഖ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.1214/2024/LSGD തീയതി,തിരുവനന്തപുരം, 04-07-2024

പരാമർശം:- 1. സ.ഉ. (സാധാ) നം.33/2021/ത.സ്വ.ഭ.വ. തീയതി, 05/08/2021.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 20/03/2024 തീയതിയിലെ B3/222/2023-SEC നമ്പർ കത്ത്.

ഉത്തരവ്

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 53-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലും സർക്കാർ നോമിനിമാരുടെ വിവരം കൂടി ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി രൂപീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് ശേഷം എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ 3 ജില്ലകളിലെ ആസൂത്രണ സമിതികളിലുണ്ടായ ആകസ്മിക ഒഴിവുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളുടെ പേര് വിവരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെ പട്ടികയിൽ ചേർക്കും വിധം എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ ജില്ലാ ആസൂത്രണ സമിതിയിലെ അംഗങ്ങളിൽ മാറ്റം വരുത്തി പരാമർശം (1) ലെ അനുബന്ധത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു .

എറണാകുളം

ക്രമ നം.	സ്ഥാനം വഹിച്ചിരുന്ന പഴയ അംഗത്തിന്റെ പേര്	പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗത്തിന്റെ പേര്	അംഗം പ്രതിനിധീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം (നിയോജക മണ്ഡലം)	തിരഞ്ഞെടുക്കപ്പെട്ട തീയതി	സംവരണം
1	ശ്രീമതി ലിസി	ശ്രീമതി ഷാന്റി	എറണാകുളം ജില്ലാ പഞ്ചായത്ത് (12-	11.12.2023	സ്ത്രീ

	അലക്സ്	എബ്രഹാം	വാളകം)		
2	ശ്രീമതി ഷൈമി വർഗീസ്	ശ്രീമതി അനിമോൾ ബേബി	എറണാകുളം ജില്ലാ പഞ്ചായത്ത് (04-മലയാറ്റൂർ)	27.01.2024	സ്ത്രീ
3	ശ്രീ. മനോജ് മൂത്തേടത്ത്	ശ്രീ. ഉല്ലാസ് തോമസ്	എറണാകുളം ജില്ലാ പഞ്ചായത്ത് (11-ആവോലി)	27.01.2024	ജനറൽ

2.പാലക്കാട്

ക്രമ നം.	സ്ഥാനം വഹിച്ചിരുന്ന പഴയ അംഗത്തിന്റെ പേര്	പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗത്തിന്റെ പേര്	അംഗം പ്രതിനിധീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം (നിയോജക മണ്ഡലം)	തിരഞ്ഞെടുക്കപ്പെട്ട തീയതി	സംവരണം
1	ശ്രീ. കെ. വി. ശ്രീധരൻ	ശ്രീമതി അനിത പോൾസൺ	പാലക്കാട് ജില്ലാ പഞ്ചായത്ത് (18-കിഴക്കഞ്ചേരി)	24.01.2024	ജനറൽ
2	ശ്രീ. പി കെ സുധാകരൻ	ശ്രീ.അലി പി.എം	പാലക്കാട് ജില്ലാ പഞ്ചായത്ത് (19-ആലത്തൂർ)	24.01.2024	ജനറൽ

കോഴിക്കോട്

ക്രമ നം.	സ്ഥാനം വഹിച്ചിരുന്ന പഴയ അംഗത്തിന്റെ പേര്	പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗത്തിന്റെ പേര്	അംഗം പ്രതിനിധീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം (നിയോജക മണ്ഡലം)	തിരഞ്ഞെടുക്കപ്പെട്ട തീയതി	സംവരണം
1	ശ്രീമതി നിഷ പുത്തൻപുരയിൽ	ശ്രീമതി എൻ.എം വിമല	കോഴിക്കോട് ജില്ലാപഞ്ചായത്ത് (27 - ചോറോട്)	29.02.2024	സ്ത്രീ
2	അഡ്വ. ഗവാസ്	ശ്രീ. എം പി ശിവാനന്ദൻ	കോഴിക്കോട് ജില്ലാപഞ്ചായത്ത് (23 - അരിക്കുളം)	29.02.2024	ജനറൽ

മേൽഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ , തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി , എറണാകുളം, പാലക്കാട്, കോഴിക്കോട്

നഗരസഭാ ചെയർമാൻ/ സെക്രട്ടറി,എറണാകുളം, പാലക്കാട്, കോഴിക്കോട്

ബന്ധപ്പെട്ട വ്യക്തികൾക്ക്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
Date: 04-07-2024 16:53:04

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർ ക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1236/2024/LSGD തീയതി,തിരുവനന്തപുരം, 07-07-2024

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.90/2023/തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ) നം.198/2022/തസ്വഭവ; തീയതി 13.11.2023

ഉത്തരവ്

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ 2024-25 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ വാർഷിക പദ്ധതി, സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നല്കിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ , റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ , അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

12. ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
21. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
25. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
26. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 08-07-2024 12:17:40
സെക്ഷൻ ഓഫീസർ

പകർ പ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണവ കുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

മുൻ വാർഷിക പദ്ധതിയിലെ നിർവഹണം പൂർത്തിയാകാത്ത സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചയിക്കുന്നതിനും അവ തുടർന്ന് നടപ്പാക്കുന്നതിനുമുള്ള മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം.84/ 2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/ 2022/തസ്വഭവ; തീയതി 19.04.2022 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിലെ ഖണ്ഡിക 11-ൽ വ്യക്തമാക്കിയിട്ടുണ്ട്. അതുപ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് നിർവഹണം തുടരുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ച ഉടൻ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ കടന്നിട്ടുണ്ട്. മേല്പറഞ്ഞ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സ്പിൽഓവർ പ്രോജക്ടുകളും മുൻവർഷങ്ങളിൽ നിർവഹണം ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2024-25ലെ പ്രോജക്ട് ഘടകവും കൂടി ഉൾപ്പെടുത്തി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അവയുടെ 2024-25 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്.

2. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്ത് നിർബന്ധമായും ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെട്ടിട്ടുണ്ടോ എന്നും മുൻഗണന അർഹിക്കുന്ന പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വാർഷിക പദ്ധതിയിൽ വരുത്തേണ്ടതാണ്. സ.ഉ.(കൈ) നം.84/ 2022/തസ്വഭവ തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/തസ്വഭവ തീയതി 19.04.2022 എന്നിവ പ്രകാരം പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതാണ്. ഒപ്പം, പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ട് നിശ്ചയിച്ച തനത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകൾക്കും പ്രാധാന്യം നൽകണം. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുക്കേണ്ടതാണ്.

3. 2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ തുടക്കത്തിൽ സ.ഉ.(കൈ) നം.198/2022/ തസ്വഭവ; തീയതി 13.11.2023 പ്രകാരം നിർദേശിച്ചിരുന്നതും ചുവടെ നല്കിയിട്ടുള്ളതുമായ മുൻഗണനാ പരിപാടികൾക്ക് വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നല്കി പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

3.1 മുൻനിര പരിപാടികളിൽ പ്രധാനപ്പെട്ട അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വാർഷിക പദ്ധതിയിൽ ഉയർന്ന മുൻഗണന നൽകണം. അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ

ഉൾക്കൊള്ളിച്ച് അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവഹണ പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടതും മതിയായ വിഹിതം വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

3.2 പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നല്കി സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്.

3.3. പ്രാഥമിക ഉല്പാദന മേഖലകളായ കാർഷിക, മൃഗ സംരക്ഷണ, മത്സ്യ, ക്ഷീര വികസന മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റ സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട, എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ യജ്ഞത്തിൽ പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(1) സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

(2) ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന്) കൈമാറേണ്ടതാണ്.

(3) സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്മ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.

(5) തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.

(6) കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

(7) വിള ഇൻഷ്വറൻസിന് സർക്കാർ സ്കീം ഉപയോഗപ്പെടുത്തേണ്ടതാണ്.

3.4. നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

3.5. കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നല്കി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

3.6. ലൈഫ് പ്രോജക്ട്, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്കും വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നല്കേണ്ടതാണ്.

3.7. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.1.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ന്റെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഗ്രാമ,

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ പഞ്ചായത്തുകളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

3.8. കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റിൽ നിന്നും ഓരോ ഉപകേന്ദ്രത്തിനും 55.50 ലക്ഷം രൂപ വീതം ലഭ്യമാക്കാൻ കഴിയും. എന്നാൽ സ്ഥലം വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയുകയില്ല. അതിനാൽ സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കണമെന്ന് 23.05.2023-ലെ എഫ്.എം.3/138/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3.9. 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം കൈവരിക്കാൻ കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിന് നടപ്പ് വർഷം കഴിയണം. ഇതോടൊപ്പം സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിലെ വിവിധ ഘടകങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കേണ്ടതാണ്. പ്രധാന മുൻഗണനകൾ ചുവടെ പ്രതിപാദിക്കുന്നു.

(1) 'മാലിന്യ മുക്തം നവകേരളം' രണ്ടാം ഘട്ട ക്യാമ്പയിനിന്റെ അവസാനത്തിൽ തദ്ദേശ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന അവസ്ഥാ വിശകലന റിപ്പോർട്ടിൽ നിന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വിടവുകൾ മനസിലാക്കാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കാനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കുന്നതിനോടൊപ്പം നിലവിലുള്ള പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ആധുനികവത്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്കരണ ശേഷി ഉയർത്തുന്നതിനും അധിക സംസ്കരണ സൗകര്യം ഒരുക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.

(3) ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നിർമ്മിക്കുന്ന മിനി എം.സി.എഫുകളുടെ വിസ്തൃതി 60 ചതുരശ്ര അടിയിൽ കുറയാൻ പാടില്ല.

(4) ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലവിലുള്ള MCF/RRFകൾക്ക് ഇല്ലെങ്കിൽ, നിലവിൽ സ്ഥലം ലഭ്യമാണെങ്കിൽ, നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനും, ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം.

(5) നിലവിലുള്ള MCF/RRFകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, അഗ്നി സുരക്ഷാ സംവിധാനം, വിശ്രമ മുറി, ശുചിമുറി, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(6) ഹരിതകർമ്മ സേനയ്ക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം വയബലിറ്റി ഗ്യാപ്പ് ഫണ്ട് നല്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(7) ഹരിതകർമ്മ സേനയെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ബ്രാൻഡ് സംരംഭമായി മാറ്റുന്നതിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

(8) ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നല്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(9) പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ ക്ലനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്താവുന്നതാണ്.

(10) സി&ഡി മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംഭരണ കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

(11) എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാൻറ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, സമീപ ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ ഉചിതമായ ക്ലസ്റ്ററുകൾ രൂപീകരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ട് ആയോ, ബ്ലോക്ക്/ജില്ലാ പഞ്ചയത്തുകളുടെ പ്രോജക്ട് ആയോ സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം.

(12) അജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടായിരിക്കേണ്ട MCF, Mini MCF, RRF സംവിധാനങ്ങൾ ആവശ്യത്തിന് ഇനിയും നിർമ്മിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

(13) പൊതു ശുചിത്വ – മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(14) അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി മുൻ വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനിയുടെ നിരക്ക് അടിസ്ഥാനമാക്കി പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(15) യൂസർ ഫീ ഇളവ് നൽകുന്ന വീടുകൾക്കുള്ള (അതിദരിദ്രർ/ആശ്രയ ഗുണഭോക്താക്കൾ) യൂസർഫീ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(16) ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(17) ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(18) മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപന തല ക്യാമ്പയിന് വേണ്ടി പൗര വിദ്യാഭാസം, ക്യാമ്പയിൻ സംഘാടനം, പ്രചാരണം, ജനകീയ ഓഡിറ്റ്, ഹരിത സഭ, മാലിന്യ പരിപാലന പാഠശാലകൾ, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ചെലവുകൾ, വിദ്യാർത്ഥികളെയും യുവതയേയും പങ്കാളിയാക്കുന്നതിനുള്ള പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക്, വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുൻസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.

(19) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, മാർക്കറ്റുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും മലിന ജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(20) ഗാർഹിക മലിനജല സംസ്കരണത്തിന് വേണ്ടിയുള്ള സോക്പിറ്റ് നിർമാണത്തിനുള്ള കർമ്മ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

(21) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് മലിനജല സംസ്കരണത്തിനുള്ള പ്രോജക്ടുകൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.

(22) 2013 ലെ Prohibition of Employment as Manual Scavengers and their Rehabilitation Act പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഡ്രെയ്നേജ്, മാൻഹോൾ എന്നിവയുടെ ക്ളീനിഗ് ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇത്തരം സുരക്ഷാ ഉപാധികൾ വാങ്ങുക, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക എന്നിവയ്ക്കുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവയുടെ പട്ടിക ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

(23) കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാൻറ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(24) ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളെ സമ്പൂർണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ല്യൂ.എം.പി ഫണ്ട്, ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളേയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് ഒറ്റ പദ്ധതിയുടെ ഘടകങ്ങളാക്കി പ്രോജക്ടുകൾക്ക് രൂപം നല്കണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റീവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഇതിലൂടെ ഒ.ഡി.എഫ് പ്ലസ് പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

(25) ശുചിത്വ മാലിന്യസംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസരസൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഇതിലൂടെ അധിക തൊഴിൽ സൃഷ്ടിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരവും നല്കുന്നതാണ്.

3.10 ഹാപ്പിനസ് പാർക്കുകൾ:- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം.

(1) ഭംഗിയും വൃത്തിയുമുള്ള പാർക്കിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളാണ് ഉണ്ടാക്കേണ്ടത്.

- ഇരിപ്പിടം, മറ്റ് വിനോദ ഉപാധികൾ
- സെൽഫി കോർണർ
- സ്നാക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ)
- മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം
- വൃത്തിയുള്ള ടോയിലറ്റ്
- ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം
- മാലിന്യശേഖരണ സംവിധാനം

(2) സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഡാൻസിംഗ്/സിംഗിംങ് ഫ്ലോർ, മഴവെള്ള സംഭരണ സംവിധാനം, വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ, കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം, ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം, റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം, ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം, മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ, സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം, ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ, കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ, ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയ്ക്കുള്ള സൗകര്യം), വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ് തുടങ്ങിയ അധിക സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(3) സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുള്ളതാകണം പാർക്കുകൾ. മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ സംഘടിപ്പിക്കാവുന്നതാണ്. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.

(4) പാർക്ക് സ്ഥാപിക്കുന്നതിന് സ്വന്തം ഭൂമി ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കുകയോ ഭൂമി വിലക്ക് വാങ്ങുകയോ ചെയ്യാവുന്നതാണ്. ഭൂമി വാങ്ങുന്നതിനും മേല്പറഞ്ഞ സൗകര്യങ്ങൾ ഒരുക്കുന്നതിനും വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. നഗരങ്ങളിൽ അമൃത്, KSWMP പരിപാടികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട് കണ്ടെത്താവുന്നതാണ്.

(5) മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റുകയും ചെയ്യാവുന്നതാണ്.

(6) സ്ഥല ലഭ്യതയും സാമ്പത്തിക ശേഷിയും അനുസരിച്ച് പാർക്കുകളുടെ വലിപ്പം, സൗകര്യങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്.

(7) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ട് ആയും പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.

3.11. കുടുംബശ്രീയുടെ നേതൃത്വത്തിൽ, അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. 2024-25ലേക്ക് രൂപം നല്കിയ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

4. മേൽപ്പറഞ്ഞ മാർഗനിർദ്ദേശങ്ങൾക്കൊപ്പം ചുവടെ പ്രതിപാദിക്കുന്നവയ്ക്കും പ്രാമുഖ്യം നൽകേണ്ടതാണ്.

4.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി, നിലവിലുള്ള റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കൽ, പുതിയ റോഡുകളുടെ നിർമ്മാണം എന്നിവ ഏറ്റെടുക്കണം. ഇതിനായി വികസന ഫണ്ടും റോഡ് മെയിന്റനൻസ് ഫണ്ടും ഫലപ്രദമായി ഉപയോഗിക്കണം. ഈടുറ്റതും ഗുണമേന്മ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു നിശ്ചിത എണ്ണം റോഡുകൾ അഞ്ച് വർഷ ഗ്യാരണ്ടിയോടു കൂടി നിർമ്മിക്കുന്നത് പരിഗണിക്കണം.

4.2 വീട് വയ്ക്കുന്നതിന് സ്വന്തമായി ഭൂമിയില്ലാത്ത അതിദരിദ്രർക്ക് ഭൂമി വാങ്ങി നൽകുന്ന പ്രോജക്ടുകൾ 2024-25 വാർഷിക പദ്ധതയിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

4.3 കേരളാ ഖര മാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) സഹായത്തോടെ തയ്യാറാക്കി നല്കുന്ന SWM പ്ലാനുകൾ പ്രകാരമുള്ള മാലിന്യ സംസ്കരണ പ്രോജക്ടുകൾ നഗരഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. നഗരഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നല്കുമ്പോൾ SWM പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

4.4 2024-25 സാമ്പത്തിക വർഷം അവസാനത്തോടെ പ്രതിദിനം 27 ലക്ഷം മെട്രിക് ടൺ പാൽ ഉല്പാദനം കൈവരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി ക്ഷീര വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള മദ്ധ്യകാല പദ്ധതിയിലെ (Short Term Plan) ഒരു പ്രധാന പ്രോജക്ട് ആണ് 'ഉരുക്കളെ വാങ്ങൽ' (Herd Induction). മേല്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി പിന്തുണ ആവശ്യമായതിനാൽ കറവപശു വാങ്ങുന്നതിനുള്ള പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നടപ്പ് വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. പാൽ ഉല്പാദനത്തിൽ മുൻപന്തിയിലുള്ളതും ക്ഷീര മേഖലയിൽ മികവ് പുലർത്തുന്നതുമായ 50 ഫോക്കസ് ബ്ലോക്കുകളിൽ (ക്ഷീര വികസന വകുപ്പ് തെരഞ്ഞെടുത്ത ബ്ലോക്കുകൾ) ഈ പ്രോജക്ടിന് പ്രാമുഖ്യം നല്കാൻ ശ്രദ്ധിക്കണം. ഇത്, ഗ്രാമ പഞ്ചായത്ത് മുഖേനയുള്ള ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട് ആയും നടപ്പാക്കാവുന്നതാണ്. ഫോക്കസ് ബ്ലോക്കുകളുടെ വിശദാംശങ്ങൾ 19-06-2024ലെ ഡി.എ.1/22/2024-ത.സ്വ.ഭ.വ സർക്കുലറിൽ നല്കിയിട്ടുണ്ട്.

4.5 2025 ഡിസംബറിൽ നിലവിലുള്ള ഭരണ സമിതികളുടെ കാലാവധി അവസാനിക്കും. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും കഴിയുന്നത്ര പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കാനും ഈ കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ഖണ്ഡിക 3, 4 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള പ്രധാന പരിപാടികൾക്കൊപ്പം (അതിദാരിദ്ര്യ നിർമാർജനം, പ്രാദേശിക സാമ്പത്തിക വികസനം, മാലിന്യ സംസ്കരണം, ഗ്രാമീണ റോഡുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ തുടങ്ങിയ പരിപാടികൾ) കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കൽ, കുടിവെള്ളം, പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ എന്നീ മേഖലകളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിനും അവയ്ക്കുള്ള പ്രോജക്ടുകൾ നടപ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ പ്രതിപാദിച്ച പരിപാടികൾക്കൊപ്പം, ജില്ലാ ആസൂത്രണ സമിതികൾ ജില്ലകളുടെ സവിശേഷമായ പ്രത്യേകതകൾ പരിഗണിച്ച് ജില്ലാ തലത്തിൽ പ്രാധാന്യം നല്കേണ്ട പരിപാടികളും നിശ്ചയിച്ച് നല്കേണ്ടതാണ്.

4.6 പൊതു ഉപയോഗത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന എല്ലാ നിർമ്മിതികളും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4.7 അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാണെന്ന് ഉറപ്പാക്കണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

4.8 കാലാവസ്ഥാവ്യതിയാനം മൂലമുള്ള അതിവരൾച്ചയെ നേരിടുന്നതിനും ജലസംരക്ഷണത്തിനും ജലസംഭരണത്തിനും മതിയായ പ്രാധാന്യം വാർഷിക പദ്ധതിയിൽ നല്കേണ്ടതാണ്. ജലസംഭരണികൾ പറ്റാവുന്നത്ര ഒരുക്കേണ്ടതുണ്ട്. ഇതിനായി തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തണം.

4.9 പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സ്മാർട് ക്ലാസുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4.10 പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കൃഷി വകുപ്പുമായി സഹകരിച്ച് സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കണം.

4.11 ഫിറ്റ്നസ് കേരള എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് ഓപ്പൺ ജിം പ്രോജക്ടുകൾ ലഭ്യമായ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇതിന്റെ പരിപാലനത്തിനുള്ള സൗകര്യവും ഏർപ്പാടേക്കേണ്ടതാണ്. ഹാപ്പിനസ് പാർക്കുകളുടെ ഭാഗമായും ഇവ നിർമ്മിക്കാവുന്നതാണ്. ഓപ്പൺ ജിംനേഷ്യത്തിന്റെ വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 7.7.5 ൽ വ്യക്തമാക്കിയിട്ടുണ്ട്.

5. ഓരോ വിഭാഗം ഫണ്ടിന്റെയും അടങ്കൽ തുക നിശ്ചയിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

5.1 വികസനഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം ഫണ്ട്, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ

2024-25-ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിനൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം) കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമായ വിഹിതത്തിനുള്ളിൽ സർക്കുലർ നം.എസ്.എസ്.1/18/2024/ധന; തീയതി 21.03.2024 പ്രകാരമുള്ള 'കൃ' ബിൽ തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളിക്കണം. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതങ്ങളിൽ സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം പ്രകാരം നിശ്ചയിച്ചിട്ടുള്ളതിനെക്കാൾ (80 ശതമാനം) കുറഞ്ഞ തുക 2023-24-ൽ വിനിയോഗിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2024-25-ലെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തേണ്ടതാണ്.

5.2 നോൺറോഡ് മെയിന്റനൻസ് ഫണ്ട്

2024-25-ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിനൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം) കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമായ വിഹിതത്തിനുള്ളിൽ സർക്കുലർ നം.എസ്.എസ്.1/18/2024/ധന; തീയതി 21.03.2024 പ്രകാരമുള്ള 'കൃ' ബിൽ തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളിക്കണം.

5.3 റോഡ് മെയിന്റനൻസ് ഫണ്ട്

2024-25ലെ സംസ്ഥാന ബജറ്റ് തയ്യാറാക്കുന്ന സമയത്ത്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ R-Track സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയായിരുന്നില്ല. അതുകാരണം 2024-25 വർഷത്തെ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ മുന്നിലൊന്ന് തുക മാത്രമാണ് നിലവിൽ വിഭജിച്ച് നൽകിയിട്ടുള്ളത്. റോഡുകളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിന് കൂറച്ചുകൂടി സമയം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ബജറ്റ് വിഹിതം (2542.47 കോടി രൂപ) പൂർണ്ണമായി വിഭജിച്ച് നൽകുന്നതാണ്. യഥാർത്ഥ വിഹിതം ലഭ്യമായിട്ടില്ലാത്തതിനാൽ തൽക്കാലം സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാവുന്നതാണ്. ഇങ്ങനെയുള്ള താൽക്കാലിക വിഹിതത്തോടൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം) കൂടി ചേർക്കുമ്പോൾ ലഭിക്കുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമായ വിഹിതത്തിനുള്ളിൽ സർക്കുലർ നം.എസ്.എസ്.1/18/2024/ധന; തീയതി 21.03.2024 പ്രകാരമുള്ള 'കൃ' ബിൽ തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളിക്കണം.

5.4 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ് (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ)

സ.ഉ(സാധാ)നം.8385/2023/ധന; തീയതി 29.11.2023, സ.ഉ(സാധാ)നം.775/2024/ധന; തീയതി 27.01.2024, സ.ഉ(സാധാ)നം.1961/2024/ധന;തീയതി 01.03.2024, സ.ഉ(സാധാ)നം. 3299/2024/ധന; തീയതി 09.04.2024, സ.ഉ(സാധാ)നം. 4130/2024/ധന; തീയതി 21.05.2024 എന്നീ ഉത്തരവുകൾ പ്രകാരം 2023-24ലെ വിഹിതം എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും പൂർണമായി അനുവദിച്ചിട്ടുണ്ട്. 01.04.2021 മുതൽ ഇതുവരെ ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2024-25-ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയ്ക്ക് അനുസൃതമായി ഈ വിഭാഗത്തിലെ പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്.

5.5 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ് (മലപ്പുറം ഒഴികെയുള്ള 86 മുനിസിപ്പാലിറ്റികൾ)

2023-24 വർഷത്തെ വിഹിതത്തിന്റെ ആദ്യ ഗഡു സ.ഉ(സാധാ)നം.664/2024/ധന; തീയതി 23.01.2024, സ.ഉ(സാധാ)നം.2461/2024/ധന; തീയതി 15.03.2024 എന്നീ ഉത്തരവുകൾ പ്രകാരം 62 മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ചിട്ടുണ്ട്. 24 മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടില്ല. ഈ മുനിസിപ്പാലിറ്റികൾ 2022-23 സാമ്പത്തിക വർഷം വസ്തു നികുതി (Property tax) പിരിവിൽ, സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിലെ (GSDP) കഴിഞ്ഞ 5 വർഷത്തെ വളർച്ചയുടെ ശരാശരിയിൽ കൂടുതൽ വർദ്ധനവ് ഉണ്ടാക്കിയില്ല എന്ന കാരണത്താലാണ് കേന്ദ്രസർക്കാർ ഗ്രാന്റ് അനുവദിക്കാത്തത്. രണ്ടാം ഗഡു തുക ഒരു മുനിസിപ്പാലിറ്റിക്കും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ ലഭ്യമായ തുകയിൽ മാത്രം തൽക്കാലം പ്രോജക്ടുകൾ നിജപ്പെടുത്തേണ്ടതാണ്. അതായത് 01.04.2021 മുതൽ ഇതുവരെ ലഭിച്ചതിൽ വനിയോഗിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2024-25 ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയിൽ

പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. 2023-24ൽ ലഭിക്കാതിരുന്ന തുക കേന്ദ്ര സർക്കാർ അനുവദിക്കുകയാണെങ്കിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് അതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതാണ്.

5.6 നഗരസഞ്ചയ ഗ്രാന്റ് (Urban Agglomeration Grant)

2023-24-ലെ ഗ്രാന്റ് കേന്ദ്ര സർക്കാർ ഇതുവരെയും അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തൽക്കാലം ഈ ഇനത്തിൽ 01.04.2024 മുതൽ ഇതുവരെ ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2024-25 -ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയിൽ പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. 2023-24-ലെ വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഏറ്റെടുത്ത പ്രോജക്ടുകൾക്ക് മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാകുന്ന തുകയിൽ നിന്നും വിഹിതം കണ്ടെത്തി വകയിരുത്തേണ്ടതാണ്. 2023-24ൽ ലഭിക്കാതിരുന്ന തുക കേന്ദ്ര സർക്കാർ അനുവദിക്കുകയാണെങ്കിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതാണ്.

5.7 2022-23ലെ നഗരസഞ്ചയ ഗ്രാന്റിൽ നിന്നും 7 മുനിസിപ്പാലിറ്റികൾക്കും ഒരു കോർപ്പറേഷനും അനുവദിച്ച തുക

മുൻകൂട്ടി ലക്ഷ്യമിട്ട പ്രകാരമുള്ള സർവീസ് ലവൽ ബഞ്ച്മാർക്ക് കൈവരിക്കുന്ന മുറയ്ക്ക് മാത്രമേ നഗരസഞ്ചയ പ്രദേശത്തിനുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്ര സർക്കാർ അനുവദിക്കുകയുള്ളൂ. പ്രവർത്തനമികവ് ഉണ്ടാകാത്തതുകാരണം 2022-23-ൽ അനുവദിക്കാതെ കേന്ദ്ര സർക്കാർ മാറ്റിവെച്ചിരുന്ന 51.55 കോടി രൂപ ഇപ്പോൾ ലഭിച്ചതിനെ തുടർന്ന് അത് വർക്കല, ചെങ്ങന്നൂർ, കുന്നംകുളം, താനൂർ, മുക്കം, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ 7 മുനിസിപ്പാലിറ്റികൾക്കും തൃശ്ശൂർ കോർപ്പറേഷനുമായി സ.ഉ(സാധാ) നം.2631/2024/ ധന; തീയതി 19.02.2024 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ തുകയ്ക്കുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അനുവദനീയമായ പ്രോജക്ടുകൾ (ജലവും ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ) മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. ഈ ഗ്രാന്റിന്റെ വിനിയോഗത്തിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മറ്റ് നിബന്ധനകളും പാലിക്കണം. പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ സിറ്റി ഫിനാൻസ് പോർട്ടിലിൽ അപ് ലോഡ് ചെയ്യുകയും വേണം.

5.8 പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21 ൽ ട്രഷറി മുഖേന അനുവദിച്ച തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21ൽ ട്രഷറി മുഖേന അനുവദിച്ചതിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന തുക 2021-22ൽ സ.ഉ(സാധാ)നം. 6591/2021/ധന; തീയതി 07.10.2021 പ്രകാരവും തുടർന്ന് 2022-23ൽ സ.ഉ(സാധാ) നം.4228/2022/ധന; തീയതി 07.06.2022, സ.ഉ(സാധാ)നം. 4585/2022/ധന; തീയതി 23.06.2022 എന്നീ ഉത്തരവുകൾ പ്രകാരവും അനുവദിച്ചിരുന്നു. ഈ ഇനത്തിൽ ഇനിയും ചെലവഴിക്കാൻ ബാക്കിയുള്ള തുകയ്ക്കുള്ള പ്രോജക്ടുകൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. [ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ 50 ശതമാനം ഇപ്പോൾ സ.ഉ.(സാധാ) നം. 4802/2024/ധന, തീയതി 18.06.2024 പ്രകാരം വിതരണം ചെയ്തിട്ടുണ്ട്].

6. സ.ഉ(സാധാ) നം.874/2024/ത.സ്വ.ഭ.വ; തീയതി 21.05.2024 പ്രകാരം ഏറ്റെടുത്ത സ്പെഷ്യൽ പ്രോജക്ടുകൾ ലഭ്യമായ വിഹിതത്തിനുള്ളിൽ ഉൾക്കൊള്ളിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

7. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 2024-25-ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖ സോഫ്റ്റ് വെയറിലും ഒരുപോലെയാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന്, വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ വിഷയാധിഷ്ഠിതമായി (Theme based) ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ, അപ്രകാരം ചെയ്യുന്നതിന് പ്രോജക്ടുകളിൽ ഏതെങ്കിലും ഭേദഗതി അനിവാര്യമാകുകയാണെങ്കിൽ ഈ ഘട്ടത്തിൽ അവ ചെയ്യേണ്ടതും രണ്ട് സോഫ്റ്റ് വെയറുകളിലും പ്രോജക്ട് വിവരങ്ങൾ ഒരുപോലെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

8. വാർഷിക പദ്ധതി നിർവഹണം ആരംഭിച്ചശേഷം ഭേദഗതിക്ക് അവസരം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിൽ കൂടുതലും, പ്രോജക്ടുകളിൽ അധിക വിവരങ്ങൾ ഉൾപ്പെടുത്തി നിർവഹണ യോഗ്യമാക്കുന്നതിന് വേണ്ടിയാണെന്നാണ് കഴിഞ്ഞകാല അനുഭവങ്ങൾ കാണിക്കുന്നത്. വാർഷിക പദ്ധതി രൂപീകരണഘട്ടത്തിൽ പ്രോജക്ടുകൾ സൂക്ഷ്മതയോടെയല്ലാതെ തയ്യാറാക്കുന്നതു കൊണ്ടാണ് പിന്നീട് നിരവധി തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യം സംജാതമാകുന്നത്. ഇത് നിർബന്ധമായും ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ 2024-25 വാർഷിക പദ്ധതിയിലെ ഓരോ പ്രോജക്ടിലും ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോയെന്നും പ്രത്യേകം പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് നിർവഹണ യോഗ്യമാക്കേണ്ടതുമാണ്.

9. പരിഷ്കരിച്ച വാർഷിക പദ്ധതി 2024 ജൂലൈ 27നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

10. കേരളാ ഖര മാലിന്യ പരിപാലന പദ്ധതി (KSWMP), ഹെൽത്ത് ഗ്രാന്റ് എന്നിവയിലെ നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളും ഈ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളാക്കി മാറ്റി നിർവഹണം തുടരേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മിച്ചം തുക ലഭ്യമാണെങ്കിൽ മാർഗനിർദേശങ്ങൾ പ്രകാരമുള്ള പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

****

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

Azadi Ka Amrit Mahotsav

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- ജില്ലാ പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(അച്ചടി) നം.13/2024/P&EA തിരുവനന്തപുരം, 27-07-2024

പരാമർശം:- 1. സർക്കാർ ഉത്തരവ് (അച്ചടി) നം.19/2017/പ്ലാനിംഗ്, തീയതി 23/09/2017.

2. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.02.2024, 29.02.2024 & 29.06.2024 തീയതികളിലെ എസ്.പി.ബി- 148/2023/ഡി.പി.ഡി നമ്പർ കത്തുകൾ.

ഉത്തരവ്

ഭരണഘടനയുടെ അനുച്ഛേദം 243-ZD പ്രകാരം സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതല ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്നതും ജില്ലയ്ക്ക് മൊത്തത്തിൽ ബാധകവുമായ ജില്ലാ പദ്ധതി തയ്യാറാക്കുകയെന്നുള്ളതാണ്. പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം 2018 ൽ ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ ജില്ലാ പദ്ധതികൾ അഞ്ച് വർഷം പിന്നിട്ടതിനാലും, സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിച്ചതിനാലും, ജില്ലാ പദ്ധതികൾ പരിഷ്കരിച്ച് തയ്യാറാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി, പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടുകളും പുതിയ മുൻഗണനകളും, വികസന സാദ്ധ്യതകളും ഉൾക്കൊണ്ട് ജില്ലാ പദ്ധതികൾ പരിഷ്കരിക്കുന്നതിന് പരാമർശത്തിലെ ഉത്തരവിന്റെ അനുബന്ധമായി പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവാകുന്നു. പരിഷ്കരിച്ച മാർഗ്ഗരേഖ ഈ ഉത്തരവിന്റെ **അനുബന്ധമായി** ചേർത്തിട്ടുണ്ട്.

3. പതിനാല് ജില്ലാ ആസൂത്രണ സമിതികളും മാർഗ്ഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്. ജില്ലാ പദ്ധതി പരിഷ്കരണത്തിന്റെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതും വിവിധ വികസന മേഖലകളിൽ ഇടപെടുന്ന വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവക്ക് കൃത്യമായ ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതുമായ രേഖയായിരിക്കണം ജില്ലാ പദ്ധതി.

4.സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും സർവകലാശാലകളുടെയും വിദ്യാഭ്യാസ-ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും പൂർണ്ണപങ്കാളിത്തവും സഹകരണവും ആവശ്യമാണ്. സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുക,

സ്ഥിതിവിവരക്കണക്കുകളുടെ വിശകലനത്തിന് വേണ്ട സാങ്കേതിക സഹായം നൽകുക, വിവര വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വികസന വിടവുകളും സാധ്യതകളും സംബന്ധിച്ച നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ വിദഗ്ധരെ പങ്കെടുപ്പിച്ച് ജില്ലകളിൽ ചർച്ചകളും ശിൽപശാലകളും സംഘടിപ്പിക്കുക, ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്ന ഉപസമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക, റിപ്പോർട്ടുകൾ തയ്യാറാക്കുക, എന്നിങ്ങനെ ഗ്രാമനിലവാരവും സാങ്കേതികത്തികവുമുള്ള ജില്ലാ പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ എല്ലാ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും കൃത്യമായി ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർപേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ ഓഫീസർമാർക്കും
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും /എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പ്(മന്ത്രിസഭാ യോഗതീരുമാനംഇനം നം.2302 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 27-07-2024 14:14:30
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എ. യ്ക്ക്

എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്

അനുബന്ധം

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

1. ആമുഖം

1.1 പതിനാലാം പഞ്ചവത്സര പദ്ധതി (2022-27) സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. ഇതിനായി വിജ്ഞാനാധിഷ്ഠിതമായ ഒരു സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജസ്വലമായി മുന്നേറുകയാണ്. കേരളം വിവിധ മാനവ വികസന സൂചികകളിൽ ഇപ്പോൾ തന്നെ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. എന്നാൽ നാളിതുവരെ ആർജ്ജിച്ച സാമ്പത്തിക-സാമൂഹിക നേട്ടങ്ങളുടെ തുടർച്ച ഉറപ്പാക്കുകയും അവയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും സുസ്ഥിരമായി നിലനിർത്തുകയും ചെയ്യുക എന്ന വെല്ലുവിളി നമ്മുടെ മുന്നിലുണ്ട്. വേഗമേറിയ സാമ്പത്തിക വളർച്ച കൈവരിച്ചാലേ ഈ വെല്ലുവിളി നമുക്കു ഫലപ്രദമായി നേരിടാൻ കഴിയൂ.

1.2 ഉൽപാദന-സേവന-പശ്ചാത്തല മേഖലകളുടെ വേഗമേറിയ വളർച്ച, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, കാലാവസ്ഥ വ്യതിയാനവും തത്ഫലമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ അതിജീവനവും, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം, എല്ലാവർക്കും മികച്ച ആരോഗ്യം, മികച്ച വിദ്യാഭ്യാസം, പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും സാമൂഹ്യ സുരക്ഷ, പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളുടെ ഉപയോഗം, നൈപുണ്യ വികസനം, മാലിന്യ നിർമ്മാർജ്ജനം, ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന സർവ്വാശ്ലേഷിതമായ വികസനമാണ് പതിനാലാം പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. കാൽ നൂറ്റാണ്ടുകാലം നീണ്ട വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ നിന്ന് സംസ്ഥാനം നേടിയ അനുഭവ പരിചയം പുതിയ കാലത്തിന്റെ വികസന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും നമുക്ക് സഹായകമാകും. ഓരോ പ്രദേശത്തിന്റെയും തനതു പ്രത്യേകതകൾക്കനുസരിച്ചും സംസ്ഥാനത്തിന്റെ പൊതു ലക്ഷ്യങ്ങൾ മുൻനിർത്തിയും വികസന പദ്ധതികൾ ആവിഷ്കരിക്കാൻ നമ്മുടെ വികസന വകുപ്പുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിയണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ പ്രഭവ കേന്ദ്രമായി മാറണമെന്നാണ് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നത്.

1.3 ഭരണഘടനയുടെ അനുച്ഛേദം 243 ZD അനുശാസിക്കുന്ന പ്രകാരം ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വികസന വകുപ്പുകളുടെയും മറ്റ് വികസന ഏജൻസികളുടെയും മിഷനുകളുടെയും വികസന പദ്ധതികൾ സമന്വയിപ്പിച്ച് ജില്ലക്കാകമാനം ബാധകമായ വിപുലവും സമഗ്രവുമായ ജില്ലാ പദ്ധതികൾക്ക് (District Plan) രൂപം നൽകുന്ന ചുമതല ജില്ലാ ആസൂത്രണ സമിതികൾക്കാണ് (District Planning Committee). ജില്ലയിൽ ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് സുസ്ഥിരവും, എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസനം നടപ്പാക്കുന്നതിനുള്ള ചട്ടക്കൂട് വിഭാവനം ചെയ്യുന്ന രേഖയാണ് ജില്ലാ പദ്ധതി. വിവിധ വകുപ്പുകൾ തമ്മിലും തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലും തിരശ്ചീനമായും (Horizontal), ലംബമാനമായുമുള്ള (Vertical) പരസ്പരബന്ധവും സംയോജനവും ഉറപ്പുവരുത്തുന്നതിനും വിവിധ തട്ടുകളിലെ സാമ്പത്തിക വിഭവങ്ങളും മനുഷ്യവിഭവങ്ങളും അധികാരവും സംയുക്തമായി വിനിയോഗിക്കുന്നതിനുമുള്ള സാധ്യതകളാണ് ജില്ലാ പദ്ധതി മുന്നോട്ട് വയ്ക്കുന്നത്. പ്രാദേശിക വികസന പദ്ധതികളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും തമ്മിലുള്ള ഉദ്ഗ്രഥനവും ജില്ലാ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. ജില്ലാ പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നേടുക, അവ ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുക, അവയുടെ പുരോഗതി അവലോകനം ചെയ്യുക എന്നീ ചുമതലകളും ജില്ലാ ആസൂത്രണ സമിതികളിൽ നിക്ഷിപ്തമാണ്.

1.4 പ്രാദേശിക വികസന പദ്ധതികൾ വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പാക്കി നടപ്പിലാക്കുന്നില്ല എന്നത് ഒരു പ്രധാന പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമായ മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് സമഗ്രവികസനം സാധ്യമാക്കുക എന്നത് 13-ാം പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരമായ ചുമതലയ്ക്ക് അനുസൃതമായി സംസ്ഥാനത്തെ എല്ലാ ജില്ലകളും പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ ജില്ലാ പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. ജില്ലാ പദ്ധതിയിലെ പ്രസക്തമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് മുഖേന നടപ്പാക്കുന്നതിന് മേൽത്തട്ട് നിർദ്ദേശങ്ങളും പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പാക്കുന്നതിന് കീഴ്ത്തട്ട് നിർദ്ദേശങ്ങളും തയ്യാറാക്കിയിരുന്നു. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ പരിഗണിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മികച്ച ആശയങ്ങൾ കോർത്തിണക്കി വിവിധ പ്രോജക്ടുകൾ സംസ്ഥാനത്തെ ഓരോ ജില്ലയിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1.5 ജില്ലാ പദ്ധതി രണ്ട് ഭാഗങ്ങളായാണ് തയാറാക്കുന്നത്. ജില്ലയുടെ വികസനം സംബന്ധിച്ച വിശാല കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം ഒന്നാം ഭാഗമായും കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മുൻ വാർഷിക പദ്ധതികളും വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രണ്ടാം ഭാഗമായും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തും.

1.6 ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗത്ത് പ്രതിപാദിക്കുന്ന വികസന പരിപ്രേക്ഷ്യം ഏതാണ്ട് സ്ഥിര സ്വഭാവം ഉള്ളതാണെങ്കിലും സംസ്ഥാനത്തിന്റെ വികസന സമീപനത്തിലും വികസന പരിപ്രേക്ഷ്യത്തിലും മാറ്റങ്ങളുണ്ടാകുമ്പോൾ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യത്തിലും അവ പ്രതിഫലിക്കും. അതുകൊണ്ടുതന്നെ വികസന പരിപ്രേക്ഷ്യം കാലോചിതമായി നവീകരിക്കേണ്ടതിന്റെ സാധ്യതകൾ ജില്ലാ ആസൂത്രണ സമിതികൾ പരിഗണിക്കേണ്ടതാണ്. ഓരോ പഞ്ചവത്സര പദ്ധതിയുടെയും ആരംഭത്തിൽ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കുവാൻ ജില്ലാ ആസൂത്രണ സമിതികൾ നടപടികൾ സ്വീകരിക്കണമെന്ന് ഇതിനായി പതിമൂന്നാം പദ്ധതിയിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്.

1.7 ചുരുക്കത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ടുവയ്ക്കുന്ന വികസന സമീപനവും കാഴ്ചപ്പാടുകളും വികസന വകുപ്പുകളുടെ പദ്ധതികളിലും ജില്ലാ പദ്ധതികളിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും കൃത്യമായി പ്രതിഫലിക്കേണ്ടതായിട്ടുണ്ട്. ഇതിനായി വിവിധ തട്ടിലുള്ള പ്രാദേശിക സർക്കാരുകളുടെയും വികസന വകുപ്പുകളുടെയും വികസന ഏജൻസികളുടെയും മിഷനുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനവും ലഭ്യമായ എല്ലാ വിധത്തിലുള്ള വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗവും സമഗ്ര വികസനത്തിനുള്ള സംയോജിത സമീപനവും ഉണ്ടാകേണ്ടതാണ്.

1.8 നിലവിലുള്ള ജില്ലാ പദ്ധതികൾ തയ്യാറാക്കിയതിനു ശേഷമാണ് സംസ്ഥാനം 2018 ലെയും 2019 ലെയും പ്രളയങ്ങളും, 2020-ലെ കോവിഡ് മഹാമാരിയും നേരിട്ടത്. ഈ സുപ്രധാന സംഭവങ്ങൾ പകർന്നുതന്ന പ്രായോഗികാനുഭവങ്ങൾ പ്രാദേശിക സർക്കാരുകളുടെ വികസന കാഴ്ചപ്പാടുകളിലും സമീപനങ്ങളിലും വലിയതോതിൽ മാറ്റം വരുത്തിയിട്ടുണ്ട്. കേരളത്തെ പുനർ നിർമ്മിച്ച് നവകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യം. നേരത്തെ സൂചിപ്പിച്ചതു പോലെ ഇതിനായി സുസ്ഥിരമായ സാമ്പത്തിക വികസനത്തിലധിഷ്ഠിതമായ പുതിയ തന്ത്രങ്ങൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. മാറിയ സാഹചര്യങ്ങളുടേയും നേരിടേണ്ടി വരുന്ന പുതിയ വെല്ലുവിളികളുടെയും അടിസ്ഥാനത്തിൽ ജില്ലയുടെ വികസന പരിപ്രേക്ഷ്യം കാലികമായ പരിഷ്കാരങ്ങൾ വരുത്തി പുനരാവിഷ്കരിക്കേണ്ടതാണ്. ഈ പശ്ചാത്തലത്തിലാണ് ജില്ലാ പദ്ധതികൾ സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

2. ജില്ലാ പദ്ധതിയുടെ ലക്ഷ്യം

2.1 ജില്ലാ ആസൂത്രണ സമിതി വിഭാവനം ചെയ്യുന്ന സമഗ്രമായ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ പദ്ധതി ആവിഷ്കരിക്കേണ്ടത്. ഈ പദ്ധതികൾ വിവിധ വികസന വകുപ്പുകളുടെ വികസന പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്നതും ജില്ലാ പദ്ധതിയുടെ സുപ്രധാന ലക്ഷ്യമാണ്. ജില്ലയുടെ സമഗ്ര വികസന പരിപാടി ആവിഷ്കരിക്കുന്നതിനുള്ള വിശദമായ ചട്ടക്കൂടാണ് ജില്ലാ പദ്ധതി. ഇത് ജില്ലയ്ക്ക് ആകമാനം ബാധകമായ ഒരു രേഖയാണ്. ഒരോ ജില്ലയിലെയും വിവിധ വികസന മേഖലകളിലെ ദീർഘകാല പദ്ധതികളുടെ ഒരു സമാഹാരം കൂടിയാണ് ജില്ലാ പദ്ധതി. ഉദാഹരണത്തിന് ഉൽപാദനം, പ്രാദേശിക സാമ്പത്തിക വികസനം, നീർത്തടങ്ങളുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, മാലിന്യ സംസ്കരണം, കുടി വെള്ളം, ഊർജ്ജം, ഗതാഗതം, ടൂറിസം, സാമൂഹിക സുരക്ഷ, സേവനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം, ദാരിദ്ര്യ ലഘൂകരണം, വനിതകളുടെ വികസനം, ശിശുക്കൾ, വയോജനങ്ങൾ എന്നിവരുടെ സംരക്ഷണം, കായിക മേഖലയുടെ വികസനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം, സന്ഭരണം എന്നിങ്ങനെ ഓരോ മേഖലയിലെയും ജില്ലാ തല വികസന പരിപ്രേക്ഷ്യങ്ങൾ ജില്ലാ പദ്ധതിയിലുണ്ടാകണം.

2.2 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു താല്പര്യമുള്ള കാര്യങ്ങളും സാമ്പത്തിക വിഭവങ്ങൾ, പ്രകൃതി വിഭവങ്ങൾ, മനുഷ്യ വിഭവങ്ങൾ എന്നിവ ശാസ്ത്രീയവും സുസ്ഥിരവുമായി വികസനത്തിനായി വിനിയോഗിക്കുന്നതിനുള്ള ഒരു ചട്ടക്കൂടാണ് ജില്ലാ വികസന പദ്ധതി..

2.3 ഓരോ മേഖലയിലേയും വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻ ഗണനകളും നിശ്ചയിക്കുക, വികസന പ്രക്രിയയിൽ ഇടപെടുന്ന ഓരോ യൂണിറ്റിന്റെയും സാധ്യതകളും പ്രവർത്തനങ്ങളും പരസ്പരം അറിയുക, സംയുക്തമായി ഏറ്റെടുക്കേണ്ട വികസന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഓരോ വികസന ഏജൻസിയും ഏറ്റെടുക്കേണ്ട ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമായി നിർണ്ണയിക്കുക, അവ തമ്മിലുള്ള സംയോജന-ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്തുക, എന്നിവയും ജില്ലാ പദ്ധതി രൂപീകരണത്തിന്റെ ലക്ഷ്യമാണ്.

2.4 വികസന പ്രവർത്തനങ്ങളുടെ സ്ഥലപരമായ മാനങ്ങൾ (spatial dimensions) പരിഗണിച്ച് തയ്യാറാക്കുന്ന രേഖയാണ് ജില്ലാ പദ്ധതി. വിഭവങ്ങളുടെ സ്ഥലപരമായ വിന്യാസം, വികസന സാധ്യതകളുടെ സ്ഥലമാനങ്ങൾ, ഒരു നിശ്ചിത കാലയളവിൽ വിഭവങ്ങൾക്കും വികസന ഇടപെടലുകൾക്കും സംഭവിച്ചിട്ടുള്ള സ്ഥലപരമായ മാറ്റങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭാവിയിലെ വികസന പ്രവർത്തനങ്ങളുടെ സ്ഥലപരമായ വിന്യാസം ആസൂത്രണം (spatial planning)ചെയ്യുന്നതും ജില്ലാ പദ്ധതിയുടെ ലക്ഷ്യമാണ്.

2.5 ഓരോ വികസന മേഖലയുടെയും വസ്തുനിഷ്ഠമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ജില്ലാ വികസന പദ്ധതി ആസൂത്രണം ചെയ്യുന്നത്. ഓരോ മേഖലയിലെയും മുൻകാല വിവരങ്ങൾ വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതിലൂടെയാണ് വികസന വിടവുകളും പുതിയ വികസന സാധ്യതകളും കണ്ടെത്തേണ്ടത്. ജില്ലയിലെ വികസന മേഖലകളുടെ പ്രസക്തമായ സ്ഥിതി വിവരക്കണക്കുകളുടെ ഒരു ശേഖരം തയ്യാറക്കുകയെന്നതും ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

2.6 പ്രത്യേകമായ വകയിരുത്തലോ സ്കീമുകളോ പ്രോജക്ടുകളോ ഇല്ലാത്ത പദ്ധതിയാണ് ജില്ലാ പദ്ധതി. വിവിധ തട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകളും മറ്റ് വികസന ഏജൻസികളും മിഷനുകളും വികസന മേഖലകളിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും, കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും, ശരികളെയും നേട്ടങ്ങളെയും മാതൃകയാക്കി കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ

വ്യാപിപ്പിക്കുന്നതിനും, തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും, വിവിധ തട്ടുകൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുമുള്ള ഒരു ഉപകരണമാണ് ജില്ലാ പദ്ധതി.

2.7 ജില്ലാ വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തലത്തിൽ മേൽത്തട്ടിൽ ഏറ്റെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തലത്തിൽ കീഴ്ത്തട്ടിൽ നിർവ്വഹിക്കേണ്ട പദ്ധതി നിർദ്ദേശങ്ങളും ക്രോഡീകരിക്കുക എന്നതും ജില്ലാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുന്നു.

3. കരട് ജില്ലാ പദ്ധതി

3.1 കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം ജില്ലാ ആസൂത്രണ സമിതികളെ ഏൽപ്പിച്ചിട്ടുള്ള സുപ്രധാന ചുമതലയായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ചുവടെ വിവരിക്കുന്നത്. എല്ലാ ജില്ലാ ആസൂത്രണ സമിതികളും ഈ മാർഗ്ഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയക്രമത്തിനുള്ളിൽ തന്നെ ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്.

3.2 ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെയും, മിഷനുകളുടെയും, ഏജൻസികളുടെയും, സർവകലാശാലകളുടെയും, വിദ്യാഭ്യാസ-ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും, ജനപ്രതിനിധികളുടേയും വിവിധ സംഘടനകളുടേയും പരമാവധി പങ്കാളിത്തത്തോടെ വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാതലത്തിൽ തയ്യാറാക്കി താഴേക്ക് നൽകുന്ന കരട് രേഖ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചും വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചും അന്തിമമാക്കണം. പ്രസ്തുത ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും (Plans) പ്രോജക്ടുകളും (Projects) തയ്യാറാക്കേണ്ടത്. ജില്ലാതലത്തിലെ ഏകോപനത്തിനായി വകുപ്പുകളുടെയും മിഷനുകളുടെയും പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ട വികസന പ്രശ്നങ്ങളും ജില്ലാ പദ്ധതിയെ ആധാരമാക്കി ഡി.പി.സി ക്ക് നിർദ്ദേശിക്കാവുന്നതാണ്.

3.3 ജില്ലാ പദ്ധതിയുടെ ഘടനയും ഉൾപ്പെടുത്തേണ്ട സുപ്രധാന വിവരങ്ങളും ചുവടെ സൂചിപ്പിക്കുന്നു:

ജില്ലാ പദ്ധതി രേഖയുടെ ഘടന

: മുഖവുര

: ഉള്ളടക്കം

: വികസന പരിപ്രേക്ഷ്യത്തിന്റെ സംക്ഷിപ്ത വിവരണം

ഭാഗം I : ജില്ലാ വികസന പരിപ്രേക്ഷ്യം[1]

അധ്യായം 1 : ആമുഖം: ജില്ലയുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിസ്തൃതി, ജനസംഖ്യ, ഭൂപ്രകൃതി, പ്രാഥമിക സ്ഥിതി വിവരക്കണക്കുകൾ, ജനസംഖ്യാ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം, ജില്ലയുടെ ഭൂപടം.

അധ്യായം 2 : വിഭവലഭ്യത
മനുഷ്യ വിഭവങ്ങൾ – (ലഭ്യമായ മനുഷ്യ വിഭവ സ്രോതസ്സുകൾ)
പ്രകൃതി വിഭവങ്ങൾ – (പ്രകൃതി വിഭവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ, ഉചിതമായ ഉപയോഗ രീതികൾ).
ധന വിഭവങ്ങൾ– (നിലവിലെ ധന വിഭവങ്ങൾ, കൂടുതൽ വിഭവ സമാഹരണ സാധ്യതകൾ, സി.എസ്.ആർ, സഹകരണ മേഖല, പബ്ലിക് പ്രൈവറ്റ് പാർട്നർഷിപ്പ് (PPP), സർക്കാരിതര സംഘടന എന്നിവയും ഉൾപ്പെടുത്താവുന്നതാണ്).
സ്ഥാപന വിഭവങ്ങൾ– (ജില്ലയിലെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ, നൈപുണ്യ വികസന കേന്ദ്രങ്ങൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ ഉൾപ്പെടെ)

അധ്യായം 3 : വികസനത്തിന്റെ സ്ഥലമാനങ്ങൾ – വിഭവങ്ങളുടെയും വികസന പ്രശ്നങ്ങളുടെയും വികസന സാധ്യതകളുടെയും സ്ഥലപരമായ വിന്യാസം

അധ്യായം 4 : വികസന മേഖലകൾ: അവസ്ഥ, സാധ്യതകൾ, വികസന പരിപ്രേക്ഷ്യം

4.1 : ഉൽപ്പാദന മേഖല
കൃഷി
മണ്ണ് – ജലസംരക്ഷണം
മൃഗസംരക്ഷണം
ക്ഷീരവികസനം
മത്സ്യ വികസനം
മൂല്യവർദ്ധനവ്
വനവികസനം
വ്യവസായം
സഹകരണം
പ്രാദേശിക സാമ്പത്തിക വികസനം
വിവിധ മേഖലകളിലെ സംരംഭകത്വ സാധ്യതകൾ

4.2 : സേവന മേഖല
ആരോഗ്യം
കുടിവെള്ളം
ശുചിത്വം – മാലിന്യ സംസ്കരണം
പാർപ്പിടം
വിദ്യാഭ്യാസം– (പ്രാഥമിക വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം)
കല–സംസ്കാരം

[1] താഴെ നൽകിയിട്ടുള്ള ഓരോ ശീർഷകത്തിന്റെയും ഉപ ശീർഷകത്തിന്റെയും ഭാഗമായി തയ്യാറാക്കേണ്ട ഉള്ളടക്കം, ഉൾപ്പെടുത്തേണ്ട പട്ടികകൾ എന്നിവയുടെ വിശദാംശങ്ങൾ ജില്ലാ പദ്ധതി അസൂത്രണ കൈപ്പുസ്തകത്തിൽ നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ പ്രാദേശികമായി പ്രസക്തിയും പ്രാധാന്യവുമുള്ള മറ്റ് വിഷയങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

കായികം-യുവജനകാര്യം
നൈപുണ്യ വികസനം
സാമൂഹ്യക്ഷേമം
വിനോദസഞ്ചാരം
വിവരസാങ്കേതിക വിദ്യ

4.3: പശ്ചാത്തല മേഖല
ഊർജ്ജം
ഗതാഗതം
മറ്റു പശ്ചാത്തലസൗകര്യങ്ങൾ

4.4: പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ
പട്ടികജാതി വികസനം
പട്ടികവർഗ്ഗ വികസനം
മത്സ്യത്തൊഴിലാളി വികസനം
വനിതാ വികസനം
കുട്ടികൾ
വയോജനങ്ങൾ
ഭിന്നശേഷിക്കാർ
ട്രാൻസ് ജെൻഡർ
അതിഥി തൊഴിലാളികൾ
അതിദാരിദ്ര്യ നിർമ്മാർജ്ജനം

4.5: പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും
ജൈവവൈവിധ്യം
കാലാവസ്ഥാ വ്യതിയാനം
ദുരന്ത നിവാരണം (Disaster Management)
പരിസ്ഥിതി സംരക്ഷണം
വന്യ ജീവി പ്രശ്നം

4.6: പ്രത്യേക വികസന പരിപാടികൾ
മുൻഗണനാ പദ്ധതികൾ/പ്രത്യേക പ്രാദേശിക വികസന പദ്ധതികൾ
(ഉദാ- കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്)

4.7: ഭരണ സംവിധാനവും ഇ-ഗവേണൻസും

4.8 തൊഴിലും തൊഴിലവസരങ്ങളും
തൊഴിൽ സൃഷ്ടി
സ്വയംതൊഴിൽ
ജില്ലയിലെ വിഭവങ്ങളിൽ അധിഷ്ഠിതമായ തൊഴിൽ മേഖലകൾ

4.9 സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിലവിലെ സ്ഥിതി, ഭാവി ഇടപെടലുകൾ

4.10 നഗരവത്കരണം

ഭാഗം II : ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അധ്യായം 5 : 5.1 കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം

5.2 കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ [തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും (കീഴ്ത്തട്ട് നിർദ്ദേശങ്ങൾ) ഉന്നത തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും (മേൽത്തട്ട് നിർദ്ദേശങ്ങൾ) പ്രത്യേകം രേഖപ്പെടുത്തണം]

അധ്യായം 6 : 6.1 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി അവലോകന സംഗ്രഹവും പതിനാലാം പദ്ധതിയിലെ ആദ്യ മൂന്നു വാർഷിക പദ്ധതികളുടെ അവലോകനവും

6.2 പ്രാദേശിക പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ [തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും (കീഴ്ത്തട്ട് നിർദ്ദേശങ്ങൾ) ഉന്നത തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും (മേൽത്തട്ട് നിർദ്ദേശങ്ങൾ)]

അധ്യായം 7 : സംയോജന-സമന്വയ സാധ്യതകൾ, വലിയ പ്രോജക്ട് ആശയങ്ങൾ,സംയോജിത പരിപാടികൾ, സംയുക്ത പ്രോജക്ടുകൾ [വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി പ്രാദേശിക പദ്ധതികൾ സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഉൾപ്പെടെ]

അധ്യായം 8 : ജില്ലാ വികസന പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും (ഒന്നു മുതൽ ഏഴ് വരെയുള്ള അധ്യായങ്ങളുടെ സംഗ്രഹം)

4. ജില്ലാ പദ്ധതി തയ്യാറാക്കൽ: ഘട്ടങ്ങൾ

4.1 ഘട്ടം 1: ഉപസമിതികളുടെ രൂപീകരണം

4.1.1 കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995-ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ 16-ാം ചട്ടത്തിൽ പ്രതിപാദിക്കുന്നത് പ്രകാരം ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ഉപസമിതികൾ രൂപീകരിക്കേണ്ട വിഷയ മേഖലകൾ ചുവടെ ചേർക്കുന്നു.

1. ആമുഖ വിവരങ്ങൾ
2. വിഭവ ലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)
3. വികസനത്തിന്റെ സ്ഥലമാനങ്ങൾ
4. ഉല്പാദന മേഖല (7)
   - 4.1 നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ് -ജല സംരക്ഷണം ഉൾപ്പെടെ)
   - 4.2 മൃഗ സംരക്ഷണം, ക്ഷീരവികസനം
   - 4.3 മത്സ്യ വികസനം
   - 4.4 വനവികസനം
   - 4.5 വ്യവസായം, വാണിജ്യം, തൊഴിലും തൊഴിലവസരങ്ങളും, സ്വയം തൊഴിൽ സംരംഭങ്ങൾ
   - 4.6 പ്രാദേശിക സാമ്പത്തിക വികസനം (സംരംഭകത്വ, നൈപുണ്യ വികസനം)
   - 4.7 സഹകരണം
5. സേവന മേഖല (6)
   - 5.1 ആരോഗ്യം, കുടിവെള്ളം, ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം
   - 5.2 പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
   - 5.3 വിദ്യാഭ്യാസം (അംഗനവാടി വിദ്യാഭ്യാസം ഉൾപ്പെടെ), ഉന്നത വിദ്യാഭ്യാസം, കായികം, യുവജനകാര്യം
   - 5.4 കല-സംസ്കാരം
   - 5.5 വിനോദ സഞ്ചാരം
   - 5.6 വിവരസാങ്കേതിക വിദ്യ
6. പശ്ചാത്തല മേഖല (2)
   - 6.1 ഊർജ്ജം
   - 6.2 ഗതാഗതം, വാർത്താവിനിമയം
7. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (3)

7.1 പട്ടികജാതി വികസനം, പട്ടികവർഗ വികസനം, മത്സ്യത്തൊഴിലാളി വികസനം
7.2 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ,ട്രാൻസ്ജെൻഡർ വിഭാഗം എന്നിവരുടെ വികസനം
7.3 അതിദാരിദ്ര്യം
8. ദുരന്തനിവാരണം,കാലാവസ്ഥ വ്യതിയാനം അടിസ്ഥാനമാക്കിയിട്ടുള്ള വികസന പദ്ധതികൾ, ജൈവവൈവിധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം
9. പ്രത്യേക വികസന പരിപാടികൾ
10. ഭരണ നിർവ്വഹണവും ഇ-ഗവേണൻസും
11. സുസ്ഥിര വികസന ലക്ഷ്യങ്ങൾ

4.1.2 മേൽ സൂചിപ്പിച്ച ഇരുപത്തിയഞ്ച് ഉപസമിതികൾ രൂപീകരിക്കണമെന്നാണ് നിർദ്ദേശിക്കുന്നതെങ്കിലും ജില്ലകളുടെ സാഹചര്യങ്ങൾക്കനുസരിച്ച് കൂടുതൽ ഉപസമിതികൾ ആകാവുന്നതാണ്. ഉദാഹരണത്തിന്, ആരോഗ്യത്തിനും കുടിവെള്ളത്തിനും പ്രത്യേകം ഉപസമിതികൾ ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, ജില്ലകൾക്ക് അപ്രകാരം പ്രത്യേകം ഉപസമിതികൾ രൂപീകരിക്കാം. ഇവിടെ സൂചിപ്പിച്ചിട്ടില്ലാത്ത മേഖലകൾക്കും ആവശ്യമെങ്കിൽ, ഉപസമിതികൾ രൂപീകരിക്കാവുന്നതാണ് (ഉദാ: ദാരിദ്ര്യ ലഘൂകരണം, നഗരവൽക്കരണം, അന്യസംസ്ഥാന തൊഴിലാളികൾ). തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം,കണ്ണൂർ തുടങ്ങിയ വൻനഗരങ്ങൾ ഉള്ള ജില്ലകളിൽ വൻനഗരവും വൻനഗരമൊഴികെയുള്ള ഭാഗവും (നഗരസഞ്ചയ പ്രദേശം ഉൾപ്പെടെ) തമ്മിലുള്ള ഏകോപനത്തിനായി പ്രത്യേക ഉപസമിതി ആകാം.

4.1.3 ഉപസമിതിയുടെ ചെയർപേഴ്സൺ ഒരു ഡി.പി.സി അംഗവും, വൈസ് ചെയർപേഴ്സൺ വിഷയ മേഖലാ വിദഗ്ധനും, കൺവീനർ വിഷയ മേഖലയുടെ ജില്ലാതല ഉദ്യോഗസ്ഥനും, അംഗങ്ങൾ വിഷയ മേഖലയിലെ വിദഗ്ധരും ആയിരിക്കേണ്ടതാണ്. ഒരു ഡി.പി.സി അംഗത്തെ ഒന്നിലേറെ വിഷയ സമിതികളുടെ ചെയർപേഴ്സൺ ആയി നിശ്ചയിക്കാമെങ്കിലും എല്ലാ ഡി.പി.സി അംഗങ്ങൾക്കും ചുമതല വരുന്ന രീതിയിൽ വേണം ചെയർപേഴ്സൺമാരെ നിശ്ചയിക്കേണ്ടത്.

4.1.4 ഉപസമിതിയുടെ അംഗസംഖ്യ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ എന്നിവർ ഉൾപ്പെടെ 7 മുതൽ 15 വരെ ആകാവുന്നതാണ്. അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ഉദ്യോഗസ്ഥരെയും ഉദ്യോഗസ്ഥരല്ലാത്ത വിദഗ്ധരേയും പരിഗണിക്കേണ്ടതാണ്. വൈദഗ്ധ്യം, സന്നദ്ധത എന്നീ ഘടകങ്ങൾ പരിഗണിച്ച് ഈ ഉദ്യമത്തിൽ കാര്യമായ സംഭാവന നൽകാൻ കഴിയുമെന്ന് ഉത്തമബോധ്യമുള്ളവരെ കണ്ടെത്തിവേണം ഉപസമിതികൾ രൂപീകരിക്കേണ്ടത്. അംഗങ്ങളിൽ പകുതി സർവ്വീസിൽ ഉള്ളവർ ആകുന്നത് അഭികാമ്യമായിരിക്കും. അക്കാദമിക്ക് പണ്ഡിതർ, ഗവേഷകർ, ഡോക്ടറൽ വിദ്യാർത്ഥികൾ എന്നിവരെ ഈ ഉദ്യമത്തിൽ പങ്കാളികളാക്കാൻ ശ്രദ്ധിക്കണം. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, മുൻസിപ്പൽ ചേംബർ എന്നീ സംഘടനകളുമായി കൂടിയാലോചിച്ച് ഗ്രാമ, ബ്ലോക്ക് പ്രസിഡന്റുമാരെയും മുൻസിപ്പൽചെയർപേഴ്സൺമാരെയും ഉപസമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്തേണ്ടതാണ്.

4.1.5 മിഷനുകളുമായുള്ള സംയോജനവും ഏകോപനവും സാധ്യമാക്കുന്നതിന് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാരെയും കുടുംബശ്രീ, സാമൂഹ്യസുരക്ഷാ മിഷൻ തുടങ്ങിയ മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാരെയും എസ്.എസ്.കെ, ആർ.എം.എസ്.എ. തുടങ്ങിയ പ്രോജക്ടുകളുടെ പ്രോജക്ട് ഓഫീസർമാരെയും ബന്ധപ്പെട്ട ഉപസമിതികളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

4.1.6 കരട് അധ്യായങ്ങൾ തയ്യാറാക്കുന്നതിന് ഉപസമിതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും അത് തയ്യാറാക്കേണ്ട പ്രധാന ഉത്തരവാദിത്തം ഉപസമിതിയുടെ കൺവീനറായ ജില്ലാതല ഉദ്യോഗസ്ഥനായിരിക്കും. ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ കാര്യമായ സംഭാവന നൽ

കാൻ കഴിയുന്നവരെയാണ് ഉപസമിതിയിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് സഹായകമാകുംവിധം ഉപസമിതിയിൽ ഉൾപ്പെടുത്തേണ്ടുന്ന അക്കാദമിക്ക്-സാങ്കേതിക വിദഗ്ധരടക്കമുള്ള അംഗങ്ങളുടെ പട്ടിക ജില്ലാതല ഉദ്യോഗസ്ഥൻ തയ്യാറാക്കി നൽകേണ്ടതാണ്. കൺവീനർക്ക് ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സഹകരണം ലഭിക്കുന്നുണ്ടെന്ന് ഡി.പി.സി. നേതൃത്വം ഉറപ്പാക്കണം.

4.1.7 ജില്ലാ റിസോഴ്സ് സെന്ററുകൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന വികസന പദ്ധതികളുടെ സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിനും പ്രോജക്ടുകളിൽ ആധുനികമായ ആശയങ്ങളും സാങ്കേതിക വിദ്യകളും സന്നിവേശിപ്പിക്കുന്നതിനുമായി സന്നദ്ധ സേവനത്തിന് തൽപ്പരരായ വിദഗ്ധർ, വികസന-ഗവേഷണ-സാങ്കേതിക സ്ഥാപനങ്ങളിലെയും സർക്കാർ വകുപ്പുകളിലെയും പ്രൊഫഷണലുകൾ എന്നിവരെ ഉൾപ്പെടുത്തി (സർക്കാർ ഉത്തരവ് 26/2019/പ്ലാനിംഗ് തീയതി 24.09.2019) ജില്ലാ ആസൂത്രണ സമിതികൾ, ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ റിസോഴ്സ് സെന്ററുകളിലെ അംഗങ്ങളുടെ വൈദഗ്ധ്യം കണക്കിലെടുത്ത് ഉപസമിതിയിൽ അംഗങ്ങളാക്കുകയും അവരുടെ പൂർണ്ണമായ പങ്കാളിത്തം ജില്ലാ പദ്ധതി രൂപീകരണത്തിൽ ഉറപ്പുവരുത്തുകയും വേണം. വിവിധ തട്ടുകളിലുള്ള പ്രാദേശിക സർക്കാരുകളിലെ ആസൂത്രണ സമിതിയിൽ അംഗങ്ങളായിട്ടുള്ളവരെയും ഉപസമിതി അംഗങ്ങളായി പരിഗണിക്കാവുന്നതാണ്. ജില്ലാ പദ്ധതി തയ്യാറാക്കൽ പ്രക്രിയയിൽ ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ സക്രിയമായ ഇടപെടലുകൾ ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കേണ്ടതാണ്.

4.1.8 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ഒരു നടപടി ഉത്തരവിലൂടെ വേണം ഉപസമിതികൾ രൂപീകരിക്കേണ്ടത്.

4.2 ഘട്ടം 2 : ജില്ലാതല കൂടിയാലോചനായോഗം

4.2.1 ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മപരിപാടിക്ക് രൂപം നൽകുന്നതിനും പൊതു നിർദേശങ്ങൾ തയ്യാറാക്കുന്നതിനുമായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു കൂടിയാലോചനായോഗം സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, മേയർ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ, ഗ്രാമ /ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെയും അധ്യക്ഷൻമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും, ജില്ലാ വികസന കമ്മീഷണർ, ജില്ലാ റിസോഴ്സ് സെന്റർ അംഗങ്ങൾ, ഡി.പി.സിയുടെ ജോയിന്റ് സെക്രട്ടറിമാർ, മിഷനുകളുടെയും അതുപോലെയുള്ള മറ്റ് വികസന ഏജൻസികളുടെയും ജില്ലാതല ഉദ്യോഗസ്ഥർ (ഉദാ: കുടുംബശ്രീ, എസ്.എസ്.കെ, ആർ.എം.എസ്.എ, ബി.ആർ.സി, തൊഴിലുറപ്പ് മിഷൻ, സാമൂഹ്യസുരക്ഷാ മിഷൻ തുടങ്ങിയവ), ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജനറൽ മാനേജർ, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, സംരംഭകർ, വ്യാപാരി-വ്യവസായി സംഘടനാ നേതാക്കൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപ്പരരാണെന്ന് ജില്ലാ ആസൂത്രണ സമിതി കണ്ടെത്തുന്നവർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, എൻ.ജി.ഒ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗമാണ് വിളിച്ചു ചേർക്കേണ്ടത്. ഉപസമിതികളുടെ ചെയർപേഴ്സൺമാരെയും വൈസ് ചെയർപേഴ്സൺമാരെയും കൺവീനർമാരെയും കൂടി യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

4.3 ഘട്ടം 3 : കരട് ജില്ലാ പദ്ധതി തയ്യാറാക്കൽ

4.3.1 പതിമൂന്നാം പദ്ധതിയുടെയും പതിനാലാം പദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിലെയും പദ്ധതികളുടെ/പ്രോജക്ടുകളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക-ഉന്നത തല നിർ

ദ്ദേശങ്ങൾ തയ്യാറാക്കുകയും ഏകോപിത പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ കണ്ടെത്തുകയുമാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. എന്നാൽ പ്രോജക്ടുകളുടെ വിശകലനവും പ്രാഥമിക-ഉന്നത തല നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നത് ജില്ലയുടെ വികസനം സംബന്ധിച്ച സമഗ്രമായ പരിപ്രേക്ഷ്യത്തിന്റെ വെളിച്ചത്തിൽ ആയിരിക്കണം. ജില്ലാതല കൂടിയാലോചനായോഗത്തിൽ നിന്ന് ഉരുത്തിരിയുന്ന ആശയങ്ങളിലൂടെ ജില്ലയുടെ വികസന പരിപ്രേക്ഷ്യം എങ്ങനെയായിരിക്കണം എന്ന് ആദ്യമേ നിശ്ചയിക്കുകയും പ്രസ്തുത പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മേഖലാതല നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. മുമ്പ് തയ്യാറാക്കിയ ജില്ലാ പദ്ധതി പ്രവർത്തനങ്ങളിൽ നിന്നുള്ള അനുഭവ പാഠങ്ങൾ കൂടി ഉൾകൊണ്ടുകൊണ്ടാണ് ജില്ലാ പദ്ധതി രൂപവൽക്കരിക്കേണ്ടത്.

4.3.2 ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന് മുന്നോടിയായി ഓരോ വികസന മേഖലയുടെയും/ഉപമേഖലയുടെയും നിലവിലെ അവസ്ഥ വിശകലനം ചെയ്യണം. ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെ വിശകലനം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, സ്ഥലസന്ദർശനം തുടങ്ങിയ രീതികൾ ഇതിനായി അവലംബിക്കാം. തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാ വിശകലന റിപ്പോർട്ടുകൾ വ്യത്യസ്തമായ ഗുണനിലവാരം പുലർത്തുന്നവയാണ്. എന്നിരുന്നാലും, അവ ശേഖരിച്ച് പരിശോധിക്കുന്നത് ജില്ലാതലത്തിലെ അവസ്ഥാ വിശകലനം നടത്താൻ സഹായിക്കും. ലഭ്യമായ ദ്വിതീയ ദത്തങ്ങളുടെ (ഡാറ്റ) അടിസ്ഥാനത്തിലോ പ്രാഥമിക ഡാറ്റയുടെ അടിസ്ഥാനത്തിലോ അവസ്ഥാ വിശകലനം നടത്തുകയും, നിർദ്ദിഷ്ട മേഖലകളുടെ പ്രവണതാ വിശകലനം (trend analysis) അതനുസരിച്ച് സാദ്ധ്യമായ ഭാവി വളർച്ച (projections) തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ഗണിത മാതൃകകൾ ഉപയോഗിച്ചുള്ള സിമുലേഷൻ സ്, മോഡലിംഗ് എന്നിവ വിദഗ്ദ്ധരുടെ സഹായത്തോടെ ഉപയോഗിക്കാവുന്നതാണ്. ഇതിനായി ഈ മേഖലയിൽ പ്രശസ്തമായ അക്കാദമിക് സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്. ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായം പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

4.3.2.1 ദ്വിതീയ ഡാറ്റ ലഭിക്കുവാനായി അംഗീകൃത ഏജൻസികളുടെ റിപ്പോർട്ടുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഗവേഷണ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഏജൻസികൾ എന്നിവ പ്രസിദ്ധീകരിച്ച പഠനങ്ങളും അവസ്ഥാ വിശകലനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇതോടൊപ്പം വിവിധ വികസന സൂചികകളുടെ (indices) അടിസ്ഥാനത്തിൽ ഓരോ വിഷയമേഖലയിലും കൈവരിച്ച വികസന ലക്ഷ്യങ്ങളും അവലോകനം ചെയ്യേണ്ടതാണ്. മുൻ കാല വികസന പ്രവർത്തനങ്ങളും ഭാവിയിലേക്കുള്ള പ്രൊജക്ഷനുകളും കണക്കിലെടുക്കുമ്പോൾ കൃഷി അനുബന്ധ മേഖലകൾ, ജല ലഭ്യത, ഭൂവിനിയോഗം, നഗരവൽക്കരണം, വ്യവസായം, സാമ്പത്തിക വളർച്ച, പ്രകൃതി വിഭവങ്ങൾ, കാലാവസ്ഥ, എന്നിങ്ങനെ സുപ്രധാന മേഖലകളിൽ കാലക്രമേണയുണ്ടായിട്ടുള്ള മാറ്റങ്ങളും (temporal changes) പരമാവധി ജില്ലാ പദ്ധതിയിലുൾച്ചേർക്കേണ്ടതാണ്.

4.3.3 അവസ്ഥാ വിശകലനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട ഉപസമിതിയ്ക്ക് നൽകുന്നതിന് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതൊക്കെ സ്ഥിതി വിവരക്കണക്കുകൾ ഇത്തരത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന് നിശ്ചയിക്കുന്നതിനായി ജില്ലാതലത്തിൽ ശില്പശാല സംഘടിപ്പിക്കാവുന്നതാണ്. സംസ്ഥാന തലത്തിൽ ലഭ്യമായ സ്ഥിതിവിവര കണക്കുകൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

4.3.4 അവസ്ഥാ വിശകലനത്തിന്റെ ഭാഗമായി വികസനത്തിലെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനകീയ ആവശ്യങ്ങൾ, വികസന സാധ്യതകൾ, ഏകോപന സാധ്യതകൾ, പുതിയ പ്രശ്നപരിഹാര രീതികൾ/ആശയങ്ങൾ തുടങ്ങിയവ കണ്ടെത്തണം. അടിയന്തിരമായി നടത്തേണ്ട ഇടപെടലുകൾ ഉണ്ടെങ്കിൽ അവയും കണ്ടെത്തണം.

4.3.5 അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്താവുന്നതാണ്. വികസന മേഖലയിൽ പതിനാലാം പദ്ധതിയുടെ കാലയളവിലും, 15 വർഷം ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടേണ്ടത് എന്നു പറയാൻ കഴിയണം. ഇപ്രകാരം വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുമ്പോൾ കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്. വിവിധ തട്ടു ഗവൺമെന്റുകളുടെ വികസന ലക്ഷ്യങ്ങളെ ജില്ലയുടെ സാധ്യതകളും, പരിമിതികളും പരിഗണിച്ചുകൊണ്ട് ഉദ്ഗ്രഥിക്കുകയാണ് ഉദ്ദേശം. ജില്ലയുടെ ഭൂമിശാസ്ത്രപരവും, പരിസ്ഥിതിപരവും, ജനസംഖ്യാപരവും സ്ഥലമാനപരവും സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടു മാത്രമേ വിവിധ തട്ടു സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ ഓരോ പ്രദേശത്തും വിഭാവനം ചെയ്തു നടപ്പിലാക്കാനാകൂ.

4.3.6 മേഖലാതലത്തിലുള്ള പരിപ്രേക്ഷ്യങ്ങളുടെ സമഗ്രമായ ക്രോഡീകരണത്തിലൂടെ ജില്ലയുടെ പൊതു വികസന പരിപ്രേക്ഷ്യത്തിലേക്ക് എത്തിച്ചേരാനാകും. പൊതു വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മേഖലാ പരിപ്രേക്ഷ്യങ്ങളിൽ പൂരകമായ മാറ്റങ്ങൾ അനിവാര്യമായേക്കാം. സംഗ്രഹവും ഉപസംഹാരവും എന്ന അധ്യായത്തിൽ (അധ്യായം 8)പൊതു വികസന പരിപ്രേക്ഷ്യം ഉൾപ്പെടുത്താവുന്നതാണ്.

4.3.6.1 ജില്ലാ തലത്തിൽ സമീപ കാലത്ത് തയ്യാറാക്കപ്പെട്ടിട്ടുള്ള സമഗ്ര വികസന പദ്ധതികൾ, മാസ്റ്റർ പ്ലാനുകൾ, വികസന പാക്കേജുകൾ എന്നിവയുണ്ടെങ്കിൽ അവ പരിശോധിക്കുകയും അവയിലെ കാലികവും പ്രസക്തവുമായ ഘടകങ്ങൾ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. ഉദാഹരണത്തിന് ദുരന്ത നിവാരണം, കാലാവസ്ഥാ മാറ്റം, പ്രകൃതി വിഭവ വിനിയോഗം, ഉൽപാദനം, പശ്ചാത്തല വികസനം, സേവനം മുതലായ മേഖലകളിൽ ഇപ്പോൾ നിലനിൽക്കുന്ന മാസ്റ്റർ പ്ലാനുകൾ, കുട്ടനാട്, വയനാട് മുതലായ സ്പെഷ്യൽ പാക്കേജുകൾ എന്നിവയിലെ വികസന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചു വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്.

4.3.7 ജില്ലാ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ പ്രവർത്തിക്കുന്ന വികസന-ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, മറ്റ് വിദഗ്ധ സ്ഥാപനങ്ങൾ എന്നിവയുടെ വിദഗ്ധ ഉപദേശങ്ങൾ സ്വീകരിക്കുന്നതിന് ഉപസമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഉപസമിതി അംഗങ്ങൾക്ക് ഇത്തരം സ്ഥാപനങ്ങളുടെ പ്രതിനിധികളെ ചർച്ചയ്ക്ക് ക്ഷണിക്കുകയോ, അല്ലെങ്കിൽ സ്ഥാപനത്തിൽ പോയി ചർച്ച ചെയ്യുകയോ, അതുമല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളിലൂടെയോ വിദഗ്ധ ഉപദേശം സ്വീകരിക്കാവുന്നതാണ്. അതുപോലെ വ്യത്യസ്ത മേഖലകളുടെ പരസ്പരമുള്ള ബന്ധവും മുൻ-പിൻ ബന്ധങ്ങളും ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട മറ്റ് ഉപസമിതികളുമായി കൂടിയാലോചിക്കുകയും മറ്റ് ഉപസമിതികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രത്യേക കുറിപ്പായി നൽകുകയും ചെയ്യേണ്ടതാണ്. ഇതിനായി വിവിധ മേഖലകളിലെ വിദഗ്ധർ ഒന്നിച്ചിരിക്കുന്ന ശിൽപശാലകളും ചർച്ചാ വേദികളും സംഘടിപ്പിക്കണം.

4.3.8 ജില്ലാ ആസൂത്രണത്തിൽ മുഖ്യ പരിഗണന അർഹിക്കുന്ന ഒരു ഘടകമാണ് പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും സ്ഥലമാനാസൂത്രണവും. ജില്ലാ ആസൂത്രണ പ്രക്രിയയിലുടനീളം വിവിധ വികസന മേഖലകളെക്കുറിച്ചുള്ള വികസന സാധ്യതകൾ സ്ഥലപരമായി ആസൂത്രണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകണം. നഗരവൽക്കരണം, പാരിസ്ഥിതികാസൂത്രണം, യാത്രാസൗകര്യവും ഗതാഗതവും, സൗകര്യങ്ങളുടെയും പൊതു സേവനങ്ങളുടെയും ഇടം , മുതലായ പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ സ്ഥല മാനം (സ്പേഷ്യൽ) വിഭാവനം ചെയ്യേണ്ടതാണ്. ജില്ലയിലെ സാമ്പത്തിക വികസനത്തിന്റെ സാധ്യതകൾ വിവരിക്കുമ്പോഴും സ്ഥലപരമായ മാനങ്ങൾ പരിശോധിക്കണം. സ്ഥലമാന ആസൂത്രണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട ഉപസമിതി തയ്യാറാക്കി പ്രത്യേക അദ്ധ്യായമായി ഉൾപ്പെടുത്തുകയാണെങ്കിലും പ്രധാന നിർ ദ്ദേശങ്ങൾ ബന്ധപ്പെട്ട വിഷയ മേഖലാ ഉപസമിതികൾക്ക് നൽകേണ്ടതും ഉപസമിതികൾ അവ

മേഖലാതല അദ്ധ്യായത്തിൽ പ്രതിപാദിക്കേണ്ടതുമാണ്. സ്ഥലമാനാസൂത്രണത്തിൽ അടിസ്ഥാനസൗകര്യ മാനങ്ങൾ കൂടാതെ സാമ്പത്തിക മാനങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. സ്ഥലമാനപരമായി വിവിധ മേഖലകളിലെ വികസനം ആസൂത്രണം ചെയ്യുന്നതിന് ആവശ്യമുള്ള ഡിജിറ്റൽ മാപ്പുകൾ KSREC, CESS, KFRI, Land Use Board മുതലായ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഇതിനായി ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ വൈദഗ്ധ്യം പൂർണ്ണമായും ഉപയോഗിക്കേണ്ടതാണ്. വിവിധ മേഖലകളിലെ പദ്ധതികൾ സ്ഥലപരമായി വിഭാവനം ചെയ്യുന്നതിന് വേണ്ട ഡിജിറ്റൽ മാപ്പുകൾ, ഡിജിറ്റൽ മാപ്പുകളിൽ ഡാറ്റ സന്നിവേശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ വിദഗ്ദ്ധരുടെ സേവനം ഉപയോഗിക്കേണ്ടതാണ്. പ്രൊജക്ഷനുകൾ നടത്തുന്നതിനും ഈ വിഭാഗത്തിന്റെ വൈദഗ്ധ്യം ഉപയോഗിക്കണം. സ്വകാര്യ നിക്ഷേപത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ജില്ലാ ആസൂത്രണത്തിൽ എല്ലാ മേഖലകളിലും നിക്ഷേപ ആസൂത്രണത്തിന്റെ (investment planning) ഒരു ഘടകം ഉണ്ടായിരിക്കണം. സ്വകാര്യ മേഖലയിലെ പ്രധാന ഉൽപ്പാദന, സേവന, വ്യാപാര സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചിച്ച് ഒരു വിദഗ്ദ്ധ സമിതി മുഖേന ഡിപിസിക്ക് ഈ പ്രക്രിയയ്ക്ക് രൂപം നൽകാനാകും. ഇത് ഒരു പ്രത്യേക ഘടകമായി ജില്ലാ പദ്ധതിയിൽ ചേർക്കാവുന്നതാണ്.

4.3.9 ജില്ലാ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് സമാന്തരമായി തന്നെ ഉപസമിതികൾ ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അദ്ധ്യായം 5 ലും ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അദ്ധ്യായം 6 ലും ഉൾപ്പെടുത്തണം. ഇതിന് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ജില്ലാ വിഹിതം വ്യക്തമാക്കുന്ന രേഖ (District wise break up of funds) ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ എല്ലാ വികസന മേഖലകളിലും, ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശകലനം സംഗ്രഹിച്ച് നൽകുന്നത് നല്ലതായിരിക്കും. ജില്ലാ പദ്ധതിയിലെ അധ്യായം 5 ൽ വകുപ്പുകൾ നിലവിൽ നടപ്പാക്കുന്ന സ്കീമുകൾ വിശദമായി പ്രതിപാദിക്കുന്നതിന് പകരം നിലവിലെ സ്കീമുകളുടെ പേരുകൾ, ഓരോന്നിലേയും പ്രധാന പ്രവർത്തനങ്ങൾ സ്കീമുകൾക്ക് ലഭ്യമാകുന്ന തുകയുടെ വിവരങ്ങൾ, സ്കീം നടപ്പാക്കുന്നതിൽ നിലനിൽക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ , ഓരോ സ്കീമിന്റേയും ലക്ഷ്യപ്രാപ്തി എന്നിവ സംഗ്രഹിച്ച് വികസന വിടവുകൾ കണ്ടെത്തുകയും പ്രസ്തുത വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രാഥമിക ഉന്നത തല നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിക്കുന്നതാണ് അഭികാമ്യം. അദ്ധ്യായം 6-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലും പതിനാലാം പദ്ധതിയിലെ ആദ്യ മൂന്നു വർഷങ്ങളിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിച്ച രീതി, ജനപങ്കാളിത്തം, വാർഷിക പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ എന്നീ ഘടകങ്ങൾ വിശകലന വിധേയമാക്കി ഭാവിയിൽ അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയാണ് വേണ്ടത്. അതോടൊപ്പം മാതൃകാ പ്രോജക്ടുകളും നൂതന പ്രോജക്ടുകളും പ്രത്യേകം പട്ടികപ്പെടുത്തുകയും വേണം. കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക പദ്ധതികളുടെയും അവലോകനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് നൽകേണ്ട നിർദ്ദേശങ്ങളും ഭാഗം II ൽ (അധ്യായം 5,6 എന്നിവയിൽ) ഉൾപ്പെടുത്താവുന്നതാണ്.

4.3.10 ആമുഖ വിവരങ്ങൾ, വിഭവ ലഭ്യത എന്നീ അധ്യായങ്ങൾ തയ്യാറാക്കുന്നതിനുള്ള ഉപസമിതികൾ ബന്ധപ്പെട്ട അധ്യായങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ തയ്യാറാക്കണം. വിഭവ ലഭ്യത എന്ന അധ്യായത്തിൽ മാനവ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളുടെ സാധ്യതകൾ വിശദമായിത്തന്നെ വിശകലനം ചെയ്യുകയും ധനവിഭവത്തെ സംബന്ധിച്ചിടത്തോളം 2023-24 മുതൽ 5 വർഷക്കാലയളവിൽ ജില്ലയിലെ ഓരോ വികസന യൂണിറ്റിനും വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കാവുന്ന തുക ഏറെക്കുറെ കൃത്യമായി കണക്കാക്കി ഒരു പട്ടികയായി നൽകുകയും വേണം. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം എന്നിവ ഓരോ വർഷവും 10 ശതമാനം വർദ്ധിക്കുമെന്ന് കണക്കാക്കി 2026-27 വരെയുള്ള വിഹിതം നിശ്ചയിക്കാവുന്നതാണ്. അതോടൊപ്പം സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളും സ്വകാര്യ സംരംഭങ്ങളുടെ സാധ്യതകളും പരിശോധിച്ച് ഉൾപ്പെടുത്തണം. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളും ഇതിന്റെ ഭാഗമായി പരിശോധിക്കേണ്ടതാണ്.

4.3.11 അവസ്ഥാ വിശകലനം നടത്തി കരട് ജില്ലാ പദ്ധതി രൂപപ്പെടുത്തുന്നതിന് ഉപസമിതികൾ ആവശ്യാനുസരണം യോഗം ചേരേണ്ടതും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കി കരട് രേഖ തയ്യാറാക്കേണ്ടതുമാണ്. ഉപസമിതിയുടെ ആദ്യയോഗത്തിൽ തന്നെ അംഗങ്ങൾക്ക് ചുമതലകൾ വിഭജിച്ച് നൽകുകയും ഓരോ അംഗവും തയ്യാറാക്കുന്ന കുറിപ്പുകൾ ഉപസമിതിയുടെ തുടർന്നുള്ള യോഗത്തിൽ വിശദമായി ചർച്ച ചെയ്ത് പരിപോഷിപ്പിക്കുന്നതുമായ രീതി അവലംബിക്കാവുന്നതാണ്. ഉപസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏതെങ്കിലും വ്യക്തിയുടെയോ, സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയോ സേവനം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ ഡി.പി.സി അധ്യക്ഷന്റെയും മെമ്പർ സെക്രട്ടറിയുടെയും അംഗീകാരത്തോടെ ഉപസമിതിയിൽ ഉൾപ്പെടുത്തുകയോ പ്രത്യേക ക്ഷണിതാവായി പങ്കെടുപ്പിക്കുകയോ ചെയ്യാവുന്നതാണ്.

4.3.12 പ്രാദേശിക സാമ്പത്തിക വികസനത്തിനാണ് ജില്ലാ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. അതിനാൽ ഓരോ വികസന മേഖലയിലും പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉപയുക്തമായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാമെന്ന് സമഗ്രമായി പ്രതിപാദിക്കേണ്ടതാണ്. ഓരോ മേഖലയിലെയും സംരംഭകത്വ സാധ്യതകൾ, മൂലധന നിക്ഷേപ സാധ്യതകൾ, തൊഴിൽ സൃഷ്ടി, നൈപുണ്യ വികസനം എന്നിവ വസ്തുനിഷ്ഠമായി വിലയിരുത്തണം. ഇങ്ങനെ വിഭാവനം ചെയ്യുന്നത് സംഗ്രഹിച്ച് പ്രാദേശിക സാമ്പത്തിക വികസനം എന്ന ശീർഷകത്തിൽ പ്രത്യേകമായി നൽകണം. ജില്ലയുടെ സാമ്പത്തിക വികസനത്തിന് ഏറ്റവും സാധ്യതയുള്ള മുൻനിര മേഖലകൾ കണ്ടെത്തണം. ജില്ലയ്ക്കുള്ളിൽ സാമ്പത്തിക വികസനത്തിനുള്ള പ്രത്യേക മേഖലകൾ കണ്ടെത്താൻ കഴിയുമോ എന്ന് പരിശോധിക്കണം.

4.3.13 സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ പതിനാലാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിടുന്നു. ദുരന്ത നിവാരണ പദ്ധതിയും, ക്ലൈമറ്റ് ആക്ഷൻ പ്ലാനും ഇതിനകം തദ്ദേശ ഭരണ സ്ഥാപനങ്ങൾ രൂപവത്ക്കരിച്ചിട്ടുണ്ട്. അവയിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ജില്ലകളുടെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ തയ്യാറാക്കണം. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം ലക്ഷ്യമാക്കി നടപ്പാക്കിക്കൊണ്ടിരിക്കുന്ന റീ ബിൽഡ് കേരള ഇനിഷിയേറ്റിവിന്റെ പ്രവർത്തനങ്ങൾ കൂടി ഇവിടെ പരിശോധിക്കേണ്ടതാണ്. റീ ബിൽഡ് കേരളയുടെ ഭാഗമായി തയ്യാറാക്കിയ Risk Informed Master Plan ലെ നിർദ്ദേശങ്ങളും ജില്ലാ തലത്തിൽ ക്രോഡീകരിച്ച പൊതു നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തണം.

4.3.14 സമയബന്ധിതമായി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയെന്നത് പരമപ്രധാനമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ മേഖലകളിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ഓരോ വിഷയ മേഖലയിലും കൃത്യമായി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഓരോന്നും കൈവരിക്കുന്നതിന് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പുകളും നടപ്പാക്കി വരുന്ന പദ്ധതികൾ ശാക്തീകരിക്കേണ്ടതാണ്. ഓരോ സുസ്ഥിര വികസന ലക്ഷ്യത്തിലുള്ള വിടവുകൾ സൂചിപ്പിക്കണം. കൂടാതെ പ്രസ്തുത ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ മേഖല തിരിച്ച് പട്ടികപ്പെടുത്തുകയും വേണം. ഇതിനു പുറമേ വിവിധ മേഖലകളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ചെയ്ത ഇടപെടലുകൾ അതാത് വിഷയ മേഖലകളിൽ പ്രതിപാദിക്കാവുന്നതാണ്.

4.3.15 ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനും ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും സുഗമമായ നീരൊഴുക്കും സംരക്ഷണവും ഉറപ്പാക്കുന്നതിനും സാങ്കേതിക തികവോടെയുള്ള പുതിയ

നീർത്തട വികസന പദ്ധതികളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കണം. ഇതിനായി സമഗ്ര ജല വിഭവ മാനേജ്മെന്റിനുള്ള പദ്ധതികൾ ജില്ലയിലെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും കാലാവസ്ഥാ ഉപമേഖലകളും കണക്കിലെടുത്ത് നിർദ്ദേശിക്കാൻ കഴിയണം.

4.3.16 കുട്ടികളുടെ സമഗ്രവികാസം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം തുടങ്ങിയ നാല് അടിസ്ഥാന ആവശ്യങ്ങളും ലക്ഷ്യമിട്ടായിരിക്കണം കുട്ടികൾക്കായുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടത്.

4.3.17 ഭിന്നശേഷിക്കാർ, കുട്ടികൾ, വയോജനങ്ങൾ, സ്ത്രീകൾ എന്നിവരുടെ സവിശേഷതകൾ പരിഗണിച്ചു വേണം എല്ലാ മേഖലയിലും പദ്ധതി വിഭാവനം ചെയ്യാൻ.

4.3.18 ജില്ലയിലെ മുഴുവൻ ജലാശയങ്ങളുടെയും ശുചീകരണത്തിന് പൊതുജന പങ്കാളിത്തത്തോടെയും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സാങ്കേതിക തികവോടെയുള്ള പ്രാദേശിക ദ്രവമാലിന്യ സംസ്കരണ പദ്ധതികൾക്ക് രൂപം നൽകണം.

4.3.19 കേരളത്തിൽ പ്രായമായവരുടെ എണ്ണവും അനുപാതവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന കണക്കുകൾ വ്യക്തമാക്കുന്നു. വയോജനങ്ങളുടെ ജനസംഖ്യാ വർദ്ധനവ് അടുത്ത അരനൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക മാറ്റങ്ങളിലൊന്നായിരിക്കെ, വൃദ്ധ ജനങ്ങൾക്ക് മികച്ച സാമൂഹിക, സാമ്പത്തിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താനുതകുന്ന പരിചരണ (കെയർ) സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ വികസിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ സംരക്ഷണവും വൃദ്ധരായവരുടെ പരിചരണവും പല കുടുബങ്ങളിലും സ്ത്രീകളുടെ ഉത്തരവാദിത്തമായതിനാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറയുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഒരു സമഗ്ര പരിചരണ സമ്പദ് വ്യവസ്ഥയുടെ (Care Economy) സാധ്യതകൾ ആരാഞ്ഞ് നിർദ്ദേശങ്ങൾക്ക് രൂപം നൽകണം.

4.3.20 പൊതുവായി പരാമർശിക്കുന്ന വിഷയങ്ങൾക്കുവരെ ജില്ലയുടെ സവിശേഷ വികസന പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്കും പ്രാമുഖ്യം നൽകണം. ഇതിനുവേണ്ടി ആവശ്യമെങ്കിൽ പ്രത്യേകം അദ്ധ്യായങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ്.

4.3.21 ഓരോ വിഷയ മേഖലയിലും ഉൾക്കൊള്ളിക്കേണ്ട വിവരങ്ങളും അവയുടെ സ്രോതസ്സും ഇവ എങ്ങനെ വിശകലനം ചെയ്യണമെന്നും ഉപയോഗിക്കണമെന്നും വിശദമാക്കുന്ന കൈപ്പുസ്തകം പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്. ജില്ലാ പദ്ധതിയുടെ അവസ്ഥാ വിശകലനത്തിൽ ഉൾപ്പെടുത്തേണ്ട പട്ടികകളും, അവയുടെ വിശകലന രീതികളും, അവയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അവതരണ രീതികളും നിർദ്ദേശങ്ങളുടെ ഘടനയും ഈ കൈപ്പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്.

4.3.22 ജില്ലാ പദ്ധതിയുടെ രൂപീകരണം സുഗമമാക്കാനും കാലതാമസം ഒഴിവാക്കാനും ബന്ധപ്പെട്ട എല്ലാ വികസന വകുപ്പുകളിലും അസിസ്റ്റന്റ് ഡയറക്ടർ റാങ്കിലെ ഓഫീസറെ nodal ഓഫീസറായി ചുമതലപ്പെടുത്താവുന്നതാണ്.

4.3.23 കൂടാതെ ജില്ലാ പദ്ധതി എഴുതി തയ്യാറാക്കുന്നതിലേക്കായി ജില്ലാ പ്ലാനിംഗ് ഓഫീസിലെ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസറുടെ കീഴിൽ 10 പേർ അടങ്ങുന്ന ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

4.4 ഘട്ടം 4 : കരട് ജില്ലാ പദ്ധതി: അഭിപ്രായ രൂപീകരണം

4.4.1 ഘട്ടം 3-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്ന കരട് ജില്ലാ പദ്ധതി ജില്ലാ ആസൂത്രണ സമിതി പരിഗണിക്കേണ്ടതും തുടർന്ന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ

ചർച്ചകൾ സംഘടിപ്പിച്ചും അല്ലാതെയും കരട് ജില്ലാ പദ്ധതി സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്തേണ്ടതുമാണ്.

4.4.2 അഭിപ്രായ രൂപീകരണത്തിന്റെ ഭാഗമായി കരട് ജില്ലാ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്. അത് തദ്ദേശഭരണ സ്ഥാപന തലത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം. ചർച്ചകളിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരേയും അതത് മേഖലകളിലെ പ്രഗത്ഭരായ സ്വകാര്യ സംരംഭകരെയും ലീഡ് ബാങ്ക് പ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചർച്ചകൾക്ക് തദ്ദേശഭരണ സ്ഥാപന തല ആസൂത്രണ സമിതി നേതൃത്വം നൽകണം.

4.4.3 തദ്ദേശഭരണ സ്ഥാപനതലത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുമ്പോൾ മേഖലകളിലെ ജില്ലാതല അവസ്ഥയും ലക്ഷ്യവും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെയും വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും സ്വകാര്യ സംരംഭകരുടെയും പങ്കും പ്രത്യേകം ചർച്ചചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. ഉദാഹരണത്തിന് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന് അനുസൃതമായി ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രദേശത്ത് എത്ര ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നും അത് യാഥാർത്ഥ്യമാക്കുന്നതിന് ഓരോ വികസന യൂണിറ്റിന്റെ പങ്കും ചർച്ചചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ഇത്തരത്തിൽ ഓരോ മേഖലയും ചർച്ച ചെയ്ത് പ്രസ്തുത നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന തീയതിക്ക് മുമ്പായി ഡി.പി.സി.യ്ക്ക് ലഭ്യമാക്കണം.

4.4.4 അഭിപ്രായ രൂപീകരണം നടത്തുന്നതിന്റെ ഭാഗമായി കരട് രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ച് ഓൺലൈനിൽ അഭിപ്രായങ്ങൾ സ്വീകരിക്കാവുന്നതാണ്. അഭിപ്രായങ്ങൾ രേഖാമൂലം നൽകുന്നതിനുള്ള സൗകര്യം ഡി.പി.സി കാര്യാലയത്തിൽ ഏർപ്പെടുത്തുകയും വേണം.

4.4.5 കരട് ജില്ലാ പദ്ധതി സംബന്ധിച്ച് വിവിധ രംഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങൾ ഉപസമിതികളുടെ സഹായത്തോടെ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കണം. ജില്ലാ തല ക്രോഡീകരണത്തിനു ശേഷം ജില്ലാതല ലക്ഷ്യവും ജില്ലാ വികസന പദ്ധതിയും ആവശ്യമെങ്കിൽ പരിഷ്കരിക്കേണ്ടതാണ്.

4.5 ഘട്ടം 5 : ജില്ലാ വികസന സെമിനാർ

4.5.1 അഭിപ്രായ രൂപീകരണത്തിന് ശേഷം പരിഷ്കരിക്കുന്ന കരട് ജില്ലാ പദ്ധതി, ജില്ലാ ആസൂത്രണ സമിതി പരിഗണിച്ച് ജില്ലാ വികസന സെമിനാറിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

4.5.2 വികസന സെമിനാറിൽ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, മേയർ, ജില്ലാ വികസന കമ്മീഷണർ, ജില്ലാ റിസോഴ്സ് സെന്റർ അംഗങ്ങൾ, ഉപസമിതികളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ,ജില്ലാ ആസൂത്രണ ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജില്ലാ ജനറൽ മാനേജർ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദഗ്ധർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, എൻ.ജി.ഒ പ്രതിനിധികൾ ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപ്പരരാണെന്ന് ഡി.പി.സി. കണ്ടെത്തുന്ന മറ്റുള്ളവർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

4.5.3 ജില്ലാ പദ്ധതിക്ക് മൂർത്ത രൂപം നൽകുന്ന തരത്തിലായിരിക്കണം സെമിനാറിലെ ചർച്ചകൾ സംഘടിപ്പിക്കേണ്ടത്. ഉദ്ഘാടന സെഷനു ശേഷം ആമുഖ വിവരങ്ങൾ, വിഭവ ലഭ്യത, വികസനത്തിന്റെ സ്ഥലമാനങ്ങൾ, ഉൽപാദനം, സേവനം, പശ്ചാത്തലം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ, പരിസ്ഥിതിയും കാലാവസ്ഥാമാറ്റവും, പ്രത്യേകവികസന പരിപാടികൾ, ഭരണനിർവ്വഹണവും ഇ-ഗവേണൻസും, കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ അവലോകനം, പ്രാദേശിക പദ്ധതികളുടെ അവലോകനം എന്നിങ്ങനെ ഗ്രൂപ്പായി തിരിഞ്ഞ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതും തുടർന്ന് പ്ലീനറി സെഷനിൽ ഗ്രൂപാർശകൾ അവതരിപ്പിച്ച് അന്തിമമാക്കുകയും ചെയ്യേണ്ടതാണ്.

4.5.4 ജില്ലാ വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഉപസമിതികളുടെ സഹായത്തോടുകൂടി ജില്ലാ ആസൂത്രണ സമിതി, കരട് രേഖ പരിഷ്കരിക്കേണ്ടതും ഇത്തരത്തിൽ അന്തിമമാക്കിയ കരട് ജില്ലാ പദ്ധതിക്ക് അംഗീകാരം നൽകേണ്ടതുമാണ്.

4.5.5 ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പരിഷ്കരിച്ച ജില്ലാ പദ്ധതിയുടെ വളരെ സംക്ഷിപ്തമായ ഒരു സംഗ്രഹ രൂപം തയ്യാറാക്കുന്നത് പരിഗണിക്കാവുന്നതാണ്. റഫറൻസ് ആവശ്യങ്ങൾക്ക് ഇത് ഉപകാരപ്രദമായിരിക്കും.

5. ജില്ലാ പദ്ധതിക്ക് സർക്കാർ അംഗീകാരം

5.1 ജില്ലാ ആസൂത്രണ സമിതി അന്തിമമാക്കുന്ന ജില്ലാ പദ്ധതി കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53-ൽ അനുശാസിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

5.2 വിവിധ ജില്ലകളുടെ കരട് ജില്ലാ പദ്ധതികൾ സംസ്ഥാന വികസന കൗൺസിലിൽ ചർച്ച ചെയ്യുന്നതും കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അംഗീകാരം സംബന്ധിച്ച് സർ ക്കാർ തീരുമാനമെടുക്കുന്നതുമാണ്.

5.3 സംസ്ഥാന സർക്കാർ അംഗീകരിച്ച നൽകുന്ന ജില്ലാ വികസന പദ്ധതിയുടെ കോപ്പി തദ്ദേശഭരണ സ്ഥാപനങ്ങൾ, വികസന വകുപ്പുകൾ, വകുപ്പുകളുടെ ജില്ലാ തല ഓഫീസുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, ജില്ലയിലെ എം.പി.മാർ, എം.എൽ.എമാർ, വികസന- ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലേയും ലൈബ്രറികൾ എന്നിവർക്ക് ലഭ്യമാക്കണം. പ്രസിദ്ധീകരിച്ച രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർ ഡിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വകുപ്പുകളുടെ ജില്ലാതല ഔദ്യോഗിക വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും വേണം.

5.4 ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും മാർഗ്ഗ നിർദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാവേണ്ടതാണ്.

6. ജില്ലാ പദ്ധതിയുടെ കാലാവധി

6.1 ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം എല്ലാ വർഷവും പുതുക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർ ക്കാർ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും വാർഷിക പദ്ധതികൾ വിലയിരുത്തി, വരുംവർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ എടുക്കേണ്ട കരുതലുകളെക്കുറിച്ച് ഡി.പി.സി. നൽകുന്ന നിർദ്ദേശങ്ങളാണ് ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം. ഇത് തീർച്ചയായും ഒരു വാർഷിക പ്രക്രിയയാണ്. എന്നാൽ ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗത്ത് നൽകുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം കൂടുതൽ സ്ഥിരസ്വഭാവമുള്ളതാണ്. വികസന പരിപ്രേക്ഷ്യത്തിന്റെ കൂടി വെളിച്ചത്തിലാണ് രണ്ടാം ഭാഗത്തെ വാർഷിക നിർദ്ദേശങ്ങൾ തയ്യാറാക്കുക. എന്നാൽ വികസന

പരിപ്രേക്ഷ്യവും കാലഹരണപ്പെടലിന്റെ നിയമങ്ങൾക്ക് അതീതമല്ല. വികസന പരിപ്രേക്ഷ്യവും നവീകരിക്കപ്പെടേണ്ടതുണ്ട്. ചുരുങ്ങിയ പക്ഷം എല്ലാ പഞ്ചവത്സര പദ്ധതികളുടേയും തുടക്കത്തിൽ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കേണ്ടതാണ്.

6.2 എന്നാൽ, അഞ്ചു വർഷത്തിനു മുൻപ് തന്നെ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കേണ്ടതുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനിക്കുകയാണെങ്കിൽ അപ്രകാരം പുതുക്കി ശക്തിപ്പെടുത്താവുന്നതാണ്.

7. നിരീക്ഷണ സംവിധാനം

7.1 ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്.

(a) സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി

അദ്ധ്യക്ഷൻ : മുഖ്യമന്ത്രി
സഹ അദ്ധ്യക്ഷൻ : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
ഉപ അദ്ധ്യക്ഷൻ : വൈസ് ചെയർമാൻ, സംസ്ഥാന ആസൂത്രണ ബോർഡ്
അംഗങ്ങൾ

1. ചീഫ് സെക്രട്ടറി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കൺവീനർ)
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)
7. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
8. ഡയറക്ടർ ജനറൽ, കില
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
10. ചീഫ് (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡ്
11. ചീഫ് ടൗൺ പ്ലാനർ
12. കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

(b) ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി

അദ്ധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി
അംഗങ്ങൾ : ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ഡി.പി.സി
: ഡി.പി.സിയിലെ സർക്കാർ നോമിനി
: ഡി.പി.സി നിയമിക്കുന്ന ഡി.പി.സി യിലെ മൂന്നു അംഗങ്ങൾ
: ജില്ലാ വികസന കമ്മീഷണർ
: ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ)
: ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
: ജില്ലാ ടൗൺ പ്ലാനർ
: ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
: ഉപസമിതികളുടെ കൺവീനർമാർ

7.2 സംസ്ഥാന മോണിട്ടറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ ചർച്ചചെയ്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

7.3 ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഉപസമിതികളുടെ പ്രവർത്തനം വിലയിരുത്തേണ്ടതും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർത്ത് ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഉണ്ടെന്ന് കാണുകയാണെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കണം.

7.4 ഉപസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല ജില്ലാ ആസൂത്രണ സമിതി കാര്യാലയത്തിന് ആയിരിക്കും. ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണം) എന്നിവർ ജില്ലാ പദ്ധതി തയ്യാറാക്കുന്ന പുരോഗതി ഓരോ ആഴ്ചയിലും അവലോകനം ചെയ്യേണ്ടതാണ്.

8. സഹായ സംവിധാനങ്ങൾ

8.1 കൈപ്പുസ്തകവും ടൂൾകിറ്റും

കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം/ടൂൾ കിറ്റ് സംസ്ഥാന ആസൂത്രണ ബോർഡ് സംസ്ഥാന റിസോഴ്സസ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ **കില** തയ്യാറാക്കി ലഭ്യമാക്കുന്നതാണ്.

8.2 റിസോഴ്സ് ടീം

ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയ്ക്ക് വേണ്ട സാങ്കേതിക സഹായം സംസ്ഥാന ആസൂത്രണ ബോർഡും കിലയും ലഭ്യമാക്കുന്നതാണ്. ആസൂത്രണ ബോർഡിനെയും കിലയെയും സഹായിക്കുന്നതിന്, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ച സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന് പുറമെ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ സംസ്ഥാന തലത്തിൽ ഒരു റിസോഴ്സ് ടീം പ്രവർത്തിക്കുന്നതാണ്.

1. ഡോ. ജിജു.പി.അലക്സ്, മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
2. അഡ്വ.ഡി സുരേഷ് കുമാർ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, തിരുവനന്തപുരം.
3. ശ്രീ. സംഷാദ് മരക്കാർ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, വയനാട്.
4. ശ്രീമതി. എം.കെ റഫീഖ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, മലപ്പുറം.
5. ശ്രീമതി. ബേബി ബാലകൃഷ്ണൻ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, കാസർകോഡ്.
6. ശ്രീ. അനിൽ കുമാർ എം, മേയർ, കൊച്ചി കോർപ്പറേഷൻ
7. ശ്രീ. എം കൃഷ്ണദാസ് , ചെയർമാൻ ഗുരുവായൂർ മുനിസിപ്പാലിറ്റി & ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമാൻ
8. ശ്രീമതി. വി അമ്പിളി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നെടുമങ്ങാട് (ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി)
9. ശ്രീ. എം ലതീഷ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഉടുമ്പന്നൂർ(ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി)
10. ശ്രീ. ടി.ഗംഗാധരൻ, വിദഗ്ധ അംഗം, എസ്.ആർ.ജി.
11. പ്രൊഫ. പി.കെ. രവീന്ദ്രൻ, വിദഗ്ധ അംഗം, എസ്.ആർ.ജി.
12. ശ്രീമതി ജോസഫൈൻ ജെ, ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്.
13. ഡോ. ജോയ് ഇളമൺ
14. ഡോ. കെ.ജെ. ജോസഫ്, ഡയറക്ടർ, ജി.ഐ.എഫ്.ടി.
15. ശ്രീ. നിസ്സാമുദ്ദീൻ എ , ഐ.എ.എസ് , ഡയറക്ടർ കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ
16. ശ്രീ. അനുപ് കിഷോർ, വിദഗ്ധ അംഗം, എസ്.ആർ.ജി.

17. ശ്രീ. ശ്രീകുമാർ ബി, ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
18. ഡോ.അജിത് കള്ളിയത്ത്, അർബൻ ചെയർ പ്രൊഫസ്സർ, കില.
19. ഡോ. രാജേഷ്. കെ, സീനിയർ അർബൻ ഫെലോ, കില.
20. ശ്രീ. എസ്.ആർ. സനൽകുമാർ, കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
21. ഡോ. അനിൽ, ജി.ഐ.എഫ്.ടി. എസ്.സി. സ്റ്റഡീസ്.
22. ശ്രീമതി. ഷീബ റാണി, ചീഫ് ടൗൺ പ്ലാനർ.
23. ശ്രീ. സന്ദീപ് കെ.ജി ചീഫ് എൻജീനീയർ എൽ എസ് ജി ഡി
24. പ്രൊഫ. എൻ. രമാകാന്തൻ. എം.ജി.എൻ.ആർ.ഇ.ജി.എ. ഓഡിറ്റ് ഡയറക്ടർ.
25. ശ്രീ. യു.വി. ജോസ്, എക്സ്ക്യൂട്ടീവ് ഡയറക്ടർ,ശ്രുചിത്വ മിഷൻ.
26. ശ്രീ. ബിജു. വി.എസ്. ഡി.പി.ഒ. തിരുവനന്തപുരം.
27. ശ്രീ. എൻ.ജഗജീവൻ, കൺസൾട്ടന്റ്, ശ്രുചിത്വ മിഷൻ

8.3 പരിശീലനം

ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ഉപസമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ, ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, പ്രാദേശിക സർക്കാരുകളുടെ അധ്യക്ഷൻമാർ, സെക്രട്ടറി, വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ മുതലായവർക്ക് ജില്ലാ പദ്ധതി സംബന്ധിച്ച് ആസൂത്രണ ബോർഡിന്റെയും കിലയുടെയും ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതാണ്.

8.4 ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം ചെയ്ത് ജില്ലാ പദ്ധതിയുടെ ഭാഗം II ൽ അധ്യായം 6 ആയി ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെയും അദ്ദേഹത്തിന്റെ ഓഫീസിന്റെയും സേവനം ജില്ലാ ആസൂത്രണ സമിതി പ്രയോജനപ്പെടുത്തേണ്ടതാണ്.

8.5 ജില്ലാ ആസൂത്രണ സമിതി കാര്യാലയം

8.5.1 ഉപസമിതികളുടെ ആഭിമുഖ്യത്തിലാണ് ജില്ലാ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതെങ്കിലും ഇതിനുവേണ്ട സാങ്കേതിക സഹായം ജില്ലാ ആസൂത്രണ സമിതി കാര്യാലയം നൽകേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി കാര്യാലയത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് എന്നീ മൂന്ന് ഓഫീസുകളാണ് ഉൾപ്പെടുന്നത്. ഡി.പി.സി കാര്യാലയത്തിൽ ഉൾപ്പെടുന്ന ഓഫീസുകളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്	: സ്ഥലപരാസൂത്രണത്തിന് (Spatial Planning) ആവശ്യമായ സാങ്കേതിക സഹായം നൽകുക
ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്	: ആസൂത്രണത്തിന് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുക
ജില്ലാ പ്ലാനിംഗ് ഓഫീസ്	: ആസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

കൂടാതെ, ഇൻഫർമേഷൻ കേരള മിഷൻ, തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിശ്ചിത രൂപത്തിൽ ക്രോഡീകരിച്ച് ലഭ്യമാക്കുക.

8.6 കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ വികസന വകുപ്പുകളുടെ സഹായത്തോടുകൂടി കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ 2024-25 ലെ ബജറ്റ് വിഹിതത്തിൽ നിന്നും ഓരോ ജില്ലയ്ക്കുമുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് ലഭ്യമാക്കുന്നതാണ് (District wise break up of funds).

9. ചെലവുകൾ

9.1 കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ (അച്ചടി, ഓണറേറിയം, കൈപ്പുസ്തകം, ടൂൾകിറ്റ്, പരിശീലനം, മറ്റ് ചെലവുകൾ ഉൾപ്പെടെ) "3451-00-102-99-ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

10. ജില്ലാ പദ്ധതി രൂപീകരണത്തിന്റെ പ്രവർത്തന കലണ്ടർ താഴെ പറയും പ്രകാരമായിരിക്കും.

ജില്ലാ പദ്ധതി പരിഷ്കരണം - സമയക്രമം		
ക്രമ നം.	**ഘട്ടങ്ങൾ**	**പൂർത്തിയാക്കേണ്ട അവസാന തീയതി**
1	ഉപസമിതികൾ രൂപീകരിക്കൽ, ജില്ലാതല കൂടിയാലോചനാ യോഗം	2024 ആഗസ്റ്റ് 15
2	കരട് ജില്ലാ വികസന പദ്ധതി തയ്യാറാക്കൽ	2024 സെപ്റ്റംബർ 20
3	കരട് ജില്ലാ പദ്ധതി - അഭിപ്രായ രൂപീകരണം	2024 സെപ്റ്റംബർ 28
4	ജില്ലാ വികസന സെമിനാർ	2024 ഒക്ടോബർ 21
5	കരട് ജില്ലാ വികസന പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം	2024 ഒക്ടോബർ 30
6	കരട് ജില്ലാ വികസന പദ്ധതി സംസ്ഥാന സർക്കാരിന് അയച്ചു കൊടുക്കൽ	2024 ഡിസംബർ 16
7	ജില്ലാ വികസന പദ്ധതികൾക്ക് സർക്കാരിന്റെ അംഗീകാരം	2024 ഡിസംബർ 30

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/295/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-09-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളിൽ കർഷക ഗ്രാമസഭകൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.16

****

എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗര ഭരണ സ്ഥാപനങ്ങളിലും 2025-26 വർഷത്തെ പദ്ധതി രൂപീകരണം മുതൽ കർഷകഗ്രാമസഭ വിളിച്ചുകൂട്ടാവുന്നതാണ്. ഗ്രാമസഭ കൂടുന്നതിന് മുൻപാണ് കർഷകസഭ കൂടേണ്ടത്. കർഷക സഭകൾ കൂടുന്നത് സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- കർഷക സഭയിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ മുൻകൂട്ടി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി/ കൗൺസിലിന് നൽകി പ്രസിഡന്റ്/ചെയർമാൻ/വാർഡ് മെമ്പർ എന്നീ ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് കർഷകസഭ കൂടേണ്ടത്.
- കൃഷി അസിസ്റ്റന്റ് കൺവീനറായ ഒരു കമ്മിറ്റി തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുമായി ചർച്ച ചെയ്താണ് അജണ്ട തയ്യാറാക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വവുമായി അജണ്ട ചർച്ച ചെയ്ത് അന്തിമമാക്കണം.
- ഇതിനായി കർഷകസഭയിൽ അവതരിപ്പിക്കാൻ കൃഷി ഓഫീസർ കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കുന്ന വിധത്തിൽ പ്രദേശത്തിന്റെ വിഭവ ലഭ്യതയും വികസന സാധ്യതയും യോജിച്ച സമഗ്ര പദ്ധതി നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് യോഗത്തിൽ ചർച്ച ചെയ്ത് ധാരണയിൽ എത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംബന്ധിച്ച രൂപരേഖ ബന്ധപ്പെട്ട കൃഷി ഓഫീസർ നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായി സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംയോജിപ്പിക്കുന്നതിന്റെ സാധ്യതകൾ ചർച്ച ചെയ്യണം. മേൽ സൂചിപ്പിച്ച വിശദാംശങ്ങൾ കർഷകസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം.
- കർഷക സഭയുടെ നടപടിക്രമം മുൻകൂട്ടി തയ്യാറാക്കണം. കൃഷി മേഖലയ്ക്കൊപ്പം

അനുബന്ധ മേഖലയായ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകൾ കൂടി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.

- പ്രത്യേക കർഷക സഭകൾ കൂടാൻ കഴിയാത്ത സാഹചര്യത്തിൽ വിശേഷാൽ പ്രാധാന്യത്തോടെ ഭരണസമിതി/കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ/ വാർഡ്സഭയോടൊപ്പം ആയത് കൂടാവുന്നതാണ്.
- ഓരോ വാർഡിലും എന്ന നിലയിലോ ഒന്നിലധികം വാർഡുകൾ ഒരുമിച്ചായോ കർഷകസഭ കൂടുന്ന രീതി സാഹചര്യങ്ങൾക്കനുസൃതമായി പരിഗണിക്കാവുന്നതാണ്. കർഷക സഭയുടെ നിർദ്ദേശങ്ങൾക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4 പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കൃഷി വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/287/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-11-2024

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ടൂറിസം വകുപ്പിൻറെ 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതി - തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് PPP മാതൃകയിൽ പദ്ധതികൾ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.24/2021/TSM, തീയതി 21.12.2021
2. സ.ഉ.(കൈ) നം.5/2022//TSM, തീയതി 22.02.2022
3. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
5. 17.04.2023ലെ ഡിഎ1/287/2022-തസ്വഭവ നമ്പർ സർക്കുലർ
6. വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 16.06.2023ലെ 851/എസ്.ആർ.ജി/2023 നമ്പർ കത്ത്

****

സംസ്ഥാനത്തെ അറിയപ്പെടാത്ത, ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങളുടെ വികസനത്തിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സൂചന 5 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. പദ്ധതിയുടെ 60% തുക ടൂറിസം വകുപ്പും, ബാക്കി 40% ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവും വഹിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച്, അടങ്കൽ തുകയുടെ 40% പഞ്ചായത്തുകൾ ചെലവഴിക്കുന്ന മുറയ്ക്ക് മാത്രമാണ് ബാക്കി 60% തുക പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് ടൂറിസം വകുപ്പ് നേരിട്ട് നൽകുന്നത്. സൂചന 3, 4 മാർഗ്ഗരേഖകളുടെ ഖണ്ഡിക 8.15 പ്രകാരം തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന്, ഡെസ്റ്റിനേഷൻ ചലഞ്ച് പരിപാടിയുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും, ഭാരിച്ച തുക കണ്ടെത്താൻ തദ്ദേശ ഭരണ സ്ഥാപനത്തിന് സാധിക്കാത്തതുകൊണ്ടാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം കുറയുന്നത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്കായി ഫണ്ട് കണ്ടെത്തുന്നതിനും പ്രൊജക്ട് നടപ്പാക്കുന്നതിനും സഹായകരമായ ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ടൂറിസം സാദ്ധ്യത നിലനിൽക്കുന്നതും, 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതി എടുക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത ഉള്ളതുമായ ഗ്രാമപഞ്ചായത്തുകളെ ഡെസ്റ്റിനേഷൻ ചലഞ്ച് പരിപാടിയിൽ ഉൾപ്പെടുത്തി, അവ ഡി.പി.ആർ. തയ്യാറാക്കുകയാണെങ്കിൽ, അവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനും സഹായം ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം, കൂടിയാലോചനയ്ക്ക് ശേഷം, ആദ്യമേ നിശ്ചയിച്ച് നൽകേണ്ടതാണ്. ടൂറിസം വകുപ്പ് വിഹിതത്തോടൊപ്പം സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ എന്നിവയുടെ ഫണ്ടും ഉപയോഗിച്ച് പദ്ധതി ഏറ്റെടുക്കാവുന്നതാണ്. പദ്ധതി പൂർത്തിയായ ശേഷം സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് അധിക സൗകര്യങ്ങൾ ഒരുക്കാവുന്നതുമാണ്.
2. ഗ്രാമപഞ്ചായത്തുകളും ടൂറിസം വകുപ്പും സൂചന 1 ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള അനുപാതത്തിൽ തുക വകയിരുത്തി DPR തയ്യാറാക്കുന്നത് തുടരാവുന്നതാണ്.
3. ഇതിന് പുറമേ, പഞ്ചായത്തുകളും സ്വകാര്യ വ്യക്തികളും ടൂറിസം വകുപ്പും ചേർന്ന് സംയുക്തമായി പദ്ധതി ഏറ്റെടുക്കുന്നതിനും DPR തയ്യാറാക്കാവുന്നതാണ്. ഈ മാതൃക സ്വീകരിക്കുന്ന പക്ഷം, പദ്ധതി പൂർണ്ണതയിൽ എത്തിയതിനുശേഷം അതിൽ നിന്നും ലഭിക്കുന്ന വരുമാനവും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥയും നിശ്ചയിക്കുമ്പോൾ, സ്വകാര്യ നിക്ഷേപം ഒഴികെയുള്ള പൊതു ഫണ്ട് പഞ്ചായത്തിന്റെ മുതൽ മുടക്കായി പരിഗണിച്ച് അനുപാതം നിശ്ചയിക്കാവുന്നതാണ്. അത്തരത്തിൽ ചെയ്യുമ്പോൾ വിനോദസഞ്ചാര വകുപ്പിന്റെ നിക്ഷേപ ശതമാനം 40% ആയി ചുരുക്കി പഞ്ചായത്തിന്റെ വിഹിതം 20%വും സ്വകാര്യ നിക്ഷേപം 40% ആക്കുന്നത് പരിഗണിക്കാം. എങ്കിൽ, വകുപ്പ് നൽകുന്നതും പഞ്ചായത്ത് വിഹിതവും ചേർന്ന് 60% പഞ്ചായത്തിന്റേതായി കണക്കാക്കി വരുമാനം പങ്കിടാവുന്നതാണ്. എന്നാൽ സ്വകാര്യ/പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി പൂർത്തികരിച്ച ശേഷം മാത്രമായിരിക്കും ടൂറിസം വകുപ്പ് ഫണ്ട് നൽകുക.
4. ഇത് കൂടാതെ, സ്വകാര്യ വ്യക്തികളുമായി ധാരണയിലെത്തി, പഞ്ചായത്തുകളുടെ വിഹിതം പഞ്ചായത്തിനുവേണ്ടി സ്വകാര്യ വ്യക്തി മുതൽമുടക്കുന്നതിനുള്ള DPR തയ്യാറാക്കുന്ന മാതൃകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. ഈ നിർദ്ദേശം ഫണ്ട് ലഭ്യതക്കുറവുള്ള പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്നതാണ്. ഈ മാതൃകയിൽ പ്രോജക്ട് പൂർത്തീകരിച്ച് വരുമാനവും തുടർ പ്രവർത്തനങ്ങളുടെയും അനുപാതം നിശ്ചയിക്കുമ്പോൾ പൊതു ഫണ്ട് മുടക്കിയിട്ടുള്ളത് പഞ്ചായത്തിന്റെ വിഹിതമായി പരിഗണിക്കാവുന്നതുമാണ്. കൺസൾട്ടൻസികളുടെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി വരുന്ന സാഹചര്യത്തിൽ ഇത്തരം സ്വകാര്യ ഏജൻസികളുടെ പ്രവർത്തനത്തിന് ആവശ്യമായ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നാലെ നൽകുന്നതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ടൂറിസം വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. ടൂറിസം (എ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2101/2024/LSGD തീയതി,തിരുവനന്തപുരം, 04-11-2024

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.90/2023/ തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ)നം.198/2023/തസ്വഭവ; തീയതി 13.11.2023
6. സ.ഉ.(സാധാ)നം. 1236/2024/തസ്വഭവ; തീയതി 07.07.2024
7. സ.ഉ.(സാധാ)നം. 6392/2024/ധന; തീയതി 21.08.2024
8. സ.ഉ.(പി)നം. 87/2024/ധന; തീയതി 05.10.2024
9. സ.ഉ.(സാധാ)നം. 1636/2024/തസ്വഭവ; തീയതി 06.09.2024
10. സ.ഉ.(സാധാ)നം. 1677/2024/തസ്വഭവ; തീയതി 10.09.2024
11. സ.ഉ.(സാധാ)നം. 1844/2024/തസ്വഭവ; തീയതി 03.10.2024
12. സ.ഉ.(സാധാ)നം. 1886/2024/ തസ്വഭവ; തീയതി 10.10.2024

ഉത്തരവ്

2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 7, 8 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത 2023-24 ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. വാർഷിക പദ്ധതി ഭേദഗതിക്ക് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ 2024-25 വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികൾ വരുത്താവുന്നതാണ്.

- 3.1 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പി.യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.
- 3.2 വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുക, സാങ്കേതികാനുമതി ലഭിക്കാതിരിക്കുക, മറ്റേതെങ്കിലും മതിയായ കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാതിരിക്കുക - തുടങ്ങിയ സന്ദർഭങ്ങളിൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.
- 3.3 മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരം ലഭിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക.
- 3.4 മിച്ചം തുക പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുക [ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത കാരണത്താൽ ലഭ്യമാകുന്ന ബാക്കി തുക, നിർവഹണം പൂർത്തിയായ ശേഷം മിച്ചം വരുന്ന തുക തുടങ്ങിയവ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്].
- 3.5 പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായ പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം).
- 3.6 വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകളിലെ കുടിശ്ശികകൾ തീർക്കുന്നതിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന നഗറുകളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കുക.
- 3.7 ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ - തുടങ്ങിയ ഭേദഗതികൾ വരുത്തുക.
- 3.8 പ്രോജക്ടുകളുടെ ധനസ്രോതസിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള ഭേദഗതികൾ, അനിവാര്യമാണെങ്കിൽ മാത്രം, വരുത്തുക (തനത് ഫണ്ട് വകയിരുത്തി, അത് ലഭ്യമല്ല എന്ന കാരണത്താലുള്ള ഭേദഗതികൾ അനുവദനീയമല്ല).
- 3.9 കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.
- 3.10 'മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ'-ന്റെ ഭാഗമായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി വരുത്തുകയോ ചെയ്യുക [ക്യാമ്പയിന്റെ ഭാഗമായി മാലിന്യസംസ്കരണ മേഖലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിൽ നിന്നും, മാലിന്യസംസ്കരണത്തിനുള്ള സമ്പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം 6

ഉത്തരവിന്റെ ഖണ്ഡിക 3.9, ഉപ ഖണ്ഡിക (1) മുതൽ (25) വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രോജക്ടുകൾ ആയി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നോ പരാമർശം 11 ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുതാകുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നോ ലക്ഷ്യ പൂർത്തീകരണത്തിന് ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉള്ളതായോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും ഈ ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വേണം പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്]

- **3.11** അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നതുവരെ താമസസൗകര്യം ഒരുക്കുന്നതിനായി, വാടകയ്ക്ക് എടുക്കുന്ന വീടുകളുടെ/കെട്ടിടങ്ങളുടെ വാടക പരാമർശം 9 ലെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
- **3.12** അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട പൊതുവിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്കും വീട് പുനരുദ്ധാരണത്തിന് 2.00 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് പരാമർശം 10 പ്രകാരം അനുമതി നൽകിയ സാഹചര്യത്തിൽ ഇതിനുള്ള പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
- **3.13** പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായ തൊഴിൽ സംരംഭങ്ങൾ, നൈപുണ്യ പരിശീലനം തുടങ്ങിയ പോലെ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.
- **3.14** ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക [വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഉപ കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണ്.]
- **3.15** വാർഷിക പദ്ധതിക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾ, സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾ തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
- **3.16** പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ഖണ്ഡിക 3.1 മുതൽ 3.4 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

4. ഇതോടൊപ്പം, 2023-24ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ പരാമർശം 7, 8 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള

മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. മുൻ വർഷം ഇതിനായി ഏറ്റെടുത്ത പ്രോജക്ടുകളോ പുതിയ പ്രോജക്ടുകളോ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനൊപ്പം ഉൾപ്പെടുത്താവുന്നതാണ്. പരാമർശം 7, 8 ഉത്തരവുകൾ പ്രകാരം തുക അനുവദിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കേണ്ടതാണ്.

5. പരാമർശം 12 പ്രകാരം ഏറ്റെടുത്ത സ്പെഷ്യൽ പ്രോജക്ടുകൾ മതിയായ വിഹിതം വകയിരുത്തി ഭേദഗതിക്കൊപ്പം നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

6. വാർഷിക പദ്ധതി പരിഷ്കരണത്തിന് ചുവടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

- **6.1** ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
- **6.2** ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
- **6.3** വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്.

7. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലില്ലാത്ത 9 ജില്ലകളുടെ കാര്യത്തിൽ വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2024 നവംബർ 16** ആയിരിക്കും.

8. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്ന 5 ജില്ലകളിൽ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്) തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം അവസാനിക്കുന്ന തീയതി മുതൽ 10 ദിവസം വാർഷിക പദ്ധതി ഭേദഗതിക്ക് അവസരമുണ്ടായിരിക്കുന്നതാണ്. അതിനുള്ള മുന്നൊരുക്കങ്ങൾ ഇപ്പോൾ പൂർത്തിയാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.164/2024/LSGD തീയതി,തിരുവനന്തപുരം, 25-11-2024

പരാമർശം:- 1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.198/2023/ തസ്വഭവ; തീയതി 13.11.2023

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26ലെ വാർഷിക പദ്ധതിക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. 2025 നവംബറിൽ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി അവസാനിക്കും. അതിനാൽ കാലേക്കൂട്ടിതന്നെ വികസന പദ്ധതികൾക്ക് രൂപം നൽകിയെങ്കിൽ മാത്രമേ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നിർവ്വഹണം ആരംഭിക്കാനും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ തുടങ്ങുന്നതിനു മുമ്പ് നിർവ്വഹണം പൂർത്തിയാക്കാനും കഴിയുകയുള്ളൂ. മാത്രമല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ 2025 ജനുവരിയിൽ തന്നെ *ഇ-ഗ്രാംസ്വരാജ്* പോർട്ടലിൽ അപ്-ലോഡ് ചെയ്യണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നിർദ്ദേശിച്ചിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ 2025 ജനുവരിയിൽ പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമമാണ് നിർദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2025-26 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 26-11-2024 10:50:30

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. ആമുഖം

1.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022 പ്രകാരമുള്ള മാർഗരേഖയും നഗരഭരണ സ്ഥാപനങ്ങൾ സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 പ്രകാരമുള്ള മാർഗരേഖയും അവലംബിച്ച വേണം അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കേണ്ടത്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്ത കൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്.

1.2 പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രാദേശിക തലത്തിൽ പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപം നല്കേണ്ടത്. ജില്ലാ ആസൂത്രണ സമിതികൾ ജില്ലകളുടെ സവിശേഷമായ പ്രത്യേകതകൾ പരിഗണിച്ച് നൽകുന്ന ജില്ലാതല മുൻഗണനകൾ കൂടി കണക്കിലെടുത്ത് വേണം പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്.

2. മുൻഗണനാ മേഖലകൾ/പ്രോജക്ടുകൾ

2.1 നിലവിലുള്ള ഭരണസമിതികളുടെ കാലയളവിലെ അവസാന വാർഷിക പദ്ധതിയാണിത്. അതുകൊണ്ടുതന്നെ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നല്കേണ്ടത്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ ഏറ്റവും അവശ്യം വേണ്ടതും കൂടുതൽ ഫലപ്രാപ്തിയുള്ളതും 2025 നവംബറിന് മുൻപ് പൂർത്തിയാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾക്കായിരിക്കണം മുൻഗണന നല്കേണ്ടത്. ശുചിത്വ-മാലിന്യ സംസ്കരണം, കുടിവെള്ളം തുടങ്ങിയ മേഖലകൾ ഒഴികെ മറ്റ് മേഖലകളിൽ പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

2.2 മുൻനിര പരിപാടികളിൽ പ്രധാനപ്പെട്ട അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അടുത്ത വാർഷിക പദ്ധതിയിൽ ഏറ്റവും ഉയർന്ന മുൻഗണന നൽകണം. 2025 നവംബർ 1 ന് കേരളം അദിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. അതിനാൽ അതിദാരിദ്ര്യത്തിൽ നിന്നുമുള്ള പൂർണമോചനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വേണം പ്രവർത്തനങ്ങൾക്ക് രൂപം നല്കേണ്ടത്. അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവഹണ പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടതും മതിയായ വിഹിതം വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വീട് വയ്ക്കുന്നതിന്

സ്വന്തമായി ഭൂമിയില്ലാത്ത അതിദരിദ്രർക്ക് ഭൂമി വാങ്ങി നൽകുന്ന പ്രോജക്ടുകളും മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നതുവരെ താമസസൗകര്യം ഒരുക്കുന്നതിനായി വാടകയ്ക്ക് എടുക്കുന്ന വീടുകളുടെ/കെട്ടിടങ്ങളുടെ വാടക സ.ഉ.(സാധാ)നം. 1636/2024/തസ്വഭവ; തീയതി 06.09.2024ലെ നിബന്ധനകൾക്ക് വിധേയമായി നല്കുന്നതിനുള്ള പ്രോജക്ടുകളും അതിദരിദ്രരുടെ വീട് പുനരുദ്ധാരണത്തിന് 2.00 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് സ.ഉ.(സാധാ)നം.1677/2024/തസ്വഭവ; തീയതി 10.09.2024 പ്രകാരം അനുമതി നല്കിയ സാഹചര്യത്തിൽ ഇതിനുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും ഇപ്പോൾ മോചിപ്പിക്കപ്പെടുന്നവർ വീണ്ടും അതിദാരിദ്ര്യ അവസ്ഥയിലേക്ക് തിരികെ പോകാതിരിക്കാനും അതിദാരിദ്ര്യത്തിൽ നിന്നുള്ള മോചനം സുസ്ഥിരമാക്കുന്നതിനും ഉള്ള പ്രോജക്ടുകൾ കൂടി വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.

2.3 പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നല്കി സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ തുടർച്ചയായുള്ള തൊഴിൽ ലഭ്യമാക്കൽ, സംരംഭക പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പ്രോജക്ടുകളും വിജ്ഞാന സമ്പദ് വ്യവസ്ഥ പ്രാദേശികമായി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുക്കേണ്ടതാണ്. 'വിജ്ഞാന പത്തനംതിട്ട' പദ്ധതിയുടെ മാതൃകയിൽ വിപുലമായ ജനകീയ പരിപാടിയായി മാറ്റിയെടുക്കണം.

2.4 പ്രാഥമിക ഉല്പാദന മേഖലകളായ കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം, ക്ഷീര വികസനം തുടങ്ങിയ മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റു സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ

യജ്ഞത്തിൽ പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(1) സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

(2) ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന്) കൈമാറേണ്ടതാണ്.

(3) സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്മ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.

(5) തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.

(6) കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണ സ്ഥാപങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

2.5 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് 2025–26 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി, നിലവിലുള്ള റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കൽ, പുതിയ റോഡുകളുടെ നിർമ്മണം എന്നിവ ഏറ്റെടുക്കണം. ഇതിനായി വികസന ഫണ്ടും റോഡ് മെയിന്റനൻസ് ഫണ്ടും ഫലപ്രദമായി ഉപയോഗിക്കണം. ഈടുറ്റതും ഗുണമേന്മ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു നിശ്ചിത എണ്ണം റോഡുകൾ അഞ്ച് വർഷ ഗ്യാരണ്ടിയോടു കൂടി നിർമ്മിക്കുന്നത് പരിഗണിക്കണം.

2.6 നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

2.7 കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നല്കി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

2.8 ലൈഫ് പ്രോജക്ട്, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്കും 2025-26 വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നല്കേണ്ടതാണ്.

2.9 അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാണെന്ന് ഉറപ്പാക്കണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

2.10 പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സ്മാർട് ക്ലാസുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.11 പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്കുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകളിലെ കുടിശികകൾ തീർക്കുന്നതിനുള്ള പ്രോജക്ടുകൾക്കും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന ഉന്നതികളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകൾക്കും മുൻഗണന നല്കി പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കേണ്ടതാണ്.

2.12 പൊതു ഉപയോഗത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന എല്ലാ നിർമ്മിതികളും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2.13 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും

2.13.1 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/തസ്വഭവ; തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.1.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്.

2.13.2 ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 എന്നീ ഉത്തരവുകളുടെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ്

പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2.13.3 മതിയായ വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചു ചേർക്കേണ്ടതാണ്.

2.14 **പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ:** പാലിയേറ്റീവ് രംഗത്ത് വിപുലമായ ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം. വരുമാനം കണക്കിലെടുക്കാതെ (എപിഎൽ/ബിപിഎൽ വ്യത്യാസമില്ലാതെ) പരിചരണം ആവശ്യമുള്ള എല്ലാ കിടപ്പു രോഗികൾക്കും പരിചരണം ഉറപ്പാക്കും വിധത്തിലുള്ളതായിരിക്കണം ഇടപെടൽ. നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ജീവകാരുണ്യ/സന്നദ്ധ സംഘടനകളെയും ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ സാർവ്വത്രിക പാലിയേറ്റീവ് സേവനം ഉറപ്പ് വരുത്തുകയും ചെയ്യണം.

2.15 ശുചിത്വ മാലിന്യ സംസ്കരണം

2.15.1 2018 മുതൽ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ മാലിന്യ മുക്തമാക്കുന്നതിനുള്ള തീവ്രശ്രമം നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി സമഗ്ര മാലിന്യ പരിപാലന സംവിധാനമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ എന്ന പദവിയിലേക്ക് അവ വളർന്ന് കഴിഞ്ഞു. എന്നാൽ ഇനിയും ശേഖരണ-സംസ്കരണ സംവിധാനങ്ങൾ പൂർണ്ണമാകാത്ത പ്രത്യേക മാലിന്യങ്ങളുടെ (ഗാർഹിക ബയോ മെഡിക്കൽ മാലിന്യം, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, സി & ഡി മാലിന്യം, മുടി മാലിന്യം മുതലായവ) പ്രശ്നം നിലനിൽക്കുന്നുണ്ട്. മാത്രമല്ല നിലവിലുള്ള സംവിധാനങ്ങളിൽ ആധുനിക സംവിധാനങ്ങൾ വേണ്ടത്ര ഉൾച്ചേർക്കാത്ത പ്രശ്നവുമുണ്ട്. കൂടാതെ മലിന ജലത്തിന്റെയും കക്കൂസ് മാലിന്യത്തിന്റെയും സംസ്കരണ സംവിധാനങ്ങളുടെ അഭാവം മുഖ്യ പ്രശ്നമായി നിൽക്കുന്ന ഇടങ്ങളുമുണ്ട്. ഈ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്.

2.15.2 മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുന്നതോടൊപ്പം സർക്കുലർ എക്കണോമിയുടെ അടിസ്ഥാനത്തിൽ വിപുലമായ ഒരു തൊഴിൽ മേഖലയായി മാറ്റാനും കഴിയണം. ശുചിത്വ മാലിന്യ സംസ്കരണ പ്രക്രിയയിലൂടെ സമാഹരിക്കുന്ന ധനവിഭവത്തിൽ നിന്നും ഇതിലേക്കുള്ള ആവർത്തന ചിലവുകൾ കണ്ടെത്താൻ കഴിയുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ രംഗത്തെ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ കഴിയണം.

2.15.3 സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി ഗ്രാമ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ല്യു.എം.പി ഫണ്ട്, ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളെയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് ഒറ്റ പദ്ധതിയുടെ ഘടകങ്ങളാക്കി പ്രോജക്ടുകൾക്ക് രൂപം നൽകണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റിവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഇതിലൂടെ **ഒ.ഡി.എഫ്.പ്ലസ്.പ്ലസ്** പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

2.15.4 ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസര സൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്. ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരവും നൽകുന്നതാണ്

2.15.5 ഹരിത കർമ്മ സേനയും തദ്ദേശഭരണ സ്ഥാപനവും സംയോജിതമായി പ്രവർത്തിക്കുന്നതിലൂടെ EPR (Extended Producer Responsibility) ക്രെഡിറ്റ് നേടുന്നതിന് കഴിയണം. മാത്രമല്ല പുന:രുപയോഗ സാധ്യമായ പാത്രങ്ങൾ/ഗ്ലാസ്സുകൾ, പാക്കിംഗ് സാധനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ, തദ്ദേശീയ പുന:ചക്രമണ-ഉല്പന്നങ്ങളുടെ പ്രചാരണം തുടങ്ങിയവും മാലിന്യ പരിപാലന രംഗത്തെ പ്രവർത്തനത്തിന്റെ ഭാഗമാക്കണം.

2.15.6 മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികൾ അതിപ്രധാനമാണ്. ഈ രംഗത്ത് നടക്കുന്ന വ്യക്തമായ ഇടപെടൽ പ്രവർത്തനങ്ങളും അവ സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരകണക്കുകളും അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യക അംഗീകാരം നൽകുന്നതാണ്. അജൈവ മാലിന്യം ഉറവിടത്തിൽ തരംതിരിച്ച് കൂടി കലർന്ന മാലിന്യത്തിന്റെ തോത് കുറയ്ക്കുക, പുന:ചക്രമണം സാധ്യമാക്കാവുന്നവയുടെ അളവ് കൂട്ടുക, ജൈവമാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളം, ബയോഗ്യാസ്, ബയോഗ്യാസ് സ്ളറി പ്രയോജനപ്പെടുത്തൽ, നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വിൽപ്പന പൂർണ്ണമായി നിരോധിക്കുന്നതിന് സ്വീകരിച്ച ക്രീയാത്മക ഇടപെടലുകൾ, പ്രോത്സാഹന നടപടികൾ, പാക്കേജ് രഹിത വിപണന കേന്ദ്രങ്ങൾ, പുനരുപയോഗ സാധ്യമായവ മാത്രം ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടക്കുന്ന പൊതു പരിപാടികൾ തുടങ്ങിയവയ്ക്ക് നൽകുന്ന അംഗീകാര നടപടികൾ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ മാലിന്യ സംസ്കരണ രീതി സുസ്ഥിരമാക്കൻ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകളും ഉൾപ്പെടുത്താം. ഈ പ്രവർത്തനങ്ങളുടെ വസ്തുനിഷ്ടമായ സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പ്രത്യക ഹരിത പുരസ്കാരത്തിനുള്ള ഗ്രാമപഞ്ചായത്തുകളെയും നഗരഭരണ സ്ഥാപനങ്ങളെയും തിരഞ്ഞെടുക്കുക.

2.15.7 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അവസ്ഥാ വിശകലന റിപ്പോർട്ട്, സോഷ്യൽ ആഡിറ്റ് റിപ്പോർട്ട് തുടങ്ങിയവ വാർഡ്സഭ/ ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിച്ച്, ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വിടവുകൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം പ്രോജക്ടുകൾക്ക് രൂപം നല്കുമ്പോൾ ചുവടെ കൊടുത്തിരിക്കുന്നവയ്ക്ക് ഉയർന്ന പരിഗണന നല്കേണ്ടതാണ്.

(1) ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള പ്രോജക്ടുകൾ

(2) ഹരിതകർമ്മസേനയുടെ സംരംഭ പ്രവർത്തനമായി ഇനോകുലം ലഭ്യമാക്കുന്നതിന് / ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ (ഉറവിടത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നവർ നേരിടുന്ന ഒരു പ്രത്യേക വെല്ലുവിളി ഗുണനിലവാരമുള്ള ഇനോക്കുലത്തിന്റെ ലഭ്യതക്കുറവാണ്).

(3) നിലവിലുള്ള പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം ആധുനികവത്ക്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്കരണ ശേഷി ഉയർത്തുന്നതിനും ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുമുള്ള പ്രോജക്ടുകൾ.

(4) മിനി എം.സി.എഫ് ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ (ഇപ്രകാരം നിർമ്മിക്കുന്ന മിനി എം.സി.എഫുകളുടെ വിസ്തൃതി 60 ചതുരശ്ര അടിയിൽ കുറയാൻ പാടില്ല)

(5) പ്രതിദിന വാതിൽപ്പടി ശേഖരണത്തിനായി വാഹനം സൗകര്യം ഒരുക്കുന്നതിനുള്ള ടൈ സൈക്കിൾ/ ത്രീ വീലർ/ 4 വീലർ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള (വാങ്ങൽ/ വാടകയ്ക്ക്) പ്രോജക്ടുകൾ

(6) തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുള്ള MCF/RRF-കൾക്കില്ലെങ്കിൽ നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനും (സ്ഥലം ലഭ്യമാണെങ്കിൽ) ഇല്ലെങ്കിൽ സ്ഥലം അധികമായി കണ്ടെത്തി ഒന്നോ അധിലധികമോ MCF/RRF-കൾ നിർമ്മിക്കുന്നതിനും കണ്ടയിനർ MCFകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രോജക്ടുകൾ.

(7) നിലവിലുള്ള MCF/RRF-കൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരംതിരിക്കാനുള്ള കൺവെയർ ബൽറ്റ്, ബെയിലിങ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, അഗ്നിസുരക്ഷാ സംവിധാനം, വിശ്രമ മുറി, MCF/RRFലേക്കുള്ള റോഡ് നിർമ്മാണം, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ.

(8) നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഹരിതകർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(9) ഹരിതകർമ്മസേനയെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ബ്രാൻഡ് സംരംഭമായി മാറ്റുന്നതിനാവശ്യമായ പ്രോജക്ടുകൾ.

(10) ഹരിതകർമ്മസേനയക്കാവശ്യമായ സുരക്ഷാ ഉപാധികൾ, യൂണിഫോം പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനുള്ള ബാഗ്/ചാക്ക്, വാഹനം വാങ്ങൽ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ.

(11) പൊതു സ്ഥലങ്ങളിൽ മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ ഉണ്ടെങ്കിൽ അവ വൃത്തിയാക്കി മനോഹരമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(12) നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ (എം.സി.എഫ്, ആർ.ആർ.എഫ്, പൊതു ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ, ഗാർബേജ് വൾനറബിൾ പോയിൻറ്സ്).

(13) സി ആന്റ് ഡി മാലിന്യം സംഭരിച്ച് സംസ്കരണത്തിനായി കൈമാറുന്നതിന്റെ ഭാഗമായി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ (ഇതിനാവശ്യമായ സ്ഥലം വാങ്ങൽ ഉൾപ്പെടെ)

(14) എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്തുകളിലും (ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ സംയുക്തമായി) സാനിറ്ററി മാലിന്യം സംസ്കരണത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനും, നിലവിലുള്ളടത്ത് ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുമുള്ള പ്രോജക്ടുകൾ

(15) നിലവിലെ പൊതു ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുള്ള പ്രോജക്ടുകൾ.

(16) അപകടകരമായ മാലിന്യങ്ങൾ, റിജെക്ട് മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള (ക്ലീൻ കേരള കമ്പനിയുടെ നിരക്ക് അടിസ്ഥാനമാക്കി) പ്രോജക്ടുകൾ

(17) ഹരിതകർമ്മസേനയ്ക്കുള്ള യൂസർഫീസ് നല്കുന്നതിൽ നിന്നും തദ്ദേശഭരണ സ്ഥാപനം ഇളവ് നൽകിയിട്ടുള്ള വീടുകളുടെ (അതിദരിദ്രർ, ആശ്രയ) അജൈവ മാലിന്യ ശേഖരണത്തിനുള്ള യൂസർഫീസ് നൽകുന്നതിനുള്ള (ഹരിത മിത്രം അപ്ലിക്കേഷന്റെ അടിസ്ഥാനത്തിൽ) പ്രോജക്ടുകൾ.

(18) ഗാർഹിക/സ്ഥാപന തലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്നതിനുള്ള പ്രോജക്ടുകൾ.

(19) ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അതിനുള്ള പ്രോജക്ടുകൾ.

(20) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റുകൾ, ഷോപ്പിംങ് കോപ്ലക്സുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മലിന ജലം സംസ്കരിക്കുന്നതിനുള്ള പ്രോജക്ടുകൾ.

(21) ഗാർഹിക മലിനജലം സംസ്കരണത്തിനു വേണ്ടിയുള്ള സോക്പിറ്റ് നിർമ്മാണത്തിനുള്ള പ്രോജക്ടുകകൾ ഗ്രാമപഞ്ചായത്തുകൾ MGNREGSലും നഗരഭരണ സ്ഥാപനങ്ങൾ അയ്യങ്കാളി തൊഴിലുറപ്പ് സ്കീമിലും ഏറ്റെടുക്കേണ്ടതാണ്.

(22) കക്കൂസ് മാലിന്യം/ മലിന ജലം സംസ്കരണത്തിനുള്ള പ്രോജക്ടുകൾ (STP, FSTP, MTU) - ഇതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്.

(23) ഡ്രൈയ്നേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ് ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെടുന്ന ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപാധികൾ വാങ്ങൽ, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങൽ തുടങ്ങിയ പ്രോജക്ടുകൾ.

(24) കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ പ്ലാന്റ് (FSTP) നിർമ്മിക്കുന്നതിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ. (നഗരഭരണ സ്ഥാപന തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലുമാണ് അഭികാമ്യം. ഗ്രാമപ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് തനതായോ പ്രോജക്ട് ഏറ്റെടുക്കാം)

(25) മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഡിജിറ്റലൈസ്ഡ് മോണിറ്റർ സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(26) കേരളാ ഖര മാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) സഹായത്തോടെ തയ്യാറാക്കി നല്കുന്ന SWM പ്ലാനുകൾ പ്രകാരമുള്ള മാലിന്യ സംസ്കരണ പ്രോജക്ടുകൾ നഗരഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. നഗരഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതികൾ

അംഗീകാരം നല്കുമ്പോൾ SWM പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(27) മാലിന്യ സംസ്കരണത്തിന്റെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ ജനങ്ങളുടെ മനോഭാവത്തിലും ശീലത്തിലും മാറ്റം വരേണ്ടതുണ്ട്. ആയതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും വിവര വിജ്ഞാന വ്യാപന നൈപുണ്യ ശേഷി വികസന പരിപാടികൾ ബദൽ ഉല്പന്നങ്ങളുടെ പ്രചാരണം, മികച്ച മാതൃകകൾക്ക് അംഗീകാരം തുടങ്ങിയവയ്ക്ക് വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുൻസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.

(28) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണ ത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം എർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. ഇതിനായി വിവിധ ധന സ്രോതസ്സുകളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടു ത്തേണ്ടതാണ്.

2.15.8 തദ്ദേശഭരണ സ്ഥാപന പ്രദേശത്തുണ്ടാകുന്ന എല്ലാ ജൈവ/അജൈവ ഖരമാലിന്യങ്ങളും പൊതു സ്ഥലങ്ങളിലോ സ്വകാര്യ സ്ഥലങ്ങളിലോ നിരത്തുകളിലോ വലിച്ചെറിയുന്നില്ലെന്നും ആയത് സംസ്കരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ടെന്നും എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഈ ഘട്ടത്തിൽ ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള തൽസ്ഥിതി റിപ്പോർട്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതും സംവിധാനങ്ങൾ പൂർണ്ണമല്ലെങ്കിൽ പൂർണ്ണമാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതും തീരുമാനത്തിന്റെ പകർപ്പും ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ പട്ടികയും വാർഷിക പദ്ധതി സമർപ്പിക്കുന്നതിനൊപ്പം സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ ആസൂത്രണ സമിതിക്ക് നല്കേണ്ടതുമാണ്.

2.15.9 ജില്ലാ ശുചിത്വ മിഷൻ, ഓരോ ഗ്രാമ പഞ്ചായത്തിലും നഗരഭരണ സ്ഥാപന പ്രദേശത്തും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി അവയുടെ സമ്പൂർണ്ണ ശേഖരണ-സംസ്കരണ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ എന്നും അവ പ്രവർത്തിക്കുന്നുണ്ടോ എന്നും വിലയിരുത്തേണ്ടതും വിടവ് ഉണ്ടെങ്കിൽ പ്രസ്തുത വിടവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രോജക്ടുകൾ ഏതൊക്കെയെന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്.

2.15.10 ഖണ്ഡിക 2.15.8, 2.15.9 എന്നിവയിലെ റിപ്പോർട്ടുകൾ ജില്ലാ ആസൂത്രണ സമിതി ചർച്ച ചെയ്യേണ്ടതും വിടവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ കൂടി ഉൾപ്പെടുത്തി വർഷിക പദ്ധതി പുനസമർപ്പിക്കാൻ ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് അവശ്യപ്പെടേണ്ടതുമാണ്.

2.16 ഹാപ്പിനസ് പാർക്കുകൾ: ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ

എന്നതാണ് ലക്ഷ്യം. വിശദമായ മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം. 198/2023/തസ്വഭവ; തീയതി 13.11.2023 ഉത്തരവിന്റെ ഖണ്ഡിക 12 ൽ നല്കിയിട്ടുണ്ട്.

2.17 ഫിറ്റ്നസ് കേരള എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് ഓപ്പൺ ജിം പ്രോജക്ടുകൾ ലഭ്യമായ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇതിന്റെ പരിപാലനത്തിനുള്ള സൗകര്യവും ഏർപ്പാടാക്കേണ്ടതാണ്. ഹാപ്പിനസ് പാർക്കുകളുടെ ഭാഗമായും ഇവ നിർമ്മിക്കാവുന്നതാണ്. ഓപ്പൺ ജിംനേഷ്യത്തിന്റെ വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/ തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 7.7.5 ൽ വ്യക്തമാക്കിയിട്ടുണ്ട്.

3. ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും

3.1 അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. 2025-26ലേയ്ക്കുള്ള ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ഇങ്ങനെ രൂപപ്പെടുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

3.2 ദാരിദ്ര്യ ലഘൂകരണ പദ്ധതികളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമ/വാർഡ് സഭകളിലും വികസന സെമിനാറിലും ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം. ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ തദ്ദേശഭരണ സ്ഥാപാനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഡി.എ1/326/2023/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

4. വാർഷിക പദ്ധതി അടങ്കൽ

4.1 പൊതുവിഭാഗം വികസനഫണ്ട്, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെ കാര്യത്തിൽ 2024-25-ലെ വിഹിതത്തിന് തുല്യമായ തുകയ്ക്ക് 2025-26-ലെ വികസന പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ സുലേഖയിൽ ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണം. അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ ബജറ്റ് വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പുനഃക്രമീകരിക്കാവുന്നതാണ്.

4.2 നടപ്പ് വാർഷിക പദ്ധതിയിൽ (2024-25) നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ (സ്പിൽഓവർ പ്രോജക്ടുകൾ) യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും അടുത്ത വർഷം ലഭിക്കാവുന്ന ക്യാരിഓവർ തുകയ്ക്ക് ഉപരിയായി സ്പിൽഓവർ ബാധ്യത ഉണ്ടാകുമെന്ന് തദ്ദേശഭരണ സ്ഥാപനം മുൻകൂട്ടി കാണുന്നുവെങ്കിൽ അതിനായി 2025-26-ലെ വാർഷിക

പദ്ധതി രൂപീകരിക്കുന്ന സമയത്ത് തന്നെ ഒരു നിശ്ചിത തുക, പരമാവധി 20 ശതമാനം വരെ, സ്പിൽഓവർ പ്രോജക്ടുകൾക്കായി മാറ്റി വെയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത തുക പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത തുക സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾതന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

5. പങ്കാളിത്തം വർദ്ധിപ്പിക്കൽ

പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി പങ്കാളിത്തം ഉറപ്പാക്കണം.

6. പ്രോജക്ടുകളുടെ വിവരങ്ങൾ *ഇ-ഗ്രാംസ്വരാജ്* പോർട്ടലിൽ രേഖപ്പെടുത്തൽ

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പ്രാദേശിക തലത്തിൽ രൂപം നല്കുന്ന വികസന പദ്ധതികളിൽ നിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രോജക്ടുകൾ തെരഞ്ഞെടുത്ത് *ഇ-ഗ്രാംസ്വരാജ്* പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്.

7. അവസ്ഥാ രേഖ പരിഷ്കരിക്കൽ

7.1 ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് നവംബർ 30-നകം പൂർത്തിയാക്കേണ്ടതാണ്. ഇവ പുനസംഘടിപ്പിച്ച് കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയതും 2024-25 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി പുതുക്കിയതുമായ അവസ്ഥാരേഖകൾ (Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് താഴെ പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ്.

(i) നിലവിലുള്ള അവസ്ഥ

(ii) വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

(iii) 2025-26ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

(iv) സംയോജന സാധ്യതകൾ

7.2 അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ പതിനാലാം പഞ്ചവല്സര പദ്ധതിയിൽ ആദ്യ രണ്ട് വർഷങ്ങളിൽ കൈവരിച്ച (2022-23, 2023-24) ഭൗതിക നേട്ടങ്ങളും മൂന്നാം വർഷം (2024-25) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2025-26ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൃത്യതയോടെ നിർവചിക്കണം. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. [പ്രശ്ന വിശകലനത്തിന് സ.ഉ.(കൈ)നം.84/ 2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/ തസ്വഭവ;

തീയതി 19.04.2022 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3–ഉം വികസനലക്ഷ്യങ്ങളും തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം എയും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്].

8. സമയക്രമം

2025–26 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാനഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

ക്രമ നം.	പ്രവർത്തനം		പൂർത്തിയാക്കേണ്ട അവസാന തീയതി
1	എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ	:	2024 നവംബർ 30
2	അവസ്ഥാരേഖ പരിഷ്കരിക്കൽ	:	2024 ഡിസംബർ 06
3	ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ	:	2024 ഡിസംബർ 06
4	സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം	:	2024 ഡിസംബർ 09
5	എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ	:	2024 ഡിസംബർ 13
6	ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം	:	2024 ഡിസംബർ 16
7	ജില്ലാ തലത്തിലെ സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം	:	2024 ഡിസംബർ 18
8	ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ	:	2024 ഡിസംബർ 28
9	ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ	:	2024 ഡിസംബർ 30–2025 ജനുവരി 10
10	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2025 ജനുവരി 14
11	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വികസന സെമിനാർ	:	2025 ജനുവരി 16

ക്രമ നം.	പ്രവർത്തനം		പൂർത്തിയാക്കേണ്ട അവസാന തീയതി
12	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ	:	2025 ജനുവരി 18
13	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ *സുലേഖ* സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ	:	2025 ജനുവരി 22
14	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം	:	2025 ജനുവരി 23
15	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി സമർപ്പണം	:	2025 ജനുവരി 24
16	ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	2025 ജനുവരി 29
17	കേന്ദ്ര സർക്കാരിന്റെ *ഇ-ഗ്രാംസ്വരാജ്* പോർട്ടിലിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ	:	2025 ജനുവരി 31
	ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ		
18	ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ	:	2025 ജനുവരി 20
19	ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2025 ജനുവരി 25
20	ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2025 ജനുവരി 29
21	ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ	:	2025 ജനുവരി 31
22	ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ	:	2025 ഫെബ്രുവരി 06
23	ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ	:	2025 ഫെബ്രുവരി 10
24	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ	:	2025 ഫെബ്രുവരി 13
25	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ *സുലേഖ* സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ	:	2025 ഫെബ്രുവരി 20
26	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം	:	2025 ഫെബ്രുവരി 22
27	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം	:	2025 ഫെബ്രുവരി 24
28	ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	2025 മാർച്ച് 01
29	കേന്ദ്ര സർക്കാരിന്റെ *ഇ-ഗ്രാംസ്വരാജ്* പോർട്ടിലിൽ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ	:	2025 മാർച്ച് 05
30	ഗ്രാമ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ	:	2025 മാർച്ച് 07

*****

ഫോറം എ

പതിനാലാം പഞ്ചവൽസര പദ്ധതി

2025-26 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്..... വർക്കിംഗ് ഗ്രൂപ്പിന്റെ പേര്.....

ക്രമ നമ്പർ	മേഖല/ ഉപമേഖല	പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്)	സൂചിക	2022-ലെ അവസ്ഥ	2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്)	2022-23ൽ കൈവരിച്ച നേട്ടം	2023-24ൽ കൈവരിച്ച നേട്ടം	2024-25 ൽ പ്രതീക്ഷിക്കുന്ന നേട്ടം	2025-26 ലെ ലക്ഷ്യം	2025-26 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
										1. 2. etc

സ്ഥലം :
തീയതി :

ഒപ്പ്:
പേര്:
കൺവീനർ
----------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.
പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്
സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)
2022-ലെ അവസ്ഥ : 10 ഹെക്ടർ
പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി — റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2513/2024/LSGD തീയതി,തിരുവനന്തപുരം, 20-12-2024

പരാമർശം:-
1. സ.ഉ.(കൈ)നം.198/2023/തസ്വഭവ; തീയതി 13.11.2023
2. സ.ഉ(സാധാ)നം.3370/2024/ധന; തീയതി 15.04.2024
3. സ.ഉ.(സാധാ)നം. 1236/2024/തസ്വഭവ; തീയതി 07.07.2024
4. സ.ഉ(സാധാ)നം.6203/2024/ധന; തീയതി 13.08.2024
5. സ.ഉ.(സാധാ)നം. 2101/2024/തസ്വഭവ; തീയതി 04.11.2024
6. സ.ഉ(സാധാ)നം.8861/2024/ധന; തീയതി 30.11.2024

ഉത്തരവ്

2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും (ആകെ 2542.27 കോടി രൂപ) പരാമർശം 2, 4, 6 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2023-24ലെ വിഹിതത്തിന് അനുസൃതമായാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുള്ളത്. വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവസരം നല്കേണ്ടതുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽവിവരിച്ച സാഹചര്യത്തിൽ പരാമർശം 2, 4, 6 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളുടെ അടങ്കൽ തുക ക്രമീകരിക്കുന്നതിനും അതിനായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം 2, 4, 6 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുക സൂലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നല്കുന്നതാണ്. ലഭ്യമായ അധികം തുകയ്ക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

3. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളുടെ അടങ്കൽ തുക ക്രമീകരിക്കുന്നതിനൊപ്പം പരാമർശം 5 ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഭേദഗതികൾ കൂടി വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണെന്ന് വ്യക്തമാക്കുന്നു.

4. വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് മുമ്പായി നല്കിയിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കും.

- 4.1 ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
- 4.2 ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
- 4.3 വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്.

5. റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ലഭ്യമായ വിഹിതത്തിൽ മാറ്റമുണ്ടായ സാഹചര്യത്തിൽ എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നിർബന്ധമായും വാർഷിക പദ്ധതി പരിഷ്കരിക്കുന്നുവെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കേണ്ടതാണ്.

6. വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2025 ജനുവരി 4** ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

18. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. **ഡിഎ1/316/2022-തസ്വഭവ**
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-12-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം - ട്രാവലിംഗ് അലവൻസ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. 15.09.2022-ലെ ഡിഎ1/316/2022-തസ്വഭവ നമ്പർ സർക്കുലർ
4. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.10.2022-ലെ എ5-3051/21 നമ്പർ കത്ത്.

****

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി മാറ്റിവയ്ക്കുന്ന വിഹിതം ഉപയോഗിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റു യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലെയും ആസൂത്രണ സമിതിയിലേയും അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്ത നൽകാൻ സൂചന 1,2 മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള നിരക്ക് സൂചന 3 സർക്കുലർ പ്രകാരം നിശ്ചയിച്ചും നൽകിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾക്കും മീറ്റിംഗുകൾക്കും ജില്ലയ്ക്ക് പുറത്തേക്ക് യാത്ര ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ മേൽ സർക്കുലർ പ്രകാരമുള്ള യാത്രാബത്തയാണോ അനുവദിക്കേണ്ടത് എന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സൂചന 4 പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ ചുവടെ പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

- വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയുടെ യോഗങ്ങൾ അതത് തദ്ദേശഭരണസ്ഥാപനങ്ങളിലാണ് നടക്കുന്നതെന്നതിനാൽ തദ്ദേശഭരണസ്ഥാപനത്തിന് പുറത്ത് യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് / ആസൂത്രണ സമിതി അംഗങ്ങൾക്ക് പോകേണ്ടി വരുന്നില്ല.
- ജില്ലയ്ക്ക് പുറത്തുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അവയുടെ സംഘാടകർ യാത്രാപ്പടി നൽകിയിട്ടില്ലെങ്കിൽ, പ്രസ്തുത അംഗത്തെ പരിശീലനത്തിനായി അയച്ച

തദ്ദേശഭരണസ്ഥാപനത്തിന് പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയ്ക്കായി മാറ്റിവെയ്ക്കാവുന്ന വിഹിതത്തിൽ നിന്നും ട്രെയിൻയാത്രയ്ക്ക് III AC ട്രെയിൻ ചാർജ്ജും, ബസ്സ് യാത്രയ്ക്ക് സൂപ്പർ ഫാസ്റ്റ് ബസ്സ് ചാർജ്ജും നിരക്കിൽ (കുറഞ്ഞത് 750 രൂപ) യാത്രാപ്പടി നൽകാവുന്നതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.341/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

പരാമർശം:- 1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022

2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.03.2023ലെ LSGD/1427/2023-DPLA1 നമ്പർ കത്ത്.

ഉത്തരവ്

LSG GUIDE

ത്രിതല പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 1 പ്രകാരവും, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 2 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ഗ്രാമസഭാ/വാർഡ് സഭാ യോഗങ്ങൾ ജനപങ്കാളിത്തത്തോടെയും കാര്യക്ഷമമായും ആണ് സംഘടിപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്ന നടപടികളുടെ ഭാഗമായി, പെർഫോർമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) ഗ്രാമസഭാ/വാർഡ് സഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവയുടെ സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവതരിപ്പിക്കണമെന്ന് പരാമർശിത മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതോടെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തിക ഇല്ലാതായതിനാൽ പദ്ധതി മാർഗരേഖയിലെ മേൽ പ്രതിപാദിച്ച നിർദേശം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത് എന്നും, സർക്കാർ ഉത്തരവിലൂടെ അംഗീകാരം നൽകിയ മാർഗരേഖയിലെ നിർദേശമായതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖകൾ ഖണ്ഡിക 3.2.1(5) പാലിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശഭരണ പൊതു സർവ്വീസ്

പ്രാബല്യത്തിൽ വന്നപ്പോൾ ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റികളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ നിലവിലില്ലെങ്കിലും ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയതിനാൽ പരാമർശം 1, 2 ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5)ൽ നിർദ്ദേശിച്ചതുപോലെ, ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ അവതരണം നടത്തുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി ഉത്തരവാകുന്നു.

4. പരാമർശം 1, 2 മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5) മേൽ പ്രകാരം ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ
9. ഡയറക്ടർ -അറബൻ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSGGIRE

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി - സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള യഥാർത്ഥ വിഹിതത്തിന് അനുസൃതമായി രൂപം നൽകണമെന്ന് വ്യക്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.370/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

പരാമർശം:- 1. സ.ഉ.(കൈ)നം.164/2024/തസ്വഭവ; തീയതി 25.11.2024

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷം വിവിധ വിഭാഗങ്ങളിൽ ലഭിക്കാവുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്ന സമയത്ത് ലഭ്യമല്ലാതിരുന്നതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളുടെ കാര്യത്തിൽ 2024-25ലെ വിഹിതത്തിന് തുല്യമായ തുകയ്ക്കും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ സൂചികയിൽ ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കിയും വാർഷിക പദ്ധതിയ്ക്ക് രൂപം നൽകണമെന്നാണ് പ്രസ്തുത ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് 2025 ഫെബ്രുവരി 7 ന് അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. താൽക്കാലിക വിഹിതത്തിന് പകരം 2025-26ൽ യഥാർത്ഥത്തിൽ ലഭിക്കാവുന്ന തുകയ്ക്ക് അനുസൃതമായി വാർഷിക പദ്ധതിക്ക് രൂപം നൽകുന്നതായിരിക്കും നല്ലതെന്ന് സർക്കാർ കരുതുന്നു.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകണമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവാകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിക്ക് രൂപം നൽകി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം ചുവടെ നൽകിയിരിക്കുന്നത് പ്രകാരമായിരിക്കും.

ക്രമ നമ്പർ	പ്രവർത്തനം	പൂർത്തിയാക്കേണ്ട അവസാന തീയതി

എ	**ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ**	
1	വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കൽ	2025 ഫെബ്രുവരി 22
2	വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം	2025 ഫെബ്രുവരി 28
3	ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ	2025 മാർച്ച് 5
ബി	**ബ്ലോക്ക് പഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ**	
1	വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കൽ	2025 ഫെബ്രുവരി 28
2	വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം	2025 മാർച്ച് 5
3	പ്രോജക്ടുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ	2025 മാർച്ച് 10

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ

10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.494/2025/LSGD തീയതി,തിരുവനന്തപുരം, 17-02-2025

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.90/2023/ തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ)നം.198/2023/തസ്വഭവ; തീയതി 13.11.2023
6. സ.ഉ.(സാധാ)നം. 1236/2024/തസ്വഭവ; തീയതി 07.07.2024
7. സ.ഉ.(സാധാ)നം. 1636/2024/തസ്വഭവ; തീയതി 06.09.2024
8. സ.ഉ.(സാധാ)നം. 1677/2024/തസ്വഭവ; തീയതി 10.09.2024
9. സ.ഉ.(സാധാ)നം. 1844/2024/തസ്വഭവ; തീയതി 03.10.2024
10. സ.ഉ.(സാധാ)നം. 2101/2024/ തസ്വഭവ; തീയതി 04.11.2024
11. സ.ഉ.(കൈ)നം. 179/2024/ തസ്വഭവ; തീയതി 19.12.2024
12. സ.ഉ.(സാധാ)നം. 2513/2024/ തസ്വഭവ; തീയതി 20.12.2024

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. വാർഷിക പദ്ധതി ഭേദഗതിക്ക് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം നേടിയ 2024-25 വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികൾ വരുത്താവുന്നതാണ്.

1. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പി.യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പടെയുള്ള കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.

2. വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുക, സാങ്കേതികാനുമതി ലഭിക്കാതിരിക്കുക, മറ്റേതെങ്കിലും മതിയായ കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാതിരിക്കുക തുടങ്ങിയ സന്ദർഭങ്ങളിൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക
3. മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരം ലഭിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക
4. മിച്ചം തുക പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുക [ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത കാരണത്താൽ ലഭ്യമാകുന്ന ബാക്കി തുക, നിർവഹണം പൂർത്തിയായ ശേഷം മിച്ചം വരുന്ന തുക തുടങ്ങിയവ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്].
5. നിർവ്വഹണം തുടരുന്നതിന് തടസ്സം നേരിടുന്ന പ്രോജക്ടുകൾ ഒഴിവാക്കുക
6. പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായ പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം).
7. വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന നഗറുകളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കുക.
8. ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ തുടങ്ങിയ ഭേദഗതികൾ വരുത്തുക.
9. പ്രോജക്ടുകളുടെ ധനസ്രോതസിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള ഭേദഗതികൾ അനിവാര്യമാണെങ്കിൽ മാത്രം വരുത്തുക (തനത് ഫണ്ട് വകയിരുത്തി, അത് ലഭ്യമല്ല എന്ന കാരണത്താലുള്ള ഭേദഗതികൾ അനുവദനീയമല്ല).
10. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക
11. 'മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ'-ന്റെ ഭാഗമായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി വരുത്തുകയോ ചെയ്യുക [ക്യാമ്പയിന്റെ ഭാഗമായി മാലിന്യസംസ്കരണ മേഖലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിൽ നിന്നും, മാലിന്യസംസ്കരണത്തിനുള്ള സമ്പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം 6 ഉത്തരവിന്റെ ഖണ്ഡിക 3.9, ഉപ ഖണ്ഡിക (1) മുതൽ (25) വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രോജക്ടുകൾ ആയി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നോ, പരാമർശം 9 ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുതകുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നോ, ലക്ഷ്യ പൂർത്തീകരണത്തിന് ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉള്ളതായോ

കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും ഈ ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വേണം പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്]

12. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നതുവരെ താമസസൗകര്യം ഒരുക്കുന്നതിനായി വാടകയ്ക്ക് എടുക്കുന്ന വീടുകളുടെ/കെട്ടിടങ്ങളുടെ വാടക പരാമർശം 7 ലെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
13. അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട പൊതുവിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി /പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്കും വീട് പുനരുദ്ധാരണത്തിന് 2.00 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് പരാമർശം 8 പ്രകാരം അനുമതി നൽകിയ സാഹചര്യത്തിൽ ഇതിനുള്ള പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
14. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ലക്ഷ്യപൂർത്തീകരണത്തിന് ഉതകുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ തരം പ്രൊജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
15. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായ തൊഴിൽ സംരംഭങ്ങൾ, നൈപുണ്യ പരിശീലനം തുടങ്ങിയവ പോലെ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക. പരാമർശം 11 പ്രകാരമുള്ള 'വിജ്ഞാന കേരളം പദ്ധതിക്ക്' തുക ആവശ്യമാണെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.
16. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക [വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഉപ കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണ്.]
17. ലഭ്യമായ വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് അനിവാര്യമായ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക.
18. വാർഷിക പദ്ധതിക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾ, സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾ തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
19. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ഖണ്ഡിക 2.1 മുതൽ 2.5 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

3. വാർഷിക പദ്ധതി പരിഷ്കരണത്തിന് ചുവടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
2. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
3. വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ നിർബന്ധമായും അവതരിപ്പിക്കേണ്ടതാണ്.

4. വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2025 ഫെബ്രുവരി 28** ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
18. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. **ഡിഎ1/53/2025-തസ്വഭവ**
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18-02-2025

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുണഭോക്താവിന്/ സ്ഥാപനത്തിന് അനുവദിക്കുന്നതിനായി ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന:- 1. 31.07.2023ലെ ഡിഎ1/264/2023-തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ന നടന്ന യോഗത്തിന്റെ തീരുമാനം 3.3

****

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട തുക കൈമാറുന്നത് ട്രഷറി വഴിയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശക് അടക്കമുള്ള വിവിധ കാരണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകാറുണ്ട്.

ട്രഷറിയിൽ ബിൽ നൽകിയതിനുശേഷം ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അർഹതപ്പെട്ട തുക വരവു വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പിശകുണ്ടെങ്കിലോ, തുക കൈമാറാൻ മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിലോ 30 ദിവസത്തിനകം ആയത് പരിഹരിച്ചാൽ ഗുണഭോക്താവിന്/ സ്ഥാപനത്തിന് ബിൽ തുക നൽകാൻ കഴിയും. ഇതിൽ വീഴ്ച വരുന്നതിനാലാണ് ഗുണഭോക്താവിന് ലഭിക്കേണ്ട തുക സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് വരവു വെയ്ക്കുന്നത്. സാമ്പത്തിക ക്രയവിക്രയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) / ബന്ധപ്പെട്ട ഉദ്യോഗസ്ഥ(ൻ) അതീവ ജാഗ്രത പാലിക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകരുതെന്ന് നിർദ്ദേശം നൽകുന്നു. ബില്ല് മാറി ഗുണഭോക്താവിന് തന്നെ തുക ലഭിക്കുന്നതിന് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബിൽ സമർപ്പിച്ച് 30 ദിവസത്തിനകം തന്നെ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും (അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന)
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽഅഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ അധീനതയിലുള്ള സ്ഥലത്ത് സ്റ്റേഡിയം, കളിസ്ഥലം, ഓപ്പൺ ജിം, കളിയുപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.495/2025/LSGD തീയതി,തിരുവനന്തപുരം, 18-02-2025

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. കളരിപ്പുറമ്പ് ഗ്രാമീണ വായനശാല ഭാരവാഹികൾ സമർപ്പിച്ച 09.09.2024 ലെ അപേക്ഷ
4. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 31.01.2025ലെ KSLC/45/2025-C3 നമ്പർ കത്ത്

ഉത്തരവ്

ഗ്രാമപഞ്ചായത്തുകളിലും നഗരഭരണസ്ഥാപനങ്ങളിലും ഒരു മിനിസ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്നത് പതിനാലാം പഞ്ചവത്സരപദ്ധതിയിലെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പരാമർശിത മാർഗ്ഗരേഖ ഉത്തരവുകളുടെ ഖണ്ഡിക 8.11(2) പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേഡിയം/കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് വിഘാതം സൃഷ്ടിക്കുന്ന ഒരു പ്രധാന ഘടകമാണ് എന്നത് വസ്തുതയാണ്.

2. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ ഭൗതിക സാഹചര്യ വർദ്ധനവിന് തുക വകയിരുത്താൻ അനുമതിയുണ്ടെങ്കിലും, അഫിലിയേറ്റഡ് വായനശാലകളുടെ അധീനതയിലുള്ള കളിസ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും കളി ഉപകരണങ്ങൾക്കും സ്റ്റേഡിയങ്ങൾ, ഓപ്പൺ ജിം മുതലായവ നിർമ്മിക്കുന്നതിനും തുക വകയിരുത്താൻ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ല എന്നും, അതിനാൽ വായനശാലകളുടെ അധീനതയിലുള്ള സ്ഥലത്ത് കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് സഹായകമാകുംവിധം മാർഗരേഖയിൽ ഉൾപ്പെടുത്തൽ വരുത്തണമെന്നും കളരിപ്പുറമ്പ് ഗ്രാമീണ വായനശാല ഭാരവാഹികൾ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ ഭൗതിക സാഹചര്യ വർദ്ധനവിന് വകയിരുത്തുന്ന തുക, ഗ്രന്ഥശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമാണപ്രവർത്തനങ്ങൾക്കും കളി ഉപകരണങ്ങൾക്കും, സ്റ്റേഡിയങ്ങൾ, ഓപ്പൺ ജിം മുതലായവ നിർമിക്കുന്നതിനും വകയിരുത്തുന്നതിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് തടസമില്ല എന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈബ്രറികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് തദ്ദേശ സ്ഥാപനങ്ങൾ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് വഴി പരസ്പര സഹകരണത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പുറമേ, കൂടുതൽ ആളുകൾക്ക് ഒത്തുചേരാൻ കഴിയുന്ന കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി ലൈബ്രറികളെ മാറ്റുന്നതിനും സഹായകരമാകും എന്നത് കണക്കിലെടുത്ത്, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, ലൈബ്രറികളുടെ രേഖാമൂലമായ സമ്മതത്തിന്റെയും, കളിസ്ഥലത്തിൽ പൊതുജനങ്ങളുടെ ഉപയോഗം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കളിസ്ഥലത്തിന്മേലുള്ള അധികാരം, ലഭ്യക്കുന്ന വരുമാനം പങ്കുവെയ്ക്കൽ, അറ്റകുറ്റപ്പണി തുടങ്ങി ആനുഷംഗികമായ സംഗതികളിലുള്ള കരാർ എന്നിവയുടെയും അടിസ്ഥാനത്തിൽ, സ്റ്റേഡിയം/കളിസ്ഥലം/ഓപ്പൺ ജിം/കളിയുപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപാധികളോടെ അനുമതി നൽകി ഉത്തരവാകുന്നു.

5. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായും ഇതിനായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സ്റ്റേഡിയം/ കളിസ്ഥലം/ ഓപ്പൺ ജിം/ കളിയുപകരണങ്ങൾ എന്നിവയുടെ സുഗമമായ നടത്തിപ്പ് സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്ത് / നഗരഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സെക്രട്ടറി, ലൈബ്രറിയുടെ പ്രസിഡന്റ്, സെക്രട്ടറി - എന്നിവർ അടങ്ങിയ ഒരു സംയുക്ത സമിതിയിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് ടൗൺ പ്ലാനർ
11. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. സെക്രട്ടറി, കളരിപ്പറമ്പ് ഗ്രാമീണ വായനശാല, മതിലകം പി.ഒ., തൃശ്ശൂർ - 680685

14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
25. കായിക യുവജനക്ഷേമ വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/17/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-03-2025

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ആദ്യപരിഗണന നൽകി തുക വിനിയോഗിക്കണമെന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.198/2023/തസ്വഭവ; തീയതി 13.11.2023
4. സ.ഉ.(സാധാ) നം.1236/2024/LSGD; 07.07.2024
5. സ.ഉ.(സാധാ) നം.2101/2024/LSGD; തീയതി 04.11.2024
6. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.2024- ന് നടന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്
7. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ന് നടന്ന സർവ്വ കക്ഷി യോഗത്തിന്റെ നടപടിക്കുറിപ്പ്
8. സ.ഉ.(സാധാ) നം.494/2025/LSGD; തീയതി 17.02.2025
9. സ.ഉ.(സാധാ) നം.1625/2025/ധന; തീയതി 20.02.2025

****

ഓരോ അതിദരിദ്ര കുടുംബത്തിന്റെയും സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സൂക്ഷ്മ വികസന പരിപാടികൾ തയ്യാറാക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുമുൻഗണനകളിൽ പെട്ട വിഷയമാണ്. അതിദാരിദ്ര്യത്തിൽ നിന്നും അവരെ കരകയറ്റുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമായും വികസനഫണ്ടിൽ നിന്നും തുക വകയിരുത്തണമെന്ന് സൂചന 1, 2 മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ മുൻഗണന നൽകി ഏറ്റെടുക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 3, 4, 5 ഉത്തരവുകൾ പ്രകാരവും നൽകിയിരുന്നു. 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അവസാന അവസരം എന്ന നിലയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള സൂചന 8 ഉത്തരവിലും ഇതിനുള്ള പ്രൊജക്ടുകൾ ഉൾപ്പെടുത്തുന്നതിനും പ്രോജക്ടുകളുടെ വിഹിതം ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി സർക്കാരിന്റെ മുൻഗണനാ പദ്ധതികളിൽ പ്രഥമ പരിഗണന നൽകേണ്ട പദ്ധതിയാണ്. 2025 നവംബർ 1 ന് പദ്ധതി പൂർത്തികരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യ വർഷം പദ്ധതി ഉദ്ദേശിച്ച പുരോഗതി കൈവരിച്ച്, പദ്ധതി പ്രവത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും, നിലവിൽ ലക്ഷ്യമിട്ട പുരോഗതി കൈവരിക്കാനായിട്ടില്ല. ഉദ്ദേശിച്ച കാലാവധി അവസാന ഘട്ടത്തിലായതിനാൽ നടപടികൾ വേഗത്തിലാക്കി 2025 മേയ് - 30ന് മുൻപ് എല്ലാ ടാർഗറ്റുകളും പൂർത്തീകരിക്കേണ്ടതുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2024-25 വികസന ഫണ്ടിന്റെ അവസാന ഗഡു സൂചന 9 പ്രകാരം അനുവദിച്ചിട്ടുണ്ട്. മൂന്നാം ഗഡുവായി ലഭിച്ച ഫണ്ടിൽ നിന്നും അതിദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ആദ്യപരിഗണന നൽകി ആവശ്യമുള്ള തുക വിനിയോഗിക്കണമെന്നും, അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മറ്റു ഫണ്ടുകൾ വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾക്കും അപ്രകാരം തന്നെ നിർബന്ധമായും തുക വിനിയോഗിക്കണമെന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ക്ഷയ രോഗികൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിന് വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.623/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 29.05.2024ലെ DHS/7054/2024-DHS-C നമ്പർ കത്ത്.

ഉത്തരവ്

2025 ഓടെ ക്ഷയരോഗമുക്ത കേരളം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ - തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ നേതൃത്വത്തിൽ ക്ഷയരോഗ മുക്ത പഞ്ചായത്ത് എന്ന പരിപാടി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ക്ഷയരോഗചികിത്സ ഫലപ്രദമാവാനും മരുന്നു കഴിക്കുമ്പോഴുള്ള അസ്വസ്ഥതകൾ കുറക്കാനും പോഷകാഹാരം വളരെ പ്രധാനമാണ്. എന്നാൽ ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകാൻ പതിനാലാം പഞ്ചവത്സര പദ്ധതി പരാമർശം 1,2 മാർഗ്ഗരേഖകൾ അനുവദിക്കുന്നില്ല എന്നും അതിനാൽ 'ഗ്രാമപഞ്ചായത്തുകൾ, മുനിസിപാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ചികിത്സയിലുള്ള ടി.ബി. രോഗികൾക്കായി ഒരു രോഗിക്ക് ഒരു മാസം 1200 രൂപ വരുന്ന ഭക്ഷണകിറ്റ് നൽകാവുന്നതാണ്' എന്നും, 'ടി.ബി. രോഗികൾക്ക് വേണ്ടിയുള്ള പോഷകാഹാര പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്' എന്ന് കൂട്ടിചേർക്കൽ വരുത്തണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷയരോഗികൾക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് അവരുടെ രോഗവിമുക്തിയെ ത്വരിതപ്പെടുത്തുന്നതിനും അതുവഴി ക്ഷയരോഗം ഇല്ലായ്മ ചെയ്യുന്നതിനും അത്യന്താപേക്ഷിതമാണ്. മരുന്നു കഴിക്കുമ്പോഴുള്ള അസ്വസ്ഥതകൾ കുറയ്ക്കുന്നതിനും മെച്ചപ്പെട്ട ചികിത്സാ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും ഔഷധങ്ങളോടുള്ള രോഗിയുടെ പ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികളുടെ ഉപജീവന വെല്ലുവിളികൾക്കുള്ള പിന്തുണ ഉറപ്പാക്കുന്നതിനും രോഗികളിലെ മരണ നിരക്ക് കുറയ്ക്കുന്നതിനും അവർക്ക് മതിയായ പോഷകാഹാരം ഉറപ്പാക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ക്ഷയരോഗിയായ ഒരു ഗുണഭോക്താവിന്

പ്രതിമാസം പരമാവധി 1500/- രൂപ വിലവരുന്ന പോഷകാഹാരകിറ്റ് കുറഞ്ഞത് 6 മാസം മുതൽ പരമാവധി 21 മാസം വരെ നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

1. കേന്ദ്രസർക്കാരിന്റെ നിക്ഷയ് പോർട്ടലിലെ ഡാറ്റയിൽ ഉൾപ്പെട്ടിട്ടുള്ളതും പോഷകാഹാരം വാങ്ങുന്നതിന് നിക്ഷയ് പോർട്ടലിൽ സമ്മതം രേഖപ്പെടുത്തിയിട്ടുള്ളതുമായ ഗുണഭോക്താക്കൾക്കായിരിക്കണം പോഷകാഹാരകിറ്റ് നൽകേണ്ടത്. പോഷകാഹാര വിതരണത്തിൽ ഇരട്ടിപ്പ് ഉണ്ടാകാൻ പാടില്ല. പോഷകാഹാരം നൽകേണ്ട കാലാവധി സഹിതമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളുടെ സംഗതിയിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും, നഗരഭരണ സ്ഥാപനങ്ങളുടെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലാ ടി.ബി. ഓഫീസറും എല്ലാ മാസവും 25-ാം തീയതിക്കകം യഥാക്രമം ഗ്രാമപഞ്ചായത്തിലെയും നഗരഭരണ സ്ഥാപനത്തിലേയും നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. പ്രസ്തുത ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം അല്ലാതെ ഗുണഭോക്താക്കളുടെ പേരോ മറ്റ് വ്യക്തിപരമായ വിശദാംശങ്ങളോ ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.
2. പ്രോജക്ടിന്റെ നിർവ്വഹണചുമതല ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയിലും നഗരഭരണസ്ഥാപനങ്ങളിൽ യു.പി.എ പ്രോജക്ട് ഓഫീസറിലും നിക്ഷിപ്തമായിരിക്കും.
3. ഒരു രോഗിക്ക് ആറ് മാസത്തേക്കാണ് പോഷകാഹാര കിറ്റ് നൽകാവുന്നത്. രോഗവിമുക്തി ഉണ്ടാകാത്ത സാഹചര്യത്തിൽ ചികിത്സ കാലയളവ് നീണ്ട് പോകുന്ന സംഗതിയിൽ ഏതെങ്കിലും രോഗിക്ക് തുടർന്നും പോഷകാഹാരം അനുവദിക്കേണ്ടതുണ്ടെങ്കിൽ, മെഡിക്കൽ ഓഫീസറുടെ/ജില്ലാ ടി.ബി. ഓഫീസറുടെ ആവശ്യപ്രകാരം വീണ്ടും പതിനഞ്ച് മാസത്തേക്കോ അല്ലെങ്കിൽ ചികിത്സ അവസാനിക്കുന്നതുവരെയോ, ഏതാണോ കുറവ് ആ കാലയളവ് വരെ അവർക്ക് പോഷകാഹാര കിറ്റ് നൽകാവുന്നതാണ്.
4. പ്രതിമാസ പോഷകാഹാര കിറ്റിൽ ചുവടെ പറയുന്ന ഇനങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

Sl No.	Particulars	Minimum Quantity
1	Brown Rice	3 Kg
2	Wheat Flour	2 Kg
3	Raggi Powder	1 Kg
4	Urad Dhal	500 gm
5	Green Gram	600 gm
6	Skimmed Milk Powder	500 gm
7	Coconut/Gingelly/Sunflower Oil	500 ml
8	Ghee	100 gm
9	Ground Nut	500 gm
10	Cashew	150 gm
11	Dates	150 gm
12	Bengal Gram	500 gm

5. തദ്ദേശഭരണസ്ഥാപനത്തിൽ നിലവിലുള്ള രോഗികളുടെ എണ്ണത്തിനനുസരിച്ച് ആറു

മാസത്തേക്ക് ആവശ്യമുള്ള തുകയും, അതിന്റെ 25 ശതമാനവും ചേർന്ന തുക പദ്ധതി അടങ്കലായി നിശ്ചയിക്കാവുന്നതാണ്.

6. പൊതുവിഭാഗം വികസനഫണ്ട്/പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്/തനത്ഫണ്ട് മുതലായവ പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിനായി വിനിയോഗിക്കാവുന്നതാണ്.
7. പോഷകാഹാര കിറ്റുകൾ സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ നിന്നോ കൺസ്യൂമർഫെഡ്ഡിന്റെ ഔട്ട്ലെറ്റുകളിൽ നിന്നോ വാങ്ങേണ്ടതാണ്. ഏതെങ്കിലും ഇനം പ്രസ്തുത ഔട്ട്ലെറ്റുകളിൽ ലഭ്യമല്ലെങ്കിൽ അവ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് മറ്റിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.
8. ഇപ്രകാരം വാങ്ങുന്ന പോഷകാഹാര കിറ്റുകൾ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിന് കൈമാറേണ്ടതും ആരോഗ്യസ്ഥാപനത്തിന്റെ മെഡിക്കൽ ഓഫീസർ അവ ആരോഗ്യ പ്രവർത്തകർ വഴി രോഗികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. പോഷകാഹാര കിറ്റ് രോഗികൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ/ സ്റ്റേറ്റ് TB ഓഫീസർ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക്/ ആരോഗ്യ പ്രവർത്തകർക്ക് നൽകേണ്ടതാണ്.
9. പ്രസ്തുത പരിപാടി, ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനം, ഒരു ജനകീയ ക്യാമ്പയിനായി നടത്തേണ്ടതും രോഗമുക്തിയുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതുമാണ്.
10. വരുമാന പരിധി പരിഗണിക്കാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ രോഗികൾക്കും പോഷകാഹാര കിറ്റ് നൽകാവുന്നതാണ്.
11. തദ്ദേശ ഭരണ സ്ഥാപനത്തിലെ ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും പരിപാടിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.
12. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.02.2023 ലെ PAN/631/2023/J3(DP) നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ജില്ലാ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു കൂട്ടി, സ്റ്റേറ്റ് ടി.ബി. സെല്ലിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതിയും ക്ഷയരോഗ വിമുക്ത കേരളം പരിപാടിയുടെ ലക്ഷ്യപൂർത്തീകരണവും വിലയിരുത്തേണ്ടതാണ്.
13. മേൽ നിർദ്ദേശങ്ങളിൽ പരാമർശിക്കാത്തതും പരിപാടിയുടെ സുഗമമായ നടത്തിപ്പിനാവശ്യവുമായ മറ്റ് നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ/സ്റ്റേറ്റ് ടി.ബി. ഓഫീസർ മെഡിക്കൽ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് ടി.ബി. ഓഫീസർ, കേരളം
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. ആരോഗ്യ വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് സംഘാടനത്തിനുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം കൈമാറുന്നതിന് ജി.ഒ. പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.732/2025/LSGD തീയതി,തിരുവനന്തപുരം, 19-03-2025

പരാമർശം:- 1. സ.ഉ. (സാധാ)നം.645/2025/തസ്വഭവ; തീയതി 07.03.2025

ഉത്തരവ്

സംസ്ഥാനത്ത് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി നാളിതുവരെ കൈവരിച്ച നേട്ടങ്ങളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുസമൂഹത്തിന്റെയും മുൻപാകെ ഉയർത്തികാട്ടുന്നതിന് ലക്ഷ്യമിട്ട്, 'വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ്' എന്ന പേരിൽ ഒരു ഇവന്റ്, ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരിപാടിയുടെ സംഘാടന ചെലവിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നോ, പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 4(iii)ൽ പട്ടികപ്പെടുത്തിയിട്ടുള്ള നിശ്ചിത ഫണ്ട് വകയിരുത്തി, ശുചിത്വ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതിനും അത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. 'വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ്' സംഘാടനത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം കൈമാറുന്നതിനുള്ള പ്രോജക്ട്, ജി.ഒ. പ്രോജക്ട് ആയി ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം വിഹിതം ശുചിത്വ മിഷന്റെ അക്കൗണ്ടിൽ കൈമാറുന്നതിന് ജി.ഒ. പ്രോജക്ട് ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതിക്ക് രൂപം നൽകി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.781/2025/LSGD തീയതി,തിരുവനന്തപുരം, 24-03-2025

പരാമർശം:- 1. സ.ഉ.(കൈ) നം.164/2024/തസ്വഭവ; തീയതി 25.11.2024

2. സ.ഉ.(സാധാ) നം.370/2025/തസ്വഭവ; തീയതി 06.02.2025

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ച സാഹചര്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള യഥാർത്ഥ വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതിയ്ക്ക് രൂപം നൽകണമെന്ന് പരാമർശം 2 പ്രകാരവും ഉത്തരവായിരുന്നു. അനുബന്ധം IV പ്രകാരമുള്ള വിഹിതം സുലേഖ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

2. മുകളിൽ വിവരിച്ച സാഹചര്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2025-26 വാർഷിക പദ്ധതി അന്തിമമാക്കി **2025 ഏപ്രിൽ 11** നകം ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച് സർക്കാർ ഉത്തരവാകുന്നു. ഈ തീയതിയ്ക്കകം വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ പിന്നീട് സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തികൊണ്ട് വാർഷിക പദ്ധതി സമർപ്പിച്ചാൽ മതിയാകും. അതിന് മേയ് ആദ്യം അവസരം നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1019/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025

പരാമർശം:-
1. സ.ഉ.(കൈ)നം. 79/2021/ധന തീയതി 15.07.2021
2. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ.(കൈ)നം.115/2022/തസ്വഭവ; തീയതി 28.05.2022
5. സ.ഉ.(കൈ)നം.90/2023/തസ്വഭവ; തീയതി 09.04.2023
6. സ.ഉ.(കൈ)നം.164/2024/തസ്വഭവ; തീയതി 25.11.2024
7. സ.ഉ.(സാധാ)നം.370/2025/തസ്വഭവ; തീയതി 06.02.2025
8. സ.ഉ.(സാധാ)നം.781/2025/തസ്വഭവ; തീയതി 24.03.2025
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.04.2025ലെ LSGD/PD/11468/2025-DPLA1 നമ്പർ കത്ത്

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 6 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കിയ വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കേണ്ടതുണ്ട്. അതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി, സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. 2025-26 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും, 2024-25ലെ സ്പിൽഓവർ പ്രോജക്ടുകളും മുൻവർഷങ്ങളിൽ നിർവഹണം ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2025-26ലെ പ്രോജക്ട് ഘടകവും കൂടി ഉൾപ്പെടുത്തി 2025-26 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചയിക്കുന്നതിനും അവ തുടർന്ന് നടപ്പാക്കുന്നതിനും ഉള്ള മാർഗനിർദേശങ്ങൾ പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിലെ ഖണ്ഡിക 11-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയിക്കുന്ന സ്പിൽഓവർ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി

2025-26 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

3. നിലവിലുള്ള ഭരണസമിതികളുടെ കാലയളവിലെ അവസാന വാർഷിക പദ്ധതിയാണിത്. അതുകൊണ്ടുതന്നെ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നൽകേണ്ടത്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ ഏറ്റവും അവശ്യം വേണ്ടതും കൂടുതൽ ഫലപ്രാപ്തിയുള്ളതും 2025 നവംബറിന് മുൻപ് പൂർത്തിയാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. ശുചിത്വ-മാലിന്യ സംസ്കരണം, കുടിവെള്ളം തുടങ്ങിയ മേഖലകൾ ഒഴികെ മറ്റ് മേഖലകളിൽ പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

4. പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്ത് നിർബന്ധമായും ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ 2025-26 വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടോ എന്നും മുൻഗണന അർഹിക്കുന്ന പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ടതാണ്. പരാമർശം 2, 3 എന്നിവ പ്രകാരം പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതാണ്. ഒപ്പം, പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ട് നിശ്ചയിച്ച തനത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ജില്ലാ ആസൂത്രണ കമ്മിറ്റി നൽകുന്ന ജില്ലാതല മുൻഗണനകൾക്കും പ്രാധാന്യം നൽകണം. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 4 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുക്കേണ്ടതാണ്.

5. 2025-26 വാർഷിക പദ്ധതി രൂപീകരണത്തിന്റെ തുടക്കത്തിൽ, പരാമർശം 6 പ്രകാരം നിർദേശിച്ചിരുന്ന മുൻഗണനാ പരിപാടികൾക്ക് വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നൽകി പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

6. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, ലഭ്യമാകാവുന്ന ക്യാരിഓവർ തുകയെ സംബന്ധിക്കുന്ന മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുകയും അതിനനുസൃതമായി വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വികസനഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ ഉപപദ്ധതി വിഹിതം എന്നിവയുടെ കാര്യത്തിലും മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിലും പരാമർശം 1 പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം വരെ) ഉൾപ്പെടുത്താവുന്നതാണ്. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിൽ പരാമർശം 1 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ (80 ശതമാനം) കുറഞ്ഞ തുക 2024-25 ൽ വിനിയോഗിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2025-26ലെ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തേണ്ടതാണ്. മേല്പറഞ്ഞ പ്രകാരം വാർഷിക പദ്ധതിയുടെ അടങ്കൽ തുക ക്രമപ്പെടുത്തേണ്ടതിനാൽ അതിനായി പുതിയ പ്രോജക്ടുകൾ ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

7. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ 31.03.2025ലെ നീക്കിയിരിപ്പ് തുക പൂർണ്ണമായും ക്യാരിഓവർ ആയി ഉൾപ്പെടുത്താവുന്നതാണ്. മുനിസിപ്പാലിറ്റികൾക്കുള്ള 2024-25 ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്ര സർക്കാർ ഇതുവരെയും അനുവദിച്ചിട്ടില്ല. അതുപോലെ 2024-25 ലെ നഗര സഞ്ചയ ഗ്രാന്റും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തൽക്കാലം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഇതുവരെ ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക, 31.03.2024 വരെയുള്ള പലിശ തുക, 2025-26ലെ ബജറ്റ് വിഹിതം എന്നിവയുടെ ആകെ തുകയിൽ പ്രോജക്ടുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്. 2024-25 ലെ വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഏറ്റെടുത്ത പ്രോജക്ടുകൾക്ക് മേൽപ്പറഞ്ഞ പ്രകാരം 2025-26 ലേക്ക് ലഭ്യമാകുന്ന തുകയിൽ നിന്നും വിഹിതം കണ്ടെത്തി വകയിരുത്തേണ്ടതാണ്. 2024-25ൽ ലഭിക്കാതിരുന്ന തുക കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതാണ്.

8. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 2024-25 ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖ സോഫ്റ്റ് വെയറിലും ഒരുപോലെയാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന്, വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ വിഷയാധിഷ്ഠിതമായി (Theme based) ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ, അപ്രകാരം ചെയ്യുന്നതിന് പ്രോജക്ടുകളിൽ ഏതെങ്കിലും ഭേദഗതി അനിവാര്യമാകുകയാണെങ്കിൽ ഈ ഘട്ടത്തിൽ അവ ചെയ്യേണ്ടതും രണ്ട് സോഫ്റ്റ് വെയറുകളിലും പ്രോജക്ട് വിവരങ്ങൾ ഒരുപോലെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

9. വാർഷിക പദ്ധതി നിർവഹണം ആരംഭിച്ചശേഷം ഭേദഗതിക്ക് അവസരം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിൽ കൂടുതലും, പ്രോജക്ടുകളിൽ അധിക വിവരങ്ങൾ ഉൾപ്പെടുത്തി നിർവഹണ യോഗ്യമാക്കുന്നതിന് വേണ്ടിയാണെന്നാണ് മുൻകാല അനുഭവങ്ങൾ കാണിക്കുന്നത്. വാർഷിക പദ്ധതി രൂപീകരണഘട്ടത്തിൽ പ്രോജക്ടുകൾ സൂക്ഷ്മതയോടെയല്ലാതെ തയ്യാറാക്കുന്നതുകൊണ്ടാണ് പിന്നീട് നിരവധി തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യം സംജാതമാകുന്നത്. ഇത് നിർബന്ധമായും ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ 2025-26 വാർഷിക പദ്ധതിയിലെ ഓരോ പ്രോജക്ടിലും ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും, ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോയെന്നും പ്രത്യേകം പരിശോധിക്കേണ്ടതും, ആവശ്യമെങ്കിൽ പ്രോജക്ടുകൾ ഇപ്പോൾ ഭേദഗതി ചെയ്ത് നിർവഹണ യോഗ്യമാക്കേണ്ടതുമാണ്. അതുപോലെ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രോജക്ടുകൾ പരസ്പരം സോഫ്റ്റ് വെയറിലൂടെ ബന്ധിപ്പിച്ചിട്ടുണ്ടെന്ന് (മാപ്പ് ചെയ്തിട്ടുണ്ടെന്ന്) പരിശോധിച്ച് ഉറപ്പാക്കണം.

10. 2025-26 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തികൊണ്ട് വാർഷിക പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.

11. പരിഷ്കരിച്ച വാർഷിക പദ്ധതി 2025 **മേയ് 15** നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
26. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച വിവരം തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകിക്കൊണ്ടുള്ള സ.ഉ.(സാധാ) നം.341/2025/LSGD; തീയതി 04.02.2025 ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1078/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

പരാമർശം:- 1. സ.ഉ.(സാധാ) നം.341/2025/LSGD; തീയതി 04.02.2025

ഉത്തരവ്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1 (5) പ്രകാരം, ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല, പെർഫോമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥന് ആയിരുന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതോടെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തിക ഇല്ലാതായി എന്നും അതിനാൽ ഈ ചുമതല സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടത് പ്രകാരം, പ്രസ്തുത ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 3 ൽ 'ഏകീകൃത തദ്ദേശഭരണ പൊതു സർവ്വീസ് പ്രാബല്യത്തിൽ വന്നപ്പോൾ ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റികളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്" എന്ന് പരാമർശിച്ചിരുന്നു.

2. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട് എന്നതിനാൽ, പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 3 ചുവടെ പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശഭരണ പൊതു സർവ്വീസ് പ്രാബല്യത്തിൽ വന്നപ്പോൾ ഗ്രാമപഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും പെർഫോർമൻസ് ഓഡിറ്റ് വിഭാഗങ്ങൾ നിർത്തൽ ചെയ്യുകയും അവയെ ഇന്റേണൽ വിജിലൻസ് സംവിധാനങ്ങളായി മാറ്റുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ നിലവിലില്ലെങ്കിലും

ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ പരാമർശം 1, 2 ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5)ൽ നിർദ്ദേശിച്ചതുപോലെ, ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ അവതരണം നടത്തുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി ഉത്തരവാകുന്നു. മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിലവിലെ സ്ഥിതി തന്നെ തുടരാവുന്നതാണ്.'

3. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ
9. ഡയറക്ടർ-അർബൻ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1253/2025/LSGD തീയതി,തിരുവനന്തപുരം, 22-05-2025

പരാമർശം:- 1. സ.ഉ.(സാധാ)നം.1019/2025/ത.സ്വ.ഭ.വ; തീയതി 23.04.2025

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വാർഷിക പദ്ധതി പരിഷ്കരിച്ച് മേയ് 15 നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ സമയപരിധി ദീർഘിപ്പിക്കണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി **2025 മേയ് 31** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

3. നിലവിലുള്ള ഭരണസമിതികളുടെ കാലയളവിലെ അവസാന വാർഷിക പദ്ധതിയാണിത്. ഒക്ടോബർ ഇടക്കത്തിൽ തന്നെ തെരഞ്ഞെടുപ്പ് സംബന്ധമായ നടപടിക്രമങ്ങൾ ആരംഭിക്കാൻ സാധ്യതയുണ്ട്. വാർഷിക പദ്ധതി പരിഷ്കരിക്കുന്ന പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമേ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ഇടങ്ങുന്നതിനു മുൻപ് നിർവ്വഹണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ നിശ്ചിത സമയപരിധിയ്ക്കകം തന്നെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിച്ച് സമർപ്പിക്കുന്നുവെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/420/2022-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 02-06-2025

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വികസന പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭാവനകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത്തെ റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്, ഖണ്ഡിക 60-68

****

വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും അതിനായി സംഭാവന നൽകാനും സന്നദ്ധരായ നിരവധി വ്യക്തികളുള്ള ഒരു നാടാണ് കേരളം. നാടിന്റെ വികസനത്തിനായി കേരളത്തിലെ പൊതുജനങ്ങൾ കാലങ്ങളായിതന്നെ, പണമായും സാധന-സാമഗ്രികളായും സംഭാവന നൽകുകയും സ്ഥലം വിട്ടുനൽകുകയും ചെയ്യുന്നുണ്ട്. ഇന്ന് കാണുന്ന പല സാമൂഹിക ആസ്തികളും കെട്ടിപ്പടുത്തത് പൊതുജനങ്ങളുടെ കൂടി സംഭാവന കൊണ്ടാണ്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഇതിന് നേതൃത്വം നൽകിയത്. പൊതുമാർക്കറ്റുകൾ, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, ഗ്രന്ഥശാലകൾ, ഓഫീസുകൾ തുടങ്ങിയവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ നല്ലൊരു പങ്കും പൊതുജനങ്ങളുടെ സംഭാവനയായി ലഭിച്ചിട്ടുള്ളവയാണ്. റോഡുകളും പൊതുവഴികളും നിർമ്മിക്കുന്നതിലും പൊതുജനങ്ങളുടെ സംഭാവന ഉണ്ടായിട്ടുണ്ട്.

2. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ, കഴിയുന്നത്ര സംഭാവനകൾ സ്വരൂപിക്കാൻ സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. 2018ലെയും 2019ലെയും പ്രളയങ്ങൾ, കോവിഡ് മഹാമാരി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെ സംസ്ഥാനം നേരിട്ട സമയത്തും പൊതുജനങ്ങളുടെ സംഭാവന വലിയ തോതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു. ഭവന പദ്ധതികൾക്ക് ഭൂമി സംഭാവനയായി നൽകുന്നതിലും പൊതുജനങ്ങൾ വലിയ താല്പര്യം കാണിക്കുന്നുണ്ട്. പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കും പൊതുജനങ്ങളുടെ സംഭാവന കാര്യമായി ലഭിക്കുന്നുണ്ട്.

3. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണത്തിൽ പൊതുജനങ്ങളുടെ സംഭാവനകൾക്കുള്ള സാധ്യതകൾ ചൂണ്ടിക്കാണിക്കുകയും അവ വൻതോതിൽ സ്വരൂപിക്കുന്നതിനുള്ള ശ്രമം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. പ്രസ്തുത സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും

പ്രാദേശിക വികസനപ്രക്രിയയുടെ ഗതിവേഗം കൂട്ടുന്നതിനുമായി കൂടുതൽ ജനപങ്കാളിത്തവും സംഭാവനയും ഉടർന്നും ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിക്കുന്നു.

5. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ ഭരണ കാലാവധിയ്ക്കുള്ളിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി സംഭാവനകൾ സമാഹരിക്കുന്നതിനുള്ള സമഗ്രമായ തന്ത്രത്തിന് തുടക്കത്തിൽ തന്നെ രൂപം കൊടുക്കേണ്ടതാണ്. സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ, ബഡ്സ് സ്കൂളുകൾ, മറ്റ് ക്ഷേമ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും, കുടിവെള്ളം, റോഡുകൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയ പ്രാദേശിക അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾക്കും സംഭാവനയ്ക്ക് വലിയ സാധ്യതകളാണുള്ളത്. മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സംഭാവനയ്ക്ക് സാധ്യതയുള്ള ചില സ്രോതസ്സുകൾ ചുവടെ ചേർക്കുന്നു.

1. പൊതുജനങ്ങളിൽ നിന്നും, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകളിൽ നിന്നും ലഭിക്കുന്ന സംഭാവനയും സ്പോൺസർഷിപ്പും.
2. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ (CSR) ഭാഗമായി ബിസിനസ് - വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള സംഭാവന.
3. റോഡുകൾക്കും ഭവന പദ്ധതികൾക്കും മറ്റ് പൊതു ആസ്തികൾക്കും സൗജന്യമായി ഭൂമി ലഭ്യമാക്കുക.
4. തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകിയ ഔപചാരിക സംവിധാനങ്ങളായ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ (HMC), സ്കൂളുകളിലെ രക്ഷാകർതൃ-അധ്യാപക സംഘടനകൾ (PTA), സ്കൂളുകളിലെ പൂർവ്വ വിദ്യാർത്ഥികൾ (alumni) തുടങ്ങിയവ മുഖേന ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന സംഭാവനകൾ.
5. ആസ്തികളുടെ കമ്മ്യൂണിറ്റി പരിപാലനത്തിന് ഉപയോക്താക്കളുടെ ഗ്രൂപ്പുകൾ ലഭ്യമാക്കുന്ന സംഭാവന
6. പരമ്പരാഗത സന്നദ്ധ പ്രവർത്തനം (ശ്രമദാൻ) - പ്രത്യേകിച്ച് യുവാക്കളിൽ നിന്നുള്ളത്.
7. അക്കാദമിക് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി അക്കാദമിക് സ്ഥാപനങ്ങളിൽ നിന്നും പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന പ്രൊഫഷണൽ സേവനങ്ങൾ.

6. ഓരോ വർഷവും വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി സംഭാവനകൾ സമാഹരിക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകേണ്ടതാണ്. ഏതൊക്കെ ആവശ്യങ്ങൾക്കാണ് സംഭാവനയ്ക്ക് സാധ്യതയുള്ളത്, പണമായാണോ സാധന സാമഗ്രികളായാണോ സ്ഥലമായാണോ, പ്രൊഫഷണൽ സേവനമായാണോ തുടങ്ങി ഏത് രൂപത്തിലാണ് സംഭാവന സ്വീകരിക്കേണ്ടത്, ആരിൽ നിന്നൊക്കെ സംഭാവനകൾ സ്വീകരിക്കാം, പണമായി സ്വീകരിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള സമയക്രമം തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളിൽ ആശയ വ്യക്തത ഉണ്ടാക്കണം. ലഭ്യമാകാൻ സാധ്യതയുള്ള സംഭാവനകൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ ഭാഗമാക്കുകയും സംഭാവനകളുടെയും പ്രോജക്ടുകളുടെയും വിശദാംശങ്ങൾ വാർഷിക പദ്ധതിരേഖയിലെ 'വിഭവ സ്രോതസ്സുകളും വകയിരുത്തലും' (അദ്ധ്യായം 5) എന്ന അദ്ധ്യായത്തിൽ ഉൾക്കൊള്ളിക്കുകയും ചെയ്യേണ്ടതാണ്.

7. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ രൂപം നൽകിയ കർമ്മപരിപാടിക്ക് അനുസൃതമായി പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ

സ്ഥാപനതലത്തിൽ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കണം. ആവശ്യമായ പ്രചാരണവും മുന്നൊരുക്കങ്ങളും നടത്തിയ ശേഷമാവണം ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടത്. കേരള പിറവി ദിനം പോലെ സവിശേഷ ദിനങ്ങളിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കാവുന്നതുമാണ്. പരാതികൾ ഒഴിവാക്കുന്നതിനായി കൃത്യമായ രസീത് നൽകി വേണം സംഭാവനകൾ സ്വീകരിക്കുവാൻ. സംഭാവനകൾ സ്വീകരിക്കുന്നതിന് ഇടനിലക്കാരെ ചുമതലപ്പെടുത്താൻ പാടുള്ളതല്ല.

8. പണമായി ലഭിക്കുന്ന സംഭാവനകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ 'Voluntary Contributions and Donations' എന്ന കണക്കിനത്തിൽ (Head of Account) വരവ് വയ്ക്കേണ്ടതാണ്.

9. ലഭിച്ച സംഭാവനകളുടെ വിശദാംശങ്ങൾ (തുക/സ്ഥലം/സാമഗ്രികൾ/സ്പോൺസർഷിപ്പ്, നൽകിയ ആളിന്റെ/സംഘടനയുടെ പേര്, ഏത് ആവശ്യത്തിനാണ് നൽകിയത് തുടങ്ങിയവ) ഗ്രാമസഭ/ വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

10. ഒരു പ്രത്യേക ആവശ്യത്തിനായി സമാഹരിച്ച സംഭാവന അതേ ആവശ്യത്തിന് മാത്രമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കണം.

11. സംഭാവനകൾ രാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമാണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം, പ്രത്യേകിച്ച് ആദായനികുതി നിയമം, എഫ്സിആർഎ, കരാർ നിയമം എന്നിവയ്ക്ക് അനുസൃതമായിരിക്കണം.

12. സംഭാവനകൾ സമാഹരിക്കുന്നതിലെയും അവയുടെ ഉപയോഗത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് സർക്കാർ എല്ലാവർഷവും വിലയിരുത്തുന്നതും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ 'സംഭാവനകളുടെ സമാഹരണവും ഉപയോഗവും' ഒരു സൂചകമായി പരിഗണിക്കുന്നതുമാണ്.

13. സംഭാവനകളുടെ സമാഹരണം, വിനിയോഗം, ലക്ഷ്യപൂർത്തീകരണം എന്നിവയിൽ സവിശേഷമായ (ഇന്നവേറ്റീവ്) പ്രകടനം കാഴ്ചവെയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കിലയുടെ നേതൃത്വത്തിൽ ഡോക്കുമെന്റ് ചെയ്യുകയും മാതൃകാ പ്രവർത്തനം എന്ന നിലയിൽ അവ മറ്റുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പിന്തുടരുന്നതിനായി കിലയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

14. കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇത്തരം പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതും ഇതു സംബന്ധിച്ച് ഒരു വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ഇതിനാവശ്യമായ പിന്തുണ കില ഉറപ്പാക്കണം.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ കമ്മിറ്റി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയം ഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. ഡയറക്ടർ, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. ധനകാര്യ വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1650/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.90/2023/ തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ)നം.164/2024/തസ്വഭവ; തീയതി 25.11.2024
6. സ.ഉ.(സാധാ)നം.370/2025/തസ്വഭവ; തീയതി 06.02.2025
7. സ.ഉ.(സാധാ)നം.781/2025/തസ്വഭവ; തീയതി 24.03.2025
8. സ.ഉ.(സാധാ)നം.1019/2025/തസ്വഭവ; തീയതി 23.04.2025

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. വാർഷിക പദ്ധതി ഭേദഗതിക്ക് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം നേടിയ 2025-26 വാർഷിക പദ്ധതിയിൽ അനിവാര്യമായ ഭേദഗതികൾ വരുത്തുന്നതിന് 2025 ജൂലൈ 15 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികൾ വരുത്താവുന്നതാണ്.

1. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പി.യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.
2. വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുക, സാങ്കേതികാനുമതി ലഭിക്കാതിരിക്കുക, മറ്റേതെങ്കിലും മതിയായ കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാതിരിക്കുക,

തുടങ്ങിയ സന്ദർഭങ്ങളിൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.

3. മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരം ലഭിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക.
4. മിച്ചം തുക പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുക [ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത കാരണത്താൽ ലഭ്യമാകുന്ന ബാക്കി തുക, നിർവഹണം പൂർത്തിയായ ശേഷം മിച്ചം വരുന്ന തുക തുടങ്ങിയവ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്].
5. നിർവ്വഹണം തുടരുന്നതിന് തടസ്സം നേരിടുന്ന പ്രോജക്ടുകൾ ഒഴിവാക്കുക.
6. പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായ പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം).
7. വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന ഉന്നതികളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കുക.
8. ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ തുടങ്ങിയ ഭേദഗതികൾ വരുത്തുക.
9. പ്രോജക്ടുകളുടെ ധനസ്രോതസിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള ഭേദഗതികൾ, അനിവാര്യമാണെങ്കിൽ മാത്രം വരുത്തുക (തനത് ഫണ്ട് വകയിരുത്തി, അത് ലഭ്യമല്ല എന്ന കാരണത്താലുള്ള ഭേദഗതികൾ അനുവദനീയമല്ല).
10. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.
11. 'മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ'-ന്റെ ഭാഗമായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി വരുത്തുകയോ ചെയ്യുക [ക്യാമ്പയിന്റെ ഭാഗമായി മാലിന്യസംസ്കരണ മേഖലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിൽ നിന്നും, മാലിന്യ സംസ്കരണത്തിനുള്ള സമ്പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നോ ലക്ഷ്യ പൂർത്തീകരണത്തിന് ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉള്ളതായോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും ഈ ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വേണം പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്].
12. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ലക്ഷ്യ പൂർത്തീകരണത്തിന് ആവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കുക/നിലവിലുള്ള

പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമാണെങ്കിൽ അവ വരുത്തുക

13. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായ തൊഴിൽ സംരംഭങ്ങൾ, നൈപുണ്യ പരിശീലനം തുടങ്ങിയവ പോലെ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക. 'വിജ്ഞാന കേരളം പദ്ധതി' യുടെ ഭാഗമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
14. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക [വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഉപകേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണ്.]
15. ലഭ്യമായ വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് അനിവാര്യമായ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക
16. വാർഷിക പദ്ധതിക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾ, സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾ തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
17. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ഖണ്ഡിക 2.1 മുതൽ 2.5 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ചോ പ്രോജക്ടുകളുടെ വിഹിതം കുറവ് ചെയ്തോ വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

3. വാർഷിക പദ്ധതി പരിഷ്കരണത്തിന് മുവടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്;

1. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
2. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
3. വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ നിർബന്ധമായും അവതരിപ്പിക്കേണ്ടതാണ്.

4. ജില്ലാ ആസൂത്രണ കമ്മിറ്റികൾ വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം നൽകുമ്പോൾ, ഖണ്ഡിക 2.11, 2.12 എന്നിവ പ്രകാരമുള്ള അനിവാര്യ ഭേദഗതികൾ നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് പ്രത്യേകം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇത്തരം അനിവാര്യ ഭേദഗതികൾ വരുത്താതെ സമർപ്പിക്കുന്ന വാർഷിക പദ്ധതി തിരിച്ചയയ്ക്കേണ്ടതും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും അതിദാരിദ്ര്യ നിർമ്മാർജനത്തിന്റെയും ലക്ഷ്യ

പൂർത്തീകരണത്തിനുള്ള പുതിയ പ്രോജക്ടുകളും ആവശ്യമായ ഭേദഗതികളും വരുത്തി പുന:സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതുമാണ്. പൊതു ഇടങ്ങളിൽ ആവശ്യമായത്ര എണ്ണം ബിന്നുകൾ സ്ഥാപിക്കുന്നതിനും, മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായ മറ്റ് അനിവാര്യ പദ്ധതികളും മുൻഗണനയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിക്ക് മാത്രമേ ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകാൻ പാടുള്ളൂ. അപ്രകാരം ഉൾപ്പെടുത്താത്ത തദ്ദേശ സ്ഥാപനങ്ങൾ, മേൽപറഞ്ഞ അനിവാര്യ പദ്ധതികൾ മുൻഗണനയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന മുറക്ക് മാത്രം ഭേദഗതിക്ക് അനുമതി നൽകാവുന്നതാണ്. മാലിന്യമുക്ത നവകേരളം പദ്ധതിക്ക് മതിയായ എണ്ണം ബിന്നുകളും, മറ്റു അനിവാര്യ പദ്ധതികളും ഉൾപ്പെടുത്താത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്, ആയത് അടിയന്തരമായി ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്ത് സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്. പരാമർശം 8 മുഖേന നിർദ്ദേശം നൽകിയത് പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കാൻ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഈ സമയപരിധിക്കുള്ളിൽ അപ്രകാരം പദ്ധതി പരിഷ്കരിച്ച് സമർപ്പിക്കുന്നുവെന്നും ജില്ലാ ആസൂത്രണ കമ്മിറ്റികൾ ഉറപ്പാക്കണം. വിജ്ഞാനകേരളം- കുടുംബശ്രീ വേതനാധിഷ്ഠിത തൊഴിൽ പദ്ധതിയുമായി ബന്ധപ്പെട്ട നൈപുണ്യവികസനത്തിന്റെ ഘടകം കൂടി തദ്ദേശസ്ഥാപനങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് .

5. വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2025 ജൂലൈ 15** ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്